# നവമാധ്യമങ്ങളിലെ മലയാളസാഹിത്യം : സൈബർവ്യവഹാരങ്ങളുടെ സാംസ്കാരിക പരിണാമം

കാലിക്കറ്റ് സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം.

സാബു എച്ച്.

മലയാള – കേരളപഠനവിഭാഗം
കാലിക്കറ്റ് സർവകലാശാല
2019

# നവമാധ്യമങ്ങളിലെ മലയാളസാഹിത്യം : സൈബർവ്യവഹാരങ്ങളുടെ സാംസ്കാരിക പരിണാമം

കാലിക്കറ്റ് സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം.

സാബു എച്ച്.

മലയാള – കേരളപഠനവിഭാഗം
കാലിക്കറ്റ് സർവകലാശാല
2019

# MALAYALAM LITERATURE IN THE NEW MEDIA : CULTURAL EVOLUTION OF CYBER DISCOURSES

**Thesis Submitted to the**
**University of Calicut for the Degree of**
**Doctor of Philosophy**


**SABU H.**

**MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**


**2019**

# കൃതജ്ഞത

ഗവേഷണത്തിന് മാർഗ്ഗനിർദ്ദേശം നൽകിയത് ഡോ.ആർ.വി.എം.ദിവാകര നാണ്. അദ്ദേഹത്തോട് എനിക്ക് അളവറ്റ നന്ദിയും സ്നേഹവുമുണ്ട്.മലയാളവിഭാഗം തലവൻ ഡോ.എൽ.തോമസുകുട്ടി, മലയാളവിഭാഗത്തിലെ അധ്യാപകർ, ഓഫീസ് ജീവനക്കാർ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കട്ടെ.

റഫറൻസിന് സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവകലാശാല ജനറൽ - മലയാളവിഭാഗം ലൈബ്രറികൾ, കേരളസർവകലാശാല ലൈബ്രറി, തിരുവനന്ത പുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള സാഹിത്യ അക്കാദമി ലൈബ്രറി, യൂണി വേഴ്സിറ്റി കോളെജ് മലയാളവിഭാഗം ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാ രോട് എനിക്ക് കൃതജ്ഞതയുണ്ട്.

കൂടാതെ ഗുരുക്കന്മാർ, ഗുരുതുല്യരായ വ്യക്തികൾ, സുഹൃത്തുകൾ,യൂണിവേഴ്സിറ്റി കോളെജിലെ സഹപ്രവർത്തകർ, ഓഫീസ് ജീവനക്കാർ എന്നിവർ പ്രബന്ധരച നയ്ക്ക് പലവിധത്തിലുള്ള സഹായങ്ങളും ചെയ്തുതന്നിട്ടുണ്ട്. അവരോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

സാബു എച്ച്.

# സത്യപ്രസ്താവന

**നവമാധ്യമങ്ങളിലെ മലയാളസാഹിത്യം : സൈബർവ്യവഹാരങ്ങളുടെ സാംസ്കാരിക പരിണാമം** എന്ന വിഷയത്തെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവകലാശാലയുടെയോ അതുപോലുള്ള സ്ഥാപനത്തിന്റെയോ ബിരുദത്തിനോ മറ്റ് അംഗീകാരത്തിനോ സമർപ്പിച്ചിട്ടുള്ളതല്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

സാബു എച്ച്.

**ഡോ.ആർ.വി.എം.ദിവാകരൻ**
അസോസിയറ്റ് പ്രൊഫസർ
മലയാള – കേരളപഠനവിഭാഗം
കാലിക്കറ്റ് സർവകലാശാല

## സാക്ഷ്യപത്രം

സാബു എച്ച്. സമർപ്പിച്ച **നവമാധ്യമങ്ങളിലെ മലയാളസാഹിത്യം : സൈബർവ്യവഹാരങ്ങളുടെ സാംസ്കാരിക പരിണാമം** എന്ന പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല
01.08.2019

**ഡോ.ആർ.വി.എം.ദിവാകരൻ**
അസോസിയറ്റ് പ്രൊഫസർ
മലയാള – കേരളപഠനവിഭാഗം
കാലിക്കറ്റ് സർവകലാശാല

# സാക്ഷ്യപത്രം

സാബു എച്ച്. സമർപ്പിച്ച **നവമാധ്യമങ്ങളിലെ മലയാളസാഹിത്യം : സൈബർവ്യവഹാരങ്ങളുടെ സാംസ്കാരിക പരിണാമം** എന്ന പ്രബന്ധം എന്റെ നിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല
01.02.2019

# ഉള്ളടക്കം

പുറം

0. ആമുഖം

0.1 പഠനലക്ഷ്യം

0.2 പഠനത്തിന്റെ പ്രസക്തി

0.3. ആധാരപരികല്പന

0.4. പഠനമേഖല

0.5. പഠനരീതി

0.6. പൂർവ്വപഠനങ്ങൾ

0.7. പ്രബന്ധസ്വരൂപം

**അദ്ധ്യായം1.**
**നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ : ചരിത്രവും സ്വരൂപവും** 01 - 71

**1.1 വിനിമയം**

1.1.1.വിവരങ്ങളുടെ /ആശയങ്ങളുടെ പങ്കുവയ്ക്കൽ.

1.1.2.ഉപാധിയിലൂടെയുള്ള കൈമാറ്റം

1.1.3.പങ്കാളിത്തം

1.1.4.സമൂഹസമ്പർക്കം

1.1.5. സന്ദർഭത്തിന് പ്രാധാന്യം

1.1.6. ചിഹ്നസ്വഭാവം

1.1.7. കാഴ്ചപ്പാടുകളുടെ രൂപീകരണം

1.1.8. സാംസ്കാരിക പ്രക്രിയ

**1.2. വിനിമയവും സമൂഹവും**

**1.3. വിനിമയവും സംസ്കാരവും**

**1.4. വിനിമയവും മാധ്യമവും**

**1.5. വിനിമയവും സാങ്കേതികവിദ്യയും**

1.6. നവമാധ്യമം

1.6.1. നവമാധ്യമത്തിന്റെ പ്രത്യേകതകൾ

1.6.1.1.ആശയവിനിമത്തിനുള്ള ആകർഷക മാധ്യമം

1.6.1.2. ബഹുപാഠപരത (Hypertextuality)

1.6.1.3. ബഹുമാധ്യമപരത (Multimediality)

1.6.1.4. സൈബർ സ്പെയ്സ് (Cyberspace)

1.6.1.5. പ്രതീതി യാഥാർത്ഥ്യം (Vertual Reality )

1.6.1.6.സൂക്ഷ്മരാഷ്ട്രീയം (Micro Politics)

1.6.1.7.ശൃംഖലാസമൂഹം (Network Community)

1.6.1.8.വിവരങ്ങളുടെ തൽസമയത്വം

1.6.1.9.വിവരലഭ്യതയുടെ വേഗം

1.6.1.10.വിവരങ്ങളുടെ ഡിജിറ്റൽവൽകരണം

1.6.1.11.കേന്ദ്രീകരണമില്ലാത്ത പാഠം

1.6.1.12.വിലയിരുത്തലിന് അവസരം

1.6.1.13.മാധ്യമസല്ലയനം (Media Convergence)

1.6.1.14.വിസ്തൃതമായ പ്രവൃത്തിപരിധി

1.6.1.15.വിപുലമായ വ്യവഹാരമണ്ഡലം

1.6.1.16.മാധ്യമ പരിഷ്കരണം.

1.6.1.17.പുതിയ സേവനമേഖലകൾ

1.6.1.18.സാങ്കേതിക - സർഗ്ഗാത്മക ബന്ധം.

1.6.1.19.നവസാക്ഷരത

1.6.1.20.ജ്ഞാനത്തിന്റെ വികേന്ദ്രീകരണം

1.6.1.21.അപ്രസക്തമാകുന്ന നഗര – ഗ്രാമ വേർതിരിവുകൾ

1.6.1.22.സ്ത്രീ ,ദളിത് ശാക്തീകരണം.

1.6.2 നവമാധ്യമവും വ്യവഹാരവും

1.6.3 നവമാധ്യമങ്ങളിലെ വ്യവഹാര രൂപങ്ങൾ

1.6.3.1. എസ്.എം.എസ്

1.6.3.2. ഇ- മെയിൽ

1.6.3.3. വെബ് സൈറ്റുകൾ

1.6.3. 4. ഇ - പ്രസിദ്ധീകരണങ്ങൾ

1.6.3.5 . ഓൺലൈൻ വിജ്ഞാനകോശങ്ങൾ

1.6.3.6. ബ്ലോഗ്

1.6.3.7. സമൂഹമാധ്യമങ്ങൾ (social network websites)

1.6.3.8. സ്മാർട്ട് ഫോൺ ആശ്രിത വ്യവഹാരങ്ങൾ

1.6.3.8.1. വാട്സ് ആപ്പ്

1.6.3.8.2. ട്രോളുകൾ

1.6.3.9. യൂ ട്യൂബ്

1.7. നവമാധ്യമങ്ങളും മലയാളസാഹിത്യവും.

അദ്ധ്യായം 2.

നവമാധ്യമങ്ങളിലെ മലയാളകവിത 72 - 144

2.1.ഉള്ളടക്കപരമായ പ്രത്യേകതകൾ

2.1.1. പ്രവാസം

2.1.2. ദേശാനുഭവം

2.1.3. പരിസ്ഥിതിബോധം

2.1.4. പ്രണയം

2.1.5 . സൂക്ഷ്മരാഷ്ട്രീയം

2.1.6. തുറന്നെഴുത്തുകൾ

2.2 ആഖ്യാനപരമായ പ്രത്യേകതകൾ

2.2.1. ലാളിത്യം

2.2.2. രൂപപരമായ വൈവിധ്യം

2.2.3. ബിംബകല്പനയിലെ പുതുമ

2.2.4. ഭാഷയുടെ കലർപ്പ്,പുതിയ പദസംയുക്തങ്ങൾ തുടങ്ങിയവ

2.2.5. വൈകാരികത

അദ്ധ്യായം 3.

നവമാധ്യമങ്ങളും മലയാള കഥാസാഹിത്യവും 145 -182

3.1.നവമാധ്യമങ്ങളിലെ ചെറുകഥാസാഹിത്യം

3.2. നവമാധ്യമങ്ങളിലെ മലയാളനോവൽ

അദ്ധ്യായം 4.

നവമാധ്യമങ്ങളിലെ കഥേതരസാഹിത്യവ്യവഹാരങ്ങൾ 183 - 225

4.1. വാർത്ത

4.2.ലേഖനം /വിമർശനം

4.3. യാത്രാവിവരണം

4.4. സംവാദം /അഭിമുഖം

അദ്ധ്യായം 5.

നവമാധ്യമങ്ങളിലെ സാഹിത്യം :സംസ്കാരപ്രതിഫലനം 226 - 258

5.1 നവമാധ്യമങ്ങളും സംസ്കാരവും

5.1.1. സൈബർസംസ്കാരം

5.1.2. പുതിയ വ്യവഹാരരൂപങ്ങൾ

5.1.3. സംസ്കാരത്തിന്റെ വികേന്ദ്രീകരണം

5.1.4. പാർശ്വവൽക്കരണങ്ങളെ പ്രതിരോധിക്കുന്ന

5.1.5. മാറുന്ന ജീവിതശൈലി

5.1.6. വഴങ്ങുന്ന സമൂഹഘടന

5.1.7. ആഗോളീയമായ ഐക്യപ്പെടൽ

5.1.8. അനുഭവപരമായ നിർമ്മിതി

5.1.9. പൊതുമണ്ഡലം

**5.2 നവമാധ്യമങ്ങളും മലയാളസാഹിത്യവും : സംസ്കാരപ്രതിഫലനം.**

**ഉപസംഹാരം** 259 - 268

**ഗ്രന്ഥ – ലേഖന – വെബ് സൂചി** 269 - 285

**അനുബന്ധം**

## 0. ആമുഖം

മനുഷ്യവംശത്തിന്റെ പുരോഗതിയുടെചരിത്രം വിനിമയപ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാര്യക്ഷമമായ വിനിമയമാധ്യമങ്ങൾ തേടിയുള്ള യാത്ര പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് മനുഷ്യനെ നയിച്ചു.ശാസ്ത്ര – സാങ്കേതികരംഗത്തുണ്ടായ മുന്നേറ്റങ്ങൾ നൂതനമാധ്യമങ്ങളുടെ പിറവിക്ക് കാരണമായി. അച്ചടിമാധ്യമങ്ങളുടെ ആരംഭത്തോടെ മാധ്യമം ശക്തമായ ബഹുജനവിനിമയ (Mass Communication) ത്തിന്റെ ഘട്ടത്തിലേക്ക് കടന്നു. അതിന്റെ തുടർച്ചയും വളർച്ചയുമാണ് നവമാധ്യമങ്ങളിൽ കാണുന്നത്.

അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയുടെ (Technology) ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. മനുഷ്യപ്രയത്നത്തിന്റെ ഏതാണ്ടെല്ലാ മേഖലകളെയും സാങ്കേതികവിദ്യ സ്വാധീനിച്ചുകഴിഞ്ഞു. വിവരങ്ങളുടെ രൂപപ്പെടൽ, കൈമാറ്റം എന്നിവ ഫലപ്രദവും സുഗമവുമാക്കുവാൻ ഇന്ന് വിവരസാങ്കേതികവിദ്യയ്ക്ക് (Information Technology) കഴിയുന്നുണ്ട്. പുതിയ വിനിമയസംവിധാനങ്ങൾ മനുഷ്യജീവിതത്തെ പുതിയ വിതാനത്തിലേക്ക് നയിച്ചിട്ടുണ്ട്. സാമൂഹികജീവിതത്തിലും സാംസ്കാരിക മണ്ഡലത്തിലും ഗണ്യമായ സ്വാധീനം ചെലുത്തിക്കൊണ്ട് നിലകൊള്ളുന്ന നവമാധ്യമങ്ങൾ സവിശേഷ മായപഠനം അർഹിക്കുന്നു. അറിവിന്റെ ആർജ്ജനവും വിതരണവുംവഴി രൂപപ്പെടുന്ന വ്യവഹാരസ്വരൂപങ്ങൾ സംസ്കാരരൂപീകരണത്തിൽ നിർണ്ണായകമാകുന്നു.

മാധ്യമവ്യവഹാരങ്ങൾ സംസ്കാരപഠനത്തിന് ഒഴിച്ചുകൂടാനാവാത്ത ആകരസാമഗ്രികളാണ്.നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങൾ ഉള്ളടക്കത്തിലും സ്വരൂപത്തിലും സ്വതന്ത്രാസ്തിത്വമുള്ളവയാണ്.സവിശേഷമായൊരു സംസ്കാരത്തെ അവ പ്രതിനിധാനം ചെയ്യുന്നു.മലയാളത്തിലെ നവമാധ്യമവ്യവഹാരങ്ങളും ഈ സാഹചര്യം പങ്കുവയ്ക്കുന്നുണ്ട്.1990 കളോടെ ആഗോളതലത്തിൽ പ്രസക്തമായിത്തീർന്ന നവമാധ്യമങ്ങൾ നൂതനമായ വ്യവഹാരരൂപങ്ങൾക്ക് ജന്മംനൽകുകയുണ്ടായി. ഈ

മാധ്യമത്തിന്റെ വിനിമയസാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ മലയാളികളും സന്നദ്ധരായി. ധാരാളം പുതിയ എഴുത്തുകാർ ആവിഷ്കാരമാധ്യമമായി നവമാധ്യ മങ്ങളെ കൈക്കൊണ്ടു. സാഹിത്യരംഗത്ത് മുൻപ് കാണാതിരുന്ന പല പ്രവണത കളും കണ്ടുതുടങ്ങി.എഴുത്തുകാരന്റെയും വായനക്കാരന്റെയും നിലയും, എഴുത്തിന്റെ ശീലങ്ങളും ആവിഷ്കരണരീതിയും പ്രകടമായ വ്യതിയാനത്തിന് വിധേയ മായി. കർത്തൃത്വം ,പ്രതിനിധാനം എന്നീ സങ്കല്പനങ്ങളിൽ മാറ്റം ദൃശ്യമായി. ഇതിന്റെ യെല്ലാം പ്രതിഫലനം നവമാധ്യമങ്ങളിലെ വ്യവഹാരങ്ങളിൽ കാണാനാവും. നൂതനമായ സാഹിത്യാന്തരീക്ഷത്തെയും സംസ്കാരസാഹചര്യത്തെയുമാണ് നവമാധ്യമങ്ങൾ രൂപപ്പെടുത്തിയത്. ഈ പഠനത്തിലൂടെ, നവമാധ്യമങ്ങളിലെ മലയാളസാഹിത്യവ്യവഹാരങ്ങ്ളിൽ കാണുന്ന ഉള്ളടക്കപരവും ഭാവുകത്വപരവു മായ പ്രത്യേകതയും, ആധുനികാനന്തര കേരളസമൂഹത്തിന്റെ ഭാവുകത്വത്തിലും സംസ്കാരത്തിലും വന്നുചേർന്ന വ്യതിയാനവും അപഗ്രഥിക്കുകയാണ് ചെയ്യുന്നത്.

## 0.1. പഠനലക്ഷ്യം

ജനാധിപത്യഭരണക്രമം നിലനിൽക്കുന്ന രാജ്യമാണ് നമ്മുടേത്.ജനജീവിതത്തെ സ്വാധീനിക്കുവാനും ജനങ്ങളുടെ സാമൂഹികജീവിതത്തെ നിർണ്ണയിക്കുവാനും നിയന്ത്രിക്കുവാനുമുള്ളശക്തി മാധ്യമങ്ങൾക്കുണ്ട്. മാധ്യമപഠനം ഒരർത്ഥത്തിൽ സംസ്കാരപഠനം തന്നെയാണ്.നവമാധ്യമങ്ങൾക്ക് ലഭിച്ച സ്വീകാര്യതയും അവയ്ക്ക് കേരളസമൂഹത്തിലുള്ള സ്വാധീനവും സവിശേഷമായ പഠനം അർഹിക്കുന്നു. നവ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന മലയാളസാഹിത്യ വ്യവഹാരങ്ങൾക്ക് നൂതനമായ ഭാവുകത്വപരിസരം നിർമ്മിക്കാനായിട്ടുണ്ട്. ഉത്തരാധുനിക കാലത്തെ മലയാളസാഹിത്യപഠനം നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളെക്കൂടി ഉൾക്കൊള്ളുന്നതാവണം.നവമാധ്യമങ്ങളിലെ മലയാളകവിതയിലും കഥാസാഹി ത്യത്തിലും കഥേതരസാഹിത്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമം അപഗ്രഥിച്ച്, അവ കൈക്കൊള്ളുന്ന ഭാവുകത്വം, സാംസ്കാരികാവസ്ഥ എന്നിവ പരിശോധിക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## 0.2. പഠനത്തിന്റെ പ്രസക്തി

മലയാളസാഹിത്യം നൂതനമായൊരു ഭാവുകത്വപരിസരത്തിൽ എത്തിനിൽക്കുകയാണ്.നവമാധ്യമങ്ങളുടെ സ്വാധീനമാണ് അതിനു കാരണമായിട്ടുള്ളത്. പ്രതീതിയാഥാർത്ഥ്യ സ്ഥലത്താണ് നവമാധ്യമങ്ങൾ നിലകൊള്ളുന്നത്. പ്രതീതി യാഥാർത്ഥ്യത്തിന്റെ ലോകത്ത് വ്യാപരിക്കുന്ന മനുഷ്യന്റെ ഭാവനയും ചിന്താ പ്രക്രിയയും വ്യത്യസ്തതയുള്ളതാണ്.മാധ്യമത്തിന്റെ പ്രത്യേകതകൊണ്ടുതന്നെ അതിൽ രൂപംകൊള്ളുന്ന വ്യവഹാരങ്ങളും വ്യത്യസ്തമാകുന്നു. സാഹിത്യപഠന ത്തിന്റെ പരമ്പരാഗതരീതി അനുവർത്തിച്ചുകൊണ്ട് ഈ പുതിയ വ്യവഹാര രൂപങ്ങളെ ശരിയായരീതിയിൽ അപഗ്രഥിക്കാനാവില്ല. ലോകസാഹചര്യത്തിൽ ത്തന്നെ സാഹിത്യപഠനത്തിൽ കാതലായ മാറ്റം സംഭവിച്ചിട്ടുണ്ട്. ആധുനികാ നന്തരസമൂഹത്തിന്റെ സംസ്കാരത്തെക്കുറിച്ച് മനസ്സിലാക്കാൻ നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ അപഗ്രഥിക്കേണ്ടതുണ്ട്.മലയാളത്തിലെ നവമാധ്യമസാഹിത്യ ത്തെക്കുറിച്ചുള്ള പഠനം സമകാലിക മലയാളസാഹിത്യത്തിന്റെ ഭാവുകത്വത്തെ ക്കുറിച്ചുള്ള പഠനം കൂടിയാണ്. ഈ നിലയ്ക്കുള്ള സമഗ്രപഠനങ്ങൾ മലയാളത്തിൽ വിരളവും അപര്യാപ്തവുമാണ്. ആഗോളീയ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് ജീവിക്കുന്ന മലയാളിയുടെ സംസ്കാരത്തിൽ വന്നുചേർന്നിട്ടുള്ള പരിണാമം നവമാ ധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങൾ അപഗ്രഥിക്കുകവഴി നിർദ്ധാരണം ചെയ്യാ നാകും. മലയാളസാഹിത്യത്തിന്റെ വർത്തമാനകാല ഭാവുകത്വത്തെ മനസ്സിലാ ക്കാനും ഈ പഠനം സഹായിക്കും.

## 0.3. ആധാരപരികല്പന

നവമാധ്യമങ്ങളിലെ മലയാളസാഹിത്യവ്യവഹാരങ്ങളെ അപഗ്രഥിക്കുകവഴി സാഹിത്യത്തിലും സംസ്കാരത്തിലും സംഭവിച്ച പരിണാമം എന്താണെന്ന് മനസ്സി ലാക്കുന്നതിനും, ആധുനികാനന്തര കേരളീയസമൂഹത്തിന്റെ രൂപീകരണത്തിൽ നവമാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം എപ്രകാരമാണെന്ന് തിരിച്ചറിയുന്ന തിനും, സൗന്ദര്യബോധം, മൂല്യസങ്കല്പം എന്നീകാര്യങ്ങളിൽ നാം എത്തിനിൽ

ക്കുന്ന പരിതോവസ്ഥ ഏതെന്ന് ബോധ്യപ്പെടുന്നതിനും കഴിയും എന്നതാണ് ഈ പഠനത്തിന് ആധാരമായ പരികല്പന.

## 0.4. പഠനമേഖല

നവമാധ്യമങ്ങളിലെ മലയാളസാഹിത്യവ്യവഹാരങ്ങളുടെ സ്വരൂപവും സ്വഭാവവുമാണ് ഈ പഠനത്തിൽ പരിശോധിക്കുന്നത്. സാഹിത്യരചനകളുടെ രൂപത്തെയും ഭാവത്തെയും സംബന്ധിച്ചും അതുണ്ടാക്കുന്ന സൗന്ദര്യാനുഭവങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുള്ള വിമർശകസമൂഹമാണ് നമ്മുടേത്. എന്നാൽ ആധുനികാനന്തര ഘട്ടമായപ്പോഴേക്കും ഈ ധാരണയെ പുതുക്കിപ്പണിയേണ്ട അവസ്ഥ സംജാതമായി. പുതിയ സാമൂഹികസാഹചര്യങ്ങളും സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങളും സംസ്കാരത്തിൽ പ്രതിഫലിക്കുന്ന അവസ്ഥ സംജാതമായി. പരമ്പരാഗത വിചാരമാതൃകകളുടെ വക്താക്കളായ സാഹിത്യവിമർശകർക്ക് പുതുസാഹിത്യം അവതരിപ്പിച്ച സാഹിത്യമാതൃകകളോട് പൊരുത്തപ്പെടാനായില്ല. സമൂഹത്തിൽ സംഭവിക്കുന്ന സൂക്ഷ്മവ്യതിയാനങ്ങൾ തിരിച്ചറിയാനുള്ള ശ്രമമില്ലായ്മയും, ഭാവുകത്വപരമായ യാഥാസ്ഥിതിക മനോഭാവവും ഇതിനു തടസ്സമായി. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട്, നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളെ മാധ്യമപഠനത്തിന്റെയും സംസ്കാരപഠനത്തിന്റെയും സൈദ്ധാന്തികപദ്ധതികളെ ആശ്രയിച്ച് പഠിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ആധുനികാനന്തരസമൂഹത്തെ രൂപപ്പെടുത്തുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ, സാങ്കേതികരംഗത്തുണ്ടായ മാറ്റം, സ്വത്വബോധം, കർത്തൃത്വ രൂപീകരണം തുടങ്ങിയ ആശയങ്ങളും അവയെ രൂപപ്പെടുത്തുന്ന പ്രത്യയശാസ്ത്രങ്ങളും പഠനത്തിന്റെ പരിധിയിൽവരുന്നു. നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചതും പുതിയ ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നതുമായ രചനകളെ ആസ്പദമാക്കിയാണ് പഠനം നിർവഹിച്ചിട്ടുള്ളത്.

## 0.5. പഠനരീതി

നവമാധ്യമങ്ങളിലെ മലയാളസാഹിത്യത്തിന്റെ സാമാന്യസ്വഭാവം നിരീക്ഷിക്കു കയും അതിന്റെ അടിസ്ഥാനത്തിൽ പ്രാതിനിധ്യസ്വഭാവമുള്ള രചനകളെ സൂക്ഷ്മ വിശകലനത്തിനു വിധേയമാക്കുകയും ചെയ്യുന്ന രീതിയാണ് പഠനത്തിൽ സ്വീകരി ച്ചിട്ടുള്ളത്. 1990 കളിൽത്തന്നെ നവമാധ്യമങ്ങളിൽ മലയാളസാഹിത്യം സാന്നി ദ്ധ്യമറിയിച്ചെങ്കിലും ഒരു വ്യവഹാരാന്തരീക്ഷമായി അത് മാറിയിരുന്നില്ല. എന്നാൽ കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ ഈ രംഗത്ത് വലിയ പുരോഗതി യാണുണ്ടായത്. സമകാലിക സാഹിത്യത്തെയും സംസ്കാരത്തെയും പ്രതിനിധാനം ചെയ്യുന്ന വ്യവഹാരസ്വരൂപമായി അത് വളർന്നു.സാഹിത്യപഠനത്തിന് അവ ഗണിക്കാനാവാത്തതാണ് ഈ സാഹചര്യം. മലയാളത്തിലെ നവമാധ്യമ സാഹി ത്യവ്യവഹാരങ്ങളെ കവിതാസാഹിത്യം, കഥാസാഹിത്യം, കഥേതരസാഹിത്യം എന്നിങ്ങനെ വേർതിരിച്ച് പഠിക്കുന്നു.നവമാധ്യമങ്ങളുടെ സവിശേഷതകളെ ഏതെങ്കിലുംതരത്തിൽ സ്വാംശീകരിക്കാൻ ശ്രമിച്ചിട്ടുള്ള രചനകളെയാണ് പഠന വിധേയമാക്കിയിട്ടുള്ളത്.രചനകളിലെ ഉള്ളടക്കം, ആഖ്യാനരീതി, സംസ്കാരപ്രതി ഫലനം എന്നിവ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന രീതിയാണ് പഠനത്തിൽ സ്വീകരിച്ചിട്ടുള്ളത്.

## 0.6. പൂർവ്വപഠനങ്ങൾ

സൈബർസ്ഥലം സാദ്ധ്യമാക്കിയ വ്യവഹാരരൂപങ്ങൾ എന്നനിലയിലാണ് നവ മാധ്യമങ്ങളിലെ സാഹിത്യവ്യവഹാരത്തെ പരിഗണിക്കുന്നത്. ആഗോളതല ത്തിൽ വിനിമയംചെയ്യപ്പെടുന്ന വ്യവഹാരമാണത്. മനുഷ്യവംശത്തെ സൈബർ സമൂഹമെന്നും സൈബറിതരസമൂഹമെന്നും രണ്ടായി പകുക്കുന്ന സാഹചര്യമാണ് നവമാധ്യമങ്ങൾ സൃഷ്ടിച്ചത്. സാങ്കേതികവിദ്യയുടെ സഹായത്തോടെ നൂതനമായ വ്യവഹാരരൂപങ്ങൾക്ക് ജന്മംനൽകാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞു. മലായാള സാഹിത്യവും ഈ സാഹചര്യം പങ്കിടുന്നുണ്ടായിരുന്നു. അതുസംബന്ധമായ ആദ്യ കാലസൂചനകൾ നൽകിയ പുസ്തകമാണ് 'സൈബർ മലയാളം'. സാഹിത്യത്തിന്റെ

എല്ലാ മേഖലകളിലും മാറ്റം വരുന്നതിന്റെ മുന്നറിയിപ്പ് ആ പുസ്തകം നൽകു കയുണ്ടായി. തുടർന്ന് സൈബർമേഖലയെയും അതിലെ വ്യവഹാ രരൂപങ്ങളെയും പരിചയപ്പെടുത്തുന്ന ചില പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഭൂഗോളവൽകരണം (അച്യുത്ശങ്കർ എസ്.നായർ) ഇനിവായന ഇ–വായന (വി.കെ.ആദർശ്) ഇ.മലയാളം (സുനീത ടി.വി.)വിവരസാങ്കേതികവിദ്യ നിത്യ ജീവിതത്തിൽ (വി.കെ.ആദർശ്) ഇനറ്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും (കെ.രവീന്ദ്രൻ, ബി.ഇക്ബാൽ) എങ്ങനെ മലയാളത്തിൽ ബ്ലോഗാം (ബാബുരാജ് പി.എം.) വിവരശേഖരണം ഇന്റർനെറ്റിൽ (കെ.രവീന്ദ്രൻ) എന്നീ പുസ്തകങ്ങൾ അത്തരത്തിൽ ശ്രദ്ധേയങ്ങളാണ്.നവമാധ്യമങ്ങളിലെ മലയാളസാഹിത്യത്തെ സൈദ്ധാന്തികപരിസരത്തിൽ വിശകലനംചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമായി എഴുതപ്പെട്ട ചില ലേഖനങ്ങൾ പുസ്തകങ്ങളിലും ആനുകാലികങ്ങളിലുമായി പ്രസി ദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഏകാന്തനഗരങ്ങൾ (പി.കെ.രാജശേഖരൻ) ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ (ജി.മധുസൂദനൻ) വിപരീതങ്ങൾ (ഷാജി ജേക്കബ്) മലയാളിയുടെ നവമാധ്യമജീവിതം (സി.എസ്.വെങ്കിടേശ്വരൻ) പോസ്റ്റ്മോ ഡേൺ സോഷ്യലിസങ്ങൾ (പി.സോമൻ) എന്നീ പുസ്തകങ്ങളിൽ സൈബർ വ്യവ ഹാരങ്ങളെപ്പറ്റിയുള്ള ലേഖനങ്ങളുണ്ട്. ഈ മേഖലയിലെ പഠനങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിച്ച ചില പുസ്തകങ്ങളുമുണ്ട്. നവമാധ്യമങ്ങൾ ജനകീയതയും വിശ്വാ സ്യതയും (എഡി.-ടി.കെ.സന്തോഷ് കുമാർ) നവമാധ്യമങ്ങൾ ഭാഷ സാഹിത്യം സംസ്കാരം (എഡി.-ജോസ് കെ.മാനുവൽ) നവമാധ്യമപാഠങ്ങൾ (എഡി. - എ.എം.ശ്രീധരൻ, കെ.ബാലചന്ദ്രൻ)സൈബർ ബഹുസ്വര വായനകൾ (എഡി.- സജി കരിങ്ങോല) എന്നിവ ആ വിഭാഗത്തിൽ പ്പെടുന്നവയാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിലും നവമാധ്യമങ്ങളിലുമായി എഴുതപ്പെട്ട ചില ലേഖനങ്ങളും ഈ മേഖലയിൽ പഠനം നടത്തുന്നവർക്ക് വഴികാട്ടിയാണ്. മഹാത്മാഗാന്ധി, കാലിക്കറ്റ് സർവകലാശാലകളിൽ ഡോക്ടറൽ ബിരുദത്തിനായി സമർപ്പിച്ചതും നവമാധ്യമങ്ങളെ ആധാരമാക്കി പഠനം നിർവഹിച്ചതുമായ മൂന്ന് പ്രബന്ധങ്ങളും പൂർവ്വപഠനങ്ങളുടെ വിഭാഗത്തിൽ പെടുന്നു. അവ പുസ്തകരൂപത്തിൽ പിന്നീട്

പ്രസിദ്ധീകരിക്കുകയുണ്ടായി. മലയാളത്തിലെ സൈബർസാഹിത്യം മലയാള ബ്ലോഗുകളെ മുൻനിർത്തി ഒരു പഠനം (മനോജ് ജോസഫ്) സൈബർ കഥകളിലെ സ്ത്രീ (സുനീത ടി.വി.) മൊബൈൽഫോൺ സംസ്കാരനിർമ്മിതിയുടെ നവമാധ്യമം (ബിനു സചിവോത്തമപുരം) എന്നിവയാണ് അവ. മുകളിൽ സൂചിപ്പിച്ച പൂർവ്വ പഠനങ്ങൾ നവമാധ്യമങ്ങളിലെ വ്യവഹാരങ്ങളെ അതത് വിഷയങ്ങളുടെ സ്വഭാവം പരിഗണിച്ച് പഠിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. അവയിൽ നിന്നുകൂടി പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളെ സമഗ്രമായി പഠിക്കുവാനാണ് ഈ പ്രബന്ധത്തിൽ ശ്രമിച്ചിട്ടുള്ളത്.

## 0.7. പ്രബന്ധസ്വരൂപം

ആമുഖത്തിനു പുറമേ അഞ്ച് അദ്ധ്യായങ്ങളും ഉപസംഹാരവും ഗ്രന്ഥ - ലേഖന - വെബ്സൂചിയും അനുബന്ധവും ഉൾപ്പെടുന്നതാണ് പ്രബന്ധം.

'നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ : ചരിത്രവും സ്വരൂപവും' എന്ന ആദ്യ അദ്ധ്യായത്തിൽ നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വ്യവഹാരരൂപങ്ങളെ പരിചയപ്പെടുത്തുന്നു. നവമാധ്യമത്തിന്റെ വികാസചരിത്രവും വിവിധ വ്യവഹാര രൂപങ്ങളുടെ ആവിർഭാവവും ഇവിടെ വിശദീകരിക്കുന്നുണ്ട്.വിനിമയം, വ്യവഹാരം എന്നീ പദങ്ങൾ ഉൾക്കൊള്ളുന്ന അർത്ഥവ്യാപ്തിയും വിശകലനം ചെയ്യുന്നു. വിനിമ യവും മാധ്യമവും തമ്മിലുള്ള ബന്ധവും സംസ്കാരവുമായി അവയ്ക്കുള്ള ചാർച്ചയും പഠനവിധേയമാക്കുന്നു. തുടർന്ന് നവമാധ്യമത്തിലെ പ്രധാനവ്യവഹാരരൂപങ്ങ ളുടെ വികാസചരിത്രവും അവയിൽ സാഹിത്യത്തിനുള്ള സ്ഥാനവും പഠനവിധേയ മാക്കുന്നു.നവമാധ്യമത്തിലെ സാഹിത്യത്തിന് ഇതരമാധ്യമങ്ങളിലെ സാഹിത്യവു മായുള്ള ബന്ധവും ബന്ധവിഛേദവും പഠനവിധേയമാക്കുന്നുണ്ട്.

'നവമാധ്യമങ്ങളിലെ മലയാളകവിത' എന്ന രണ്ടാം അദ്ധ്യായത്തിൽ , നവമാ ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട മലയാള കവിതകളുടെ വിശകലനമാണുള്ളത്. സർഗ്ഗാത്മകതയുടെ സ്വതന്ത്രമായ ഇടം എന്നനിലയിൽ നവമാധ്യമം സ്വായത്ത മാക്കിയിട്ടുള്ള ശേഷികൾ അതിൽ പ്രത്യക്ഷപ്പെടുന്ന രചനകളിലും പ്രകടമാണ്.

ഉള്ളടക്കം, അവതരണം, വായന എന്നിവയുടെ കാര്യത്തിൽ നവമാധ്യമകവിതകൾ പുലർത്തുന്ന വ്യതിരിക്തത വിശകലനം ചെയ്യുന്നു. ബ്ലോഗ്, സമൂഹമാധ്യമങ്ങൾ, സ്മാർട്ട്ഫോൺഅനുബന്ധ വ്യവഹാരമേഖലകൾ, യൂ ട്യൂബ് തുടങ്ങി സൈബറിടങ്ങളിൽ പ്രത്യക്ഷപ്പെട്ട ശ്രദ്ധേയമായ മലയാളരചനകളെ ആശ്രയിച്ചുകൊണ്ടാണ് പഠനം നിർവഹിച്ചിട്ടുള്ളത്.കവിതകളിലെ പ്രമേയം, ആവിഷ്കരണരീതി, വായനയുടെ സവിശേഷതകൾ തുടങ്ങിയകാര്യങ്ങൾ വിശകലനംചെയ്യുന്നു. അച്ചടിയിൽ പ്രത്യക്ഷമാകുന്ന കവിതകളിൽനിന്ന് അവ ഏതെല്ലാം മാനങ്ങളിൽ വ്യത്യസ്തമാണെന്ന് ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നുണ്ട്.

'നവമാധ്യമങ്ങളും മലയാള കഥാസാഹിത്യവും'എന്ന മൂന്നാം അദ്ധ്യായത്തിൽ നവമാധ്യമങ്ങളിലെ ചെറുകഥയും നോവലും പഠനവിധേയമാക്കുന്നു. വെബ്സൈറ്റുകളിലും ബ്ലോഗുകളിലും ഓൺലൈൻ പ്രസാധന സംവിധാനങ്ങളിലും പ്രസിദ്ധീകരിച്ച രചനകളെ ആധാരമാക്കിയാണ് പഠനം നിർവഹിച്ചിട്ടുള്ളത്. മലയാളത്തിലെ കഥാസാഹിത്യത്തെ സമ്പന്നമാക്കുന്നതിൽ ഈ രചനകൾക്കുള്ള പങ്കും അന്വേഷിക്കുന്നു.ഭാവുകത്വപരമായി അവപുലർത്തുന്ന വ്യതിരിക്തതയും പഠനത്തിന്റെ പരിധിയിൽ വരുന്നുണ്ട്.സൈബർ സാഹിത്യത്തെക്കുറിച്ചുള്ള പരികല്പനകളെ ആധാരമാക്കി രചനകളെ വിശകലനം ചെയ്യുന്നുണ്ട്. നവമാധ്യമത്തിലെ കഥാസാഹിത്യത്തിന്റെ ഉള്ളടക്കപരവും ഭാവുകത്വപരവുമായ പ്രത്യേകതകൾ വിശകലനംചെയ്യാനും ഈ അദ്ധ്യായത്തിൽ ശ്രമിച്ചിട്ടുണ്ട്.

'നവമാധ്യമങ്ങളിലെ കഥേതരസാഹിത്യ വ്യവഹാരങ്ങൾ'എന്ന നാലാം അദ്ധ്യായത്തിൽ കവിതയും കഥാസാഹിത്യവും ഒഴികെയുള്ള സാഹിത്യവ്യവഹാരരൂപങ്ങളെയാണ് പഠനവിധേയമാക്കുന്നത്.ആശയസംവാദത്തിന്റെ വലിയ തുറസ്സുകൾ സൃഷ്ടിക്കുന്നതിൽ നവമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്. ബ്ലോഗുകളിലും സമൂഹമാധ്യമങ്ങളിലും പ്രത്യക്ഷപ്പെടുന്ന കുറിപ്പുകൾ പൊതുമണ്ഡലത്തിലെ വ്യവഹാരരൂപങ്ങളെ ശക്തിപ്പെടുത്തുന്നവയാണ്.അറിവിന്റെയും ആശയങ്ങളുടെയും ജനാധിപത്യവൽകരണത്തിന് ആക്കം കൂട്ടുവാൻ അവ എത്രമാത്രം സഹായകമായിട്ടുണ്ട് എന്ന അന്വേഷണവും ഇതിന്റെ ഭാഗമായി നടത്തുന്നു.

നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ, ആസ്വാദനക്കുറിപ്പുകൾ, അഭിമുഖങ്ങൾ, നിരൂപണങ്ങൾ തുടങ്ങിയ വ്യവഹാരരൂപങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് പഠനം നിർവഹിച്ചിട്ടുള്ളത്.

'നവമാധ്യമങ്ങളിലെ സാഹിത്യം : സംസ്കാരപ്രതിഫലനം' എന്നതാണ് അഞ്ചാം അദ്ധ്യായം. സംസ്കാരത്തിന്റെ സൂക്ഷ്മചലനങ്ങൾ ആവിഷ്കരിക്കപ്പെടുന്ന ഇടം എന്ന നിലയിൽ സാഹിത്യത്തിന് വലിയ പ്രാധാന്യമുണ്ട്.ഒരു ദേശത്തിന്റെ സംസ്കാരസ്വരൂപം ആദേശത്ത് പ്രസിദ്ധീകരിക്കപ്പെടുന്ന സാഹിത്യരൂപത്തെ വിശകലനം ചെയ്താൽ വെളിവാകുന്നതാണ്. ഉത്തരാധുനികകാലത്ത് ദേശങ്ങളുടെ അതിരുകൾ മാഞ്ഞുപോവുകയും ആഗോളീയ ജീവിതപരിസരം രൂപപ്പെടുകയും ചെയ്തിട്ടുണ്ട്.സൈബർസ്ഥലത്ത് ഇടപെടുന്ന വ്യക്തികളും സമൂഹങ്ങളും ഇതിന്റെ ഭാഗമാണ്.നവമാധ്യമത്തിൽ ഇടപെടുന്ന മലയാളികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.ഇത് സവിശേഷമായ വ്യവഹാരസന്ദർഭത്തെ രൂപപ്പെടുത്തുന്നു.നവമാധ്യമങ്ങൾ ഉള്ളടക്കംചെയ്യുന്ന വ്യവഹാരരൂപങ്ങൾ മലയാളിയുടെ സാംസ്കാരികജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി എന്ന് ഈ അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നു. നവമാധ്യമങ്ങളിലെ സാഹിത്യത്തിൽ ഇതിന്റെ പ്രതിനിധാനം ദൃശ്യമാകുന്നുണ്ടോ എന്ന പരിശോധനയും ഇതോടൊപ്പം നിർവഹിക്കുന്നുണ്ട്. അതുവഴി സമകാലികകേരളത്തിന്റെ സാംസ്കാരിക പരിതോവസ്ഥയെക്കുറിച്ചുള്ള അന്വേഷണം കൂടി നിർവഹിക്കുവാനാണ് ഈ അദ്ധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്.

അഞ്ച് അദ്ധ്യായങ്ങളിലായി നടത്തിയ വിശദമായ ചർച്ചകളുടെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ക്രോഡീകരിക്കുകയാണ് ഉപസംഹാരത്തിൽ ചെയ്യുന്നത്. പഠനത്തിനായി പ്രയോജനപ്പെടുത്തിയ ഗ്രന്ഥങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ, വെബ്സൈറ്റുകൾ എന്നിവയുടെ പട്ടികയും , വിഷയവുമായി ബന്ധപ്പെട്ട് പ്രസക്തമെന്ന് തോന്നിയ ചില നിശ്ചലചിത്രങ്ങളും അനുബന്ധമായി കൊടുത്തിരിക്കുന്നു.

അദ്ധ്യായം1

# നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ :

# ചരിത്രവും സ്വരൂപവും

മനുഷ്യന്റെ വികാസചരിത്രത്തിലെ ശ്രദ്ധേയമായ നാഴികക്കല്ലിനെയാണ് വിനിമയം (Communication) അടയാളപ്പെടുത്തുന്നത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് വിനിമയം. മനുഷ്യനിൽ കുടികൊള്ളുന്ന മൗലികമായ ചോദനകളിലൊന്നാണിത്. ഈ അർത്ഥത്തിൽ മനുഷ്യന്റെ ഉത്ഭവകാലം മുതൽ ആരംഭിച്ച ഒരു പ്രക്രിയയാണ് വിനിമയം. (വിളനിലം, ജെ.വി.,2005:19) വിനിമയത്തിൽ ഇന്ദ്രിയങ്ങളുടെ സജീവമായ പങ്കാളിത്തം ആവശ്യമായതിനാൽ, വിനിമയത്തെ ജൈവികപ്രതിഭാസമായും വിലയിരുത്താവുന്നതാണ്. മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനും അതിജീവനത്തിനും വിനിമയത്തിന്റെ സഹായം ആവശ്യമാണ്. സമൂഹജീവിയായ മനുഷ്യന് സംസ്കാരനിർമ്മിതിയുടെയും പുരോഗതിയുടെയും ഘട്ടങ്ങളിൽ നൂതനമായ വിനിമയോപാധികൾ തേടേണ്ടി വന്നിരുന്നു. ഏറ്റവും ഫലപ്രദമായ വിനിമയസന്ദർഭങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ എക്കാലത്തും മനുഷ്യൻ നടത്തിപ്പോന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ വിനിമയത്തിന്റെ ചരിത്രം മനുഷ്യന്റെ സാമൂഹികജീവിതത്തിന്റെ ചരിത്രമായി മാറുന്നു. സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വിനിമയം അത്യാവശ്യമാണ്. താൻ ജീവിക്കുന്ന ലോകത്തെയും തന്നെത്തന്നെയും തിരിച്ചറിയാനും തന്റെ വികാരവിചാരങ്ങൾ അന്യനെ അറിയിക്കാനും മനുഷ്യനുള്ള ത്വര വിനിമയപ്രക്രിയയെ സജീവമാക്കുന്നതിൽ സുപ്രധാന പങ്കാണ് വഹിക്കുന്നത്. വിനിമയത്തിലൂടെ സ്വായത്തമാക്കുന്ന അറിവും തിരിച്ചറിവും , അവയുടെ പങ്കുവയ്ക്കലുമാണ് സമൂഹജീവിതത്തെ ചലിപ്പിക്കുന്നത്. മനുഷ്യേച്ഛയുടെ ഏറ്റവും പ്രാഥമികമായ തലംമുതൽ ഉയർന്നതലം വരെയുള്ള ആവശ്യങ്ങൾ നിറവേറ്റാനാവുംവിധം വ്യാപ്തിയുള്ള പ്രക്രിയയായി വിനിമയം വികാസം പ്രാപിച്ചു. അജ്ഞത, നിരക്ഷരത, ദാരിദ്ര്യം എന്നിവയിൽ

നിന്നുള്ള മോചനം തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന അടിസ്ഥാനതലം തുടങ്ങി സർഗ്ഗാത്മകതയുടെ ഉയർന്ന മാനങ്ങൾ തേടാനും ആവിഷ്കരിക്കാനുമുള്ള ഉപാധിയായും വിനിമയം മാറുന്നു. സാമൂഹികജീവിതം സംസ്കാരത്തെ ഉല്പാദി പ്പിക്കുമ്പോൾ സംസ്കാരരൂപീകരണത്തിന്റെ ചാലകശക്തിയായും വിനിമയം പരിവർത്തനപ്പെടുന്നു.

## 1.1 .വിനിമയം

Communication എന്ന ആംഗലേയപദത്തിന് പകരമായി ഉപയോഗി ക്കുന്ന പദമാണ് വിനിമയം. communicare എന്ന ലാറ്റിൻ പദത്തിൽനിന്നാണ് കമ്മ്യൂണിക്കേഷൻ (Communication) എന്നപദം നിഷ്പന്നമായത്. (https://en. oxforddictionaries.com) താദാത്മ്യം, പൊരുത്തം, പൊതുഐക്യം എന്നെല്ലാം ആ പദത്തിന് അർത്ഥം കല്പിക്കാം. വിനിമയത്തിലൂടെ തദാത്മ്യം പ്രാപിക്കലാണ് സാദ്ധ്യമാകേണ്ടത്. ആശയപരമായ ഐക്യപ്പെടൽ എന്നത് അതിന്റെ മഹത്തായ ലക്ഷ്യമാണ്. പ്രേഷകനിലും സ്വീകർത്താവിലും സമാനമായതോതിൽ ആശയം വിതരണംചെയ്യപ്പെടുന്ന പ്രക്രിയയായാണ് വിനിമയത്തെ വിഭാവനം ചെയ്യുന്നത്. വിനിമയത്തിന്റെ ഇത്തരം ഉദാത്തസന്ദർഭങ്ങൾ അപൂർവമായിരിക്കും എന്നതാണ് വാസ്തവം. വിനിമയത്തിന്റെ പ്രാഥമികതലത്തിൽ പോലും ഇത് ഫലപ്രദമായി നടന്നുകൊള്ളണമെന്നില്ല. വിനിമയം ചെയ്യുന്ന ഉള്ളടക്കത്തിന്റെ സ്വഭാവം, മാധ്യമം എന്നിവയെ ആശ്രയിച്ച് വിനിമയത്തിന്റെ തോതും വ്യതിയാനപ്പെടുന്നു. പ്രേഷകന്റെ ഉള്ളിൽ രൂപംകൊള്ളുന്ന ആശയം സ്വീകർത്താവിൽ അതേതോ തിൽ എത്തുക വിഷമകരമാണ്. വിനിമയം സങ്കീർണ്ണമായ പ്രക്രിയയാണെ ന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. വിനിമയത്തെ നിർവചിക്കാനുള്ള ശ്രമങ്ങൾ അതിന്റെ സ്വഭാവത്തെ വ്യക്തമാക്കാൻ ഉപകരിക്കുമെങ്കിലും സമഗ്രതയെ പ്രതിനി ധാനം ചെയ്യുന്നില്ല എന്നതാണ് വാസ്തവം.വിനിമയത്തിന്റെ പ്രധാന സ്വഭാവങ്ങൾ ഇനിപ്പറയുന്നവയാണ്.

## 1.1.1. വിവരങ്ങളുടെ / ആശയങ്ങളുടെ പങ്കുവയ്ക്കൽ .

വിനിമയത്തിൽ പ്രാഥമികമായി നടക്കുന്ന പ്രക്രിയ വിവരങ്ങളുടെ അഥവാ ആശയങ്ങളുടെ കൈമാറ്റമാണ്. ഒരു ഉറവിടത്തിൽനിന്ന് ആശയങ്ങൾ അഥവാ സന്ദേശങ്ങൾ ഒന്നോ അതിലധികമോ ലക്ഷ്യസ്ഥാനത്ത് എത്തുന്നുണ്ട്. ആശയം, ഉറവിടം, മാധ്യമം, ലക്ഷ്യസ്ഥാനം എന്നീ ഘടകങ്ങളുടെ ഏകോപനത്തിലൂടെ യാണ് പങ്കുവയ്ക്കൽ എന്ന പ്രക്രിയ പൂർത്തിയാകുന്നത്.

## 1.1.2. ഉപാധി (Medium) യിലൂടെയുള്ള കൈമാറ്റം.

വിനിമയത്തിന് ഒരു ഉപാധി അഥവാ മാധ്യമം അത്യാവശ്യമാണ്. വിനിമ യത്തിന്റെ നാളിതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ ഏതെങ്കിലും ഒരുപാധി കൂടാതെ വിനിമയം സാദ്ധ്യമായിട്ടില്ല എന്ന് മനസ്സിലാക്കാം. അതിപ്രാചീന കാലത്ത് മനുഷ്യശരീരമായിരുന്നു മാധ്യമം. ലേഖനവിദ്യ സ്വായത്തമായതോടുകൂടി മറ്റുപാധികൾ മനുഷ്യൻ കണ്ടെത്തി. ശിലാപാളികൾ, കളിമൺപലകകൾ, മെഴുകു പലകകൾ, മരപ്പലകകൾ, ലോഹത്തകിടുകൾ, തുണി, തുകൽ, വൃക്ഷത്തോൽ, ഇല, പാപ്പിറസ്, കടലാസ്, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നീ വിനിമയോ പാധികൾ ഓരോ കാലത്തായി മനുഷ്യൻ കണ്ടെത്തിയ വിനിമയമാധ്യമമാണ്. ഇലക്ട്രോണിക് ഉപകരണമായ കമ്പ്യൂട്ടറും സാങ്കേതികവിദ്യയുടെ വികാസഫല മായി രൂപംകൊണ്ട ഇന്റർനെറ്റും ഇന്ന് വിനിമയത്തെ പുതിയ വിതാനത്തിൽ എത്തിച്ചിരിക്കുന്നു.

## 1.1.3.പങ്കാളിത്തം.

വിനിമയത്തിന്റെ സ്വഭാവമനുസരിച്ച് അതിൽ പങ്കെടുക്കുന്ന വ്യക്തികളുടെ എണ്ണം വ്യത്യാസപ്പെടാം. ആന്തരികവിനിമയത്തിൽ ഒരാൾ മാത്രമാണുള്ളത്. വ്യക്ത്യന്തരവിനിമയത്തിൽ കുറഞ്ഞത് രണ്ടുപേർ പങ്കെടുക്കണം. സംഘവിനിമയ

ത്തിൽ (group communication) പങ്കാളികളുടെ എണ്ണം കൂടുന്നു. ബഹുജനവിനിമയ (mass communication) ത്തിലാകട്ടെ എണ്ണിത്തിട്ടപ്പെടുത്താനാകാത്തവിധം വ്യക്തികൾ പങ്കാളികളാകുന്നുണ്ടാവും. നവമാധ്യമത്തിൽ ഈ പറഞ്ഞ വിനിമയ സാദ്ധ്യതകളെല്ലാം ഒന്നിക്കുന്നു.

## 1.1.4.സമൂഹസമ്പർക്കം.

വിനിമയം ഒരു സാമൂഹിക പ്രക്രിയയാണ്. ആന്തരികവിനിമയത്തിൽ പോലും സാമൂഹികത അടങ്ങിയിട്ടുണ്ട്. ഒരാൾ സ്വയം നടത്തുന്ന വിനിമയം താൻ ജീവിക്കുന്ന സമൂഹവുമായി കണ്ണിചേരാനുള്ള അയാളുടെ തയാറെടുപ്പിന്റെ ഭാഗമാണ്. വ്യക്തിയുടെ ചിന്തയെയും സർഗ്ഗാത്മകതയെയും രൂപപ്പെടുത്തുന്നത് സമൂഹമാണ്. മറ്റുവിനിമയ സമ്പ്രദായങ്ങളിലെല്ലാം സമൂഹവുമായി വ്യക്തിക്കുള്ള ബന്ധം പ്രകടമാണ്. സാമൂഹിക സന്ദർഭത്തിൽ ഭാഷ പ്രയോഗിക്കുമ്പോൾ സമ്പർക്കത്തിന്റെ വിപുലമായസാദ്ധ്യതകൾ തുറക്കുന്നു. മനുഷ്യപുരോഗതിയുടെ ആണിക്കല്ലായി വിനിമയത്തെ വിലയിരുത്താനുള്ള കാരണവും ഇതുതന്നെയാണ്.

## 1.1.5 . സന്ദർഭ (Context) ത്തിന് പ്രാധാന്യം.

വിനിമയത്തിൽ സന്ദർഭത്തിന് വലിയ പ്രാധാന്യമുണ്ട്. സന്ദർഭത്തിന് യോജിക്കുന്ന ചിഹ്നങ്ങൾ തെരഞ്ഞെടുത്തില്ലെങ്കിൽ വിനിമയം വിപരീതഫലമാകും ഉണ്ടാക്കുക. സന്ദർഭം വിനിമയത്തെ വിപുലീകരിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യാം. സന്ദർഭത്തിനനുസരിച്ച് വിനിമയോപാധികളിലും വ്യത്യാസം വേണ്ടിവരും.

## 1.1.6 . ചിഹ്നസ്വഭാവം

ചിഹ്നങ്ങൾ ഉചിതമായി പ്രയോഗിക്കുന്നതുവഴിയാണ് ഏതുതരം വിനിമയവും സാധ്യമാകുന്നത്. ഭാഷാചിഹ്നങ്ങളും ഭാഷേതരചിഹ്നങ്ങളും ഇക്കൂട്ടത്തിൽപ്പെടുന്നു. ഗതാഗത നിയന്ത്രണത്തിനായി പ്രയോജനപ്പെടുത്തുന്ന ചിഹ്നങ്ങൾ

ഭാഷേതര ചിഹ്നങ്ങൾക്ക് ഉദാഹരണമാണ്. ഭാഷയിലെ ഓരോ വാക്കും ആശ യത്തെ പ്രതിനിധാനം ചെയ്യുന്ന ചിഹ്നങ്ങളാണ്. ചിഹ്നങ്ങൾ ശരിയായി മനസ്സി ലാക്കാൻ കഴിയുമ്പോൾ മാത്രമാണ് വിനിമയം സാധ്യമാകുന്നത്.

## 1.1.7. കാഴ്ചപ്പാടുകളുടെ രൂപീകരിക്കുന്നു.

വ്യക്തിയിലും സമൂഹത്തിലും കാഴ്ചപ്പാടുകൾ രൂപപ്പെടാൻവിനിമയം സഹാ യിക്കുന്നു. എല്ലാത്തരം വിനിമയരീതികളിലും ഇത് നടക്കുന്നുണ്ട്. മാധ്യമങ്ങളി ലൂടെ നടക്കുന്ന വിനിമയത്തിൽ ഇതിന് സാധ്യത വളരെ കൂടുതലാണ്. മാധ്യമ ങ്ങൾ എത്തിനിൽക്കുന്ന കാഴ്ചപ്പാടിലേക്ക് ഉപയോക്താവിനെ കൊണ്ടുപോകാൻ കഴിയും.

## 1.1.8 . സാംസ്കാരികപ്രക്രിയ.

വിനിമയത്തിന് സംസ്കാരവുമായി ഗാഢബന്ധമുണ്ട്. മനുഷ്യന്റെ എല്ലാ വ്യവഹാരസന്ദർഭങ്ങളും സംസ്കാരത്തിന്റെ ഭാഗമാണ്. വിനിമയത്തിലൂടെയാണ് ഓരോ വ്യവഹാര സന്ദർഭവുമായി മനുഷ്യൻ ബന്ധംസ്ഥാപിക്കുന്നത്. വിനിമയ ചരിത്രം സംസ്കാരത്തിന്റെ ചരിത്രമായി വിലയിരുത്തപ്പെടുന്നത് അതുകൊണ്ടാണ്.

നവമാധ്യമങ്ങളെക്കുറിച്ച് പഠിച്ച പ്രമുഖപണ്ഡിതനായ മാനുവൽ കാസ്റ്റൽസ് 'വിവരങ്ങളുടെ കൈമാറ്റത്തിലൂടെ നടക്കുന്ന അർത്ഥത്തിന്റെ പങ്കുവയ്ക്ക'ലാണ് വിനിമയം എന്ന് വിലയിരുത്തുന്നു.(https://ijoc.org/index.php/ijoc/article, accessed 18.10.2018). വിനിമയം എന്ന പ്രക്രിയയെ നിർണയിക്കുന്നത് അതി ലുൾപ്പെടുന്ന ഘടകങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചാണ്. പ്രേഷകന്റെയും (Sender) സ്വീകർത്താവിന്റെയും (Receiver) സ്വഭാവസവിശേഷതകൾ അതിൽ മുഖ്യപങ്കു വഹിക്കുന്നു. ഇരുവരുടെയും ശേഷികൾ വിനിമയത്തെ ശക്തിപ്പെടുത്തും. പ്രേഷണംചെയ്യപ്പെടുന്ന വിഷയത്തിൽ ഇരുവർക്കുമുള്ള അറിവും താല്പര്യവും പ്രധാനമാണ്. സാങ്കേതികവിദ്യയുടെ വികാസത്തോടെ വിനിമയത്തിന്റെ സ്വഭാ വത്തിലും കാര്യപ്രാപ്തിയിലും കാതലായ പുരോഗതി ഉണ്ടായിട്ടുണ്ട്. വിനിമയ

ത്തിലൂടെ കൈമാറ്റംചെയ്യപ്പെടുന്ന സാംസ്കാരികമുദ്രകൾ (Cultural Codes) പരിഗണനയർഹിക്കുന്ന മറ്റൊരു വിഷയമാണ്. വിനിമയത്തെ നിയന്ത്രിക്കുന്ന നിയമാവലികളും (Protocols) പരിഗണിക്കാതിരിക്കാനാവില്ല. വിനിമയപ്രക്രിയ കൊണ്ട് ലക്ഷ്യമാക്കുന്നതെന്ത് എന്നതും പ്രധാനമാണ്. വിനിമയത്തിന്റെ സന്ദർഭം, സമൂഹവുമായി അവയ്ക്കുള്ള ബന്ധം എന്നിവ പരമപ്രധാനമാണ്. ഇപ്ര കാരം അനേകം ഘടകങ്ങളാൽ ബന്ധിതമായ ഒരു സാംസ്കാരിക പ്രക്രിയയാണ് വിനിമയം എന്ന് മനസ്സിലാക്കാം. വിവരങ്ങൾ കൈമാറ്റംചെയ്യപ്പെടുമ്പോൾ നട ക്കുന്ന അർത്ഥത്തിന്റെ പങ്കുവയ്ക്കൽ ലളിതമായ പ്രക്രിയയല്ല. വിവരങ്ങളുടെ കൈമാറ്റം പുതിയ അർത്ഥത്തെ ഉല്പാദിപ്പിക്കുകയും ചെയ്യും. ഇത്തരം അർത്ഥോൽ പ്പാദനത്തിൽ വ്യാഖ്യാനത്തിനും അവസരമുണ്ട്.

ഭാഷയുടെ കണ്ടുപിടിത്തം വിനിമയത്തിന് മുൻപില്ലാത്ത സാധ്യതകൾ തുറന്നുതന്നിട്ടുണ്ട്. വിനിമയത്തെ ശക്തവും വിപുലവുമാക്കുന്നതിൽ ഭാഷ വഹി ക്കുന്ന പങ്ക് പ്രധാനമാണ്. ഭാഷാവിനിമയം (Verbal Communication), ഭാഷേ തരവിനിമയം (Non Verbal Communication) എന്ന് വിനിമയത്തെ വ്യവച്ഛേ ദിച്ച് പഠിക്കുവാൻ വിനിമയപഠിതാക്കൾ ശ്രമിച്ചിട്ടുണ്ട്. വിനിമയപഠനത്തിൽ ഭാഷേതരവിനിമയങ്ങൾക്കും പ്രസക്തിയുണ്ട്. നിരവധി ഘടകങ്ങളുടെ ഒത്തുചേര ലാണ് ഫലപ്രദമായ വിനിമയത്തെ സാധ്യമാക്കുന്നത്. ഇവയിൽ ഏതെങ്കിലും ഒന്ന് ദുർബലപ്പെടുന്നത് വിനിമയത്തിന്റെ കാര്യക്ഷമതയെ ബാധിക്കും. ചില പ്പോൾ വിനിമയം സാധ്യമല്ലാതെയും വരും.

## 1.2.വിനിമയവും സമൂഹവും

മനുഷ്യജീവിതം സാർത്ഥകമാകുന്നത് സമൂഹത്തിലാണ്. പല കാര്യ ങ്ങളിലും സമാനതപുലർത്തുന്ന ഒരു ജനസഞ്ചയത്തെയാണ് സമൂഹമായി പരിഗ ണിക്കുക. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഒരുകൂട്ടം മനുഷ്യരെ ഒന്നിച്ചു ജീവി ക്കാൻ പ്രേരിപ്പിക്കുന്നു. ഭരണപരമായ അതിർത്തികൾ, സാംസ്കാരികമായ സവി ശേഷതകൾ, ഭാഷ, തൊഴിൽ തുടങ്ങിയ നിരവധി ഘടകങ്ങൾ മനുഷ്യനെ സമൂഹ

മായി വേർതിരിക്കുന്നു. സമൂഹത്തെ നിർവചിക്കുമ്പോൾ റെയ്മണ്ട് വില്യംസ് പങ്കുവയ്ക്കലിന് പ്രാധാന്യം കല്പിക്കുന്നതായി കാണാം.(1983:291) ശരിയായ പങ്കുവയ്ക്കൽ കൂടാതെ സമൂഹജീവിതം സാദ്ധ്യമാവില്ല. ഇവിടെയാണ് വിനിമയം പ്രസക്തമായിത്തീരുന്നത്. ഏറ്റവും ശക്തമായ വിനിമയസംവിധാനങ്ങൾ ഉള്ളിട ത്താണ് ഉയർന്ന തോതിലുള്ള ജീവിതം നിലനിൽക്കുന്നത്. സമൂഹജീവിതത്തിൽ വിനിമയത്തിനുള്ള സ്ഥാനം ഇത് വ്യക്തമാക്കുന്നു. ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തുവാൻ വിനിമയത്തിനു കഴിയും.മാധ്യമങ്ങൾ വളർച്ചനേടിയ ഘട്ട ത്തിലാണ് ലോകത്തെവിടെയും ജനാധിപത്യപ്രക്രിയകൾ ശക്തിപ്രാപിച്ചത്. (ജ്യോതിലക്ഷ്മിപി.എസ്.,2011:68)

## 1.3.വിനിമയവും സംസ്കാരവും

സംസ്കാരം സമൂഹജീവിതത്തിന്റെ വിഷയമാണ്. ഒരു ജനസമൂഹത്തിന്റെ ജീവിതശൈലിയുടെ ആകെത്തുകയാണ് സംസ്കാരം. രാഷ്ട്രീയം, ഭരണം, നിയമം, സാമ്പത്തികക്രമം, കല, സാഹിത്യം ,വിജ്ഞാനം തുടങ്ങിയ നിരവധി ഘടകങ്ങ ളുടെ ഒരടുക്കിനെയാണ് സംസ്കാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഓരോ ദേശ ത്തിന്റെയും സംസ്കാരത്തെ നിർണ്ണയിക്കുന്നതിൽ വിനിമയത്തിന് വലിയ പങ്കാണ് വഹിക്കാനുള്ളത്. വിനിമയത്തിന്റെ ചരിത്രം സംസ്കാരത്തിന്റെ കൂടി ചരിത്രമാണെ ന്നർത്ഥം. ഭാഷ, വിനിമയം , മാധ്യമം,വ്യവഹാരം, സമൂഹം, സംസ്കാരം തുടങ്ങിയ സംജ്ഞകൾ പരസ്പരബന്ധിതമാണ്. ഇവ ഓരോന്നിന്നെയും കുറിച്ചുള്ള പഠനം ഇതരവിഷയങ്ങളെ സംബന്ധിക്കുന്ന പഠനംകൂടിയാണ്. മാധ്യമപഠിതാക്കൾക്ക് അവ വിനിമയംചെയ്യുന്ന സംസ്കാരത്തെ വിട്ടുകളയാനാവില്ല. സമൂഹത്തിന്റെ മേല്പര യായി വിവക്ഷിക്കുന്ന സംസ്കാരത്തിന്റെ ഭാഗമാണ് മാധ്യമം. ഓരോ മാധ്യമവും അതിന്റെ സ്വഭാവത്തിനനുസരണമായ സാംസ്കാരികസ്വരൂപം സമൂഹഘടനയിൽ സന്നിവേശിപ്പിക്കുന്നുണ്ട്. അച്ചടിമാധ്യമത്തിൽനിന്ന് ദൃശ്യ - ശ്രാവ്യ മാധ്യമ ങ്ങളിലേക്കും പിന്നീട് നവമാധ്യമങ്ങളിലേക്കും സംക്രമിച്ചപ്പോൾ മാധ്യമങ്ങൾ പുലർത്തിപ്പോരുന്ന സാംസ്കാരികസ്വരൂപങ്ങൾ വ്യത്യസ്തമായിരുന്നു. ദൃശ്യമാധ്യമ

ങ്ങളുടെ അഭാവത്തിൽ അദൃശ്യത ദുഃസഹമായിരുന്നില്ല. എന്നാൽ ഇക്കാലത്ത് അദൃശ്യത അവഗണനയെക്കാൾ ഭാരമുള്ളതായി മാറിയിരിക്കുന്നു. (കല്പറ്റ നാരായണൻ, 2017:33) മാധ്യമം മാറുന്നതിനനുസരിച്ച് സാമൂഹികജീവിതത്തിലും വ്യക്തിസത്തയിലും പൊളിച്ചെഴുത്തുകൾ നടക്കുന്നുണ്ട്. കാഴ്ചയുടെ ശീലത്തെ താലോലിക്കുന്ന തലമുറയായി ആധുനിക – ആധുനികാനന്തര സമൂഹങ്ങൾ മാറിയിട്ടുണ്ട്. കാഴ്ചയുടെ കോയ്മ ഇന്ദ്രിയങ്ങളുടെ ഒരു ശ്രേണിയെ സൃഷ്ടിക്കുകയും മറ്റെല്ലാ ഇന്ദ്രിയങ്ങൾക്കുംമേൽ കാഴ്ചയുടെ ആധിപത്യം ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്. (രാമചന്ദ്രൻ, ടി.കെ.,2006:24) ജീവിതത്തിന്റെ എല്ലാ തുറകളിലും കടന്നു ചെന്ന ഈ കാഴ്ചസംസ്കാരത്തിൽ സാരമായ വ്യതിയാനമുണ്ടാകുന്നത് നവമാധ്യമങ്ങളുടെ വരവോടെയാണ്. മുതലാളിത്തത്തിന്റെ സംസ്കാരവ്യവസായ ഇച്ഛകൾക്ക് ചെറിയതോതിലെങ്കിലും ആശങ്കയുണ്ടാക്കുവാൻ നവമാധ്യമങ്ങൾ കാരണമായി. പൂർവകാലമാധ്യമങ്ങളെപ്പോലെ നവമാധ്യമങ്ങൾ പുരുഷന്മാരുടെയോ സാക്ഷരരുടെയോ വരേണ്യവർഗ്ഗത്തിന്റെയോ കുത്തകയായി നിലകൊണ്ടില്ല. (വെങ്കിടേശ്വരൻ, സി.എസ്. 2014:140)

## 1.4.വിനിമയവും മാധ്യമവും

വിനിമയത്തിനായി മനുഷ്യൻ കണ്ടെത്തിയ ഉപാധിയാണ് മാധ്യമം. പല പരിണതികളും പിന്നിട്ട് ഇന്ന് നവമാധ്യമത്തിൽ എത്തിനിൽക്കുന്നതാണ് മാധ്യമത്തിന്റെ ചരിത്രം. സ്വരൂപത്തിലും വിനിമയരീതിയിലും നിരവധി പ്രത്യേകതകൾ പുലർത്തുന്ന മാധ്യമങ്ങൾ നിലവിലുണ്ട്. മാധ്യമങ്ങൾ സമൂഹത്തിന്റെ നന്മയാണ് ലക്ഷ്യംവയ്ക്കുന്നത്. വിവരങ്ങൾ അറിയിക്കുക, വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക, വിനോദിപ്പിക്കുക, പഠിപ്പിക്കുക എന്നിവയെല്ലാം മാധ്യമങ്ങളുടെ ലക്ഷ്യത്തിൽപെടുന്നു. ഒരു മികച്ച ബോധനോപകരണമായി മാധ്യമം നിലകൊള്ളുന്നുണ്ട്. (ബാബു സെബാസ്റ്റ്യൻ, 2016:52) ഒരു ജനാധിപത്യരാജ്യത്തിൽ അധികാരകേന്ദ്രങ്ങൾ മറച്ചുവയ്ക്കുന്ന കാര്യങ്ങൾ ജനങ്ങളെ അറിയിക്കുക എന്ന കടമകൂടി മാധ്യമങ്ങൾക്ക് നിറവേറ്റാനുണ്ട്. (ഭാസുരേന്ദ്രബാബു,2009:12).മാധ്യമങ്ങൾതന്നെ

അധികാരകേന്ദ്രമായിരിക്കുമ്പോഴും ഈ പൊതുധർമ്മം നിറവേറ്റാൻ അവയ്ക്ക് കഴിയേണ്ടതാണ്. മാധ്യമവ്യവഹാരങ്ങളുടെ സൂക്ഷ്മമായ പഠനം ഇതിലേക്കാണ് നയിക്കുന്നത്.

മാധ്യമവ്യവഹാരങ്ങൾ ചിലപ്പോൾ പ്രശ്നസങ്കീർണ്ണമാകാറുമുണ്ട് (Alan Durant and Marina Lambrou ,2005: 44) ബഹുജനവിനിമയത്തിന്റെ (mass communication) ആവിർഭാവത്തോടെയാണ് വിനിമയം ഗൗരവതരമായ പ്രതിഭാസമായി വിലയിരുത്താൻ തുടങ്ങിയത്. ബഹുജനമാധ്യമങ്ങൾ എന്ന സംജ്ഞ പ്രയോഗത്തിൽ വരുന്നത് അച്ചടിയുടെ വരവോടെയാണ്. ബഹുജനമാധ്യമങ്ങളിലൂടെ ഒരുതരം ബഹുജനവിദ്യാഭ്യാസമാണ് നടക്കുന്നത്. (ജെ.വി. വിളനിലം, 2005 : 37)അച്ചടിമാധ്യമങ്ങൾ, ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവയുടെ വരവും വളർച്ചയും മാധ്യമരംഗത്ത് വലുതായ മാറ്റത്തിനു കാരണമായി. 1964 ലാണ് മാർഷൽ മക് ലൂഹൻ Understanding Media എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. ആ ഗ്രന്ഥത്തിന് The Extension of Man എന്ന ഉപശീർഷകം കൂടി അദ്ദേഹം നൽകുകയുണ്ടായി. മനുഷ്യശേഷിയെ വികസിപ്പിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വ്യക്തമാക്കുന്നതാണ് ഈ നിരീക്ഷണം. അച്ചടിമാധ്യമങ്ങൾക്ക് നൽകാനാവാത്ത അനുഭവം ദൃശ്യമാധ്യമങ്ങൾക്ക് പകർന്നു നൽകാനാവുമെന്ന് മക് ലൂഹൻ സമർത്ഥിച്ചു. മനുഷ്യന്റെ മുഴക്കം കേൾക്കാനാവാത്ത മാധ്യമമായി അച്ചടിമാധ്യമങ്ങൾ നിലകൊണ്ടപ്പോൾ (ബൈജു ചന്ദ്രൻ, 2013:62) ആ പരിമിതിയെ മറികടക്കാൻ ടെലിവിഷനു കഴിഞ്ഞു. നവമാധ്യമത്തിന്റെ ആവിർഭാവത്തോടെ ഈ രംഗത്ത് വലിയ കുതിച്ചുചാട്ടം തന്നെ സംഭവിച്ചു എന്നുപറയാം. ഏറ്റവും മികച്ച വിനിമയസന്ദർഭങ്ങൾ ഒരുക്കിത്തരുന്നതിന് പ്രാപ്തമാണ് ഇന്ന് നവമാധ്യമങ്ങൾ. ഏതു നിമിഷവും നൂതനമായ വിനിമയസംവിധാനങ്ങൾ കടന്നുവരാം എന്ന വലിയ പ്രതീക്ഷയാണ് നവമാധ്യമങ്ങൾ പുലർത്തുന്നത്.

## 1.5.വിനിമയവും വിവരസാങ്കേതികവിദ്യയും

മൈക്രോഇലക്ട്രോണിക്സിനെ ആധാരമാക്കുന്ന വിവരസാങ്കേതികവിദ്യ വിനിമയത്തിൽ നിരവധി നൂതനസാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ എന്ന യന്ത്രത്തിന്റെ കണ്ടുപിടിത്തവും കാലോചിതമായി അതിൽവന്ന പരിഷ്ക്ക രണവും വിനിമയത്തിൽ വലിയ വിപ്ലവത്തിന് അവസരമൊരുക്കി. വിവരങ്ങളെ ഡിജിറ്റൽ രൂപത്തിലാക്കി ആഗോളതലത്തിൽ വിനിമയം ചെയ്യാൻ പുതിയ സാങ്കേതികവിദ്യയ്ക്ക് കഴിയുന്നു. ഒരേസമയം വിവിധ ഉപാധികളുമായി (Multi Channel) ബന്ധിപ്പിച്ച് വിനിമയം ചെയ്യാനാകുന്നു എന്നത് അതിന്റെ സാധ്യത വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് ബഹുജന സ്വയംവിനിമയം എളുപ്പ മാകുന്നത്. നവമാധ്യമങ്ങളിലൂടെ നിർവഹിക്കപ്പെടുന്ന ബഹുജന സ്വയംവിനിമയം വിനിമയത്തിന്റെ അതിനൂതന സാദ്ധ്യതകളാണ് തുറന്നു തന്നത്. വിനിമയ ത്തിന്റെ ചരിത്രത്തിൽ മുൻപുണ്ടായിരുന്ന പല പരിമിതികളെയും മറികടക്കാൻ നവമാധ്യമങ്ങളുടെ വരവ് സഹായിച്ചു. വിനിമയം എന്ന പ്രക്രിയയിൽ പല പുതു മകളും നവമാധ്യമം ആവിഷ്ക്കരിച്ചു.മാധ്യമത്തെക്കുറിച്ചുണ്ടായിരുന്ന സങ്കല്പത്തിൽ തന്നെ മാറ്റമുണ്ടായി. സമൂഹജീവിതത്തെ ബഹുതലങ്ങളിൽ സ്പർശിക്കുന്ന ഒന്നായി നവമാധ്യമങ്ങൾ വളർന്നുകഴിഞ്ഞു. മനുഷ്യന്റെ സാംസ്കാരിക വിനിമയത്തിൽ നവമാധ്യമങ്ങളുടെ ഇടപെടൽ നിർണ്ണായകമായി. മാനവശേഷിയെ വലിയ തോതിൽ വികസിപ്പിക്കുവാൻ അതിനു കഴിഞ്ഞിട്ടുണ്ട്. അറിവ് നിർമ്മിക്കുകയും വ്യക്തിനിഷ്ഠതയെ വ്യാഖ്യാനിക്കുകയും മറ്റു മനുഷ്യരുമായിട്ടുള്ള ബന്ധത്തിന്റെ തീവ്രത കൂട്ടുകയും ചെയ്യുന്നതിൽ നവമാധ്യമങ്ങൾ നൽകുന്ന സംഭാവന ചെറുതല്ല. (HassanRobert and Julian Thomas, 2006: 9) ഇപ്രകാരം ലോകമെങ്ങും വ്യാപിച്ച നവമാധ്യമവിനിമയസംവിധാനവും അതിന്റെ പരിണിതഫലമായി രൂപംകൊണ്ട നവമാധ്യമ വ്യവഹാരരൂപങ്ങളും കേരളസമൂഹത്തെയും സ്വാധീനി ക്കുകയുണ്ടായി.The Structural Transformation of the Public Sphere എന്ന

ഗ്രന്ഥത്തിൽ ഹെബർമാസ് വിശകലനം ചെയ്ത ആശയങ്ങൾ ഏറെക്കുറേ പ്രാവർത്തികമാക്കുന്നതിന് നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.(John H. Hartley, 2004: 191) നവമാധ്യമങ്ങളിൽ ഡിബേറ്റുകൾ രൂപപ്പെടുന്നു, ആശയങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു, അറിവ് കൈമാറ്റംചെയ്യപ്പെടുന്നു, അഭിപ്രായങ്ങൾ രൂപീകരിക്കപ്പെടുന്നു. വിവരങ്ങളും അഭിപ്രായങ്ങളും കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു ശൃംഖലയായി പ്രവർത്തിക്കാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നു. അത് നിർമ്മാണാത്മകമാണ് (most constructive). പ്രത്യക്ഷത്തിൽ വാണിജ്യതാല്പര്യങ്ങൾ അതിനെ സ്വാധീനിക്കുന്നില്ല (not influenced by commercial interest ). രാഷ്ട്രത്തിന്റെ നിയന്ത്രണങ്ങളും അതിനുമേലില്ല. (not state control). അധികാരത്തിന്റെ കേന്ദ്രീകരണത്തിൽനിന്ന് മുക്തമാണത്. അതുകൊണ്ടുതന്നെ ജനാധിപത്യത്തിന്റെ അന്തരീക്ഷം നിലനിർത്താൻ അതിനാകുന്നു. ഇതെല്ലാം സാങ്കേതികവിദ്യ വിനിമയത്തിൽ ഇടം നേടുകവഴി സ്വായത്തമായതാണ്.മലയാളിയുടെ സാമൂഹികജീവിതത്തിലും സാംസ്കാരിക വിനിമയത്തിലും സാങ്കേതികവിദ്യ നിർണ്ണായകമായ സ്വാധീനമണ് ചെലുത്തിയിട്ടുള്ളത്.

## 1.6.നവമാധ്യമം

നവസാങ്കേതികവിദ്യയുടെ വികാസത്തിന്റെ ഫലമായി രൂപംകൊണ്ടതും ഈ നൂറ്റാണ്ടിന്റെ സാംസ്കാരിക പ്രതിഭാസങ്ങളിൽ ഏറ്റവും പ്രധാനമായതുമായ ഒന്നാണ് നവമാധ്യമങ്ങൾ. നിരവധി അടരുകളും ബന്ധങ്ങളും സൂക്ഷിക്കുന്ന ഒരു പദമാണത്. (Adalaide Morris and Thomas Swiss, 2006:4) ആഗോളതലത്തിൽ ചലനങ്ങൾ സൃഷ്ടിച്ച പ്രതിഭാസമായാണ് നവമാധ്യമങ്ങളെ വിലയിരുത്തുന്നത്. മനുഷ്യജീവിതത്തെ ആകെത്തുകയിൽ പുതുക്കിപ്പണിയാൻ ഈ മാധ്യമത്തിന് കഴിഞ്ഞു. നവീനമാധ്യമ വിനിമയ സംവിധാനങ്ങളും ആഗോ

ളീകരണവും ഉത്തരാധുനികതയും വിചാരനിർമ്മിതിയുടെ ലോകത്തെ ഒരുപോലെ സ്വാധീനിക്കുന്ന ചരിത്രസന്ധിയിലാണ് ലോകം എത്തിനിൽക്കുന്നത് (ജി. മധു സൂദനൻ, 2009 : 91 ) ഇവമൂന്നും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന ആശയങ്ങളും വസ്തുതകളുമാണ്. അധികാരഘടനയിൽ വരുന്ന കാതലായ മാറ്റവും ഇതോടൊപ്പം പരിഗണിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ അധികാരഘടനയിൽ നിന്നാണ് പുതിയ വിനിമയസാദ്ധ്യതകൾ ഉയർന്നുവരുന്നത്. (ഷിബു മുഹമ്മദ് ,2000: 10,11) ആധുനികതയിൽനിന്ന് ഉത്തരാധുനികതയിലേക്കുള്ള മനുഷ്യന്റെ സഞ്ചാരം നൂതനമായ വ്യവഹാരസ്വരൂപങ്ങളെ നിർമ്മിച്ചുകൊണ്ടായിരുന്നു. വ്യവസായ വൽകരണത്തിന്റെ കാലത്ത് ഉല്പാദനം, പുനരുല്പാദനം എന്നീ വാക്കുകൾക്കുണ്ടാ യിരുന്ന അർത്ഥം ഉത്തരാധുനികകാലത്ത് മാറ്റത്തിന് വിധേയമായിട്ടുണ്ട്. യന്ത്ര ങ്ങളും തൊഴിലുപകരണങ്ങളും വലിയതോതിൽ ഉല്പാദിപ്പിക്കുകയും പുനരുല്പാദ നത്തെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു വ്യവസായവൽകരണ കാലത്തെ യുക്തി. ഉത്തരാധുനിക കാലത്തിന്റെ യുക്തിയിൽ ഉല്പാദനമെന്നാൽ പ്രധാനമായും വിവരോല്പാദനം എന്ന നിലവന്നു. ഉത്തരാധുനിക സമൂഹത്തെ ലോത്ത്യാർ നിരീക്ഷിച്ചപോലെ വിവരസമൂഹമായി കാണാവുന്നതാണ്. പരസ്പരം കണ്ണിചേർക്കപ്പെട്ട ആഗോളവലയിലെ ഉല്പാദനശക്തികൾ വിവരത്തെ ഏറ്റവും പ്രധാനമായ ഉല്പന്നമായി കാണുന്നു എന്നത് ശ്രദ്ധേയമാണ്. മാധ്യമരംഗത്ത് മുൻപില്ലാതിരുന്ന പ്രവണതകൾ സംജാതമായതും ഇതോടൊപ്പം കാണേ ണ്ടതാണ്.

നൂറ് വർഷങ്ങൾക്ക് മുൻപ് നമുക്ക് ഭാവനചെയ്യാൻ കഴിയുമായിരുന്നതിനും അപ്പുറത്തേക്ക് ഇന്നത്തെ മാധ്യമവിനിമയം മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിന് കാരണം നവമാധ്യമങ്ങളുടെ വരവാണ്. മാധ്യമത്തിന്റെ ഉള്ളടക്കം, വിനിമയരീതി, എന്നിവയിൽ കാര്യമായ മാറ്റം സംഭവിച്ചു. സാമൂഹികജീവിതത്തിലും സംസ്കാര ത്തിലും ശക്തമായി ഇടപെടുന്നതിനും അതുവഴി ജീവിതശൈലിയിൽ കാര്യമായ പരിണാമങ്ങൾ ഉണ്ടാകുന്നതിനും ഇത് കാരണമായിട്ടുണ്ട്. അറിവിന്റെ നിർമ്മാ ണവും വ്യാപനവും ആഗോളസ്വഭാവത്തിൽ വികസിച്ചു. ഡിജിറ്റലുപകരണങ്ങൾ

വർദ്ധിച്ചതോതിൽ നിർമ്മിക്കുകയും വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. ആഗോള സംസ്കാരവിനിമയത്തിന്റെ മുഖ്യ പന്ഥാവായി ഡിജിറ്റൽ ടെക്നോളജിയെ തിരിച്ച റിയാൻ ഇന്ന് ബുദ്ധിമുട്ടില്ല. കമ്പ്യൂട്ടറുകളും ടെലികമ്യൂണിക്കേഷൻ സംവിധാ നങ്ങളും ഒത്ത നടുവിൽ നിന്നുകൊണ്ട് ഈ അവസ്ഥയെ നിരന്തരം ചലിപ്പിക്കുന്നു. നവമാധ്യമങ്ങൾ ഡിജിറ്റൽ വിപ്ലവം സാദ്ധ്യമാക്കി എന്ന കാഴ്ചപ്പാടിനെ ഈ പരിതോവസ്ഥ സാധൂകരിക്കുന്നുണ്ട്. അതുകൊണ്ടാണ് ഇരുപതാം നൂറ്റാണ്ടിന്റെ വിചാരനിർമ്മിതിയുടെ ഉപോല്പന്നമായി നവമാധ്യമങ്ങളെ വിലയിരുത്തുന്നത്. ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെ ഉള്ളടക്കത്തെ ആഗോളതലത്തിൽ വിനിമയം ചെയ്യാൻ നവമാധ്യമങ്ങൾക്ക് കഴിയും. മറ്റേത് മാധ്യമത്തേക്കാളും ഉള്ളടക്കത്തെ പ്രതിപ്രവർത്തനക്ഷമമാക്കാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നുണ്ട്.

എല്ലാ മാധ്യമങ്ങളും അടിസ്ഥാനപരമായി നിർവഹിക്കുന്ന പ്രക്രിയ വിനിമ യത്തെ ത്വരിതപ്പെടുത്തുക എന്നതാണ്. മാധ്യമങ്ങളുടെ ചരിത്രപരമായ വികാസം അപഗ്രഥിച്ചാൽ വിനിമയത്തിനുപയോഗിക്കുന്ന മാധ്യമം വ്യത്യാസ പ്പെടുന്നതി നനുസരിച്ച് വിനിമയം ചെയ്യപ്പെടുന്ന ഉള്ളടക്കത്തിന് വ്യതിയാനം സംഭവിക്കുന്ന തായി മനസ്സിലാക്കാനാകും. നവമാധ്യമങ്ങളുടെ വരവ് മാധ്യമങ്ങളെക്കുറിച്ചുള്ള സങ്കല്പത്തിൽത്തന്നെ വലിയ പൊളിച്ചെഴുത്തിന് കാരണമായിട്ടുണ്ട്. വിനിമയ - വ്യവഹാരപഠനങ്ങളിൽ സ്വാഭാവികമായും ഇത് പ്രതിഫലിക്കും. നവമാധ്യമങ്ങൾ മുൻപില്ലാതിരുന്ന വ്യവഹാരസന്ദർഭങ്ങളെ രൂപപ്പെടുത്തിയിട്ടുണ്ട്.വിനിമയ ത്തിന്റെ വേഗം, കാര്യക്ഷമത, വ്യാപനം എന്നിവയിലും കാതലായ പുരോഗതി കൈവരിക്കാൻ നവമാധ്യമങ്ങൾക്കായിട്ടുണ്ട്. അതുകൊണ്ടുതന്നെ നവമാധ്യമങ്ങ ളിലെ വ്യവഹാരസ്വരൂപങ്ങൾ ഗൗരവതരമായ വിശകലനം ആവശ്യപ്പെടുന്നു.

നവമാധ്യമം (New Media) എന്നത് സാമാന്യവും (generic) വിശാല വുമായ അർത്ഥത്തിൽ പ്രയോഗിക്കുന്ന ഒരു സംജ്ഞയാണ് (https://en. wikipedia.org)നവം (New) എന്ന പദത്തിന് പുതിയത് എന്നാണർത്ഥം. പുതു തായി കടന്നുവരുന്ന ഏത് മാധ്യമത്തെയും , ഈ അർത്ഥത്തിൽ, നവമാധ്യമം എന്നു വിളിക്കാം. നിലവിലിരിക്കുന്ന മാധ്യമങ്ങളുടെ പരിമിതിയെ അതിജീവിക്കാ

നുള്ള ശേഷിയുമായാണ് ഓരോ പുതുമാധ്യമവും ജനിക്കുന്നത്. അച്ചടിമാധ്യമത്തിന്റെ പരിമിതിയെ മറികടക്കാൻ ടെലിവിഷനു കഴിഞ്ഞു. ആ അർത്ഥത്തിൽ ടെലിവിഷൻ നവമാധ്യമമായിരുന്നു. എന്നാൽ ടെലിവിഷന് ഇന്ന് ആ പദവിനഷ്ടമായിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതി കവിദ്യയിലൂടെ വിനിമയം സാദ്ധ്യമാക്കുന്ന മാധ്യമത്തെയാണ് ഇപ്പോൾ നവമാധ്യമം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഇലക്ട്രോണിക് വിനിമയത്തിന്റെ നിരവധി മേഖലയെ ആ പദം പ്രതിനിധാനം ചെയ്യുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ നവമാധ്യമം എന്ന പദം ഉപയോഗിച്ചു തുടങ്ങുന്നുണ്ട്.പരമ്പരാഗത മാധ്യമത്തിൽനിന്ന് (Traditional Media) തികച്ചും വ്യത്യസ്തമായ സ്വഭാവവിശേഷങ്ങൾ പ്രകടിപ്പിക്കുന്ന മാധ്യമം എന്ന നിലയിലാണ് നവമാധ്യമം എന്ന സംജ്ഞ രൂപപ്പെട്ടത്.വെബ്സൈറ്റുകൾ, ബ്ലോഗുകൾ, സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾ, വീഡിയോ ഷെയറിംഗ് സൈറ്റുകൾ, സെല്ലുലാർ കമ്മ്യൂണിക്കേഷൻ, പ്രവാഹസ്വഭാവമുള്ള ശബ്ദവും ദൃശ്യവും, ചാറ്റ് റൂമുകൾ, ഇ–മെയിൽ, ഓൺലൈൻ സമൂഹങ്ങൾ, വെബ് പരസ്യങ്ങൾ, സി.ഡി.റോം, ഡി.വി.ഡി., ഡിജിറ്റൽ ക്യാമറ, മൊബൈൽ കമ്പ്യൂട്ടിംഗ്, വീഡിയോ ഗെയിമുകൾ, ഓൺലൈൻ വിജ്ഞാനകോശങ്ങൾ തുടങ്ങിയ ബഹുവിധമായ വിവരവിനിമയ മേഖലയെ പ്രതിനിധീകരിക്കുന്ന പദമാണ് നവമാധ്യമം.

നവമാധ്യമം എന്ന പദം ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ സംഭാവനയാണ്. ഇന്റർനെറ്റുമായി ബന്ധപ്പെട്ടാണ് അതിന്റെ അസ്തിത്വം. ടെക്നോളജിയും ഇമേജും ശബ്ദവും ചേർന്ന് അതിന്റെ വിനിമയസങ്കേതം രൂപപ്പെടുത്തിയിരിക്കുന്നു. വൈവിധ്യവും വ്യാപനസ്വഭാവവുമുള്ള നവമാധ്യമത്തെ നിർവചിക്കുക ബുദ്ധിമുട്ടാണ്. നവമാധ്യമത്തിന്റെ നിർവചനം നിരന്തരം മാറിക്കൊണ്ടിരിക്കാനാണ് സാദ്ധ്യത. കാരണം, ഈ മേഖലയിൽ തൊട്ടടുത്ത നിമിഷം എന്ത് മാറ്റം വരും എന്ന് പ്രവചിക്കാനാവില്ല.

നവമാധ്യമത്തിന്റെ വികാസത്തിനു വഴിതെളിച്ച ചില സംഭവങ്ങൾ ശ്രദ്ധേയമാണ്

1 1960 കളിൽ Transport Control Protocol (TCP) Internet Protocol (IP) എന്നിവ നിലവിൽ വന്നു.

2 1970 കളിലാണ് ARPANET , Personal Computer (PC) എന്നിവ യാഥാർത്ഥ്യമായത്.

3 1980 ൽ Hypertext Transport Protocol (HTTP) രൂപപ്പെട്ടു.

4 1992 ൽ ഇന്റർനെറ്റ് പൊതുസമൂഹത്തിനായി തുറന്നുകിട്ടി.

5 1994 ൽ Digital Communication യാഥാർത്ഥ്യമാകുന്നു.

തുടർന്ന് ഗ്രാഫിക്കൽ ബ്രൗസിംഗ് സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചെടുത്തു. അടിസ്ഥാനപരമായ ഈ സംവിധാനങ്ങളുടെ രൂപീകരണത്തിനുശേഷം ഈ രംഗത്ത് വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്.

ARPA യുടെ ബുദ്ധികേന്ദ്രമായി ഒരു സൈക്കോളജിസ്റ്റ് (J.R.L.Licklider) വന്നതോടെ കമ്പ്യൂട്ടറും മനുഷ്യനും തമ്മിലുള്ള ഇടപെടലിൽ നൂതനമായ സങ്കല്പനങ്ങളാണ് രൂപപ്പെട്ടത്.

അതുല്യവും വ്യക്തിഗതവുമായ വിവരങ്ങൾ നിരന്തരവും അനന്തവുമായി സ്വീകർത്താവിനായി പ്രദർശിപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു എന്ന താണ് നവമാധ്യമത്തിന്റെ ഒരു പ്രത്യേകത. നവമാധ്യമം പ്രസാധകനും ഉപയോക്താവിനും തുല്യപദവി വാഗ്ദാനംചെയ്യുന്നു. ഉള്ളടക്കത്തിനു മേൽ സ്വീകർത്താവിന് ഇടപെടാൻ അവസരം നൽകുന്നു. ആശയവിനിമയത്തിനും പരസ്പരപ്രവർത്തനത്തിനുമുള്ള ആകർഷകമായ മാധ്യമമായി നവമാധ്യമത്തെ മാറ്റുന്നതിൽ ഈ ഘടകങ്ങൾക്കെല്ലാം പങ്കുണ്ട്.നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സമൂഹം സാങ്കല്പികമാണ് (imagined community) അഭിപ്രായപ്രകടനത്തിൽ പുരോഗമനപരവും

പ്രതിലോമകരവുമായി ഇടപെടാൻ നവമാധ്യമം അവസരം നൽകുന്നു.ബഹുജന വിനിമയത്തിൽനിന്ന് (mass communication) ശൃംഖലാ (Network) വിനിമയ ത്തിലേക്കുള്ള മാറ്റമാണ് നവമാധ്യമം യാഥാർത്ഥ്യമാക്കിയത്. ഇതിനെല്ലാം സഹായകമായത് സാങ്കേതികവിദ്യയുടെ വികാസമാണ്.

1990കളോടെ ലോകത്താകമാനം സംഭവിച്ച പുതുവിപ്ലവം മുഖ്യമായും വിവരസാങ്കേതികവിദ്യയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. മനുഷ്യജീവിതത്തിന്റെ എല്ലാമേഖലകളിലേക്കും അതിന്റെ പ്രതിഫലനങ്ങൾ കടന്നുചെന്നിരുന്നു. മാധ്യമരംഗത്ത് സമൂലമായ പൊളിച്ചെഴുത്തിന് സാഹചര്യമൊരുക്കാനുള്ള ശക്തി ഈ പുതുവിപ്ലവത്തിനുണ്ടായിരുന്നു. എല്ലാമാധ്യമങ്ങളും സ്വയംനവീകരണത്തിന്റെ പാതയിലേക്ക് നീങ്ങി. നവസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയായിരുന്നു മാധ്യമങ്ങളുടെലക്ഷ്യം. ഈവഴിത്തിരിവിലാണ് ഇന്റർനെറ്റ്എന്നപുതുവിനിമയമാധ്യമം രംഗപ്രവേശംചെയ്തത്. അമേരിക്കയിലെ പ്രതിരോധ വകുപ്പിന്റെ മേധാവികളുടെ ബുദ്ധിയിൽ ജന്മംകൊണ്ട പ്രതിഭാസമാണ് ഇന്റർനെറ്റ് (പി.സേതുമാധവൻ, 1999 : 12) വിനിമയരംഗത്ത് അതുവരെ കാണാതിരുന്ന ചിലപ്രവണതകൾക്ക് ഇന്റർനെറ്റ് തുടക്കംകുറിച്ചു. നിലവിലുള്ള മാധ്യമങ്ങളുടെ സ്വഭാവങ്ങൾ സ്വാംശീകരിച്ചുകൊണ്ടും അവയ്ക്ക് സാദ്ധ്യമാകാത്ത നൂതനരീതികൾ അവതരിപ്പിച്ചുകൊണ്ടുമാണ് ഇന്റർനെറ്റ് പ്രവർത്തന പഥത്തിലെത്തിയത്. അതൊരുതാൽകാലിക പ്രതിഭാസമല്ലെന്ന് ക്രമേണ മനസ്സിലായി.ലോകംപുതിയൊരു വിനിമയക്രമത്തിലേക്ക് നീങ്ങുന്നതിന്റെ ലക്ഷണങ്ങളാണ് ഇന്റർനെറ്റ് പ്രകടിപ്പിച്ചത്. ഇന്ന് ലോകത്താകമാനംവ്യാപിച്ച , വിവരവിനിമയത്തിന്റെ ഏറ്റവും പ്രധാനമാധ്യമമാണ് ഇന്റർനെറ്റ്. കാലദേശ വ്യത്യാസമില്ലാതെ വിജ്ഞാനം വിന്യസിക്കുന്നതിനുള്ള ഒരു ശൃംഖലയായി ഇന്റർനെറ്റിനെ വിശേഷിപ്പിക്കാം.( അച്യുത് ശങ്കർ എസ് നായർ,2009 : 58) നവമാധ്യമങ്ങളുടെ പ്രബലമായ വിനിമയസ്രോതസ്സ് ഇന്റർനെറ്റാണ്.

നവമാധ്യമങ്ങളുടെ വികാസവും വ്യാപനവും വ്യാവസായികരംഗത്തെ വലിയതോതിൽ സ്വാധീനിക്കുകയുണ്ടായി.വ്യവസായരംഗത്ത് പ്രകടമായ മാറ്റ ത്തിന് ഇത്കാരണമായിട്ടുണ്ട്. അറിവ് ഒരുവിപണനോല്പന്നമാണെന്ന് തിരിച്ച റിഞ്ഞ ഘട്ടംകൂടിയായി ഈസാഹചര്യത്തെ മനസ്സിലാക്കാവുന്നതാണ്. വിജ്ഞാ നത്തെ വിപണിവൽകരിക്കാമെന്ന യാഥാർത്ഥ്യത്തിലേക്ക് മുതലാളിത്തം ഈഘ ട്ടത്തിൽ എത്തിച്ചേർന്നു. സാധനസാമിഗ്രികളുടെ ഉല്പാദനത്തിലും വിതരണത്തിലും വിപണനത്തിലും ഈഘട്ടത്തിൽ വലിയമാറ്റം സംഭവിച്ചു. വിപണിയുടെ ചാലകശക്തിയായി വിവരസാങ്കേതികവിദ്യയെ പരിവർത്തിപ്പിക്കുന്നതിൽ മുതലാളിത്തം ശ്രദ്ധിച്ചു. വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾ വിപണിയുടെ കേന്ദ്രസ്ഥാനത്തേക്ക് കയറിവരുന്നത് ഈഘട്ടത്തിലാണ്. തുടക്ക ത്തിൽ സമൂഹത്തിന്റെ മേലേത്തട്ടിൽമാത്രം സ്വാധീനംചെലുത്തിയ ഈ പ്രതിഭാസം താമസിയാതെ താഴേത്തട്ടുകളിലേക്കും വ്യാപിച്ചുതുടങ്ങി. പത്തുവർ ഷത്തെ ഇടവേളകൊണ്ട് സമൂഹഘടനയുടെ ഏതാണ്ടെല്ലാതലങ്ങളെയും സ്പർശി ക്കുവാനും സമൂഹഘടനയിൽ വ്യക്തമായ പരിവർത്തനം വരുത്തുവാനും ഈ പ്രവണതയ്ക്ക്കഴിഞ്ഞു. ആധുനികതയിൽനിന്ന് ഉത്തരാധുനികതയിലേക്ക് സമൂഹം പരിവർത്തനം ചെയ്യുന്നതിന്റെ ലക്ഷണങ്ങളാണ് ഈമാറ്റം പ്രകടമാക്കിയത്. സമൂഹഘടനയിൽവന്ന ഈമാറ്റം വ്യക്തിസത്തയെ ഉടച്ചുവാർക്കുന്നതിന് ശക്തി യുള്ളതായിരുന്നു .വ്യക്തിസത്തയുടെ പ്രാദേശികമായ അതിർവരമ്പുകൾ മാഞ്ഞു തുടങ്ങുകയും ആഗോളപൗരൻ എന്ന യാഥാർത്ഥ്യത്തിലേക്ക് വ്യക്തിത്വം പരി വർത്തനപ്പെടുകയും ചെയ്തു. കല, സാഹിത്യം, വിദ്യാഭ്യാസം, വാണിജ്യം, പൊതുഭരണം, വാർത്താവിനിമയം, പൊതുജനസമ്പർക്കം, ശാസ്ത്രം, വിനോദം തുട ങ്ങിയ മേഖലകളിലെല്ലാം സ്വാധീനം ചെലുത്താൻ ഈപ്രവണതയ്ക്ക് കഴിഞ്ഞിഞ്ഞു. ഈമാറ്റങ്ങൾക്കെല്ലാം ആക്കംകൂട്ടുന്നതിനും പൊതുമണ്ഡലത്തിൽ ചലനം സൃഷ്ടിക്കുന്നതിനും നവമാധ്യമങ്ങളാണ് സഹായകമായത്. വികാരവും വിചാരവും ഉയർന്നതോതിൽ വിനിമയംചെയ്യുന്നതിനും അതിന്റെവാണിജ്യ സാദ്ധ്യതകൾ പരമാവധി വർദ്ധിപ്പിക്കുന്നതിനും നവമാധ്യമങ്ങൾക്ക് കഴിഞ്ഞു.

വ്യാവസായികോല്പാദനവും വിപണനവും എന്നനിലയിൽനിന്ന് വിവരോല്പാദനവും വിപണനവും എന്നനിലയിലേക്ക് മുതലാളിത്തശക്തികളെ വളർത്തിയതിനു പിന്നിൽ നവമാധ്യമങ്ങളും നല്ലപങ്ക് വഹിച്ചിട്ടുണ്ട്.

നവമാധ്യമങ്ങളിൽ നവമായി വളരെകുറച്ച്കാര്യങ്ങൾ മാത്രമേ ഉള്ളു എന്ന് വാദിക്കുന്നവരുണ്ട്.എല്ലാമാധ്യമങ്ങളും ആരംഭത്തിൽ നവമായിരിക്കുകയും പിന്നീട് ആ പദവിനഷ്ടപ്പെടുകയും ചെയ്യുന്നു എന്നാണ് മറ്റൊരുവാദം. അച്ചടിമാധ്യമങ്ങളും റേഡിയോയും ടെലിവിഷനും ഇപ്രകാരം നവമായിരുന്നിട്ട് പിന്നീട് ആപദവി നഷ്ടപ്പെട്ടതാണെന്നാണ് നിരീക്ഷിക്കപ്പെടുന്നത്. ഡിജിറ്റൽമാധ്യമത്തെയാണ് നവമാധ്യമം എന്ന് വിളിക്കുന്നതെന്ന് വാദിച്ചാലും ചിലപ്രശ്നങ്ങൾ ഉടലെടുക്കാൻ സാദ്ധ്യതയുണ്ടെന്ന് കരുതുന്നവരുണ്ട്. നാലായിരം വർഷങ്ങൾക്ക് മുൻപ് ബാബിലോണിയക്കാർ പൂജ്യം എന്നസംഖ്യയുടെ മൂല്യംനിർണ്ണയിച്ച കാലംമുതൽ ഡിജിറ്റൽ എന്നപദത്തിന് പ്രസക്തിയുണ്ട്. പൂജ്യംഎന്ന സംഖ്യയുടെ അഭാവം കമ്പ്യൂട്ടർഎന്ന യന്ത്രത്തിന്റെ പ്രവർത്തനത്തെത്തന്നെ സ്തംഭിപ്പിക്കുമെന്ന് അവർവാദിക്കുന്നു.അതുകൊണ്ട് നവമാധ്യമത്തെ ആവഴിക്കും നിർവചിക്കാൻ നിർവാഹമില്ലെന്നു വരുന്നു.വിവരക്കൈമാറ്റത്തിന്റെ സൂപ്പർഹൈവേയായി നവമാധ്യമത്തെ വിലയിരുത്താനുള്ള ശ്രമവും ഉണ്ട്. എന്നാൽ ആവിശേഷണം ഇന്റർനെറ്റിന് മാത്രം ബാധകമാകയാൽ ആനിലയ്ക്കും നവമാധ്യമത്തെ നിർവചിക്കാനാവുന്നില്ല. ഇതെല്ലാം സൂചിപ്പിക്കുന്നത് നവമാധ്യമം എന്നത് സങ്കീർണ്ണമായ ഒരു പദമാണെന്നാണ്.അതുകൊണ്ടുതന്നെ ലളിതമായ നിർവചനത്തിൽ അതിനെ ഒതുക്കാനും കഴിയില്ല.

1980 കളിലാണ് ഡിജിറ്റൽടെക്നോളജി സാന്നിദ്ധ്യമറിയിച്ച് തുടങ്ങിയത്. ഇത് വിനിമയരംഗത്ത് പുതിയ ഉണർവിന് കാരണമായി. ഇലക്ട്രോണിക് മാധ്യമരംഗം സജീവമാവുകയും വിനിമയരംഗത്ത് പുതുമകൾ വന്നുതുടങ്ങുകയും ചെയ്തത് ഈകാലഘട്ടം മുതലാണ്. കമ്പ്യൂട്ടർഎന്ന യന്ത്രം വിനിമയരംഗത്ത് കേന്ദ്രീകരണം സാദ്ധ്യമാക്കിയതുമുതൽ നവമാധ്യമം എന്ന സംജ്ഞ അർത്ഥവത്തായി.ഇപ്പോൾ

വർത്തമാനകാല മാധ്യമരംഗത്തെ സവിശേഷമായ ചിലപ്രവണതകളെ ആകെ ത്തുകയിൽ വിളിക്കാനുപയോഗിക്കുന്ന സംജ്ഞയാണ് നവമാധ്യമം എന്നത്.

നവമാധ്യമങ്ങളിലെ വ്യവഹാരരൂപങ്ങൾ സവിശേഷമായ പഠനം അർഹിക്കുന്നു. കലാ- സാഹിത്യ പഠനങ്ങളിൽ അവ ചെലുത്തുന്ന സ്വാധീനം ഇപ്പോൾ പൊതുസമ്മതി നേടിയവയാണ്. മാധ്യമത്തിന്റെ സ്വഭാവം മാറുന്ന തിനനുസരിച്ച് സാഹിത്യവ്യവഹാരങ്ങളും മാറുന്നു. നവമാധ്യമങ്ങളുടെ സാങ്കേതി കരീതികൾ സാഹിത്യത്തിലെ രൂപസങ്കല്പത്തെയും ഘടനയെയും പ്രമേയത്തെയും സ്വാധീനിക്കുന്നുണ്ട്. (പി.കെ രാജശേഖരൻ,2015 : 40) പങ്കാളിത്തസംസ്കാര ത്തിന്റെ വ്യാപനത്തിലൂടെ ജനാധിപത്യസമ്പ്രദായങ്ങൾക്ക് പുതുരൂപവും ഭാവവും നൽകുവാൻ നവമാധ്യമങ്ങൾക്ക് കഴിയും എന്ന പ്രതീക്ഷ നിലനിൽക്കുന്നു. (സെബാസ്റ്റ്യൻപോൾ,2015:20)

## 1.6.1.നവമാധ്യമത്തിന്റെ പ്രത്യേകതകൾ

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തെ മാധ്യമവികാസത്തിന്റെ നിർണ്ണായ കമായ ഒരു ഘട്ടമായാണ് വിലയിരുത്തപ്പെടുന്നത്. നവമാധ്യമങ്ങൾ ഉദയം ചെയ്തത് ഈ ഘട്ടത്തിലാണ്. കമ്പ്യൂട്ടർ ടെക്നോളജിയുടെ സഹായത്തോടെ, വിവിധതരം ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെ ഉള്ളടക്കം വിനിമയംചെയ്യുന്ന രീതിക്ക് ഈ ഘട്ടത്തിൽ തുടക്കം കുറിച്ചു. നിലവിലുള്ള മാധ്യമസംവിധാനത്തിന്റെ മുഴുവൻ സാദ്ധ്യതകളും ഒരു മാധ്യമത്തിൽ കേന്ദ്രീകരിക്കുന്നതാണ് ഇന്നത്തെ അനുഭവം. ആഗോളതലത്തിൽ ചലനങ്ങൾ സൃഷ്ടിച്ച ഈ മാധ്യമരംഗം ഇതര മാധ്യമങ്ങളെ അപേക്ഷിച്ച് പല പ്രത്യേകതകളും ഉൾക്കൊള്ളുന്നുണ്ട്.

## 1.6.1.1.ആശയവിനിമയത്തിനുള്ള ആകർഷക മാധ്യമം

മനുഷ്യവികാസത്തിന്റെ ചരിത്രഘട്ടങ്ങളിൽ ആശയവിനിമയത്തിന് പല കാലങ്ങളിലായി പലതരം മാധ്യമങ്ങൾ മനുഷ്യൻ പ്രയോജനപ്പെടുത്തിയതായി കാണാം. ആശയവിനിമയം ആകർഷകമാക്കാനുള്ള ശ്രമവും അതോടൊപ്പം നടത്തിപ്പോന്നിട്ടുണ്ട്. ആധുനികകാലത്ത് വ്യവസായവൽകരണവും അതിന്റെ ഭാഗമായ യന്ത്രവൽകരണവും വിനിമയമേഖലയിൽ കാര്യമായ പുരോഗതി കൊണ്ടുവന്നു. അച്ചടിയുടെ കണ്ടുപിടിത്തം ബഹുജനവിനിമയത്തിന്റെ ശക്തി വർദ്ധിപ്പിച്ചു. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളുടെ കടന്നുവരവോടെ ഈ രംഗത്ത് പിന്നെയും പരിവർത്തനങ്ങൾ ഉണ്ടായി. എന്നാൽ വിനിമയം ഏറ്റവും ആകർഷകമായിത്തീർന്നത് നവമാധ്യമങ്ങളുടെ കടന്നുവരവോടെയാണ്. കമ്പ്യൂട്ടർ എന്ന യന്ത്രത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താനായതാണ് ഇതിനു കാരണം. ഇന്റർനെറ്റിന്റെ ആവിർഭവം വിനിമയത്തിൽ വിപുലമായ സാദ്ധ്യതകൾ തുറന്നു തന്നു. കമ്പ്യൂട്ടറുകളെ ഇന്റർനെറ്റുമായി ബന്ധിപ്പിക്കുന്ന ആഗോളശൃംഖല രൂപപ്പെട്ടു. ഉപയോക്താവിന് ഏറെ സ്വീകാര്യമായ വിധത്തിൽ ഉള്ളടക്കം വിനിമയം ചെയ്യുന്നതിനാവശ്യമായ സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചെടുത്തു. ആകെത്തുകയിൽ ഇതെല്ലാം മാധ്യമത്തെ ആകർഷകമാക്കി. മറ്റു മാധ്യമങ്ങൾക്കില്ലാത്ത സ്വീകാര്യത നവമാധ്യമങ്ങൾക്ക് കിട്ടുന്നതിന് ഇത് കാരണമായി.

## 1.6.1.2.ബഹുപാഠപരത (Hypertextuality)

നവമാധ്യമങ്ങളുടെ മറ്റൊരു പ്രധാന പ്രത്യേകതയാണ് ബഹുപാഠപരത (Hypertext).1960 ൽ ടെഡ് നെൽസനാണ്(Ted Nelson) ഈ പദം ആദ്യമായി ഉപയോഗിച്ചത്. (https://en.wikipedia.org).ഒരു വിഷയത്തിന്റെ അനുബന്ധ വിഷയങ്ങൾ, ശബ്ദങ്ങൾ, ചലനങ്ങൾ എന്നിവ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന കമ്പ്യൂട്ടർ സംവിധാനമാണ് ബഹുപാഠപരത.( കെ.രവീന്ദ്രൻ, ബി.ഇക്ബാൽ

,2006 :30) നവമാധ്യമങ്ങളിൽ ഇത്തരം നിരവധി ബന്ധപാഠങ്ങൾ കാണാം. പാഠത്തിന്റെ വിവിധരൂപങ്ങൾ (എഴുത്ത്, ചിത്രം, ശബ്ദം, ചലനചിത്രം, ഗ്രാഫിക്കൽ നിർമ്മിതികൾ) ഇപ്രകാരം നൽകാനാവുന്നു. ഹൈപ്പർ ടെക്സ്റ്റിന് തിരമൊഴി എന്ന മലയാള പദം യോജിക്കുമെന്ന് പി.പി.രാമചന്ദ്രൻ അഭിപ്രായപ്പെടുന്നു. (2009 :28, ) ഇന്റർനെറ്റിൽ ലഭ്യമാകുന്ന പാഠങ്ങൾക്ക് ഏതു പാഠത്തിലേക്കും കണ്ണികൾ നൽകുവാൻ കഴിയും. ഇത് ഉപയോക്താവിന് നൂതനമായ അനുഭവമായി മാറുന്നു. വായനയിൽ പൊതുവായനയ്ക്കിടയിൽ ചിതറിക്കിടക്കുന്ന പാഠങ്ങളെ വായനക്കാരൻ ഒന്നിപ്പിച്ച് ഒരുപാഠം സൃഷ്ടിക്കുന്നു. ബഹുപാഠപരതയുടെ ഒരുമേന്മയായി ഇത് വിലയിരുത്തപ്പെടുന്നു. (സി.എസ്.വെങ്കിടേശ്വരൻ , 2018 : 120) നവമാധ്യമങ്ങളുടെ ജനപ്രീതിക്ക് ഇത് ഒരു പ്രധാന കാരണമാണ്. സാഹിത്യരചനകൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സൈബർരചനകളിൽ പാഠത്തെ കേളീസ്വഭാവത്തിൽ വിന്യസിക്കുന്നതുകാണാം. പരസ്പരം ബന്ധിപ്പിച്ചിട്ടുള്ള പാഠങ്ങൾ വായനയുടെ രേഖീയസ്വഭാവത്തെ മാറ്റിമറിക്കുന്നു. എഴുത്തിലും വായനയിലും പുതിയ അനുഭവമായി ഇത് മാറുന്നു.ബഹുപാഠപരത ബഹുസ്വരമാണ്. അത് എഴുത്തിലെയും വായനയിലെയും ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു.

## 1.6.1.3.ബഹുമാധ്യമപരത (Multimediality)

നവമാധ്യമങ്ങളുടെ മറ്റൊരു സവിശേഷതയാണ് ബഹുമാധ്യമപരത (Multimediality). മാധ്യമ ഉള്ളടക്കത്തിന്റെ ഏതു രൂപത്തെയും ഉൾക്കൊള്ളുവാൻ നവമാധ്യമം പര്യാപ്തമാണ്. അച്ചടിമാധ്യമത്തിൽ എഴുത്തും ചിത്രവും , ശ്രാവ്യമാധ്യമത്തിൽ ശബ്ദവും ,ദൃശ്യമാധ്യമത്തിൽ ചലനചിത്രങ്ങളും മുഖ്യവിനിമയോപാധിയായി സ്വീകരിക്കുന്നു. എന്നാൽ നവമാധ്യമങ്ങളിൽ ഈ ഉള്ളടക്കരൂപങ്ങൾക്കെല്ലാംസ്ഥാനമുണ്ട്. ശബ്ദവും ചിത്രവും ചലനചിത്രവും ഒരിടത്ത് സമന്വയിപ്പിക്കാനായത് വിനിമയത്തെ കൂടുതൽ ആകർഷകമാക്കി. നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വ്യവഹാരരൂപങ്ങളോട് ഉപയോക്താവ് കാട്ടുന്ന പ്രതികരണം

ആവേശകരമാണ്. അതിന്റെ പ്രധാനകാരണം അവ ഉൾക്കൊള്ളുന്ന ബഹുമാധ്യമ പരത എന്ന ഗുണമാണ്.

### 1.6.1.4.സൈബർ സ്പെയ്സ് (Cyberspace)

നവമാധ്യമങ്ങളിലെ സ്ഥലം പ്രധാനപ്പെട്ട ഒരു ഘടകമാണ്. സൈബർ സ്പെയ്സിലാണ് നവമാധ്യമവിനിമയം സാദ്ധ്യമാകുന്നത്. സൈബർ സ്പെയ്സ് എന്ന പദം സാങ്കല്പിക സ്ഥലത്തെക്കുറിച്ചുള്ള മെറ്റഫറാണ്. കമ്പ്യൂട്ടർ സ്ക്രീനിൽ മാത്രം ദൃശ്യമാകുന്ന ഈ സ്ഥലം മായികമാണ്.അയഥാർത്ഥമായ ഒരു സ്ഥല ത്തിന്റെ പ്രത്യക്ഷീകരണത്തെയാണ് സൈബർ സ്പെയ്സ് എന്നതുകൊണ്ട് വിവ ക്ഷിക്കുന്നത്. വില്യം ഗിബ്സൺ എഴുതിയ 'ബേണിംഗ് ക്രോം' എന്ന കഥയി ലാണ് സൈബർ എന്ന പദം ആദ്യമായി ഉപയോഗിച്ചുകാണുന്നത്. (വി.കെ. ആദർശ് , 2011: 32) 1984-ൽ വില്യം ഗിബ്സൺ എഴുതിയ സൈബർ പങ്ക് (cyber punk) നോവലായ 'ന്യൂറോമാൻസറി'ൽ (Neuromancer) ഈ ആശയം കൂടുതൽ വിപുലീകരണം നേടുന്നു.ഗിബ്സൺ ഈ വാക്കുകൊണ്ട് വിവക്ഷിച്ചത് ഇന്റർനെറ്റിലൂടെ സാധ്യമാകുന്ന ഒരു സാങ്കല്പിക വിവരസ്ഥലത്തെ (Imaginary Data Space)യാണ്.താൻ വിഭാവനചെയ്ത ആ ആശയം സ്വന്തം വിധിനിർ ണ്ണയിച്ചതു കണ്ടിട്ട് ഗിബ്സൺ അതിശയം കൂറുന്നത് 1991-ൽ അദ്ദേഹം എഴുതിയ 'Academy Leader'എന്ന പ്രബന്ധത്തിൽ കാണാം.ദിനംപ്രതി ദശലക്ഷം ആളുകൾ കമ്പ്യൂട്ടർസ്ക്രീനിൽ അനുഭവിക്കുന്ന മായികാനുഭവത്തിന്റെ ലോകത്തെ യാണ് സൈബർ സ്പെയ്സ് എന്നതുകൊണ്ട് വില്യം ഗിബ്സൺ വിവക്ഷി ച്ചത്.സ്ഥലത്തെയും സമയത്തെയും കുറിച്ചുള്ള സങ്കൽപ്പങ്ങളെ തകിടം മറിക്കുന്ന,കമ്പ്യൂട്ടർ സ്ക്രീനിന്റെ നാലതിരുകൾക്കുള്ളിൽ രൂപപ്പെടുന്ന യുക്തിഭദ്രമായ ഈ മായികത ഗിബ്സന്റെ ഭാവനയെയും അതിലംഘിച്ച് മുന്നേറുന്നതാണ് വർത്ത മാനകാല അനുഭവം. നാം എവിടെനിൽക്കുന്നു എന്നോ ചുറ്റും നിൽക്കുന്നവർ ആരെന്നോ ആശങ്കപ്പെടേണ്ടാത്ത ഒരു ലോകമായി സൈബർസ്ഥലം തിരിച്ച റിയപ്പെടുന്നു.( ZygmuntBauman, 2003: 60)

ഇന്റർനെറ്റിൽ യാഥാർത്ഥ്യമാകുന്ന ഒരു സവിശേഷ സ്ഥലരാശിയെയാണ് ഇപ്പോൾ ഈ പദം കുറിക്കുന്നത്. ലോകത്തിലെ കമ്പ്യൂട്ടറുകളും വിനിമയ സംവിധാനങ്ങളും ചേർന്ന് സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഒരു പുതിയ ലോകം - സമാന്തര ലോകമാണത്. ഇതൊരു സാങ്കേതിക സ്ഥലമാണ്. യാഥാർത്ഥ്യത്തിനു പകരം നിൽക്കുന്ന പ്രതീതിസ്ഥലമാണത്. (പി.കെ രാജശേഖരൻ., 2006 : 172) നവമാധ്യമങ്ങൾ ഈ പ്രതീതിസ്ഥലത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു. എഴുത്തിലും വായനയിലും പുതിയ ഭാവുകത്വനിർമ്മിതിക്ക് ശക്തിയുള്ള സ്ഥലമായി ഇത് തിരിച്ചറിയപ്പെടുന്നു.

സ്ഥലവും സമയവും സൈബർ സ്പെയ്സിനെ സംബന്ധിച്ചിടത്തോളം സമൂഹനിർമ്മിതിയാണ്.പരസ്പര പ്രവർത്തനത്തിന്റെ സാന്നിദ്ധ്യത്തെയും അഭാവത്തെയും ആശ്രയിച്ചാണ് സ്ഥലത്തിന്റെയും സമയത്തിന്റെയും നിലനിൽപ്പ്. ഇവിടെ സ്ഥലം ഒരു വസ്തുവല്ല; സംസ്കാരവുമായി ബന്ധപ്പെട്ട് ഒരുക്കാണ്. അത് അനുഭവപരമായ നിർമ്മിതിയാണ്.

ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ വികാസം സ്ഥലത്തെയും സമയത്തെയും അപ്രസക്തമാക്കി. സ്ഥലത്തെക്കുറിച്ച് യാതൊരു ബോധവുമില്ലാതെ, അതിരുകളില്ലാത്ത ഒരു ഗ്ലോബൽ വില്ലേജിൽ താമസിക്കുന്നവരായി നമ്മെ മാറ്റാൻ ഇലക്ട്രോണിക് സാങ്കേതികവിദ്യക്ക് കഴിയുന്നു. CMC (computer maintained community) യുടെ വ്യാപനം സ്ഥലസങ്കല്പത്തെ പുനഃപരിശോധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

## 1.6.1.5.പ്രതീതി യാഥാർത്ഥ്യം (Vertual Reality )

നവമാധ്യമങ്ങളുടെ പ്രവർത്തനമണ്ഡലം പ്രതീതിയാഥാർത്ഥ്യത്തിനകത്താണ്. യാഥാർത്ഥ്യത്തിനപ്പുറത്തുള്ള മറ്റൊരു യാഥാർത്ഥ്യമാണത്. പ്രതീതിയാഥാർത്ഥ്യത്തെക്കുറിച്ച് പി.കെ.രാജശേഖരൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

'കമ്പ്യൂട്ടറിനാൽ പ്രതീതമാക്കപ്പെടുന്ന അന്തരീക്ഷം. മിക്ക പ്രതീതി യാഥാർത്ഥ്യാന്തരീക്ഷങ്ങളും ദൃശ്യാനുഭവങ്ങളായിരിക്കും. കമ്പ്യൂട്ടർ സ്ക്രീനിലോ , സ്റ്റീരിയോസ്കോപ്പിക് പ്രദർശനങ്ങൾ വഴിയോ ആണ് ആ ദൃശ്യങ്ങൾ സൃഷ്ടിക്കുന്നത്. വേറെയും സാങ്കേതികവിദ്യകളുണ്ട്. പ്രതീതാന്തരീക്ഷവുമായി കീബോർഡോ, മൗസോ ഉപയോഗിച്ച് ഉപയോക്താവിനു ബന്ധപ്പെടാം. മറ്റുപകരണങ്ങളുമുണ്ട്. ഡാമിയൻ ബ്രോഡെറിക് (Damien Broderick ) തന്റെ 'ദ ജൂഡാസ് മണ്ഡല' (The Judas Mandala ) എന്ന നോവലിലാണ് ഈ പദം ആദ്യമായി പ്രയോഗിച്ചത്'(2006 ; 172)

നവമാധ്യമവും അതിന്റെ ഉല്പന്നമായ സൈബർ വ്യവഹാരവും സംഭാവന ചെയ്യുന്ന യാഥാർത്ഥ്യത്തിന്റെ ലോകം എന്താവണം? പ്രതീതിയാഥാർത്ഥ്യം (Virtual Reality) എന്നപദം സംഗതമാകുന്നതവിടെയാണ്.സൈബർ വ്യവഹാരത്തിന്റെ ലോകം അപരയാഥാർത്ഥ്യത്തിന്റെ ലോകമാണ്. യാഥാർത്ഥ്യത്തിന്റെ മറ്റൊരു പതിപ്പാണത്. ഇതൊരു സവിശേഷ അനുഭവമാണ്.സൈബർ സ്പെയ്സിനുമാത്രം നൽകാനാവുന്ന യാഥാർത്ഥ്യത്തെയാണ് പ്രതീതിയാഥാർത്ഥ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്ക്രീനിൽപ്രത്യക്ഷപ്പെടുന്ന എഴുത്തുകളും മനുഷ്യരും യാഥാർത്ഥ്യമല്ല. യാഥാർത്ഥ്യത്തിന്റെ പകർപ്പാണ്. വെർച്വൽ താളുകളിലെ എഴുത്തുകളെ അച്ചടിത്താളിലെ കുറിപ്പുമായി താരതമ്യം ചെയ്യാനാവില്ല.സൈബർ വ്യവഹാരത്തിലെ താളുകൾ സ്പർശിച്ചറിയാനാവില്ല. മാത്രമല്ല അനന്തമായ താളുകളുടെ തുടർച്ച യാണത്. പാഠവും (text) ബന്ധപാഠവു (hyper text)മായി അതു നീളുന്നു.ദേശം, കാലം,ലിംഗം,വർഗം,ശരീരം തുടങ്ങിയ പരിഗണനകളൊന്നും കൂടാതെ ഏതൊരാൾക്കും കടന്നു ചെല്ലാവുന്ന ഇടമാണത്. സൈബർ വ്യവഹാരത്തിന്റെ അതിശക്തമായ ഇടപെടൽ (Interaction)ക്ഷമത ആവ്യവഹാരത്തെ സജീവമാക്കുന്നു.ബ്ലോഗിലും സോഷ്യൽ നെറ്റുവർക്കിലും ചാറ്റ് റൂമിലുമായി നിർവഹിക്കപ്പെടുന്ന വ്യവഹാരത്തിന്റെ ലോകം പ്രതീതിയാഥാർത്ഥ്യത്തിന്റേതാണ്.അത് യാഥാർത്ഥ്യമല്ല;യാഥാർത്ഥ്യത്തെക്കുറിച്ചുള്ള സങ്കല്പം (Imaginings of reality)ആണ്.നവമാധ്യമവും അതുവഴിയുള്ള വിനിമയവും

ഉപയോക്താവിന് യാഥാർത്ഥ്യവുമായുള്ള ബന്ധത്തെ വിഛേദിച്ചുകളയുന്നു. അതിനുപകരം വിർച്വൽ റിയാലിറ്റി നിർമ്മിച്ചു നൽകുന്നു. സൈബർസ്പെയ്സിൽ നാം ചാറ്റ് ചെയ്യുന്നു, തർക്കിക്കുന്നു, ബുദ്ധിപരമായ സംവാദത്തിൽ ഏർപ്പെടുന്നു, വിവരങ്ങൾ കൈമാറുന്നു, അറിവ് പങ്കുവയ്ക്കുന്നു, വൈകാരികമായ പിന്തുണ നൽകുന്നു, പദ്ധതികൾ ആസൂത്രണം ചെയ്യുന്നു, കച്ചവടം നടത്തുന്നു, ഗോസിപ്പുകൾ ഉണ്ടാക്കുന്നു, പ്രണയിക്കുന്നു, സുഹൃത്തുക്കളെ കണ്ടെത്തുകയും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു, ഗയിം കളിക്കുന്നു, കലാപരമായ പ്രവർത്തനത്തിൽ ഏർപ്പെടുന്നു. ശരീരത്തെ പിന്നിലാക്കിക്കൊണ്ട് ഒരു കമ്പ്യൂട്ടറിന്റെ സ്ക്രീനിലാണ് ഇതെല്ലാം സാദ്ധ്യമാക്കുന്നത്. ഇതൊരു സവിശേഷ ഇടമാണെന്ന് വ്യക്തമാകുന്നു. സൈബറിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യരചനകൾ മാധ്യമത്തിന്റെ സ്വഭാവത്തെ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. സാഹിത്യരചനകളുടെ പാഠത്തിൽ മാറ്റം കൊണ്ടുവരാൻ നവമാധ്യമങ്ങൾക്കായിട്ടുണ്ട്.

### 1.6.1.6.സൂക്ഷ്മരാഷ്ട്രീയത്തിന്റെ പ്രവൃത്തിമണ്ഡലം

ഉത്തരാധുനികസമൂഹം സ്ഥൂലരാഷ്ട്രീയത്തിൽനിന്ന് സൂക്ഷ്മരാഷ്ട്രീയത്തിലേക്ക് നീങ്ങിയിട്ടുണ്ട്. പ്രാദേശീയവും പ്രശ്നാധിഷ്ഠിതവും സമയബന്ധിതവുമായി സൂക്ഷ്മരാഷ്ട്രീയം കൈകാര്യം ചെയ്യാൻ ഫൂക്കോ ആവശ്യപ്പെടുന്നുണ്ട്. നവമാധ്യമങ്ങൾ ഇത് ഫലപ്രദമായി കൈകാര്യം ചെയ്യുന്നു. പ്രാദേശിക സംഘങ്ങൾ നയിക്കുന്ന സമരങ്ങളും ആശയപ്രചാരണവും നവമാധ്യമങ്ങളിൽ സാധാരണമായിട്ടുണ്ട്. ദളിത്, സ്ത്രീ, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങൾ കൈകാരം ചെയ്യുന്ന സമൂഹങ്ങൾ നവമാധ്യമങ്ങളിൽ സജീവമാണ്. ദറിദയുടെ ഇന്റർനാഷണലിനെക്കുറിച്ചുള്ള സങ്കല്പവും ഇതുമായി ഒത്തുപോകുന്നതായി കാണാം. സോഷ്യൽ നെറ്റവർക്ക് സൈറ്റുകൾ ഈ ധർമ്മം നിർവഹിക്കുന്നതായി ഐജാസ് അഹമ്മദ് രേഖപ്പെടുത്തുന്നു. അദ്ദേഹം എഴുതുന്നു:

'പുതിയ ഇന്റർനാഷണലിനെ സംബന്ധിച്ച ദറിദയുടെ സങ്കല്പത്തിനു സമാന മായ സവിശേഷരൂപം വേൾഡ് സോഷ്യൽഫോറം തന്നെയായിരി

ക്കണം. എല്ലാ നെറ്റവർക്കുകളുടെയും ഒരു നെറ്റവർക്ക്,സ്വന്തമായി രാഷ്ട്രീയ പരിപാടിയില്ലാത്ത രാഷ്ട്രീയത്തിന്റെ ഉൽസവം' ( 42 ; 2014)

## 1.6.1.7.ശൃംഖലാ സമൂഹം (Network Community)

ആധുനികാനന്തരസമൂഹം ശൃംഖലാസമൂഹമായി മാറിയതായി മനുവൽ കാസ്റ്റൽസ് പറയുന്നു.( 1996;97&98). മുൻപ് ഇല്ലാതിരുന്ന ഒരു സമൂഹമാണ് നവമാധ്യമങ്ങളുടെ വരവോടെ യാഥാർത്ഥ്യമായത്. പ്രതീതിയാഥാർത്ഥ്യത്തിന്റെ മേഖലയിൽ പുതിയ കൂട്ടായ്മകൾ രൂപംകൊള്ളുന്നതാണ് ആധുനികാനന്തര കാലത്തെ സവിശേഷമായ അനുഭവം. ഇന്റർനെറ്റുവഴി പരസ്പരം ബന്ധപ്പെടുന്ന സമൂഹങ്ങൾ സൈബറിടത്തിൽ നിലനിൽക്കുന്നുണ്ട്. മറ്റ് സമൂഹങ്ങളെപ്പോലെ അവ ശക്തമാണ്. ഇത് കേവലം വിനിമയത്തിന്റെ മാത്രം വിഷയമല്ല.ആഗോളതലത്തിൽ ആശയങ്ങൾ രൂപീകരിക്കുകയും പ്രചരിപ്പിക്കുകയും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന സമൂഹമായി അത് വളർന്നിട്ടുണ്ട്. മാത്രമല്ല ആഗോള സമ്പദ്വ്യവസ്ഥയെ താങ്ങി നിർത്തുന്ന ഉണായും അനേകം സാംസ്കാരിക പ്രതിഭാസങ്ങളുടെ ചാലകശക്തിയായും ഈ സമൂഹങ്ങൾ മാറുന്നു. സാഹിത്യ രംഗത്ത് ഈ സമൂഹങ്ങൾ പുത്തൻ ഉണർവുണ്ടാക്കിയിട്ടുണ്ട്. എഴുത്തിന്റെയും പ്രസാദനത്തിന്റെയും ആസ്വാദനത്തിന്റെയും മേഖലകളിൽ പുതിയ പ്രവണതകൾ കടന്നുവരാൻ ഇത് കാരണമായിട്ടുണ്ട്.

## 1.6.1.8.വിവരങ്ങളുടെ തൽസമയത്വം

മാധ്യമങ്ങളുടെ ശേഷിയെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളിലൊന്നാണ് വിവരലഭ്യത. അച്ചടിമാധ്യമം നേരിടുന്ന വലിയ പരിമിതികളിലൊന്ന് തൽസമയം വിവരങ്ങൾ എത്തിക്കാൻ കഴിയാത്തതാണ്. പുതിയ വിവരങ്ങൾ ലഭിച്ചാലും അവ നിശ്ചിതസമയത്ത് മാത്രമേ വായനക്കാരന് നൽകാനാവൂ. എന്നാൽ ദൃശ്യമാധ്യമങ്ങൾക്ക് ഈ പരിമിതിയെ മറികടക്കാനാവുന്നു. അതുകൊണ്ടാണ് വിവരാന്വേഷകർ പെട്ടെന്ന് ദൃശ്യമാധ്യമങ്ങളിലേക്ക് പോകുന്നത്. എന്നാൽ പ്രേക്ഷകൻ ആഗ്രഹിക്കുന്ന വിവരങ്ങൾ ആഗ്രഹിക്കുന്ന സമയത്ത്

നൽകുവാൻ ദൃശ്യമാധ്യമങ്ങൾക്കും കഴിയുന്നില്ല. ഈ പോരായ്മകൾ ഒന്നോടെ മറികടക്കാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നു. ഇപ്പോൾ അച്ചടി മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും നവമാധ്യമങ്ങളിലേക്ക് ചേക്കേറിയിട്ടുണ്ട്. നവമാധ്യമങ്ങൾക്ക് കിട്ടുന്ന സ്വീകാര്യതയാണ് അതിനു കാരണം. മാധ്യമം എന്ന നിലയിൽ നവമാധ്യമം കൈവരിച്ച മേൽക്കൈയ്ക്ക് ഇത് തെളിവാണ്. നവമാധ്യമങ്ങൾക്ക് അതിസമ്പന്നമായ സൂക്ഷിപ്പുപുരകൾ (archive) ഉണ്ട്. ഉപയോക്താവിന് വിവരങ്ങൾ ആവശ്യമുള്ളപ്പോൾ തേടിപ്പിടിക്കുന്നതിനു ബുദ്ധിമുട്ടില്ല. മറ്റുമാധ്യമങ്ങളിൽ പ്രകാശിപ്പിക്കപ്പെടുന്ന വിവരങ്ങൾ പോലും നവമാധ്യമങ്ങൾ വഴി കണ്ടെത്തുന്നതിനു കഴിയുന്നു. സാഹിത്യരചനകളുടെ പ്രസാധനത്തിലും വായനയിലും വലിയ ഉണർവുണ്ടാക്കാൻ ഇത് സഹായകമായിട്ടുണ്ട്.

### 1.6.1.9.വിവരലഭ്യതയുടെ വേഗം

മനുഷ്യന്റെ ദൈനംദിനജീവിതം സ്ഥലം എന്ന മാനവുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. എന്നാൽ മാധ്യമരംഗത്തുണ്ടായ വളർച്ച സ്ഥലം എന്ന മാനത്തിൽ വലിയ മാറ്റം കൊണ്ടുവന്നിട്ടുണ്ട്.ദേശത്തിന്റെ അതിരുകളെ മുറിച്ചുകടന്നുകൊണ്ടാണ് മാധ്യമങ്ങൾ വിനിമയം സാദ്ധ്യമാക്കുന്നത്. ദൃശ്യമാധ്യമങ്ങളുടെ വരവോടെ സ്ഥലപരമായ അതിർത്തികൾ അപ്രസക്തമായതായി മാർഷൽ മക് ലൂഹൻ നിരീക്ഷിച്ചിട്ടുണ്ട്.മക് ലൂഹന്റെ പ്രതീക്ഷകളെ കൂടുതൽ വികസ്വരമാക്കാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.ഇന്റർനെറ്റ് എന്ന ബൃഹദ്പാതയിലൂടെ വിവരങ്ങൾ കുതിച്ചെത്തുന്ന നവമാധ്യമ കാലത്ത് സാഹിത്യരചനയിലും ആസ്വാദനത്തിലും പരിണാമംസംഭവിക്കുക സ്വാഭാവികമാണ്.സമയത്തെ സന്ദേശത്തിന്റെ വേഗതകൊണ്ട് ചുരുക്കുകയും ആശയത്തെ വൈവിദ്ധ്യമുള്ള ആഖ്യാന രീതികൊണ്ട് വിപുലപ്പെടുത്തുകയും ആഗോളാടിസ്ഥാനത്തിൽ എത്തിക്കുകയും ചെയ്യാൻ നവമാധ്യമങ്ങൾക്ക് കഴിയും.( ജോസ്. കെ.മാനുവൽ ,2014: 40) വിവരങ്ങൾ പ്രധാന ഉല്പന്നമായിമാറി എന്നതാണ് ആധുനികാനന്തര സമൂഹത്തിന്റെ ഒരു മുഖ്യസ്വഭാവം. മാധ്യമരംഗത്ത് കാര്യമായ ചലനം ഉണ്ടാക്കാൻ ഈ

അവസ്ഥയ്ക്ക് കഴിയുന്നു. ഏറ്റവും ആദ്യം വിവരങ്ങൾ നൽകുന്ന മാധ്യമം ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നു. ഈ പ്രത്യേകത നവമാധ്യമങ്ങളെ ആധുനികാനന്തര കാലവുമായി ബന്ധിപ്പിച്ചു നിർത്തുന്നു.

## 1.6.1.10.വിവരങ്ങളുടെ ഡിജിറ്റൽവൽകരണം

നവമാധ്യമത്തിന്റെ കടന്നുവരവ് മാധ്യമരംഗത്തുണ്ടാക്കിയ പരിവർത്തനങ്ങളിൽ പ്രധാനമയ ഒന്നാണ് ഡിജിറ്റൽവൽകരണം. വിവരങ്ങളുടെ ശേഖരണം, കൈമാറ്റം എന്നിവയിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരാൻ ഈ സമ്പ്രദായത്തിന് കഴിഞ്ഞിട്ടുണ്ട്.അനേകകാലം കേടുകൂടാതെ വിവരങ്ങൾ സൂക്ഷിക്കുന്നതിനും ആവശ്യമുള്ള സമയത്ത് വളരെ വേഗത്തിൽ അത് കൈമാറ്റം ചെയ്യുന്നതിനും ഈ മാർഗ്ഗം സഹായകമാകുന്നു. മറ്റേത് മാധ്യമത്തിനും നൽകാൻ കഴിയുന്നതിനേക്കാൾ ആകർഷകമായ രീതിയിൽ നവമാധ്യമത്തിൽ ഇത് സാദ്ധ്യമാക്കുന്നതിനും കഴിയും. വിക്കിപീഡിയപോലുള്ള ഓൺലൈൻ വിജ്ഞാനകോശങ്ങൾ ഇതിന് ഉദാഹരണമാണ്. മലയാളം വിക്കിപീഡിയയിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച ലേഖനങ്ങൾക്ക് പുറമേ മലയാളത്തിലെ പഴയ ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ പതിപ്പുകളും ലഭ്യമാണ്. മലയാളത്തിലെശ്രദ്ധേയമായ ആദ്യനോവലായ 'ഇന്ദുലേഖ' മലയാളം വിക്കിപീഡിയയിൽ ലഭ്യമാണ്. പ്രാചീന-മധ്യകാല മലയാളസാഹിത്യത്തിൽപ്പെടുന്ന നിരവധി കൃതികൾ വിക്കിഗ്രന്ഥശാലയിലുണ്ട്. കുമാരനാശാന്റെയും ചങ്ങമ്പുഴയുടെയും കൃതികൾ ഇപ്രകാരം ലഭ്യമാണ്. കൂടാതെ മലയാളത്തിലെ നിരവധി വെബ്സൈറ്റുകളിൽ മലയാളസാഹിത്യവുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ ഡിജിറ്റലായി സൂക്ഷിച്ചിട്ടുണ്ട്. ഇത് വലിയ സാദ്ധ്യതയാണ് തുറന്നുവയ്ക്കുന്നത്.

## 1.6.1.11. കേന്ദ്രീകരണമില്ലാത്ത പാഠം

ഇതര മാധ്യമങ്ങളിൽ കാണുന്ന ഒരു പ്രത്യേകത പാഠത്തിന്റെ കേന്ദ്രീകരണമാണ്. ബഹുജന മാധ്യമത്തിന്റെ പൊതുസ്വഭാവം അതാണ്. ഒരു വ്യക്തി

അഥവാ ഒരു കേന്ദ്രം പ്രേഷണം ചെയ്യുന്ന വിവരങ്ങളാണ് അനേകം ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചേരുന്നത്. പാഠത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ഉണ്ടാവുകയില്ല. ഒരു കർത്താവ് (മറഞ്ഞിരിക്കുന്ന ഒരു കർത്താവ്) ഉള്ളടക്കത്തിന്റെ ആധികാരികകേന്ദ്രമായി നിലകൊള്ളുന്നു. നവമാധ്യമം ഈ സ്വഭാവത്തെ മാറ്റിമറിക്കുന്നു. പാഠത്തിന്റെ ഏകത്വം, സമഗ്രത എന്നീ ആശയങ്ങളെ നവമാധ്യമങ്ങൾ തകർക്കുന്നു. യജമാനനായ ഒരു കർത്താവ് എന്ന സങ്കല്പം നവമാധ്യമത്തിൽ അപ്രസക്തമാവുന്നു.( സി.എസ്.വെങ്കിടേശ്വരൻ,2008:120)

## 1.6.1.12.വിലയിരുത്തലിന് അവസരം

സാമൂഹിക വ്യവഹാരത്തിൽ ഏർപ്പെടുന്ന മനുഷ്യന് തന്റെ ആശയങ്ങളും നിലപാടുകളും വിലയിരുത്തലിന് വിധേയമാക്കാൻ താല്പര്യമുണ്ടാവുക സ്വാഭാവികമാണ്. പരമ്പരാഗത മാധ്യമങ്ങളിൽ ഇതിനുള്ള അവസരം വളരെ വിരളമാണ്. മാധ്യമത്തിന്റെ സ്വഭാവം, പ്രവർത്തനരീതി, സമയഘടന, വായനക്കാരനോടുള്ള സമീപനം എന്നിവയാൽ നിയന്ത്രിതമായി മാത്രമേ ഇക്കാര്യം സാദ്ധ്യമാവുകയുള്ളൂ.എന്നാൽ ഈ പരിമിതികളെയെല്ലാം ഒന്നോടെ മറികടക്കാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നു. സ്വതന്ത്രമായ വിലയിരുത്തലിന്റെ തുറന്ന ലോകമാണ് ഇക്കാര്യത്തിൽ നവമാധ്യമങ്ങൾ വാഗ്ദാനം ചെയ്യുന്നത്. സാഹിത്യാസ്വാദനത്തിൽ ഒരു പുത്തൻ അനുഭവമാണിത്. നവമാധ്യമത്തിൽ എഴുത്തുകാർ ഏകാധിപതികളല്ല. തുറന്ന വിമർശനങ്ങൾക്കും വിലയിരുത്തലുകൾക്കും തങ്ങളുടെ രചനകളെ വിധേയമാക്കുന്നതിന് അവർ സന്നദ്ധരാണ്. എഴുത്തിലും വായനയിലും നിരന്തരപരിഷ്കാരത്തിനും പരിവർത്തനത്തിനും ഇത് വഴിയൊരുക്കുന്നു.

## 1.6.1.13. മാധ്യമ സല്ലയനം (Media Convergence)

മാധ്യമസല്ലയനമാണ് നവമാധ്യമങ്ങളുടെ മറ്റൊരു സവിശേഷത.വിവിധ മാധ്യമങ്ങൾ ഒരു പ്ലാറ്റ്ഫോമിൽ ഒന്നിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ഇത് ആഗോളവൽകരണത്തിന്റെ സ്വഭാവമായും വിലയിരുത്തപ്പെടുന്നു.(Maya Ramganathan,2010:299) നവമാധ്യമം എല്ലാമാധ്യമങ്ങളുടെയും സ്വഭാവം സ്വാംശീകരിക്കുന്നു. അച്ചടിമാധ്യമത്തിന് ചലനരഹിതമായ പാഠങ്ങളും ചിത്രങ്ങളും മാത്രമേ നൽകാനാവൂ. റേഡിയോയ്ക്ക് ശബ്ദം എന്ന ഒരു ഉപാധി മാത്രമാണുള്ളത്.ദൃശ്യമാധ്യമങ്ങൾ പൊതുവേ ചലനദൃശ്യത്തിലൂന്നിയാണ് വിനിമയം സാദ്ധ്യമാക്കുന്നത്. നവമാധ്യമങ്ങളിൽ ഈ പ്രത്യേകതകളെല്ലാം ഒന്നിക്കുന്നു. ഇതൊരു സാദ്ധ്യതയും വിപുലനവുമാണ്. വിനിമയത്തിന്റെശക്തി പതിന്മടങ്ങ് വർദ്ധിക്കുവാൻ ഇത് കാരണമായിട്ടുണ്ട്. നവമാധ്യമത്തിൽ ഏതുതരം ഉള്ളടക്കവും വിനിമയത്തിന് അനുയോജ്യമാണ്. ഈ സ്വാതന്ത്ര്യം മറ്റു മാധ്യമങ്ങൾക്കില്ല. ഉള്ളടക്കത്തിന്റെ സ്വഭാവം പരിഗണിച്ച് മാത്രമേ മറ്റ് മാധ്യമങ്ങളിൽ വിനിമയം സാദ്ധ്യമാവുകയുള്ളൂ. നവമാധ്യമങ്ങൾ ജനപ്രിയമായിത്തീർന്നതിനു പിന്നിൽ ഈ വസ്തുതയുമുണ്ട്. മൾട്ടിമീഡിയ സംവിധാനത്തെ ആശ്രയിച്ച് വിനിമയം നടത്തുന്ന മാധ്യമങ്ങളിലെ ഉള്ളടക്കത്തിന്റെ ഒഴുക്ക് ഉപയോക്താക്കളുടെ സ്വഭാവത്തെയും അനുഭവത്തെയും പുനർനിർവചിച്ചിട്ടുണ്ട്.(Gail Dines,Jean M. Humez,2011: 624,625) സാഹിത്യരചനകളുടെ വിനിമയത്തിൽ പുതുസാദ്ധ്യതകൾ തുറന്നിടാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

## 1.6.1.14.വിസ്തൃതമായ പ്രവൃത്തിപരിധി

മാധ്യമത്തിന്റെ സ്വഭാവം, അതിന്റെ പ്രവർത്തനരീതിയെയും ഉള്ളടക്കത്തെയും നിർണ്ണയിക്കും. വിനിമയത്തിനായി പ്രയോജനപ്പെടുത്തുന്ന യന്ത്രസാമഗ്രികൾ,സ്ഥാപനത്തിന്റെ പ്രവർത്തനശൈലി, തൊഴിലാളികളുടെ സ്വാതന്ത്ര്യം എന്നിവ വിനിമയത്തിന്റെ ഗതിയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. പൂർവ്വനിശ്ചിതമായ പ്രവർത്തനപദ്ധതിക്കകത്താണ് മിക്ക മാധ്യമങ്ങളും പ്രവർത്തിക്കുന്നത്.

എന്നാൽ നവമാധ്യമങ്ങൾ ഇതിൽനിന്ന് ഭിന്നമാണ്. നിരന്തരം പുതുമകൾ കടന്നുവരുന്ന മേഖലയാണ് നവമാധ്യമങ്ങളുടേത്.അതിവിസ്തൃതമാണ് അതിന്റെ പ്രവൃത്തിമേഖല. നവമാധ്യമങ്ങളിലെ ഉള്ളടക്കത്തിന്റെ വ്യാപനശക്തിയും വിപുലമാണ്.കൂടുതൽ വിവരങ്ങൾ ഞെരുക്കി നൽകുന്നതിനുള്ള സൗകര്യവും ഉണ്ട്. വെബ് 2.0 ആപ്ലിക്കേഷനുകളുടെ വരവോടെയാണ് ഇത് സാദ്ധ്യമായത്. അധികം വിവരങ്ങൾ ആവശ്യമുള്ളവർക്ക് ആവശ്യപ്പെടുന്ന സമയത്ത് നൽകുവാൻ നവമാധ്യമങ്ങൾക്ക് കഴിയും.(Nicholas Gane and David Beer Berg, 2008:19) പുതിയ വ്യവഹാരസന്ദർഭങ്ങൾ തുറന്നിടുന്നതിന് നവമാധ്യമങ്ങൾക്ക് കഴിയുന്നു. നവസാങ്കേതികവിദ്യയുടെ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി നവമാധ്യ മങ്ങളിലും മാറ്റംവരുന്നു. ഇത് മാധ്യമരംഗത്തെ ചലിപ്പിക്കുവാൻ പര്യാപ്തമാണ്.

## 1.6.1.15. വിപുലമായ വ്യവഹാരമണ്ഡലം

നവമാധ്യമങ്ങൾ നിലവിലിരിക്കുന്ന വ്യവഹാരമണ്ഡലത്തെ വിപുലമാക്കുന്നുണ്ട്. ഇതരമാധ്യമങ്ങളിലൂടെ ആവിഷ്കാരരൂപം നേടിയ വ്യവഹാ രസ്വരൂപങ്ങളെ വികസിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനും നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതേസമയം പുതിയ വ്യവഹാരരൂപങ്ങൾ ആവിഷ്കരിച്ചുകൊണ്ട് പൊതുവ്യവഹാരമണ്ഡലത്തെ വിപുലമാക്കുവാനും നവമാധ്യമങ്ങൾക്കാകുന്നു. സൈബർവ്യവഹാരം എന്നനിലയിൽ അറിയപ്പെടുന്ന പുതുവ്യവഹാരരൂപങ്ങൾ സാദ്ധ്യമാക്കിയതിൽ നവമാധ്യമങ്ങൾക്കുള്ള പങ്ക് പരിഗണനാർഹമാണ്. മലയാളഭാഷ ആഗോളതലത്തിൽ വ്യാപിക്കുന്നതിന് നവമാധ്യമങ്ങൾ അവസര മൊരുക്കി. സമൂഹത്തിന്റെ വിവിധതലങ്ങളിൽ നിൽക്കുന്ന മലയാളികൾ നിത്യ വ്യവഹാരത്തിലെന്നതുപോലെ നവമാധ്യമങ്ങളിലൂടെ ഭാഷ കൈകാര്യം ചെയ്യുന്നു. ഇത് പുതിയ അനുഭവപരിസരത്തെയും വ്യവഹാരരൂപങ്ങളെയും മലയാളഭാഷ യിലൂടെ ആവിഷ്കരിക്കാനുള്ള അവസരം നൽകി. ഭാഷ പുതിയസാഹചര്യത്തിൽ പഠനവിധേയമായി. ലിപിസമ്പ്രദായത്തെക്കുറിച്ചുള്ള ഗൗരവതരമായ ചർച്ചകൾ ഇക്കാലത്തുണ്ടായി. പുതിയ പദങ്ങൾ , പദക്കൂട്ടുകൾ, വാക്യരീതികൾ, ശൈലീ

പ്രയോഗങ്ങൾ എന്നിവ ഭാഷയിൽ കടന്നുവരാനും ഇത് ഇടയാക്കിയിട്ടുണ്ട്. ഭാഷകളുടെ സങ്കലനം, ചുരുക്കെഴുത്തുകൾ, പുതുചിഹ്നങ്ങൾ, പുതുസന്ധിരൂപങ്ങൾ, ആഖ്യാനരീതികൾ തുടങ്ങിയവയും പഠനാർഹമായിട്ടുണ്ട്. മാധ്യമത്തിന്റെ സ്വഭാവത്തിനനുസരിച്ച് രൂപപ്പെട്ട വ്യവഹാരരൂപങ്ങൾ വ്യവഹാരമണ്ഡലത്തെ വിപുലമാക്കാൻ സഹായിച്ചിട്ടുണ്ട്.

## 1.6.1.16.മാധ്യമപരിഷ്കരണം.

മാധ്യമങ്ങൾ എല്ലാക്കാലത്തും പുതുമകൾ ആവിഷ്കരിച്ചുകൊണ്ടാണ് വളർച്ചയുടെ പടവുകൾ പിന്നിട്ടത്. സാങ്കേതികവിദ്യയോടൊപ്പം മാധ്യമങ്ങളും പരിഷ്കരിക്കപ്പെടുന്നതാണ് കണ്ടത്. നവമാധ്യമങ്ങളുടെ വരവോടെ ഈ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂടി. നിലവിലുള്ള മാധ്യമങ്ങളെ വലിയതോതിൽ പരിഷ്കാരത്തിനു പ്രേരിപ്പിക്കുവാൻ നവമാധ്യമങ്ങൾക്കായി. വിവരങ്ങളുടെ ഉറവിടം എന്ന നിലയിൽ നവമാധ്യമങ്ങളെ ഇതരമാധ്യമങ്ങൾ ആശ്രയിക്കുന്നത് കാണാം. ആവശ്യമായ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും വേഗത്തിൽ ലഭ്യമാകുന്ന ഇടമായി നവമാധ്യമങ്ങളെ പരിഗണിക്കുന്നു. പൗരൻതന്നെ ജേർണലിസ്റ്റാകുന്ന സിറ്റിസെൻ ജേർണലിസത്തിന്റെ വിശാലപാത നവമാധ്യമങ്ങൾ ഒരുക്കുന്നു. ഇത്തരം വാർത്തകൾക്ക് വിശ്വാസ്യത കൂടുന്നു എന്നതുകൊണ്ട് മറ്റ് മാധ്യമങ്ങളും കുറഞ്ഞ അളവിലെങ്കിലും ഇത്തരം വാർത്തകൾ നൽകുന്നു. നവമാധ്യമങ്ങളിൽ ഹിറ്റാകുന്ന വാർത്തകൾ മറ്റുമാധ്യമങ്ങളിൽ വരുന്നതുകാണാം. അച്ചടിമാധ്യമങ്ങളും ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളും നവമാധ്യമങ്ങളെ പിന്തുടരുന്നുണ്ട്. Face Booked ( മനോരമ ന്യൂസ്) Youth Tube (ഏഷ്യാനെറ്റ്) സിറ്റിസെൻ ജേർണലിസം (ജീവൻ ടി.വി) എന്നീ പേരുകളിൽ ദൃശ്യമാധ്യമങ്ങളിൽ വന്ന പ്രോഗ്രാമുകൾ നവമാധ്യമസ്വാധീനത്തിന്റെ തെളിവാണ്. നവമാധ്യമങ്ങളെ അവഗണിച്ചുകൊണ്ട് മറ്റുമാധ്യമങ്ങൾക്ക് നിലനിൽക്കാനാവാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. ഈ അവസ്ഥ മാധ്യമങ്ങളുടെ പരിഷ്കരണത്തിന് ശക്തിപകരുന്നതാണ്.

## 1.6.1.17.പുതിയ സേവനമേഖലകൾ

നവമാധ്യമങ്ങളെ ആശ്രയിക്കാതെ സാമൂഹികജീവിതം സാദ്ധ്യമല്ലാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. എല്ലാത്തരം വിവരങ്ങളും ജനങ്ങളെ അറിയിക്കുക എന്ന ധർമ്മമാണ് മാധ്യമങ്ങൾ നിറവേറ്റുന്നത്. ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് മാധ്യമങ്ങൾ മുന്നറിയിപ്പു നൽകുന്നു. അങ്ങനെ മാധ്യമങ്ങൾ പൊതുജനത്തെയും സേവനദാതാക്കളെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നവമാധ്യമങ്ങൾ ഒരു പടികൂടിക്കടന്ന് സേവനങ്ങൾ നേരിട്ടു നൽകുന്ന ജോലി നിർവഹിക്കുന്നു. മിക്ക സേവനമേഖലകളെയും ഇപ്പോൾ ഇന്റർനെറ്റുമായി ബന്ധിപ്പിച്ചിട്ടുണ്ട്. മനുഷ്യവ്യാപാരത്തിന്റെ മിക്ക മേഖലകളും ഡിജിറ്റലായിക്കഴിഞ്ഞു. ഇത് പുതിയ സേവനമേഖലകൾ തുറന്നുകിട്ടുന്നതിന് അവസരമൊരുക്കുന്നു. സ്വകാര്യ - പൊതുമേഖലകളുമായി ബന്ധപ്പെട്ട സേവനങ്ങൾ ഏറ്റവും വേഗത്തിൽ ലഭിക്കുന്നതിന് ജനങ്ങൾ ആശ്രയിക്കുന്നത് നവമാധ്യമങ്ങളെയാണ്. ഇത് കേവലം സേവനങ്ങളെ മാത്രം ബാധിക്കുന്ന വിഷയമല്ലാതായിത്തീർന്നിട്ടുണ്ട്. അത് മനുഷ്യന്റെ ജീവിതശൈലിയെയും സാമ്പത്തിക വിനിമയത്തെയുംകൂടി ബാധിക്കുന്ന വിഷയമാണ്.

## 1.6.1.18. സാങ്കേതിക - സർഗ്ഗാത്മക ബന്ധം.

നവമാധ്യമങ്ങളുടെ പഠനത്തിൽ സുപ്രധാനമായ ഒരു മേഖലയാണ് സാങ്കേതികതയും സർഗ്ഗാത്മകതയുമായുള്ള ബന്ധം. സാങ്കേതികരംഗത്തുണ്ടായ പുരോഗതിയാണ് അച്ചടി സാദ്ധ്യമാക്കിയത്. സാഹിത്യകൃതികളുടെ പ്രചാരണത്തിനും പുതിയ സാഹിത്യരൂപങ്ങളുടെ ആവിർഭാവത്തിനും ഇത് കാരണമായി. പിന്നീടു വന്ന ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളും സർഗ്ഗാത്മകതയ്ക്ക് ആ മാധ്യമങ്ങളിൽ ഇടം നൽകിയിരുന്നു. എന്നാൽ നവസാങ്കേതികവിദ്യയുടെ ആവിർഭാവവും വികാസവും സർഗ്ഗാത്മകരംഗത്ത് നാളിതുവരെ കാണാത്ത ഉണർവുണ്ടാക്കിയിട്ടുണ്ട്. ഇതരമാധ്യമങ്ങൾ സർഗ്ഗാത്മകതയെ സഹായിക്കുന്നതിൽ നിർണ്ണായകപങ്കു വഹിച്ചപ്പോൾ നവമാധ്യമങ്ങൾ ആ രംഗത്ത് വലിയ മാറ്റം കൊണ്ടുവരുവാനാണ്

ശ്രമിച്ചത്. സാഹിത്യരചനകളുടെ ഉള്ളടക്കത്തിൽത്തന്നെ മാറ്റം കൊണ്ടുവരാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മാധ്യമത്തിനനു യോജ്യമായ സാഹിത്യരൂപങ്ങൾ ഉടലെടുക്കുന്നതിനും ഇത് കാരണമായിട്ടുണ്ട്.

## 1.6.1.19. നവസാക്ഷരത

ആധുനികാനന്തരസമൂഹത്തിൽ സാക്ഷരതയെക്കുറിച്ചുള്ള പരികല്പനയ്ക്ക് മാറ്റം വന്നിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ വളർച്ചയാണ് ഇതിനു കാരണമായിട്ടുള്ളത്. കമ്പ്യൂട്ടർ എന്ന യന്ത്രവുമായി പരിചയം സ്ഥാപിക്കാത്ത വ്യക്തി ഇന്ന് നിരക്ഷരനായി കണക്കാക്കപ്പെടുന്നു. നവമാധ്യമങ്ങൾ സജീവമായതോടെ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പരിധി വിസ്തൃതമായി. സ്മാർട്ട് ഫോണുകൾ വ്യാപകമായതും അതുവഴിയുള്ള വിനിമയം ശക്തിപ്പെട്ടതും ഇതുമായി ബന്ധിപ്പിച്ച് പരിഗണിക്കേണ്ടതാണ്. പുതുതലമുറയുടെ വിനിമയമാധ്യമമായി സ്മാർട്ട് ഫോണുകൾ നിലകൊള്ളുന്നു. ലോകത്തിന്റെ മിടിപ്പുകൾ കൈക്കുമ്പിളിൽ ഒതുക്കുന്ന സാഹചര്യമാണ് നവസാങ്കേതികവിദ്യ രൂപപ്പെടുത്തിയത്. ഇത് മലയാളിയുടെ ജീവിതശൈലിയിലും സാധാരണ മായിക്കഴിഞ്ഞു. ഇത് നവമാധ്യമങ്ങൾ രൂപപ്പെടുത്തിയ വ്യവഹാരപരിസരമാണ്. സമൂഹത്തിലെ വിവിധമേഖലകളിൽപ്പെടുന്ന വ്യക്തികൾ നവമാധ്യമങ്ങളെ ആശ്രയിക്കുന്നു. ഈ മാറ്റം നവസാക്ഷരതയുടെ തോത് വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. ലോകത്ത് ഏറ്റവുംകൂടുതൽ സ്മാർട്ട് ഫോൺ ഉപയോക്താക്കളുള്ള രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയിട്ടുണ്ട്. ഒരു നവസാക്ഷര അന്തരീക്ഷം ഇവിടെ രൂപപ്പെട്ടിട്ടുണ്ടെന്നാണ് ഇത് കാണിക്കുന്നത്.

## 1.6.1.20. ജ്ഞാനത്തിന്റെ കുത്തക തകരുന്നു

ഇരുപതാം നൂറ്റാണ്ട് ജ്ഞാനത്തിന്റെ മണ്ഡലത്തിൽ കുത്തകവൽകരണം നടന്ന നൂറ്റാണ്ടാണ്. ആഗോളസാഹചര്യത്തിൽ അറിവ് ഏറ്റവും വിലപിടിപ്പുള്ള വില്പനച്ചരക്കായി മാറി. അച്ചടിയും അതുവഴി രൂപപ്പെട്ട മാധ്യമരംഗവും ഈ

പ്രവണതയെ പരമാവധി പ്രോൽസാഹിപ്പിച്ചു. നവമാധ്യമങ്ങളുടെ ആവിർഭാവം വരെ ഈ രീതി തുടരുന്നതാണ് കാണുന്നത്. എന്നാൽ ഇന്റർനെറ്റ് യാഥാർത്ഥ്യ മായതോടെ സ്ഥിതിഗതികൾ സാവധാനം മാറുന്നത് കാണാം. അറിവ് സൗജന്യ മായി ലഭിക്കുന്ന ഇടം എന്ന നിലയിൽ നവമാധ്യമങ്ങളെ രൂപകല്പനചെയ്യു ന്നതിനുള്ള ശ്രമങ്ങൾ നടന്നു. സൗജന്യ വെബ്സൈറ്റുകൾ, വിജ്ഞാനകോശ ങ്ങൾ, ചർച്ചാഫോറങ്ങൾ, ബ്ലോഗുകൾ എന്നിവയിലായി പരന്നുകിടക്കുന്ന പരിധി യില്ലാത്ത വിജ്ഞാന ഉറവിടങ്ങൾ വിജ്ഞാനത്തിന്റെ കുത്തകകൾക്ക് വലിയ ഭീഷണിയായിട്ടുണ്ട്. ആധുനികാനന്തരസമൂഹത്തെ ഒരു ജ്ഞാനസമൂഹമായി പരി വർത്തിപ്പിക്കുന്നതിൽ നവമാധ്യമങ്ങളും കാര്യമായ പങ്ക് വഹിക്കുന്നുണ്ട്.

## 1.6.1.21. അപ്രസക്തമാകുന്ന നഗര – ഗ്രാമ വേർതിരിവുകൾ

ആധുനികകാലത്ത് മനുഷ്യസമൂഹങ്ങളെ നാഗരികർ, ഗ്രാമീണർ എന്നി ങ്ങനെ വേർതിരിച്ച് വിവക്ഷിച്ചിരുന്നു. വ്യവസായവൽകരണത്തിന്റെ ഭാഗമായി നഗരങ്ങൾ രൂപംകൊണ്ടതാണ് ഈ വേർതിരിവിന് കാരണമായത്. നഗരങ്ങളി ലേക്ക് ചേക്കേറിയ മനുഷ്യർ ഒരു സവിശേഷ സമൂഹമായി പരിഗണിക്കപ്പെട്ടു. സമ്പത്തും അധികാരവും നഗരങ്ങളിൽ കേന്ദ്രീകരിക്കുന്ന സാഹചര്യവും രൂപപ്പെട്ടു. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങളിൽ മികച്ച ജീവിതസാഹചര്യങ്ങൾ ലഭിച്ച പ്പോൾ ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേക്ക് കുടിയേറനോ ഗ്രാമങ്ങളെ നഗരവൽ കരിക്കാനോ ശ്രമങ്ങളുണ്ടായി. മാധ്യമരംഗത്തുണ്ടായ വളർച്ച ഈ നഗരവൽ കരണപ്രക്രിയയെ പ്രോൽസാഹിപ്പിച്ചു. മാധ്യമങ്ങളിൽ നഗരങ്ങൾക്ക് വലിയ പ്രാതിനിധ്യമാണ് കിട്ടിയത്. അച്ചടിമാധ്യമങ്ങൾ നഗരങ്ങൾക്ക് മാത്രമായി പ്രത്യേക പതിപ്പുകൾ തയ്യാറാക്കുന്ന രീതിയും നിലവിൽവന്നു. നവമാധ്യമങ്ങളിൽ ഈ അവസ്ഥ മാറുന്ന അനുഭവമാണുള്ളത്. അതിർത്തികളെ മായ്ച്ചുകളയുന്ന വിനിമയത്തിന്റെ അന്തരീക്ഷമാണ് നവമാധ്യമങ്ങളിലുള്ളത്. ഇത് മാധ്യമരം ഗത്തെ ആരോഗ്യകരമായ അവസ്ഥയായി കണക്കാക്കാം.

## 1.6.1.22. സ്ത്രീ, ദളിത് ശാക്തീകരണം.

പ്രസ്ഥാനത്തിന്റെയോ പ്രത്യയശാസ്ത്രത്തിന്റെയോ പിന്തുണയില്ലാതെ സമൂഹത്തിൽ ഇടപെടാനും കൂട്ടായ്മകൾ സൃഷ്ടിക്കാനും പ്രതിഷേധിക്കാനും നവമാധ്യമങ്ങൾ അവസരമൊരുക്കുന്നുണ്ട്. അതിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്. ആധുനികതയിൽനിന്ന് ഉത്തരാധുനികതയിലേക്ക് നീങ്ങിയ സമൂഹം ഇത്തരം ഒരുയർച്ചയെ പ്രാപിക്കുന്നു. പുതിയ തൊഴിൽ മേഖലകൾ രൂപപ്പെട്ടതോടെ സ്ത്രീകൾ സമ്പത്തികമായ ശക്തി നേടി. ഇത് സ്ത്രീശാക്തീകരണത്തെ സഹായിച്ചു. ആധുനികത പുരുഷാധിപത്യ ഘടനയായിരുന്നു. ഉത്തരാരാധുനികതയിൽ ആ സ്ഥിതി മാറുന്നു. (പി.സോമൻ,2016: 113) സൈബർ മാനവികത എന്നു വിളിക്കാവുന്ന ഒരന്തരീക്ഷം രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ ദളിത് ജനവിഭാഗങ്ങൾക്ക് തങ്ങളുടെ ആശയങ്ങൾ പൊതുമണ്ഡലത്തിൽ എത്തിക്കുന്നതിന് നവമാധ്യമങ്ങൾ നൽകുന്ന പിന്തുണ ശ്രദ്ധേയമാണ്. അജണ്ടകളില്ലാത്ത മീഡിയേഷൻ എന്ന ആശയം ഏറ്റവും പ്രാവർത്തികമാകുന്ന മേഖലയെന്ന നിലയിൽ നവമാധ്യമങ്ങൾ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. നവമാധ്യമങ്ങളിൽ രൂപപ്പെട്ടിട്ടുള്ള ദളിത് , സ്ത്രീ കൂട്ടായ്മകൾ സാംസ്കാരികരംഗത്ത് ചലനങ്ങൾ ഉണ്ടാക്കുവാൻ പര്യാപ്തമാണ്.

നവമാധ്യമങ്ങളിലെ വ്യവഹാരത്തെ നിർണ്ണയിക്കുകയും ചലിപ്പിക്കുകയും ചെയ്യുന്ന നിരവധി ഘടകങ്ങളുണ്ട്. ഇതര മാധ്യമങ്ങൾക്ക് നൽകാനാവാത്ത സൗകര്യങ്ങൾ അത് നൽകുന്നു. വിവരത്തിനും വിജ്ഞാനത്തിനും പ്രാമുഖ്യം കല്പിക്കുന്ന സാമൂഹിക സാഹചര്യത്തിൽ അത് പ്രസക്തവും പ്രധാനവുമാണ്. നവമാധ്യമങ്ങളെയും അതിലെ വ്യവഹാരരൂപങ്ങളെയും സംബന്ധിക്കുന്ന ശ്രദ്ധേയമായ ചില കാര്യങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

- ക്രിയാത്മകമായ പങ്കാളിത്തം
- വിവരങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും ഉപഭോഗത്തിലും ജനാധിപത്യം വാഗ്ദാനം ചെയ്യുന്നു.
- നിയമങ്ങളുടെ വ്യവസ്ഥപ്പെടുത്തലില്ലാതെ വിവരങ്ങൾ നൽകുന്നു.
- മനുഷ്യാദ്ധ്വാനത്തെ യന്ത്രവൽകരിക്കുന്നു
- അതിർത്തികളെ മായ്ച്ചുകളയുന്നു
- ആഗോളവൽകരണത്തെ ശക്തിപ്പെടുത്തുന്നു
- തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നു
- കേന്ദ്രീകരണത്തെ ചെറുക്കുന്നു
- സ്ഥലപരിമിതിയെ മറികടക്കുന്നു
- കൂട്ടായ്മകളുണ്ടാക്കുന്നു
- പുതുമയുള്ള അനുഭവങ്ങൾ നൽകുന്നു
- ഇടപെടലില്ലാത്ത മീഡിയേഷൻ സാദ്ധ്യമാക്കുന്നു.
- കൂടുതൽ സുതാര്യമാകുന്നു
- സാമൂഹിക ബന്ധങ്ങളെ പ്രോൽസാഹിപ്പിക്കുന്നു
- സംതൃപ്തി നൽകുന്നു
- വിനോദിപ്പിക്കുന്നു
- ഏകാന്തതയ്ക്ക് വിരാമമാകുന്നു
- നിരന്തരം വളരുന്നു
- മാധ്യമവും സമൂഹവും തമ്മിലുള്ള ബന്ധത്തിൽ മാറ്റം കൊണ്ടുവരുന്നു
- പരമ്പരാഗത മാധ്യമസങ്കല്പത്തെ മറികടക്കുന്നു.
-

ഇപ്രകാരം അനേകം സവിശേഷതകളാണ് നവമാധ്യമങ്ങൾ കയ്യാളുന്നത്. ഒന്നാം തലമുറ വെബ്സൈറ്റുകളിൽനിന്ന് രണ്ടാം തലമുറ വെബ്സൈറ്റു കളിലേക്കെത്തിയപ്പോൾ (Web 2.0) നവമാധ്യമങ്ങളുടെ സ്വഭാവത്തിലും വിനിമയ രീതിയിലും കാര്യമായ പുരോഗതി ഉണ്ടായി.

## 1.6.2. നവമാധ്യമവും വ്യവഹാരവും

ഉള്ളടക്കത്തെ ഏറ്റവും ഫലപ്രദമായ രീതിയിൽ വിനിമയം ചെയ്യാനാണ് എല്ലാ മാധ്യമങ്ങളും ശ്രമിക്കുന്നത്. എല്ലാ മാധ്യമത്തിനും എല്ലാത്തരം ഉള്ളടക്കങ്ങളും വിനിമയം ചെയ്യാനാവില്ല. എന്നാൽ നവമാധ്യമങ്ങൾക്ക് ഇത് സാദ്ധ്യമാണ്. അതുകൊണ്ടാണ് ഇതരമാധ്യമങ്ങളെ അതിശയിക്കുവാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞത്. സമൂഹത്തിന്റെ മേൽപ്പുരയായി സങ്കല്പിക്കപ്പെടുന്ന മാധ്യമം വിനിമയം ചെയ്യുന്ന ഉള്ളടക്കം സംസ്കാരത്തിന്റെ ദിശകളെ സൂചിപ്പിക്കും. സംസ്കാര പഠനത്തിൽ മാധ്യമപഠനം പ്രധാനമായി വരുന്നത് അതുകൊണ്ടാണ്. മാധ്യമ പഠനത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു സംജ്ഞയാണ് വ്യവഹാരം. സംസ്കാര പഠനത്തിൽ വ്യവഹാരപഠനത്തിനുള്ള പങ്ക് ഇന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്. വ്യത്യസ്തമായ അർത്ഥവിവക്ഷകളിൽ വ്യവഹാരം എന്ന പദം ഉപയോഗിച്ചു കാണുന്നു. വ്യവഹാരത്തെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ ഇനിപ്പറയുന്നവയാണ്.

- **വക്താവിന്റെയും ശ്രോതാവിന്റെയും സന്ദർഭത്തിന്റെയും സാന്നിദ്ധ്യമുള്ള ഭാഷാപ്രയോഗം.** വ്യവഹാരത്തിൽ അടിസ്ഥാനപരമായി ഈ മൂന്ന് ഘടകങ്ങൾ പ്രധാനമാണ്.
- **ഭാഷാപ്രയോഗങ്ങളുടെ ഗണമാണത്.** ഭാഷയെ പ്രയോജനപ്പെടുത്തി നിർവഹിക്കുന്ന ആശയവിനിമയോപാധികൾ ഇതിൽ പെടുന്നു. നോട്ടീസ്, കത്ത്, വാർത്ത, വിവരണം, സാഹിത്യരൂപങ്ങൾ (കഥാസാഹിത്യം, കവിതാസാഹിത്യം, ഇതര സാഹിത്യരൂപങ്ങൾ) ചലച്ചിത്രം, തത്വചിന്ത തുടങ്ങിയവയെയാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്.

- **ഒരു കാലഘട്ടത്തെ നിർണ്ണയിച്ച പൊതുവായ ആശയധാര.**ഓരോ കാലഘട്ടവും ഓരോ ദേശത്തും പൊതുവും പ്രധാനവുമായ ചില ആശയ ധാരകൾക്ക് പ്രാമുഖ്യം നൽകും. ഇവയെ വ്യവഹാരമായി മനസ്സിലാക്കുന്നു. ആധുനികതാവ്യവഹാരം, ദേശീയതാവ്യവഹാരം, രാഷ്ട്രീയവ്യവഹാരം, ദളിത് വ്യവഹാരം, സ്ത്രീപക്ഷ വ്യവഹാരം തുടങ്ങിയ സങ്കല്പനങ്ങൾ ഇങ്ങനെ രൂപപ്പെടുന്നവയാണ്.
- **ഭാഷാശാസ്ത്ര സമീപനം.** ഭാഷയിലൂടെ നിർവഹിക്കപ്പെടുന്ന ആഖ്യാനത്തിന്റെ രൂപത്തിനാണ് ഈ സമീപനത്തിൽ ഊന്നൽ നൽകുന്നത്. ഒരു വാക്യത്തിലധികം ദൈർഘ്യമുള്ള ഭാഷാഖണ്ഡത്തെ യാണ് ഭാഷാശാസ്ത്രം വ്യവഹാരമായി പരിഗണിക്കുന്നത്. വ്യവഹാരം ഭാഷയെ സജീവവും പുതുമയുള്ളതുമായ വിതാനത്തിലേക്ക് ആനയിക്കുന്നു. ആഖ്യാനത്തിൽ ,നിഘണ്ടുവിലുള്ള പദാവലികൾക്ക് പുതിയ അർത്ഥം ലഭിക്കുന്നതിന് വ്യവഹാരം സഹായിക്കുന്നു. പദങ്ങൾക്ക് പുതിയ സന്ദർഭ ങ്ങളിൽ പുതിയ അർത്ഥങ്ങൾ ലഭിക്കുന്നു. വ്യവഹാരത്തെ സൂക്ഷ്മാംശത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചാൽ അവ രൂപപ്പെട്ട കാലത്തിന്റെ സാമൂഹികാ വസ്ഥയും അതിനു പിന്നിൽ പ്രവർത്തിച്ച രാഷ്ട്രീയവും തിരിച്ചറിയാനാകും. സംസ്കാരപഠനത്തിൽ വ്യവഹാരപഠനം പ്രധാനമാകുന്ന സാഹചര്യം ഇതാണ്. ഭാഷാശാസ്ത്രപഠനത്തിന് വെളിച്ചത്തുകൊണ്ടുവരാനാകാത്ത പലതും വ്യവഹാരപഠനത്തിന് പുറത്തുകൊണ്ടുവരാനാകും.ഭാഷയുടെ സാമൂ ഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ ഊന്നലുകളെ അനാവ രണം ചെയ്യാൻ വ്യവഹാരപഠനം സഹായിക്കും.

വ്യവഹാരത്തെ നിർവചിക്കുക ബുദ്ധിമുട്ടാണ്. വ്യവഹാരത്തിന്റെ വൈവിദ്ധ്യം അതിന് പ്രധാന തടസ്സമാണ്. അതൊരു സ്ഥിരമായ പ്രതിഭാസമല്ല. വളർച്ചയും തുടർച്ചയുമുള്ള പ്രതിഭാസമാണത്. വ്യവഹാരത്തെക്കുറിച്ചുള്ള മുൻകാല സങ്കൽപ്പത്തിൽനിന്ന് ബഹുദൂരം നാം മുന്നോട്ട് പോയിക്കഴിഞ്ഞു. 'ഭാഷയിലൂടെ നിർവഹിക്കപ്പെടുന്ന ദീർഘവും ഔപചാരികമായ വിനിമയ പ്രക്രിയ' എന്നാണ്

വ്യവഹാരത്തെക്കുറിച്ച് സാമാന്യമായി പറയാവുന്നത്.(Blommaert, 2011: 22) എഴുതുന്നതോ പറയുന്നതോ ആയ വിനിമയമാണത്. (Written or spoken communication or debate).ഭാഷയുടെ ഔപചാരിക പ്രയോഗമാണ് വ്യവഹാരത്തിന്റെ പരിധിയിൽ വരുന്നത്.(speak or write authoritatively about a topic). മൂന്ന് ഘടകങ്ങൾ വ്യവഹാരപഠനത്തിൽ പ്രാധാന്യമർഹിക്കുന്നു. (Bax Stephen,2011:22)

1 ആധികാരികമായിരിക്കുക (authenticity)

2 മതിയായ വലുപ്പം ഉണ്ടായിരിക്കുക (size - unit of language)

3 സന്ദർഭം പരിഗണിക്കുക (context)

എന്നാൽ വ്യവഹാരത്തിന്റെ സൂക്ഷ്മമായ വിശകലനത്തിൽ മറ്റുഘടകങ്ങളും പരിഗണിക്കേണ്ടിവരും. ഉല്പന്നം (material) മാനസികം (mental) വ്യക്തിപരം (personal) സമ്പർക്കപരം (interactional) സാമൂഹികം ( social) സ്ഥാപനപരം (institutional) സാംസ്കാരികം (cultural) ചരിത്രപരം ( historical) തുടങ്ങിയ ഘടകങ്ങൾ വ്യവഹാരത്തെ സാദ്ധ്യമാക്കിയതെങ്ങനെ എന്ന് വിശകലനം ചെയ്യേണ്ടിവരുന്നു. വിനിമയത്തിൽ ഭാഷയ്ക്ക് പ്രഥമപരിഗണന നൽകേണ്ടതുണ്ട്. എന്നാൽ ഭാഷകൊണ്ട് നിർവഹിക്കുന്ന എല്ലാ വിനിമയവും ആധികാരികമോ ഔപചാരികമോ അല്ല. അതുകൊണ്ടുതന്നെ എല്ലാ ഭാഷാവിനിമയവും വ്യവഹാരമാകില്ല. ഭാഷാപ്രകാശനങ്ങളെ (utterance)വ്യാഖ്യാനിക്കാൻ ഉള്ളടക്കത്തിന്റെ എല്ലാ ഘടകങ്ങളും പരിഗണിക്കണമെന്ന് ബ്ലൊമാർട്ട് അനുശാസിക്കുന്നു. വ്യവഹാരത്തിന്റെ സന്ദർഭം ബാഹ്യമായ സാഹചര്യങ്ങളുടെ മാത്രം സൃഷ്ടിയല്ല, മാനസികാവസ്ഥയുടെ പ്രതിഫലനം കൂടിയാണ്. (Widdowson,2011 : 22)

വ്യവഹാരപഠനത്തിന് നൂതനമായ ഉൾക്കാഴ്ച നൽകിയ പണ്ഡിതനാണ് മിഷേൽ ഫൂക്കോ (Michel Foucault). ഫൂക്കോ വ്യവഹാരത്തെ അറിവിന്റെ ശരീരമായി കാണുന്നു. വ്യവഹാരത്തെക്കുറിച്ചുള്ള ആംഗ്ലോ - അമേരിക്കൻ സങ്കലപ്പത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണിത്. അതിന് വ്യവസ്ഥിതി

(discipline) യുമായാണ് ഫൂക്കോ ബന്ധം കല്പിക്കുന്നത്. അത് പണ്ഡിതോ ചിതമായ വ്യവസ്ഥിതിയായും സമൂഹത്തെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥിതിയായും മനസ്സിലാക്കപ്പെടണം എന്നദ്ദേഹം അഭിപ്രായ പ്പെടുന്നു. ശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയ ജ്ഞാനവിഷയങ്ങൾ പണ്ഡിതോ ചിതമായ വ്യവസ്ഥിതിയ്ക്ക് ഉദാഹരണമാണ്. വ്യവസ്ഥിതിയാണ് ആശയത്തെ ഉല്പാദിപ്പിക്കുന്നത്. ഭ്രാന്തിനെക്കുറിച്ച് കാലാകാലങ്ങളിൽ നമുക്കുണ്ടായ ധാരണ യിൽ വന്ന മാറ്റത്തെ ഇത്തരത്തിൽ വിശകലനം ചെയ്യാം. പ്രാചീനകാലത്ത് ഭ്രാന്ത് പ്രവാചകവരം നേടുന്ന അനുഭവമായാണ് വിലയിരുത്തപ്പെട്ടത്. ആധുനിക തയുടെ കാലത്ത് ഈ ധാരണ മാറി. യുക്തിക്ക് പ്രാധാന്യം വരുകയും നഗരവൽ കരണം മനുഷ്യനെ ക്രമബദ്ധമായ ജീവിതം നയിക്കുന്നവനാക്കുകയും ചെയ്തപ്പോൾ ഭ്രാന്ത് വൈകല്യമായി പരിഗണിക്കപ്പെട്ടു. മന:ശാസ്ത്രം എന്ന പഠനശാഖയുടെ വികാസത്തോടെ ഭ്രാന്ത് രോഗമായി പരിഗണിക്കപ്പെട്ടു. ജയിൽ, സ്കൂൾ, ആശു പത്രി തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥാപനവൽകൃതമായ വ്യവസ്ഥിതിയെ ഉദാഹ രിക്കും. സാമാന്യമായ അർത്ഥത്തിൽ ഫൂക്കോ അറിവിനെ വ്യവഹാരമായി കാണുന്നു എന്ന് പറയാം. അറിവ് അധികാരത്തിന്റെ ആയുധമായാണ് വ്യവഹാ രത്തിൽ പ്രവർത്തിക്കുന്നത്. സാമൂഹികസാഹചര്യങ്ങളിൽ ചില വ്യവഹാര ങ്ങൾക്കു മാത്രം ഉയരാൻ കഴിയുന്നതും മറ്റുചിലവ തഴയപ്പെടുന്നതിനും കാരണം അതിനു പിന്നിൽ പ്രവർത്തിക്കുന്ന അധികാരമാണ്. വ്യവഹാരവും അധികാരവും വേർതിരി ക്കാനാവാത്ത ഘടകങ്ങളാണ്. എഴുതപ്പെടാത്ത നിയമാവലിയുടെ രൂപകമായി വ്യവഹാരത്തെ തിരിച്ചറിയേണ്ടതാണ്. അറിവ് അധികാരത്തിന്റെ ആയുധമായി പ്രവർത്തിക്കുന്നു (knowledge works as a wepon of power) എന്ന ഫ്രെഡറിക് നീഷെയുടെ സങ്കല്പത്തെ ഫൂക്കോ വ്യവഹാരപഠനത്തിൽ കൂട്ടുപിടി ക്കുന്നതു കാണാം.(Storey John,2001: 78)

അധികാരം അറിവിനെ നിർമ്മിക്കുന്നു എന്ന് ഫൂക്കോ പറയുന്നു.(power produces knowledge). അധികാരത്തെക്കുറിച്ചുള്ള പൂർവ്വധാരണയെ തിരുത്തുന്ന കാഴ്ചപ്പാടാണ് ഫൂക്കോ മുന്നോട്ടുവയ്ക്കുന്നത്.അധികാരം ഭരണവർഗ്ഗത്തിന്റെ

സ്വത്തല്ല; തന്ത്രപ്രധാനമായ പ്രവർത്തനശക്തിയാണ് (strategic terrain). ശക്തിയുള്ളവരും ശക്തിയില്ലാത്തവരും തമ്മിലുള്ള തുല്യമല്ലാത്ത ബന്ധത്തിന്റെ ഇടമാണ് അധികാരം. അധികാരം നിർമ്മാണാത്മക ശക്തിയാണെന്നും ഫൂക്കോ സിദ്ധാന്തിക്കുന്നു. വ്യവഹാരത്തെ ചിന്തയുടെ മണ്ഡലത്തിൽ ഉറപ്പിക്കുകയാണ് ഫൂക്കോ ചെയ്യുന്നത്. എഡ്വേർഡ് സെയ്ദിന്റെ ഓറിയന്റലിസത്തെക്കുറിച്ചുള്ള വിശകലനം ഈവഴിക്ക് നീങ്ങുന്നതും ശ്രദ്ധേയമാണ്.വ്യവഹാരത്തിൽ എന്തുപറഞ്ഞു എന്നതിനേക്കാൾ ആരുപറഞ്ഞു, എപ്പോൾ പറഞ്ഞു എന്നതാണ് പ്രധാനം. ഓറിയന്റൽ എന്ന പദംതന്നെ യൂറോപ്പിനെ വിശദീകരിക്കാൻ ഉപകരിക്കുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. സങ്കല്പം (image) ആശയം (idea) വ്യക്തിത്വം (personality) അനുഭവം (experience) എന്നിവയിൽ യൂറോപ്പിനുള്ള മഹത്വത്തെ സ്ഥാപിക്കുവാനാണ് ഓറിയന്റലിസത്തെ വിശകനനം ചെയ്യുന്നതെന്ന് സെയ്ദ് അഭിപ്രായപ്പെടുന്നു. വ്യവഹാരത്തിന് അധികാരവുമായുള്ള ബന്ധമാണ് ഇത് വ്യക്തമാക്കുന്നത്. സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ സന്ദർഭങ്ങളിലുള്ള ഭാഷയുടെ പ്രയോഗമാണ് വ്യവഹാരത്തിലുള്ളത്. ഭാഷ സ്ഥാപനവൽകൃതമായ സാഹചര്യത്തിൽ പ്രയോഗിക്കപ്പെടുന്നു. സാമൂഹിക പ്രക്രിയയിൽ സജീവമായി പങ്കെടുക്കുന്ന ചിന്ത എന്ന നിലയിൽ വ്യവഹാരത്തെ ഫൂക്കോ പരിഗണിക്കുന്നു. (രവീന്ദ്രൻ,പി.പി.2002:18) സമൂഹപഠനത്തിലും സംസ്കാരപഠനത്തിലും വ്യവഹാരവിശകലനം നിർവഹിക്കുന്ന പങ്കാണ് ഇത് വ്യക്തമാക്കുന്നത്.

നവമാധ്യമത്തിന്റെ ഉദയം വിനിമയത്തിലും വ്യവഹാരസ്വരൂപത്തിലും പുതിയ വഴികൾ തുറന്നു. സാഹിത്യവ്യവഹാരങ്ങൾ വിശേഷപ്പെട്ട വിനിമയ മാർഗ്ഗങ്ങൾ കണ്ടെത്തി. നിലവിലുള്ള മാധ്യമങ്ങളുടെ ശക്തിയും ദൗർബല്യവും തിരിച്ചറിഞ്ഞുകൊണ്ടുള്ള മുന്നേറ്റമായിരുന്നു ഈ രംഗത്തുണ്ടായത്. ബ്ലോഗ്, സോഷ്യൽ നെറ്റവർക്ക് സൈറ്റുകൾ, വിവിധതരം വെബ്സൈറ്റുകൾ, സ്മാർട്ട്ഫോൺ വിനിമയ സംവിധാനങ്ങൾ, ഓൺലൈൻ പ്രസിദ്ധീകര ണങ്ങൾ എന്നിവയാണ് നവമാധ്യമങ്ങളിലെ സവിശേഷ വ്യവഹാരരൂപങ്ങൾ. പാഠ

(Text) സങ്കല്പത്തെത്തന്നെ മാറ്റിമറിക്കുവാൻ ഇത്തരം വ്യവഹാരരൂപങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

## 1.6.3. നവമാധ്യമങ്ങളിലെ വ്യവഹാരരൂപങ്ങൾ

ലോകം ഇന്ന് പുതിയൊരു സാമൂഹികക്രമത്തെ അഭിസംബോധന ചെയ്യുക യാണ്. നവസാങ്കേതികവിദ്യ സംഭാവനചെയ്യുന്ന ഉല്പന്നങ്ങളെ പരമാവധി പ്രയോ ജനപ്പെടുത്തിക്കൊണ്ട് വിനിമയത്തിന്റെ പുതിയുറസ്സുകൾ കണ്ടെത്തു വാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഉല്പാദനത്തിന്റെയും വിപണനത്തിന്റെയും ഉപഭോഗത്തിന്റെയും ദിശ ഏതുവഴിക്കാണെന്നതിന്റെ സൂചകമാണ് സിലിക്കൻ വാലിയുടെ വ്യാവസായിക വികസനം. വിനിമയത്തിന്റെ നൂതനസാ ദ്ധ്യതകൾ ആവിഷ്കരിച്ചുകൊണ്ട് അനുനിമിഷം വികസിക്കുന്ന മേഖലയായി നവസാങ്കേതി കവിദ്യയെ തിരിച്ചറിഞ്ഞിട്ടുണ്ട്. ആധുനികസമൂഹം ആധുനികാനന്തരസമൂഹമായി പരിവർത്തനപ്പെട്ടതിനു പിന്നിൽ നവസാങ്കേതികവിദ്യയും പ്രധാന സംഭാവന നൽകിയിട്ടുണ്ട്.

ആധുനികതയിൽ നിന്ന് ആധുനികാനന്തരത്തിലേക്കുള്ള സാമൂഹിക ക്രമ ത്തിന്റെ പരിണാമം നിരവധി ഘടകങ്ങളുടെ ഒത്തിണങ്ങലിലൂടെ സംഭവിച്ചു കൊണ്ടിരിക്കുന്നതാണെന്ന് ബോധ്യമായിട്ടുണ്ട്. അവയിൽ ഏറ്റവുംപ്രധാനമാണ് മാധ്യമ – വിനിമയ സാങ്കേതികരംഗത്തുണ്ടായ വികാസം. മാർഷൽ മക് ലൂഹൻ പ്രവചിച്ച ആഗോളഗ്രാമമെന്ന സങ്കല്പത്തിലേക്ക് വളരെപെട്ടെന്ന് എത്തിപ്പെ ടുവാൻ പുതിയ വിനിമയസംവിധാനങ്ങൾ വഴിയൊരുക്കിയിട്ടുണ്ട്. ആഗോളീകര ണത്തിന്റെ യുക്തികൾക്ക് വഴങ്ങുന്ന ഭാഷയിലേക്ക് വിനിമയ സംവിധാനങ്ങൾ പരിവർത്തനപ്പെട്ടത് ആധുനികാനന്തര അനുഭവമാണ്. ഉപസംസ്കാരങ്ങളെ ഇല്ലാ യ്മചെയ്തുകൊണ്ടാണ് ആഗോളീയത മുന്നേറുന്നത്. സംസ്കാരത്തിന്റെ തനതുമാതൃക

കളെ ഇല്ലാതാക്കിക്കൊണ്ടും ജീവിതം, തൊഴിൽ, പ്രകൃതി, സമ്പദ്വ്യവസ്ഥ, ഭരണം, രാഷ്ട്രം തുടങ്ങിയവയിൽ മനുഷ്യനുള്ള അവകാശങ്ങളും സാധ്യതകളും ഇല്ലയ്മചെയ്തുകൊണ്ടും ആഗോളീയത എന്ന പ്രതിഭാസം കരുത്താർജ്ജിക്കുന്നു. വൻകിട കോർപ്പറേറ്റുകളുടെ അധികാരപരിധിക്കകത്താണ് ആധുനികാനന്തര ജീവിതം പുലർന്നുപോരുന്നത്. സാങ്കേതികവിദ്യയുടെ വികാസം കോർപ്പറേറ്റു കളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതാകുന്നതോടെ പ്രതിരോധത്തിന്റെ അതിരു കൾ ചുരുങ്ങിപ്പോകുന്നു. അതുവഴി ദുർബലമായ പൊതുമണ്ഡലത്തെയും യാഥാർത്ഥ്യമാക്കിക്കഴിഞ്ഞു.ആഗോളപൗരന്മാരെ (Globapolitans) അഭിസം ബോധനചെയ്യുന്ന സാമൂഹികാവസ്ഥയിലേക്ക് ലോകം മാറിക്കഴിഞ്ഞു. വിവര സമൂഹത്തെക്കുറിച്ച് മുൻപ് സങ്കൽപ്പിച്ചതെല്ലാം അയഥാർത്ഥമായി ക്കൊണ്ടിരി ക്കുന്നു. ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും പതിവുരീതികളും മൂല്യസങ്കൽ പ്പങ്ങളും മറയുകയും ഉല്പന്നത്തിൽത്തന്നെ കാതലായ വ്യതിയാനം സംഭവിക്കു കയും ചെയ്യുന്നു. വ്യാജ അനുകരണങ്ങൾക്ക് (simulations) മുൻതൂക്കം ലഭിക്കുന്ന ഉല്പാദനമേഖലയെയാണ് ആധുനികാനന്തരകാലം അഭിമുഖീകരിക്കുന്നത്. വിവരങ്ങളുടെ പെരുക്കംസൃഷ്ടിക്കുന്ന സങ്കീർണ്ണതകളും മറ്റൊരുവശത്ത് നില നിൽക്കുന്നു. ഈ സാഹചര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടു മാത്രമേ വിനിമയ രംഗത്ത് താരതമ്യേന പുതിയതായി രൂപപ്പെട്ട നവമാധ്യമങ്ങളിലെ വ്യവഹാര സ്വഭാവം വിശകലനം ചെയ്യാനാവൂ.

നവമാധ്യമങ്ങളിലെ വ്യവഹാരരൂപങ്ങളെ യാഥാർത്ഥ്യമാക്കിയത് ഇന്റർ നെറ്റാണ്. ഇന്റർനെറ്റിന്റെ സഹായത്തോടെ, കമ്പ്യൂട്ടർ എന്ന യന്ത്രത്തെ പ്രയോ ജനപ്പെടുത്തിക്കൊണ്ട്, വിനിമയം സാദ്ധ്യമാക്കുന്ന വ്യവഹാരരൂപങ്ങൾ താഴെ പറയുന്നവയാണ്. എസ്.എം.എസ്.(മൊബൈൽ ഫോൺ വിനിമയ സംവി ധാനം) , ബ്ലോഗ്, സോഷ്യൽ നെറ്റുവർക്ക് സൈറ്റുകൾ, വെബ്സൈറ്റുകൾ, ഇ – പ്രസിദ്ധീകരണങ്ങൾ, ഓൺലൈൻ വിജ്ഞാനകോശങ്ങൾ, യൂ ട്യൂബ്, വാട്സ് ആപ്പ് ( വിവിധ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോൺ മെസഞ്ചർ സംവിധാനം), ട്രോൾ എന്നിയെയാണ് ഇവിടെ പരിഗണിക്കുന്നത്.

## 1.6.3.1. എസ്.എം.എസ്

160 അക്ഷരങ്ങളിൽ മൊബൈൽഫോൺ വഴി സന്ദേശവിനിമയം നടത്തുന്ന സംവിധാനമാണ് SMS (short message service) എന്ന പേരിൽ അറിയപ്പെടുന്നത്. ടെക്സ്റ്റ് മെസേജുകൾ പരസ്പരം കൈമാറാനുള്ള ഈ സംവി ധാനം ഇക്കാലത്തും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്.1992 ൽ ആദ്യ എസ്.എം.എസ് അയച്ചു എന്ന് കരുതപ്പെടുന്നു (https://en.wikipedia.org) സ്മാർട്ട് ഫോണുകളുടെ ആവിർഭാവത്തിനു മുൻപ് ഫോൺ വഴി സന്ദേശങ്ങൾ അയയ്ക്കാൻ ഈ മാർഗ്ഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇംഗ്ലീഷായിരുന്നു പൊതുഭാഷ. അഭിനന്ദനങ്ങൾ, അറിയിപ്പുകൾ തുടങ്ങിയ ചെറുസന്ദേശങ്ങൾ വളരെവേഗം കൈമാറുവാൻ ഈ സംവിധാനം പ്രയോജനപ്പെട്ടു. യുവത്വത്തിന്റെ സന്ദേശ വിനിമയ മാർഗ്ഗമായാണ് പൊതുവേ ഇത് അറിയപ്പെട്ടത്. വിശേഷമായ ഒരു വ്യവഹാരസ്വരൂപമായി എസ്.എം.എസ്.വളരുന്നതാണ് പിന്നീട് കണ്ടത്. കേവലം വ്യക്തികൾ തമ്മിലുള്ള വിനിമയത്തിന്റെ പരിധിവിട്ട് ഒരേസമയം നിരവധി പേരോട് സംവദിക്കാനുള്ള ഉപാധിയായി എസ്.എം.എസ്. പരിവർ ത്തനപ്പെട്ടു. തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും മറ്റും ഈ സംവിധാനം ഫലപ്രദ മായി വിനിയോഗിക്കപ്പെട്ടു. പൊതുമണ്ഡലത്തിലെ വിനിമയസം വിധാനമായി അത് വളർന്നു. എസ്.എം.എസ്.വഴിയുള്ള സാഹിത്യവിനിമയവും സാദ്ധ്യമായി രുന്നു. ചെറിയ വാക്യങ്ങളിൽ ഒരാശയം അവതരിപ്പിക്കുന്ന കവിതാരീതി മലയാളത്തിൽ സജീവമായത് ഈ ഘട്ടത്തിലാണ്. മൊബൈൽഫോണിന് അക്കാലത്ത് മലയാളഭാഷ വഴങ്ങുമായിരുന്നില്ല.ലിപ്യന്തരണ സംവിധാനം വഴിയാണ് മൊബൈലിൽ മലയാളം എഴുതിയിരുന്നത്. വീരാൻകുട്ടിയുടെ എസ്.എം.എസ്.കവിതകൾ പിറക്കുന്നത് ഇക്കാലത്താണ്. 'തൊട്ടുതൊട്ടു നടക്കുമ്പോൾ' എന്നപേരിൽ പിൽക്കാലത്ത് പ്രസിദ്ധീകരിച്ച എസ്.എം.

എസ്.കവിതകൾ ഇത്തരത്തിൽ എഴുതപ്പെട്ടവയാണ്. വീരാൻകുട്ടിയുടെ 'ആശ്ലേഷം' എന്ന കവിത ഇപ്രകാരമാണ്:

"ഭൂമിക്കടിയിൽ

വേരുകൾകൊണ്ട്

കെട്ടിപ്പിടിക്കുന്നു,

ഇലകൾ തമ്മിൽ

തൊടുമെന്ന് പേടിച്ച്

നാം

അകറ്റിനട്ട മരങ്ങൾ" (2016:09)

ഈ പ്രസിദ്ധകവിത ഇപ്രകാരം രൂപപ്പെട്ടതാണ്. ഒരുശ്വാസമെടുപ്പിന്റെ ഇട വേളകൊണ്ട് വായിച്ചുതീർക്കാൻ കഴിയുന്ന ഇത്തരം ധാരാളം കവിതകൾ വീരാൻകുട്ടി എഴുതി. ഇതൊരു പുതിയ കാവ്യരീതിയായി അംഗീകരിക്കപ്പെട്ടു. കാമ്പസ്സുകളിൽ ഈ കവിതകൾ വ്യാപകമായി വായിക്കപ്പെട്ടു.പുതുകവികൾ പലരും ഈ കാവ്യരീതി പരീക്ഷിച്ച് വിജയിക്കുകയുണ്ടായി. പിന്നീട് മലയാള കവിതയുടെ പൊതുഘടനയെത്തന്നെ സ്വാധീനിക്കാൻ ശക്തിയുള്ള കാവ്യരൂപമായി ഇത് മാറുന്നതുകാണാം. ബൃഹദാഖ്യാനങ്ങൾ അസ്തമിച്ചുതുടങ്ങുന്ന ഉത്തരാധുനികകാവ്യരീതിക്ക് ഇണങ്ങുന്നതായിരുന്നു എസ്.എം.എസ്. കവിതകൾ. ചെറിയ രൂപത്തിനുള്ളിൽ സ്ഫോടനശക്തിയുള്ള ആശയങ്ങൾ സംഭരിച്ചുവയ്ക്കാൻ ഈ കവിതാരീതിക്ക് കഴിഞ്ഞു. വേഗം പ്രധാനമായ കാലത്തിന് അനുയോജ്യമായ കാവ്യരീതിയായും അത് വിലയിരുത്തപ്പെട്ടു.നവമാധ്യമ ഉപയോക്താക്കളെ ലക്ഷ്യംവയ്ക്കുന്നതിനാൽ ആഖ്യാനത്തിൽ ലാളിത്യം നിലനിർത്തുവാനും എസ്.എം.എസ്.കവിതകൾ ശ്രമിച്ചിരുന്നു.ഇത് പുതിയൊരു വ്യവഹാര സന്ദർഭത്തെയും സാംസ്കാരികാന്തരീക്ഷത്തെയും സൃഷ്ടിച്ചു. 2010 ൽ പി.പി.റഹീന ആരം

ഭിച്ച 'പൊടിമോൻ' എന്ന എസ്.എം.എസ്. മാഗസിൻ ഈ മേഖലയിലെ ആദ്യ ചുവടുവയ്പ്പായി. ചെറുകവിതകളും കഥകളും അതിൽ ഉൾപ്പെട്ടിരുന്നു.സതീഷ് കുതിരപ്പാലത്തിന്റെ 'ഉള്ളം', വി.എച്ച്.നിഷാദിന്റെ എസ്.എം.എസ്.വാലാ എന്നിവയും ഇക്കൂട്ടത്തിൽ പെടുന്നു. കവിത,കഥ, സിനിമ നിരൂപണം, പുസ്തകനിരൂപണം എന്നിവ ചെറുസന്ദേശരൂപത്തിൽ അയച്ചുകൊടുക്കുന്ന രീതിയായിരുന്നു ഇവയെല്ലാം പിന്തുടർന്നത്. രചനയും പ്രസാധനവും ഒരാളിൽ കേന്ദ്രീകരിക്കുന്ന പുതുമാധ്യമരീതിയുടെ ആദ്യകാല മാതൃകയായി ഇതിനെ കാണാവുന്നതാണ് ( വി.എച്ച്.നിഷാദ് ; 189,2015 : 190)

## 1.6.3.2. ഇ – മെയിൽ

ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ രൂപംകൊണ്ട ഒരു നവവിനിമയ സമ്പ്രദായമാണ് ഇ – മെയിൽ. സന്ദേശങ്ങൾ അയയ്ക്കാനും സ്വീകരിക്കാനും കഴിയുന്ന ഒരു നൂതനസമ്പ്രദായം എന്ന നിലയിൽ 1972 ൽ റേ ടോമിൾസൺ തുടക്കം കുറിച്ച ഇ – മെയിൽ (സേതുമാധവൻ,പി 1999 :25) വികാസത്തിന്റെ പല ഘട്ടങ്ങളും പിന്നിട്ട് ഇന്ന് മികച്ച വിനിമയമാർഗ്ഗമായി മാറിയിട്ടുണ്ട്. തപാലിന്റെയും ഫോണിന്റെയും സേവനങ്ങൾ കോർത്തിണക്കി നിർമ്മിച്ച ഇ – മെയിൽ കോടിക്കണക്കിനു ജനങ്ങൾ ലോകമെമ്പാടും ഉപയോഗിക്കുന്നു. വിവിധ നവമാധ്യമരൂപങ്ങളുമായി കണ്ണികൾ ചേർക്കുകവഴി ഇ–മെയിലിൽ വന്നുചേരുന്ന സന്ദേശങ്ങളുടെ സ്വഭാവത്തിനും മാറ്റം വന്നിട്ടുണ്ട്.സന്ദേശങ്ങൾ ആകർഷകമാക്കാനും അനുബന്ധഫയലുകൾ കൂട്ടിച്ചേർക്കാനും ഇ-മെയിലിൽ സംവിധാനമുണ്ട്. കൈകാര്യം ചെയ്യാനുള്ള എളുപ്പം, വേഗം എന്നിവ ഇ –മെയിലിനെ സന്ദേശവിനിമയരംഗത്തെ പ്രധാന ഉപാധിയാക്കി മാറ്റിയിട്ടുണ്ട്.

## 1.6.3.3.വെബ് സൈറ്റ്

ഒരു വെബ്സെർവറിൽ സൂക്ഷിച്ചിരിക്കുന്നതും ഇന്റർനെറ്റ് വഴി ഉപയോഗിക്കുവാൻ പറ്റുന്നതും പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നതുമായ വെബ് താളുകൾ,

ചിത്രങ്ങൾ, ചലച്ചിത്രങ്ങൾ, ശബ്ദരേഖകൾ തുടങ്ങിയവയുടെ ശേഖരമാണ് ഒരു വെബ്സൈറ്റ്.( https:// ml.wikipedia.org) ഇന്റർനെറ്റിലെ പ്രധാന വിഭവ കേന്ദ്രമായാണ് വെബ്സൈറ്റിനെ പരിഗണിക്കുന്നത്. വേൾഡ് വൈഡ് വെബി ലെ (WWW) ഏതെങ്കിലുമൊരു ഡൊമൈനിലോ സബ്ഡൊമൈനിലോ ഹോസ്റ്റു ചെയ്യുന്ന, വെബ് പേജുകളുടെയും ദൃശ്യങ്ങളുടെയും വീഡിയോയുടെയും മറ്റു ഡിജി റ്റൽ ഉള്ളടക്കങ്ങളുടെയും ശേഖരങ്ങൾ എച്ച്.ടി.എം.എൽ.,എക്സ്.എം.എൽ. തുട ങ്ങിയ മാർക്ക്അപ്ഭാഷകൾ ഉപയോഗിച്ച് പരസ്പരം ബന്ധിപ്പിച്ചാണ് ഒരു വെബ്സൈറ്റ് നിർമ്മിക്കുന്നത്. (സുനീത, 2012 ; 64)

ഇന്റർനെറ്റിന്റെ വികാസദശയിൽ http://info.cern.ch/hypertext/ WWW/ TheProject.html. എന്നവിലാസത്തോടുകൂടി 1991 ആഗസ്റ്റ് 6 ന് പ്രത്യക്ഷപ്പെട്ട വെബ്പേജാണ് ലോകത്തിലെ ആദ്യ വെബ്സൈറ്റായി പരിഗണിക്കപ്പെടുന്നത്. (https://www. google.com) ചെലവ്കൂടിയ പ്രവർത്തനമാകയാൽ വെബ്സൈറ്റു കളുടെ നിർമ്മാണം ആദ്യകാലത്ത് സാവധാനത്തിലാണ് നടന്നിരുന്നത്. എന്നാൽ ക്രമേണ നിർമ്മാണച്ചെലവ് കുറയുകയും വെബ്സൈറ്റുനിർമ്മാണം ദ്രുത ഗതിയിലാവുകയും ചെയ്തു. 1997 ൽ ആരംഭിച്ച ദീപിക .കോം ആണ് മലയാള ത്തിലെ ആദ്യ വെബ്സൈറ്റ്. തുടർന്ന് മലയാളത്തിലെ വർത്തമാനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വെബ്സൈറ്റുകൾ ആരംഭിച്ചു.വെബ് 2.0 യുടെ ആവിർഭാവത്തോടെ വെബ്സൈറ്റുകളുടെ ഘടനയിൽത്തന്നെ മാറ്റം വന്നു. വിനിമയരംഗത്തെ ഏറ്റവും നൂതനമായ പ്രതിഭാസങ്ങൾക്ക് ചുക്കാൻ പിടി ക്കുന്ന മാധ്യമ ഇടമാണ് ഇന്ന് വെബ്സൈറ്റുകൾ.

### 1.6.3.4. ഇ- പ്രസിദ്ധീകരണങ്ങൾ

നവമാധ്യമങ്ങൾക്ക്മാത്രം സാദ്ധ്യമാകുന്ന ഒന്നാണ് ഇ- പ്രസിദ്ധീകരണ ങ്ങൾ. വിവിധ വെബ്സൈറ്റുകളിലായി പരന്നുകിടക്കുന്ന ഇത്തരം പ്രസിദ്ധീകരണ ങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുക ബുദ്ധിമുട്ടാണ്. ജന്മനാതന്നെ ഇലക്ട്രോണിക് ജേർണലുകളായിട്ടുള്ളവയും പ്രിന്റിൽനിന്ന് പിന്നീട് ഇലക്ട്രോണിക് ജേർ

ണലിലേക്ക് വന്നവയും ഈ വിഭാഗത്തിലുണ്ട്. മറ്റ് പ്രസിദ്ധീകരണങ്ങൾക്ക് അവകാശപ്പെടാനാവാത്ത പല ഗുണങ്ങളും ഇ – പ്രസിദ്ധീകരണങ്ങൾക്കുണ്ട്. പേജുകൾക്ക് പരിധിയില്ല എന്നതിനാൽ എത്ര രചനകൾ വേണമെങ്കിലും ഇവയിൽ ഉൾപ്പെടുത്താനാവും. അച്ചടിമാധ്യമങ്ങളിലെപ്പോലെ നിലവാരത്തെ സംബന്ധിച്ച പിടിവാശികൾ ഇത്തരം പ്രസിദ്ധീകരണങ്ങൾക്കില്ല. അതുകൊണ്ട് പുതിയ എഴുത്തുകാർക്കും അച്ചടിമാധ്യമങ്ങളിൽ ഇടം ലഭിക്കാതെ പോയവർക്കും ഇവിടെ ഇടം ലഭിക്കുന്നു. പുതിയ ഭാവുകത്വത്തെ അഭിസംബോധനചെയ്യാൻ ഇത്തരം പ്രസിദ്ധീകരണങ്ങൾക്കാവുന്നുണ്ട്. കഴിഞ്ഞുപോയ ലക്കങ്ങൾ സൈറ്റിൽത്തന്നെ സൂക്ഷിച്ച വയ്ക്കുന്നതിനാൽ വായനക്കാർക്ക് ആവശ്യമുള്ളപ്പോൾ അവ തിരഞ്ഞെടുത്ത് വായിക്കാൻ അവസരം ലഭിക്കുന്നു. രചനകളുടെ അവതരണത്തിലും ഉള്ളടക്കത്തിലും പുതുമയും ആകർഷകത്ത്വവും കൊണ്ടുവരാൻ ഇ – പ്രസിദ്ധീകരണങ്ങൾക്ക് കഴിയും. മൾട്ടി മീഡിയയുടെ ഉപയോഗം അവയെ കൂടുതൽ ആകർഷകമാക്കുന്നു. മലയാളത്തിൽ ശ്രദ്ധേയമായ ഇ – പ്രസിദ്ധീകരണങ്ങളുണ്ട്. പുഴ , ഹരിതകം, അയനം, മൂന്നാമിടം, മലയാളനാട്, തുഷാരം, ജയകേരളം, നാട്ടുപച്ച, ചിരിച്ചെപ്പ്, കണിക്കൊന്ന, ഇ – പത്രം, അശ്വമേധം, സായുജ്യം തുടങ്ങിയവ ഈ മേഖലയിലെ ജനപ്രിയ പ്രസിദ്ധീകരണങ്ങളാണ്. എഴുത്തിലും വായനയിലും പുതുവഴികൾ തുറന്നുവയ്ക്കാൻ ഈ പ്രസിദ്ധീകരണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

### 1.6.3.5.ഓൺലൈൻ വിജ്ഞാനകോശങ്ങൾ

നവമാധ്യമങ്ങളിലെ സുപ്രധാനമായ ഒരു വ്യവഹാരമാതൃകയാണ് ഓൺലൈൻ വിജ്ഞാനകോശങ്ങൾ. വിവരങ്ങൾ ശേഖരിച്ച് ഏറ്റവും വേഗത്തിൽ ഉപയോക്താക്കൾക്ക് എത്തിച്ചുകൊടുക്കുക എന്ന സേവനമാണ് ഇത്തരം വിജ്ഞാനകോശങ്ങൾ നിർവഹിക്കുന്നത്. അറിവിന്റെ വിതരണരംഗത്ത് വലിയ ചലനമുണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.ഓൺലൈൻ സൗജന്യവിജ്ഞാനകോശങ്ങളുടെ നിർമ്മാണമാണ് ഈ രംഗത്തെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പ്. ഉള്ളടക്കനിർമ്മാണത്തിലും ഉപയോഗത്തിലും പങ്കാളിത്തമുള്ള

സ്വതന്ത്രവിജ്ഞാനകോശം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ ആവിഷ്കർത്താവായ റിച്ചാർഡ് സ്റ്റാൾമാനാണ്. ആ ആശയത്തിന്റെ വിപുലീകരണമാണ് വിക്കിപീഡിയ. 2001 ജനവരി 15 ന് വിക്കിപീഡിയ ആരംഭിച്ചു. ലോകത്തിലെ ഏറ്റവുംവലിയ ഓൺലൈൻ സ്വതന്ത്രവിജ്ഞാനകോശമായി അത് നിലനിൽക്കുന്നു.(സുനീത,ടി.വി. 2012 : 73)2002 ൽ വിനോദ് എം.പി. മലയാളം വിക്കിപീഡിയക്ക് തുടക്കം കുറിച്ചു. തുടക്കം മന്ദഗതിയിലായിരുന്നെങ്കിലും 2006 ആയപ്പോഴേക്ക് മലയാളം വിക്കിപീഡിയ കരുത്താർജ്ജിച്ചു. വിവരശേഖരണത്തിനായി ഏറ്റവും എളുപ്പത്തിൽ ആശ്രയിക്കാവുന്ന വ്യവഹാര ഇടമായി മലയാളം വിക്കിപീഡിയയെ തിരിച്ചറിഞ്ഞിട്ടുണ്ട്. മലയാളം വിക്കിപീഡിയയിലെ ലേഖനങ്ങളുടെ നിർമ്മാണരീതിയും ലേഖനങ്ങളുടെ സ്വഭാവവും ഇപ്രകാരമാണ്:

'വിക്കിപീഡിയയിലെ ഒരു ലേഖനത്തിനും കൃത്യമായൊരു രചയിതാവില്ല. അതായത് ഒരു ലേഖനത്തിനു പിന്നിൽ പ്രവർത്തിച്ചവർ പലരുണ്ടാവും. കൂടുതൽ കണ്ണുകൾ കാണുകയും തിരുത്തുകയും ചെയ്യുമ്പോൾ ലേഖനങ്ങളുടെ ഗുണനിലവാരം ഉയരുന്നു എന്നതാണ് മലയാളം വിക്കിപീഡിയയുടെയും മറ്റ് വിക്കികളുടെയും പ്രവർത്തനതത്ത്വം. ഉദാഹരണത്തിന് ഒറ്റവരിലേഖനത്തെ മറ്റ് ഉപയോക്താക്കൾ വന്ന് കൂടുതൽ വിവരങ്ങൾ ചേർത്ത് വലുതാക്കി എടുക്കാറുണ്ട്. ചാലക്കുടി എന്ന ലേഖനം ഇരുപതോളംപേർ ചേർന്ന് 700-ഓളം തവണ വെട്ടിയും തിരുത്തിയും വിവരങ്ങൾ കൂട്ടിച്ചേർത്തും എഴുതിയതാണ്.

ഇങ്ങനെ അനേകം വിക്കിപീഡിയരുടെ ശ്രമഫലമായി ഇന്ന് മലയാളം വിക്കിപീഡിയയിൽ ചെറുതും വലുതുമായി 60,870-ൽ ഏറെ ലേഖനങ്ങൾ ഉണ്ട്. എല്ലാ മാസവും മുന്നൂറോളം പുതിയ ലേഖനങ്ങൾ ചേർക്കപ്പെടുന്നു. പല ലേഖനങ്ങളും സചിത്ര ലേഖനങ്ങൾ ആണ്. ലേഖനങ്ങളിലെ ചിത്രങ്ങളും വിക്കിപീഡിയർമാർ തന്നെയാണ് സംഭാവന ചെയ്യുക. മലയാളം വിക്കിപീഡിയയിൽ ഉള്ള ലേഖനങ്ങളിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട്, എ.കെ. ആന്റണി, വി.എസ്.

അച്യുതാനന്ദൻ, മാണിമാധവചാക്യാർ, രാജാരവിവർമ്മ, തുടങ്ങിയവരുടെ ജിവ ചരിത്രലേ ഖന ങ്ങൾ, സിന്ധുനദീതടസംസ്കാരം, കേരളത്തിലെനാട്ടുരാജ്യങ്ങൾ, മാമാങ്കം , തുടങ്ങിയ ചരിത്ര ലേഖനങ്ങൾ, സൂപ്പർനോവ, ജ്യോതിശാസ്ത്രം, തുട ങ്ങിയ ശാസ്ത്ര ലേഖനങ്ങൾ, കേരളത്തിലെയും ലോകത്തിലെ പല സ്ഥലങ്ങളെ യുംകുറിച്ചുള്ളഭൂമിശാസ്ത്ര ലേഖനങ്ങൾ, ഇസ്ലാംമതം, ക്രിസ്തുമതം, ഹിന്ദുമതം, തുട ങ്ങിയ മതപരമായ ലേഖനങ്ങൾ, കണ്ണ്, ചെവി, ആന, വിശറിവാലൻകുരമാൻ, തുടങ്ങിയ ജീവശാസ്ത്രലേഖനങ്ങൾ, സദ്യ, ചോക്കളേറ്റ് കേക്ക്, തുടങ്ങിയ ഭക്ഷണ സംബന്ധിയായ ലേഖനങ്ങൾ, ഖസാക്കിന്റെ ഇതിഹാസം, മഞ്ഞിൽ വിരിഞ്ഞ പൂക്കൾ (മലയാളചലച്ചിത്രം) തുടങ്ങിയ സിനിമ / നോവൽ സംബന്ധിയായ ലേഖനങ്ങൾ, കുട്ടിയും കോലും, കിശേപ്പി, ക്രിക്കറ്റ്, തുടങ്ങിയ കളികളെക്കുറിച്ചുള്ള ലേഖനങ്ങൾ, ലളിതകലകളെയും ക്ഷേത്രങ്ങളെയും കുറിച്ചുള്ള ലേഖനങ്ങൾ, എന്നുവേണ്ട, മലയാളം അറിയാവുന്ന വായനക്കാർക്ക് വിജ്ഞാനപ്രദമായ എന്തും വിക്കിപീഡിയയിൽ ലേഖനങ്ങൾക്ക് വിഷയമാവുന്നു' ((https://ml.wikipedia.org/wik accessed 25.12.2018)

കേവലം അറിവ് പകർന്നുകൊടുക്കുന്ന ഒരിടമെന്ന നിലയിലയിൽ മാത്രമല്ല വിക്കിപീഡിയ പ്രവർത്തിക്കുന്നത് എന്നാണ് ഇത് തെളിയിക്കുന്നത്. അറിവിന്റെ ജനാധിപത്യ ഇടമായും എഴുത്തിടമായും വിവരസൂക്ഷിപ്പിടമായും അത് നില നിൽക്കുന്നു. വിജ്ഞാനരംഗത്തെ പല മാമൂലുകളും കടപുഴകിവീഴുന്നതിന് ഇത് കാരണമായിട്ടുണ്ട്. എഴുത്തിലും വായനയിലും പുതുശീലങ്ങൾ ഉണ്ടാക്കുവാനും കഴിഞ്ഞു. പുതിയ പദങ്ങളും പദസംഘാതങ്ങളും രൂപപ്പെടുകയും അതുവഴി ഭാഷ യുടെ ഇടം വിസ്തൃതമാവുകയും ചെയ്തു. കേരളത്തെ അറിവിടമായും അറിവിന്റെ ജനാധിപത്യ മേഖലയായും രൂപപ്പെടുത്തുന്നതിൽ ഓൺലൈൻ സൗജന്യവി ജ്ഞാനകോശങ്ങൾ സഹായിച്ചിട്ടുണ്ട്. തിരമൊഴിയുടെയും (hyper text) തിരക്ക ണ്ണികളുടെയും (hyper link) സാദ്ധ്യത പ്രയോജനപ്പെടുത്തുകവഴി ശ്രമരഹിതവും ആകർഷകവുമായ മാധ്യമമായി വിക്കിപീഡിയ മാറി.

## 1.6.3.6.ബ്ലോഗ് (Blog)

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഇന്റർനെറ്റിൽ പ്രത്യക്ഷമായ ഒരു വ്യവഹാരരൂപമാണ് ബ്ലോഗ്. ഇന്റർനെറ്റ് ഉപയോക്താക്കളിൽ ബഹുഭൂരിപക്ഷത്തെയും ഈ വ്യവഹാരരൂപം ആകർഷിക്കുകയുണ്ടായി. വെബ്സൈറ്റുകളുടെ ഘടനയിൽനിന്ന് തികച്ചും വ്യസ്ത്യസ്തമായാണ് ബ്ലോഗുകൾ നിലകൊള്ളുന്നത്. ഇന്റർനെറ്റ് നൽകുന്ന സൗജന്യ സ്ഥലം പ്രയോജനപ്പെടുത്തി ആർക്കും ബ്ലോഗുനിർമ്മിക്കാം എന്നതിനാൽ ബ്ലോഗുനിർമ്മാണത്തിലേക്ക് ധാരാളം പേർ കടന്നുവന്നു. ഉപയോക്താക്കൾക്ക് ഇത്രമാത്രം സ്വാതന്ത്ര്യവും സേവനവും നൽകുന്ന മറ്റൊരു വ്യവഹാരരൂപവും അതിനുമുൻപ് ഇന്റർനെറ്റിൽ ഉണ്ടായിരുന്നില്ല എന്നതിനാൽ ബ്ലോഗുകളുടെ പ്രചാരണം അതിവേഗത്തിലായി. പത്തു മില്യണിലധികം ബ്ലോഗുകൾ ഇന്റർനെറ്റിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. (Elmine Wijina, 2005 : 4) പുതിയ വ്യവഹാരരൂപങ്ങൾ കടന്നുവന്നതോടെ ബ്ലോഗിന്റെ നിർമ്മാണത്തിലും പ്രചാരത്തിലും കുറവുവന്നിട്ടുണ്ട്.

വെബ് ലോഗ് (Web Log) എന്നപദത്തിന്റെ ചുരുക്കരൂപമാണ് ബ്ലോഗ് (Blog.) ജോൺ ബാർജർ (Jorn Barger) ആണ് വെബ്ലോഗ് എന്നപദം ആദ്യമായി ഉപയോഗിച്ചത്.1999 ആയപ്പോഴേക്കും പീറ്റർ മെർഹോൾസ് (Peter Merholz)  വീ ബ്ലോഗ് (Wee Blog) എന്നും പിന്നീട് ബ്ലോഗ് (Blog) എന്നും അതിനെ പുനർനാമകരണം ചെയ്യുകയുണ്ടായി. (2010:229)സാർവത്രികമായി ഇപ്പോൾ ബ്ലോഗ് എന്ന പദമാണ് ഉപയോഗിച്ചുവരുന്നത്. 19914 ൽ സാർത് മോർ കോളേജിലെ വിദ്യാർത്ഥിയായിരുന്ന ജസ്റ്റിൻ ഹാൾ നടത്തിയ ഓൺലൈൻ ആശയവിനിമയമാണ് ബ്ലോഗിന്റെ തുടക്കത്തിന് കാരണമായത്. ( ആദർശ്, വി.കെ. 2009 :28)  ഇതൊരു വെബ്പേജ് സേവനമാണ്. വെബ്സൈറ്റിന്റെ ചെറുപതിപ്പായാണ് ബ്ലോഗ് സങ്കല്പിക്കപ്പെടുന്നത്. പൊതുസമൂഹത്തിന് ലഭ്യമാകുന്നതരത്തിൽ സ്വകാര്യഎഴുത്തുകൾ കുറിച്ചുവയ്ക്കുന്ന താളുകളായാണ് ബ്ലോഗുകൾ

നിലകൊള്ളുന്നത്. നവമാധ്യമങ്ങളിൽ ചരിത്രപരമായ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ബ്ലോഗ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നവമാധ്യമത്തിന്റെ സംഭാവന യായി പിറന്നുവീണ ബ്ലോഗുകൾ ക്രമേണ സാമൂഹികവ്യവഹാരത്തിന്റെ സ്വഭാവം പ്രകടിപ്പിച്ചുതുടങ്ങി. സ്വരൂപത്തിലും സ്വഭാവത്തിലും വ്യക്തിഗതമായിരിക്കുമ്പോഴും സാമൂഹിക ഇടപെടലിന്റെ മികച്ചമാതൃകയായി ബ്ലോഗ് മാറുന്നു. ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്ന രചനകൾ (post) ബൃഹത്തായ വായനാസമൂഹത്തി ലേക്കാണ് കടന്നുചെല്ലുന്നത്. ബ്ലോഗുകളെ പരസ്പരം കൂട്ടിയിണക്കുന്ന സംവിധാനം നിലവിലുള്ളതിനാൽ അവയുടെ വ്യാപനസാധ്യതയും വളരെക്കൂടുതലാണ്. വായനക്കാരുടെ അഭിപ്രായങ്ങൾ (coments) ബ്ലോഗിനെ സംവാദാത്മകമാക്കാൻ സഹായിക്കുന്നു. ഇന്റർനെറ്റിലെ ഏറ്റവും ജനകീയമായ പ്രസിദ്ധീകരണ മേഖലകളിൽ ഒന്നായാണ് ബ്ലോഗുകൾ പരിഗണിക്കപ്പെട്ടിരുന്നത്. സമൂഹമാധ്യമസൈറ്റുകളും സ്മാർട്ഫോൺവിനിമയ സംവിധാനങ്ങളും വന്നതോടെ ഇതിന് മാറ്റമുണ്ടായി. ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിലിരുന്ന് ഒരാൾക്ക് വെബ്ശൃംഖലയിലെ മറ്റാളുകളുമായി ലളിതവും ചെലവുകുറഞ്ഞതുമായ രീതിയിൽ ആശയവിനിമയം നടത്താൻ കഴിയുന്നു എന്നത് ബ്ലോഗിന്റെ ഒരു മേന്മയാണ്.ബ്ലോഗുകൾ അതിന്റെ ആദ്യകാല ലക്ഷ്യങ്ങളിൽനിന്ന് ബഹുദൂരം വളർന്നുകഴിഞ്ഞു. ബ്ലോഗുകളെ ഫിഫ്ത് എസ്റ്റേറ്റ് എന്നാണ് ഇപ്പോൾ വിളിക്കുന്നത്. സിറ്റിസെൻ ജേർണലിസത്തിന്റെ മികച്ച സാദ്ധ്യതകൾ അത് പ്രയോ ജനപ്പെടുത്തുന്നു. ലണ്ടനിലെ സ്പീക്കേഴ്സ് കോർണറുമായി ബ്ലോഗിനെ സാദൃശ്യ പ്പെടുത്തുന്ന നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. (WijinaElmine, 2005 : 8) ലണ്ടണിലെ പ്രസിദ്ധമായ ഹൈഡ് പാർക്കിൽ വൈകുന്നേരം ചില ആൾക്കാർ ഒത്തുകൂടും.ആരെങ്കിലും ഒരാൾ പാർക്കിലെ ഒരു ബോക്സിന് മുകളിൽ കയറി നിന്ന് ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കും. മറ്റു ചിലർ അതിനെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തും. ബ്ലോഗിലെ പോസ്റ്റുകൾ ഈ ബോക്സ് പ്രസംഗത്തിന് തുല്യമാണ്. പോസ്റ്റുകൾക്കുള്ള കമന്റ് അഭിപ്രായപ്രകടനക്കാർക്ക് പകരം നിൽക്കുന്നു. ആശയവിനിമയത്തിന്റെ ഏറ്റവും ശക്തമായ മാർഗ്ഗമായ

ഡയലോഗിന്റെ പ്രയോഗമാണ് ഇവിടെ നടക്കുന്നത്. ഒരാശയത്തെ പല മനസ്സുകളിലേക്ക് ചിതറിച്ചുകൊടുത്ത് ഫലം കൊയ്യുന്ന പ്രക്രിയയാണ് ഇതുമൂലം സാധ്യമാകുന്നത്. ഹെബർമാസിന്റെ Public Sphere സിദ്ധാന്തപ്രകാരം ബ്ലോഗിനെ പഠിക്കാനുള്ള ശ്രമവും നടന്നിട്ടുണ്ട്.( Wijina Elmine, 2005 : 12) ഹെബർമാസിന്റെ (Habermas) സിദ്ധാന്തപ്രകാരം, മനുഷ്യർ തമ്മിലുള്ള ബന്ധത്തിന് പരമപ്രാധാന്യമുണ്ട്. ആശയവിനിമയത്തിലൂടെ മനുഷ്യർ പരസ്പരം ബന്ധപ്പെട്ട് ഒരു പൊതു ധാരണയിലെത്തേണ്ടതുണ്ട്. സാമൂഹിക നീതിയിൽ അടിയുറച്ച് വിശ്വസിക്കുന്ന സമൂഹങ്ങളുടെ കാര്യത്തിൽ ഇത് അനിവാര്യമാണ്.ലോകത്തെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനത്തിന് ആശയവിനിമയത്തിലൂടെ പൊതുസമ്മതി സ്വായത്തമാക്കേണ്ടത് അത്യാവശ്യമാണ്. അടിയുറച്ച ഒരു സമൂഹഘടനയ്ക്കും അതിന്റെ നൈരന്തര്യത്തിനും ഇത് ആവശ്യമാണ്. യഥാർത്ഥ ജ്ഞാനം എന്നത് പാറപോലെ ഇളകാത്ത ഒന്നല്ല. ആശയവിനിമയത്തിലൂടെയും നിരന്തര ചർച്ചകളിലൂടെയും അത് ഇളക്കി പ്രതിഷ്ഠിച്ചേക്കാം. അപ്പോൾ യഥാർത്ഥജ്ഞാനം എന്നത് പുതിയപരി പ്രേക്ഷ്യത്തിൽ മനസ്സിലാക്കപ്പെടുന്നു. ചർച്ചയെ ആധാരമാക്കി നിർവഹിക്കപ്പെടുന്ന ആശയസംവാദങ്ങൾ യുക്തിസഹം (Rational) ആണ്. യുക്തിസഹം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒത്തുതീർപ്പിൽ എത്തുക എന്നാണ്. ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവ് സമൂഹത്തിലെ പൊതുഇടങ്ങൾ ഇല്ലാതാക്കി എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നവമാധ്യമങ്ങൾ ഇത്തരം പൊതുഇടങ്ങൾ തിരിച്ചുകൊണ്ടുവരുന്നു എന്ന് കാണാം. സൈബർ വ്യവഹാരങ്ങളിൽ പ്രമുഖസ്ഥനം വഹിക്കുന്ന ബ്ലോഗുകൾ ഹെബർമാസ് വിഭാവനചെയ്യുന്ന പൊതുഇടത്തിലെ ചർച്ചകൾക്ക് ഒരു പരിധിവരെ പകരംനിൽക്കുന്നുണ്ട്. ബ്ലോഗിലെ പോസ്റ്റുകളെ അനൗപചാരികവ്യവഹാരമായാണ് പരിഗണിക്കുന്നത്.വ്യക്തിനിഷ്ഠമായ ആശയങ്ങൾക്ക് പ്രാധാന്യമുള്ള വ്യവഹാര മാണത്. എന്നാൽ ബ്ലോഗിന്റെ വികാസചരിത്രം വ്യക്തമാക്കുന്നത്, പലപ്പോഴും ഔപചാരിക വ്യവഹാരത്തിന്റെ തലത്തിലേക്ക് അത് മാറുന്നുണ്ട് എന്നാണ്.ഔപചാരിക വ്യവഹാരങ്ങൾക്ക് നിർവഹിക്കാൻ കഴിയുന്ന വിവര - വിജ്ഞാനവിനിമയം ബ്ലോ

ഗിന് സാധ്യമാകുന്നുണ്ട്. അനൗപചാരിക കേന്ദ്രത്തിൽനിന്ന് രൂപപ്പെടുകയും പിന്നീട് പൊതുസമൂഹത്തിലേക്ക് കടന്നുവന്ന് ഔപചാരികമായി മാറുകയും ചെയ്യുന്ന വിവരമണ്ഡമായി ബ്ലോഗിനെ വിലയിരുത്താവുന്നതാണ്. സലാം പാസ്കലിന്റെ What is Read എന്ന ബ്ലോഗിന് മാധ്യമചരിത്രത്തിൽ ലഭ്യമായ സ്വീകാര്യത ഇക്കാര്യം വ്യക്തമാക്കുന്നു. ബാഗ്ദാദ് യുദ്ധത്തിലെ യാഥാർത്ഥ്യങ്ങൾ വെളിവാക്കുന്ന വാർത്തകളും ചിത്രങ്ങളും തന്റെ ബ്ലോഗിലൂടെ പ്രസിദ്ധീകരിച്ച സലാം പാസ്കൽ വിനിമയത്തിന്റെ ചരിത്രത്തിൽ ബ്ലോഗിനുള്ള ശക്തി വെളിപ്പെടുത്തുകയായിരുന്നു. ബാഗ്ദാദിലെ അമേരിക്കൻ ബോംബാക്രമണത്തെക്കുറിച്ച് ഞെട്ടിക്കുന്ന വസ്തുതകളാണ് അദ്ദേഹം പുറത്തുകൊണ്ടുവന്നത്. ഔദ്യോഗിക മാധ്യമങ്ങൾ നൽകാതിരുന്ന വാർത്തകളാണ് ബ്ലോഗിലൂടെ പുറത്തുവന്നത്. വിവരങ്ങൾ കാവൽ പരിശോധന (gate keeping) ഇല്ലാതെ കടന്നുവരുന്ന സ്വതന്ത്രമാധ്യമമായി ബ്ലോഗ് വളരുന്നത് പിന്നീട് കാണുന്നു.

വ്യവഹാരരൂപങ്ങൾക്കുള്ള കേന്ദ്രീകൃതസ്വഭാവത്തെ പ്രധിരോധിക്കുന്നവയാണ് ബ്ലോഗുകൾ. വൈകാരികവിഷയങ്ങളും പൗരാവകാശപ്രശ്നങ്ങളും ബ്ലോഗ് ചർച്ചചെയ്യുന്നുണ്ട്. (http://www.pewinternet.org) ബ്ലോഗിൽ പ്രത്യക്ഷപ്പെടുന്ന ഒരു രചന ഒറ്റപ്പെട്ട ഒരു വ്യവഹാരമായല്ല നിൽക്കുന്നത്.ഒരുപോസ്റ്റിനു ലഭ്യമാകുന്ന അനവധി കമന്റുകൾ ആ ബ്ലോഗിന്റെ ആശയതലത്തിലുള്ള കേന്ദ്രീകരണത്തെ ശിഥിലമാക്കിക്കളയുന്നു.മറ്റ് ബ്ലോഗുകളിലേക്കുള്ള തുടർച്ചയായി അത് മാറുന്നു. അങ്ങനെ വ്യവഹാരസന്ദർഭത്തെ വികേന്ദ്രീകരിച്ചുകൊണ്ടാണ് ബ്ലോഗ് രചനകൾ മുന്നേറുന്നത്. ബ്ലോഗുകൾ ജനാധിപത്യ ചർച്ചകൾക്കുള്ള (Democratic Deliberation) വേദികൾ കൂടിയാണ് .പൊതുസമൂഹത്തെ ബാധിക്കുന്ന പലവിഷയങ്ങളും ബ്ലോഗിൽ ചർച്ചയാകുന്നു.ലോകത്താകമാനം നടക്കുന്ന സംഭവങ്ങളെ ജനാധിപത്യ കാഴ്ചപ്പാടിൽ വിലയിരുത്താൻ ബ്ലോഗ് എന്ന ഒരു പൊതുവേദി തുറന്നുകിട്ടുകയാണ്.സൈബർജനാധിപത്യത്തിന്റെ രൂപീകരണത്തിന് ഇത് അവസരമൊരുക്കുന്നു. ബ്ലോഗുകൾ പൊതുവ്യവഹാരത്തിന്റെ(Public Discourse) പ്രസിദ്ധവും പ്രാപ്യവുമായ രൂപമാണ്.ഏതെങ്കിലും കേന്ദ്രത്തിൽനിന്ന് നിയന്ത്രണം

പ്രതീക്ഷിക്കുന്ന വ്യവഹാരമല്ല അത്.ആശയങ്ങൾ തുറന്ന വേദിയിൽ ചർച്ചചെയ്യുന്ന അനുഭവമാണ് അതുണ്ടാക്കുന്നത്.മാധ്യമഅജണ്ട ഇവിടെ അപ്രസക്തമാകുന്നു. പ്രത്യേക പരിശീലനമോ അദ്ധ്വാനമോ കൂടാതെ ഒരാൾക്ക് ഇടപെടാൻ കഴിയുന്ന വ്യവഹാര പരിസരമാണിത്.

ഹെബർമാസ് സൂചിപ്പിക്കുന്ന സലൂണുകളുടെ സ്വഭാവം ബ്ലോഗുകൾ കയ്യാളുന്നതു കാണാം. ബ്ലോഗുകൾ വ്യക്തിഗതമാണെന്ന് പറയുമ്പോഴും അത് നൂറുശതമാനവും വ്യക്തിഗതമാണെന്ന് വിചാരിക്കാനാവില്ല.അവ പ്രത്യക്ഷപ്പെടുന്നതുതന്നെ ഒരു പൊതുമണ്ഡലത്തിലാണ്. ബ്ലോഗുകളുടെ വൈവിധ്യവും പരിഗണനാർഹമാണ്. വ്യക്തികൾ തയ്യാറാക്കുന്ന ബ്ലോഗുകൾക്കും ഓർഗനൈസേഷനുകൾ തയ്യാറാക്കുന്ന ബ്ലോഗുകൾക്കും ഒരേ സ്വഭാവമല്ല ഉള്ളത്. വിദ്യാഭ്യാസപരമായ ബ്ലോഗും കലയ്ക്കുവേണ്ടി നിർമ്മിക്കപ്പെടുന്ന ബ്ലോഗും സ്വഭാവത്തിൽ വൈവിധ്യം പുലർത്തുന്നു. ചിത്രങ്ങൾ, വരകൾ, വീഡിയോകൾ, ഓഡിയോകൾ എന്നിവ മാത്രമായി പ്രസിദ്ധീകരിക്കുന്ന ബ്ലോഗുകളുമുണ്ട്. ഇതെല്ലാം ബ്ലോഗിനെ ഒരു പൊതുനിർവചനത്തിൽ ഒതുക്കിനിർത്തുന്നതിനു തടസ്സമാകുന്നു.

ടിം ബർണേഴ്സ് ലീ (Tim Berners Lee) വേൾഡ് വൈഡ് വെബ് (WWW) രൂപകല്പനചെയ്യുമ്പോൾ വെബുവഴി എന്തിനെയും എന്തുമായും ഗുണാത്മകമായി ബന്ധിപ്പിക്കാൻ കഴിയണം എന്ന ആശയത്തിനായിരുന്നു മുൻതൂക്കം കൊടുത്തിരുന്നത്. ബ്ലോഗുകൾ ടിം ബർണേഴ്സ് ലീയുടെ സങ്കല്പം അർത്ഥപൂർണ്ണമാക്കുന്നു.

നവമാധ്യമങ്ങളെ പൊതുവേ പ്രതിപ്രവർത്തനത്തിന്റെ (interactivity) മാധ്യമമായാണ് പരിഗണിക്കുന്നത്. ബ്ലോഗുകൾ ഈസാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. നാലുതരം പ്രതിപ്രവർത്തനത്തെപ്പറ്റി മാധ്യമപഠനങ്ങൾ പരാമർശിക്കുന്നുണ്ട്.

1 രണ്ടോ അതിലധികമോ(two - or more sided) കേന്ദ്രങ്ങൾ പങ്കാളികളാകുന്ന പ്രതിപ്രവർത്തനം. ഇ - മെയിൽ ഉദാഹരണമാണ്.

2 സമയത്തിന്റെ ഇടവേളകളില്ലാത്ത പ്രതിപ്രവർത്തനമാണ് രണ്ടാമത്തേത്. ഇത് വിനിമയത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കും.

3 സമ്പർക്കത്തിൽ ഏർപ്പെടുന്ന വ്യക്തികളുടെ നിയന്ത്രണത്തിലുള്ള പ്രതി പ്രവർത്തനമാണ് മൂന്നാമത്തേത്. ടെലഫോൺവഴി നടക്കുന്ന സംഭാഷണം ഇതിനുദാഹരണമാണ്.

4 സന്ദർഭങ്ങളുടെ അർത്ഥംമനസ്സിലാക്കി നടത്തപ്പെടുന്ന വിനിമയം ഒരുക്കുന്ന പ്രതിപ്രവർത്തനമാണ് നാലാമത്തേത്. വ്യക്തി യന്ത്രവുമായും മാധ്യമങ്ങളു മായും നടത്തുന്ന വിനിമയത്തിൽ രൂപപ്പെടുന്ന പ്രതിപ്രവർത്തന സന്ദർഭ ങ്ങൾ ഇപ്രകാരമുള്ളതാണ്.

പരമ്പരാഗതമായ വെബ്പേജുകൾ വിവരങ്ങൾ ഉള്ളടക്കംചെയ്തു പ്രസി ദ്ധീകരിക്കുക മാത്രമാണ് ചെയ്തിരുന്നത്. അതിൽ ഉപഭോക്താവിന് പ്രതികരണം അറിയിക്കാൻ അവസരമില്ലായിരുന്നു. ഈ പരിമിതിയെ മറികടക്കാൻ ബ്ലോഗു കൾക്ക് കഴിയുന്നു. പ്രതിപ്രവർത്തനത്തിന്റെ ഈ നാലുതരം സാധ്യതകളും ഏറിയും കുറഞ്ഞുമുള്ള അളവിൽ നിർവഹിക്കുവാൻ ബ്ലോഗുകൾക്ക് കഴിയും. നവമാധ്യമങ്ങളിൽ ബ്ലോഗുകൾക്ക് ലഭിച്ച പ്രചാരത്തിനും ജനപ്രീതിക്കും ഇത് കാരണമായിട്ടുണ്ട്.ഇന്ത്യയിൽ ഒരു ദശലക്ഷത്തിലധികം ബ്ലോഗുകൾ ഉണ്ടെ ന്നാണ് കണക്കാക്കപ്പെടുന്നത്. 2004 ഡിസംബറിലെ സുനാമി, 2008 ആഗ സ്റ്റിൽ ബീഹാറിലുണ്ടായ വെള്ളപ്പൊക്കം, 2008 നവംബറിലെ മുംബൈ ഭീകരാ ക്രമണം എന്നിവ സൃഷ്ടിച്ച വാർത്തകളും അഭിപ്രായങ്ങളും ഇന്ത്യയിൽ ബ്ലോ ഗിന്റെ ശക്തി തെളിയിച്ച സംഭവങ്ങൾക്കുദാഹരണങ്ങളാണ്.( Papacha rissi, Zizi,2007: 21 – 37)

എല്ലാ മാധ്യമങ്ങളിലൂടെയും അടിസ്ഥാനപരമായി നടക്കുന്ന പ്രക്രിയ വിനി മയമാണ്. വിവിധപാറ്റേണുകളിലായാണ് മാധ്യമങ്ങളിൽ വിവരവിനിമയം നടക്കു ന്നത്. നാലുതരം വിവരവിനിമയ സാധ്യതകൾ മാധ്യമപഠിതാക്കൾ ചൂണ്ടിക്കാ ട്ടുന്നു.

1 ഔപചാരികഭാഷണം (Allocution) - ഒരു കേന്ദ്രത്തിൽനിന്ന് വിവിധ ലക്ഷ്യസ്ഥാനങ്ങളിലേക്ക് വിവരങ്ങൾ ഒഴുകിയെത്തുന്ന തരം വിനിമയമാണിത്. വിവരങ്ങളുടെ ഉല്പത്തിസ്ഥാനം, വിഷയം, സമയം എന്നിവയെല്ലാം മുൻപുതന്നെ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു എന്നത് ഇത്തരം വിനിമയത്തിന്റെ പ്രത്യേകതയാണ്. റേഡിയോ, ടെലിവിഷൻ എന്നിവയിലൂടെ നടക്കുന്ന വിനിമയം ഉദാഹരണമാണ്.

2 വിദഗ്ധാഭിപ്രായം (Consultation) - ഒരു കേന്ദ്രത്തിൽനിന്ന് രൂപപ്പെടുന്ന വിവരങ്ങൾ കേന്ദ്രീകരണമില്ലാത്ത വിവിധ ഇടങ്ങളിൽ എത്തപ്പെടുന്ന തരം വിനിമയത്തെയാണ് Consultation എന്നു വിളിക്കുന്നത്. വിവരത്തിന്റെ സ്ഥലവും സമയവും ഉള്ളടക്കവിഷയവും കേന്ദ്രീകൃത സ്വഭാവമില്ലാത്ത വ്യക്തികൾ നിശ്ചയിക്കുന്നതിനനുസരിച്ച് രൂപപ്പെടുന്നവയാണ്. വർത്തമാനപ്പത്രങ്ങളിലെ വിനിമയത്തിന് ഈ സ്വഭാവമാണുള്ളത്.

3 രേഖപ്പെടുത്തൽ (Registration) - വിനിമയം ചെയ്യാനുള്ള ഉള്ളടക്കത്തിന്റെ വിഷയം , സമയം, സ്ഥലം എന്നിവ ഏതെങ്കിലും ഒരു കേന്ദ്രം നിശ്ചയിക്കുകയും , അപ്രകാരം നിശ്ചയിക്കപ്പെട്ട കേന്ദ്രത്തിൽ ഉള്ളടക്കം ശേഖരിച്ചു വയ്ക്കുകയും വിതരണം ചെയ്യുകയുമാണ് ഈ വിനിമയരീതിയിൽ സംഭവിക്കുന്നത്. ചോദ്യാവലികൾ ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

4 സംവാദം (Conversation) - കേന്ദ്രീകൃതസ്വഭാവമില്ലാത്ത ഏതെങ്കിലും മാധ്യമത്തിലൂടെ വിവിധരീതിയിൽ വിവരം കൈമാറുന്ന പ്രക്രിയയാണ് Conversation. വിവരവിനിമയത്തിന്റെ സ്ഥലം, സമയം, വിഷയം എന്നിവ തീരുമാനിക്കുന്നത് വികേന്ദ്രീകൃത യൂണിറ്റുകളായിരിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ടെലിഫോൺ സംഭാഷണത്തെ ഇതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

നവമാധ്യമങ്ങളുടെ കടന്നുവരവ് മുകളിൽപ്പറഞ്ഞ വിനിമയ മയരീതികളെ പരിഷ്കരിച്ചും കൂട്ടിയിണക്കിയുമാണ് നവമാധ്യമങ്ങളിൽ വിനിമയം നടക്കുന്നത്. ബ്ലോഗുകൾ മുകളിൽപ്പറഞ്ഞ വിനിമയത്തിന്റെ മിക്കവാറും എല്ലാ സ്വഭാവങ്ങളും പ്രകടിപ്പിക്കുന്നുണ്ട്. Consultationന്റെ തലത്തിൽ നടക്കുന്ന വിനിമയത്തിന്റെ മികച്ച മാതൃകയാണ് ബ്ലോഗുകൾ. ബ്ലോഗിന്റെ രചയിതാവ് കേന്ദ്രമായിരിക്കുകയും പൂർവനിശ്ചിതമല്ലാത്ത കേന്ദ്രങ്ങളിലെ ഉപയോക്താക്കൾ അത് വായിക്കുകയും ചെയ്യുന്ന രീതിയാണ് ബ്ലോഗിലുള്ളത്. ഏത് ബ്ലോഗ് എപ്പോൾ വായിക്കണം എന്ന് തീരുമാനിക്കുന്നത് ഉപയോക്താവാണ്. മാത്രമല്ല ബ്ലോഗിലെ ഉള്ളടക്കവി ഷയം ബ്ലോഗിന്റെ വായനയെ നിർണ്ണയിക്കുന്നുണ്ട്. തന്റെ അഭിരുചിക്കനുസരിച്ച വിഷയങ്ങൾ തേടിപ്പിടിച്ചാണ് ഓരോരുത്തരും വായിക്കുന്നത്. അഭിരുചിക്കനു സരിച്ചുള്ള ഉള്ളടക്കം തേടി വായനക്കാരൻ ബ്ലോഗുകളിലൂടെ സഞ്ചരിക്കുമ്പോൾ വിനിമയത്തിന്റെ മറ്റൊരു ഘട്ടത്തെ അഭിമുഖീകരിക്കുകയാണെന്നും കാണാം. ബ്ലോഗുകൾ വെബ് അരിപ്പകളായി (web filters) ഇത്തരം സന്ദർഭങ്ങളിൽ പ്രവർ ത്തിക്കുന്നു. വിനിമയത്തിന്റെ Registration പാറ്റേണാണ് ഇവിടെ പ്രാവർത്തി കമാകുന്നത്. പല ബ്ലോഗർമാരും തങ്ങളുടെ ബ്ലോഗുകളെ മറ്റു ബ്ലോഗുകളുമായി ബന്ധിപ്പിക്കുകയും ചെയ്യാറുണ്ട്. ഇവിടെ ബ്ലോഗർ കേന്ദ്രമാവുകയും കണ്ണികൾ (Links) വികേന്ദ്രീകൃത വിഭവസ്രോതസാവുകയുമാണ് ചെയ്യുന്നത്.

ഗ്രൂപ്പ് ബ്ലോഗിംഗ് ഈ രംഗത്തെ മറ്റൊരു പ്രതിഭാസമാണ്. വിവിധ പ്രദേ ശത്തുള്ള എഴുത്തുകാർ പരസ്പരം സഹകരിച്ചുകൊണ്ട് ഉള്ളടക്കനിർമ്മിതി നടത്തുന്ന രീതിയാണ് ഇത്തരം ബ്ലോഗുകളിൽ ഉള്ളത്. ആനുകാലിക പ്രാധാന്യ മുള്ള പല വിഷയങ്ങളും വായനക്കാരിലെത്തിച്ച് പൊതുചർച്ചയാക്കുന്ന വേദിയായി ബ്ലോഗുകൾ മാറുന്ന സന്ദർഭമാണിത്. ഒരു ബദൽമാധ്യമത്തിന്റെ തലത്തിലേക്ക് ബ്ലോഗുകൾ വളരുന്നതിന് ഗ്രൂപ്പ് ബ്ലോഗിംഗ് അവസരമൊരുക്കുന്നു. മാധ്യമരം ഗത്തുനിന്ന് വിടവാങ്ങിയ പല ജേർണലിസ്റ്റുകൾക്കും തങ്ങൾക്കായി ഒരു വായനാ സമൂഹത്തെ സൃഷ്ടിക്കുവാൻ ഗ്രൂപ്പ് ബ്ലോഗിംഗിന്റെ ഭാഗമാകേണ്ടി വരുന്നുണ്ട്. ജനാധിപത്യത്തിന്റെ അടിസ്ഥാനശിലകളെ ഉറപ്പിച്ചുനിർത്തുവാൻ ഇത്തരം കൂട്ടാ

യുകൾ സഹായിക്കുന്നു എന്നതാണ് മാധ്യമചരിത്രത്തിൽ ഗ്രൂപ്പ്ബ്ലോഗിംഗിനുള്ള പ്രാധാന്യം. എഴുത്തുകാരന് മാധ്യമസ്ഥാപനത്തിന്റെ ഗേറ്റ്കീപ്പിംഗില്ലാതെ സ്വതന്ത്രമായി അഭിപ്രായംപറയുവാൻ ഇവിടെ അവസരമുണ്ട്. മാധ്യമത്തിലെ ബഹു പാഠനിർമ്മിതിയുടെ വഴിയാണ് ഗ്രൂപ്പ് ബ്ലോഗിംഗ് തുറന്നുവയ്ക്കുന്നത്.

## 1.6.3.7.സമൂഹമാധ്യമങ്ങൾ (Social Networking Sites )

ഇന്റർനെറ്റിന്റെ വികാസദശയിൽ രൂപപ്പെട്ട സവിശേഷമായ ഒരു വ്യവഹാരരൂപമാണ് സാമൂഹ്യസമ്പർക്ക സൈറ്റുകൾ (Social Networking Sites). വിശാലമായ അർത്ഥത്തിൽ ഇവയെല്ലാം വെബ്സൈറ്റുകളാണ്. എന്നാൽ സാധാരണ വെബ്സറ്റുകളിൽ നിന്ന് അവ പലകാര്യങ്ങളിലും വേറിട്ടുനിൽക്കുന്നു. പേര് സൂചിപ്പിക്കുന്നപോലെ ഇതൊരു ശൃംഖലയാണ്. ഇന്റർനെറ്റാണ് ഇതിന്റെ മാധ്യമം. പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന ഓൺലൈൻ സമൂഹങ്ങളിലെ അംഗങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിനും വിവരങ്ങളുംമറ്റും കൈമാറുന്നതിനും പ്രയോജനപ്പെടുത്തുന്ന വെബ്സൈറ്റുകളെയാണ് സമൂഹമാധ്യമങ്ങൾ അഥവാ സാമൂഹ്യശൃംഖലാസൈറ്റുകൾ എന്നു വിളിക്കുന്നത്. (http:// dictionary. reference. com/browse/socialnetwork) ഓൺലൈൻ സമൂഹങ്ങളിലെ വിവിധമേഖ ലയിൽപ്പെടുന്ന വ്യക്തികൾക്ക് – സുഹൃത്തുക്കൾ, സഹപാഠികൾ, സഹപ്രവർത്തകർ തുടങ്ങി – പരസ്പരം ബന്ധപ്പെടാനും പ്രതികരിക്കാനും ഇത്തരം സൈറ്റുകൾ അവസരം നൽകുന്നു. ഉപയോക്താക്കൾക്ക് സ്വതന്ത്രമായി ഉള്ളടക്കം പ്രസിദ്ധീകരിക്കാൻകഴിയുന്ന തരത്തിലാണ് സാമൂഹ്യശൃംഖലാ സൈറ്റുകൾ രൂപകല്പന ചെയ്തിട്ടുള്ളത്. സാമൂഹ്യശൃംഖലാസൈറ്റുകൾ ഉപയോക്താവിനെ സംബന്ധിച്ച ചെറു വിവരണം നൽകാൻ അവസരം നൽകിയിട്ടുണ്ട്. ഇത്തരം വിവരണങ്ങൾ പ്രൊഫൈൽ എന്നറിയപ്പെടുന്നു. ലോകത്തിന്റെ ഏതു കോണി ലിരിക്കുന്ന ഒരാളിനും ഈ പ്രൊഫൈൽ വായിച്ച് ആ വ്യക്തിയെ തിരിച്ചറിയാനും ബന്ധംസ്ഥാപിക്കാനും കഴിയുന്നു. പഴയബന്ധം പുതുക്കാനും ഇതുവഴി സാധ്യ മാണ്. ഏതുതരം ഉള്ളടക്കവും (സ്വകാര്യവും

പൊതുവായതും) സുഹൃത്തുമായും സുഹൃദ്സമൂഹങ്ങളുമായും പങ്കുവയ്ക്കാൻ വിപുലമായ സാധ്യതയാണ് സാമൂഹ്യ ശൃംഖലാ സൈറ്റുകൾ ഒരുക്കിത്തരുന്നത്. ഇത്തരം സൈറ്റുകളുടെ പ്രചാരത്തിനുള്ള മുഖ്യകാരണം ഇതാണ്. സാമൂഹ്യശൃംഖലാ സൈറ്റുകൾ (social network sites (SNSs)) കോടിക്കണക്കിന് ഉപയോക്താക്കളെയാണ് ആകർഷിക്കുന്നത്. സാങ്കേ തികമായി സവിശേഷത പുലർത്തുന്ന വിവിധ സേവനദാതാക്കളെ ആശ്രയിച്ച് പ്രവർത്തിക്കുന്ന നൂറുകണക്കിന് സാമൂഹികശൃംഖലാ സൈറ്റുകൾ നിലവിലുണ്ട്.

വെബ് 2.0 യുടെ പ്രധാന സംഭാവനയാണ് സോഷ്യൽ നെറ്റ്വർക്കുകൾ. ഈ രംഗത്ത് ഏറ്റവും ജനപ്രീതി നേടിയ ഫെയ്സ് ബുക്ക് (Facebook) ഹാർ വാർഡ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്ക് പരസ്പരം വിനിമയം നടത്തുന്ന തിനായി നിർമ്മിച്ചതാണ്.( Dhiraj Murthy, 2008 ; 844)

ശക്തമായ പ്രതിപ്രവർത്തനക്ഷമതയാണ് (Interaction) സാമൂഹ്യസമ്പർക്ക സൈറ്റുകളുടെ ഏറ്റവും വലിയ പ്രത്യേകത. ഇന്റർനെറ്റിൽ ആശയവിനിമയ ത്തിനുള്ള സ്വതന്ത്ര്യവും വിപുലവുമായ ഒരിടമായി ഇവ വളർന്നുകഴിഞ്ഞു. കൂട്ടായ്മ യുടെയും വിനിമയത്തിന്റെയും അഭിപ്രായരൂപീകരണത്തിന്റെയും ശക്തമായവേദി യായി ഇത്തരം മാധ്യമങ്ങൾ നിലനിൽക്കുന്നു.(Hartley John, 2004:191) ഫെയ്സ്ബുക്ക് (Face book ) ട്വിറ്റർ (Twitter ) ഓർക്കുട്ട് (Orkut ) പിന്ററെസ്റ്റ് ( Pinterest) ഡീവിയന്റ് ആർട്ട് (Deviant Art) ലൈവ് ജേർണൽ (Live Journal) കഫേ മം (Cafe Mom) മീറ്റപ്പ് (Meetup) മൈ ലൈഫ് (My Life) ആസ്ക് .എഫ് എം (Ask.fm) മൈ സ്പേസ് (My Space )നെക്സോപിയ ( Nexopia)ബെബൊ (Bebo )റ്റാഗ്ഡ് (Tagged ) ഹൈ 5 ( Hi 5 ) ക്സിങ് (Xing )സ്കൈ റോക്ക് (Skyrock ) ഫ്രണ്ട് സ്റ്റർ (Friendster ) ഗൂഗിൾ പ്ലസ് (Google plus) മാച്ച്.കോം (Match.com ) ലിങ്കിഡ് ഇൻ ( Linked In) എന്നിവയാണ് പ്രധാന സോഷ്യൽ നെറ്റ്വർക്ക്സൈറ്റുകൾ. ഓർക്കുട്ട് ഇപ്പോൾ നിലവിലില്ല. വ്യക്ത്യന്തരവിനി മയത്തിന്റെ (inter personal communication) അനന്തസാദ്ധ്യതകളാണ് സമൂഹ മാധ്യമങ്ങൾ തുറന്നിടുന്നത്. 1940 ൽ റാഡ്ക്ലിഫ്ബ്രൗൺ (Radcliff - Brown)

ആണ് സമൂഹമാധ്യമങ്ങൾ എന്ന ആശയം യാഥാർത്ഥ്യമാക്കിയത്. വ്യക്തികൾക്ക് പ്രാധാന്യമില്ലാത്ത, സ്ഥാപനങ്ങളെ മുൻനിർത്തി പരസ്പരബന്ധമുള്ള ഒരു ശൃംഖല നിർമ്മിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇന്റർനെറ്റിന്റെ വരവോടെ ഇത്തരം ബന്ധങ്ങൾക്ക് പുതിയ രൂപവും ഭാവവും കൈവരികയായിരുന്നു. നിരന്തരം വളരുകയും പുതിയ വിതാനങ്ങളിലേക്ക് പടരുകയും ചെയ്യുന്ന അനുഭവമാണ് സമൂഹമാധ്യമങ്ങളുടെ കാര്യത്തിൽ പിന്നീട് കണ്ടത്. ഇന്ന് അതിന്റെ വിനിമയപരിസരം അതിവിപുലമാണ്. വിർച്വൽ കമ്യൂണിറ്റികളെ രൂപപ്പെടുത്തിക്കൊണ്ട് അതിവിപുലമായ , മാതൃകകളില്ലാത്ത വിനിമയസാഹചര്യം ഇത്തരം സൈറ്റുകൾ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ലോകത്ത് ഉണ്ടാകുന്ന സുപ്രധാന സംഭവങ്ങളുമായി ബന്ധപ്പെട്ട് പേജുകൾ രൂപപ്പെടുന്ന സാഹചര്യം ഇന്നുണ്ട്. ഇത്തരം പേജുകൾ സന്ദർശിക്കുന്നവരുടെ എണ്ണം ആ മാധ്യമത്തിനു കിട്ടുന്ന അംഗീകാരത്തിനു തെളിവാണ്. 2013 ഒക്ടോബർ 22 ന് ഇന്ത്യയുടെ ചൊവ്വ ഭ്രമണപഥ ദൗത്യവുമായി നധപ്പെട്ട് ഐ.എസ്.ആർ.ഒ.ആരംഭിച്ച ഫെയ്സ്ബുക്ക് പേജ് സമാനസ്വഭാവമുള്ളതാണ്. ദൗത്യത്തെക്കുറിച്ചുള്ള എല്ലാ ഔദ്യോഗിക വിവരങ്ങളും ആ പേജിൽ ലഭ്യമായിരുന്നു.(മലയാള മനോരമ, 2013 നവം.4 : 1)

ഇത്തരം സൈറ്റുകളുടെ പൊതു സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

- പൊതു ഇടമായി നിലനിൽക്കുന്നു
- പുതിയകർത്തൃത്വ രൂപീകരണം സാധ്യമാക്കുന്നു
- സംവാദത്തിന് വേദിയൊരുക്കുന്നു
- ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പാക്കുന്നു
- ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു.
- സർഗാത്മകതയെ പ്രകാശിപ്പിക്കുന്നു
- പ്രതിപ്രവർത്തനക്ഷമത ഉറപ്പുതരുന്നു
- തൽസമയത്വം പാലിക്കുന്നു
- സർവവ്യാപിത്വം പ്രദാനം ചെയ്യുന്നു

സമൂഹത്തിന്റെ വ്യവസ്ഥാപിതമായ ഘടനയെ വെല്ലുവിളിക്കാനും പിളർത്താനും മാറ്റിത്തീർക്കാനും സോഷ്യൽ നെറ്റുവർക്ക്സൈറ്റുകൾക്ക് സാധിക്കുന്നുണ്ട്. വ്യവഹാരത്തിന്റെ ഏറ്റവും സജീവ മണ്ഡലമായ സംവാദത്തിന്റെ ഇടമായി അത് മാറിക്കഴിഞ്ഞു. പുതിയ സമരമുഖങ്ങൾ തുറക്കുന്നതിനും ഇത് ഇടയാക്കിയിട്ടുണ്ട്.പത്രങ്ങൾക്കോ ടെലിവിഷനോ സങ്കല്പിക്കാനാവാത്ത പ്രതിഭാസമാണിത്.(ജയരാജ് എം.,2016:311).

## 1.6.3.8.സ്മാർട്ട് ഫോൺ ആശ്രിത വ്യവഹാരങ്ങൾ

മൊബൈൽ ഫോൺ എന്ന മാധ്യമത്തിന് മുൻപില്ലാതിരുന്ന ചില ദൗത്യങ്ങൾ ഇപ്പോൾ നിറവേറ്റാനുണ്ട്. ഒരു ബഹുജന മാധ്യമമെന്ന നിലയിൽ അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്. കാഴ്ചയുടെയും കേൾവിയുടെയും അനുഭവലോകത്തെ വിസ്തൃതമാക്കുന്നതിൽ ഈ ഉപകരണം വഹിക്കുന്ന പങ്ക് ചെറുതല്ല. നവമാധ്യമത്തെ സജീവമാക്കുന്ന മൊബൈൽ ജേർണലിസം ഇന്ന് സജീവമാണ്. നവമാധ്യമങ്ങളിൽ വന്നു നിറയുന്ന വിവിധതരം വിവരങ്ങളുടെ മുഖ്യ സ്രോതസ്സ് മൊബൈൽ ഫോണാണ്. മാധ്യമലോകത്ത് നിരന്തരം ഇടപെടാൻ സഹായിക്കുന്നു എന്നതുകൊണ്ടുതന്നെ ഒരു മാധ്യമീകൃത സമൂഹത്തെ നിർമ്മിക്കുന്നതിൽ ഈ യന്ത്രം മുഖ്യപങ്ക് വഹിക്കുന്നു. നവമാധ്യമങ്ങളുടെ എല്ലാസ്വഭാവങ്ങളും ഉൾക്കൊള്ളാനാവുംവിധം സ്മാർട്ട് ഫോണുകൾ വളർന്നിട്ടുണ്ട്. ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്നതിൽ ഇന്ന് മൊബൈൽ ഫോണും വലിയപങ്ക് വഹിക്കുന്നുണ്ട്.

### 1.6.3.8.1 .വാട്സ് ആപ്പ്

വിവിധ പ്ലാറ്റുഫോമുകളിൽ പ്രവർത്തിക്കുന്ന സ്മാർട്ട്ഫോണുകളിൽ ഉപയോഗിക്കാവുന്ന ആശയ വിനിമയ സംവിധാനം ആണ് വാട്സ്ആപ്പ്. സമാനമായ വിനിമയസംവിധാനങ്ങൾ വേറെയും ഉണ്ടെങ്കിലും വാട്സ് ആപ്പിനു കിട്ടിയ പ്രചാരം അവയ്ക്ക് ലഭിച്ചിട്ടില്ല. ഇന്റർനെറ്റ് ബന്ധം ഉപയോഗിച്ചാണ് വാട്സ്ആപ്പ്

പ്രവർത്തിക്കുന്നത്. ലേഖനസന്ദേശം കൂടാതെ ഉപയോക്താവിന്റെ ചിത്രങ്ങളും വീഡിയോകളും ശബ്ദ സന്ദേശങ്ങളും അവരുടെ സ്ഥാനമുൾപ്പെടെ അയയ്ക്കാനാവും എന്നതാണ് ഇതിന്റെ മറ്റൊരു സവിശേഷത. 2009ൽ അമേരിക്കക്കാരായ ബ്രയാൻ ആക്റ്റൺ (Brian Acton), ജാൻ കൂം (Jan Koum) എന്നിവർ ചേർന്നാണ് വാട്സ്ആപ്പ് വികസിപ്പിച്ചത്.(.https://ml. wikipedia.org) ഇക്കാലത്ത് നവ മാധ്യമങ്ങളിൽ ഇടപെടുന്ന വ്യക്തികൾ ഏറ്റവുമധികം പ്രയോജനപ്പെടുത്തുന്ന സാമൂഹികസമ്പർക്ക മാധ്യമമാണ് ഇത്. പൊതുമണ്ഡലത്തെ സജീവമാക്കി നിർത്തുന്നതിൽ വാട്സ് ആപ്പിന് വലിയ പങ്കാണ് ഉള്ളത്. സ്മാർട്ട് ഫോൺ കേന്ദ്രീകൃതമായതിനാൽ എപ്പോഴും ഇടപെടാനുള്ള അവസരം ഈ മാധ്യമത്തിലുണ്ട്. ഒരു ഫോൺ നമ്പറിന്റെ പിൻബലം മാത്രമേ ഇതിനു ആവശ്യമുള്ളൂ എന്നത് ഉപയോഗത്തെ എളുപ്പമാക്കുന്നു. ഇൻസ്റ്റന്റ് മെസേജിംഗ് സംവിധാനം എന്ന സ്വഭാവം വേഗം പ്രധാനമായ കാലത്തിന് അനുയോജ്യമായ മാധ്യമമാക്കി വാട്സ് ആപ്പിനെ നിലനിർത്തുന്നു. നവമാധ്യമങ്ങളിലെ മറ്റ് പ്ലാറ്റ്ഫോമുകളിൽ ചെയ്തുകൊണ്ടിരുന്ന വിനിമയപ്രവർത്തനങ്ങൾ വേഗത്തിലും കാര്യക്ഷമമായും വാട്സ് ആപ്പിൽ ചെയ്യാനാവുന്നു എന്നത് ഇതിന്റെ ജനപ്രീതിക്ക് കാരണമായിട്ടുണ്ട്. വിഷയം , താല്പര്യം എന്നിവ പരിഗണിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള വാട്സ് ആപ്പ് ഗ്രൂപ്പുകൾ വിനിമയരംഗത്ത് പുത്തൻ ഉണർവുണ്ടാക്കിയിട്ടുണ്ട്. വിനിമയരംഗത്തെ പുതിയ കാഴ്ചയും അനുഭവവുമായി മാറാൻ ഇതിനകം വാട്സ് ആപ്പിനു കഴിഞ്ഞിട്ടുണ്ട്.

## 1.6.3.8.2.ട്രോളുകൾ

സമൂഹമാധ്യമങ്ങളിൽ ആക്ഷേപഹാസ്യരൂപേണ സമകാലിക

വിഷയങ്ങൾ അവതരിപ്പിക്കുന്ന സമ്പ്രദായമാണ് ട്രോൾ (TROLL). സിനിമയിലെ കഥാപാത്രങ്ങളുടെ സംഭാഷണ രംഗങ്ങൾ അടർത്തിയെടുത്ത് അതിൽ നർമ്മം കലർത്തി സന്ദർഭത്തിനനുസരിച്ച് പ്രയോഗിക്കുന്ന രീതിയാണ് പൊതുവേ ഇതില് കാണുന്നത്.സാമൂഹികവിഷയങ്ങൾ, രാഷ്ട്രീയ വിഷയങ്ങൾ എന്നിവ ഫലിതരൂപ

ത്തിൽ അവതരിപ്പിച്ചുകൊണ്ട് ഏവരെയും ചിരിപ്പിക്കുവാനും അതിലുപരി ചിന്തിപ്പിക്കുവാനും ട്രോളുകൾ അവസരമൊരുക്കുന്നു. പത്രമാധ്യമങ്ങളിൽ ആക്ഷേ പഹാസ്യരൂപേണ അവതരിപ്പിച്ചുവരുന്ന കാർട്ടൂണുകളുടെ ഒരു നൂതന രൂപമെന്ന ട്രോളുകളെ വിശേഷിപ്പിക്കാം. ട്രോൾ തയ്യാറാക്കുന്ന ആളുകളെ പൊതുവെ ട്രോളർമാർ എന്നു വിളിക്കുന്നു. നവമാധ്യമക്കൂട്ടയ്മയായ ഫേസ്ബുക്ക് , വാട്സ് ആപ്പ് എന്നിവവഴിയാണ് ട്രോളുകൾ പ്രധാനമായും പ്രചരിക്കുന്നത്.

ഇൻറർ നാഷണൽ ചളു യൂണിയൻ, ട്രോൾ മലയാളം, ഔട്ട്സ്പോക്കൺ, ട്രോൾ റിപ്പബ്ലിക്ക്, സ്കൂൾ കോളേജ് ട്രോൾ , ട്രോൾ കേരള,സൈബർ ട്രോളേഴ്സ്, ട്രോൾ മൂവീസ്, ട്രോൾ തൃശ്ശൂർ, ട്രോൾ തിരുവനന്തപുരം,ട്രോൾ നെയ്യാറ്റിൻ കര,ബീടെക് ട്രോൾ, ട്രോൾ എറണാകുളം,ട്രോൾ കൊല്ലം,ട്രോൾ സംഘ്,ട്രോൾ കണ്ണൂർ, ട്രോൾ ഇരിട്ടി എന്നിവയാണ് മലയാളത്തിലെ പ്രധാന ട്രോൾഗ്രൂപ്പുകൾ.

ആക്ഷേപഹാസ്യമാണ് ട്രോളുകളുടെ മുഖ്യസ്വഭാവം. അച്ചടിമാധ്യമങ്ങളിൽ കാർട്ടൂണുകൾ നിർവഹിക്കുന്ന ധർമ്മത്തിനു സമാനമാണിത്. സമകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധിട്രോളുകളാണ് ഓരോ ദിവസവും നിർമ്മിക്കപ്പെടുന്നത്. സർഗ്ഗാത്മകതയുടെ സവിശേഷമായ പ്രകടനമാണ് ട്രോളുകൾ. വിവിധ സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന ദൃശ്യങ്ങളെയും ചിത്രങ്ങളെയും ആശയങ്ങളെയും ഒരിടത്ത് ഒന്നിപ്പിച്ച് പുതിയ സാഹചര്യത്തിൽ സൃഷ്ടിനടത്തുകയാണ് ട്രോളർമാർ ചെയ്യുന്നത്. തികഞ്ഞ ഫലിതബോധം, നിരീക്ഷണപാടവം, വിഷയജ്ഞാനം, നിർമ്മാണകൗശലം എന്നിവ ട്രോളർമാർക്കുണ്ട്. നവമാധ്യമങ്ങളുടെ സംഭാവനയായ ഈ വ്യവഹാരരൂപം ഏറ്റവും ജനപ്രിയമാണ്.

## 1.6.3.9.യൂട്യൂബ്

സോഷ്യൽ നെറ്റവർക്കിംഗ് സൈറ്റുകളുടെ ഒരു വിഭാഗമാണ് വീഡിയോ / ഫോട്ടോ ഷെയറിംഗ് സൈറ്റുകൾ.നവമാധ്യമങ്ങൾ ബഹുമാധ്യമസംവിധാനത്തെ ഏകോപിപ്പിക്കുന്നുണ്ട് എങ്കിലും വീഡിയോകൾക്ക് മാത്രമായി ഒരു സൈറ്റ്

എന്നത് പ്രാധാന്യമർഹിക്കുന്നതാണ്. യൂട്യൂബിന്റെ പ്രാധാന്യം അതാണ്. വീഡിയോകൾ കാണാനും അപ് ലോഡ് ചെയ്യാനും പങ്കുവയ്ക്കാനുമുള്ള അവസരം ഈ സൈറ്റ് നൽകുന്നു.2005 ഏപ്രിൽ 23ന് ആരംഭിച്ച ഈ സൈറ്റിന്റെ പ്രചാരം വളരെ പെട്ടെന്നായിരുന്നു. സ്റ്റീവ് ചെൻ, ചാഡ് ഹാർലി, ജാവേദ് കരീം എന്നിവർ ചേർന്നാണ് ഈ പുതുസംരഭത്തിനു തുടക്കം കുറിച്ചത്.ദൃശ്യലോകത്തിന്റെ ഏറ്റവും ജനപ്രിയമായ ഉപാധിയായി യൂട്യൂബ് നിലകൊള്ളുകയാണ് ഇപ്പോൾ.

സർഗ്ഗാത്മക വിനിമയത്തിന്റെയും സാംസ്കാരികവിനിമയത്തിന്റെയും മുഖ്യ ചാലകശക്തിയാണ് അത്. വിനോദം, വിജ്ഞാനം, രാഷ്ട്രീയം, കലകൾ, മത – സാംസ്കാരിക വിഷയങ്ങൾ തുടങ്ങി ഈ മാധ്യമം കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ നിരവധിയാണ്.സോഷ്യൽ നെറ്റവർക്കിംഗ് സൈറ്റുകളുടെ ധർമ്മം മറ്റൊരുതരത്തിൽ യൂ ട്യൂബ് നിർവഹിക്കുന്നുണ്ട്. ലോക ക്ലാസിക് സിനിമകളുടെ ഒരു സൂക്ഷിപ്പുശാലയായി യൂട്യൂബ് നിലകൊള്ളുന്നു. പഴയതും പുതിയതുമായ സാഹിത്യകൃതികളുടെ ശബ്ദ – ദൃശ്യരൂപങ്ങൾ ഈ മാധ്യമത്തിൽ ലഭ്യമാണ്. ദൈനംദിനജീവിതത്തിന്റെ ഭാഗമായി അത് മാറിക്കഴിഞ്ഞു. കാഴ്ചയുടെ ശീലത്തെ അത് ത്വരിതപ്പെടുത്തുന്നു. മിക്ക ടെലിവിഷൻ ചാനലുകളും ഇപ്പോൾ ഈ മാധ്യമത്തിൽ ലഭ്യമാണ്. വാർത്തകൾ, വിനോദപരിപാടികൾ, കായിക മൽസരങ്ങൾ തുടങ്ങി വിവിധങ്ങളായ വിനോദ – വിജ്ഞാന പരിപാടികൾ യൂട്യൂബിൽ ലഭ്യമാണ്. സമൂഹത്തിലെ ഏതുവിഭാഗത്തിൽ പെടുന്ന വ്യക്തിക്കും പ്രത്യക്ഷപ്പെടാനുള്ള അവസരം യൂട്യൂബ് നൽകുന്നു. സിറ്റിസെൻ ജേർണലിസത്തെ പ്രോൽസാഹിപ്പിക്കുന്ന ഇടം കൂടിയാണത്. സംസ്കാരത്തിന്റെ കേന്ദ്രീകരണത്തെ തകർക്കുകയും എല്ലാ സാംസ്കാരികസ്വത്വങ്ങൾക്കും ഇടം നൽകുകയും ചെയ്യുന്നു എന്നത് ഈ മാധ്യമത്തിന്റെ ഏറ്റവും പ്രധാന പ്രത്യേകതയായി വിലയിരുത്തപ്പെടുന്നു. സ്മാർട്ട് ഫോണുകൾ വ്യാപകമായ ഇക്കാലത്ത് കാഴ്ചയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ ഈ മാധ്യമത്തിനാകുന്നുണ്ട്. തികച്ചും പ്രാദേശികം എന്നു കരുതപ്പെടുന്ന ദൃശ്യങ്ങൾക്ക് ആഗോളതലത്തിൽ പ്രേക്ഷകരെ കിട്ടുന്നു എന്നത് ഈ മാധ്യമത്തിന്റെ ജനപ്രീതിക്ക് കാരണമായിട്ടുണ്ട്.

## 1.7 .നവമാധ്യമങ്ങളും മലയാളസാഹിത്യവും

അറിഞ്ഞത് മറ്റുള്ളവരെ അറിയിക്കുക എന്ന ധർമ്മമാണ് മാധ്യമങ്ങൾ നിറവേറ്റുന്നത്. സാഹിത്യവും ഈ ധർമ്മം നിറവേറ്റുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭംവരെ അറിയിക്കുക എന്ന ധർമ്മം നിറവേറ്റിയിരുന്നത് സാഹിത്യമായിരുന്നു.(പി.ശ്രീധരൻ,2008:20) അച്ചടിമാധ്യമങ്ങൾ ശക്തമാകുന്നതുവരെ ഇതായിരുന്നു അവസ്ഥ. പിന്നീട് പലകാലങ്ങളിലായി വിവിധ മാധ്യമങ്ങൾ ആവിർഭവിക്കുകയും അവയിലെല്ലാം സാഹിത്യത്തിന് പ്രതിനിധാനം നൽകുകയും ചെയ്തു. സാഹിത്യത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും ഈ മാധ്യമങ്ങൾ വലിയ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. മലയാളസാഹിത്യം തികച്ചും നൂതനമായ അനുഭവമേഖലയിലൂടെ കടന്നുപോകുന്നതാണ് വർത്തമാനകാല അനുഭവം. ഇതിനു കാരണം നവമാധ്യമങ്ങളുടെ ആവിർഭാവമാണ്. ആശയ വിനിമയം എന്ന പൊതുലക്ഷ്യം നിർവഹിക്കുന്നതിനോടൊപ്പം ആശയനിർമ്മിതികൂടി സാദ്ധ്യമാകുന്ന ഇടമായാണ് നവമാധ്യമങ്ങളെ തിരിച്ചറിയുന്നത്. സാങ്കേതികവിദ്യയുടെ സഹായത്തോടെ വിനിമയം ചെയ്യപ്പെടുന്ന സാഹിത്യമാണ് നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. സ്വാഭാവികമായും മാധ്യമത്തിന്റെ സ്വഭാവം അതുവഴി വിനിമയം ചെയ്യുന്ന സാഹിത്യത്തെയും സ്വാധീനിക്കും. ഇലക്ട്രോണിക് സാഹിത്യം, ഡിജിറ്റൽ സാഹിത്യം, സൈബർ സാഹിത്യം എന്നീ വിളിപ്പേരുകളിൽ നവമാധ്യമങ്ങളിലെ സാഹിത്യം അറിയപ്പെടുന്നുണ്ട്. ഇലക്ട്രോണിക് സാഹിത്യത്തിന് അച്ചടിസാഹിത്യത്തെ അപേക്ഷിച്ച് പല മേന്മകളുമുണ്ട്.(Katherine Hayles ; 2007: http://eliterature.org/ pad/elp. html.preface pdf.Last Accessed 06.02.2014) സാഹിത്യത്തെക്കുറിച്ചുള്ള പൂർവ്വകാലധാരണകൾ പുനർവിചിന്തനത്തിനു വിധേയമാക്കുവാൻ ഈ സവിശേഷ സന്ദർഭം കാരണമായിട്ടുണ്ട്.

സാഹിത്യസൃഷ്ടികളുടെ ബാഹ്യഘടനയെയും ആന്തരികഘടനയെയും സ്വാധീനിക്കുന്ന ഒന്നായി സാങ്കേതികവിദ്യ മാറിയത് നവമാധ്യമകാലത്താണ്. കമ്പ്യൂട്ടറും മനുഷ്യനുമായുള്ള സമ്പർക്കത്തിൽ പുതിയ വഴിത്തിരിവുകൾ ഇതു ണ്ടാക്കി. കേവലം ഒരു യന്ത്രമായല്ല ഇന്ന് കമ്പ്യൂട്ടറിനെ പരിഗണിക്കുന്നത്. മനുഷ്യപ്രയത്നത്തിന്റെ കൂട്ടാളിയും സഹപ്രവർത്തകനുമായി കമ്പ്യൂട്ടർ മാറി. നവമാ ധ്യമങ്ങളിലെ സാഹിത്യത്തിന്റെ രൂപപ്പെടലിൽ മനുഷ്യനോളം തന്നെ പ്രാധാന്യം കമ്പ്യൂട്ടറിനും അനുബന്ധ യന്ത്രസാമഗ്രികൾക്കുമുണ്ട്. നവമാധ്യമങ്ങളിലെ സാഹി ത്യപാഠങ്ങൾ ഇതിനു തെളിവു നൽകുന്നു.സാങ്കേതികതയെ സർഗ്ഗാത്മകതയുമായി ബന്ധിപ്പിക്കുന്ന ഇടമായി സൈബർസ്പെയ്സ് നിലനിൽക്കുന്നു. മനുഷ്യ നിർമ്മിതമായ ഈ ലോകം മനുഷ്യനെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന കാഴ്ചയാണ് ഇന്നുള്ളത്. യന്ത്രവും ഭാവനയും കണ്ണിചേർക്കപ്പെടുന്ന ഇടമാണത്. അവിടെ രൂപപ്പെടുന്ന സാഹിത്യത്തെ സൈബർസാഹിത്യം എന്ന് പൊതുവേ വിളിക്കപ്പെടുന്നു.സൈബറിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യമെന്നും സൈബറിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്ന സാഹിത്യമെന്നും വിവക്ഷിച്ചുകൊണ്ട് ഈ സംജ്ഞ പ്രയോഗിക്കാറുണ്ട്.വിശേഷപ്പെട്ട സാഹിത്യവിഭാഗമായി സൈബർ സാഹിത്യം ഇന്ന് പരിഗണിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യത്തിന്റെ സങ്കീർണ്ണമായ വിന്യാസമാണ് സൈബർസാഹിത്യത്തിലുള്ളത് എന്ന് അഭിപ്രായപ്പെടുന്നവ രുണ്ട്. (SchafeJargen,2010: 25) സാങ്കേതികവിദ്യയും സാഹിത്യവും കൂടിക്ക ലർന്ന് ഒരു സങ്കരസാഹിത്യം രൂപപ്പെടുന്ന അവസ്ഥ സംജാതമാകു ന്നുണ്ട്.ഭൗതികലോകത്തിന്റെ പ്രതിരൂപമെന്ന നിലയിൽ നിർമ്മിക്കപ്പെടുന്ന ഡിജിറ്റൽ ലോകത്ത് സാഹിത്യം പുതിയ അസ്തിത്വം നേടിയെടുക്കുക സ്വാഭാവി കമാണ്. കലയെയും സാഹിത്യത്തെയും സാങ്കേതിക വിദ്യയിൽനിന്ന് വേർ പെടുത്തി ചർച്ചചെയ്യാനാവില്ല എന്നതാണ് പുതിയ അനുഭവം.കല അതിന്റെ ശുദ്ധ രൂപത്തിൽ നിലനിൽക്കും എന്ന ധാരണയ്ക്ക് ഇളക്കം തട്ടുന്ന അന്തരീക്ഷമാണ് നവ മാധ്യമങ്ങളിലുള്ളത്.എഴുത്ത്, പാഠം, വായന എന്നിവയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുവാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. (Landowp George,

1992 : 41) ചലനാത്മകമായ സാഹിത്യരൂപങ്ങൾ എന്ന സങ്കല്പനം യാഥാർത്ഥ്യമാകുന്നത് നവമാധ്യമങ്ങളിൽ കാണാം.

മുകളിൽ പറഞ്ഞ അനുഭവമേഖലകൾ മലയാള സാഹിത്യത്തിലും യാഥാർത്ഥ്യമായിക്കഴിഞ്ഞു. നവമാധ്യമങ്ങളിൽ മലയാളസാഹിത്യം ശക്തമായ സാന്നിദ്ധ്യമായി മാറിയിട്ടുണ്ട്. ബ്ലോഗുകൾ, സോഷ്യൽ നെറ്റുവർക്കുകൾ, ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങൾ, വാട്സ് ആപ്പ്, യൂ ട്യൂബ് , വിക്കിപീഡിയ തുടങ്ങിയ ഇടങ്ങളിൽ വിവിധ രൂപങ്ങളിൽ മലയാളസാഹിത്യം പ്രസിദ്ധീകരി ക്കപ്പെടുന്നു. നൂതനമായ ഒരു മാധ്യമത്തിൽ പ്രകാശനം സാദ്ധ്യമാക്കുന്നു എന്നതിനാൽ അവ സവിശേഷമായ പഠനം അർഹിക്കുന്നുണ്ട്. പരമ്പരാഗത മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട സാഹിത്യത്തിന്റെ പ്രകാശന /പുനഃപ്രകാശന സ്ഥലമായും , മാധ്യമത്തിന്റെ സവിശേഷതകളും സൈബർപ്രമേയപരിസരങ്ങളും കയ്യാളുന്ന രചനകളുടെ ഇടമായും നവമാധ്യ മങ്ങളിലെ സാഹിത്യത്തെ മനസ്സിലാക്കാവുന്നതാണ്.

സൈബർ വ്യവഹാരവും അതിന്റെ ഉല്പന്നമായ സൈബർ സംസ്കാരവും സംഭാവന ചെയ്യുന്ന പ്രതീതി യാഥാർത്ഥ്യ (Virtual Reality)ത്തിന്റെ ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. ഇതൊരു സവിശേഷ അനുഭവമാണ്. സൈബർ സ്പെയ്സിന് മാത്രം നൽകാനാവുന്ന ഈ അനുഭവലോകം നമ്മുടെ സാഹിത്യത്തെയും മാറ്റിത്തീർക്കുന്നുണ്ട്. സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന എഴുത്തുകളും മനുഷ്യരും വെർച്വലാണ്.വെർച്വൽ താളുകളിലെ എഴുത്തുകൾ അച്ചടിത്താളിലെ എഴുത്തിൽ നിന്ന് പലനിലകളിലും വ്യതിരിക്തത പുലർത്തുന്നുണ്ട്.സൈബർവ്യവഹാരത്തിലെ താളുകൾ സ്പർശിച്ചറിയാനാവില്ല.മാത്രമല്ല അനന്തമായ താളുകളുടെ തുടർച്ചയാണത്.പാഠവും (text) ബന്ധപാഠവു (hyper text)മായി അത് നീളുന്നു. ദേശം,കാലം,ലിംഗം,വർഗം,ശരീരം തുടങ്ങിയ പരിഗണനകളൊന്നും കൂടാതെ ഏതൊരാൾക്കും കടന്നു ചെല്ലാവുന്ന ഇടമായി അത് വികസിച്ചുകഴിഞ്ഞു.തത്സമയ സംവാദാത്മകതയാണ് നവമാധ്യമങ്ങളിലെ എഴുത്തിനെ സജീവമാക്കുന്നത് (വിഷ്ണുപ്രസാദ്,2012: നവം.) ഈ പ്രത്യേകതകളെല്ലാം നവമാധ്യമങ്ങളിലെ സാഹിത്യത്തെ പഠിക്കുമ്പോൾ പരിഗണിക്കേണ്ടിവരും. പരസ്പരപ്രവർത്തനം

(interaction), അരേഖീയത (nonlinearity),വായനക്കാരനും എഴുത്തുകാരനും തമ്മിലുള്ള വ്യത്യാസത്തെ ദുർബലപ്പെടുത്തൽ (blurring of the reader/writer distinction), ബഹുമാധ്യമപരത (multimedianess), ആഗോളീയത (globalness),ക്ഷണികത (ephemerality) തുടങ്ങി നിരവധി സവിശേഷതകൾ ഉൾക്കൊള്ളുന്ന നവമാധ്യമസാഹിത്യത്തിന്റെ കേരളീയപരിസരം ഗൗരവതരമായ പഠനം അർഹിക്കുന്നുണ്ട്.

# അധ്യായം 2

# നവമാധ്യമങ്ങളിലെ മലയാളകവിത

വിനിമയത്തിന്റെ ചരിത്രത്തിൽ ഭാഷയ്ക്കുള്ള പ്രാധാന്യം സുവിദിതമാണ്. വികാസത്തിന്റെ പല ഘട്ടങ്ങൾ പിന്നിടുമ്പോഴും ഭാഷയ്ക്കുള്ള പ്രാധാന്യം കുറയുന്നതായി കാണുന്നില്ല. മാത്രമല്ല നിരന്തരം വളർന്നുകൊണ്ടിരിക്കുന്ന പ്രതിഭാസമായി ഭാഷ മാറുകയുംചെയ്തു. വാമൊഴിയിലും പിന്നീട് വരമൊഴിയിലുമായി വികസിച്ച ഭാഷ വ്യവഹാരപഠനത്തിൽ കേന്ദ്രസ്ഥാനത്തു നിലയുറപ്പിക്കുകയും ചെയ്യുന്നു. സാഹിത്യത്തിന്റെ വികാസപരിണാമങ്ങൾ സാഹിത്യവ്യവഹാരത്തിന്റെ വികാസ പരിണാമങ്ങളായി തിരിച്ചറിയാം. അച്ചടിയുടെ വികാസമാണ് വരമൊഴിയെ ആധികാരികമാക്കിയത്. ആധുനികതയുടെ ഭാഗമായി അച്ചടിയെ തിരിച്ചറിയുന്ന നിരീക്ഷണങ്ങളും ഉണ്ടായിട്ടുണ്ട്. (ഷാജി ജേക്കബ്, 2012:17) അച്ചടിയിൽനിന്ന് ദൃശ്യ - ശ്രാവ്യമാധ്യമങ്ങളിലേക്ക് വികസിച്ചപ്പോഴും ഭാഷയുടെ ആധികാരിക സ്വഭാവം നഷ്ടമായില്ല. ഭാഷയുടെ ഭാവുകത്വപരമായ പ്രയോഗം ആ മാധ്യമങ്ങളിലും കാണാനാവും. നവമാധ്യമങ്ങളുടെ കടന്നുവരവ് ഭാഷാപ്രയോഗത്തിൽ ചില പ്രതിസന്ധികൾ സൃഷ്ടിച്ചെങ്കിലും വളരെവേഗം അത് തരണംചെയ്യാനായി. പുതിയ മാധ്യമത്തിന് വഴങ്ങുന്നമട്ടിൽ ഭാഷയെ രൂപപ്പെടുത്തിയെടുക്കാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. മലയാളഭാഷ ഇക്കാര്യത്തിൽ മറ്റ് പല ലോകഭാഷകളേക്കാൾ മുന്നിലാണ് എന്നും കാണാം. ഭാഷയുടെ സ്വാഭാവികമായവഴക്കം നവമാധ്യമ മേഖലയിലെ സാഹിത്യത്തെയും സ്വാധീനിച്ചിട്ടുണ്ട്. ഭാവുകത്വപരമായപരിണാമം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. സൈബർസാഹിത്യം എന്ന് ഇന്നു വിവക്ഷിക്കുന്ന സാഹിത്യം നവമാധ്യമങ്ങളുടെ സൃഷ്ടിയാണ്. മലയാളത്തിൽ സൈബർ സാഹിത്യം സജീവമാണ്. സൈബർസാഹിത്യത്തെ ഒഴിവാക്കിക്കൊണ്ട് മലയാള സാഹിത്യത്തിന്റെ വികാസചരിത്രം എഴുതാൻ ഇനി സാദ്ധ്യമല്ല.

ഇതര മാധ്യമങ്ങളെ അപേക്ഷിച്ച് നവമാധ്യമങ്ങൾ സാഹിത്യത്തിന് നൽകുന്ന സ്ഥാനം, വിനിമയരീതി എന്നിവയിൽ കാര്യമായ വ്യത്യാസമുണ്ട്. എല്ലാ മാധ്യമങ്ങളുടെയും സ്വഭാവം ഏകോപിപ്പിച്ചുകൊണ്ട് വിനിമയം സാദ്ധ്യമാക്കാനാകുന്നത് നവമാധ്യമങ്ങൾക്കാണ്. സംസ്കാരത്തെ വികേന്ദ്രീകൃത സ്വഭാവത്തിൽ പരിചരിക്കുന്ന മാധ്യമമെന്ന നിലയുള്ളതിനാൽ നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യരചനകൾക്ക് ബഹുസ്വരതയുണ്ട്. എഴുത്തുകാർക്ക് മാധ്യമം അനുവദിച്ചുകൊടുക്കുന്ന സ്വാതന്ത്ര്യം മറ്റൊരു പ്രധാന ഘടകമാണ്. ഇത് സാഹിത്യരചനകളുടെ ഉള്ളടക്കത്തിൽ വലിയ മാറ്റംവരാൻ കാരണമായിട്ടുണ്ട്. പൊതുവായിരിക്കുമ്പോഴും സ്വകാര്യതയുടെ ഇടങ്ങൾ സൂക്ഷിക്കാനാകുന്നത് നവമാധ്യമങ്ങളിലെ ഉള്ളടക്കത്തെ സ്വാധീനിക്കുന്നു. സ്വകാര്യതയും തുറന്നെഴുത്തും ഈ മാധ്യമത്തിൽ സാദ്ധ്യമാണ്. അന്വേഷിച്ചു ചെല്ലുന്നവർക്ക് മാത്രം പ്രാപ്യമാകുന്ന പൊതു ഇടം എന്ന പ്രത്യേകതയാണ് ഇതിനു കാരണം. ഇക്കൂട്ടത്തിൽ ബ്ലോഗുകൾ പ്രത്യേക പരിഗണന അർഹിക്കുന്നു. വിനിമയരംഗത്തെ പുതിയ വ്യവഹാരരൂപമെന്ന നിലയിലാണ് ബ്ലോഗുകൾ രംഗപ്രവേശം ചെയ്തത്. ആശയപ്രകാശനത്തിന് മുൻപില്ലാതിരുന്ന ഒരു മാതൃക ബ്ലോഗുകൾ സൃഷ്ടിച്ചു. സർഗാത്മക സൃഷ്ടികളുടെ രചനയിലും പ്രസാധനത്തിലും ബ്ലോഗുകൾ പുതുമാതൃകയാണ് അവതരിപ്പിച്ചത്. രചനകളുടെ ഉള്ളടക്കത്തിലും പ്രസാധനസ്വഭാവത്തിലും വായനയിലും നൂതനമായ പ്രവണതകൾക്ക് ഇത് തുടക്കം കുറിച്ചു. അച്ചടി മാധ്യമങ്ങളുടെ കുത്തകയായിരുന്ന സാഹിത്യം നവമാധ്യമങ്ങളിൽ ചുവടുറപ്പിക്കുന്നതാണ് പിന്നീട് കണ്ടത്. തുടക്കത്തിൽ കൗതുകത്തിന്റെ പേരിൽ മാത്രം ബ്ലോഗുരചനകളെ സമീപിച്ചവർക്ക് പിന്നീട് അതിന്റെ ഗൗരവം മനസ്സിലാകുകയും വിനിമയരംഗത്തെ പുതുവിപ്ലവമായി അതിനെ അംഗീകരിക്കുകയും ചെയ്തു. അച്ചടിമാധ്യമങ്ങളും ബ്ലോഗിന്റെ വിനിമയസാദ്ധ്യതയും പ്രചാരവ്യാപ്തിയും തിരിച്ചറിഞ്ഞു. അച്ചടിമാധ്യമങ്ങൾ ബ്ലോഗുകൾക്ക് വേണ്ടത്ര പ്രചാരംനൽകി. ബ്ലോഗർമാർ കേവലം സ്വയംപ്രദർശകർമാത്രമല്ല, ആഗോളതലത്തിൽ പ്രവർത്തിക്കുന്ന മാധ്യമവിമർശകർ കൂടിയാണെന്ന വസ്തുത ഇതരമാധ്യമങ്ങൾ തിരിച്ചറിഞ്ഞു.

ബ്ലോഗുകൾ, സമൂഹമാധ്യമസൈറ്റുകൾ, വെബ്സൈറ്റുകൾ, പോർട്ടലുകൾ, സ്മാർട്ട് ഫോൺ സമ്പർക്കസൈറ്റുകൾ എന്നിവയിലായി പരന്നുകിടക്കുന്ന നവമാധ്യമ സാഹിത്യം കവിതയ്ക്ക് വലിയ പ്രാധാന്യം നൽകുന്നതായി കാണാം.

മലയാളത്തിൽ ആയിരത്തിലധികം ബ്ലോഗുകൾ നിലവിലുണ്ട്. ഇവയിൽ സജീവമായിനിൽക്കുന്ന ബ്ലോഗുകൾ അധികവും കവിതയ്ക്ക് പ്രാധാന്യം നൽകുന്നവയാണ്.സമൂഹമാധ്യമസൈറ്റുകൾ സജീവമായതോടെ പ്രസാധനമാധ്യമമായി പല ബ്ലോഗർമാരും അത്തരം സൈറ്റുകളെ ആശ്രയിക്കാൻ തുടങ്ങി. ബ്ലോഗുകളുടെ കണ്ണികൾ ബ്ലോഗിതരസ്ഥലങ്ങളിൽ നൽകുകവഴിയും വായന സാദ്ധ്യമാക്കുന്ന രീതിയും നിലവിൽവന്നു. ഇന്റർനെറ്റിലുള്ള ഉള്ളടക്കത്തെ കണ്ണികൾവഴി ബന്ധിപ്പിക്കാനാകുന്നത് നവമാധ്യമങ്ങളുടെ ശക്തിവർദ്ധിപ്പിക്കുന്നു. കവിതയുടെ എല്ലാത്തരം പ്രവണതകളെയും പ്രതിനിധാനംചെയ്യാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നുണ്ട്. അച്ചടിയെ കേന്ദ്രമാക്കി നിലനിന്ന സാഹിത്യ വ്യവഹാരത്തെ ചോദ്യംചെയ്യുകയും തിരുത്തുകയും ചെയ്യുന്ന മാധ്യമമായി നവമാധ്യമം മാറിയിട്ടുണ്ട്. വായനക്കാരെ മുഖവിലയ്ക്കെടുക്കുന്ന സാഹിത്യ മേഖലയാണത്. നവമാധ്യമങ്ങളിലെ എഴുത്തുകാർ ഒരു പ്രത്യേക വിഭാഗമായി മാറിനിൽക്കുന്നതായും കാണാം. മാധ്യമത്തിന്റെ പ്രത്യേകതകൊണ്ട്, എഴുത്തുകാരന്റെ യോഗ്യതയിലും പുതിയപരിഗണനകൾ ആവശ്യമായി വരുന്നു. സാങ്കേതികവിദ്യയിലുള്ള ജ്ഞാനം എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.എഴുത്തുകാരന്റെ അധികാരസ്വരൂപം ഉടച്ചുകളയുന്ന മാധ്യമമാണിത്. എല്ലാ ബാഹ്യപരിഗണന കളെയും ഒന്നോടെ റദ്ദാക്കാൻ ഈ മാധ്യമം സഹായിക്കുന്നു. മാധ്യമത്തിന്റെ സാദ്ധ്യതകളെ എഴുത്തിന്റെ ശരീരത്തിലേക്ക് സന്നിവേശിപ്പിക്കാനുള്ള കഴിവ് നവമാധ്യമങ്ങളിലെ സാഹിത്യത്തെ വേറിട്ട അനുഭവമാക്കുന്നു.

ഭാഷയിലൂടെ നിർവഹിക്കപ്പെടുന്ന സർഗ്ഗാത്മക വിനിമയങ്ങളിലൊന്നാണ് കവിത. ഭാഷയുടെ സവിശേഷവും സൂക്ഷ്മവുമായ പ്രയോഗം കവിതയ്ക്ക് അനിവാര്യമാണ്. സാഹിത്യരൂപങ്ങളിൽ കവിതയ്ക്കുള്ള പ്രാധാന്യം പൊതുസമ്മതി നേടി

യിട്ടുള്ളതാണ്. കവിതയുടെ മുലപ്പാൽ കുറേശ്ശേ കുടിച്ചിറക്കിയതുകൊണ്ടാണ് പിന്നീടുണ്ടായിട്ടുള്ള ജ്ഞാനങ്ങളൊക്കെ സ്വായത്തമാക്കാൻ മനുഷ്യസമുദായത്തിനു കഴിഞ്ഞത്. (ഫിലിപ്പ് സിഡ്നി,1999:17) മറ്റ് സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് അതിനുള്ള പഴക്കമാണ് ഈ പരിഗണനയ്ക്ക് ഒരു കാരണം. സംഗീതം പോലെ കവിതയും മനുഷ്യന്റെ പിറവിയോടൊപ്പം ജന്മംകൊള്ളുന്നു എന്ന് കരുതാം. നാടോടിഗാനങ്ങളിൽ കവിതയുടെ ആദിമാങ്കുരങ്ങളുണ്ട്. മനുഷ്യന്റെ വളർച്ചയോടൊപ്പം കവിതയും വളർന്നുവന്നതാണ് അതിന്റെ ചരിത്രം. ക്ലാസ്സിക് കാലഘട്ടം മുതൽ ഗൗരവമുള്ള സാഹിത്യരൂപമായി കവിതമാറി. ഭാഷയുടെ രൂപ വശേഷമായാണ് സാഹിത്യത്തെ വിലയിരുത്താറുള്ളത്. (കൈനിക്കര കുമാര പിള്ള, 2001:7) ഭാഷയുടെ അതിസൂക്ഷ്മമായ പ്രയോഗം ആവശ്യമായിവരുന്ന സാഹിത്യരൂപമായി കവിത തിരിച്ചറിയപ്പെടുന്നു. ഈ സങ്കല്പനം കവിതയെ സാധാരണക്കാരന്റെ വ്യവഹാരരൂപം എന്ന നിലയിൽനിന്ന് ഒരു പരിധിവരെ അകറ്റിനിർത്തി എന്നു കാണാം. നാടോടിപ്പാട്ടുകളുടെ ഘട്ടത്തിലുണ്ടായിരുന്ന ജനസമ്മതി പിന്നീട് കവിതയ്ക്ക് നഷ്ടപ്പെട്ടു. എന്നാൽ വികാസത്തിന്റെ പലഘട്ടങ്ങളിലും കവിതവീണ്ടും ജനസാമാന്യത്തോട് അടുക്കുവാനുള്ള ശ്രമം നടത്തിയിട്ടുണ്ട്.എങ്കിലും ഗദ്യാഖ്യാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കവിതയ്ക്ക് ജനപ്രീതി കുറവായിരുന്നു എന്ന് വ്യക്തമാകും. ആധുനികതയുടെഘട്ടംവരെ ഈ നില തുടരുന്നതാണ് മലയാളകവിതയുടെ അനുഭവം. ആധുനികാനന്തര ഘട്ടത്തിൽ അവസ്ഥ മാറുന്നതുകാണാം. കവിതയെ സംബന്ധിച്ച പൂർവ്വധാരണകൾ പൊളിച്ചെഴുതാൻ ആധുനികാനന്തരഘട്ടത്തിൽ കവികൾ തയ്യാറായതാണ് ഇതിനു കാരണം. കാവ്യരചനയിലെ പൂർവനിശ്ചിതമായ നിയമങ്ങൾ പലതും ഇളവുചെയ്തുകിട്ടിയ കാലമായിരുന്നു അത്. ആധുനികകവിതയുടെ വക്താക്കളായിരുന്ന പ്രമുഖ കവികൾ തന്നെ ഈ മാറ്റത്തിനു നേതൃത്വംനൽകി എന്നതും ശ്രദ്ധേയമാണ്. അയ്യപ്പപ്പണിക്കരും സച്ചിദാനന്ദനും ഈ മാറ്റത്തിന് മുൻനിരയിൽനിന്ന് നേതൃത്വംനൽകി. കവിത വീണ്ടും ജനകീയവഴിയിലേക്ക് വരുന്നതാണ് ആധുനികാനന്തരഘട്ടത്തിൽ

കണ്ടത്. ഈ സന്ദർഭത്തിലാണ് നവമാധ്യമങ്ങൾ സജീവമായത്.കവിതയിലെ ജനകീയവൽകരണത്തിന് പുതിയ മാധ്യമവും പ്രയോജനപ്പെട്ടു. സൈബർകവിത എന്ന് വിശേഷിപ്പിക്കപ്പെടുന്ന നവമാധ്യമങ്ങളിലെ കവിതകൾ വിലയിരു ത്തുമ്പോൾ ഈ വസ്തുത പരിഗണിക്കാതിരി ക്കാനാവില്ല.

സൈബറിടത്തിലെ മലയാളകവിതയുടെ ചരിത്രവും സ്വഭാവവും പരിഗണി ക്കുമ്പോൾ ചില കാര്യങ്ങൾ പ്രധാനമായി വരുന്നുണ്ട്. 1990 കൾക്ക്ശേഷം പൊതു വ്യവഹാരത്തിലേക്ക് കടന്നുവന്ന ഒരുപദമാണ് സൈബർ എന്നത്. യന്ത്രവും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിന്റെ ഫലമായി മുൻപില്ലാതിരുന്ന ഒരു വ്യവഹാരപരിസരം രൂപപ്പെടുകയായിരുന്നു. എഴുത്തുകാരുടെ സജീവ പരിഗണനയിലേക്ക് ഈപദം വരുന്നത് പിന്നെയും കുറെ വർഷങ്ങൾകൂടി കഴിഞ്ഞിട്ടാണ്. നമ്മുടെ സാംസ്കാരികജീവിതത്തെ സ്പർശിക്കുന്ന ഒരാശയമായി ഈ വിഷയം തിരിച്ചറിഞ്ഞതോടെ സൈബർവിഷയമാകുന്ന സാഹിത്യരചനകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. സൈബർസാഹിത്യം എന്നതുകൊണ്ട് വിവക്ഷിക്കുന്ന സാഹിത്യത്തിന്റെ പൊതുലക്ഷണമായി അവയിലെ പ്രമേയം പരിഗണിക്കപ്പെട്ടു. ആനിലയ്ക്ക് മലയാളത്തിലെ സൈബർസാഹിത്യം ഇന്നും വേണ്ടത്ര വളർച്ചനേടി എന്ന് കരുതാനാവില്ല. ഇതിന്റെ മറ്റൊരുവശമാണ് സൈബറിടത്തിൽ പ്രത്യ ക്ഷപ്പെടുന്ന സാഹിത്യം എന്ന പരിഗണനയിലുള്ളത്. സാഹിത്യകൃതിയുടെ ഉള്ളടക്കമല്ല, പ്രസിദ്ധീകരിക്കപ്പെടുന്ന മാധ്യമമാണ് ഇവിടെ പരിഗണിക്കപ്പെ ടുന്നത്. ഈ അർത്ഥത്തിൽ നോക്കിയാൽ സൈബറിടം മലയാളസാഹിത്യത്തിൽ സമ്പന്നമാണ്. ഈ രണ്ടു പരിഗണനകളും നവമാധ്യമങ്ങളിലെ കവിതാസാ ഹിത്യത്തെ പഠനവിധേയമാക്കുമ്പോൾ പരിഗണിക്കേണ്ടതുണ്ട്.

സൈബറിടത്തിൽ കവിത സജീവമാകുന്നതിനു മുൻപുതന്നെ ഇലക്ട്രോ ണിക് യന്ത്രങ്ങളുമായുള്ള സംവാദം മലയാള കവിതയിൽ അരംഭിച്ചിരുന്നു. മേതിൽ രാധാകൃഷ്ണന്റെ കവിതകൾ ഇതിനു തെളിവാണ്. (മനോജ് കുറൂർ, 2015:163). ജയൻ.കെ.സി., ടി.കെ.സന്തോഷ്കുമാർ, അൻവർ അലി, ഏ.സി.

ശ്രീഹരി, എൽ.തോമസ് കുട്ടി തുടങ്ങിയ കവികൾ പലകവിതകളിലും ഈ അന്ത രീക്ഷം അവതരിപ്പിക്കുന്നുണ്ട്. മൊബൈൽഫോണും കമ്പ്യൂട്ടറും ഇന്റർനെറ്റും പ്രമേയമായിവരുന്ന കവിതകൾ അച്ചടിസാഹിത്യത്തിൽത്തന്നെ പ്രത്യക്ഷപ്പെട്ടു. റഫീക്ക് അഹമ്മദ് (മൊബൈൽഫോൺ) കല്പറ്റ നാരായണൻ (ടച്ച് സ്ക്രീൻ) എൽ. തോമസ് കുട്ടി (റിംഗ് ടോൺ) തുടങ്ങിയ കവികൾ ഫോൺ എന്ന ഉപകരണം ജീവിതശൈലിയിലും സംസ്കാരത്തിലും വരുത്തുന്ന പരിണാമം കവിതകളിലൂടെ അവതരിപ്പിച്ചു.

"കണ്ടതിനേക്കാൾ
ഭീതിദമീ
കാണായിടങ്ങൾ
ഉണ്ടെങ്കിലും
ഇല്ലാത്തപോലുള്ള
വിർച്വൽ നോവ്
ഒരു ആക്കം ഒരാളാകുന്നപോലെ
ഒരു നഖത്തുണ്ട്
പ്രജനന ജനിതകമാകുന്നപോലെ
ക്വിബിറ്റസ് പരിധികൾ തിരുത്തി
ടെലിപോർട്ടേഷനിലൂടെ
ഭ്രുതകാമനകൾ കവിതയുടെ
ജലവൃക്ഷമായി, ഇടമില്ലാതെ!"(എൽ.തോമസ്കുട്ടി,2013:17)

എന്ന് 'ഇടം' എന്ന കവിതയിൽ വായിക്കാം. സൈബർ സ്പെയ്സ് എന്ന പ്രതീതി സ്ഥലത്തെ പ്രശ്നവൽകരിക്കുകയാണ് ഈ കവിത. ഈ ഭാവുകത്വത്തിന്റെ തുടർച്ച എന്ന നിലയിൽക്കൂടിവേണം നവമാധ്യമങ്ങളിലെ കവിതയെ പരിഗണിക്കേണ്ടതുണ്ട്.

മലയാളകവിതകളാൽ സമ്പന്നമണ് ഇന്ന് സൈബർ മേഖല. സൈബ റിടത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന കവിതയുടെ മാതൃകകൾ നിരവധിയാണ്. നവമാധ്യമങ്ങളിൽ എഴുതപ്പെടുന്ന രചനകൾക്ക് പുറമേ, അച്ചടിയിൽ വന്ന പഴ യതും പുതിയതുമായ കവിതകളെ ഈ പുതുമാധ്യമത്തിൽ അവതരിപ്പിക്കുന്നതി നുള്ള ശ്രമങ്ങളും കാണുന്നുണ്ട്. കൂടുതൽ വായനക്കാരിലേക്ക് വേഗം കടന്നുചെല്ലു കയും പ്രതികരണങ്ങൾ ലഭിക്കുകയും ചെയ്യും എന്നതിനാൽ ഈ മാധ്യമത്തെ പ്രയോജനപ്പെടുത്താൻ കവികൾ താല്പര്യംകാണിക്കുന്നു. കവിതയുടെ വിവിധതരം അവതരണങ്ങളും നവമാധ്യമങ്ങളിൽ കാണാം. ശബ്ദ – ദൃശ്യരൂപങ്ങളിലായി അവ കടന്നുവരുന്നു.

മലയാളത്തിലെ സൈബർ കവിതയ്ക്ക് ദീർഘമായചരിത്രം ഇല്ല . ഉള്ളടക്ക ത്തെയും ആവിഷ്കാരത്തെയും നിർണ്ണയിക്കുംവിധം മലയാളകവിത മാറുന്നതിന്റെ ദൃഷ്ടാന്തങ്ങളായ രചനകളാണ് ഈ പഠനത്തിന്റെ പരിധിയിൽ വരുന്നത്. അത്തരം രചനകൾ താരതമ്യേന കുറവാണ് എന്നുകാണാം. ഏറെയും അശി ക്ഷിതരും പുതുമുറക്കാരുമായ കവികളാണ് നവമാധ്യമങ്ങളിൽ കടന്നുവരുന്നത് എന്നത് മറ്റൊരു വിഷയമാണ്. കവിതയുടെ പാരമ്പര്യം തിരിച്ചറിഞ്ഞ് ഈ മേഖലയിൽ ഇടപെടുന്നവരല്ല ഇവർ എന്ന പരിമിതി നിലനിൽക്കുന്നു. അതേസമയം ഏറ്റവും ശുദ്ധരൂപത്തിൽ കവിതയിലൂടെ വായനക്കാരോട് സംവദി ക്കുന്നവരാണ് ഇവരെന്ന സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്. പ്രതിഭാശാലികളായ കുറേ എഴുത്തുകാർ ഈ മാധ്യമത്തെ പ്രയോജനപ്പെടുത്തുന്നുണ്ട്. ഭാഷയിലെ പുതുമയും കല്പനകളിലെ നൂതനത്വവും അവരുടെ രചനകളെ നവ്യമായ അനുഭവമാക്കുന്നു.

നവമാധ്യമങ്ങളിലെ കവിതകളെ ഉള്ളടക്കപരവും ആഖ്യാനപരവുമായ സവിശേഷതകൾ പരിഗണിച്ച് വിശകലനം ചെയ്യാനാണ് ഇനി ശ്രമിക്കുന്നത്.

## 2.1.ഉള്ളടക്കപരമായ പ്രത്യേകതകൾ

സാഹിത്യരചനകളിലെ ഒരു പ്രധാനഘടകം ഉള്ളടക്കമാണ്. ഇത് കവിതയ്ക്കും ബാധകമാണ്. കവിതയുടെ പ്രാഥമികമായഘടകം അർത്ഥയുക്തമായ പദങ്ങളാണ്. (സാനു,എം.കെ.2009: 179) അർത്ഥയുക്തങ്ങളായ പദങ്ങളാണ് ഉള്ളടക്കത്തെ നിർണ്ണയിക്കുന്നത്. ഉള്ളടക്കവും തദനുസൃതമായ ആഖ്യാനരീതിയുമാണ് സാഹിത്യസൃഷ്ടികളെ മികച്ചതാക്കി മാറ്റുന്നത്. ഓരോ ചരിത്രഘട്ടവും കാലോചിതമായ ഉള്ളടക്കങ്ങളാൽ സമ്പന്നമായ സൃഷ്ടികൾക്ക് ജന്മംനൽകുന്നുണ്ട്. ക്ലാസ്സിക് യുഗത്തിലും നിയോക്ലാസ്സിക് ഘട്ടത്തിലും സാഹിത്യരചനകൾ സ്വീകരിച്ചുവന്ന ഉള്ളടക്കം കാല്പനികതയുടെ ഘട്ടത്തിൽ മാറുന്നത് കാണാം. കാല്പനിക കാലഘട്ടത്തിലെ ഉള്ളടക്കസ്വഭാവമല്ല ആധുനികഘട്ടത്തിലെ കലാസൃഷ്ടികളിൽ കണ്ടത്. ആധുനികാനന്തര ഘട്ടത്തിൽ പിന്നെയും മാറ്റംവരുന്നത് കാണാം. മലയാളസാഹിത്യം ഇപ്പോൾ ആധുനികാനന്തര പ്രവണതകളിലൂടെ കടന്നുപോവുകയാണ്. മനുഷ്യന്റെ ജീവിതശൈലിയിലും നാടിന്റെ സാമൂഹിക സ്ഥിതിയിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആഗോളവൽകൃത സാമൂഹികാവസ്ഥയുടെ ഫലങ്ങൾ എല്ലാ തലങ്ങളെയും സ്പർശിച്ചു കടന്നുപോകുന്ന അനുഭവമാണ് ഇന്നുള്ളത്. സാങ്കേതികവിദ്യയുടെ രംഗത്തുണ്ടായ വളർച്ച ഇതിനു സഹായക മായിട്ടുണ്ട്. വ്യക്തിബന്ധങ്ങളിലും സാമൂഹിക -സാംസ്കാരിക ബന്ധങ്ങളിലും പുതിയ പ്രവണതകൾ ഉടലെടുക്കുന്നു. ഇതെല്ലാം സാഹിത്യത്തിലും പ്രതിഫലിക്കുക സ്വാഭാവികമാണ്. നവമാധ്യമങ്ങളിലെ കവിതകളിലെ ഉള്ളടക്കം വിശകലനം ചെയ്യുമ്പോൾ ഇതെല്ലാം പ്രസക്തമാണ്. ഈ കാഴ്ച്ചപ്പാടിൽ പരിശോധിക്കുമ്പോൾ നവമാധ്യമങ്ങളിലെ കവിതകളിൽ കാണുന്ന ഉള്ളടക്കസ്വഭാവത്തെ താഴെപ്പറയുംവിധം ക്രോഡീകരിക്കാവുന്നതാണ്.

### 2.1.1.പ്രവാസം

സൈബറിടത്തിൽ മലയാള കവിത സാന്നിദ്ധ്യമറിയിച്ചത് ബ്ലോഗുകളിലൂടെയായിരുന്നു. കമ്പ്യൂട്ടർ എന്ന ഉപകരണവുമായി നിരന്തരം സമ്പർക്കത്തിലേർ

പ്പെട്ടിരുന്ന ചില പ്രവാസി മലയാളികളാണ് ഇതിനു തുടക്കം കുറിച്ചത്. നവ മാധ്യമം എന്ന പുതിയ എഴുത്തുവഴി രൂപപ്പെട്ടപ്പോൾ കവിതയിലേക്ക് വന്നവ രാണ് അവർ. ഈ സാദ്ധ്യത മലയാളത്തിൽ നൂതനമായ ഒരു കവിതാ സരണിക്ക് വഴിതുറക്കുകയായിരുന്നു. നവമാധ്യമത്തിലെ കവികളിൽ പ്രമുഖനായ കെ.എം. പ്രമോദ് ടി.പി.വിനോദുമായി നടത്തിയ അഭിമുഖത്തിൽ ഇങ്ങനെ പറയുന്നു:

"കവിതകൾക്ക് പരസ്പരം വർത്തമാനം പറയാനും അടികൂടാനും കൈകൊ ടുക്കാനും ചുമലിൽ തട്ടാനുമൊക്കെയുള്ള ഒരു പ്ലാറ്റ്ഫോം സൈബർ ഇടങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ട്. 2002 ൽ എന്തുകൊണ്ടോ മിണ്ടാതായ എന്റെ കവിത 2007 ലാണ് പ്രമാദം എന്ന ബ്ലോഗിലൂടെ വീണ്ടും മിണ്ടിത്തുടങ്ങിയത്" (https://www.thirakavitha.com/2014)

മാധ്യമം എഴുത്തിനെ പുനരുജ്ജീവിപ്പിച്ചതിനെക്കുറിച്ചാണ് പ്രമോദ് പറയു ന്നത്. ഇത് നവമാധ്യമത്തിന്റെ എടുത്തുപറയേണ്ട ഒരു പ്രത്യേകതയാണ്.

എഴുത്തുകാരന്റെ ജീവിതച്ചുറ്റുപാടുകളും സാമൂഹികവീക്ഷണവും അയാളുടെ എഴുത്തിനെ നിർണ്ണയിക്കുന്ന പ്രധാനഘടകമാണ്. പ്രവാസജീവിതത്തിന്റെ പ്രശ്ന ങ്ങളെ അഭിമുഖീകരിച്ച ഈ പുതുമുറക്കവികൾ സ്വാഭാവികമായും കവിതയിലൂടെ അവ ആവിഷകരിച്ചു. മുഹമ്മദ് സഗീർ പണ്ടാരത്തിൽ തന്റെ ബ്ലോഗിൽ കുറിച്ചു:

"വന്നനാടും
നിന്നനാടും
അന്യമായ
നാട്ടുകാർ
നമ്മൾ പ്രവാസികൾ!"

(http://uaepoets.blogspot.com,14.08.2012)

വേരിൽനിന്ന് വേർപെടുകയും എവിടെയും വേരുകളില്ലാതെ അനിശ്ചി തത്ത്വത്തിലാവുകയും ചെയ്ത പ്രവാസിയുടെ ധർമ്മസങ്കടം ഈ വരികളിലുണ്ട്.

പുതിയ തൊഴിൽസാഹചര്യങ്ങളാണ് പലരെയും പ്രവാസജീവിതത്തിന്ന പ്രേരിപ്പിച്ചത്. സാങ്കേതികവിദ്യയുമായി അവർക്കുണ്ടായിരുന്ന ബന്ധം കവിതയിലേക്ക് അവരുടെ വരവിനുള്ള വഴിതെളിയിച്ചു . ജീവിതത്തിലെ ഒറ്റപ്പെടലും സങ്കടങ്ങളും കുറിച്ചുവയ്ക്കാൻ സൈബറിടം അവർ പ്രയോജനപ്പെടുത്തുകയായിരുന്നു.

"അവൾ,
വിരഹക്കടലിൽ
സങ്കടംതിന്നും
ഇണമൽസ്യം.
അവൻ,
പൊള്ളുന്നമണലിൽ
ജലംതേടും
നിലക്കാത്ത പിടച്ചിൽ..."

( http://uaepoets.blogspot.com,30.08.2013)

എന്ന് അബ്ദുൾകലാം എഴുതുമ്പോഴും വ്യക്തിജീവിതത്തിലെ സങ്കടം മറ്റൊരു പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയാണ്. ഇണകളിൽ ഒരാൾ കടലിലും മറ്റയാൾ പൊള്ളുന്ന മണലിലുമാണ്. ഇണമൽസ്യങ്ങളുടെ ഈ നിസ്സഹായാവസ്ഥയിലൂടെ പ്രവാസിയുടെ ജീവിതത്തിലെ ഗൗരവതരമായ ഒരു സംഘർഷഘടകത്തെ അബ്ദുൾകലാം വരച്ചിടുന്നു. 'ഭൂപടം' എന്ന കവിതയിൽ കുഴൂർവിൽ സൺ എഴുതുന്നതിങ്ങനെയാണ്:

"അവന്റെ വരകളിൽ തെളിയുന്നത് മറ്റുചിലതായിരുന്നു.

വർക്കിചേട്ടന്റെ ചായക്കട ഇവിടെ
ഇറച്ചിവെട്ടുകട അവിടെ
ക്രിക്കറ്റുകളിക്കുന്നതിവിടെ
സുബ്രമണ്യസ്വാമിക്ഷേത്രം അവിടെ
കുണ്ടൂർകടവ് ഇവിടെ

കൂട്ടുകാർകാത്തുനിൽക്കുന്നതിവിടെ

പ്രീതിതിരിഞ്ഞുപോകുന്ന ഇടവഴിയവിടെ

എന്നിങ്ങനെ അടയാളപ്പെടുത്തി"

(https://vishakham.blogspot.com 2006)

പരീക്ഷയ്ക്ക് ഇന്ത്യയുടെ ഭൂപടം വരയ്ക്കേണ്ടിവരുമ്പോൾ അതിൽ തന്റെകുഴൂർ എവിടെവരുമെന്നാലോച്ചിച്ച് നേരവും മാർക്കും നഷ്ടപ്പെടുത്തിയ കുട്ടിയെ കവി ഓർത്തെടുക്കുന്ന കവിതയാണിത്. ഗൃഹാതുരസ്മരണകൾ കവിയിൽ ഉണരുന്നു. ബ്ലോഗിന്റെ എഴുത്തുരീതികളിൽ പലമട്ട് കടന്നുവരുന്ന ഒരു വിഷയമാണ് ഗൃഹാതുരത്വം. ബ്ലോഗർമാർ പലരും പ്രവാസികളായിരുന്ന ആദ്യകാലങ്ങളിൽ ഈ സ്വഭാവം വളരെ കൂടുതലായിരുന്നു.സൈബറിടത്തിലെ കവിതയുടെ പരിസരം വികസിക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്.നവമാധ്യമത്തിലെ കവിതയെ ശ്രദ്ധേയമാക്കുന്ന ഒരു പ്രമേയം പ്രവാസമാണെന്ന് ഇത് വ്യക്തമാക്കുന്നു.

"ഇപ്രാവശ്യംകൂടിയെന്നു

പിന്നെയും പിന്നെയും

ജീവിതകയ്പ്പുകളാൽ

ഭാഗ്യപരീക്ഷണത്തിനിറങ്ങുന്നവർ

ചിരിച്ചും കരഞ്ഞും

കരയിപ്പിച്ചും

പെറ്റ നാട്

നാടുകടത്തുന്നവർ

പ്രവാസികൾ."(http://manalezhuthukal-smith.blogspot.com/24.03.2018 മാർച്ച് 24)

സ്മിത്ത് മണലെഴുത്തുകൾ എന്ന ബ്ലോഗിൽ എഴുതിയ 'നാടുകടത്തപ്പെട്ടവർ ( നെടുംബാശ്ശേരി എയർപോർട്ട്)' എന്ന കവിതയിൽ കുറിച്ച വരികളാണിവ.

സുഹൃത്ത് നാട്ടിലേക്ക് പോകുന്നു.പെട്ടികെട്ടലും പാർട്ടിയുമുണ്ട്. കുട്ടികളുടെയും ഭാര്യയുടെയും ആഗ്രഹങ്ങൾ, അയൽക്കാരുടെ പ്രതീക്ഷകൾ , എല്ലാം വെവ്വേറേ പായ്ക്ക്ചെയ്തു വച്ചിരിക്കുന്നു. സ്വന്തം സ്വപ്നങ്ങൾ വിറ്റു വാങ്ങിയവയാണെല്ലാം. ആ അന്തരീക്ഷം വിനോജ് പകർത്തുന്നു.

"കുപ്പികൾപൊട്ടിച്ച് അടി തുടങ്ങി, തീറ്റയും,
പൊറോട്ടക്ക് അടിയന്തിരത്തിന്റെ ഇഡ്ഡലിയുടെ രുചി,
ചുറ്റും മദ്യം ചുവപ്പിച്ച കണ്ണുകൾ.

വിട പറയും മുൻപ്, ഒരു നിമിഷം
കനത്ത നിശ്ശബ്ദത, ദീർഘ നിശ്വാസങ്ങൾ,
എവിടുന്നോ ഓർമ്മകളുടെ ഒരു സുനാമി വരുന്നുവോ?
മദ്യം കലങ്ങിയ കണ്ണുകൾക്ക് ഒരു മറകുടിയാകുന്നു.

സുഹൃത്തേ നീ പോയിവരിക,
കത്തിയെരിയുന്ന സൂര്യന്റെ ഓർമ്മകൾ
എത്ര പൊള്ളിച്ചാലും, എനിക്കറിയാം,
കൂടുതൽ സ്വപ്നങ്ങളുടെ ഭാരവുമായി,
നീ മടങ്ങി വരുമെന്ന്.(http://onappathipp2010.blogspot.com)

"നാടു വിടുമ്പോൾ
ഒരാൾ
കൊടുങ്കാറ്റ് കണക്കേ
ദീർഘനിശ്വാസം വിടുന്നത്
വരുന്ന
രണ്ടുമൂന്നാണ്ടുകൾക്ക് വേണ്ട

ശ്വാസം സംഭരിക്കാനാകും"

(http://www.vishakham.blogspot.com,2011)

എന്ന് 'നെടുവീർപ്പുകൊണ്ട് മെനഞ്ഞ രണ്ടു കവിതകൾ' എന്ന തലക്കെട്ടിൽ കുഴൂർ വിൽസൺ എഴുതിയ കവിതയും ഈ അനുഭവംതന്നെയാണ് പങ്കുവയ്ക്കുന്നത്. പ്രവാസത്തിന്റെ നൊമ്പരം പകർത്താനാണ് നവമാധ്യമങ്ങളിലെ കവികൾ ശ്രമിക്കുന്നത്.

## 2.1.2.ദേശാനുഭവം

തീവ്രമാകുന്ന ദേശാനുഭവം നവമാധ്യമങ്ങളിലെ കവിതയുടെ ഒരു സവിശേഷതയാണ്. ഇതും മുൻപ് വ്യക്തമാക്കിയ പ്രവാസജീവിതത്തിന്റെ തീക്ഷ്ണാനുഭവങ്ങളിൽനിന്ന് വരുന്നതാണ്. സ്വന്തദേശത്തെ അകലെനിന്നു നോക്കുമ്പോൾ കാണുന്ന കാഴ്ചകൾ സവിശേഷ അനുഭവമാകുന്നു. അതിൽ അതിവൈകാരികത കടന്നുവരുന്നു. അതുവരെ കാണാതിരുന്ന പലതും കാണാനാകുന്നു. ഈ അനുഭവമാണ് ദേശം പ്രമേയമാകുന്ന രചനകളിലുള്ളത്. സിന്ധു മേനോന്റെ 'പൊന്നാനി'എന്ന കവിത ഇത്തരം അനുഭവമാണ് ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്.

"പൊന്നാനിയുടെ സാരിത്തുമ്പിൽ
നാണിച്ച മുഖം മറച്ചിരിക്കുന്ന
പുളിക്കകടവിനും കിട്ടി ഇക്കുറി
കാറ്റിൽ ആടുന്ന ഒരു തൂക്കു പാലം

ഒടുവിൽ പാലങ്ങളുടെ നഗരമായി
തീരുമോയിത് എന്ന് അതിശയിപ്പിക്കും വിധം
എന്നിട്ടും ഉത്തരം കിട്ടാത്ത

ഒരായിരം യാത്രാസമസ്യകൾ

അക്കരെക്കും ഇക്കരെക്കു മിടയിൽ

നിശ്ചലമായി പോയ

ഓർമയുടെ  കളി വഞ്ചികൾ

വറ്റിപ്പോകുന്ന കാല് നനയ്ക്കും  മുൻപേ

ഉള്ളിലെ  നാടെന്ന  ജലാശയം"

(http://uaepoets.blogspot.com,12.01.2012)

ഉള്ളിലെ നാടെന്ന ജലാശയം വറ്റിപ്പോകുന്നതിന്റെ ആശങ്കയാണ് ഈ കവി പങ്കുവയ്ക്കുന്നത്. നാടിനുണ്ടാകുന്ന പരിണാമം നോക്കിക്കാണുന്ന ഈ കവിത അതിനുള്ളിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയവും വ്യക്തമാക്കുന്നു. ഇടശ്ശേരിയുടെ 'കുറ്റിപ്പുറംപാലം' എന്ന കവിതയും പിൽക്കാലകവികളുടെ പരിസ്ഥിതി പ്രധാനമായ കവിതകളും പങ്കുവയ്ക്കുന്ന ആശങ്ക ഈ കവിതയിലും നിലനിൽക്കുന്നത് കാണാം. ദേശത്തിനുസംഭവിക്കുന്ന പരിണാമം ഓർമ്മകളെ തോറ്റിയുണർത്താൻ സഹായകമാവുന്നു. വെറും ആശയമായി ചുരുങ്ങിപ്പോകാതിരിക്കുന്നു എന്നതാണ് ഈ വരികളെ കവിതയിലേക്ക് പരിണമിപ്പിക്കുന്നത്.

ദേശാനുഭവം ദേശത്തിന്റെ ചരിത്രാഖ്യാനമായി മാറുന്നതിനും തെളിവുകൾ നവമാധ്യമ കവിതകളിൽനിന്ന് കണ്ടെത്താം. പൊതുവ്യവഹാരം വിട്ടുകളയുന്ന ദേശചരിത്രങ്ങളെ സർഗാത്മകരചനകളിലൂടെ ആഖ്യാനംചെയ്യുക എന്നത് ആധുനികാനന്തര സാഹിത്യത്തിന്റെ പൊതുസവിശേഷതയാണ്.മാധ്യമത്തിന്റെ സ്വഭാവമനുസരിച്ചാണ് ഇത്തരം രചനകൾക്ക് പ്രാതിനിധ്യം ലഭിക്കുന്നത്. നവമാധ്യമങ്ങൾ പരമ്പരാഗത മാധ്യമത്തിൽനിന്ന് വ്യത്യസ്തമായി, അരുകിൽനിന്ന് കേന്ദ്രത്തിലേക്ക് വികസിക്കുന്ന സംസ്കാരത്തെയാണ് പ്രതിനിധാനംചെയ്യുന്നത് എന്നതിനാൽ ഇത്തരം പ്രാദേശികചരിത്രങ്ങൾക്ക് വലിയ പ്രാതിനിധ്യം ലഭിക്കുന്നുണ്ട്. മലയാളംബ്ലോഗുകളിൽ ഇപ്രകാരമുള്ള ആഖ്യാനങ്ങൾ കാണാം.

സജീവ് എടത്താടന്റെ കൊടകരപുരാണം എന്ന പ്രസിദ്ധമായ ബ്ലോഗ് ദേശചരിത്രത്തെ നർമ്മഭാഷണത്തിൽ ആലേഖനം ചെയ്യുന്നു. കവിതയിലും പലമട്ടിൽ ഇത് കടന്നുവരുന്നു. കെ.എം.പ്രമോദിന്റെ 'കുഞ്ഞാക്കമ്മ' എന്ന കവിത ദേശത്തിന്റെ സമരചരിത്രത്തെ ഓർമ്മിപ്പിക്കുന്നു.കവിതയോടൊപ്പം നൽകിയിട്ടുള്ള കുറിപ്പ് കവിതയുടെ ചരിത്രപശ്ചാത്തലം വ്യക്തമാക്കുന്നു.

"കണ്ടക്കൈ അധികാരിയുടെ പറമ്പിൽനിന്ന് പുരമേയാൻ പുല്ല് പറിച്ചതാണ് പുല്ലുപറി സമരം. അതിനുശേഷം ജന്മിയുടെ വിളഞ്ഞുനില്ക്കുന്ന നെല്ല് സഖാക്കളുടെ നേതൃത്വത്തിൽ വിളവെടുത്ത് നാട്ടുകാർക്ക് വിതരണം നടത്തി. ഇതിനെയെല്ലാം ക്രൂരമായി നേരിടുകയായിരുന്നു അധികാരികളും പോലീസും. വിളവെടുപ്പുസമരത്തിൽ പങ്കെടുത്തവരുടെ വീടുകളിൽകയറി കലങ്ങളും ചട്ടികളും തകർത്തു നരാധമന്മാർ. കുഞ്ഞാക്കമ്മയുടെ നേതൃത്വത്തിൽ 1947 ജനുവരി 22ന് പൊളിഞ്ഞചട്ടികളും കലങ്ങളും ശേഖരിച്ച് സ്ത്രീകൾ ജന്മിയുടെവീട്ടിലേക്ക് 'ജന്മിത്തം തുലയട്ടെ'തുടങ്ങിയ മുദ്രാവാക്യങ്ങളുമായി ജാഥ നയിച്ചു. ഇതാണ് ഐതിഹാസികമായ കലംകെട്ട് സമരം. 1947 ഫെബ്രുവരി 18 മുതൽ ഏപ്രിൽ 5 വരെ കുഞ്ഞാക്കമ്മ ജയിലിൽ ആയിരുന്നു. പറഞ്ഞറിയിക്കാൻ വയ്യാത്ത ക്രൂരതകളാണ് ആ സ്ത്രീക്ക് ഏൽക്കേണ്ടിവന്നത്."

(കെ.എം.പ്രമോദ്, http://pramaadam.blog spot.com 02.06.2017) സങ്കീർണ്ണതകളൊന്നുമില്ലാതെ തെളിഞ്ഞ ഭാഷയിൽ , ചുരുങ്ങിയ വാക്കുകളിൽ ഒരു നാടിന്റെ സമരചരിത്രം ഈ കവിത വരച്ചിടുന്നു. ചരിത്രത്തിൽ വിട്ടുപോകുന്ന കണ്ണികളെ കൂട്ടിച്ചേർക്കാനുള്ള ശ്രമവും ഈ രചനയ്ക്ക് പിന്നിലുണ്ട്.

ഇത്തരം ദേശാഖ്യാനങ്ങൾ തിളക്കമുള്ള ചില വ്യക്തിചിത്രങ്ങളും അവതരിപ്പിക്കുന്നുണ്ട്. അവർ ജീവിതത്തിൽ അടയാളപ്പെട്ടവരാണ്. കെ.എം. പ്രമോദ് എഴുതിയ 'കാലി'എന്ന കവിതയുടെ സ്വഭാവം ഇതാണ്.

'"എന്തിനാ ശ്രീധരാ' എന്നു കേട്ട്

കാലിപൂട്ടാൻവന്ന ശ്രീധരേട്ടൻ കലമ്പി,

അതുപാടിയ

നാലു വയസ്സുകാരനായ എന്നെ.

പിന്നെ

പിള്ളരെ തോന്ന്യാസം പറഞ്ഞ് പടിപ്പിച്ചിറ്റല്ലേ എന്ന്

അച്ഛനെ.

'എന്തിന്നധീരത' എന്നാണ്

കുട്ടി പാടുന്നതെന്ന്

ബാലവേദിയിൽ വെച്ച്

ബ്രെഹ്തിന്റെ പാട്ട് പാടിത്തന്ന

ദാമോദരേട്ടൻ.

ഇതുകേട്ട്

തല കുമ്പിട്ടു നിന്നു

ശ്രീധരേട്ടൻ.

ഒരു പുലർച്ചെ

കാലിപൂട്ടാൻ വരുമ്പോൾ

കണ്ടത്തിൽ നിന്നൊരു യന്ത്രവും

മറ്റൊരു പുലർച്ചെ

കയറു പിടിച്ച് മാപ്പളക്കു കൊടുക്കുമ്പോൾ

കാലികളും

കാലിയായ ആല പൊളിക്കുമ്പോൾ

താഴെ വീണ കഴുക്കോലുകളും

എന്തിനാ ശ്രീധരാ എന്ന് ചോദിച്ചു.

മറ്റെന്തെങ്കിലുമാവുമെന്ന് കരുതി
തലകുമ്പിട്ടു നിന്നു
ശ്രീധരേട്ടൻ.”

(http://www.chintha.com/tharjani,2008: ജൂലൈ)

ഒരു ദേശത്തിന്റെയും സംസ്കാരത്തിന്റെയും പരിണാമം വൈകാരികമായി പറഞ്ഞു വയ്ക്കാൻ ഈ കവിതയ്ക്ക് കഴിയുന്നു.

## 2.1.3.പരിസ്ഥിതിബോധം

സൈബർകവിതകളിൽ പരിസ്ഥിതിബോധം സജീവമായ അനുഭവമാണ്. ആധുനികാനന്തര സമൂഹത്തിൽ ശക്തിയാർജ്ജിച്ച ഈ ആശയത്തെ പലമട്ടിൽ കവിതകളിൽ അവതരിപ്പിക്കാൻ നവമാധ്യമത്തിലെ കവിതകൾ ശ്രമിക്കുന്നതു കാണാം.

വിഷ്ണുപ്രസാദിന്റെ ‘ഹരിതബലി’ എന്ന കവിത ആഴവും മൂല്യവും നഷ്ടപ്പെട്ട മാനവികതയുടെ ചിത്രം കാട്ടിത്തരുന്നു.ക്ഷമയുടെമൂർത്തിയായ മഹാബലിയെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിച്ച് ആഖ്യാനം നിർവഹിക്കുകയാണ് കവി.പ്രപഞ്ച ത്തിലെ സർവജീവജാലങ്ങളിലും നിറഞ്ഞിരിക്കുന്ന ജീവചൈ തന്യത്തിന്റെ പ്രതീ കമായി മഹാബലിനിൽക്കുന്നു. തുമ്പയായും തൊട്ടാവാടിയായും മുക്കുറ്റിയായും പൂവാംകുരുന്നിലയായും തകരയായും കാക്കപ്പൂവായും ഭൂമികാണാൻ പുറപ്പെട്ട മഹാബലിക്ക് നേരിടേണ്ടിവന്ന ദുരന്തം കവിതയിൽ വിവരിക്കുന്നു.

“വീടുകെട്ടാൻ
ഒരടി മണ്ണു ചോദിച്ച നീ
ഭൂമി മുഴുവൻ
മുറിച്ചുമുറിച്ച്
മതില് കെട്ടി.

മതില്ക്കകത്ത്

വീടു കെട്ടി.

വീട്ടുമുറ്റം സിമന്റിട്ട്

എല്ലാ പുരയിടങ്ങളിൽ നിന്നും

എന്നെ പുറത്താക്കി.

കാടുകൾ തീയിട്ട്

കാട്ടുമൃഗങ്ങളെ കൊന്ന്

കാട്ടുരുവികളെ തളച്ച്

രണ്ടാമത്തെ അടി മണ്ണും

കൈവശപ്പെടുത്തി

പെരുവഴിയോരത്ത്

പൊന്തിയപ്പോൾ

തൊഴിലുറപ്പെന്ന് പറഞ്ഞ്

പറിച്ചിട്ടു.

ഒരിക്കലും തലയുയർത്താതിരിക്കാൻ

റൌണ്ടപ്പ് അടിച്ചു.

അങ്ങനെ വാടിക്കരിഞ്ഞ്

മൂന്നാമത്തെ അടി മണ്ണും വിട്ടുതന്ന്

പാതാളത്തിലേക്ക്

നീ ചവിട്ടിത്താഴ്ത്തിയ

പച്ചയാണ് ഞാൻ."(http://prathibhasha.blogspot.com)

ഡോണ മയൂരയുടെ 'ഉന്മീലനം' എന്നകവിത മാറിയകാലത്തെ തല തിരിഞ്ഞ പ്രകൃതിബോധത്തെ അടയാളപ്പെടുത്തുന്നു. കൃഷിരീതികൾ പണക്കൊ

തിമൂത്ത് കാർഷികവ്യവസായത്തിലേക്ക് മാറുന്നത് കവി ചൂണ്ടിക്കാട്ടുന്നു. നേരിട്ട് പ്രശ്നം അവതരിപ്പിക്കുന്ന രീതിയാണ് കവിതയിലുള്ളത്.

"നമ്മൾവിതച്ച പാടങ്ങളിലവർ
കേറി റബ്ബറും തെങ്ങും വച്ചു.
പമ്പും, ബിവറേജസ് കോർപ്പറേഷനുമാക്കി." –
(http://www.chintha.com)

വിഷ്ണുപ്രസാദിന്റെ 'ഉച്ച' എന്ന കവിതയിൽ ഇതിന്റെ മറുവശം കാണാം. വഴിയും പുഴയും ആകാശവും കുളവും പ്ലാവും സ്വാഭാവികപ്രകൃതിയുടെ ചിത്രമായി തെളിയുന്നു.

"ചേമ്പിൻതാളുകൾ വെയിലിനുകൊടുക്കാതെ
മൂടിവെച്ച കുളത്തിൽ
തണുപ്പ് ഒരു കുട്ടിയെപ്പോലെ
ഒളിച്ചിരിക്കുന്നു

മീനുകളുടെ വീടാണവിടം
ചേമ്പിൻതാളുകളുടെ പച്ചമേൽക്കൂരയല്ലാതെ
അവ കണ്ടിട്ടില്ല ആകാശം.
ചേമ്പിന് തണ്ടുകളുടെ പച്ചത്തൂണുകൾക്കിടയിലൂടെ
താളുകൾ നേർപ്പിച്ചുവിടുന്ന പച്ചവെളിച്ചത്തിൽ
ചില തുമ്പികൾ മാത്രം അവിടെ എന്തോ
തിരഞ്ഞുപോവാറുണ്ട്."(http://prathibhasha.blogspot.com)

കുന്നിടിച്ചും പാറപൊട്ടിച്ചും വികസനത്തിന്റെ പാതയൊരുക്കുന്നവർ തങ്ങൾ കുഴിച്ച കുഴിയിൽ വീഴുന്നതിന്റെ ചിത്രം ഐറണിയുടെ സ്വരത്തിൽ അൻവർ അലി അവതരിപ്പിക്കുന്നു. പ്രകൃതിയോടും സഹജീവികളോടും ഒരു പരിഗണനയും

വയ്യാതെ  വികസനത്തിനു പിന്നാലെ പായുന്ന കേരളീയന്റെ, ദുരന്തത്തിലും പാഠം പഠിക്കാത്ത , മനോഭാവം ഈ കവിതയിലുണ്ട്. കവിതയിലെ ആഖ്യാതാവ് ചോദിക്കുന്നു:

"ഞങ്ങൾ കുഴിച്ചൊരു
ഞങ്ങടെ കുഴിയിൽ
ഞങ്ങൾ കിടന്നു ദ്രവിച്ചെന്നാൽ
നിങ്ങൾക്കെന്താ സർക്കാരേ
ജ ച്ച ഞ ഞ്ഞ
അല്ലാതെ?"(http://urumbinkoodu.blogspot.com,27.01.2011)

അൻവർ അലിയുടെതന്നെ ,'കൊണ്ടോട്ടി എയർപ്പോർട്ടിൽനിന്ന് വെള്ളി യാഴ്ച ഉച്ചയ്ക്ക് അവിശ്വാസിയായ ഒരിടത്തരംവിമാനം ടേക്ക്ഓഫ് ചെയ്യുമ്പോൾ' എന്ന നീണ്ട തലക്കെട്ടിൽ എഴുതിയ കവിതയിൽ:

"ചാലിയാർ;
കിഴക്കൻ കാട് അഴിച്ചെടുത്ത പർദ്ദ,
അറബിക്കടലിലേക്ക് വളച്ചുകെട്ടിയ
ഇരുണ്ട് മെലിഞ്ഞ വിനൈൽ
ഫ്ലെക്സ്"(http://urumbinkoodu.blogspot.com)

എന്ന് കുറിക്കുന്നു. ചാലിയാറിനുണ്ടായ ദുരന്തത്തെ വർത്തമാനക്കാഴ്ചയാക്കുന്നു ഈ വരികൾ. പ്രകൃതിയിൽനിന്ന് ജീവിതപാഠം പഠിക്കുന്ന ആഖ്യാതാവിനെയാണ് 'മാതൃക' എന്ന കവിതയിൽ ഉമ്പാച്ചി അവതരിപ്പിക്കുന്നത്. അക്ഷമനായ മനു ഷ്യന്റെ ചെയ്തികൾ, അവന്റെ ഒരിക്കലും തീരാത്ത ആർത്തി, ഈ കവിത ഓർ മ്മിപ്പിക്കുന്നു. പഠിപ്പിലും തൊഴിലിലും സംവരണംകിട്ടി ഉയരങ്ങളിലെത്തിയിട്ടും ജീവിതത്തിലെ ക്ഷമയെന്നപാഠം പഠിക്കാനാകാതെപോയതിന്റെ കുറ്റബോധം ആഖാതാവിലുണ്ട്.

"ഇത്രയും ക്ഷമ പാടില്ല ചെടിയേ
നനയോ തടമോ കിട്ടാതെ പൂവിടുന്ന
നിന്നിൽ നിന്നും പഠിക്കണം
സംവരണത്തിനു പഠിപ്പും പണിയും നേടിയ
ഞാൻ സ്വാശ്രയ തത്വം,
കോരുമ്പോൾ ഒലിച്ചിറങ്ങുന്ന
വെള്ളം മതിയെന്നു ശഠിച്ച്
നീ കിണറ്റുവക്കത്തു തന്നെ
നിന്നു കളഞ്ഞതല്ലേ,
വിനയത്തെ കുറിച്ച് ദിവസവും ഓർമ്മിക്കുന്നതിന്
നിന്നെ ക്ഷമയുടെ അതിരിലേക്ക്
മാറ്റി നടാൻ പോകുന്നു
ഞാൻ."(http://boolokakavitha.blogspot.com,01.03.2011)

പ്രകൃതിയിലെ സസ്യജാലങ്ങൾക്ക് മനുഷ്യപ്രകൃതിനൽകി അവതരിപ്പിക്കുന്ന രീതിയും കാണുന്നു. കവിതയുടെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നാണ് ഇത്. ഈ ഭൂമിയിൽ മനുഷ്യൻ മാത്രമല്ല ഉള്ളതെന്ന ബോധം ഈ കവികളെ നയിക്കുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഇത്തരം കവിതകളിലും പരിസ്ഥിതി ബോധം മറ്റൊരുതരത്തിൽ കടന്നുവരികയാണ്. കെ.എം. പ്രമോദിന്റെ വസന്തം എന്ന കവിത ആരംഭിക്കുന്നതിങ്ങനെയാണ്:

"പടിഞ്ഞാറേ
പൊട്ടക്കിണറ്റിന്റെ കരയിലുള്ള
ചെമ്പകത്തിന്
നീണ്ട ഇലകളുണ്ടായിട്ടു പോലും
തീരില്ല നാണം."

ചമ്പകമരത്തെ മനുഷ്യപ്രകൃതിയിലേക്ക് കയറ്റിനിർത്തുന്ന കവിതയുടെ ഈ രീതി പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തെ ഉറപ്പിക്കൽകൂടിയാണ്. തുടർന്ന് അദ്ദേഹം എഴുതുന്നു:

"ഇലകൾക്കിടയിലൂടെ
കാണാതെയൊന്നു
തട്ടിയോ മുട്ടിയോ പോയാൽ
മുള്ളുവെച്ചൊരു നോട്ടമുണ്ട്
അപ്പുറത്തെ വീട്ടിലെ പനിനീരിന് .

വളർച്ചയില്ലാത്തതിനാൽ
തോട്ടിനക്കരെയുള്ള
കാക്കപ്പൂവിനും, കിണ്ടിപ്പൂവിനും
ചെറിയ ഇലകൾ മതി
ചെറുപ്പം മുതലേ."(http://pramaadam.blogspot.com)

സിനു കക്കട്ടിലിന്റെ 'പീഡിപ്പിക്കപ്പെട്ടവളുടെ അമ്മ' എന്ന കവിത സ്ത്രീയുടെ അവസ്ഥയുമായി ചേർത്തുവച്ച് പരിസ്ഥിതിപ്രശ്നം അവതരിപ്പിക്കുന്നു. ഇക്കോ ഫെമിനിസത്തിന്റെ കാഴ്ചപ്പാടിൽ വായിക്കാവുന്ന കവിതയാണത്.

"കടലിലേക്കുള്ള യാത്രയിൽ
കൊലചെയ്യപ്പെട്ട
പുഴയുടെ ശവമാണ്
കൂട്ടിയിട്ടിരിക്കുന്ന
മണലിനടിയിൽ"(http://neeharammala.blogspot.com)

എന്നാണ് കവിതയുടെ ആരംഭം.പീഡിപ്പിക്കപ്പെട്ട് ചത്തുപോയ മകളുടെ അഴുക്കു പുരളാത്ത യൂണിഫോം അലക്കാൻ പുഴയിൽ വന്നുപോകുന്ന അമ്മയെ കവി അവ

തരിപ്പിക്കുന്നു.തന്റെ ദുഃഖത്തെ അലക്കിയുണക്കുന്ന ആ അമ്മയോട് പുഴയിൽ തുള്ളി വെള്ളമില്ലെന്ന് വെയിൽ ഓർമ്മിപ്പിക്കും.

"പീഡിപ്പിക്കപ്പെട്ടവളുടെ അമ്മ
മരുഭൂമിയിലെ
കള്ളിമുൾച്ചെടിപോലുമല്ല" ( http://neeharammala.blogspot.com)

എന്ന് കവി ഓർമ്മിപ്പിക്കുന്നു.പ്രകൃതിക്കും സ്ത്രീയ്ക്കും നേരേ കാട്ടുന്ന ക്രൂരതയുടെ ആഴം ധ്വനിമധുരമായി ആവിഷകരിക്കാൻ ഈ കവിക്കു കഴിയുന്നു.

## 2.1.4. പ്രണയം

നവമാധ്യമത്തിൽ എഴുതുന്നകവികളിൽ അധികവും യുവാക്കളാണ്. അതുകൊണ്ടുതന്നെ പ്രണയാനുഭവങ്ങളെക്കുറിച്ചുള്ള ആഖ്യാനങ്ങൾ അവിടെ ധാരാളമായി കാണുന്നു. ശിക്ഷിതരായ കവികളല്ലാത്തതിനാൽ പലരുടെയും പ്രണയാഖ്യാനങ്ങൾ ഉപരിപ്ലവമായി മാത്രം നിൽക്കുന്നു. പ്രണയത്തെ അനുഭൂതിയായി ആവിഷ്കരിക്കാൻ പലർക്കും കഴിയുന്നില്ല. കൂട്ടത്തിൽ ശ്രദ്ധേയമായ കവിതകളും കാണാനാവുന്നുണ്ട്. സൈബറിടത്തിലെ കവികളുടെ പ്രണയാവിഷ്കാരങ്ങൾ രതിതൃപിയും വിരഹാകുലവുമാണെന്ന് സച്ചിദാനന്ദൻ നിരീക്ഷിക്കുന്നുണ്ട്. (2010:7) യൗവനത്തിന്റെ തുറന്നടിക്കലുകളായി ,അസംതൃപ്ത ദാമ്പത്യമായി, നഷ്ടബോധമായി , തിളച്ചുമറിയുന്ന അനുഭവമായി പ്രണയം കടന്നുവരുന്നതു കാണാം.

"എന്നെ വയലിനാക്കുന്നു
നിന്റെ ചുംബനത്തിന്റെ ശലാക
എന്റെ തന്ത്രികളിൽ
തിരശ്ചീനമായ ദ്രുതസഞ്ചാരം"

"നിന്നെ കാണാതെ ഞാൻ മരിച്ചുപോകുമോ

മരണമേ നീ മാറിനിൽക്കു
അവളെ തൊടുംവരെ
എന്നെ തൊട്ടുതീണ്ടാതെ"

"മഴത്തുള്ളികളോടു പറയൂ
ഭൂമിയിൽനിന്ന് ആകാശത്തിലേക്ക് പെയ്യ്
എന്നെ തണുപ്പിക്കാൻ
പ്രണയത്താൽ ഞാൻ കത്തിത്തീരും മുൻപേ" (http://twentytwo-and-half.blogspot. com.)

എന്നിങ്ങനെ SMS (സ്നേഹം മരണം സംഗം) എന്നകവിതയിൽ അനൂപ് ചന്ദ്രൻ എഴുതുമ്പോൾ പ്രണയം തീവ്രാനുഭവമായി അറിയുന്ന കവിയെ കാണാം. 'ചില്ല കളിൽ ഉടക്കുന്നത്' എന്ന കവിതയിൽ

"പ്രണയം,
സ്വപ്നങ്ങളുടെ തീയിൽ
കത്തിപ്പോകാതെ
പച്ചയ്ക്കു കിടക്കുന്നു
നീറിപ്പുകഞ്ഞ്
തീയിനെ പൊള്ളിക്കുന്നു"(http://dhanuhere4you.blogspot.com)

എന്ന് ധന്യാദാസ് എഴുതുമ്പോഴും ഇതേ അനുഭവമാണ് ഉണ്ടാകുന്നത്. തീയിനെക്കൂടി പൊള്ളിക്കുന്ന പ്രണയത്തിന്റെ തീവ്രത കവിതയിലുണ്ട്. 'പ്രണയം' എന്ന ചെറുകവിതയിൽ മറ്റൊരുതരത്തിൽ എം.ആർ.വിബിൻ ഈ ആശയം അവതരിപ്പിക്കുന്നു.

"ഇടവഴിയിൽ വച്ചാണ് കടിച്ചത്
ഇപ്പോൾ എല്ലാ വൈകുന്നേരങ്ങളിലും
അവിടെത്തന്നെ കാത്തുനിൽപ്പാണ്.

കടിച്ച പാമ്പിനെ

തിരിച്ചു കടിച്ചാൽ

വിഷമിറങ്ങുമെന്ന പഴമൊഴിയുമോർത്ത്"

(http://enthorujanmam.blogspot.com)

കെ.എം.പ്രമോദ്.രൂപാന്തരം എന്ന കവിതയിൽ ഇങ്ങനെ കുറിക്കുന്നു:

"പത്മിനിയെ

പ്രണയം പതിയാക്കി

പിന്നെ

ദാമ്പത്യം പന്നിയാക്കി

അയാൾ അങ്ങനെ വിളിച്ച് തുടങ്ങിയതോടെ"

(http://boolokakavitha.blogspot.com/13.11.2007)

പ്രണയത്തിന്റെ മാധുര്യം ദാമ്പത്യത്തിൽ അസ്തമിച്ചുപോകുന്നതിനെക്കുറിച്ചാണ് കവിത. ജീവിതയാഥാർത്ഥ്യത്തോട് മുഖാമുഖം നിൽക്കേണ്ടി വരുമ്പോൾ ഉള്ളിലെ പ്രണയം ചോർന്നു പോകുന്നു. പ്രണയത്തിന്റെ സ്ഥാനത്ത് വെറുപ്പ് കടന്നുവരുന്നു. ചിലപ്പോൾ പ്രണയകാലത്തെ പൊരുത്തം പ്രണയാനന്തര കാലത്ത് നഷ്ടപ്പെടുന്നതുകൊണ്ടും ഈ അവസ്ഥ വന്നുചേരാം. ഗുരുതരമായ ഒരു വിഷയമാണ് പ്രമോദ് ഫലിതരൂപത്തിൽ പകർത്തുന്നത്. പ്രണയത്തിന്റെ മറ്റൊരവസ്ഥയാണ് ഫെമിന ഫറൂഖ് അവതരിപ്പിക്കുന്നത്. വിവാഹിതനായ ഒരാളെ പ്രണയിക്കുന്നതിലെ ധർമ്മസങ്കടങ്ങൾ അവർ പകർത്തുന്നു.

"ഒരു വിവാഹിതനെ പ്രണയിക്കുക എന്നാൽ

ഊഴത്തിനു കാത്തു നിന്നോളാം എന്ന കരാറിൽ

ഒപ്പു വയ്ക്കുക എന്നാണ്.

ഒരു വിവാഹിതനെ പ്രണയിക്കുക എന്നാൽ

അവന്റെ വേളിയുടെ പുലയാട്ടു നിശബ്ദം സഹിക്കുക

എന്ന് കൂടിയാണ്.

ഒരു വിവാഹിതനെ പ്രണയിക്കുക എന്നാൽ
അളന്നു മുറിച്ചു തരുന്ന നിമിഷങ്ങളെ
ഏറ്റവും വലിയ കരുതലെന്നു കാത്തു
വയ്ക്കേണ്ടതാണ്."(http://aksharabhoomika.blogspot.com2.11.2017 )

ദേവസേനയുടെ 'മരണാനന്തരം' എന്നകവിതയിൽ അസംതൃപ്തമായ കുടുംബജീവിതത്തിന്റെ ചിത്രമാണുള്ളത്. സ്ത്രീയുടെ ശരീരകാമനകൾക്ക് വിലമതിക്കാത്ത പുരുഷന്മാരുടെ പ്രതിനിധിയാണ് ഈ കവിതയിലെ ഭർത്താവ്. അയാളോടൊപ്പം ഒട്ടിച്ചേർന്നുള്ള കിടപ്പ് സ്വപ്നത്തിൽ മാത്രം അവൾ കാണുന്നു. അതെങ്കിലും കണ്ടല്ലോ എന്ന ആശ്വാസത്തിനു മേലേക്കാണ് 'പള്ളി സെമിത്തേരിയിൽ നിനക്കുകൂടി സ്ഥലം ബുക്കുചെയ്യട്ടേ' എന്ന ഭർത്താവിന്റെ ചോദ്യം വരുന്നത്. കവിതയിലെ ആഖ്യാതാവായ ഭാര്യ പറയുന്നു:

"മരിച്ച്
മണ്ണിനടിയിൽ
അടുത്തടുത്ത പെട്ടികളിൽ വച്ചുമാത്രം
ഞങ്ങൾ രതിയിലേർപ്പെടും
അനുമതി"(http://devamazh.com)

"നിങ്ങളെ
അത്ഭുതപ്പെടുത്തുന്ന പെൺകുട്ടികളെ
സ്നേഹിക്കാൻ തുടങ്ങരുത്
അവർ
പിന്നെയും പിന്നെയും
അത്ഭുതപ്പെടുത്തിയെന്നിരിക്കും
അതിന് മുൻപേ

അവരെ അത്ഭുതപ്പെടുത്തി

മറ്റെന്തിനെയെങ്കിലും

സ്നേഹിച്ചു തുടങ്ങുക"

(http://anuonamkavithakal2012.blogspot.com )

തുടക്കം എന്ന കവിതയിൽ വിമീഷ് മണിയൂർ എഴുതുന്നതിങ്ങനെയാണ്. ഡോണ മയൂരയുടെ ഐസ്ക്യൂബുകൾ എന്ന കവിതയിൽ പ്രണയാനുഭവങ്ങളുടെ സങ്കീർണതയാണ് ആവിഷ്കരിക്കുന്നത്. മഞ്ഞും വെയിലും വെള്ളവും ഒഴുക്കും ഈ സങ്കീർണ്ണഭാവത്തിന്റെ സ്ഥായിയായ ബിംബങ്ങളായി പല കവിതകളിലും കടന്നു വരുന്നു. പ്രണയം ഡോണ മയൂരയ്ക്ക് പ്രിയപ്പെട്ട വിഷയമാണ്. പല കവിത കളിലായി ഈ വിഷയം അവർ അവതരിപ്പിക്കുന്നു. കണ്ടുമുട്ടുമ്പോഴേ തമ്മിൽ പിരിയേണ്ടത് എങ്ങനെ എന്നാലോചിക്കുന്ന ഒരാഖ്യാതാവ് ഐസ്ക്യൂബുകൾ എന്ന കവിതയിലുണ്ട്. ഒരുതരം അരക്ഷിതാവസ്ഥയിൽ നീങ്ങുന്ന പ്രണയമാണ് അവരുടെ വിഷയം. എന്നാൽ സമകാലിക ജീവിതത്തിൽ പ്രണയം ഒരു അതി ജീവനതന്ത്രം കൂടിയാണ്. (മനോജ് കുറൂർ,2012:14) ഇത്തരം എഴുത്തുകളിൽ ഒരു സങ്കടമോചന ധർമ്മംകൂടി നിറവേറപ്പെടുന്നുണ്ട്. അത് ആ കവിതകൾ അവതരി പ്പിക്കുന്ന രാഷ്ട്രീയത്തിന്റെ ഭാഗമാണ്. തികച്ചും വ്യക്തിഗതമായ രാഷ്ട്രീയമാണത് എന്നു തോന്നാം. എന്നാൽ സ്ത്രീശരീരത്തെ സംബന്ധിക്കുന്ന ഉൽകണ്ഠകൾ അതി ലുണ്ട്.

"എന്റെ കുരുതിക്കു ശേഷവും

കള്ളം കൊണ്ടു നീ

ചുവന്ന കളമെഴുതണം

പിന്നെ നിന്റെയാ കണ്ണിൽത്തെറിച്ച

ചോരയെന്റെ കണ്ണുനീരാൽ കഴുകണം" (ഡോണ മയൂര, 2012:43)

എന്ന് 'നിണമെഴുതിയത്' എന്ന കവിതയിൽ ഡോണ മയൂര കുറിക്കുന്നുണ്ട്.

"ഇലകൊഴിയുന്നൊരു മഞ്ഞുകാലത്ത്

ഇനിയും മരവിച്ചിട്ടില്ലാത്തൊരു പാർക്ക് ബഞ്ചിൽ,

കാലം കൊണ്ടു വച്ച

രണ്ട് ഐസ്ക്യൂബുകൾ പോലെ നമ്മൾ."

(http://rithubhedangal.blogspot.com 11.11.2010)

എന്നും ഡോണമയൂര എഴുതുന്നു.

ഇത്തരം ആഖ്യാനങ്ങളിലെല്ലാം സ്ത്രീയെന്ന നിലയിലും പ്രണയിനി എന്ന നിലയിലും താൻ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ സ്വരമാണ് കവയിത്രി ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്.'നീയും ഞാനും' എന്ന കവിതയിൽ (കവിതയുടെ മഴക്കാലം എന്ന ബ്ലോഗിൽ) ദേവസേന എഴുതുന്നതിങ്ങനെയാണ്:

"ടാ-യെന്ന ഒരു പതിഞ്ഞ വിളി മതി

നമ്മുക്കിടയിൽ അലറുന്ന പുഴയെ വറ്റിച്ചു കളയാൻ

എന്നാലും വിളിക്കില്ല.

പോട്ടെടാ-യെന്ന് മൂന്നക്ഷരം ധാരാളമാണ്

സകല സങ്കടങ്ങളും വെന്തു പോവാൻ.

എന്നാലും പറയില്ല

നിനക്കു ഞാനില്ലേയെന്ന

ഒരു കുഞ്ഞു വരി മതി

പക്ഷേ വേണ്ട

എന്നെ നിർമ്മിച്ചത് ഈഗോ കൊണ്ടാണ്"

(http://devamazha.blogspot.com Accessed25.11.2018)

പ്രണയത്തിൽ സ്ത്രീയും പുരുഷനും പുലർത്തുന്ന മനോഭാവത്തെ താരതമ്യം ചെയ്തുനോക്കാനാണ് തുടർന്ന് ശ്രമിക്കുന്നത്.പ്രണയത്തിൽനിന്ന് സ്ത്രീയ്ക്ക് കിട്ടുന്നത് വേദനകൾ മാത്രം.

"പ്രണയിക്കപ്പെടുന്നവൾ വേട്ട മൃഗമാണ്.
അവൾ നിരന്തരം ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കും
മുറിവേൽക്കപ്പെട്ടുകൊണ്ടിരിക്കും
രക്തമിറ്റിച്ച് പ്രാണരക്ഷാർത്ഥം
ചുറ്റുപാടും ചിതറിയോടിക്കൊണ്ടിരിക്കും

വരും ജന്മം ആണായി ജനിക്കണം
കഴിഞ്ഞ ജന്മങ്ങളിൽ നിഷേധിക്കപ്പെട്ട
സ്നേഹങ്ങൾ കൊണ്ടു മൂടപ്പെട്ട
ലോകത്തെ ആദ്യ സ്ത്രീയാവും എന്റെ കാമുകി."(http://devamazha.blogspot.com/Accessed 25.11.2018)

യാസർ അറഫാത്തിന്റെ 'രമണൻ ഒരു വി /ക /ലാപകാവ്യം' എന്ന കവിത പ്രണയിനിയുടെ വേർപാടിൽ വേദനിക്കുന്ന ആഖ്യാതാവിനെ കാട്ടിത്തരുന്നു. പ്രണയവിരഹം തീക്ഷ്ണാനുഭവമായി ഈ കവിതയിൽ നിറയുന്നു. പിരിയുമ്പോൾ കാമുകി പറഞ്ഞ വാക്കുകൾ കല്ലിൽ കൊത്തിവച്ചപോലെ ഓർമ്മിക്കുന്ന കാമുകനാണ് ഇതിലെ ആഖ്യാതാവ്. അയാൾക്ക് മറ്റെവിടേക്കും പോകാനാവുന്നില്ല.

"നീ പിരിഞ്ഞു പോയതിൽ പിന്നെ
കൂട്ടു കൂടിയിട്ടില്ല ആരുമായും
എല്ലാം മുൻപ് എങ്ങനെയൊക്കെ ആയിരുന്നുവോ
അതുപോലെയൊക്കെ തന്നെയാണ്
നമ്മൾ ചുംബിക്കുമ്പോൾ

നമ്മളെ ചുംബിച്ചിരുന്ന കാറ്റുകൾ മാത്രമാണ്

ചിലപ്പോഴെങ്കിലും കൂട്ടായി ഉണ്ടാകാറുള്ളത്

വ്യത്യസ്തമായി വീശാറുള്ളത്"(http://thfoo.blogspot.in/2012)

പ്രണയം ഏകാന്തധ്യാനംപോലെ വിശുദ്ധമായിരിക്കുന്നു. ത്യാഗത്തിന്റെ , ബലിയാക്കപ്പെടുന്നതിന്റെ, മുറിവുകൾ പൊത്തിപ്പിടിക്കാൻ പ്രണയസ്മരണകൾ കൂട്ടാകുന്ന അനുഭവം ഈ കവിത നൽകുന്നു.

നവമാധ്യമകവികളിൽ ഏറെ ശ്രദ്ധേയനാണ് കുഴൂർ വിൽസൺ. അച്ചടി മലയാളം തിരസ്കരിച്ച കവിതകൾ നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചുകൊണ്ടാണ് അദ്ദേഹം സ്വന്തം കവിതയുടെ ഇടം സുനിശ്ചിതമാക്കിയത്.തന്റെ എഴുത്തനുഭവത്തെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ കവിതാബ്ലോഗായി വിലയിരുത്തപ്പെടുന്ന 'അച്ചടിമലയാളം നാടുകടത്തിയ കവിതകൾ' എന്ന ബ്ലോഗിന്റെ മുഖക്കുറിപ്പ് ഇങ്ങനെ:

"ഇന്ന് ഈ ബ്ലോഗിന്റെ ഒൻപതാം പിറന്നാളാണ്. കഴിഞ്ഞ എട്ട് വർഷങ്ങൾ എന്നിൽ കവിത നിലനിർത്തുന്നതിൽ ഈയിടം വഹിച്ചപങ്ക് ചെറുതല്ല. ഇതിന്റെ കൂടെക്കൂടിയ കൂട്ടുകാരും. 2003 ൽ എമിറാത്തിൽ എത്തിയപ്പോൾ കവിത കൈവിട്ടതായി എനിക്ക് തോന്നിയിരുന്നു. 2006 ൽ ഇത് തുടങ്ങുംവരെ അതു തുടർന്നു. ഒരുപക്ഷേ ബ്ലോഗ് ഇല്ലായിരുന്നുവെങ്കിൽ എന്റെ കവിത 2003 ൽ നിന്നുപോകുമായിരുന്നു. ഓർക്കേണ്ട ഒരു പാടുപേരുണ്ട്. ബ്ലോഗിൽ ആദ്യത്തെ കവിതകൾ ടൈപ്പ്ചെയ്ത് തന്ന സമീഹ, ഇടയ്ക്ക് ഇറങ്ങിപ്പോയ ജോനവൻ... കുറെയധികം പേർ. കഴിഞ്ഞ 8വർഷത്തെ ജീവിതം ഈ പേജുകളിലുണ്ട്. ഇനിയും എഴുതുമോ എന്ന് എനിക്ക് അറിഞ്ഞ്കൂടാ. മലയാളത്തിലെ ആദ്യത്തെ കവിതാബ്ലോഗിന്റെ ഒൻപതാം പിറന്നാളിന്റെ അന്ന് ഇതാ ഒരു നീണ്ടകവിത. വയലറ്റിനുള്ള കത്തുകളിൽനിന്ന് ഒരു ഭാഗമാണിത്. അഭിപ്രായം പറ്റുമെങ്കിൽ

ഇവിടെത്തന്നെ എഴുതുക. കൂടെയുണ്ടായിരുന്ന എല്ലാവർക്കും കവിത കൊണ്ട് ഉമ്മ" (https://vishakham. blogspot.com,08.07.2014)

അദ്ദേഹത്തിന്റെ 'വയലറ്റിനുള്ള കത്തുകൾ' എന്ന കവിതയിലെ ഒന്നാം ഖണ്ഡത്തിൽ ഇങ്ങനെ വായിക്കാം:

"പരസ്പ്പരം
നുകർന്നപ്പോൾ
നാം
ഒരു സീൽക്കാരം കേട്ടു
ഒന്നല്ല
ഒന്നിലധികം
ഉഗ്രവിഷമുള്ള
പാമ്പുകളെ
മനുഷ്യർ
അരക്കെട്ടിൽ വളർത്തുന്നു
പ്രേമിക്കുമ്പോൾ മാത്രം
നാം
അതിന്റെ
ശബ്ദം കേൾക്കുന്നു

അകന്നിരിക്കുമ്പോൾ
അത്
സീൽക്കാരമായി വളരുന്നു
എനിക്ക്
നിന്റെ

കൊത്തേറ്റ് തന്നെ മരിക്കണം

"(https://vishakham.blogspot.com)

വേറിട്ട ആഖ്യാനത്തിന്റെ വഴിയിൽ നില്ക്കുന്ന ഈ കവിയുടെ പ്രണയ സങ്കല്പങ്ങളും വേറിട്ടതാകുന്നു.ബ്ലോഗിലെഴുതി കവിതയുടെ മുഖ്യധാരയിലേക്ക് പ്രവേശിച്ച കവിയാണ് എസ്.കലേഷ്. കലേഷിന്റെ പ്രസിദ്ധകവിതയാണ് 'അങ്ങനെയിരിക്കെ മരിച്ചുപോയ് ഞാൻ /നീ' എന്ന കവിത. ഈ കവിതയിൽ മരണത്തിലും വിട്ടുപിരിയാത്ത ആത്മബന്ധത്തിന്റെ കുടുക്കുകൾ കവി എണ്ണിപ്പറയുന്നു.മരിച്ച കാമുകന്റെ ആത്മാവ് മരിച്ചുകിടക്കുന്ന കാമുകിയുടെ ജഡത്തിനരുകിൽ നിൽക്കുന്നു. അയാൾക്ക് എല്ലാ ഓർമ്മകളും തികട്ടിവരുന്നു.

"പണ്ടേറെ രാവുകളിൽ
നീ ഊറിയെടുത്ത
എന്റെ ചുണ്ടുകളെ
മരണം കൈതൊട്ടു കരിവാളിപ്പിച്ചു
കണ്ടാകും നിൻ കോട്ടിച്ചിരി.
നീ വിളിച്ചുപോന്ന എൻപേര്
നിന്റെ നാവിന്നടിയിൽ
അപ്പോൾ പിടയ്ക്കും മീനാകും" ( എസ്.കലേഷ്,2016:29)

പ്രണയം തീവ്രാനുഭവമായി ആവിഷ്കരിക്കപ്പെടുന്ന കവിതകളാണിവയെല്ലാം. നവമാധ്യമത്തിൽ ഇടപെടുന്നവർ ഭൂരിപക്ഷവും യുവാക്കളായിരിക്കുന്നതിനാൽ ഇത്തരം കവിതകളുടെ എണ്ണവും കൂടുതലാണ്. ഒരു കവിയുടെതന്നെ പലകവിതകളിലും പ്രണയം പ്രമേയമായി കടന്നുവരുന്നത് കാണാം. പ്രണയം എന്ന ശാശ്വതമായവിഷയത്തെ അവതരിപ്പിക്കുന്ന നൂറുകണക്കിനു കവിതകൾ നവമാധ്യമങ്ങളിൽ കണ്ടെത്താമെങ്കിലും കാവ്യാത്മകമാകാതെ നിൽക്കുന്ന സ്ഥൂലാവിഷ്കാരങ്ങളാണ് കൂടുതലും.

## 2.1.5.സൂക്ഷ്മരാഷ്ട്രീയം (Micro Politics)

പുതുകവിതയുടെ സവിശേഷതകളിലൊന്ന് അവ സൂക്ഷ്മരാഷ്ട്രീയം പറയുന്നു എന്നതാണ്. വർഗ്ഗപരമായ സ്വത്വങ്ങൾ കൂടുതൽ തെളിമയോടെ പ്രത്യക്ഷപ്പെട്ടത് പുതുകവിതയിലാണ്. ദളിത്, സ്ത്രീസ്വത്വങ്ങൾ സൂക്ഷ്മമായ വിശകലനം ആവശ്യപ്പെടുംവിധം നവമാധ്യമങ്ങളിലെ കവിതകളിൽപ്രത്യക്ഷപ്പെടുന്നു. പൊതുരാഷ്ട്രീയ ബോധവുമായി ഇണങ്ങിപ്പോകാൻ കഴിയാത്തവിധം സ്വതന്ത്രമാണത്.മാധ്യമം രൂപപ്പെടുത്തുന്ന വ്യവഹാര – സാംസ്കാരിക പരിസരമാണ് ഇതിന് വഴിതുറന്നത്. സമകാലിക രാഷ്ട്രീയത്തിലെ കാപട്യങ്ങളും നീതിരാഹിത്യവും ഐറണിയുടെ ഭാഷയിൽ അവതരിപ്പിക്കപ്പെടുന്നു.'ചലം' എന്ന കവിതയിൽ വിഷ്ണുപ്രസാദ് സമകാലിക രാഷ്ട്രീയാവസ്ഥ തുറന്നെഴുതുന്നു.

> "എന്റെ രാജ്യത്ത് ആളുകൾ ഓരോ നിമിഷവും മരിച്ചു വീഴുന്നു.
> എനിക്കതിൽ ഒന്നുമില്ല.
> എന്റെ രാജ്യത്ത് ഓരോ നിമിഷവും മനുഷ്യർ അപമാനിക്കപ്പെടുന്നു.
> എനിക്കതിൽ ഒന്നുമില്ല.
> എന്റെ രാജ്യത്തെ കുഞ്ഞുങ്ങൾ പ്രാണവായു തിരഞ്ഞുതിരഞ്ഞ്
> മരിക്കുന്നു.
> എനിക്കതിൽ ഒന്നുമില്ല.
> എന്റെ രാജ്യത്ത് പശുമാംസം കഴിച്ച മുസ്ലീങ്ങളെ അടിച്ചടിച്ച്
> കൊല്ലുന്നു.
> എനിക്കതിൽ ഒന്നുമില്ല.
> എന്റെ രാജ്യത്ത് ഫാസിസ്റ്റ് വിരുദ്ധ എഴുത്തുകാരെ
> ആളുകൾ ബൈക്കിലെത്തി ഒന്നൊന്നായി വെടിവച്ചു കൊല്ലുന്നു.
> എനിക്കതിൽ ഒന്നുമില്ല."(http://prathibhasha.blogspot.com)

വല്ലാത്ത നിസ്സംഗതയിൽ പെട്ടുപോയ സമൂഹത്തിനുനേരേയുള്ള പരിഹാസമാണ് കവിതയിലുള്ളത്.മരണതുല്യമായ നിസ്സംഗതയാണ് ആധുനികാനന്തര

സമൂഹത്തിന്റെ പ്രത്യേകത. തന്നിലേക്കുതന്നെ ചുരുങ്ങുന്ന ഈ അവസ്ഥ ഭീതിജന കമാണെന്ന് കവിത ഓർമ്മിപ്പിക്കുന്നു.മറ്റൊരു കവിതയിൽ രാഷ്ട്രീയാധികാര ത്തിന്റെ ഗൂഢപദ്ധതികൾ ഓർമ്മിപ്പിക്കുന്നു. നിരപരാധി പ്രതിയാക്കപ്പെടുന്ന സാഹചര്യത്തെക്കുറിച്ചാണ് കവിത. ശവശരീരത്തിന്റെ കയ്യിൽ ഒരു തോക്ക് പിടി പ്പിച്ചാൽ, ഒരു ലഘുലേഘ കീശയിൽ വച്ചാൽ, തീവ്രവാദിയുടെ യൂണിഫോം ഇട്ടു കൊടുത്താൽ പ്രതിയെരക്ഷിച്ച് നിരപരാധിയെ പ്രതിയാക്കാം.

"ഭരണകൂടമല്ല,
നിന്റെയൊക്കെ മരണകൂടമാണ് ഞാൻ.
എനിക്കെതിരെയുള്ള വാക്കുകൾ നോക്കുകൾ,ആലോചനകൾ
ഒന്നും ഉണ്ടായില്ലെങ്കിൽപ്പോലും
ഇനിയും ഉണ്ടാവാതിരിക്കാൻ
ഇടയ്ക്കിടെ ഓരോ കൊല നടത്തേണ്ടതുണ്ട്.
എനിക്ക് ജീവിക്കണം.
എന്റെ ശബ്ദത്തിനു മുകളിൽ ഉയരരുത്
ഒരു ശബ്ദവും."(http://prathibhasha.blogspot.com)

വിഷ്ണുപ്രസാദ് എഴുതിയ 'അതിവാചാലമായ ഒരു കവിതയിൽ നിന്റെ മൃതശ രീരം സൂക്ഷിക്കുന്നു' എന്ന കവിതയിലെ വരികളാണിവ. ഭരണകൂടങ്ങൾ മരണകൂട ങ്ങളാകുന്നതിന്റെ ഭീതിജനകമായ അവസ്ഥ ഇതിലുണ്ട്. ജനാധിപത്യത്തിനകത്ത് പ്രവർത്തിക്കുന്ന ഏകാധിപത്യത്തെ കവിത ഓർമ്മിപ്പിക്കുന്നു.കാലി എന്ന കവിത യിൽ മാറുന്ന കാലത്തിന്റെ ചിത്രം കെ.എം.പ്രമോദ് വരച്ചിടുന്നു.(തർജ്ജനി, 2008 ജൂലൈ) നാലുവയസ്സുകാരൻ കുട്ടി 'എന്തിനാ ശ്രീധരാ' എന്ന് പാടുന്നതുകേട്ട് കാലി പൂട്ടാൻ വന്ന ശ്രീധരൻ കലമ്പി.കുട്ടിയെയും അച്ഛനെയും വഴക്കുപറഞ്ഞു.എന്നാൽ കുട്ടി പാടിയത് 'എന്തിന്നധീരത' എന്ന ബ്രഹ്തിന്റെ പാട്ടായിരുന്നു എന്ന് പിന്നീട യാൾ മനസ്സിലാക്കി തലകുമ്പിട്ടു നിന്നു. തുടർന്ന് കവി ഇങ്ങനെ എഴുതുന്നു:

"ഒരു പുലർച്ചെ
കാലിപൂട്ടാൻ വരുമ്പോൾ
കണ്ടത്തിൽ നിന്നൊരു യന്ത്രവും
മറ്റൊരു പുലർച്ചെ
കയറു പിടിച്ച് മാപ്പളക്കു കൊടുക്കുമ്പോൾ
കാലികളും
കാലിയായ ആല പൊളിക്കുമ്പോൾ
താഴെ വീണ കഴുക്കോലുകളും
എന്തിനാ ശ്രീധരാ എന്ന് ചോദിച്ചു.

മറ്റെന്തെങ്കിലുമാവുമെന്ന് കരുതി
തലകുമ്പിട്ടു നിന്നു
ശ്രീധരേട്ടൻ."(http://www.chintha.com/tharjani)

ഈ മാറ്റം കേരളത്തിന്റെ സാമൂഹികമാറ്റത്തിന്റേതാണ്. തൊഴിലും ജീവിതവീക്ഷണവും മാറുന്നു. യഥാർത്ഥ കൃഷിക്കാരൻ കൃഷിക്കാര നല്ലാതായി. യന്ത്രങ്ങളുടെ വരവ് അയാളെ തൊഴിൽരഹി തനാക്കി. അതിന്റെ പിന്നിലുള്ള രാഷ്ട്രീയം ഈ കവിത സൂചിപ്പിക്കുന്നു. വ്യവസ്ഥിതിയെയും വിപ്ലവപ്രവർത്തനങ്ങളെയും മുഖാമുഖംനിർത്തി സൂക്ഷ്മവിചാരണയ്ക്ക് വിധേയമാക്കാൻ ഈ കവിത പ്രേരിപ്പിക്കുന്നു.

ദേവസേനയുടെ 'അടുക്കിവച്ചിരിക്കുന്നത്' എന്ന കവിത അലമാരയിൽ അടുക്കിവച്ചിരിക്കുന്ന സാരികളെക്കുറിച്ചുള്ള കവിതയാണ്. അതിലൂടെ പെണ്ണിന്റെയും തൊഴിലിന്റെയും പ്രശ്നങ്ങൾ അവതരിപ്പിക്കപ്പെടുന്നു. ഓരോ സാരിയും ജീവിതത്തിലെ ഓരോ ഓർമ്മപ്പെടുത്തലായി അലമാരിയിൽത്തന്നെ ഇരുപ്പാണ്.

"തിരിയുമ്പോൾ മുതുക്
ചെരിയുമ്പോൾ വയറ്
കുനിയുമ്പോൾ

ചരിച്ചവാർത്ത ഗോപുരങ്ങൾ

കാണാൻ പാടില്ലാത്ത

പലതും കാണുന്നുവെന്ന്

അറബിമാനേജർക്ക് അനിഷ്ടമായി"(http://devamazha.com)

എന്നാണ് കവിതയുടെ ആരംഭം.തൊഴിലിടങ്ങളിൽ സ്ത്രീയ്ക്ക് നേരിടേണ്ടിവരുന്ന അസ്വാതന്ത്ര്യങ്ങളെ ഒന്നാകെ ഓർമ്മിപ്പിക്കാൻ ഈ കവിതയ്ക്ക് കഴിയുന്നു. വസ്ത്ര ത്തിന്റെ രാഷ്ട്രീയം ചെറിയ കാര്യമല്ലെന്ന് ഓർമ്മപ്പെടുത്തൽ ഈ കവിതയിലുണ്ട്.

"ജീവിതത്തിന്റെ അദ്ധ്യായങ്ങളെയാണ്

അലമാരയിൽ അടുക്കിവച്ചിരിക്കുന്നത്,

ജീവിതംതന്നെയാണ്

അലമാരയിൽ മടങ്ങിയിരിക്കുന്നത്" (http://devamazha.com)

എന്നെഴുതുമ്പോൾ ഈ കവിത ഉന്നയിക്കുന്ന രാഷ്ട്രീയം വ്യക്തമാകുന്നു. 'കക്കയം ഒരു ക്യാമ്പിന്റെ പേരല്ല' ( സുധീഷ് കോട്ടേമ്പ്രം) എന്ന കവിത കേരളത്തിലെ ഒരു കാലഘട്ടത്തിലെ സമരപ്പോരാട്ടങ്ങളെ ഓർമ്മിപ്പിക്കുന്നു. പുതിയ സാമൂഹികാന്ത രീക്ഷത്തിൽ അത്തരം പോരാട്ടങ്ങൾക്കുള്ള പ്രസക്തിയെയും ഈ കവിത ലക്ഷ്യം വയ്ക്കുന്നു. 'മരിച്ചാലും മഴയത്തുനിൽക്കുന്ന കുട്ടി' എന്ന കല്പനയിലൂടെ കവി മുന്നോട്ടു വയ്ക്കുന്ന ആശയം സമർപ്പണത്തിന്റേതാണ്.

"മതി

ആ ഒരൊറ്റ സ്നാപ്പുമതി

കക്കയത്തിന്റെ ആൽബത്തിൽ,

അതിലുണ്ട് പെയ്തുതീരാത്ത മഴ!

വീടെത്താത്ത കുട്ടികളുടെ

നടുക്കുന്ന ഓർമ്മകൾ"

(http://sudheeshkottembram.blogspot.com)

എന്നാണ് കവിത അവസാനിക്കുന്നത്.മനോജ് കാട്ടാമ്പള്ളി 'തൂപ്പുകാരി'എന്ന കവിതയിൽ (ആനുകാലിക കവിത ഓണപ്പതിപ്പ്) സ്ത്രീപക്ഷ രാഷ്ട്രീയമാണ് അവതരിപ്പിക്കുന്നത്. പുരുഷന്റെ കാഴ്ചയിൽ താൻ എന്താണെന്ന് ഈ കവിത യിലെ ആഖ്യാതാവ് തിരിച്ചറിയുന്നു. തൂപ്പുകാരി എന്നത് ഇവിടെ ഒരു തൊഴിൽ പരമായ സ്ഥാനം മാത്രമല്ലാതാകുന്നു.

"നിനക്ക് ഞാൻ ,

ചവറു വണ്ടിയിൽ

അകലേക്ക്

കൊണ്ടുതള്ളേണ്ട

മലിനജലം

അതിന്റെ ഓർമയിൽ

ചോരകൊണ്ട് ചുവന്ന്

തിരയടിക്കുന്ന കടൽ

എന്റെ മാത്രം

രക്തസാക്ഷിത്വം

."(http://anuonamkavithakal2012.blogspot.com)

ഗാർഗ്ഗിയുടെ 'ഞാൻ കവിതയെഴുതുന്നത്' എന്നകവിതയിൽ സ്ത്രീയ വസ്ഥയെ പൊതുവായി അഭിസംബോധനചെയ്യാനുള്ള ശ്രമമാണുള്ളത്. ലോക ത്തെവിടെയായാലും സ്ത്രീയുടെ ധർമ്മസങ്കടങ്ങൾ സമാനമാണെന്ന നിലപാട് ഈ കവിതയിലുണ്ട്.

"ഞാൻ കാളിദാസി

ഷേക്സ്പിയറിന്റെ കക്കൂസ് കഴുകിക്കഴുകി

മരിച്ചപോയ സഹോദരി

ടോൾസ്റ്റോയിയുടെ

ശ്വാസം മുട്ടിയ ഭാര്യ

വീട്ടിൽനിന്നിറങ്ങാൻ

വേശ്യയായവൾ

ഞാനൊരു ചുവന്ന ചോരപ്പാട്

സംസ്കാരത്തിൻ വെള്ളമുണ്ടിൻ

പിൻഭാഗത്ത്

പറ്റിപ്പിടിച്ചിരിക്കുന്നവൾ

ഞാനൊരു തെറിച്ചുവീണ തുപ്പൽ

കുളിച്ചൊരുങ്ങി നിങ്ങൾ നടന്നുപോകുമ്പോൾ

മുകളിൽനിന്ന് പരന്നു

വരുന്നത്"(https://www.thirakavitha.com/2016/12/ )

നവമാധ്യമങ്ങളിലെ കവിതകൾ സൂക്ഷ്മരാഷ്ട്രീയം ചർച്ചചെയ്യാൻ പ്രാപ്തി നേടിയിട്ടുണ്ട് എന്നതിനു തെളിവാണ് ഈ കവിതകൾ.

## 2.1.6.തുറന്നെഴുത്തുകൾ

നവമാധ്യമങ്ങളിലെ കവിത തുറന്നെഴുത്തിന്റെ വേദിയാണ്. തേടിച്ചെല്ലുന്നവർക്ക് മാത്രം കണ്ടുമുട്ടാവുന്ന കവിതയുടെ ഇടമായതിനാൽ സ്വകാര്യതയും കൂടുതലുണ്ട്. അതുകൊണ്ട് അച്ചടിമാധ്യമങ്ങളുടെ സദാചാരസങ്കല്പത്തിന് പുറത്താണ് നവമാധ്യമങ്ങളിലെ കവിത പലപ്പോഴും നിൽക്കുന്നത് എന്ന് കാണാം. നവമാധ്യമത്തിലൂടെ ശ്രദ്ധേയനായ കവി വിഷ്ണുപ്രസാദ് 'എന്റെ കവിതയാകട്ടെ പിഴയ്ക്കാൻ പറ്റിയേടത്തൊക്കെ പിഴയ്ക്കാനുള്ളതാണ്' എന്ന് പറയുമ്പോൾ ഈ തുറന്നെഴുത്തിന്റെ സ്വാതന്ത്ര്യം വെളിപ്പെടുകയാണ്.(, സുനീത ടി.വി, 2012:125) ബ്ലോഗിൽ പ്രസിദ്ധീകരിച്ച ലിംഗവിശപ്പ് എന്ന കവിത പിന്നിട് അച്ചടിയിലേക്ക് വന്നപ്പോൾ വിഷ്ണുപ്രസാദിന് വലിയ വിമർശനങ്ങളെയാണ് നേരിടേണ്ടി വന്നത്.

ആ കവിതയിലെ തുറന്നെഴുത്തിന്റെ സ്വഭാവം അത്രമാത്രം ക്ഷോഭമുണ്ടാക്കുന്നതായിരുന്നു. മലയാളിയുടെ സദാചാരവായനയെ ഈ കവിത വല്ലാതെ പ്രകോപിപ്പിച്ചു. വിഷ്ണുപ്രസാദിന്റെ 'ലിംഗവിശപ്പി'ന്റെ പ്രസക്തിയെക്കുറിച്ച് കവി പി.പി.രാമചന്ദ്രൻ പറഞ്ഞതിങ്ങനെ:

"സമൂഹം പൊതുവേ ഭയംകൊണ്ടോ സാംസ്ക്കാരിക അധ:പതനം ഭയന്നുകൊണ്ടോ ഒരുപാട് വികാരങ്ങൾ ഉള്ളിൽ അടക്കി വെക്കുന്നുണ്ട്. അത്തരം സമൂഹത്തെ 'ബ്രേക്ക്' ചെയ്യുന്ന കവിതയാണ് വിഷ്ണുപ്രസാദിന്റെ ലിംഗവിശപ്പ്. കേരളത്തിലെ മിഡിൽക്ലാസ്സ് സമൂഹത്തിന്റെ കപടസദാചാരത്തെ പറിച്ചെറിയുന്ന കവിതയാണ് അത്."(https://www.Mathrubhumi.com24.12.2013)

തൂലികാനാമങ്ങളിൽ മറഞ്ഞിരിക്കാനുള്ള വാസന ബ്ലോഗ് കവികളുടെ പ്രത്യേകതയാണ്.മറഞ്ഞിരിക്കുന്നതിലുപരി വർഗ്ഗം, വർണ്ണം, ലിംഗം തുടങ്ങിയ പരിഗണനകളൊന്നും പരിമിതപ്പെടുത്താത്തവിധം തങ്ങളുടെ എഴുത്തിനെ സുരക്ഷിതമാക്കി നിർത്താനുള്ള ശ്രമവും ഉണ്ട്. തുറന്നെഴുത്തിന് സൗകര്യം ഈ മറഞ്ഞിരിക്കലാണെന്ന് കരുതുന്നവരാണ് ഈ കവികളിൽ പലരും. ഇത്തരം തുറന്നെഴുത്തുകളിലും കാവ്യാത്മകതയുടെ ഉയരങ്ങൾ തേടാൻ നവമാധ്യമങ്ങളിലെ കവികൾക്കാകുന്നുണ്ട്.ലതീഷ് മോഹൻ എഴുതിയ 'പല ഉപമകളിൽ മഞ്ഞുകാലം' എന്ന കവിത ആരംഭിക്കുന്ന തിങ്ങനെയാണ്:

"ഇന്നലെ രാത്രിയിൽ സാറാ
ഞാൻ നിന്നെയോമനിച്ചോമനിച്ച്
ഉറങ്ങിപ്പോയി.
മഴവില്ലുപോലെ നീ
വിരിഞ്ഞുകിടപ്പുണ്ടായിരുന്നു.
നിന്റെ മുലകൾപോലെ
നിന്റെ മുലകളുണ്ടായിരുന്നു.
മറന്നുപോയ ഉപമകളിൽ

തുടകൾ, തുടിപ്പുകൾ"

( കേരളകവിത ,2010:159)

കവിത പൊതുഘടനയിൽ സ്വതന്ത്രമായപ്രണയ / ലൈഗിക വാസനയുടെ തുറന്നെഴുത്തായി മാറുന്നത് ഈ കവിതയിൽ കാണാം.സദാചാരത്തിന്റെ അതിരുകൾക്കപ്പുറത്തു നിർത്തിയിരിക്കുന്ന വാക്കുകളെ കവിതയിലേക്ക് ക്ഷണിച്ചു കൊണ്ടുവരുന്ന നവമാധ്യമകവികൾ.കല്പനകളിലും ഇമേജുകളിലും ഈ സ്വഭാവം കാണുന്നുണ്ട്. ലതീഷ് മോഹന്റെ കവിതകളിൽ ഇത് ധ്വന്യാത്മകമായാണ് കടന്നുവരുന്നത്. വിഷ്ണുപ്രസാദിന്റെയും സുബൽ കെ.ആറിന്റെയും കവിതകളിൽ പലപ്പോഴും തുറന്ന ആഖ്യാനമായി ഇത് കടന്നുവരുന്നു. വിഷ്ണുപ്രസാദിന്റെ ലിംഗ വിശപ്പ്,പൊട്ടൻ ക്ലാപ്പൻ, സോദോം ഗോംറ, ദ്വാരകാ ബാർ, സ്വയം ഭോഗികളുടെ തീവണ്ടി, കഴപ്പ്, സമുദ്രലംഘനം തുടങ്ങിയ കവിതകൾ സദാചാരത്തെ മുഖവിലയ്ക്കെടുക്കുന്നതേയില്ല. ശ്ലീലാശ്ലീലങ്ങളുടെ അതിരുകൾ ഇത്തരം കവിതകളിൽ മാഞ്ഞുപോകുന്നു. പുരുഷന്റെ ലൈംഗികാഭിലാഷങ്ങളെ മറയില്ലാതെ അവതരിപ്പിക്കുവാൻ ഈ കവി ശ്രമിക്കുന്നു. ബിംബസമൃദ്ധമാണ് ഈ കവിയുടെ ഭാഷ. പ്രതിഭാഷ എന്ന ബ്ലോഗിൽ വിഷ്ണുപ്രസാദ് എഴുതിയ കവിതയിലെ ചില വരികൾ ഇങ്ങനെയാണ്:

"പറിച്ചെറിഞ്ഞ മുല പോലൊരു കുന്ന് .
അതിന്റെ വർത്തുളതയെ നൂറ്റാണ്ടുകളായി
തഴുകിക്കൊണ്ടിരിക്കുന്ന തോട്ടുവെള്ളത്തിന്റെ വിരലുകൾ .
അതിന്റെ മുലഞെട്ടിലാണ് കുട്ടേട്ടന്റെ വീട് .
അവിടെയിരുന്ന് ഞാനും കുട്ടേട്ടനും പ്ലംബറാശാനും
ഒന്നാമത്തെ പെഗ്ഗൊഴിക്കുമ്പോള് മഴ തുടങ്ങുന്നു."

(വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള കവിത – http://prathibhasha.blogspot.com)

'പൊട്ടൻ ക്ലാപ്പൻ' എന്ന കവിത പഴയൊരശ്ലീലകഥയുടെ പുതിയമട്ടിലുള്ള ആഖ്യാനമാണ്.വാക്കുകളുടെ ധൂർത്ത് ആവിഷ്കരിക്കുന്ന 'സോദോം ഗോംറ' സദാ ചാരവാദികളുടെ മുഖത്തുകുത്തുന്ന ആഖ്യാനമാണ്.

ചരിത്രത്തിന്റെ ഭാരമില്ലാതെ എഴുതാൻ കഴിയുന്നു എന്നതാണ് സൈബ റിടത്തെ എഴുത്തിന്റെ ഒരു പ്രത്യേകത.മാറുന്ന കാലത്തിന്റെയും സ്ഥലബോധ ത്തിന്റെയും പ്രത്യേകതകളെ പിടിച്ചെടുക്കൻ കവികൾ ശ്രമിക്കുന്നു. അതിനായി കവിതയുടെ പൊതുനടവഴിയിലേക്കല്ല അവർ പോകുന്നത്. പലപ്പോഴും പ്രശ്നസ്വഭാ വമുള്ള വഴികളാണ് അവർ തെരഞ്ഞെടുക്കുന്നത്.സദാചാരത്തെ വകവയ്ക്കായ്ക അതിലുണ്ട്. പരീക്ഷണത്തിന്റെ വ്യഗ്രതയുണ്ട്. പുതുതായിരിക്കാനുള്ള കഠിനമായ ഇച്ഛ അതിനകത്ത് പ്രവർത്തിക്കുന്നുണ്ട്. പുതിയ തലമുറയുടെ അനുഭവലോകം ഈ കവിതകളിൽ നിറയുന്നു. പലപ്പോഴും ഭ്രമാത്മകതയെ പിന്തുടരാനുള്ള വ്യഗ്രത പല കവികളിലും കാണാം.

എം.ആർ.വിഷ്ണുപ്രസാദ് എഴുതിയ 'ഗിറ്റാർ' എന്ന കവിതയിൽ ഇങ്ങനെ വായിക്കാം:

"ഉദ്ധൃതമായ ലിംഗം
കേവലാസക്തിയുടെ വൈദ്യുതത്തുണല്ല.
സ്വയം തന്ത്രികൾ മുറുക്കി
പ്രവർത്തനസജ്ജമാകുന്ന
പ്രാചീനനായ ഒരു ഗിറ്റാർ.
ചിട്ടപ്പെടുത്താനാവാത്ത സംഗീതം പ്രവഹിക്കുന്നത്.
വൈദഗ്ധ്യം കുറഞ്ഞ വിരലുകൾ
അതിന്റെ മോഹനനാദത്തെ
പുറത്തു കൊണ്ട് വരികയില്ല."(http://poems-aroopi.blogspot.com)

'ജോസെഫ് സെബാസ്റ്റ്യനും ചിത്രശലഭങ്ങളും' എന്ന കവിത വിചിത്രമായ കല്പനാചിത്രങ്ങൾകൊണ്ട് മെനഞ്ഞതാണ്.729 നിലകളുള്ള ഒരു പടുകൂറ്റൻ അപ്പാർട്ട്മെന്റിന്റെ ഉച്ചിയിൽ, ആകാശത്തേക്ക് മുളച്ച നില്ക്കുന്ന ഒരു വാട്ടർ ടാങ്കിന്റെ ടെറസിൽ, ആകാശക്കാറ്റുകളിൽ ലയിച്ച്,നിലാവിൽ കുളിച്ച് ഒരാൾ നില്ക്കുന്നത് വർണ്ണിച്ചുകൊണ്ടാണ് ഈ കവിത ആരംഭിക്കുന്നത്.

"അനേകായിരം ഫ്ലാറ്റുകളിൽ
മനുഷ്യർ വഴക്കിടുകയും
അത്താഴം കഴിക്കുകയും
ഇണചേരുകയും ചെയ്തതിനു ശേഷം ഉറങ്ങുമ്പോൾ
ആകാശത്തിലെ കണ്ണുചിമ്മുന്ന നക്ഷത്രങ്ങളേയും
ഭൂമിയിലെ കണ്ണുചിമ്മാത്ത മഞ്ഞ വെട്ടങ്ങളേയും
സാക്ഷിനിർത്തി
ഈ പച്ചപാതിരാത്രിയിൽ അയാളവിടെ
എന്തെടുക്കുകയാണ്.?"

(http://subalkr.blogspot.in/2012/09)

എന്ന് കവി ആശങ്കിക്കുന്നു. തുടർന്ന് വാട്ടർടാങ്കിനു മുകളിൽനിന്ന് സ്വയംഭോഗം ചെയ്യുകയും ഒടുവിൽ താഴെവീണ് തലകർന്ന് മരിക്കുകയും ചെയ്യുന്ന കഥാനായ കന്റെ ചിത്രം സുബൽ അവതരിപ്പിക്കുന്നു. മലയാളകവിതയുടെ പൊതു ആഖ്യാന രീതികളിൽനിന്ന് കുതറിമാറുന്ന കവിയായി സുബൽ മാറുന്നു. ഇവിടെയും തുറന്നെ ഴുത്തിന്റെ സാദ്ധ്യതകൾ ഈ കവി പ്രയോജനപ്പെടുത്തുന്നതുകാണാം. സുധീഷ് കോട്ടേമ്പ്രം എഴുതിയ 'അനാശാസ്യത്തിന്റെ ഛായ'എന്ന കവിതയിലെ വരികൾ നോക്കുക:

"നല്ല ക്ഷമ വേണ്ടതാണ്
വിസർജനാവയവങ്ങൾ കൊണ്ടുള്ള കല പഠിപ്പിക്കാൻ.
പക്ഷേ ഈ കാത്തുകെട്ടി നിൽപ്പ് !
ഹോ... മയിരുകാറ്റും കൊണ്ടുള്ള ഈ ഇരിപ്പുണ്ടല്ലോ
അടിച്ച കൈകാലൊടിച്ച് കിടത്തണമതിനെ.
സായഹ്നസവാരിക്കാരുടെ ഒടുക്കത്തെ നടപ്പിലേക്ക്
ഒരു ചരക്കുകപ്പൽ നിറയെ ഇരുട്ട് ചെരിയണം.
വയറിന്റെയും ചന്തിയുടെയും മുലകളുടെയും ഈ നഗരത്തിൽ
ഉദ്ധരിച്ചാൽ താഴാത്ത തൃഷ്ണകളുമായി
ഒരാളും മരിക്കാനിടവരരുത്."

(ഫെയ്സ് ബുക്ക്, 04.062012)

സൈബറിടത്തിലെ കവികൾ സ്വാഭാവികമായി, അനായാസമായി എഴുതിപ്പോകുകയാണ് .ഏതെങ്കിലും തരത്തിലുള്ള വിലക്കുകളോ നിയമങ്ങളോ അവരെ പിന്തിരിപ്പിക്കുന്നില്ല. കവിതയുടെ സ്വതന്ത്ര ഇടമായി സൈബറിനെ മാറ്റിത്തീർക്കുകയാണ് ഇവരുടെ ലക്ഷ്യമെന്ന് കരുതാം. Cheers എന്നതിന് പകരം Equality എന്ന് നുരയുന്ന ഒരു വൈകുന്നേരം എന്ന പൊതുതലക്കെട്ടിൽ യാസർ അറഫാത്ത് എഴുതിയ 'ക്ലോസെറ്റും തടാകവും തമ്മിൽ / നഗ്നതയും ആകാശവും തമ്മിൽ' എന്ന കവിത നോക്കുക:

"ഏതാണ്ടെല്ലാ സമയത്തും നിശ്ചലമായ് കിടക്കുന്ന
ജലനിരപ്പുകളാണ് തടാകങ്ങളുടെ മാനദണ്ഡമെങ്കിൽ,
ക്ലോസെറ്റുകൾ കൊച്ചു കൊച്ചു തടാകങ്ങളാണ്.
മറ്റുള്ള തടാകങ്ങളിൽ;
മേഘങ്ങൾ മുഖം നോക്കുകയും
ആകാശം ഉറങ്ങിക്കിടക്കുകയും ചെയ്യുമ്പോൾ

ക്ലോസെറ്റ് തടാകങ്ങളിൽ,

ജനനേന്ദ്രിയങ്ങൾ മുഖം നോക്കുകയും

നഗ്നത മയങ്ങിക്കിടക്കുകയും ചെയ്യും."

(http://thfoo.blogspot.in/2012/)

നടപ്പുകവിതയുടെ മൂല്യബോധനാട്യങ്ങളോട് കലഹിക്കുന്നവരാണ് സൈബറിടത്തിൽ വരുന്നവരിൽ ഒരു വിഭാഗം. അതിവൈകാരികതയുടെ തുറന്നുവിടൽ ഇത്തരം കവിതകളിലുണ്ട്. ജീവിതത്തെ തങ്ങൾ മനസ്സിലാക്കുന്ന യാഥാർത്ഥ്യബോധത്തോടെ മറയില്ലാതെ എഴുതുകയാണവർ. അതിൽ നിഷ്കളങ്കമായ ആത്മാർത്ഥത പുലർത്താൻ ഈ കവികൾക്ക് കഴിയുന്നു.

മുൻകാല കവികൾ പാർക്കുന്ന ഇടങ്ങളിലല്ല ഈ കവികളുടെ പാർപ്പ് എന്നതും ശ്രദ്ധേയമാണ്.കവിതയിലെ ഭൗതികസ്ഥലം മാറിയതിന്റെ സൂചനകളായും ഇതിനെ വിലയിരുത്താവുന്നതാണ്. നഗരവും തെരുവും സൈബർസ്ഥലങ്ങളും നൃത്തശാലകളും ബാറും ലോഡ്ജും കവിതയിലേക്ക് കയറിവരുന്നു. അതൊരു പരിസരചിത്രീകരണമായല്ല വരുന്നത്. തങ്ങളുടെ ജീവിതം സംഭവിക്കുന്ന ഇടത്തെ അവർ കുറിക്കുന്നു എന്ന്മാത്രം. ബിംബകല്പനയുടെ ഏതെങ്കിലും ആനുകൂല്യത്തിനായുള്ള ശ്രമമല്ല ഈ പരിസരചിത്രീകരണം എന്നതും ശ്രദ്ധേയമാണ്.

'2 മുലകളുണ്ടായിട്ടും ജീവിക്കാൻ അനുവദിച്ചതിനു നന്ദി' എന്നപേരിൽ ജലിഷ ഉസ്മാൻ ഫെയ്സ് ബുക്കിൽ എഴുതിയ കവിത, ഫെയ്സ്ബുക്ക് നീക്കം ചെയ്യുകയുണ്ടായി. ശിശുക്കൾക്കുപോലും രക്ഷയില്ലത്തവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലൈംഗിക അതിക്രമങ്ങൾക്കു നേരേയുള്ള തുറന്ന പ്രതിഷേധമായിരുന്നു ഈ കവിത. സദാചാരത്തെ മുറിപ്പെടുത്തുന്ന ഉള്ളടക്കം ഉണ്ട് എന്നതായിരുന്നു കവിത നീക്കംചെയ്യാനുള്ള കാരണം. എന്നാൽ ശക്തമായ വരികളിലൂടെ പെണ്ണവസ്ഥയെ പകർത്താൻ ജലിഷയ്ക്ക് കഴിയുന്നു എന്ന് ഈ കവിത തെളിയിക്കുന്നു.

സൈബറിൽ മാത്രം സാദ്ധ്യമാകുന്ന പെൺപ്രതിരോധമാണ് ഇത്.

"രണ്ടു തെറിച്ച മുലകളും
കാലുകൾക്കിടയിലൊരു
തുരങ്കവുമുണ്ടായിട്ടും
ഇത്രയും കാലം ഭൂമിയിൽ
ജീവൻ അനുവദിച്ചുതന്നതിന്
എത്രപേരോടാണ്
ഓരോ പെണ്ണും
നന്ദിപറയേണ്ടത്"

……………….

…………………

"ട്രെയിനിൽ നിന്ന്
തള്ളിയിടാതിരുന്നതിന്..
ബസ്സിലെ പിൻ സീറ്റിൽ
തലയോട്ടി തകർക്കപ്പെടാതിരുന്നതിന്..
മരപ്പൊത്തിലെ
ചത്ത കിളിയാക്കാതിരുന്നതിന്..
ചവറുകൾക്കടിയിൽ കുഴിച്ചു മൂടപ്പെടാതിരുന്നതിന്..
പൊന്തക്കാട്ടിലോ
വിറകു പുരകളിലോ
ചത്തു പുഴുക്കാതിരുന്നതിന്..
എത്ര പേരോടാണ്,
എത്ര സന്ദർഭങ്ങളോടാണ്,"

(https://malayalam.samayam.com10. 02 .2017)

"ഉണങ്ങിയ തെങ്ങിൽ  തലപ്പിൽ
കാറ്റടിച്ചിട്ടും പാറിക്കളിക്കാതെ
വടിയോട് പറ്റി ചേർന്നു കിടക്കുന്ന
ഒരു കൊടിക്കൂറ
 - ഡിസ്ചാർജായ ലിംഗംപോലെ"

(http://anuonamkavithakal2012.blogspot.com)

കാഴ്ചഎന്ന കവിതയിൽ ബക്കർ മേത്തല (ആനുകാലിക കവിത ഓണ പ്പതിപ്പ് 2012) അവതരിപ്പിക്കുന്ന ചിത്രമാണിത്. മനസ്സിൽതോന്നുന്ന ചിത്രത്തെ സംസ്കരിച്ച് പരിഷ്കരിക്കുവാൻ ശ്രമിക്കാതെ അസംസ്കൃതവസ്തുവിനെ അപ്പാടെ എന്ന മട്ടിൽ അവതരിപ്പിക്കുന്നു. ഇത് നവമാധ്യമങ്ങളിലെ കവികളിൽ കാണുന്ന സ്വഭാ വമാണ്. എഡിറ്റുചെയ്യപ്പെടാത്ത ഭാവനയായി അവ കവിതയിൽ ഇടംപിടിക്കുന്നു.

"തള്ളയും പിള്ളയുമെന്ന
ചിത്രത്തിൽ നിന്ന്
അപ്രത്യക്ഷമായതിനെ
സിലിക്കൺ ബാഗുകൾ
സമനിലയിൽ പിടിച്ചു കെട്ടി
പാൽ പല്ലുകൾ
പതിഞ്ഞ പാടുകൾ
കോസ്മെറ്റിക്  സർജറിയിൽ
മറവു ചെയ്ത്
കാമച്ചുണ്ടുകൾക്ക്
കൈമാറി.

എത്ര മർദ്ദിച്ചാലും
അടയാളങ്ങളൊന്നുമില്ലാതെ
ഒറ്റയളവിൽ
ഉദ്ധരിച്ചു നില്ക്കുന്നതിനാൽ
തെളിവുകളില്ലെന്ന് കോടതി."

(http://anuonamkavithakal2012.blogspot.com)

പ്രദീപ് രാമനാട്ടുകര 'അമ്മിഞ്ഞ' എന്ന (ആനുകാലിക കവിത ഓണപ്പ തിപ്പ് 2012) കവിതയിൽ ഇങ്ങനെ എഴുതുമ്പോഴും സംഭവിക്കുന്നത് മറ്റൊന്നല്ല. ശ്ലീലാശ്ലീലങ്ങളുടെ അതിരുകളെ പരിഗണിക്കാത്ത ഇത്തരം കല്പനകളെയും ഭാവ ചിത്രണങ്ങളെയും പ്രമേയ പരിസരങ്ങളെയും നവമാധ്യമങ്ങൾക്കകത്തുനിന്നു കൊണ്ടുതന്നെ രൂക്ഷമായി വിമർശിക്കാനും ആളുണ്ട്. എച്ച്.കെ.സന്തോഷ് തന്റെ 'അല്ല പിന്നെ' എന്ന ബ്ലോഗിൽ കുറിക്കുന്നു:

"കൗശലംനിറഞ്ഞ കഥപറച്ചിലുകളായി ചുരുങ്ങിപ്പോയ പുതുകാല കവിത കൾ അത്തരം സാമൂഹ്യലക്ഷ്യങ്ങളൊന്നും സ്വയം ഏറ്റെടുക്കുന്നില്ല എന്നാണല്ലോ പറയുന്നത്.അപ്പോൾ പിന്നെ ഈ അശ്ലീലമെഴുത്തിന്റെ അപ്പുറത്തേക്കുള്ള മുന എന്താണ്?ഒരു ചൊറിച്ചിൽസുഖമല്ലാതെ? പണ്ട് ഒളപ്പമണ്ണ തെങ്ങോലകൾ ക്കിടയിലൂടെ വരുന്ന വെയിലൊളിയെ പട്ടുകോണകമായിക്കണ്ട് ഒരു കവിത എഴു തിയിരുന്നു. ഒരു നിരീക്ഷണകൗതുകം മാത്രം, അതിനപ്പുറത്തേക്ക് മറ്റു വെളിച്ച മൊന്നുമില്ലാത്ത കവിത. അന്ന് അതിനെപ്പറ്റി എം.കൃഷ്ണൻ നായർ എഴുതി. 'എല്ലാവരും രാവിലെയായാൽ അരയിൽ തിരുകുന്നത് മഹാകവി എടുത്ത് കവിതയിൽ തിരുകി' എന്ന്. പുതുകവികൾക്ക് കൗതുകം കോണകത്തിലേക്കും കടന്നിരിക്കുന്നു. വടിച്ചുകളയേണ്ടതും സ്ഖലിച്ചുപോകേണ്ടതുമെല്ലാം കവിതയിൽ ത്തുവിയാൽ എന്തുപറയാൻ?"

(http://hksanthosh.blogspot.com)

നവമാധ്യമങ്ങളിലെ മലയാളകവിത അവതരിപ്പിക്കുന്ന പ്രമേയങ്ങൾ നിരവധിയാണ്. ഒന്നും കവിതയ്ക്ക് അന്യമല്ല എന്ന നിലപാടാണ് പൊതുവേ കവികൾ സ്വീകരിച്ചുകാണുന്നത്.ഇതൊരു പ്രവണതകൂടിയാണ്. ഉള്ളടക്കത്തിലും ആഖ്യാനത്തിലും പുലർത്തുന്ന ഈ പുതുമയെ ആകെത്തുകയിൽ വിലയിരുത്തിക്കൊണ്ട് അവരതിനെ സമീപസ്ഥകവിത എന്ന് വിളിക്കുന്നു. നവമാധ്യമങ്ങളിലെ പ്രമുഖ കവിയും നിരൂപകനുമായ സുധീഷ് കോട്ടേമ്പ്രം കാവ്യയൗവനം മലയാള കവിതയുടെ പുതുരക്തം 2011 എന്ന ബ്ലോഗിൽ എഴുതുന്നു:

'സമീപസ്ഥത പുതുകവിതയുടെ മുദ്രകളിലൊന്നായി.സമീപസ്ഥത വിശ്വസ്ഥതകൂടിയാണ്.വായനക്കാരനെ /കാരിയെ തന്റെ സ്വകാര്യഭാവനയുടെ പ്രീതിക്കാരനാക്കുകയല്ല പുതിയ കവി.മറിച്ച് എഴുത്താൾക്കും വായനക്കാരനും ഉഭയസമ്മതമുള്ള പ്രകടവസ്തു (visible object)വിനെ കലയുടെ വിനിമയോപാധിയാക്കുകയാണ്.'

(http://varshikappathipp2012.blogspot.com)

## 2.2.ആഖ്യാനപരമായ പ്രത്യേകതകൾ

സൈബർകവിതകൾ പുതിയ ഭാവുകത്വത്തിന്റെ പ്രകടനങ്ങളാണ്. നെറ്റ്‌വർക്കിനകത്ത് ജീവിക്കുന്നമനുഷ്യന്റെ സർഗാത്മകതയുടെ തെളിവുകളാണവ. പരമ്പരാഗത കവിതാരീതികളോടും ആസ്വാദന സമ്പ്രദായങ്ങളോടും പലപാട് കൂട്ടിമുട്ടുമ്പോഴും വ്യതിരിക്തമായ വ്യക്തിത്വം അതിനുണ്ട്. കവിതയുടെ ആഖ്യാനരീതികളെയും ആസ്വാദനച്ചിട്ടകളെയും സൈബർക്കവിത പലപ്പോഴും പരിഗണിക്കണമെന്നില്ല. മാധ്യമം അനുവദിച്ചുകൊടുക്കുന്ന സ്വാതന്ത്ര്യത്തിനകത്ത്

സ്വതന്ത്രമായി പിറന്നു വീഴുന്നവയാണ് അത്തരം കവിതകൾ. പുതിയ മാധ്യമം തുറന്നിടുന്ന സാദ്ധ്യതകളിലേക്ക് കടന്നുവരികയും ആത്മാവിഷ്കാരം നടത്തുകയും ചെയ്യുന്നവർ കവിതയുടെ തുറസ്സിലേക്കാണ് തങ്ങൾ കടന്നുനിൽക്കുന്നതെന്ന് സാവധാനം തിരിച്ചറിയുകയാണ്. അതുകൊണ്ടുതന്നെ അത്തരം രചനകളിൽ അനുഭവങ്ങളെ പുതിയമട്ടിൽ അവതരിപ്പിക്കുന്നതിന്റെ ഗുണം കാണാനുണ്ട്. കാഴ്ചകളിലും കല്പനകളിലും മുൻപ് കണ്ടിട്ടില്ലാത്ത രീതി സൈബർക്കവിത അവതരിപ്പിക്കുന്നു.

## 2.2.1 ലാളിത്യം

നവമാധ്യമങ്ങളിലെ കവിതകളുടെ ഒരു സവിശേഷത, അവയിൽ ബഹുഭൂരിപക്ഷവും ഭാഷാപരമായ ലാളിത്യംപുലർത്തുന്നു എന്നതാണ്.ആധുനികാനന്തര കവിതയുടെ പ്രത്യേകതകളിലൊന്നുകൂടിയാണിത്.ആഖ്യാനത്തെക്കാൾ ഉള്ളടക്കത്തിൽ ഊന്നുന്ന കവിതാരീതിയാണത്.ചെറിയൊരുവിഷയത്തെ കുറഞ്ഞവരികളിൽ നേരേ പറഞ്ഞുവയ്ക്കുന്നു.വായനയെ സുഗമമാക്കുന്ന അവസ്ഥ ഇതുണ്ടാക്കുന്നു.സമസ്തപദങ്ങളും സങ്കീർണ്ണമായ ആശയങ്ങളും അവതരിപ്പിക്കുന്ന കവിതകളെ ശ്രദ്ധിക്കാതിരുന്നവർകൂടി നവമാധ്യമങ്ങളിലെ കവിതയെ ശ്രദ്ധിക്കുന്നതിന്റെ ഒരു കാരണം ഈ ലാളിത്യമാണ്. കവിതയിൽനിന്ന് തീരെവിട്ടുപോകാത്ത ഗദ്യമാണ് ഇത്തരം കവിതകളിൽ കാണുന്നത്.

സൈബറിടത്തിൽ മലയാളകവിതയുടെ സാന്നിദ്ധ്യം ഉറപ്പാക്കിയ ആദ്യകവിയാണ് കുഴൂർവിൽസൺ.'അച്ചടിമലയാളം നാടുകടത്തിയ കവിതകൾ'എന്ന ബ്ലോഗിലൂടെ അദ്ദേഹം എഴുതിയ 'രണ്ടു വശങ്ങൾ' എന്ന കവിതയാണ് ആദ്യം ശ്രദ്ധിക്കപ്പെട്ടത്.ലളിതമായ ഭാഷ, ആഖ്യാനത്തിലെ ആർജ്ജവം, പരീക്ഷണാത്മകത, തുറന്നെഴുതാനുള്ള പ്രവണത എന്നിവ കുഴൂർ വിൽസന്റെ കവിതകളുടെ പ്രത്യേകതകളായി കാണാവുന്നതാണ്.അദ്ദേഹത്തിന്റെ 'അലക്ക്' എന്ന കവിത ലളിതമായി ആശയനിവേദനം നടത്തുന്ന കവിതയ്ക്ക് നല്ല ഉദാഹരണമാണ്.

"ഷർട്ടോ

ഷഡിയോ

ആയിരുന്നെങ്കിൽ

ആ മൂലയിലേക്ക

വലിച്ചെറിയാമായിരുന്നു.

ഇതിപ്പോൾ

ശരീരമാണു

കുളിമുറിയിലെ

സാധാരണ അലക്കു പോരാ

തീരെ മുഷിഞ്ഞ

തുണികൾ

അലക്കുകാരനു

കൊടുക്കും പോലെ

പുഴക്കോ

കടലിനോ കൊടുക്കണം

തിരിച്ച്

തരുമായിരിക്കും" (https://vishakham.blogspot.com, 2006)

'അലക്ക്' എന്ന കവിതയിലെ ശരീരബോധം പ്രവർത്തിക്കുന്നത് ഇങ്ങനെയാണ്.തുണിപോലെ മുഷിഞ്ഞുപോയ ശരീരത്തെ എന്തുചെയ്യും എന്ന വേവലാതിയാണ് കവിതയിലുള്ളത്.അത്രയും മുഷിയാനുള്ള കാരണങ്ങൾ വരികൾക്കുള്ളിലുണ്ട്.അതിന്റെ മനഃപ്രയാസമാണ് വക്താവിനെ അലട്ടുന്നത്.അതെല്ലാം അലക്ക് എന്ന ബിംബകല്പനയിലൂടെ അവതരിപ്പിക്കുന്നു.സ്വർണ്ണത്തെക്കുറിച്ച് ഒരു 22ct കവിത എന്നപേരിൽ 2004 ൽ എഴുതിയകവിതയിലും ഈ ലാളിത്യം പ്രകടമാണ്.ഒട്ടും സങ്കീർണ്ണതയില്ലാതെ ഏത് അശിക്ഷിതനായ വായനക്കാരനെയും കവിതയോടടുക്കാൻ പ്രേരിപ്പിക്കുന്നവിധം ആഖ്യാനം ചെയ്യപ്പെടുന്ന കവിതയാണിത്.

"എന്റെ പൊന്നേ

പെണ്ണുങ്ങളുടെ ഉടലിൽ

നീ സുന്ദരിയാവുന്നതു

അരഞ്ഞാണമായി ആലസ്യത്തിൽ

കിടക്കുമ്പോൾ മാത്രമാണ്"

പൊന്നില്ലാത്ത കാതുകളും കാല്പാദങ്ങളും നിരവധി തവണ കവിയെ പ്രലോഭിപ്പിച്ചിട്ടുണ്ട്. പൊന്ന് പൊന്നാകുന്നത് എപ്പോഴെന്ന് കവി തുടർന്ന് കുറിക്കുന്നു:

"എങ്കിലും പൊന്നേ

നീ പൊന്നാകുന്നതു

പണയത്തിലിരിക്കുമ്പോൾ തന്നെ

തൂക്കിലേറി കൂടുതൽ

വിപ്ലവകാരിയാകുന്ന

വിപ്ലവകാരിയെപ്പോലെ

അതിർത്തിയിൽ വെടിയേറ്റു

കൂടുതൽ പട്ടാളക്കാരനാകുന്ന

പട്ടാളക്കാരനെപ്പോലെ

പണയത്തിലെ എന്റെ പൊന്നേ

എന്റെ പൊന്നേ എന്റെ പൊന്നേ"

(https://vishakham.blogspot.com, 2004 )

ഉമേഷ് പീലിക്കോട് മഷിത്തണ്ട് എന്ന ബ്ലോഗിൽ 'സത്യം' എന്ന തല ക്കെട്ടിൽ എഴുതിയ രണ്ട് ചെറുകവിതകൾ നോക്കുക.

" സത്യം മാത്രം വിളിച്ചു പറയുന്നതിനാൽ
നിന്നെ ആണിയടിച്ചു ചുമരിൽ തൂക്കി" (കണ്ണാടി,
http://umeshpilicode.blogspot.com, 2009)

"പറയുന്നതിൽ പാതിയും
കള്ളമാണെന്നറിഞ്ഞിട്ടും
നിനക്കിപ്പോഴും
ഹൃദയത്തിനു മുകളിൽ തന്നെയാണ് സ്ഥാനം"

(മൊബൈൽ ,http:// um eshpilicode.blogspot.com,2009)

ആദ്യകവിത കണ്ണാടിയെക്കുറിച്ചാണ്. രണ്ടാമത്തെ കവിതയിൽ മൊബൈൽ ഫോൺ ആണ് വിഷയം. കുറഞ്ഞവരികളിൽ ആശയം ലളിതമായി അവതരിപ്പിക്കാനുള്ള ശ്രമമാണിവിടെ. വാക്യഘടനയിൽ സങ്കീർണ്ണതയില്ല. ഭാഷയിയിലെ വക്രീകരണങ്ങൾ കൂടാതെ ആശയം ആകർഷകമായി പറഞ്ഞു വയ്ക്കുന്നു.

പ്രണയഭംഗത്തിന്റെ നിരാശ പറഞ്ഞുവയ്ക്കാൻ 'ഇറേസർ' എന്ന കവിതയിൽ ഉമേഷ് ശ്രമിക്കുന്നു.

"നിൻറെ കയ്യിലുള്ള ആ ഇറേസർ
ഒന്നെനിക്ക് തരുമോ ?
എൻറെ മനസ്സിലെ നിന്റെ ചിത്രങ്ങളെ മായ്ക്കുന്നതിനാണ്
നീ മായ്ച്ചതുപോലെ മായ്ക്കാൻ
എനിക്ക് സാധിക്കുന്നില്ല
ഒന്നും...."

(മഷിത്തണ്ട്,http://umeshpilicode.blogspot.com,2009)

വക്താവിന്റെ മനോനില അർത്ഥശങ്കയ്ക്കിടയില്ലാതെ വെളിവാക്കാൻ ഈ വരികൾ പര്യാപ്തമാണ്. എന്നാൽ കവിതയുടെ ധ്വനനശക്തി നിലനിർത്താനും കഴിയുന്നുണ്ട്.

സൈബറിടത്തിൽ കവിതയെഴുതുന്ന പലരും ഈ രംഗത്തേക്ക് പുതുതായി കടന്നുവന്നവരാണ്. കാവ്യശിക്ഷണം കിട്ടിയവരല്ല ഇവരിൽ പലരും എന്നതിനാൽ കവിതയിലെ ഭാഷ സൂക്ഷിക്കേണ്ട സൂക്ഷ്മത പലർക്കും നഷ്ടമാകുന്നതായി കാണാം. എന്നാൽ പ്രതിഭയുടെ മിന്നലാട്ടം ഈ പുതുകവികളുടെ എഴുത്തിൽ കാണാൻ വിഷമമില്ല. മലയാളകവിതയിൽ സ്ഥിരപ്രതിഷ്ഠനേടിയ കവികളും ഇപ്പോൾ സൈബറിലുണ്ട്. വലിയൊരു വായനാസമൂഹത്തെ പ്രതീക്ഷിച്ചുകൊണ്ടാണ് ഇവർ സൈബറിലേക്ക് വരുന്നത്.പരമ്പരാഗതമായ വായനയിൽനിന്ന് കിട്ടാത്ത വായനാനുഭവം സൈബറിൽ ലഭിക്കുന്നു എന്നതുകൊണ്ടാണ് പല പ്രമു ഖകവികളും സൈബറിൽ സജീവമാകുന്നത്. സൈബറിനെ കവിതയുടെ ഉൽസവവേദിയാക്കുവാൻ ഇത് സഹായിക്കുന്നുണ്ട്.പി.പി.രാമചന്ദ്രൻ 'തിരമൊഴി' യിൽ പ്രസിദ്ധീകരിച്ച 'തായോ' എന്ന കവിത നോക്കുക:

"മുനയുള്ളോ-
രെല്ലിൻകോ-
ലൂരിത്തായോ
മഷിയായി-
ട്ടൊരുതുള്ളി-
ച്ചോരതായോ
കരളിന്റെ
താളൊന്നു
കീറിത്തായോ
വിഷയവുംകൂടി-
പ്പറഞ്ഞുതായോ"

സൈബറിടത്തിലെ കവിതയുടെ വായനാസ്വഭാവം രാമചന്ദ്രനും തിരിച്ചറിയുന്നുണ്ട്.ലാളിത്യമാണ് ഈ കവിതയുടെ മുഖമുദ്ര. പുസ്തകക്കൂട് എന്ന വാട്സ് ആപ്പ് കൂട്ടായ്മയിൽ റഫീക്ക് അഹമ്മദ് എഴുതിയ നുറുങ്ങുകവിത നോക്കുക.

“പന്തുകൾ തെറിച്ചാലും
കളിക്കാർ മരിച്ചാലും
ലോകകപ്പുമായേതോ
നാട്ടുകാർ കടന്നാലും
കേരളഗ്രാമങ്ങളിൽ
മണ്ണിൽ വീണലിയാതെ
ആയിരം ഫ്ളക്സിൻ മൗഢ്യം
നോക്കുകുത്തിയായ് നിൽക്കും”

ഫുട്ബോൾ ലോകകപ്പ് ആഘോഷമായ സാഹചര്യത്തിൽ റഫീക്ക് അഹമ്മദ് വാട്സ്ആപ്പിൽ കുറിച്ച കവിതയാണിത്. പുതുമാധ്യമത്തിന്റെ സാദ്ധ്യതയാണ് അദ്ദേഹവും പ്രയോജനപ്പെടുത്തുന്നത്.

ലതീഷ് മോഹന്റെ ‘ചങ്ങനാശ്ശേരി വേണ്ടെന്നു വെച്ചാലെന്താണ്?’ എന്ന കവിത എഴുത്തിലും ചിന്തയിലും സൈബറിടത്തിലെ കവികൾ പുലർത്തുന്ന അനായാസതയ്ക്ക് തെളിവാണ്.ആശയവുമായി മൽപ്പിടുത്തമില്ല ഇവിടെ.

“കോട്ടയത്തു നിന്നും തിരുവല്ലയിലേക്ക്
പോകുന്നു ഒരത്യാവശ്യം
അതിനിടയിലാണ് ഒരാവശ്യവുമില്ലാതെ
ചങ്ങനാശ്ശേരി”

എന്നാണ് കവിതയുടെ തുടക്കം. മുമ്പും ഈ അനാവശ്യം ആഖ്യാതാവിനെ വിഷമിപ്പിച്ചിട്ടുണ്ട്. തനിക്കവിടെ ബന്ധുക്കളോ ശത്രുക്കളോ പൂർവകാമുകിമാരോ ഇല്ല. ഒരുപമയോ ഉല്പ്രേക്ഷയോ വ്യർത്ഥരൂപകം പോലുമോ വീണുകിട്ടാനിടയില്ല.

എന്നിട്ടും തന്റെ യാത്രമുടക്കി എന്തിനാണ് ഇടയ്ക്ക് ഈ ചങ്ങനാശ്ശേരി എന്നാണ് ആഖ്യാതാവിന്റെ ചോദ്യം.

"രണ്ടു നഗരങ്ങൾക്കിടയിൽ
എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന
അപരിചിത ഭാവങ്ങൾ
തിരക്കിട്ടു പോകുന്നവർക്ക്
ഒറ്റത്തടിപ്പാലമാകില്ല
എന്നിരിക്കെ

നമ്മുടെ ഭൂപടങ്ങൾ
നമ്മൾതന്നെ
വരച്ചാലെന്താണ്?"(ലതീഷ് മോഹൻ,2011:55)

എന്നിങ്ങനെയാണ് കവിത ഉപസംഹരിക്കുന്നത്.ഭൗതികസ്ഥലത്തിന്റെ യുക്തിക്ക് വഴങ്ങാത്ത സ്ഥലപരികല്പനയാണ് ഈകവിത പങ്കുവയ്ക്കുന്നത്.സൈബറിടത്തിൽ ജീവിക്കുന്നവർക്ക് മാത്രം കല്പനചെയ്യാനാവുന്ന സ്ഥലപരമായ യുക്തിയാണത്. വളരെ സങ്കീർണ്ണമാണ് ലതീഷ് മോഹൻ അവതരിപ്പിക്കുന്ന പ്രശ്നം.പക്ഷേ അതിന്റെ ആഖ്യാനം ലളിതമായിരിക്കുന്നു.

## 2.2.2 രൂപപരമായ വൈവിധ്യം

സൈബറിടത്തിൽ പ്രസിദ്ധീകരിക്കുന്ന കവിതകളുടെ രൂപഘടന അമ്പരപ്പുളവാക്കുന്നതാണ്. ഒറ്റവാക്കിൽ അവസാനിക്കുന്ന കവിതമുതൽ ഉപന്യാസം പോലെ നീണ്ടുപോകുന്ന കവിതകളും അവയിലുണ്ട്.

നജീബ് റസ്സലിന്റെ മഞ്ഞ് എന്ന കവിത ഇങ്ങനെ:

"മഞ്ഞുടുത്ത

തേയിലക്കാടിൻ

നടപ്പാതയിൽ

നിന്റെകൈ

പിടിച്ചിപ്പോഴും

നടക്കാനിറങ്ങുന്നു

മറവിതിന്നു

തീർക്കുന്നയെന്റെ

മധുവിധുയാത്രയുടെ

ആത്മഹത്യാമുനമ്പുകൾ'(https://marannupokunnavantemeenuka l.blogspot.com)

2015മാർച്ച് 30ന് 'മറന്നു പോകുന്നവന്റെ മീനുകൾ' എന്ന ബ്ലോഗിലാണ് ഈ കവിത പ്രസിദ്ധീകരിച്ചത്.പൂർവകാല കവിതയുടെ ബാധയോ ബാദ്ധ്യതയോ ഇല്ലാതെ എഴുതിപ്പോകാൻ ഈ കവിക്ക് കഴിയുന്നു.കാഴ്ചകളെ ചിന്തകളുമായി കൂട്ടിയിണക്കി ആഖ്യാനം നിർവഹിക്കുന്നു. വിഷ്ണുപ്രസാദിന്റെ 'ഓമനിച്ചോമനിച്ച് മടുക്കുന്നു' എന്ന കവിത നോക്കുക:

"ഞാനെന്നെ ഓമനിച്ചോമനിച്ച് മടുത്ത്
ഞാനെന്നെ ഉപേക്ഷിക്കാമെന്ന് വെക്കുന്നു.

ഉപേക്ഷിക്കുമോ എന്ന് ഞാനെന്നോട്
സങ്കടപ്പെട്ട് ചോദിക്കുന്നു.

ഉപേക്ഷിക്കാതിരിക്കുമോ എന്ന്
ഞാൻ തിരികെ ചോദിക്കുന്നു.

ഉപേക്ഷിക്കുന്നതെങ്ങനെ എന്ന്
ചോദിക്കുന്നു.

ചോദിച്ചുചോദിച്ച് ഓമനിക്കുന്നു.
ഓമനിച്ചോമനിച്ച് മടുക്കുന്നു.

ഇപ്പോൾത്തന്നെ ഉപേക്ഷിക്കാമെന്ന് വെക്കുന്നു.

ഇപ്പോൾത്തന്നെയോ എന്ന് ചോദിക്കുന്നു.

കുറച്ചുകഴിഞ്ഞ് പോരേ എന്ന് ചോദിക്കുന്നു

ചോദിച്ചുചോദിച്ച് ഓമനിക്കുന്നു.
ഓമനിച്ചോമനിച്ച് മടുക്കുന്നു"(http://prathibhasha.blogspot.com)

ആഖ്യാനം ഭാവത്തെ രൂപപ്പെടുത്തുകയാണിവിടെ. വാക്കുകളുടെ ആവർത്തനത്തിലൂടെ വിട്ടുപോവാനാവാത്തതിന്റെയും തീർപ്പ്കല്പിക്കാനാവാത്തതിന്റെയും സങ്കടം പകർത്തുന്നു.

വിഷ്ണുപ്രസാദിന്റെതന്നെ മറ്റൊരു കവിതയിൽ രോഗിയായ ഭർത്താവിന്റെ ആത്മവേദന പകർത്തുന്നു. കിടന്ന കിടപ്പിൽനിന്ന് എഴുന്നേൽക്കാനാവാത്ത ഭർത്താവ് ഭാര്യയുടെ സദാചാരശുദ്ധിയിൽ സംശയാലുവാകുന്നു. അടുത്തമുറിയിൽ അവൾ മറ്റാരുമായോ രതിയിലേർപ്പെടുന്നതായി അയാൾ കരുതുന്നു.അയാൾക്ക് ഭാര്യയോടുള്ള തിളച്ചുമറിഞ്ഞുവരുന്ന ദേഷ്യം കവി പകർത്തുന്നു.

"ഉറങ്ങുകയല്ല ലോന

ഉറങ്ങുകയില്ല ലോന

കഫത്തിന്റെ വള്ളി കയറിപ്പിടിച്ച

ശബ്ദത്തിൽ വിളിക്കുകയാണ്

മറുകണ്ടം ചാടുന്നവളേ

ചാടുന്നവളേ

വളേ

ളേ

ളേ"(http://prathibhasha.blogspot.com)

പദജോഡികളുടെ ചേരുവയിൽനിന്ന് കൗതുകങ്ങൾ മെനഞ്ഞെടുക്കുന്ന രീതിയും വിഷ്ണുപ്രസാദിന്റെ കവിതകളിൽ കണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

ഇല – ഭ്രമി എന്ന കവിത:

ഇലയിൽ ഭ്രമി.
ഇപ്പോൾ ഉരുണ്ടു വീഴുമോ?

നിഴൽ - കെട്ടിടം എന്ന കവിത:

കെട്ടിടം ചുറ്റുന്ന നിഴൽ,
(പൈപ്പു കടിച്ചു പിടിച്ച വില്ലൻ)
ആരെ അന്വേഷിക്കുന്നു?
ആരാണ് ഈ ബഹുനിലമാളികയിൽ നിന്ന്
ഇറങ്ങിവരാനുള്ളത്?

തേങ്ങ –ചിരവ എന്ന കവിത:

അത്രയും ബന്ധമുള്ള ബദ്ധവൈരികൾ.
നിർബന്ധിത ഇണചേരൽ.

ചിരവ-പക്ഷി എന്ന കവിത:

ചിരവ,അടുക്കളയിലെ പക്ഷി
കിരീടം വെച്ചത്,
ഇരുട്ടിലൂടെ പറന്നു പോവുന്നു
."(http://prathibhasha.blogspot.com)

എന്നാൽ കവിതയുടെ മുഴുവൻ ഘടനയും തെറ്റിക്കുന്ന അതിദീർഘമായ കവിതകളും സൈബറിടത്തിൽ കാണാം. ലേ ഔട്ടിന്റെ പ്രത്യേകതകൾകൊണ്ട്

പാരായണത്തിന്റെ ദിശമാറ്റുന്ന കവിതകളാണവ.അരുൺ പ്രസാദിന്റെ 'വൈറസ്' എന്ന കവിത സാധാരണമട്ടിൽ ആഖ്യാനമാരംഭിക്കുകയും പിന്നീട് വാക്യങ്ങളെ വിചിത്രമായി കൊരുത്ത് മുന്നേറുകയും ചെയ്യുന്നത് കാണാം. സവിശേഷമായ പാരായണം ഈ മട്ടിലുള്ള കവിതകൾ ആവശ്യപ്പെടുന്നു.

| | | | |
|---|---|---|---|
| ഡിഷ്ആന്റിനകളെ | ഡിഷ്ആന്റിനകളെ | ഡിഷ്ആന്റിനകളെ | ഡിഷ്ആന്റിനകളെ |
| വിട്ട് | വിട്ട് | വിട്ട് | വിട്ട് |
| കാക്കകൾ | കാക്കകൾ | കാക്കകൾ | കാക്കകൾ |
| ആകാശങ്ങൾ | ആകാശങ്ങൾ | ആകാശങ്ങൾ | ആകാശങ്ങൾ |
| പട്ടങ്ങൾ | പട്ടങ്ങൾ | പട്ടങ്ങൾ | പട്ടങ്ങൾ |
| വെള്ളപൊക്കത്തിലു | വെള്ളപൊക്കത്തിലു | വെള്ളപൊക്കത്തിലു | വെള്ളപൊക്കത്തിലു |
| ടെന്നപോൽ | ടെന്നപോൽ | ടെന്നപോൽ | ടെന്നപോൽ |
| ഒലിച്ച് | ഒലിച്ച് | ഒലിച്ച് | ഒലിച്ച് |
| പോകുന്നു | പോകുന്നു | പോകുന്നു | പോകുന്നു |
| | | | |
| സോഫയിൽ | സോഫയിൽ | സോഫയിൽ | സോഫയിൽ |
| ചാരിക്കിടന്ന് | ചാരിക്കിടന്ന് | ചാരിക്കിടന്ന് | ചാരിക്കിടന്ന് |
| വഴുക്കി | വഴുക്കി | വഴുക്കി | വഴുക്കി |
| വീഴുന്നത്രയും | വീഴുന്നത്രയും | വീഴുന്നത്രയും | വീഴുന്നത്രയും |
| അനായാസകരമായി | അനായാസകരമായി | അനായാസകരമായി | അനായാസകരമായി |
| കോട്ടുവായയിടുന്ന | കോട്ടുവായയിടുന്ന | കോട്ടുവായയിടുന്ന | കോട്ടുവായയിടുന്ന |
| ദിവസങ്ങളിലൊന്നിൽ | ദിവസങ്ങളിലൊന്നിൽ | ദിവസങ്ങളിലൊന്നിൽ | ദിവസങ്ങളിലൊന്നിൽ |
| അവർ | അവർ | അവർ | അവർ |
| പച്ചക്കറിക്കടയിൽ | മരണാനന്തരചടങ്ങിൽ | കൈകളിൽ | പ്രൊഫൈലുകളായി |
| കണ്ട് മുട്ടുന്നു | കണ്ട് മുട്ടുന്നു | പേപ്പർബാഗുകൾ | കണ്ട് മുട്ടുന്നു. |
| | | നിറച്ച് | |
| വാടാതിരിക്കുവാൻ | വ്യാജദുഖ:ങ്ങളിൽ | ഉച്ചയുടെ | അവൻ |
| പച്ചക്കറികളിൽ | പെട്ടുഴറുന്ന | ഒച്ചയില്ലായ്മയിൽ | അനിമേഷൻ |
| തളിച്ച വെള്ളത്തിൽ | വിധവയേയും കൂട്ടി | ഒച്ചുകളായി | ലോകത്തിൽ |
| തട്ടി | മറ്റൊരാളുടെ | ഇഴയുന്നു | ജീവിക്കുന്നവർ |
| ഇരുവരുടേയും | ഓർമയിലേക്ക് | | |
| വിരലുകൾ | നുഴഞ്ഞ് | നഗരത്തിൽ | പികിപ്രോമിസിൽ |
| നനയുന്നു. | ക്ഷപ്പെടുന്നു | സമയം | വിശ്വസിക്കുന്നവർ |
| | | തള്ളിനീക്കുവാൻ | |
| | ആരുടേയോ | വിദഗ്ദ്ധരല്ലാത്ത | ചാറ്റ്സ്മൈലി |
| കുർക്കാ | 1990 കളിലെ | രണ്ട് പേർ | കൊണ്ട് |
| തിഞ്ഞ് തിഞ്ഞ് | കുട്ടിക്കാല | ക്യൂവിൽ | സംസാരിക്കുന്നവർ |
| ചളിയായ | ഓർമയിൽ | വച്ച് | |
| കൈകൾ | ഇരുന്ന് | കണ്ട് മുട്ടുന്നു. | ബോക്സർ |
| ഇരുവരും | അവർ | മാത്രമിട്ട് | |
| വൃത്തിയാക്കുമ്പോൾ | കുലുക്കുഴിയുന്നു | പുതപ്പിനുള്ളിലെ | ഉറങ്ങുന്നവർ |
| ചെറുതായി | | മുറിയെക്കുറിച്ച് | |
| നോക്കി | ഉയരം കുറഞ്ഞ | അതിൽ ആരോ | സ്കൈപ്പ് |
| ചിരിച്ച് കാണും | കാഴ്ചകളിൽ | ഇല്ലാതാകുമ്പോഴുള്ള | സെക്സ് |
| | കണ്ണ് വച്ച് | ഏകാന്തതയെക്കുറിച്ച് | ആസ്വദിക്കുന്നവർ |

| | | |
|---|---|---|
| | | ക്കളിക്കുന്ന |
| മുഴുത്തസൂയ | മരണാനന്തര | തന്മാത്രാഘടനയെ |
| വരുന്നെന്ന് | ചടങ്ങിലോട്ട് | തൊട്ട് |
| പറയത്തക്ക | തിരികെയെത്തുമ്പോൾ | നോക്കി |
| ലളിതമായി | അലഞ്ഞലഞ്ഞ് | ഒരു വഴിക്കാവുന്നു. |
| പൂക്കളെന്നപോൽ | മെലിഞ്ഞ് | |
| കോളിഫ്ളവറുകൾ | മെലിഞ്ഞ് | |
| കൈമാറിക്കൊണ്ടവൻ | വായുവിലലിഞ്ഞ് | |
| പച്ചക്കറിക്കടയിലൂടെ | ചേർന്നവർ | |
| പിരിയുന്നു | നാം | |
| | എന്ന് | |
| | മരിച്ച് പോയവന്റെ | |
| | കല്ലറയിൽ | |
| | എഴുതിത്തീരുന്നു. | |

അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ ഭോഗിക്കുന്നു.ശേഷം അവർ

:മുറിഞ്ഞ ചൂണ്ടക്കൊളുത്ത് ദൃശ്യമാകുന്ന മീൻകഷ്ണം പതിനാലാം ദിവസം:

ഡെൻസിൽ മത്തായി അലക്സാണ്ടറിനു കുട്ടിക്കാലത്തെ ഒരു ഓർമ മുറിച്ചെടുത്ത് ഇപ്പോഴത്തെ ജീവിതത്തിൽ തുന്നിച്ചേർക്കാം എന്നുള്ള പോലെ എളുപ്പമാർന്ന ഒരു പണി മാത്രമാണ് കൊലപ്പെടുത്തിയ ഭാര്യയെ ജീവിതത്തിലോട്ട് തിരിച്ച് കൊണ്ട് വരിക എന്നത്. വീട്/നാട് വിട്ട്പോയ അച്ഛനെ തിരിച്ച് വിളിക്കുംപോലെ വീട്/നാട് വിളിക്കുകയാണ്. മൃഗങ്ങൾ കീടങ്ങൾ സസ്യങ്ങൾ എന്നിവർ ഓരോരുത്തരുടേയും ഓർമകളിൽ ഉണർന്ന് വീട്ടിലേക്കണയുവെന്ന്. ഓരോരുത്തരായി വരുന്നു. ഇഷ്ടപ്പെടാത്തവരെ ഡെൻസിൽ അണിൻസ്റ്റാൾ ചെയ്ത് കളയുന്നു. അവന്റെ ഓർമയുടെ ലോകം അവൻതന്നെ തീരുമാനിക്കുന്നു. ഒരിക്കൽ കൂടി അവൻ ഭാര്യക്കൊപ്പം ഉള്ളിയരിയുന്നു കരയുന്നു വെണ്ടക്കാ ഉപ്പേരി കരിയിച്ചെടുക്കുന്നു മുരിങ്ങയിലയിട്ട മുട്ടപൊരിയൽ പങ്കിടുന്നു. മടുക്കുമ്പോൾ അവളെ അങ്ങു കൊന്നുകളയുന്നു. നീയില്ലാതാകുമ്പോൾ പുതപ്പിനുള്ളിലെ

(അരുൺ പ്രസാദിന്റെ വൈറസ് എന്ന കവിത ,2016:84,86)

കവിതയുടെ നടപ്പുശീലങ്ങളിൽനിന്ന് കുതറിമാറുന്നവയാണ് അരുണിന്റെ മിക്ക കവിതകളും.'കവിതയാകാൻ സ്വതവേ കൂട്ടാക്കാത്ത പലതരം വസ്തുക്കളുടെ കൂസലില്ലാത്ത പെരുമാറ്റമാണ് ഇക്കവിതകളുടെ പൊതുസമ്പത്ത്.' എന്ന് സുധീഷ് കോട്ടേമ്പ്രം നിരീക്ഷിക്കുന്നുണ്ട് (ആകാശം ഭൂമി കടൽത്തീരങ്ങൾ....,2016:2001) ഈ അച്ചടക്കമില്ലായ്മയാണ് നവമാധ്യമകവിതയെ വ്യത്യസ്ഥമാക്കുന്ന ഒരു ഘടകം. കവിതയുടെ പതിവുമട്ടുകളെ പ്രതിരോധിക്കാൻ ശ്രമിക്കുകയാണ് നവമാധ്യമങ്ങളിലെ കവികൾ. ഇത് ബോധപൂർവ്വമായ ശ്രമമാണ് എന്ന് വ്യക്തം. കുഴൂർ വിൽസന്റെ 'ഒരു രക്ഷയുമില്ലാത്ത കവിത' എന്ന കവിതയുടെ തുടക്കം കാണുക:

"എനിക്കൊരു കൂട്ടുകാരനുണ്ട്.പ്രദീപ്. നിങ്ങൾ ചിലപ്പോഴറിയും. ഫേസ് ബുക്കിലുണ്ട് .അവന്റെ ആരോ ആണ്. ഇന്നാളൊരു ദിവസം മരിച്ചു പോയി.അതെ തീവണ്ടി മുട്ടി.ഫോൺ ചെയ്ത് നടക്കുകയായിരുന്നു.ഫെയ്സ് ബുക്കിലുണ്ടോ എന്നറിയില്ല. ആ എന്തായാലും മരിച്ചു പോയി.അതെ തീവണ്ടി മുട്ടി.ഫോൺ ചെയ്ത് നടക്കുമ്പോഴായിരുന്നു.ട്രാക്കിലായിരുന്നു.മരിച്ച് പോയി.ഫോൺ ചെയ്ത് നടക്കുമ്പോഴായിരുന്നു.ട്രെയിൻ വരുന്നത് കണ്ടില്ല. കേട്ടില്ല എന്നല്ലേ.ആ എന്തേലുമാകട്ടെ.മരിച്ചു പോയി.തീവണ്ടി മുട്ടി.ഫോൺ ചെയ്ത് നടക്കുകയായിരുന്നു. വിളിച്ച് കൊണ്ടിരുന്നത് ആരായിരുന്നെന്നോ.ആവോ അറിയില്ല. ചോദിച്ചുമില്ല. ഇനിയൊട്ട് ചോദിക്കയുമില്ല. ഒരു പെൺകുട്ടിയാണെന്നാ പറഞ്ഞെ.അതെ മരിച്ച് പോയി.തീവണ്ടിമുട്ടി.പെൺതീവണ്ടി മുട്ടി മരിച്ചു എന്നോ. എനിക്കറിയില്ല. അത് കവിതയിൽ ആയിക്കോളൂ. ഇത് ഒരു രക്ഷയും ഇല്ലാത്ത കവിതയാണ് '(https://vishakham.blogspot.com)

കഥപറച്ചിലിന്റെ രീതിയിൽ, സംഭവാഖ്യാനത്തിന്റെ പടുതിയിൽ കവിത നീങ്ങുന്നു. ഇത്തരം പരീക്ഷണങ്ങളിൽ മുഴുകാൻ അതിയായ താല്പര്യമാണ് ഈ കവി കാണിക്കുന്നത്.

"സങ്കടങ്ങളുടെ തമ്പുരാനാണെങ്കിൽ കരഞ്ഞ് കരഞ്ഞ് കരഞ്ഞ്

കരഞ്ഞ് കരഞ്ഞ് കരഞ്ഞ് കരഞ്ഞ്

കരഞ്ഞ് കരഞ്ഞ് കരഞ്ഞ്

കരഞ്ഞ് കരഞ്ഞ്

കരഞ്ഞ്

ആഹ്ലാദങ്ങളുടെ തമ്പുരാനാകട്ടെ ചിരിച്ച് ചിരിച്ച് ചിരിച്ച്

ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച്

ചിരിച്ച് ചിരിച്ച് ചിരിച്ച്

ചിരിച്ച് ചിരിച്ച്

ചിരിച്ച്

ഒരു വഴിക്കായി"(https://vishakham.blogspot.com 2013

കുഴൂർ വിൽസൺ എഴുതിയ ആഹ്ലാദം എന്ന കവിതയാണ് മുകളിൽ ഉദ്ധരിച്ചത്. ഭാഷതന്നെ ഭാവമായി മാറുന്ന അവസ്ഥ ഇവിടെയുണ്ട്.ഒരു ദീർഘ പ്രബന്ധത്തിന്റെ സ്വഭാവമുള്ള കവിതകളും അദ്ദേഹം എഴുതിയിട്ടുണ്ട്. അത്യധികം അശ്ലീലമായ ഒരു സെന്റർസ്പ്രെഡ് കവിത്' എന്ന പേരിൽ നിരഞ്ജൻ എഴുതിയ കവിതയിൽ നവമധ്യമങ്ങളിലെ കവികളുടെ നിലപാട് പറഞ്ഞുറപ്പിക്കുന്നത് കാണാം.

"ഹോ.. ചേട്ടാ..

അങ്ങനീമിങ്ങനീം

നോക്കിപ്പേടിപ്പിക്കാതെ..!

ആതിരക്കുളിരോടന്നു

വൃത്തത്തിൽ കളിച്ചതാണ്

സെറ്റുമുണ്ടുടുത്തതാണ്

ഓണത്തിന്, പെരുന്നാളിന്,

ക്രിസ്മസിന്,

പറഞ്ഞ പോലൊക്കെത്തന്നെ

താളത്തിലാടിയതാണ്

ഇനിയെങ്കിലും

എനിക്കു തോന്നുമ്പോലിരുന്നോട്ടെ

ഛന്ദസ്സിൻ പുറത്തേക്കൊന്ന്

കാൽമുട്ട് നിവർത്തട്ടെ

മാത്ര തെറ്റാതെ നോക്കി കഴച്ചുനീറുന്ന

ഈ നോട്ടമൊന്നയച്ചോട്ടെ" (ഫെയ്സ് ബുക്ക്,22.10.2013)

വൃത്തത്തിന്റെയും അലങ്കാരത്തിന്റെയും കെട്ടുകൾക്കുള്ളിൽകിടന്ന് വീർപ്പു മുട്ടിയകവിത ഒന്ന് വിശ്രമിക്കട്ടെ എന്നാണ് ഈ കവിയുടെ നിലപാട്. ഇത് നവ മാധ്യമത്തിൽ വരുന്ന കവികളുടെ പൊതുനിലപാടായും കാണാവുന്നതാണ്.

## 2.2.3 ബിംബകല്പനയിലെ പുതുമ

ബ്ലോഗിൽ ഏറ്റവുമധികം വായിക്കപ്പെടുന്നത് വൈകാരികാംശം കൂടുതലുള്ള കവിതകളാണ്.ജീവിതത്തിലെ നുറുങ്ങ്ഖണ്ഡങ്ങൾക്ക് വൈകാരികതനൽകി അവ തരിപ്പിക്കുന്നതിൽ ബ്ലോഗ്കവികൾ തല്പര്യംകാണിക്കുന്നു. വ്യക്തിഗതമായ കുറിപ്പുകൾ കവിതയുടെ മേലങ്കിയണിഞ്ഞു വരുമ്പോൾ കവിതയായി വായിക്കപ്പെടുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. ബ്ലോഗിൽപ്രത്യക്ഷമാകുന്ന കവിതകളിലൂടെയുള്ള സഞ്ചാരം എഴുത്തിലേക്ക് പല ബ്ലോഗർമാരെയും നയിക്കുന്നു. പ്രതിഭയുടെമാത്രം അനുഗ്രഹമുണ്ടെങ്കിൽ സൈബറിൽ ഒരാൾക്ക് കവിയായി

പ്രത്യക്ഷപ്പെടുന്നതിന് ബുദ്ധിമുട്ടില്ല. വ്യുൽപ്പത്തിയും അഭ്യാസവും രചനയുടെ വഴികളിൽ കൈവന്നുകൊള്ളും. ഇത് സൈബർ മേഖലയിലെ കവികൾക്ക് കിട്ടുന്ന അനുഗ്രഹമാണ്. എഡിറ്ററുടെ തിരസ്കരണം കവികളെ നിരാശയിലേക്ക് തള്ളിവിടുന്ന പ്രശ്നം ഇവിടെയില്ല. മറ്റൊരർത്ഥതിൽ സൈബർമേഖല കവികൾക്ക് പരിശീലനക്കളരികൂടിയാണ്. വ്യക്ത്യനുഭവങ്ങളെ ഈ പുതുമാധ്യമത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് കുറിച്ചുവയ്ക്കുമ്പോൾ കവിതയുടെ ഇടം വിസ്തൃത മാവുകയാണ് ചെയ്യുന്നത്. ഇത് ഒരേസമയം പരിമിതിയും ശക്തിയുമായി വിലയിരു ത്താവുന്നതാണ്. കവിതയുടെ രീതിശാസ്ത്രം മനസ്സിലാക്കിയിട്ടുള്ള കവികളും നവമാധ്യമങ്ങളിൽ വേറിട്ട ആഖ്യാനം സ്വീകരിക്കുന്നതായി കാണാം.ഇത് ആ മാധ്യമത്തിന്റെ പ്രത്യേകതകൊണ്ടാണ്.

ബിംബകല്പനകൾ കവിതയ്ക്ക് നൽകുന്ന ശക്തി ശ്രദ്ധേയമാണ്.ഭാഷയെ ബിംബാത്മകമായി പ്രയോഗിക്കുമ്പോൾ കവിതയ്ക്ക് കരുത്തും ആസ്വാദ നക്ഷമതയും കൂടുന്നു. നവമാധ്യമങ്ങളിൽ എഴുതുന്ന കവികളുടെ ബിംബകല്പന കളിൽ കാണുന്ന ഒരു പ്രത്യേകത, അവയ്ക്കുള്ള പുതുമയാണ്. ചില ഉദാഹരണങ്ങൾ നോക്കാം:

"ഉപമകൾ ഉണക്കാനിട്ടിരിക്കുന്ന
കുന്നിൻചെരുവിൽ
ഒരു തീവണ്ടി നട്ടുനിവർത്തി
നിൽക്കുന്നത് അവ്യക്തമായി കാണാം"( ലതീഷ് മോഹൻ,2011:21)

"അവിഹിത ബന്ധത്തിനിടയിൽ
പിടിക്കപ്പെട്ട
മറുനാടൻ തൊഴിലാളിയെപ്പോലെ
ആത്മനിന്ദയും മൗഢ്യവും നിറഞ്ഞ
സൂര്യനെ
ഈ നഗരത്തിനു മുകളിൽ
കെട്ടിടങ്ങളേക്കാൾ ഉയരത്തിലല്ലാതെ

ആരോ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു."(വിഷ്ണുപ്രസാദ്, ഹൊറർ എന്ന കവിതയിൽ http://prathibhasha.blogspot.com)

വിഷ്ണുപ്രസാദ് ഉച്ച എന്ന കവിതയിൽ:

"ചേമ്പിൻതാളുകൾ വെയിലിനുകൊടുക്കാതെ
മൂടിവെച്ച കുളത്തിൽ
തണുപ്പ് ഒരു കുട്ടിയെപ്പോലെ
ഒളിച്ചിരിക്കുന്നു"(http://prathibhasha.blogspot.com)

എന്നെഴുതുന്നു.

"നിലാവ് അവയുടെ പാൽ കറക്കുന്നു
അതു കണ്ടു കൊതിയോടെ
ഞാൻ ആട്ടിടയനായി"(കലേഷ്,എസ്,2010:94)

"ആകാശത്തുനിന്ന്
ഭൂമിയിലേക്ക് നോക്കുന്ന
ഈന്തപ്പനകളുടെ
പ്രാർത്ഥിക്കുന്ന കയ്യുകൾ"( കുഴൂർ വിൽസൺ,2010:89)

"തോരാത്ത മഴയുടെ ചുവട്ടിൽ
കുടചൂടാതെ നനഞ്ഞിരിക്കുന്നു
കുട."(ദിനേശ്,സി.പി,2010:66)

"പ്രണയം,
സ്വപ്നങ്ങളുടെ തീയിൽ
കത്തിപ്പോകാതെ
പച്ചയ്ക്കു കിടക്കുന്ന
നീറിപ്പുകഞ്ഞ്
തീയിനെ പൊള്ളിക്കുന്നു"(ധന്യാദാസ്,2010:48)

"രക്തഭൂഷിതവും

ശബ്ദായമാനവുമായ

നിസ്സംഗത"

(ചുരുക്കത്തിൽ,ടി.പി.വിനോദ്,http://lapuda.blogspot.com)

"ഇരുട്ടിൽ,
മറവിയുടെ താഴ്വരയിൽ
മാത്രം വിരിയുന്ന ഒറ്റപ്പൂവുപോലൊരു ചിരി" (,
വി.ടി.ജയദേവൻ,സന്തോഷത്തിന്റെ മടങ്ങിവരവ്
,നവമലയാളി,മെയ് 27,2018)

"കഴുത്തറുത്തിട്ട പശുവിനെപ്പോലെ
പെയ്യുന്ന മഴ ."( വിഷ്ണുപ്രസാദ്, ചലം)

"കുമ്പള വള്ളികൾക്കു മുകളിൽ
വെളിച്ചം മരിച്ചുകിടക്കുന്നു ."(വിഷ്ണുപ്രസാദ്,കുറ്റബോധങ്ങളുടെ
പകൽ)

"കുന്ന് അഴിച്ചിട്ട കള്ളിക്കുപ്പായമെന്ന് വയലുകൾ"
(വിഷ്ണുപ്രസാദ്,വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള
കവിത,http://prathibhasha.blogspot.com)

ഇത്തരം പുതുമയുള്ള ബിംബകല്പനകൾ നവമാധ്യമങ്ങളിലെ കവിതയെ പുതുമയുള്ള ആഖ്യാനമാക്കി മാറ്റുന്നു.

## 2.2.4 ഭാഷയുടെ കലർപ്പ്, പുതിയ പദസംയുക്തങ്ങൾ തുടങ്ങിയവ

നവമാധ്യമങ്ങളിലെ എഴുത്തിന്റെ ഒരു പൊതു സവിശേഷതയാണ് ഭാഷ യുടെ കലർപ്പ്. കവിതകളുടെ തലക്കെട്ടിലും കവിതകൾക്കുള്ളിലും ഇംഗ്ലീഷ് ഭാഷാ

പദങ്ങൾ കടന്നുവരുന്നത് കാണാം. ഡോണ മയൂര തന്റെ ചില കവിതകൾക്ക് Insomnia, Yellow Sticky എന്നിങ്ങനെ ഇംഗ്ലീഷ് തലക്കെട്ടുകൾ നൽകുന്നു.Yellow Sticky എന്ന കവിതയിൽ ഇംഗ്ലീഷും മലയാളവും ഇടകലരുന്നു. പല ഇംഗീഷ് പദങ്ങളും ലിപ്യന്തരണരൂപത്തിൽ കവിതയിൽ ഇടം പിടിക്കുന്നു. എം.എൻ.സുജീഷ് 'ഭൂമി – സൂര്യൻ - ചന്ദ്രൻ' എന്ന കവിതയിൽ ഹൈപ്പർലിങ്ക്സാദ്ധ്യത ഉപയോഗിക്കുന്നു. വിഷ്ണുപ്രസാദിന്റെ 'ശവത്തോടൊപ്പം നമ്മൾ ലിഫ്റ്റിറങ്ങുകയാണ്' എന്ന കവിതയിലും എം.ആർ.വിഷ്ണുപ്രസാദിന്റെ ഇയാൾ /അയാൾ എന്ന കവിതയിലും ഈ സാദ്ധ്യത പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നു. മൂഷികൻ എന്ന ബ്ലോഗർ എഴുതിയ ഹൈപ്പർലിങ്ക് എന്ന കവിത, കവിതയായി നിൽക്കുമ്പോഴും മറ്റു ബ്ലോഗുകളിലേക്കും വെബ്സൈറ്റുകളിലേക്കും ലിങ്കുകൾ നൽകുന്നു. വാമൊഴിച്ചേരുവകൾ, പുതിയ പദസംയുക്തങ്ങൾ, ഹൈപ്പർ ലിങ്ക്, വിവിധ കലാരൂപങ്ങളുടെ സന്നിവേശം, സാങ്കേതികത, ലേ ഔട്ടിലെ നൂതനത്വം, ദൃശ്യാനുഭവം എന്നിവ നവമാധ്യമങ്ങളിലെ കവിതകളുടെ പ്രത്യേകതകളാണ്. swings and a miss എന്ന തലക്കെട്ടിൽ ടി.പി.വിനോദ് എഴുതുന്ന കവിത ഭാഷയെ ജീവിതവുമായി കൂട്ടിയിണക്കുന്നു.

ഹരിശങ്കർ കർത്തയുടെ 'പിസ്കോണിയ മസ്ക' എന്ന കവിത നോക്കുക. അപരിചിതമായ ഒരു പദത്തിന് ചിരപരിചിതം എന്നു തോന്നുമാറുള്ള അർത്ഥം സ്ഥാപിച്ചെടുക്കുന്നു. കവിതയെക്കുറിച്ചുള്ള തന്റെ ബോധ്യവും പരോക്ഷമായി പറഞ്ഞുവയ്ക്കുന്നു.




“ഇത് മദ്യമാണ്,അതു സിഗററ്റാണ്,നമ്മൾ സുഹൃത്തുക്കളാണ്
എന്നൊക്കെ
പറയുന്നപോലെയുള്ള ഒരു ഏർപ്പാടല്ല കവിത
കുറഞ്ഞപക്ഷം എന്റെ കവിതകൾ
അതു പിസ്കോണിയ മസ്കുവിൽനിന്നു വരുന്നു

അതു പിസ്കോണിയ മസ്കുവിൽ നിലനിൽക്കുന്നു
അതു പിസ്കോണിയ മസ്കുതന്നെ ആകുന്നു
(ആമേൻ)(http://varshikappathipp2012.blogspot.com)

" ഹലോ.."

" ഉം.. ഹലോ.."

" ഡാ.., ഇന്നു വൈകുന്നേരത്തെ
നിന്റെ പ്രസംഗം കലക്കി.."

" നീ റൂമിലാണോ.. ? ഫാൻ ഫുൾ സ്പീഡിലിട്ടിട്ടില്ലേ ? വർത്തമാനം

പറയുന്നത് അമ്മ കേൾക്കോ.. ? "

" ഇല്ലപ്പാ.. അതൊക്കെ ചെയ്തിനി.. അമ്മ ഉറങ്ങി."

" ഉം.."

ഡൽഹി രണ്ടാം പെൺകുട്ടിയെ കുറിച്ചും
ഭാരതത്തിന്റെ സംസ്കാര പാരമ്പര്യത്തെ കുറിച്ചും നീ പറഞ്ഞ
വാക്കുകൾ... ഹൊ..
നീ ഇതൊക്കെ എപ്പൊ പഠിച്ചു.. ?!! "

" കോപ്പ്.. ഒന്നു നിർത്തുന്നുണ്ടൊ നീ.. രാത്രി പന്ത്രണ്ടേ കാലിനാ
അവൾടെ കിന്നാരം...

നീ നൈറ്റിയുടെ കുടുക്കഴിക്ക്..
ഞാൻ പുതപ്പിനടിയിലേക്ക് വരാം.. "
.
.
."ബീപ്... ബീപ്...ബീപ്..."

" ബീപ്.. ബീപ്... ബീപ്.."
.
.

" മതി മോളുറങ്ങിക്കൊ.. രാവിലെ ഡൽഹി വിഷയത്തിലൊരു
ഡിബേറ്റ് ഉണ്ട്.. ഗുഡ് നൈറ്റ്.. ഉമ്മ.."

" ഗുഡ് നൈറ്റ്.. ഉമ്മ... "
(http://umeshpilicode.blogspot.com2013),

ഉമേഷ് പീലിക്കോടിന്റെ 'സംസ്കാരം' എന്ന കവിതയാണിത്. ഭാഷണത്തിന്റെ പാറ്റേണിൽ എഴുതുന്ന ഈ കവിതയിൽ ഉപകരണഭാഷയുടെ യുക്തിയാണ് പ്രവർത്തിക്കുന്നത്. അതേസമയം വർത്തമാനകാല യുവത്വത്തിന്റെ വ്യക്തിത്വത്തിന്റെ ഇരട്ടമുഖവും കാണുന്നു. വിഭജിക്കപ്പെട്ട വ്യക്തിത്വം സൈബറിടത്തിന്റെ പ്രത്യേകതയാണെന്നതും ഇവിടെ പരിഗണിക്കാവുന്നതാണ്.

മലയാളകവിതയുടെ സൈബറിടം സമ്പന്നമാണ്. ബഹുസ്വരതയാണ് അതിന്റെ മുഖമുദ്ര. ഓരോ കവിയും വേറിട്ട ശബ്ദത്തിൽ വായനക്കാരനോട് സംവദി ക്കാൻ ശ്രമിക്കുന്നു.തുറന്ന സാംസ്കാരികഭൂമിക അത് വാഗ്ദാനംചെയ്യുന്നു. കവിതയെ ത്തന്നെ പ്രശ്നവൽകരിച്ചു കൊണ്ടാണ് അത് മുന്നേറുന്നത്. മലയാള കവിതയുടെ യൗവനം നവമാധ്യമങ്ങളിലെ കവിത അടയാളപ്പെടുത്തുന്നുണ്ട്. ഭാവനയുടെ പുതിയവിതാനങ്ങൾ അത് രൂപപ്പെടുത്തുന്നു. ഭൗതികയാഥാർത്ഥ്യത്തിനു പുറ ത്തുള്ള യാഥാർത്ഥ്യത്തെ പിടിച്ചെടുക്കാനുള്ള ശ്രമം അതിലുണ്ട്. സൈബർ മാനവി കത എന്ന് വിളിക്കാവുന്ന ഒരു മാനവികത ഈ കവിതകളുടെ അന്തർധാരയായി നിലനിൽക്കുന്നുണ്ട്. ഇത് കവിതയിലെ പുതിയ അനുഭവവും ആവിഷ്കാര സ്വരൂപ വുമാണ്.

മനുഷ്യനും യന്ത്രവും തമ്മിലുള്ള പാരസ്പര്യം പുതിയ സാംസ്കാരികാവ സ്ഥയെ രൂപപ്പെടുത്തിയിട്ടുണ്ട്. സൈബർലോകത്ത് നിരന്തരം ഇടപെടുന്നവരെ മറ്റൊരു വംശമായി കണക്കാക്കാൻ മാത്രം സാംസ്കാരിക വ്യതിയാനങ്ങൾ അവരിൽ പ്രകടമാകുന്നു. ജീവിതവും യന്ത്രവും വേറിട്ടല്ലാതെ നിൽക്കുന്ന അവസ്ഥ ഇതിനകത്തുണ്ട്. സൈബോർഗുകളായി പരിണമിക്കുന്ന മനുഷ്യവംശത്തെക്കുറി ച്ചുള്ള സങ്കല്പനങ്ങളിൽ മാറിയതലമുറയെ നിർദ്ധാരണം ചെയ്തെടുക്കാനാകും

## 2.2.5 വൈകാരികത

ബ്ലോഗിൽ ഏറ്റവുമധികം വായിക്കപ്പെടുന്നത് വൈകാരികാംശം കൂടുതലുള്ള കവിതകളാണ്.ജീവിതത്തിലെ നുറുങ്ങ്ഖണ്ഡങ്ങൾക്ക് വൈകാരികതനൽകി അവതരിപ്പിക്കുന്നതിൽ ബ്ലോഗ്കവികൾതാല്പര്യം കാണിക്കുന്നു.ബ്ലോഗിൽ പ്രത്യ ക്ഷമാകുന്ന കവിതകളിലൂടെയുള്ള സഞ്ചാരം എഴുത്തിലേക്ക് പല ബ്ലോഗർമാരെയും നയിക്കുന്നു. എഴുത്തുകാരനും വായനക്കാരനും എന്ന വേർതിരിവ് ഇവിടെ കുറവാണ്. അനേകം ബ്ലോഗുവായനക്കാർ കവികളായി മാറിയ അനുഭവമാണ്

അവിടെയുള്ളത്.പുതുനിരക്കവികളെ സൃഷ്ടിച്ച എന്നത് ഈ മാധ്യമത്തിന്റെ പ്രത്യേകതയാണ്. മലയാളകവിതയുടെ പാരമ്പര്യത്തിൽനിന്ന് തെന്നിമാറിയ കവികളാണ് ഇവർ എന്നതാണ് ശ്രദ്ധേയമായ കാര്യം. കവിതയുടെ പതി വൃശീലത്തെ ഈ കവികൾ കാര്യമായി ഗണിച്ചില്ല. മാത്രമല്ല, മാധ്യമത്തിന്റെ സ്വഭാവം കവിതയെ നിർണ്ണയിക്കുക വഴി രൂപത്തിലും ഭാവത്തിലും ഇവ വേറിട്ടു നിന്നു. കുഴൂർ വിൽസൻ, കെ.എം.പ്രമോദ്, ടി.പി.അനിൽകുമാർ, ദേവസേന, ഉമ്പാച്ചി, വിഷ്ണുപ്രസാദ്, സനൽ ശശിധരൻ, നസീർ കടിക്കാട്, ലതീഷ് മോഹൻ, ക്രിസ്പിൻ ജോസഫ്, ടി.പി.വിനോദ്,.......... തുടങ്ങിയ കവികൾ ബ്ലോഗിലൂടെ ശക്തി തെളിയിച്ചവരാണ്. ലതീഷ് മോഹന്റെ കവിതയെ വിലയിരുത്തിക്കൊണ്ട് അൻവർ അലി ഇങ്ങനെ എഴുതുന്നു:

“അരേഖീയവും അകാല്പനികവുമായ കഥപറച്ചിൽ, റാപ്പിലൂടെ സൃഷ്ടിക്കുന്ന പ്രതിസംഗീതം / ഗദ്യവൃത്തം, വിശദാംശങ്ങളെക്കാൾ വീക്ഷണദൂരവും വീക്ഷ ണകോണും പ്രധാനമാവുന്ന ദൃശ്യചിത്രണം, വിരുദ്ധഭാവങ്ങളുടെയും മുഹൂർത്തങ്ങളു ടെയും ആകസ്മികമായ ഇടകലരൽ, വായനക്കാരുടെ പ്രവിശ്യയിൽ വാക്താവിന്റെ ഇടപെടലുകൾ എന്നിവ ലതീഷ് മോഹന്റെ കവിതകളിൽ കണ്ടെടുക്കാം." (അൻവർഅലി , തിരക്കവിത,www.thir akavitha.com 19.05.2015)

നമുക്ക് അത്രപരിചിതമല്ലാത്ത ഭാവനയുടെ ലോകത്തേക്കാണ് ഈ കവിത യുടെ സഞ്ചാരം. ഭൂമിശാസ്ത്രപരമായ അതിരുകളെയും സ്ഥാനപ്പെടുത്തലുകളെയും വെട്ടിച്ചുരുക്കി പുതിയ ഭാവനാഭൂപടം സൃഷ്ടിക്കുവാനാണ് നവമാധ്യമകവികൾ ആഗ്രഹിക്കുന്നത്.സൈബർ ജീവിതത്തിന്റെ അടയാളപ്പെടുത്തലായി ഇത് തിരി ച്ചറിയേണ്ടതുണ്ട്. ഭാഷയുടെ പാറ്റേൺതന്നെ കവിതയായിമാറുന്നു. ചെത്തിമിനു ക്കിയ ഭാഷയുടെ കരുത്തിൽ, ധ്വനിയുടെ ആനുകൂല്യത്തിൽ ശശ്വതീകരിക്കപ്പെടുന്ന കവിതയുടെയുക്തി ഈ കവികളെ ബാധിക്കുന്നതേയില്ല.നവമാധ്യമങ്ങളിൽ എഴുതുന്നവർക്ക് തങ്ങളുടെകവിത നിൽക്കുന്ന പരിസരത്തെപ്പറ്റി നല്ല ബോദ്ധ്യ മുണ്ടെന്ന് കമന്റുകളിൽനിന്ന് മനസ്സിലാകും. നിരഞ്ജൻ എന്ന കവി എഴുതുന്നു:

"ഒരു അടുക്കളവാതിൽക്കരച്ചിലിനെ അടച്ചുവെച്ച് കൈതുടച്ചിരിക്കുന്ന ഒരു വീട്ടമ്മയ്ക്കോ ഗൾഫുചൂടിനിടയിലൊരു വെള്ളിയാഴ്ചനേരം നെറ്റ്ഫോണുമായിരിക്കുന്ന ഒരു കൺസ്ട്രക്ഷൻ തൊഴിലാളിക്കോ ഒരു മുഷിഞ്ഞ ഹോസ്റ്റൽ മുറിയിൽ ഒറ്റയ്ക്കിരിക്കുന്ന ഒരു നാലാം സെമസ്റ്ററുകാരനോ ഒക്കെ കത്തിവീഴുന്ന കൊള്ളിയാൻ പോലെയോ പൊഴിഞ്ഞയുടൻ അലിഞ്ഞുപോവുന്ന ആലിപ്പഴം പോലെയോ ഇടിവെട്ടിവീഴുന്ന മിന്നൽ പോലെയോ ഒക്കെ വരുന്ന തോന്നലുകളിൽ നിന്ന് "ആരുവാനാരുവാനീവിധത്തിൽ കീറിയെറിയുന്നു വാനിടത്തിൽ" എന്ന് അത്ഭുതപ്പെടുത്തും വിധം എത്രയെത്ര എഴുത്തുകളാണ് ഇവിടെ പറന്നു നടക്കുന്നത്. എവിടെയൊക്കെയോ അത് വെളിച്ചമാവുന്നുണ്ടാവണം, തണുപ്പാവുന്നുണ്ടാവണം, കത്തിപ്പിടിക്കുന്നുണ്ടാവണം."

( ഫെയ്സ്ബുക്ക് കാലനില്ലാത്ത കാലത്തെ കവിത, 01.12.2012)

സൈബറിടത്തിലെ കവിത സവിശേഷമായ ജീവിതാനുഭവത്തിൽനിന്ന് വരുന്നവയാണ്. വ്യത്യസ്ഥമായ ഭൂപ്രകൃതിയിൽ വിഭിന്ന ദേശങ്ങളിൽ ജീവിക്കുന്ന മലയാളികളാണ് ഇവരിൽ കൂടുതലും.നൂതനമായ കാവ്യബിംബങ്ങളിലൂടെ ആശയ നിവേദനം നടത്തുവാൻ ശേഷിയുള്ള കവികൾ ഇക്കൂട്ടത്തിലുണ്ട്. മാധ്യമത്തിന്റെ പ്രത്യേകതകൊണ്ടുതന്നെ ഭാഷയിലും ആവിഷ്കരണരീതിയിലും നൂതനത്വം കൊണ്ടുവരാൻ ഇവർക്ക് കഴിയുന്നു. പുതുകവിതയെ നവമാധ്യമീകൃത കവിതകളായി കാണണമെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. (സുധീഷ് കോട്ടേമ്പ്രം, 2012: 71)ഹൈപ്പർ ലിങ്കിന്റെ സാദ്ധ്യത ഉപയോഗപ്പെടുത്തുന്ന കവികൾ അപൂർവമായെങ്കിലും ഉണ്ട്. പുതുഘടനയുള്ള ഗദ്യം ഈ കവിതകളുടെ പ്രത്യേകതയാണ്.പുതിയ അനുഭവലോകം ഈ കവിതകളിൽ കാണാം. നിരന്തരം എഴുതുന്നു എന്നതിനാൽ എല്ലാ കവിതകളിലും ഒരുപോലെ ഗുണനിലവാരം പുലർത്താൻ പല കവികൾക്കും കഴിയുന്നില്ല. തുറന്നെഴുത്തിന് അവസരമുള്ള മാധ്യമം എന്ന നിലയിൽ നവമാധ്യമങ്ങളിലെ കവിതകൾ ചിലപ്പോൾ സദാചാരത്തിന്റെ മാനദ

ണ്ഡങ്ങൾ വകവയ്ക്കാതിരിക്കുന്നത് കാണാം. മലയാളകവിതയിൽ പുതുഭാവുകത്വ ത്തിന്റെ പ്രതിനിധാനമായാണ് നവമാധ്യമങ്ങളിലെ കവിതകൾ നിലകൊള്ളു ന്നത്.

# അധ്യായം 3

# നവമാധ്യമങ്ങളും മലയാളകഥാസാഹിത്യവും

# അധ്യായം3

## നവമാധ്യമങ്ങളും മലയാള കഥാസാഹിത്യവും

ഒരു നൂറ്റാണ്ടിലധികം ചരിത്രം അവകാശപ്പെടാവുന്ന സാഹിത്യരൂപമാണ് മലയാളത്തിലെ കഥാസാഹിത്യം (fiction) .ചെറുകഥയും നോവലും ഉൾപ്പെടുന്ന സാഹിത്യത്തെ പൊതുവായാണ് കഥാസാഹിത്യം എന്ന സംജ്ഞകൊണ്ട് ഇവിടെ വിവക്ഷിച്ചിട്ടുള്ളത്. അച്ചടി യാഥാർത്ഥ്യമായതോടെ പത്രമാസികകൾ പ്രചാരത്തിൽ വരുകയും അതിന്റെ ഫലമായി പുതുസാഹിത്യരൂപങ്ങൾ പിറവിയെടുക്കുകയും ചെയ്തു. ചെറുകഥ, നോവൽ എന്നീ സാഹിത്യരൂപങ്ങൾക്ക് ജന്മംനൽകിയതും വളർത്തിയതും അച്ചടിയാണ്. യഥാതഥവാദത്തിന്റെ കാലത്ത് ജനപ്രീതിനേടിയ ഈ സാഹിത്യരൂപങ്ങൾ പിന്നീട് പല പരീക്ഷണഘട്ടങ്ങളും പിന്നിട്ടാണ് ഉത്തരാധുനിക സാഹചര്യത്തിൽ എത്തിനില്ക്കുന്നത്. ആധുനികതാവാദം നോവലിലും ചെറുകഥയിലും വലിയ കുതിച്ചുചാട്ടങ്ങൾ നടത്തി. മനുഷ്യകേന്ദ്രിതമായ ഒരു പ്രത്യയശാസ്ത്രത്തിലേക്ക് സാഹിത്യത്തെ പരിവർത്തനം ചെയ്തത് ആധുനികതാവാദമാണ്. ( രവീന്ദ്രൻ : 2017 : 21) അതിന്റെ പടർച്ചയും തുടർച്ചയുമാണ് ഉത്തരാധുനിക സാഹിത്യത്തിൽ കാണുന്നത്. ആധുനികാനന്തരകാലത്ത് സാങ്കേതികവിദ്യ അപ്രതീക്ഷിതമായ ഉന്നതികൾ തേടുന്നതാണ് കണ്ടത്. ഇന്റർനെറ്റിന്റെ കടന്നുവരവായിരുന്നു ഇതിൽ പ്രധാനം. ഇന്ന് ഏറെ പ്രചാരം നേടിക്കഴിഞ്ഞ നവമാധ്യമങ്ങൾ ആധുനികാനന്തര സാഹിത്യത്തെയും സംസ്കാരത്തെയും നിർണ്ണായകമായ വിധത്തിൽ സ്വാധീനിച്ചിട്ടുണ്ട്. സൈബർ സാഹിത്യം, സൈബർ സംസ്കാരം എന്നീ സംജ്ഞകൾ ഇന്ന് സുപരിചിതമായിക്കഴിഞ്ഞു. നവസാങ്കേതികവിദ്യയും അതിന്റെ ഉല്പന്നമായ നവമാധ്യമങ്ങളും മനുഷ്യജീവിതത്തെ സ്വാധീനിച്ചതിന്റെ അടയാളങ്ങളാണ് ഇവ. സവിശേഷമായ ഒരു സാഹിത്യരൂപമായി ഇന്ന് സൈബർ സാഹിത്യം മാറിയിട്ടുണ്ട്. സൈബറിൽ പ്രത്യക്ഷപ്പെടുന്നു എന്നതുപോലെതന്നെ സൈബറിടം രൂപപ്പെടുത്തിയ സാമൂഹികാന്തരീക്ഷം ഇത്തരം രചനകളിൽ കടന്നുവരുന്നു എന്നത് പ്രധാനമാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മാത്രമേ നവമാധ്യമങ്ങളിലെ കഥാസാഹിത്യത്തെ വിശദീകരിക്കാനാവൂ.

നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കഥയും നോവലും ഉൾപ്പെടുന്ന ഭാവനാത്മക സാഹിത്യമാണ് ഇവിടെ പഠനവിഷയമാക്കുന്നത്.

സവിശേഷമായ ഒരു ഭാവുകത്വപരിസരത്തിലൂടെയാണ് ഇന്ന് മലയാളസാഹിത്യം കടന്നുപോകുന്നത്. സ്വതന്ത്രമായ അസ്തിത്വം അവകാശപ്പെടാനാവുന്ന ഒരു പുതിയ സാഹിത്യ ജനുസ്സ് രൂപപ്പെട്ടുകഴിഞ്ഞു - സൈബർ സാഹിത്യം. 1990 കളോടെ ആരംഭം കുറിച്ച നവമാധ്യമത്തിന്റെ സംഭാവനയായ സൈബർ സാഹിത്യം പഠനാർഹമായ മേഖലയായി വളർന്നുകഴിഞ്ഞു. ആദ്യകാല കൗതുകങ്ങളെയും പിൽക്കാലത്ത് ഏറ്റുവാങ്ങേണ്ടിവന്ന വിമർശനങ്ങളെയും പിന്നിട്ട് ഇപ്പോൾ ഗൗരവതരമായ പഠനസാഹചര്യത്തെ അഭിമുഖീകരിക്കുകയാണ് സൈബർസാഹിത്യം. നവസാങ്കേതികവിദ്യയും ആഗോളവൽകരണവും ഉത്തരാധുനിക ജ്ഞാനമണ്ഡലങ്ങളും കണ്ണിചേർക്കപ്പെടുന്നതിന്റെ ഫലമായി രൂപപ്പെട്ട സാമൂഹികസാഹചര്യത്തിലാണ് സൈബർസാഹിത്യം യാഥാർത്ഥ്യമായത്. (മധുസൂദനൻ,ജി. : 2009 : 21 ) സാഹിത്യത്തെ സംബന്ധിച്ച പരമ്പരാഗത ധാരണകളെ തിരുത്തുവാനോ ചിലപ്പോൾ അട്ടിമറിക്കുവാനോ ശക്തിയുള്ള ഒന്നായി ഇത് വളരുന്ന കാഴ്ചയാണ് കാണുന്നത്. വിമർശനങ്ങളും അനുമോദനങ്ങളും ഒരുപോലെ ഏറ്റുവാങ്ങിക്കൊണ്ടാണ് ഈ സാഹിത്യജനുസ്സ് നിലനിൽക്കുന്നത്. സൈബർ സാഹിത്യത്തെ ഒഴിവാക്കിക്കൊണ്ട് മലയാള സാഹിത്യത്തിന്റെ വികാസചരിത്രം എഴുതാൻ കഴിയാതായിട്ടുണ്ട്.

തിരമൊഴിയിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യം എന്നനിലയിലാണ് സൈബർ സാഹിത്യം വേറിട്ട അസ്തിത്വം നേടുന്നത്. എന്നാൽ മലയാളത്തിൽ അച്ചടിസാഹിത്യമാണ് ഈ സാഹിത്യ ജനുസ്സിനെപ്പറ്റിയുള്ള മുന്നറിയിപ്പു തന്നത് എന്നകാര്യം ശ്രദ്ധേയമാണ്. ചെറുകഥാസാഹിത്യമാണ് മലയാളത്തിലെ സൈബർ സാഹിത്യത്തിന് തുടക്കം കുറിച്ചത്. (രാജശേഖരൻ,പി.കെ. 2006:259) ഈ രംഗത്തെ ശ്രദ്ധേയമായ ആദ്യരചന ടിവി.കൊച്ചുബാവയുടെ 'കൊക്കരണി' എന്ന കഥയാണ്. (സുനീത,ടി.വി.2015:80) ഇന്റർനെറ്റിനെക്കുറിച്ച് കാര്യമായ വിവരങ്ങളൊന്നും അറിയാതിരുന്ന ഘട്ടത്തിൽ എഴുതിയ ഈ കഥയിൽ കമ്പ്യൂട്ടറാണ് പ്രധാന കഥാവസ്തു. 1992 ലാണ് ഈ കഥ പ്രസിദ്ധീകരിക്കുന്നത്. ഭാവി

തലമുറയ്ക്ക് ആവശ്യമായിവരുന്ന ജനതയെ വാർത്തെടുക്കാൻ കമ്പ്യൂട്ടർ എങ്ങനെ പ്രയോജനപ്പെടും എന്ന് ഭാവനചെയ്യുന്ന കഥയാണിത്. കമ്പ്യൂട്ടറുകൾ കുഞ്ഞുങ്ങളെ രൂപകല്പന ചെയ്യുന്നതിലെ ഭീതിജനകമായ അവസ്ഥയാണ് കഥ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. സാങ്കേതികവിദ്യയുടെ മാനുഷികരാഹിത്യത്തെക്കുറിച്ചുള്ള അലിഗറിയാണ് ഈ കഥയെന്ന് പി.കെ.രാജശേഖരൻ അഭിപ്രായപ്പെടുന്നു.( രാജശേഖരൻ,പി.കെ. 2006:262) എന്നാൽ ഇന്ന് നാം വിഭാവന ചെയ്യുന്നപോലുള്ള സൈബർജീവിതം കഥയിൽ ആദ്യമായി കടന്നു വരുന്നത് സേതുവിന്റെ 'തിങ്കളാഴ്ചകളിലെ ആകാശം' എന്ന കഥയിലാണ്. സൈബർ ലോകത്തെ ഭീതിയോടെ കാണുന്ന അജയൻ എന്ന കഥാപാത്രത്തിലൂടെ ആഖ്യാനം നിർവഹിക്കുന്ന ഈ കഥ, സങ്കീർണ്ണമായ ചില വിഷയങ്ങൾ അവതരിപ്പിക്കുന്നു. സൈബർ എന്ന ആഗോളവലയിൽ കുരുങ്ങിപ്പോകുന്ന ജീവിതത്തെക്കുറിച്ചാണ് കഥ. വ്യക്തി – പ്രാദേശിക സ്വത്വങ്ങളെ ഇല്ലാതാക്കിക്കളയുന്ന ഒരു സമാന്തരലോകം രൂപപ്പെടുന്നതിലെ ആശങ്കകൾ കഥ മുന്നോട്ടുവയ്ക്കുന്നു. ആഗോളീയതയെ പ്രാദേശികത കൊണ്ട് നേരിടാൻ ആഹ്വാനം ചെയ്യുന്ന കഥയാണ് 'തിങ്കളാഴ്ചകളിലെ ആകാശം'. സേതുവിന്റെ 'അടയാളവാക്യങ്ങൾ', മറ്റൊരു ഡോട്ട്കോം സന്ധ്യയിൽ എന്നീ കഥകളും ഈ വിഭാഗത്തിൽ പെടുന്ന കഥകളാണ്. 1998ൽ എഴുതിയ, വി.വിനയകുമാറിന്റെ 'കാശ്മീരി അംബ്രി' യാണ് ശ്രദ്ധേയമായ മറ്റൊരു സൈബർ കഥ. ആഖ്യാനത്തിൽ പുതുഭാവുകത്വത്തിന്റെ സങ്കീർണ്ണതകളെ ഈ കഥയും അവതരിപ്പിക്കുന്നു. മൂലധനത്തെയും വിപണിയെയും സംബന്ധിച്ച സമവാക്യങ്ങൾ മാറിപ്പോകുന്നതിന്റെ രസകരമായ ആഖ്യാനമാണ് കഥയിലുള്ളത്. ആപ്പിൾപ്പഴം വിറ്റ് പാപ്പരായിപ്പോയ ഒരച്ഛന്റെ മകൻ ആപ്പിൾ എന്ന ബ്രാൻഡുള്ള കമ്പ്യൂട്ടർ വിറ്റ് സമ്പന്ന നാകുന്നതാണ് കഥയിലെ ഉള്ളടക്കം. സൈബർ പ്രമേയമാകുന്ന കഥകൾ പിന്നെയും പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. ' വാർത്താളി: സൈബർസ്പെയ്സിൽ ഒരു പ്രണയനാടകം (എം.നന്ദകുമാർ) വെള്ളിനേഴി ഡോട്ട്കോം' (സുനന്ദൻ), ചില പ്രീ മോഡേൺ ഇടപെടലുകൾ (വിനു എബ്രഹാം), വെബ്സൈറ്റ് (ചന്ദ്രമതി), ക്രിസ്റ്റീന റൊസേറ്റി ഇന്റർനെറ്റിൽ (ഐസക് ഈപ്പൻ), ചാറ്റൽ മഴയിലെ ഏകാകി (ബി.മുരളി) ചരക്ക് (സി.പി.ബിജു), രൂപങ്ങൾ (പി.വി.ഷാജികുമാർ) തുടങ്ങിയ കഥകൾ പരാമർശമർഹിക്കുന്നു. അച്ചടിസാഹിത്യം

സൈബർ പ്രമേയമായി വരുന്ന കഥകൾ തുടർന്നും മലയാളത്തിൽ പ്രസിദ്ധീകരിച്ചുവന്നു. ഒരേ എഴുത്തുകാരന്റെ / എഴുത്തുകാരിയുടെ ഒന്നിലധികം രചനകൾ പ്രസിദ്ധീകരിച്ചു വരുന്നതും കാണുന്നു. മലയാളത്തിലെ കഥാസാഹിത്യം സൈബർമേഖലയെ പ്രമേയ വൽകരിച്ചിട്ടുണ്ട് എന്നാണ് ഇതെല്ലാം കാണിക്കുന്നത്.

എം.മുകുന്ദന്റെ 'നൃത്തം' എന്ന നോവലാണ് മലയാളത്തിലെ സൈബർ നോവലിന് തുടക്കം കുറിച്ചത്. ഇന്റർനെറ്റിന്റെ ലോകത്ത് എത്തപ്പെടുന്ന ഒരു മനുഷ്യന്റെ വിഭ്രമത്തിൽ നിന്ന് ആരംഭിക്കുന്ന ആ നോവൽ സൈബർജീവിതത്തിന്റെ ഏതാണ്ടെല്ലാ സ്വഭാവങ്ങളും അവതരിപ്പിക്കുന്നു. റിയാലിറ്റിയുടെയും വെർച്വൽ റിയാലിറ്റിയുടെയും ഇടയിൽപ്പെട്ട്പോകുന്ന ശ്രീധരൻ എന്ന കഥാപാത്രത്തിലൂടെ, സൈബർജീവിതം വ്യക്തിയുടെ സ്വത്വത്തിൽ ഉണ്ടാക്കുന്ന പിളർപ്പിനെ മുകുന്ദൻ ഭംഗിയായി അവതരിപ്പിക്കുന്നു.ഡിജിറ്റൽ വിപ്ലവം മനുഷ്യനെ രണ്ടായി പിളർത്തുന്ന അനുഭവമാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. (ഷാജി ജേക്കബ്,2012:172) ഒരേസമയം സിറ്റിസെനും നെറ്റിസെനുമായിരിക്കുന്ന ഉത്തരാധുനിക മനുഷ്യനെയാണ് മുകുന്ദൻ നോവലിലൂടെ കാട്ടിത്തന്നത്.നോവലിന്റെ രചനാപശ്ചാത്തലം വിവരിച്ചുകൊണ്ട് മുകുന്ദൻ എഴുതുന്നു:

"സാങ്കേതികവിദ്യയുടെ വരവോടെ നമ്മുടെ സ്വത്വം മാഞ്ഞുപോകുന്നു. നവഅധിനിവേശകർ ഇപ്പോൾ കോളണിവൽകരിക്കുന്നത് ആത്മാവിനെയും ശരീരത്തെയുമാണ്" (2017:14)

സാമൂഹികജീവിതത്തെയും വ്യക്തിജീവിതത്തെയും ആഴത്തിൽ സ്വാധീനിക്കുന്ന പ്രതിഭാസമായി സാങ്കേതികവിദ്യയെ മനസ്സിലാക്കുന്നു എന്നതിന്റെ തെളിവാണ് മുകുന്ദന്റെ നിരീക്ഷണം. ഈ സാഹചര്യത്തിൽനിന്ന് മനുഷ്യസമൂഹം ബഹുദൂരം മുന്നേറിക്കഴിഞ്ഞു. ജീവിതത്തിന്റെ ഏതാണ്ടെല്ലാ മേഖലകളിലും നവസാങ്കേതികത കടന്നുചെന്നുകഴിഞ്ഞു. മലയാള നോവൽസാഹിത്യം ഗൗരവപൂർവ്വം ഈ വിഷയം പരിഗണിക്കുന്നതാണ് കാണുന്നത്. മലയാളനോവലിൽ പൂർണ്ണമായോ ചിലപ്പോൾ ഭാഗികമായോ സൈബർജീവിതം അടയാളപ്പെട്ടുകാണുന്നുണ്ട്. ടി.ഡി.രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര'യും ബെന്യാമിന്റെ 'മഞ്ഞവെയിൽ മരണങ്ങ'ളും മധുപാലിന്റെ 'ഫെയ്സ് ബുക്കും' അമലിന്റെ 'വ്യസനസമുച്ചയ'വും സൈബർജീവിതത്തെ പ്രശ്നവൽകരിക്കാനാണ് ശ്രമിച്ചത്. ഇതെല്ലാം മലയാളി

യുടെ വെർച്വൽ ജീവിതത്തെ സംബന്ധിച്ച സങ്കല്പനങ്ങളെയാണ് മുന്നോട്ടുവച്ചത്. അച്ചടി സാഹിത്യം പ്രവചനസ്വഭാവത്തിൽ അവതരിപ്പിച്ച വിഷയങ്ങൾ ഇന്ന് ജീവിതയാഥാർത്ഥ്യമായിക്കഴിഞ്ഞു. ബഹുഭൂരിപക്ഷം വരുന്ന മലയാളിയുടെയും അപരജീവിതത്തിന്റെ ഇടമായി സൈബർലോകം മാറി. ഈ മാറ്റം നമ്മുടെ ഭാവുകത്വത്തിലും കാര്യമായ വ്യതിയാനം ഉണ്ടാക്കിയിട്ടുണ്ട്.

'കമ്പ്യൂട്ടർ തത്ത്വവിചാരങ്ങളുടെ ഘാതകനാണ്' എന്ന് 'നൃത്ത'ത്തിൽ മുകുന്ദൻ എഴുതുന്നുണ്ട്.( 2001 : 11) ഇതേ നോവലിന്റെ മൂന്നാം അദ്ധ്യായത്തിൽ 'സംശയങ്ങൾക്ക് നെറ്റിൽ സ്ഥാനമില്ല'എന്നും ' നെറ്റിലെ സത്യമാണ് ഞാൻ' എന്നും ( 2001 : 13) മുകുന്ദൻ എഴുതുന്നു. നോവലിലെ പ്രധാന കഥാപാത്രമായ അഗ്നിയുടെ വാക്കുകളാണിത്. കമ്പ്യൂട്ടർ തത്ത്വവിചാരങ്ങളുടെ ഘാതകനാണ് എന്ന ടി.പി.ശ്രീധരന്റെ കണ്ടെത്തൽ സൈബർ സ്പെയ്സിൽ എത്തിയ മനുഷ്യന്റെ ആദ്യത്തെ തിരിച്ചറിയലാണ്. അയാൾക്ക് ഈ സ്ഥലവുമായി ഇനിയും ഇഴുകിച്ചേരാനായിട്ടില്ല. എന്നാൽ അഗ്നി അങ്ങനെയല്ല. അയാൾ സൈബർ സ്പെയ്സിൽ ജീവിതം ആഘോഷിക്കുകയാണ്. നോവലിസ്റ്റ് നൽകുന്ന ഈ സൂചനകളിലൂടെ ഈ പുതിയ ലോകത്തിന്റെ ആത്മാവിലേക്ക് പ്രവേശിക്കുവാൻ നമുക്ക് ബുദ്ധിമുട്ടില്ല. സവിശേഷമായ ഒരു കർത്തൃത്ത്വത്തെ അഗ്നി പ്രതിനിധാനം ചെയ്യുന്നു. അജ്ഞാതനായിരുന്നുകൊണ്ട്, തന്റെ ലിംഗപരമായ സ്വത്വംകൂടി ഗോപ്യമാക്കി വച്ചുകൊണ്ട്, ശ്രീധരനോട് സംവദിക്കാൻ അഗ്നിക്കാകുന്നു. ഇത് ഒരു സാദ്ധ്യതയും പ്രവണതയും സംസ്കാരത്തെ സംബന്ധിക്കുന്ന ഗൗരവതരമായ പ്രതിഭാസവുമാണ്. കേരളത്തിൽ ഇന്റർനെറ്റ് വ്യാപകമാകുന്നതിനും മുൻപ്, സൈബർ സ്പെയ്സിന്റെ സ്വഭാവം മൂല്യവിചാരത്തിനു വിധേയമാക്കുന്നതിനും മുൻപ്, മുകുന്ദന്റെ സർഗ്ഗപ്രതിഭയ്ക്ക് അതിന്റെ കേന്ദ്രാശയത്തിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. ഇ – മെയിൽ എന്ന വിനിമയ സംവിധാനത്തിനകത്തുനിന്നുകൊണ്ട് മാത്രം ആശയവിനിമയം സാദ്ധ്യമാകുന്ന സൈബറനുഭവകാലത്താണ് 'നൃത്തം' എന്ന നോവൽ പിറക്കുന്നത് എന്നതും പരിഗണനയർഹിക്കുന്ന കാര്യമാണ്. അവിടെനിന്ന് വളരെദൂരം നാം മുന്നോട്ടു പോയി. സൈബർലോകം

പലപ്പോഴും ഒരു സ്വതന്ത്ര റിപ്പബ്ലിക്കിന്റെ ഇച്ഛകളെ കാംക്ഷിക്കുന്നുണ്ട്. പുറത്തുള്ള നിയമങ്ങൾകൊണ്ട് അതിനെ നിയന്ത്രിക്കുവാൻ കഴിയാതാകുന്നു. നിയമങ്ങളുടെ മതിൽക്കെട്ടുകൾ ദൃഢമാകുംതോറും പുതിയ വാതിലുകൾ അതു തുറന്നുവയ്ക്കുന്നു. സുരക്ഷയെക്കുറിച്ചുള്ള വലിയ ആശങ്കകൾ നിലനിൽക്കുമ്പോൾത്തന്നെ പ്രതീക്ഷയുടെ തുറസ്സുകൾ അത് സാദ്ധ്യമാക്കുന്നു. ജനാധിപത്യത്തിന്റെ പുതിയ ഇടമായി സൈബറിടം അവതരിക്കുന്നു. സംസ്കാരത്തെ കേന്ദ്രത്തിൽനിന്ന് അരുകുകളിലേക്ക് കൊണ്ടുപോകാൻ അതിനാവുന്നു. ഉത്തരാധുനിക ജ്ഞാനബോദ്ധ്യങ്ങളുടെ തോഴനായിരിക്കുവാൻ അതുവഴി സൈബറിടത്തിനാവുന്നു. സ്വയംപ്രദർശനത്തിന്റെ ലഘുയുക്തി പ്രവർത്തിക്കുന്ന ഈ സ്ഥലത്തുതന്നെയാണ് ഒരാൾക്ക് വില്പനച്ചരക്കാകാനും ആക്കപ്പെടാനും ഇടലഭിക്കുന്നത്. ഇതെല്ലാം സൈബറിടത്തിന്റെ ഇരട്ടമുഖത്തെ , ഓൺ ലൈൻ - ഓഫ് ലൈൻ എന്ന് മറ്റൊരർത്ഥത്തിൽ, കാട്ടിത്തരുന്നു. നമ്മുടെ സാഹിത്യത്തെയും ഇതെല്ലാം സ്വാധീനിച്ചിട്ടുണ്ട്. അച്ചടിയിലും സൈബർ ലോകത്തുമായി പരന്നുകിടക്കുന്ന മലയാളത്തിലെ സൈബർ സാഹിത്യം സവിശേഷമായ ഭാവുകത്വമായി തിരിച്ചറിയപ്പെടുന്നു.

## 3.1.നവമാധ്യമങ്ങളിലെ ചെറുകഥാസാഹിത്യം

സൈബറിടത്തിൽ പ്രത്യക്ഷമാകുന്ന ചെറുകഥാസാഹിത്യത്തെക്കുറിച്ചാണ് ഇനി ആലോചിക്കേണ്ടത്. കവിതപോലെ സജീവമല്ലെങ്കിലും നവമാധ്യമങ്ങൾ തുറന്നിടുന്ന വേദി പ്രയോജനപ്പെടുത്തിക്കൊണ്ട് നിലനിൽക്കാനും വളരാനും സ്വതന്ത്രമായ അസ്തിത്വം സ്ഥാപിച്ചെടുക്കാനും സൈബറിടത്തിലെ കഥാരചനകൾ ശ്രമിക്കുന്നുണ്ട്. മലയാളം വെബ്സൈറ്റുകളിലാണ് ആദ്യകാല മലയാള രചനകൾ പ്രസിദ്ധീകരിച്ചത്. പുഴ . കോം (2000) എന്ന വെബ് മാഗസിനിൽ പ്രസിദ്ധീകരിച്ച സാഹിത്യരചനകൾ ഇതിനു തുടക്കം കുറിച്ചു. ചിന്ത.കോം എന്ന വെബ്മാഗസിനും ഈ രംഗത്ത് ശ്രദ്ധേയമായ സംഭാവന നൽകി. അച്ചടിസാഹിത്യത്തെ നവമാധ്യമത്തിലേക്ക് ആനയിക്കുന്ന ദൗത്യമാണ് ഈ പ്രസിദ്ധീകരണങ്ങൾ നിർവഹിച്ചത്. അതെല്ലാം ഒറ്റപ്പെട്ട ശ്രമങ്ങൾ എന്ന നിലയിലാണ് പരിഗണിക്കപ്പെട്ടത്. എന്നാൽ ക്രമേണ ഈ രംഗത്ത് ചലനങ്ങൾ കണ്ടുതുടങ്ങി. ബ്ലോഗുകളുടെ കടന്നുവരവാണ് ഈ രംഗത്തെ സജീവമാക്കിയ ഒരു സുപ്രധാന ഘടകം. ബ്ലോഗു

കളിലാണ് സൈബർ മേഖലയിലെ വൈവിദ്ധ്യമാർന്ന രചനകൾ പ്രത്യക്ഷപ്പെട്ടത്. ആരോടും അനുവാദം വാങ്ങാതെ , ഒരുതരത്തിലുള്ള എഡിറ്റിംഗിനും വിധേയമാകാതെ തങ്ങളുടെ രചനകൾ പ്രസിദ്ധീകരിക്കാൻ ഒരിടം കിട്ടിയതിന്റെ ഉൽസാഹത്തിൽ ലോകത്തിന്റെ വിവിധ കോണുകളിലിരുന്ന് ഭാവനയെ കരുപ്പിടിപ്പിച്ച കുറേ ആളുകളാണ് ഈ മേഖലയിലേക്ക് കടന്നുവന്നത്. സ്വതന്ത്രമായ എഴുത്തിന്റെ ലോകം അവർ പ്രയോജന പ്പെടുത്തി. ബ്ലോഗുകളിലും ബ്ലോഗ് കൂട്ടായ്മകളിലുമായി സാഹിത്യരചനകൾ പ്രസിദ്ധീകരി ക്കുകയും അതുവഴി എഴുത്തിൽ ഒരു പുതുജനാധിപത്യത്തിന് തുടക്കം കുറിക്കുകയും ചെയ്തു.ഈ മാറ്റത്തിന് ചാലകശക്തിയായി നിന്നത് നവമാധ്യമങ്ങളായിരുന്നു.

മലയാളത്തിലെ സൈബർകഥാസാഹിത്യം എണ്ണംകൊണ്ട് സമ്പന്നമാണ്.തീരെ ചെറിയ കഥകൾ മുതൽ പലഖണ്ഡങ്ങളായി എഴുതപ്പെടുന്ന കഥകൾവരെ സൈബർലോകത്തെ കഥകളിൽ കാണാൻ കഴിയും. എന്നാൽ മിക്കകഥാകാരന്മാർക്കും മനസ്സിൽ തോന്നിയ ഒരു കഥപറയുക എന്നതിൽക്കവിഞ്ഞ ഒരു ലക്ഷ്യവുമില്ലെന്ന് കഥകൾ പരിശോധിച്ചാൽ മനസ്സിലാകും. തനിക്ക് അനുഭവപ്പെട്ടതോ കേട്ടറിഞ്ഞതോ ആയ സംഭവ ങ്ങൾക്ക് കഥയുടെ ഘടനനൽകി അവതരിപ്പിക്കാനാണ് മിക്കകഥാകാർന്മാരും ശ്രമിച്ചി ട്ടുള്ളത്. സാഹിത്യസംബന്ധമായ ഉള്ളടക്കം പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റുകൾ, ഇ.മാഗ സിനുകൾ, ബ്ലോഗുകൾ എന്നിവയിലൂടെയാണ് കഥകൾ പ്രകാശിതമാകുന്നത്. ഇവയിൽ ബഹുഭൂരിപക്ഷവും ബ്ലോഗുകളിലണ് പ്രത്യക്ഷപ്പെടുന്നത്. പുതിയ കാലത്തെ സങ്കേതിക വിദ്യ ഒരുക്കിക്കൊടുത്ത അന്തരീക്ഷത്തിൽ കഥാകൃത്തുക്കളാകാൻ തീരുമാനിച്ചവരാണ് ഇവരിൽ പലരും. എന്നാൽ എണ്ണപ്പെട്ട കുറച്ച് ബ്ലോഗർമാർ ഈരംഗത്ത് ശ്രദ്ധേയരായി തീർന്നിട്ടുണ്ട്. നവമാധ്യമങ്ങളിൽനിന്ന് അച്ചടിയിലേക്കും അവരുടെ എഴുത്ത് വളരുന്ന തായിക്കാണാം. ചിലർ ഇപ്പോഴും ബ്ലോഗിൽത്തന്നെ സജീവമായി നിൽക്കുന്നതും കാണാം. ബ്ലോഗിലെ രചനകളെ നവമാധ്യമങ്ങളിലെ ഇതര പ്ലാറ്റ്ഫോമികളിലേക്ക് ലിങ്കുകൾ വഴി എത്തിച്ച് വായനക്കാരെ നേടുന്ന രീതിയും ഉണ്ട്. ഈ രചനകൾക്ക് ലഭ്യമാകുന്ന കമന്റുകൾ അവയ്ക്ക് കിട്ടുന്ന സ്വീകാര്യതയ്ക്ക് തെളിവാണ്. സിമി നസ്രത്ത്, ദേവദാസ്, രാജേഷ് വർമ്മ,

എച്മുക്കുട്ടി, ശ്രീക്കുട്ടൻ, ജയേഷ്, ശശി, മിനി, സാബു ഹരിഹരൻ, നിധീഷ്,അബ്ദുൾ ഗഫൂർ , മനോരാജ് , അംജത്ത് തുടങ്ങിയ ബ്ലോഗർമാരുടെ കഥകൾക്ക് നല്ല സ്വീകാര്യതയാണ് നവമാധ്യമരംഗത്ത് ലഭിക്കുന്നത്. നവമാധ്യമങ്ങളിലെ കഥാലോകം ശക്തമാണെന്ന് ഇവരുടെ രചനകൾ തെളിയിക്കുന്നു. നവമാധ്യമങ്ങളിൽ ശ്രദ്ധേയ രായിത്തീർന്ന ചില ചെറുകഥാബ്ലോഗർമാരെയും ബ്ലോഗുകളെയും താഴെ കൊടുക്കുന്നു.

**ചില കഥാബ്ലോഗ് രചയിതാക്കളും ബ്ലോഗിന്റെ പേരും**

| | | |
|---|---|---|
| 1 | സിമി നസ്രേത്ത് | സിമിയുടെ ബ്ലോഗ് |
| 2 | ദേവദാസ് | മേശപ്പുറം |
| 3 | രാജേഷ് വർമ്മ | നെല്ലിക്ക |
| 4 | എച്മുകുട്ടി | എച്മുവോട് ഉലകം |
| 5 | ശ്രീക്കുട്ടൻ | ഹരീന്ദ്രം |
| 6 | ജയേഷ് | ലസി |
| 7 | ഷാജികുമാർ  പി.വി | കാലിച്ചാം പൊതി |
| 8 | ജയൻ ഏവൂർ | എന്റെ കഥകൾ |
| 9 | ശശി | കൈതമുള്ള് |

| | | |
|---|---|---|
| 10 | മിനി | മിനിക്കഥകൾ |
| 11 | വിഷ്ണു | വിഷ്ണുലോകം |
| 12 | കൊച്ചുമോൾ | കുങ്കുമം |
| 13 | പ്രമോദ് കുമാർ | തിരുവാതിര |
| 14 | ശ്രീജിത്ത് മുത്തേടത്ത് | സാഹിത്യ സദസ്സ് |
| 15 | മുരളി കെ.മേനോൻ | കോമരം |
| 16 | നന്ദിനി | കഥാലോകം |
| 17 | അർജ്ജുൻ | അക്ഷരക്കോളനി.കോം |
| 18 | അനിൽകുമാർ സി.പി | വൈഖരി |
| 19 | സാബു ഹരിഹരൻ | നീഹാരബിന്ദുക്കൾ |
| 20 | അംജത്ത് | അമാവാസി |
| 21 | മുരളി നായർ | പെയ്യൊഴിയാതെ |

| | | |
|---|---|---|
| 22 | റോസിലി | റോസാപ്പൂക്കൾ |
| 23 | മിനി പി.സി | ഉൾപ്രേരകങ്ങൾ |
| 24 | കല്യാണി രവീന്ദ്രൻ | കല്ലുവിന്റെ കല്ലുവയ്ക്കാത്ത നുണകൾ |
| 25 | രൂപേഷ് എൻ.എസ്. | വൈക്കത്തുകാരൻ |

കഥകൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള ബ്ലോഗുകളാണ് ഇവയെല്ലാം. ബ്ലോഗ് ഗ്രൂപ്പുകളിലും വെബ്സൈറ്റുകളിലും പോർട്ടലുകളിലുമായി പരന്നുകിടക്കുന്ന കഥയുടെ ലോകം വേറെയുമുണ്ട്.

സാഹിത്യരചനകളുടെ പ്രസിദ്ധീകരണത്തിന്റെ കാര്യത്തിൽ, അച്ചടിയിൽനിന്ന് നവമാധ്യമങ്ങളിലേക്കെത്തുമ്പോൾ കാര്യമായ പുരോഗതി ഉണ്ടായതായി കാണാം. സാങ്കേതിക പരിജ്ഞാനമുള്ള എഴുത്തുകാരന് തന്റെ രചനയെ ഏറ്റവും ആകർഷകമായി വായനക്കാരന് മുന്നിലെത്തിക്കാൻ കഴിയും. പക്ഷേ മലയാളത്തിലെ നവമാധ്യമകഥകൾ ഈ സൗകര്യം വളരെ പരിമിതമായ തോതിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. കഥപറയാനുള്ള കൗതുകം മാത്രമാണ് പലരെയും ഈ രംഗത്തേക്ക് ആകർഷിക്കുന്നത്. കഥ എന്ന സാഹിത്യരൂപത്തിന്റെ ഘടനയോ ആവിഷ്കരണരീതിയോ ഇവരിൽ ബഹുഭൂരിപക്ഷ ത്തെയും ബാധിക്കുന്ന വിഷയമല്ല. അച്ചടിസാഹിത്യവുമായി ചിരപരിചയം സ്ഥാപിച്ചിട്ടുള്ള എഴുത്തുകാർ ഈ മേഖലയിൽ കുറവാണ്. ഇത് അവരുടെ രചനകളെ പരിമിതപ്പെടുത്തുന്നുണ്ട്. നിലവിലിരിക്കുന്ന കഥനരീതിയിൽനിന്ന് മാറിനടക്കാൻ അതുകൊണ്ടു തന്നെ അവർക്കാകുന്നില്ല. പലരും പരമ്പരാഗതമായ കഥനരീതിയെ ആശ്രയിച്ച് രചന നിർവഹിക്കുകയാണ് ചെയ്യുന്നത്. എന്നാൽ എണ്ണപ്പെട്ട ചില എഴുത്തുകാർ ഇക്കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നവരാണെന്ന് കാണാം. നവമാധ്യമങ്ങളിൽ ഏറ്റവുമധികം വായനക്കാരുള്ളത് ഇപ്പറഞ്ഞ

വിഭാഗം എഴുത്തുകാർക്കാണ്. ഉള്ളടക്കത്തിലും ആഖ്യാനത്തിലും നൂതനമായ വഴികൾ തേടുവാൻ ഈ കഥാകൃത്തുക്കൾ ശ്രമിക്കുന്നു.

നവമാധ്യമങ്ങളുടെ പ്രത്യേകതകളിലൊന്ന് അത് ഡിജിറ്റലായിരിക്കുന്നു എന്നതാണ്. മനുഷ്യനും യന്ത്രവും തമ്മിലുള്ള വിനിമയമാണ് അതിൽ സാദ്ധ്യമാകുന്നത്. യന്ത്രവും ഭാവനയും കണ്ണിചേർക്കപ്പെടുന്ന ഇടമാണത്. അതുകൊണ്ടുതന്നെ ഡിജിറ്റൽ സാഹിത്യം സങ്കരസാഹിത്യമായി പരിണമിക്കുന്നു. സാഹിത്യത്തിന്റെ സങ്കീർണ്ണമായ വിന്യാസം അതിൽ സാദ്ധ്യമാണ് (Jorgen Schafer,2010:25). അതുകൊണ്ടാണ് അച്ചടിസാഹിത്യത്തെ അപേക്ഷിച്ച് പലമേന്മകളും സൈബർ സാഹിത്യത്തിന് അവകാശപ്പെടാനാവുന്നത്(Hayles, Katherine,2007:4) നവമാധ്യമങ്ങൾ ഇതിനുള്ള അരങ്ങാണ് ഒരുക്കിത്തരുന്നത്. സാഹിത്യത്തെ സംബന്ധിച്ചുള്ള പൂർവകാലധാരണയെ പുനർവിചിന്തനത്തിന് വിധേയമാക്കുവാനാണ് ഈ മാധ്യമം ആവശ്യപ്പെടുന്നത്. ഭൗതികലോകത്തിന്റെ പ്രതിരൂപം എന്ന നിലയിൽ നിലനിൽക്കുന്ന പ്രതീതിലോകത്തിന് അനുഗുണമായ, ചലനാത്മകമായ ഒരു ലോകത്തെ സൃഷ്ടിക്കുവാനാണ് നവമാധ്യമസാഹിത്യം ശ്രമിക്കേണ്ടത്. ഇക്കാര്യത്തിൽ മലയാളത്തിലെ നവമാധ്യമ ചെറുകഥാസാഹിത്യം ശൈശവദശയിൽത്തന്നെ നിൽക്കുകയാണ്. മാധ്യമം ആവശ്യപ്പെടുന്ന ആഖ്യാനവിശേഷത്തിലേക്ക് പോകുവാൻ അതിനു കഴിയുന്നില്ല.

ആധുനികാനന്തര സാഹിത്യത്തിന്റെ സ്വഭാവമായി കാണാവുന്ന ഒരു പ്രതിഭാസമാണ് ഹൈപ്പർ ടെക്സ്റ്റ്. എഴുത്ത്, പാഠം, വായന എന്നിവയിൽ കാര്യമായ മാറ്റം വരുത്തുവാൻ ഈ സമ്പ്രദായത്തിനു കഴിഞ്ഞിട്ടുണ്ട്.(Landow George,p,1992:41) റൊളാങ്ങ് ബാർത്തിന്റെ ideal text, ജൂലിയ ക്രിസ്റ്റേവയുടെ inter textuality എന്നിവ യാഥാർത്ഥ്യമാകുന്നത് ഹൈപ്പർ ടെക്സ്റ്റിലാണ്.വായനയുടെ നൂതനമായ വിതാനത്തിലേക്കാണ് ഇതുവഴി വായനക്കാർ പ്രവേശിക്കുന്നത്.


ഹൈപ്പർ ലിങ്ക് സാദ്ധ്യത പ്രയോജനപ്പെടുത്തി എസ്.ജയേഷ് എഴുതിയ കഥയാണ് 'ആദിമദ്ധ്യാന്തം'. (Whentheshoefits.blogspot.in). ഈ കഥ ആഖ്യാനത്തിന്റെയും വായനയുടെയും പുതുവഴി തേടുന്നു. കഥയുടെ തുടക്കം ഇങ്ങനെ:

"മരണവീട്ടിൽ നിന്നും തിരിച്ചു പോകുന്നവരെപ്പോലെയായിരുന്നു ദിവസം ഉച്ചയിലേയ്ക്ക് കടന്നത്. അകത്തേയ്ക്കു കയറാതെ പുല തീണ്ടിയ വെളിച്ചം മുറ്റത്ത് നിന്നു. തെറ്റാലിയിൽ നിന്നും തൊടുത്തു വിട്ടതുപോലെ വെയിൽ വീണു. വെയിലിനൊപ്പം മൗനവും ചേർന്ന പ്പോൾ വിരസമായ ഒരു ലോകത്തിന്റെ നിഴലുകൾ തെളിഞ്ഞു. തൊടിയിലെ മരങ്ങൾ ശ്വാസംമുട്ടി നിന്നു. വിജനമായ ഇടവഴികൾ നടത്തങ്ങൾ അയവിറക്കിക്കിടന്നു. ഗ്രാമത്തിനു പ്രജ്ഞയറ്റു."

ആഖ്യാനത്തിൽ നല്ല കയ്യൊതുക്കം സൂക്ഷിക്കുന്ന കഥയാണിത്. പ്രതിരൂപാത്മകമാണ് ഭാഷ. നവമാധ്യമങ്ങളിൽ കാണപ്പെടുന്ന കഥകൾ മിക്കതും സ്ഥൂലമായ സംഭവവിവരണ ത്തിൽ ഒതുങ്ങുമ്പോൾ ഈ കഥ അതിൽനിന്ന് വ്യത്യസ്തമാകുന്നു. തുടക്കം മുതൽ ലിങ്കുകൾ നൽകിയാണ് കഥ പുരോഗമിക്കുന്നത്. കഥയിൽ നൽകിയിട്ടുള്ള ചില വിവരണങ്ങൾ വായനക്കാർക്ക് അവഗണിക്കാനും സ്വീകരിക്കാനും അവസരംനൽകുന്നു. കഥയുടെ അവ സാനം ആറ് ലിങ്കുകൾ നൽകുന്നു. ഇവയിൽ അഞ്ച് ലിങ്കുകൾ കഥാകാരൻ തന്നെ പൂർത്തി യാക്കിയിട്ടുണ്ട്. അഞ്ച് വ്യത്യസ്തതരം കഥാപരിണാമമാണ് ഈ ലിങ്കുകളിലുള്ളത്. ആറാമത്തെ ലിങ്ക് വായനക്കാരന് ഇഷ്ടപ്രകാരം കഥ പര്യവസാനിപ്പിക്കാനുള്ളതാണ്. എത്ര വായനക്കാരൻ ഈ ക്ഷണത്തോട് സഹകരിക്കുന്നുവോ അത്രയും പരിണാമങ്ങൾ ഈ കഥയ്ക്കുണ്ടെന്ന് വ്യക്തം. വായനക്കാരെ എഴുത്തുകാർകൂടിയാക്കാൻ ഈ കഥ ശ്രമിക്കുന്നു. നവമാധ്യമങ്ങളുടെ പൊതുസവിശേഷതയായ പ്രതിപ്രവർത്തനത്തിന്റെ (interaction) ക്രിയാത്മകമായ തലമാണ് ഇതുവഴി സാദ്ധ്യമാകുന്നത്. നവമാധ്യമങ്ങളിൽ മാത്രം സാദ്ധ്യ മാകുന്ന എഴുത്തുരീതിയാണിത്.

ഡോ.ജയിംസ് ബ്രൈറ്റ് എഴുതിയ കലികാല എലി (http://boolokam.com, 17.01 2017) ശ്രദ്ധേയമായ ഒരു ലഘുകഥയാണ്.എലികളെല്ലാം ചേർന്ന് തങ്ങളുടെ നേതാവിനെ തെരഞ്ഞെടുത്തു. പൂച്ചയെക്കൊല്ലാൻ ശക്തിവേണം. അതിനായി ഓരോ എലിയും ഓരോ തുള്ളി രക്തം നേതാവിനു കൊടുക്കണം. രക്തംകുടിച്ച എലിനേതാവ് തടിച്ചു കൊഴുത്ത് ഭീകരനായിത്തീർന്നു. എല്ലാ എലികളെയും തിന്നുതീർത്ത അവൻ പൂച്ചകളുടെ നേതാവായി

അവരോധിക്കപ്പെട്ടു. ഇതാണ് കഥയുടെ സാരം. ഒരു അന്യാപദേശ കഥയുടെ ഘടനയിൽ കാലത്തിന്റെ വലിയൊരു ധർമ്മസങ്കടം കഥാകാരൻ പകർത്തുന്നു. ആഖ്യാനത്തോ ക്കാളു പരി ഈ കഥ ഉയർത്തുന്ന രാഷ്ട്രീയം പ്രധാനമാകുന്നു.



കലികാല എലി – ഗ്രാഫിക് ചിത്രം

മനോജ് വെങ്ങോലയുടെ 'പറയപ്പതി' (http://navamalayali.com, 16.12. 2015) എന്ന കഥ ജാതി, മാധ്യമം, വികസനം എന്നീ വിഷയങ്ങളെ പ്രശ്നവൽകരിക്കുന്ന കഥയാണ്. വികസനത്തിന്റെ പേരിൽ സ്വന്തം മണ്ണിൽനിന്ന് കുടിയിറക്കപ്പെടുന്ന നിസ്വവർഗ്ഗത്തിന്റെ സങ്കടം ഈ കഥയിലുണ്ട്. കാരണവന്മാർ മരിച്ച മണ്ണടിഞ്ഞ പറയപ്പതി സംരക്ഷിക്കാനുള്ള അവസാനശ്രമമാണ് കഥയിലെ കുഞ്ഞാളി എന്ന കഥാ പാത്രം നടത്തുന്നത്. പറയപ്പതി എന്ന സ്ഥലം ഒരു വർഗ്ഗത്തിന്റെ പ്രതിനി ധാനമായാണ് കഥയിൽ നിലകൊള്ളുന്നത്.കഥയിലെ കുഞ്ഞാളി എന്ന കഥാപാത്രം പറയുന്നു:

"ഈ മണ്ണ് വിട്ട്, ഈ ചോല വിട്ട് അവരെങ്ങോട്ടും പോകുല്ല. പോകാനാവില്ല...... അതൊരു വിശ്വാസമാണ്. അത് സർക്കാരിനോട് ആര് പറയും. അളക്കാൻവ ന്നവരോട് ഞാനിത് പറഞ്ഞാരുന്നു. അപ്പൊ അവര് പറയാ. പള്ളിയോ അമ്പലോ ആയിരുന്നെങ്കി എന്തേലും ചെയ്യായിരുന്നൂന്ന്. മതം വച്ച കളിയ്ക്കാൻ ആളേം കിട്ടും.

ഇതിപ്പോ ഞങ്ങടെ കാർന്നോന്മാരല്ലേ....” കുഞ്ഞാലിയുടെ ഈ വാക്കുകളിൽ മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആഴം കാണാം.

കുടിയിറക്കപ്പെടുന്ന മനുഷ്യരുടെ ആത്മവേദന ഈ കഥ അവതരിപ്പിക്കുന്നു. അതോടൊപ്പം കുടിയിറക്കിലെ രാഷ്ട്രീയവും വെളിവാകുന്നു. വർത്തമാനകാല സാഹചര്യത്തിൽ ഏറെ പ്രസക്തിയുള്ള വിഷയമാണ് മനോജ് വെങ്ങോല അവതരിപ്പിക്കുന്നത്. ദളിതന്റെയും ദരിദ്രന്റെയും പ്രതിരോധങ്ങൾ ദുർബലമായിപ്പോകുന്നതിനു പിന്നിൽ പ്രവർത്തിക്കുന്ന ശക്തികളെ കാട്ടിത്തരുന്നതിനും കഥയിൽ ശ്രമമുണ്ട്. നവമാധ്യമങ്ങൾ സൂക്ഷ്മരാഷ്ട്രീയം കൈകാര്യം ചെയ്യുന്നതിന്റെ സൂചനയായും ഈ കഥ പരിഗണിക്കാവുന്നതാണ്. സ്വതന്ത്രമായ വ്യവഹാര ഇടങ്ങളിൽമാത്രം സാദ്ധ്യമാകുന്നതാണ് ഇത്തരം ചർച്ചകൾ. സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധിച്ച പൂർവനിശ്ചിതമായ കാഴ്ചപ്പാടിൽ പ്രവർത്തിക്കുന്ന അച്ചടിമാധ്യമങ്ങൾക്ക് ഇത്തരം വിഷയങ്ങൾ പൊതുജനസമക്ഷം അവതരിപ്പിക്കുവാൻ താല്പര്യമുണ്ടാവില്ല. സ്വകാര്യ നിക്ഷിപ്തതാല്പര്യങ്ങൾ അവയ്ക്ക് പിന്നിലുണ്ട് എന്നതാണ് ഇതിനു കാരണം. സംസ്കാരത്തിന്റെ കേന്ദ്രീകരണത്തിൽ വിശ്വസിക്കുന്ന മാധ്യമാണത്. അജണ്ടകൾക്കകത്തു നിന്നുകൊണ്ടുമാത്രം വിനിമയം നടത്തുവാനേ അവയ്ക്ക് കഴിയൂ. ഇത് ജനാധിപത്യത്തിനു വലിയ ഭീഷണിയാണ് ഉയർത്തുന്നത്.(ചോംസ്കി, നോം,2011:35) ഈ പരിമിതിയെയാണ് നവമാധ്യമസാഹിത്യം മറികടക്കുന്നത്. മനോജിന്റെ ഈ കഥ ഭൂമിയ്ക്കും സ്വത്വസംരക്ഷണത്തിനും വേണ്ടി മനുഷ്യർ തെരുവിലിറങ്ങുന്ന സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്.




പറയപ്പതി – ചിത്രീകരണം

നവമാധ്യമത്തിൽ എഴുതുന്ന കഥാകൃത്തുക്കളിൽ ഏറെ ശ്രദ്ധേയനാണ് രാജേഷ് വർമ്മ. പ്രമേയത്തിലും ആഖ്യാനത്തിലും വ്യതിരിക്തത പുലർത്തുന്ന കഥകളാണ് അദ്ദേഹം എഴുതുന്നത്. രാജേഷ് വർമ്മയുടെ നെല്ലിക്ക എന്ന ബ്ലോഗിൽ (http://nellikka. blogspot. com) പ്രസിദ്ധീകരിച്ച കഥയാണ് 'ഉറങ്ങുന്ന സുന്ദരൻ'. ഫാന്റസി യുടെ സാദ്ധ്യത പ്രയോ ജനപ്പെടുത്തി രചിച്ച ഈ കഥ നൂതനമായ ആഖ്യാനസ്വഭാവം പ്രകടിപ്പിക്കുന്നു. കഥാസം ഗ്രഹം ഇങ്ങനെയാണ്:

ഒരു നാട്ടിൻ പുറത്താണ് കഥ നടക്കുന്നത്. സൽസ്വഭാവിയായ ഒരദ്ധ്യാപകന്റെയും ഭാര്യയു ടെയും കഥയാണത്. കുട്ടികളില്ലാതെ ദുഃഖിച്ച ആ ദമ്പതികളെ ഒടുവിൽ ഭാഗ്യം കടാക്ഷി ക്കുന്നു. ഒരു തവള നൽകിയ കുമിളകഴിച്ച് ഭാര്യ ഗർഭവതിയാവുകയും ഉടൻതന്നെ ഒരു കുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു. സംഭവമറിഞ്ഞ് നാട്ടിലെ പ്രമുഖരെല്ലാം വന്നു. കുട്ടിക്ക് പുഷ്പാംഗദൻ എന്ന് പേരിട്ടു. നാട്ടുപ്രമുഖർ ഓരോരുത്തരും തങ്ങളാൽ കഴിയുന്ന അനുഗ്രഹം ചൊരിഞ്ഞു. അപ്പോഴാണ് ഒരു ദുരന്തമുണ്ടാകുന്നത്. പിതാവിന്റെ അധ്യാപകൻ കോപിഷ്ട നായി രംഗപ്രവേശം ചെയ്തു. അദ്ദേഹം പറഞ്ഞു:

"തികച്ചും സദാചാരവിരുദ്ധമായ ഒരു ചെറുകഥയിലെ നായകനാണ് ഈ കുട്ടി എന്ന് ഞാൻ മനസ്സിലാക്കുന്നു. പിതാവിന്റെ അറിവില്ലാതെ, തവളയുടെ സഹായത്തോടെ മുളച്ച ഈ അസുരവിത്തിനെ ഞാനിതാ ശപിക്കുന്നു. ഏതെങ്കിലും സ്ത്രീയുടെ വിവസ്ത്രമായ മാറിടം കാണാനിടയായാൽ തൽക്ഷണം ഇവൻ മരിക്കും"

ഈ അപകടത്തിൽനിന്ന് കുട്ടിയെ രക്ഷിക്കാൻ അഭ്യുദയകാംക്ഷിയായ ഒരു ഡോക്ടർ ഒരു മാർഗ്ഗം പറഞ്ഞുകൊടുത്തു. കുട്ടി നൂറുവർഷം ഉറങ്ങിക്കിടക്കുന്ന ഒരു ഇഞ്ചക്ഷനായിരുന്നു പ്രതിവിധി. മാതാപിതാക്കൾ അതിനു സമ്മതം മൂളി. അതിൻപ്രകാരം കുട്ടി ഉറക്കമാരം ഭിക്കുന്നു. ഇതിനിടെ കുട്ടി വളരുകയും സ്വപ്നത്തിൽ ജീവിതം ആസ്വദിക്കുകയും ചെയ്യുന്നത് കഥാകാരൻ വിവരിക്കുന്നു. അങ്ങനെ ഏറെ വർഷങ്ങൾ കടന്നുപോകുന്നു. ഒടുവിൽ അവന്റെ പട്ടണത്തിലെ ആരാലും ശ്രദ്ധിക്കപ്പെടാത്ത വീട്ടിലേക്ക് സാഹസികയായ ഒരു യുവതി വരുന്നു. ചെതലുപിടിച്ച ചന്ദനത്തൊട്ടിലിൽ, ദ്രവിച്ച പട്ടുപുതപ്പിനു കീഴിൽ കിടക്കുന്ന ആ

യുവസുന്ദരനെ അവൾ കാണുന്നു. അനുരാഗവിവശയായ അവൾ അവന്റെ ചുണ്ടിൽ ചുംബി ക്കുന്നു.

"അപ്പോൾ , കഴിഞ്ഞ നൂറ്റാണ്ട് സാമാന്യം വലിയൊരു ശബ്ദത്തോടെ അവർക്ക്ചുറ്റും തകർന്നു വീണു . ആ പൊടിപടലം അല്പനേരം കൂടി അവിടെയെല്ലാം തങ്ങിനിന്നു"

( http://nellikka.blogspot.com) എന്നിങ്ങനെ കഥ ഉപസംഹരിക്കുന്നു.

കഥയെത്തന്നെ പ്രശ്നവൽകരിക്കുന്ന കഥയാണിത്. ഭാവനയെ സ്വതന്ത്രമായി തുറന്നു വിടുന്ന ഈ ആഖ്യാനം കഥയുടെ പതിവു ഘടനയെ തെറ്റിക്കുന്നില്ല. ആദിമദ്ധ്യാന്ത പൊരു ത്തമുള്ള ഒരു കഥതന്നെയാണിത്. ആഖ്യാനത്തിൽ സംഘർഷാത്മകതയും നിലനിർ ത്തിയിട്ടുണ്ട്. എന്നാൽ അതിനപ്പുറത്ത് വലിയ ഫലിതം മറച്ചുവച്ചിരിക്കുന്ന ഒരു സങ്കല്പകഥ യായി ഇത് മാറുന്നു. ആധുനികതാവാദത്തിന്റെ കാലത്ത് ദാർശനികപ്രശ്നമെന്ന നിലയിൽ അവതരിപ്പിക്കപ്പെട്ട കഥകളിൽനിന്ന് മാറിനിൽക്കുന്നു ഇതിലെ ആഖ്യാനം. സ്ത്രീയെയും ആസക്തിയെയും സൗന്ദര്യത്തെയും അനുരാഗത്തെയും സദാചാരത്തെയും സംബന്ധിച്ച സന്ദേഹങ്ങൾ ഉന്നയിക്കുന്ന കഥയായി ഇത് മാറുന്നു. ഒരു പിരിമുറുക്കവുമില്ലാതെ നീങ്ങുന്ന ഇതിലെ ആഖ്യാനം ആധുനികാനന്തര ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു.



ഉറങ്ങുന്ന സുന്ദരൻ - ചിത്രീകരണം

പരോപകാരാർത്ഥം, ആരും മരിക്കാത്ത വീടുകൾ, കൊളോണിയൽ കസിൻസ്, കാമക്കുടോപനിഷത്ത്, തള്ളയെ അനുസരിക്കാത്ത ആട്ടിൻകുട്ടിയുടെ സമ്പൂർണ്ണ ജീവിതകഥ, തണുപ്പ്, അംഗനയെന്നു വിളിക്കട്ടെ നിന്നെ ഞാൻ, ഞാവൽപ്പഴങ്ങൾ തുടങ്ങി ശ്രദ്ധേയ മായ നിരവധി കഥകൾ രാജേഷ് വർമ്മ എഴുതിയിട്ടുണ്ട്. അച്ചടിമാധ്യമത്തിലും ഈ കഥകളിൽ പലതും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

ബ്ലോഗിൽ രസകരമായ കഥകൾ എഴുതുന്ന വ്യക്തിയാണ് ശശി ചിറയിൽ. അദ്ദേഹത്തിന്റെ കൈതമുള്ള് എന്ന ബ്ലോഗിൽ നിറയുന്നത് നാട്ടുകഥകളാണ്. കേട്ടതും അറിഞ്ഞതുമായ കഥകൾ അനുഭവത്തിന്റെ തീക്ഷ്ണത സ്ഫുരിക്കുന്നമട്ടിൽ ആഖ്യാനം ചെയ്യുന്നു. പ്രവാസജീവിതവും അതിനിടയിൽ പറ്റിപ്പോകുന്ന അമളികളും കഥയിലുണ്ട്. തന്റെ ബ്ലോഗെഴുത്തിനെപ്പറ്റി അദ്ദേഹം കുറിക്കുന്നതിങ്ങനെ:

**"വെളുപ്പിനേയെണീറ്റ് പണിക്കിറങ്ങിയ ഒരു പ്രവാസി. മൂവന്തിയായി, ഇനി കൂരയിലെത്തണം, കിടന്നുറങ്ങണം!"**(http://kaithamullu.blogspot.com)

ഫലിതരസപ്രധാനമാണ് അദ്ദേഹത്തിന്റെ എഴുത്ത്. നാടൻപാട്ടുകളും നാടോടിച്ചൊല്ലുകളും ആ ആഖ്യാനത്തിന് രസാത്മകത നൽകുന്നു. കഥാപാത്രവർണ്ണനയിൽ തല്പരനാണ് കഥാകാരൻ. സ്ത്രീകഥാപാത്രങ്ങളുടെ ചിത്രീകരണത്തിൽ പ്രത്യേക ശ്രദ്ധകാണിക്കുന്നു. പ്രവാസജീവിതം നൽകുന്ന മാനസിക സംഘർഷങ്ങൾക്ക് തുറസ്സ് കണ്ടെത്തുന്ന എഴുത്തുവഴിയാണ് ഈ എഴുത്തുകാരന് കഥകൾ. നാട്ടുപുരാണം നുണഞ്ഞിറക്കി , ഓർമ്മകൾക്ക് പുതുജീവൻ നൽകുന്ന ഈ എഴുത്തുരീതിക്ക് ധാരാളം വായനക്കാരുണ്ട്.

സിമി നസ്രത്ത് ബ്ലോഗിൽ എഴുതുന്ന കഥകൾ ആകർഷകമാണ്. സ്വതസിദ്ധമായ ആഖ്യാനരീതിയാണ് കഥകളിലുള്ളത്. സാമാന്യം ദീർഘമായ കഥകളാണ് അവയിൽ മിക്കതും. പലഖണ്ഡങ്ങളായി നീളുന്ന കഥകളുമുണ്ട്. എലി എന്ന പേരിലെഴുതിയ കഥ ആരംഭിക്കുന്നതിങ്ങനെ:

"ഒരിക്കൽ ഒരിടത്തൊരു യക്ഷിയുണ്ടായിരുന്നു.

അല്ലെങ്കിൽ അതു വേണ്ട,

ഒരു രാക്ഷസനുണ്ടായിരുന്നു

ഒരു മനുഷ്യനുണ്ടായിരുന്നു

അതൊന്നും വേണ്ട

ഒരിക്കൽ ഒരിടത്തൊരു വീടുണ്ടായിരുന്നു

അവിടെ ഒരു ഫിഷ് ടാങ്കുണ്ടായിരുന്നു

വട്ടത്തിലുള്ള ഒരു കണ്ണാടിപ്പാത്രം

ഒരു മുറി,

(മുറിക്കു) നടുവിൽ ഒരു മേശ

മേശയ്ക്കുമുകളിൽ ഒരു പളുങ്കുപാത്രം

അതിൽ ജലസസ്യങ്ങളോ പായലോ വെള്ളാരംകല്ലോ ഇല്ല. തെളിവെള്ളം.

അതിൽ ഒരു സ്വർണ്ണമത്സ്യം

ഒറ്റമീൻ

അത് വട്ടത്തിൽ, വട്ടത്തിൽ, വട്ടത്തിലോടി”

( http://simynazareth.blogspot.com,13.11.2009)

വായനക്കാരന് ഊഹിച്ചെടുക്കാൻ കഴിയാത്ത എഴുത്താണ് സിമിയുടേത്.ആഖ്യാനത്തിനു പിന്നാലെ വായനക്കാരനെ കൊണ്ടുപോകുന്നു കഥാകൃത്ത്. സിമിയുടെ ‘കള്ളൻ’ എന്ന കഥ ഒരു മോഷണത്തിന്റെ രസകരമായ ആഖ്യാനമാണ്. ഒരു സാധാരണ സംഭവത്തിൽനിന്ന് അസാധാരണത്വമുള്ള കഥയുണ്ടാക്കുകയാണ് കഥാകൃത്ത്. കീഴാളജീവിതപരിസരത്തെ പകർത്തുന്ന കഥയാണ് പുലപ്പേടി. കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെയാണ് ഈ കഥ ആഖ്യാനം ചെയ്യപ്പെടുന്നത്. കീഴാളന്റെ വിചാരലോകത്തെയും ഭാഷയെയും ആവിഷ്കരിക്കാൻ കഥാകൃത്തിനു കഴിയുന്നു. കഥയിലെ ചാത്തൻ എന്ന കഥാപാത്രത്തിന്റെ ഒരു സംഭാഷണഖണ്ഡം ഇപ്രകാരമാണ്:

“ഏമാ, ഇപ്പൊ ചാത്തനെ കെട്ടിയിട്ടേക്കണ്. ചാത്തന്റെ മാളുവമ്മ കെട്ടിയിട്ടേക്കണ്. ഏമാനു വേണേൽ ഇപ്പൊ അവളെ തൊടാം. പക്ഷേങ്കില് കെട്ടഴിയുമ്പൊ ഏമാന്റെ കൊരവള്ളി ചാത്തനെടുക്കും. മാളു ചാത്തന്റെ പെണ്ണാ ഏമാ. അവളെ നോക്കുന്നതേ അപകടമാ.

ചാത്തൻ പെശകാ ഏമാ, പക്ഷേ അവള് ചാത്തനെ കെട്ടിയിട്ടു. എണ്ണ മണക്കുന്ന അവളുടെ മുടിയില് ഇറുക്കിപ്പിടിക്കാന് ഏന്റെ കൈ വെറയ്ക്കുന്ന ഏമാ. ചാത്തനെ അവള് തെങ്ങില് കെട്ടിയിട്ടേക്കണ്. അടിയന്റെ കൈകള് വളച്ച് കെട്ടിയേക്കണ്. കാലെടുത്ത് ചാത്തൻ അവളുടെ തോളേല് കേറ്റിവെച്ചതാ. അവള് കാലുപിടിച്ചു വിടർത്തി. ഏന്റെ പ്രാണൻ ഇറങ്ങിപ്പോവുന്നേമാ. എന്റെ ചങ്ക് കുട്ടിച്ചാത്തന്റെ ഉള്ളിലിരുന്ന് പെടയ്ക്കുന്ന്. എന്നെ തുറന്നു വിടേമാ. അവളെന്റെ വാരിയെല്ലു കടിക്കുന്നു. പാടത്തെ വിയർപ്പ് നക്കിയെടുക്കുന്നു, രോമങ്ങള് ഉരുട്ടിക്കളിക്കുന്നു. നില്ലേമാ, നില്ല്, അവള് ചിരിക്കുന്നു. എന്തോ ചോദിക്കുന്നു. അവളുടെ നുണക്കുഴി വിടരുന്ന കണ്ടോ ഏമാ? കൊളത്തില് താമരവിരിയുന്നപോലല്ലേമാ?” ( http://simynazareth.blogspot.com,18.09.2010) ലൈംഗികം, പത്തു പച്ചത്തത്ത, ഫാ. മത്ഥേയൂസിന്റെ ജീവിതത്തിലെ രണ്ട് അത്ഭുതങ്ങൾ എന്നിവ സിമിയുടെ ശ്രദ്ധേയമായ കഥകളാണ്.

വിഷ്ണുലോകം (http://www.vishnulokam.com) എന്ന ബ്ലോഗിൽ എഴുതുന്ന വിഷ്ണുവിന്റെ കഥകൾ മികച്ച വായനാനുഭവമാകുന്നുണ്ട്. ഒരു ബുദ്ധസന്ന്യാസിയുടെ വീടിനുള്ളിൽ കവർച്ച യ്ക്കെത്തുന്ന കള്ളന്റെ കഥപറയുന്ന രചനയാണ് ‘ഉദ്വേഗം നിറഞ്ഞ ഒരു പുസ്തകം’. പുസ്തക ത്തിന്റെയും വായനയുടെയും ശക്തി ഈ കഥ ഓർമ്മിപ്പിക്കുന്നു.ആനുകാലി കസംഭവങ്ങ ളോട് പ്രതികരിക്കുന്നവയാണ് വിഷ്ണുവിന്റെ മിക്ക കഥകളും. കൂട്ടത്തിൽ നുറുങ്ങുകഥകളുമുണ്ട്. ചില ഉദാഹരണങ്ങൾ:

“അമ്മത്തൊട്ടിലിൽ ജീവിതംതുടങ്ങിയ പെൺകുട്ടി പതിനാറു വയസ്സു തികയുന്നതിനു മുൻപേ അമ്മത്തൊട്ടിലിന്റെ പടവുകൾ വീണ്ടും കയറുമ്പോൾ കണ്ണനീർ വറ്റിയ അമ്മത്തൊ ട്ടിലും കാലവും മാത്രം സാക്ഷിയായി” ( അമ്മത്തൊട്ടിൽ,)

“സ്ത്രീധനം ചോദിച്ചുവാങ്ങി ജീവിതം ആഘോഷിച്ച അയാൾ ഇപ്പോൾ വെറും ധനം ചോദിച്ചു വാങ്ങി സന്തോഷം നൽകുന്ന സ്ത്രീകളെ അന്വേഷിച്ചു നടപ്പാണ്”(സ്ത്രീധനം)

“സ്കൂൾ കഴിഞ്ഞപ്പോൾ ഡിഗ്രിക്ക് പോകുന്നില്ലേ എന്നായി അന്വേഷണം.ഡിഗ്രി കഴിഞ്ഞ പ്പോൾ ജോലി കിട്ടാത്തതിലായി അന്വേഷണം.ജോലികിട്ടിയപ്പോൾ പെണ്ണുകെട്ടുന്നില്ലേ എന്നായി അന്വേഷണം.പെണ്ണുകെട്ടിയപ്പോൾ കുട്ടികൾ ഉണ്ടാകുന്നില്ലേ എന്നായി അന്വേ ഷണം.കുട്ടികൾ ഉണ്ടായപ്പോൾ അവരെ ഏതു സ്കൂളിൽ ചേർക്കും എന്നായി അന്വേ ഷണം” (അന്വേഷണം)

“ഫേസ്ബുക്കും പാസ്ബുക്കും മാത്രമല്ല ജീവിതം എന്ന് മനസ്സിലാക്കിയപ്പോഴേക്കും സർവീ സ്ബുക്കും തീർന്നുകഴിഞ്ഞു”(ബുക്കുകൾ) (http://www.vishnulokam.com,12.02.2013) ഇത്തരം നുറുങ്ങുകഥകളിലൂടെ ഫലിതരസികതയോടെ വലിയ ജീവിതപാഠങ്ങൾ ഓർമ്മിപ്പി ക്കുകയാണ് വിഷ്ണു. എഴുത്തുകൂട്ടം എന്ന വാട്സ് ആപ്പ് ഗ്രൂപ്പിൽ കെ.കെ.പല്ലശ്ശന എഴുതിയ ‘മരണാനന്തരം’ എന്ന കഥ ഇങ്ങനെയാണ്:

“ആത്മാവ് മൃത ശരീരത്തിൽ നിന്നും മൂന്നടി മാറി മുറിയുടെ ഒരു മൂലയിൽ ചെന്നു നിന്നു.

" വിരൽ ചീർക്കുന്നതിനു മുമ്പ് മോതിരം ഊരിക്കോ."

ചെറിയച്ഛൻ അനിയന്റെ ചെവിയിൽ ഉപദേശിക്കുന്നതു കണ്ടു.

കേൾക്കേണ്ട താമസം, അവൻ ആ കൃത്യം നിർവ്വഹിച്ചു.

മിടുക്കൻ....

ആത്മാവ് ഒന്നു നെടുവീർപ്പിട്ടു.

ശവക്കോടി എടുക്കാൻ പോയവർ എത്തിയിരിക്കുന്നു. വില കൂടിയ വസ്ത്രങ്ങൾ മാത്രം ഉപയോഗിച്ചിരുന്ന ശരീരത്തിൽ കോടി പുതപ്പിച്ചപ്പോൾ ആത്മാവ് അമ്പരന്നു പോയി. ഏറ്റവും വിലകുറഞ്ഞ തുണിയാണ് എടുത്തിരിക്കുന്നത്.

" പുഴയോരത്തെ ശ്മശാനത്തിൽ കുഴിച്ചിടാം. മരിക്കുന്നതിനു മുമ്പ് അങ്ങനെയൊരാഗ്രഹം എന്നോടു പറഞ്ഞിരുന്നു." അനിയൻ കണ്ണു തുടച്ചു കൊണ്ട് അറിയിച്ചു. ആത്മാവ് ശരിക്കും ഞെട്ടി. പച്ചക്കള്ളം .ചെലവുചുരുക്കാനുള്ള വഴി.സംഘടനക്കാർ കൂട്ടത്തോടെ വന്ന് ചുറ്റും നിന്ന് മുഖം കുനിച്ചു. ഒരു റീത്ത് പ്രതീക്ഷിച്ചുവെങ്കിലും കണ്ടില്ല. എത്ര തവണ റീത്തിന്റെ

വിഹിതം നൽകിയതാണ്. ഓരോ കമ്മിറ്റി കൂടുമ്പോഴും പ്രാർഥനയ്ക്കു മുമ്പ് റീത്തിന്റെ വിഹിതമാണ് സെക്രട്ടറി ആവശ്യപ്പെടുക. ഇപ്പോൾ വെറുംകൈയോടെ വന്നിരിക്കുന്നു....
" റീത്ത് ഒരാനാചാരമാണ്...... " സംഘടനയുടെ പ്രസിഡന്റ് പുറത്തിറങ്ങി ന്യായീകരിക്കുകയാണ്.ആത്മാവ് എത്രയും വേഗം അവിടെ നിന്നും പോകാൻ ആഗ്രഹിച്ചു. പക്ഷേ, മൂന്നു നാഴിക കഴിയാതെ രക്ഷയില്ല .ആത്മാവ് തൂണിന്റെ മറവിൽ ചെന്നു നിന്നു. വയ്യ, ഒന്നും കാണാതിരിക്കുന്നതാണ് ഉചിതം."(21.12.2018,3.48pm)

ലളിതമായ ആഖ്യാനത്തിലൂടെ ഗൗരവതരമായ ഒരു വിഷയം അവതരിപ്പിക്കാൻ കഥാകാരന് കഴിയുന്നു. കുടുംബാന്തരീക്ഷത്തിലും പൊതുസമൂഹത്തിലും നിലനിൽക്കുന്ന ദുരയുടെയും കാപട്യത്തിന്റെയും സ്വഭാവം നേരിയ നർമ്മത്തിന്റെ അകമ്പടിയോടെ ഈ കഥയിൽ അവതരിപ്പിച്ചിരിക്കുന്നു.ഇത്തരം നിരവധി കഥകൾ അദ്ദേഹത്തിന്റേതായി ഈ ഗ്രൂപ്പിൽ കാണുന്നു. അതിൽ പലതും പിന്നീട് അച്ചടിയിലേക്കും വന്നിട്ടുണ്ട്. ആക്ഷേപഹാസ്യമാണ് ഈ കഥകളുടെ പൊതുസ്വഭാവം.

'ബൂലോകകഥ'യിൽ കെ ടി ബാബുരാജ് എഴുതിയ നുറുങ്ങുകഥ നോക്കുക:

"വരണ്ടുണങ്ങിയ മനസ്സുമായാണ് ഞാൻ ആശുപത്രി പടിക്കലെത്തിയത്. തലയ്ക്ക് വല്ലാത്ത പെരുപെരുപ്പ്. ഉറക്കം തീരെയില്ല. ചിലപ്പോൾ മസ്തിഷ്കത്തിനു തീപിടിച്ചതുപോലെയൊരവസ്ഥ. ഇങ്ങനെയായിരിക്കും ചിലപ്പോൾ ഭ്രാന്തിന്റെ തുടക്കം. മനുഷ്യനെ നോക്കാനാണ് ഏറ്റവും വലിയ ഭയം.ചിരിച്ചു കൊണ്ടിരിക്കുന്ന ഒരു മുഖത്തിന് എത്ര പെട്ടെന്നാണ് കൊമ്പും തേറ്റയും മുളക്കുന്നത്! ചങ്ങാത്തത്തിനു നീട്ടിയ കൈകളിൽ ചോരപുരണ്ട കത്തി വന്ന് നിറയുന്നത്!"(http://boolookakatha.blogspot.com/ 14.032011)


നീഹാരബിന്ദുക്കൾ എന്ന ബ്ലോഗിൽ സാബു ഹരിഹരൻ എഴുതുന്ന കഥകൾ സമകാലികമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ആഖ്യാനത്തിൽ പുതുമയൊന്നും ദർശിക്കാനാവുന്നില്ല. ചെറിയ കഥകളിലൂടെ പലതരം മനുഷ്യരെയും അവരുടെ ജീവിതത്തെയും പകർത്തുന്നു. ഏകലവ്യന്റെ പ്രതിമ, ഷൂവിന്റെ മരണം, ചില യാഥാർത്ഥ്യങ്ങൾ എന്നിവ ധാരാളം

വായിക്കപ്പെട്ട കഥകളാണ്. പ്രദീപ് കുമാറിന്റെ നിഴലുകൾ എന്ന ബ്ലോഗിൽ പ്രമേയം കൊണ്ട് ശ്രദ്ധേയമാകുന്ന രചനകൾ കാണാം. ‘നായകളുടെ സംഗീതം’(http://muzafirr. blogspot.com,2011 സെപ്തം.26) എന്നകഥയിൽ അമ്മയെ ഏറ്റവും ചെലവുകുറഞ്ഞ വൃദ്ധസദനത്തിൽ കൊണ്ടാക്കിയിട്ട് വിലപിടിപ്പുള്ള പട്ടിയെ വാങ്ങിവരുന്ന ദമ്പതികളെ അവതരിപ്പിക്കുന്നു. ജീവിതത്തിലെ മൂല്യങ്ങളെക്കുറിച്ച് പുതിയകാലത്തെ മനുഷ്യർ വേവലാതിപ്പെടുന്നില്ല. ബന്ധങ്ങൾക്ക് വിലകല്പിക്കപ്പെടുന്നില്ല. ഈ വിഷയം ധ്വനിമധുരമായി കഥാകാരൻ അവതരിപ്പിക്കുന്നു. മുസാഫിറിന്റെ യാത്രക്കാരൻ എന്ന ബ്ലോഗിൽ പ്രസിദ്ധീകരിച്ച ‘തെറ്റും ശരിയും’ എന്ന കഥ ശ്രദ്ധേയമാണ്. പുകവലിക്കുന്നത് തെറ്റാണെന്ന് പ്രതിജ്ഞചൊല്ലിക്കുന്ന അധ്യാപകന്റെ മുന്നിൽ പുകവലിക്കുന്നത് ശരിയാണെന്ന് പറയുന്നകുട്ടിയാണ് ഈ കഥയിലെ കഥാ പാത്രം. കുട്ടിയുടെ പ്രതികരണം അദ്ധ്യാപകനെ വല്ലതെ പ്രകോപിപ്പിച്ചു. അവന് അധ്യാപകൻ നല്ല ശിക്ഷയും കൊടുത്തു. പക്ഷേ തന്റെ നിലപാടിൽനിന്ന് മാറാൻ കുട്ടി തയ്യാറായില്ല. അവന്റെ അച്ഛൻ ബീഡിതെറുപ്പുകാരനായിരുന്നു എന്നും അയാളുടെ തൊഴിലിൽനിന്നു കിട്ടുന്ന വരുമാനം കൊണ്ടാണ് ആ കുടുംബം കഴിഞ്ഞിരുന്നതെന്നും ഇപ്പോൾ അവരുടെ ജീവിതമാർഗ്ഗം മുട്ടിപ്പോയെന്നും അധ്യാപകൻ അറിയുന്നത് വൈകിയാണ്. സമൂഹം രൂപപ്പെടുത്തുന്ന ജീവിതമൂല്യങ്ങളും തത്ത്വങ്ങളും എല്ലാ ജീവിതങ്ങൾക്കും ഒരുപോലെ പാകമാകാതെവരും. ജീവിതം ഉയർത്തുന്ന സങ്കീർണ്ണതയാണതിനു കാരണം. മണലൂറ്റും പുകയിലവ്യാപാരവും സമൂഹത്തിന്റെ മുന്നിൽ കുറ്റകരമാകുമ്പോഴും അതിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന, മറ്റൊരുതൊഴിലിലും വൈദഗ്ദ്ധ്യം നേടാത്തനാവാത്ത ജീവിതങ്ങൾ നിസ്സഹായമാകുന്നു. ഈ വിഷയം ഭംഗിയായി പറഞ്ഞുവയ്ക്കാൻ ഈ കഥയ്ക്കാകുന്നു. ലവണതീരം എന്ന ബ്ലോഗിൽ നിധീഷ് ജി.എഴുതിയ ലവണതീരം, കെന്നൽ കാമനകൾ, വവ്വാക്കാവ് എന്ന ദശാസന്ധി തുടങ്ങിയ കഥകൾ വായിക്കാം. കഥ,കഥ,കസ്തൂരി എന്ന ബ്ലോഗിൽ വാഴക്കോടൻ എഴുതിയ ‘എന്റെ മരണം’ (http://vazhakodan. blogspot.com/2009/സെപ്തം.29) ഒരു സ്വപ്നത്തിന്റെ കഥയാണ്. മരണം എന്ന യാഥർത്ഥ്യത്തെ അഭിമുഖം കാണുന്ന ഒരാളാണ് ഈ കഥയിലെ പ്രധാന കഥാപാത്രം. പ്രദീപ്കുമാറിന്റെ നിഴലുകൾ എന്ന ബ്ലോഗിൽ മികച്ച ലെ ഔട്ടോട്ടുകൂടിയാണ്

കഥകൾ അവതരിപ്പിക്കുന്നത്. രാധാകൃഷ്ണൻ തെയ്യം,തടവുകാർ,ഒരു ന്യൂ ഇയർ കോഴിയുടെ ജീവിതം ,ജ്വാലാമുഖികളുടെ രാത്രി തുടങ്ങിയ കഥകൾ പാരായണക്ഷമമാണ്. പ്രാദേശികതയ്ക്ക് ഊന്നൽ നൽകുന്ന ആഖ്യാനരീതിയാണ് ഈ കഥാകാരൻ പൊതുവേ സ്വീകരിക്കുന്നത്. ഒറ്റപ്പെട്ട ജീവിതങ്ങളെ, സമൂഹത്തിന്റെ കണ്ണിൽ പ്രത്യേകിച്ച് കഥയൊന്നുമില്ലെന്ന് കരുതുന്ന ജീവിതങ്ങളെ, ആവിഷ്കരിക്കാൻ അദ്ദേഹം താല്പര്യം കാണിക്കുന്നു.




നവമാധ്യമങ്ങളിലെ രചനകളുടെ മറ്റൊരു പ്രത്യേകത ലേ ഔട്ടിൽ അവ പുലർത്തുന്ന മികവാണ്. കഥകളുടെ പ്രമേയത്തെ സാധൂകരിക്കുന്ന മനോഹര ചിത്രങ്ങൾ നൽകാൻ പല കഥാകാരന്മാരും ശ്രമിച്ചിട്ടുണ്ട്. സ്കെച്ചുകളും പെയിന്റിംഗുകളും ഗ്രാഫിക് ചിത്രങ്ങളും ഫോട്ടോഗ്രാഫുകളും അക്കൂട്ടത്തിൽപെടും. കഥയിലേക്ക് കടന്നുചെല്ലാൻ വായനക്കാരെ പ്രേരിപ്പിക്കുന്നതാണ് ഈ ആകർഷകമായ അണിയിച്ചൊരുക്കൽ. അക്ഷരവടിവുകളും വലിപ്പവും വർണ്ണവിന്യാസവുംവഴി ഉള്ളടക്കത്തെ ആകർഷകമായി അവതരിപ്പിക്കാനും ശ്രമിച്ചിട്ടുള്ള എഴുത്തുകാരുണ്ട്. ഇത് വായനയെ അനായാസവും രസകരവുമാക്കുന്നു.കഥയെ വായനക്കുപരി ദൃശ്യാനുഭവം കൂടിയാക്കി മാറ്റാൻ ഇത്തരം ലേ ഔട്ടുകൾ സഹായിക്കുന്നു.




**രാജേഷ് വർമ്മയുടെ കഥ – ടൈറ്റിൽ പേജ്**

നവമാദ്ധ്യമങ്ങളിലെ കഥകളിലെ പ്രമേയവൈവിദ്ധ്യം ശ്രദ്ധേയമാണ്. ചെറിയ സംഭവങ്ങൾ മുതൽ ഗൗരവതരമായ വിഷയങ്ങൾവരെ അവിടെ കഥാവിഷയമാകുന്നു. രസകരമായി കഥപറഞ്ഞുപോകുന്ന എഴുത്തുകാർക്ക് ധാരാളം വായനക്കാരുണ്ടെന്ന് കമന്റുകൾ കണ്ടാൽ മനസ്സിലാകും. കുടുംബജീവിതത്തിലെ താളവും താളപ്പിഴകളും പ്രമേയമാക്കുന്ന കഥാകൃത്തുക്കൾ ധാരളമുണ്ട്. ബന്ധങ്ങളുടെ ദൃഢതയും ശൈഥില്യവും അവയിലുണ്ട്. പ്രവാസികളുടെ നാട്ടോർമ്മ കഥകളായി വരുന്നു. സ്ത്രീ ഒരു പ്രലോഭനമായി പലകഥകളിലും കടന്നുവരുന്നു. നഗരജീവിതത്തിന്റെ സങ്കീർണ്ണതകൾ പ്രമേയമാകുന്ന കഥകളുണ്ട്. തൊഴിലിടങ്ങളിലെ ആഹ്ലാദവും അനിശ്ചിതത്ത്വവും പല കഥകൾക്കും വിഷയമാണ്. മാധ്യമലോകത്ത് ശ്രദ്ധനേടുന്ന വാർത്തകൾക്ക പിന്നിലുള്ള സംഭവങ്ങൾ കഥകളുടെ രൂപത്തിൽ കടന്നുവരുന്നു. ചിലപ്പോൾ സഭ്യമല്ലാത്ത ഉള്ളടക്കം കഥകളിൽ ഇടം പിടിക്കുന്നതുകാണാം. ലിംഗപരമായ സമത്വത്തിന്റെ വേദിയാണ് നവമാധ്യമം. അതു കൊണ്ടുതന്നെ ഈ മേഖലയിലേക്ക് സ്ത്രീ എഴുത്തുകാരികൾ ധാരാളമായി കടന്നുവരുന്നു. അവയിൽ അപൂർ

വ്വമായി തുറന്നെഴുത്തുകളുമുണ്ട്. പൊതുസമൂഹത്തിന്റെ സദാചാര വിചാരണയ്ക്ക് വിധേയ മാകാതെ എഴുതാൻ കഴിയുന്നു എന്നത് എഴുത്തുകാരികൾക്ക് ഈമാധ്യമം കൂടുതൽ സ്വീകാര്യമായിത്തീരാൻ കാരണമായിട്ടുണ്ട്.

നവമാധ്യമങ്ങളിലെ കഥാകൃത്ത് ഏകാകിയല്ല. വായനക്കാരുടെ ഒത്തനടുവിലാണ് അയാൾ നിൽക്കുന്നത്.അയാളുടെ രചനകൾക്കു കിട്ടുന്ന അനുമോദനവും വിമർശനവും അയാൾക്ക് നേരിട്ടനുഭവിക്കാം. ഈ അവസ്ഥ എഴുത്തുകാരന് ഗുണം ചെയ്യും. അജ്ഞാത മായ കേന്ദ്രങ്ങളിൽനിന്നു വരുന്ന അഭിപ്രായങ്ങൾ സ്വന്തം രചനയെ നന്നാക്കുന്നതിനുള്ള പ്രോൽസാഹനമായി എഴുത്തുകാർ കാണുന്നു. വായനയിൽനിന്ന് അകന്നുനിന്നവർപോലും നവമാധ്യമങ്ങളിലെ വായനക്കാരാണ് എന്നത് സ്വാഗതാർഹമായ കാര്യമാണ്. ഒരു കൃതിക്ക് വിവിധ തലങ്ങളിലെ വായന ലഭിക്കുന്നു എന്നതും ശ്രദ്ധാർഹമാണ്.

സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾ വ്യാപകമായതോടെ ബ്ലോഗെഴുത്തിന്റെ തോത് കുറഞ്ഞിട്ടുണ്ട്. പല ബ്ലോഗുകൾക്കും വേണ്ടത്ര ശ്രദ്ധകിട്ടുന്നില്ല. വിവരങ്ങളുടെ കുത്തൊഴുക്ക് സംഭവിക്കുന്ന മേഖലയെന്ന നിലയിൽ ഇത് സ്വാഭാവികവുമാണ്. ഇത്തരം പരിമിതികളെ മറികടക്കാൻ നവമാധ്യമങ്ങൾക്കുള്ളിൽത്തന്നെ ശ്രമങ്ങൾ നടക്കുന്നുണ്ട്. ബ്ലോഗ് അഗ്രിഗേറ്ററുകൾ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാണ്. വരികൾക്കിടയിൽ എന്ന ബ്ലോഗിന്റെ ശ്രമവും ഈ വഴിക്കാണ്. ബ്ലോഗർ കുറിക്കുന്നു:

"സോഷ്യൽ നെറ്റ് വർക്കുകളുടെ അതിപ്രസരം മൂലം ബൂലോകത്തെ പല നല്ല പോസ്റ്റുകൾക്കും വേണ്ടത്ര വായനക്കാരെ കിട്ടാതെ പോവുന്നു. പ്രിന്റ് മീഡിയയിൽ പ്രസിദ്ധീകരിക്കപ്പെടുന്നവയെ വെല്ലുന്ന ഒരുപിടി നല്ല രചനകൾ ഇപ്പോഴും ബൂലോകത്ത് പിറക്കുകയും അധികമാരും ശ്രദ്ധിക്കാതെ പോവുകയും ചെയ്യുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇത്തരം പോസ്റ്റുകളെ കണ്ടെത്തുകയും അത് കൂടുതൽ വായനക്കാരിലേക്ക് എത്തിക്കുകയും ചെയ്യുക എന്ന വലിയ ദൗത്യത്തിന്റെ ഭാഗമാകാനുള്ള ഒരു എളിയ ശ്രമം കൂടിയാണ് ഈ ബ്ലോഗ്. ഒപ്പം ശ്രദ്ധേയമായി കണ്ടെത്തുന്ന ചർച്ചകളും ഇവിടെ പുനരാവിഷ്കരിക്കുന്നതാണ്. അറിയപ്പെടാത്ത എഴുത്തുകാരെയും നമുക്ക് പ്രോത്സാ ഹിപ്പിക്കാം, അതുവഴി ഇ-വായന

യുടെ വിശാലമായ വാതായനങ്ങൾ നമുക്ക് തുറന്നിടാം."(http://varikalkidayil.blogspot.com,2013)

## 3.2. നവമാധ്യമങ്ങളിലെ മലയാളനോവൽ

ഇന്നത്തെ യുഗത്തിലെ ഇതിഹാസമാണ് നോവൽ .ഇതിഹാസത്തിലെന്നപോലെ മുഴുവൻ കഥയാണ് നോവൽ. ജീവിതത്തെ സാകല്യേന പ്രദർശിപ്പിക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. അതുകൊണ്ട് അതിന് ഇതിഹാസപ്പരപ്പ് ശീലമാണ്"(ചന്ദ്രശേഖരൻ, എം,ആർ,2007:10) നോവൽ എന്ന സാഹിത്യരൂപത്തിന് ഇതര സാഹിത്യരൂപങ്ങളിൽ നിന്നുള്ള വ്യത്യാസം വ്യക്തമാണ്. ജീവിതത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന സാഹിത്യരൂപമാണത്. ജീവിതത്തെ വിശദാംശങ്ങളിൽ അവതരിപ്പിക്കുന്നതുകൊണ്ടാണ് നോവലിന് ഈ ഗുണം കിട്ടുന്നത്. ജീവിതത്തിൽനിന്ന് ചീന്തിയെടുത്ത ഏട് എന്ന് നോവലിനെ വിശേഷിപ്പിക്കുമ്പോൾ ഈ ഗുണത്തിലാണ് ഊന്നുന്നത്. മലയാളത്തിലെ പ്രമുഖ നോവലിസ്റ്റുകളിൽ ഒരാളായ പി.കേശവദേവ് നോവലിനെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് ഇങ്ങനെ വിശദീകരിക്കുന്നു:

"മനുഷ്യനായ നോവലിസ്റ്റ് അയാളുടെയും അയാളുടെ സഹോദരജീവികളുടെയും കഥപറയുന്നതാണ് നോവൽ. നോവലിസ്റ്റ് അനുഭവിക്കുകയും കാണുകയും കേൾക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ജീവിതത്തിൽനിന്നാണ് നോവൽ ഉണ്ടാകുന്നത്"(1992:07)

ഈ അടിസ്ഥാന ആശയം എല്ലാകാലത്തെയും നോവലിനും ബാധകമാണ്. മനുഷ്യജീവിതത്തിന്റെ സാമൂഹികരേഖയായാണ് നോവൽ നിലനിൽക്കുന്നത്.നോവൽ ഒരു സവിശേഷ സാഹിത്യരൂപമെന്ന് നിലയ്ക്ക് ശ്രദ്ധേയമാകുന്നത് സാമൂഹികജീവിതത്തിന്റെ വർത്തമാനകാലനിഷ്ഠമായ പ്രതിഫലനത്തിന്റെ പേരിലാണ്.(ബഞ്ചമിൻ,ഡി,1994:09) എന്നാൽ നൂതനമായ സങ്കല്പനങ്ങൾ ആവിർഭവിക്കുന്നതോടെ സാഹിത്യരൂപത്തിൽ കാതലായ മാറ്റം സംഭവിക്കും. ആധുനികകാലത്ത് നോവലിൽവന്ന പരിവർത്തനം ഇതിനു തെളിവാണ്. പൊതുബോധത്തിന്റെ വ്യവസ്ഥകളെ മറികടന്നു കൊണ്ട് ജീവിതത്തെയും ലോകത്തെയും കുറിച്ചുള്ള പ്രതിബോധവ്യവഹാരം നിർമ്മിക്കുന്നത് നോവലിന്റെ ധർമ്മ

മായി വിലയിരുത്തപ്പെട്ടു .(രാജശേഖരൻ, പി.കെ, ആസാദ്, 1992:08) ഉത്തരാധുനികഘട്ടത്തിൽ നോവലിനെ സംബന്ധിച്ച സങ്കൽപ്പം പിന്നെയും മാറുന്നത് കാണാം. എങ്കിലും നോവൽ എന്ന സാഹിത്യരൂപം അതിന്റെ അടിസ്ഥാന സങ്കല്പത്തിൽനിന്ന് കാര്യമായി വ്യതിചലിച്ചിട്ടില്ല എന്നതാണ് അനുഭവം. മലയാള സാഹിത്യത്തിലെ പ്രബലമായ ഒരു സാഹിത്യരൂപമാണ് നോവൽ.ഇതിഹാസങ്ങളുടെയും മഹാകാവ്യങ്ങളുടെയും കാലഘട്ടത്തിനുശേഷമാണ് മലയാളത്തിൽ നോവൽ എന്ന സാഹിത്യരൂപം പിറവികൊള്ളുന്നത്. ( അച്യുതൻ, എം.,1993:14) പിറവിക്കുശേഷം ക്രമാനുഗതമായ വളർച്ച ഈ സാഹിത്യരൂപത്തിനു ഉണ്ടാകുന്നതാണ് അനുഭവം. ഒരു സാഹിത്യവ്യവഹാരരൂപമെന്ന നിലയിൽ മലയാള നോവൽ സമ്പന്നമാണ്.

താരതമ്യേന ദുർബലമായ ഒരു സാഹിത്യവിഭാഗമാണ് സൈബർലൊകത്തെ നോവൽ. സൈബർലോകത്തു പ്രസിദ്ധീകരിക്കപ്പെടുന്നു എന്നതാണ് ഈ ഗണത്തിലേക്ക് പരിഗണിക്കാൻ അവയ്ക്കുള്ള പ്രഥമയോഗ്യത. എം.മുകുന്ദൻ എഴുതിയ മലയാളത്തിലെ ആദ്യ സൈബർ നോവലായ 'നൃത്തം' അച്ചടിയിലാണ് പ്രത്യക്ഷമായത്. പ്രമേയപരമായ പ്രത്യേകതകളാണ് അതിനെ സൈബർനോവലാക്കുന്നത്. നവമാധ്യമങ്ങൾ മലയാളിയുടെ ജീവിതത്തിൽ സാന്നിദ്ധ്യം അറിയിച്ചുതുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ അപ്പോൾ. എന്നാൽ ഇന്ന് നാം തിരിച്ചറിയുന്ന സൈബർ ജീവിതത്തിന്റെ ഏതാണ്ടെല്ലാ സവിശേഷതകളും സൂക്ഷ്മാംശത്തിൽ പ്രതിനിധാനം ചെയ്യാൻ ഈ നോവലിന് കഴിഞ്ഞിട്ടുണ്ട്. കാലിഫോർണിയയിലെ സിലിക്കാൻ വാലിയെ ഭൂമിയുടെ മറുവശം എന്ന് വിശേഷിപ്പിക്കുന്ന നോവലിസ്റ്റ് നവമാധ്യമമായ ഇന്റർനെറ്റ് വ്യക്തിയെ കൊണ്ടെത്തിച്ച പുതിയ സ്വത്വത്തിന്റെ ശരിയായ അതിർത്തി ചൂണ്ടിക്കാട്ടു കയായിരുന്നു. ഇത് ഒരു പുത്തൻ ഭാവുകത്വപരിസരമായി മലയാളി തിരിച്ചറിയുന്നതാണ് പിന്നീടുള്ള നോവൽസാഹിത്യം വ്യകതമാക്കുന്നത്. സൈബർജീവിതത്തെ പൂർണ്ണമായോ ഭാഗികമായോ അഭിസംബോധനചെയ്യുന്ന നോവലുകൾ പിന്നീട് മലയാളത്തിലുണ്ടായി. അച്ചടിനോവലുകളുടെ ഇന്റർനെറ്റു പതിപ്പുകളും പ്രകാശിതമായി. ഏറ്റുമാനൂർ ശിവകുമാറിന്റെ 'ദേവദുന്ദുഭി' എന്ന നോവലാണ് ഇപ്രകാരം

ഇന്റർനെറ്റിൽ വന്ന ആദ്യനോവൽ. (പി.കെ.രാജശേഖരൻ,2006:260) എന്നാൽ അതിന് വലിയ തുടർച്ചകൾ കാണുന്നില്ല.

ഇന്റർനെറ്റിൽ മലയാള നോവലുകൾ ഇടം കണ്ടെത്തിയിട്ടുള്ളത് ബ്ലോഗുകളിലാണ്. എഴുത്തുകാരന് സ്വതന്ത്രമായി ഇടപെടാൻ കഴിയുന്ന വ്യവഹാരമേഖലയെന്ന നിലയിൽ ബ്ലോഗുകൾക്ക് വലിയ സ്വീകാര്യത കിട്ടിയിട്ടുണ്ട്. സമൂഹമാധ്യമങ്ങളിൽ നോവലെഴുതാൻ അധികം പേരും താല്പര്യം കാണിക്കുന്നില്ല. സമൂഹമാധ്യമങ്ങളെക്കാൾ സർഗ്ഗാത്മ കവ്യവഹാരത്തിന് യോജിച്ച മാധ്യമം ബ്ലോഗുകളാണെന്ന് തിരിച്ചറിവ് ഇതിന്റെ മറ്റൊരു കാരണമാണ്. ബ്ലോഗുകളിൽ പ്രസിദ്ധീകരിക്കപ്പെട്ട നോവലുകളാണ് നവമാധ്യമങ്ങളിലെ നോവൽ സാഹിത്യത്തെ മുഖ്യമായും പ്രതിനിധാനം ചെയ്യുന്നത്.

ബ്ലോഗിൽ പ്രസിദ്ധീകൃതമായിക്കണ്ട നോവലുകൾ കലാനുക്രമമനുസരിച്ച് ഇപ്രകാരം പട്ടികപ്പെടുത്താം:

| നമ്പർ | നോവലിന്റെ പേര് | കർത്താവ് | എഴുതിത്തുടങ്ങിയ കാലയളവ് | ബ്ലോഗ് വിലാസം |
|---|---|---|---|---|
| 1 | ശലഭങ്ങളുടെ പകൽ | തൊമ്മൻ | 2006 സെപ്തംബർ 16 | http//:salabhangalutepakal.blogspot.in |
| 2 | ഓർമ്മത്തെറ്റുപോലെ | കേരളദാസനുണ്ണി | 2009 ആഗസ്റ്റ് 30 | http//:palakkaattettan.blogspot.in |
| | കലിയുഗവരദൻ | അരുൺ കായംകുളം | 2009 | http//:kaliyugavaradan.blogspot.in |
| | കർക്കടക രാമായണം | അരുൺ കായംകുളം | 2009 | http//:arunkayamkulam.blogspot.in |
| | ദേശത്തെപ്പറ്റി ആയിരം നുണകൾ | അനിലൻ | 2010 ആഗസ്റ്റ് 20 | http//:malayalanoval.blogspot.in |
| | സ്വപ്നത്തിന്റെ അച്ചുകൾ തേടുന്നവർ | പ്രവീൺ മീനാക്ഷിക്കുട്ടി | 2010 ഡിസംബർ 9 | http//:harichandanam4u.blogspot.in |
| 3 | നന്മയിലേക്ക് ഒരു ചുവട് | കേരളദാസനുണ്ണി | 2011 മെയ് 5 | http//:palakkaattettanനൊവൽ2.blogspot.in |
| | ഓഷ്വിറ്റ്സിലെ ചുവന്ന പോരാളി | അരുൺ ആർഷ | 2012 ജൂൺ 22 | http//:arunarsha.blogspot.in |

| | | | | |
|---|---|---|---|---|
| 4 | മുഖം | നജിമുദ്ദീൻ കെ.പി. | 2012 മെയ് 8 | http//:saaksharam.blogspot.in |
| | ഗിസ്വാൻ ഡയറി | അരുൺ ആർഷ | 2012 മെയ് 12 | http//:arunarsha.blogspot.in |
| 5 | സ്വപ്നം പോലെ ഒരു കാലം | കേരളദാസനുണ്ണി | 2013 ഏപ്രിൽ 10 | http//:palakkaattettannoval3.blogspot.in |
| 6 | മരുഭൂമി | വി.കെ. | 2013 ഒക്ടോബർ 1 | http//:chinnuvintenadu.blogspot.in |
| | ദേശത്തെപ്പറ്റി ആയിരം നുണകൾ | അനിലൻ | 2013 ഒക്ടോബർ 1 | http//:malayalanoval.blogspot.in |
| 6 | കഥപറയും കടൽ | വി.ആർ.അജിത്ത് | 1013 ഒക്ടോബർ 31 | http//:keralahistorynovel.blogspot.in |
| | | | | |
| 7 | ആറാമത്തെ വെടിയുണ്ട | ഫ്രാൻസിസ് സിമി നസ്രത്ത് | 2015 ജൂലൈ 23 | http//:simynazareth.blogspot.in |
| 8 | എ.ഡി.1632 | അരുൺ ആർഷ | 2016 മെയ് 10 | http//:arunarsha.blogspot.in |

2006 സെപ്തംബർ ആറിന് തൊമ്മൻ എന്ന ബ്ലോഗർ പ്രസിദ്ധീകരിച്ച 'ശലഭങ്ങളുടെ പകൽ' എന്ന നോവലാണ് നവമാധ്യമങ്ങളിലെ ആദ്യനോവൽ. കൃഷ്ണൻ , അശ്വതി എന്നീ കാഥാപാത്രങ്ങളെ കേന്ദ്രീകരിച്ചാണ് നോവലിലെ പ്രമേയം വികസിക്കുന്നത്. പ്രമേയ ത്തിലും ആഖ്യാനത്തിലും എന്തെങ്കിലും പുതുമകൾ ആവിഷ്കരിക്കുവാൻ നോവലിസ്റ്റിനു കഴി ഞ്ഞിട്ടില്ല. നോവലിന്റെ ആരംഭം ഇങ്ങനെ :

" മഴ ചാറുന്നുണ്ട്. വയൽ വരമ്പ് കുതിർന്നു തെന്നുന്നു. അമ്മ കുടയെടുക്കാൻ ഓർമ്മിപ്പിച്ചതായിരുന്നു അയാളെ. അത് ഒരു ഭാരമാകേണ്ട എന്ന് കൃഷ്ണൻ കരുതി. നനയു കതന്നെ. ചോലയിൽ എവിടെയെങ്കിലും കേറിനിന്നാലും കാര്യമില്ല. മഴവെള്ളം ഇറ്റിറ്റു വീഴുന്നു. കവലയിൽ ചെന്നാൽ രക്ഷപ്പെട്ടു" (http//: salabhan galute pakal. blogspot.in)

കോളേജിലേക്ക് തന്റെ പരീക്ഷാഫലം അറിയാൻ പോകുന്ന യുവാവായ നായകനെ അവത രിപ്പിച്ചുകൊണ്ടാണ് നോവലിന്റെ തുടക്കം. ലളിതമായ ഭാഷ. ചെറിയ വാക്യങ്ങൾ. കഥപറ ച്ചിലിലല്ല കഥയിലാണ് ആഖ്യാതാവിന്റെ ശ്രദ്ധ എന്ന് മനസ്സിലാക്കാം. പ്രവാസിയായ നോവലിസ്റ്റ് ഗൃഹാതുരത്വത്തോടെ ഓർക്കുന്ന കാര്യങ്ങൾ നോവലിന്റെ ശില്പഘടനയിൽ

അവതരിപ്പിക്കാൻ ശ്രമിക്കുന്നു. അതിനപ്പുറം നോവൽ എന്ന സാഹിത്യരൂപത്തിന്റെ വിപുലമായ സാദ്ധ്യതകളിലേക്ക് ആഖ്യാതാവ് കടക്കുന്നില്ല. തന്റെ മുറപ്പെണ്ണിനോട് അയാൾക്കുണ്ടായിരുന്ന പ്രണയം സഫലമാകാഞ്ഞതിലെ നിരാശയാണ് നായകനെ നയിക്കുന്നത്. കഥയുടെ വികാസഘട്ടങ്ങൾക്കിടയിൽ കടന്നുവരുന്ന കഥാപാത്രങ്ങൾ , അന്തരീക്ഷവർണ്ണന എന്നിവയിൽ ശ്രദ്ധാലുവായിരിക്കാൻ ആഖ്യാതാവ് പരിശ്രമിച്ചിട്ടുണ്ട്.

ഫ്രാൻസിസ് സിമി നസ്രത്ത് എഴുതിയ ഒരു കുറ്റാന്വേഷണ നോവലാണ് 'ആറാമത്തെ വെടിയുണ്ട'. മലയാളം ത്രില്ലർ നോവലുകളുടെ രാജാവായ ബാറ്റൺ ബോസിനാണ് ഈ നോവൽ സമർപ്പിച്ചിരിക്കുന്നത്. പത്ത് അധ്യായങ്ങളിലായി ഒരു കുറ്റകൃത്യവും അതിന്റെ പിന്നിലുള്ള അന്തർനാടകങ്ങളും നോവലിസ്റ്റ് വിവരിക്കുന്നു. ഈച്ച എന്നാണ് ഒന്നാം അധ്യായത്തിന് പേരിട്ടിരിക്കുന്നത്. കാക്കനാട്ടെ മിസ്റ്റി വില്ല എന്ന ഫ്ലാറ്റിലെ വാച്ച്മാൻ കാണുന്ന ഒരു സ്വപ്നത്തോടെയാണ് തുടക്കം. ആരംഭം ഇങ്ങനെ:

"വെളിച്ചെണ്ണ ഇറ്റുന്ന യക്ഷിയുടെ മുടി ചുരുണ്ടുനിറഞ്ഞുകിടക്കുന്നു. അവളുടെ ചെവിയിൽ ചെമ്പരത്തി. ചിരിക്കുമ്പോൾ വായയിൽ നിന്നും ചോരനിറമുള്ള മുറുക്കാൻ തെറിക്കുന്നു. കഴുത്തിൽ സ്വർണ്ണപ്പാമ്പ് താലി. പാമ്പിന്റെ നാവ് ഇരുൾ മുലകൾക്കിടയിലേക്കു നീണ്ട് വിയർപ്പു നുണയുന്നു. യക്ഷിയുടെ കയ്യിൽ ചങ്ങലയിൽ തൂങ്ങിക്കിടക്കുന്ന ഇരട്ടത്തിരിയിട്ട ചങ്ങലവിളക്ക്. അത് ആട്ടുമ്പോൾ വെളിച്ചം അവളുടെ വിടർന്ന കണ്ണുകളിൽ തട്ടിത്തെറിച്ച് രണ്ട് സൂചികളായി ദാമോദരന്റെ കണ്ണിൽ കുത്തുന്നു. അയാൾ കൈയ്യുയർത്തി വെളിച്ചം മറയ്ക്കുമ്പോൾ യക്ഷി അയാളെ പിടിച്ചുകുലുക്കുന്നു. ദാമോദരാ, എണീക്ക്, എണീക്ക്. ദാമോദരൻ വിയർക്കുന്നു. അയാളുടെ കുഴിമുഖത്തെ ഞാറുനാട്ടതുപോലെയുള്ള വെള്ളി രോമങ്ങൾ എഴുന്നു നില്ക്കുന്നു. യക്ഷി അയാളെ വീണ്ടും ശക്തിയോടെ കുലുക്കുന്നു. വിയർത്തു കൊണ്ട് ദാമോദരൻ ഉറക്കം ഞെട്ടുന്നു." (http://simy nazareth. blogspot. com,23.07. 2015)

പ്രവാസി മലയാളിയായ രാജനാണ് ഫ്ലാറ്റിൽ കൊല്ലപ്പെടുന്നത്. എന്നാൽ അയാൾ എ ങ്ങ നെ കൊല്ലപ്പെട്ടു എന്ന അറിവിലേക്ക് വായനക്കാരൻ എത്തുന്നത് നോവലിന്റെ അന്ത്യ ത്തിലാണ്. പ്രണയവും രതിയും ദാരിദ്ര്യവും കുറ്റവാസനയും ഇഴചേർത്ത് നിർമ്മിച്ചെടുത്ത

ഈ നോവലിൽ ശരാശരി മലയാളിയുടെ സങ്കീർണ്ണമായ മനോഘടന വെളിവാക്കപ്പെടുന്നു. ഒരു കുറ്റാന്വേഷണ നോവലിന്റെ എല്ലാ സ്വഭാവവും പാലിക്കുവാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. വായനക്കാരെ അപ്രതീക്ഷിതമായ സംഭവപരമ്പരകളിലേക്ക് കൊണ്ടുപോകുന്നു. അവസാനംവരെ ജിജ്ഞാസ നിലനിർത്തുന്ന ആഖ്യാനമാണ് നോവലിലുള്ളത്.

സാക്ഷരം എന്ന ബ്ലോഗിൽ നജീമുദീൻ കെ.പി.എഴുതിയ 'മുഖം' ഒരു കുറ്റാന്വേഷണ നോവലാണ്. നോവലിന്റെ ആമുഖം ഇപ്രകാരമാണ് :

"പ്രിയമുള്ളവരേ,

എൻറെ കഥകളും കവിതകളും ലേഖനങ്ങളും വായിച്ച് നിങ്ങൾ നൽകിയ നിർദേശങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും ആയിരമായിരം നന്ദി. നിങ്ങൾ പകർന്നുതന്ന ആത്മവിശ്വാസത്തിൻറെ വെളിച്ചത്തിൽ ഞാൻ പുതിയൊരു സാഹസത്തിന് മുതിരുകയാണ്. ഒരു നോവൽ....

'മുഖം' എന്ന് പേരിട്ടിരിക്കുന്ന ഈ നോവൽ ആദ്യന്തം ഉദ്വേഗഭരിതമായ, സസ്പെൻസ് നിറഞ്ഞ ഒരു കുറ്റാന്വേഷണ കഥയാണ്. വായനക്കിടയിൽ ഒരിടത്ത് പോലും ബോറടിക്കാത്ത വിധം ആകാംക്ഷയുട്ടുന്ന മുഹൂർത്തങ്ങളുമായാണ് ഇതിന്റെ ഇതിവൃത്തം മുന്നോട്ട് നീങ്ങുന്നത്. വായനക്കാർക്ക് മടുപ്പ് തോന്നാതിരിക്കാൻ ഓരോ വരിയിലും, ഓരോ സംഭാഷണത്തിലും ഞാൻ വളരെയധികം ശ്രദ്ധ കൊടുത്തിട്ടുണ്ട്."( http://saaksharam. blogspot.com,08.05.2012)

ഷോർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ഒരു ബോംബുസ്ഫോടനത്തെക്കുറിച്ചുള്ള വാർത്ത അറിയിച്ചുകൊണ്ടാണ് നോവലിന്റെ ആരംഭം. വാർത്തയുടെ ചുവടുപിടിച്ചുതന്നെ രംഗം ഒരു കുടുംബാന്തരീക്ഷത്തിലേക്ക് മാറുന്നു.നോവലിസ്റ്റ് അവകാശപ്പെടുന്ന മേന്മ നോവലിന് നിലനിർത്താനാവുന്നില്ല.



മുഖം – ചിത്രീകരണം

പാലക്കാട്ടേട്ടൻ എന്ന ബ്ലോഗിൽ കേരളദാസനുണ്ണി എഴുതിയ ഓർമ്മത്തെറ്റുപോലെ, നന്മയിലേക്ക് ഒരു ചുവട്,സ്വപ്നം പോലെ ഒരു കാലം എന്നീ നോവലുകൾ ശ്രദ്ധേയമാണ്. 2009 ആഗസ്റ്റ് 30 ന് എഴുതിത്തുടങ്ങിയ നോവലാണ് 'ഓർമ്മത്തെറ്റുപോലെ'.133 അദ്ധ്യായങ്ങളുള്ള നോവലാണിത്. ലളിതമായ ആഖ്യാനത്തിലൂടെ ഒരു നാട്ടിൻപുറത്തിന്റെ കഥപറയുകയാണ് നോവലിസ്റ്റ്.

"മുരുകമലയുടെ മുന്നിൽ പൂത്തിരി കത്തിച്ചും മാലപ്പടക്കം പൊട്ടിച്ചും പ്രകൃതി വേനൽ മഴയെ വരവേറ്റു.ആകാശം ആലിപ്പഴം വാരി ചൊരിഞ്ഞു. കരിഞ്ഞ ചെടികളേയും പുൽക്കൊടികളേയും പച്ചപ്പ് ചാർത്താൻ മഴ പെയ്തിറങ്ങി."( http://palakkattettan.blogspot.com)

നോവൽ അവസാനിക്കുന്നതിങ്ങനെയാണ്. ആഖ്യാനത്തിൽ കാല്പനികമായ ഭാവുകത്വമാണ് ഈ നോവലിസ്റ്റ് പുലർത്തുന്നത്.2011 മെയ് 5 ന് ബ്ലൊഗിൽ എഴുതിത്തുടങ്ങിയ നോവലാണ് നന്മയിലേക്ക് ഒരു ചുവട്. (http://palakk attettannoval2.blogspot.com) 63 അദ്ധ്യായങ്ങൾ ഈ നോവലിനുണ്ട്. 46 അദ്ധ്യായങ്ങളുള്ള നോവലാണ്''സ്വപ്നം പോലെ ഒരുകാലം'.( http://palakkattettannoval3.blogspot.com) ബാല്യകാല സുഹൃത്തുക്കളുടെ സ്നേഹബന്ധത്തിന്റെ കഥയാണ് ഈ നോവൽ പറയുന്നത്.

അരുൺ കായംകുളം എഴുതിയ നോവലാണ് 'കലിയുഗവരദൻ'.അയ്യപ്പകഥകൾ വേഗം മനസ്സിലാക്കുവാൻ സഹായിക്കുന്ന ഒരു പ്രവർത്തനം എന്ന നിലയിലാണ് അരുൺ ഈ നോവൽ എഴുതിയിട്ടുള്ളത്. നോവലിന്റെ ആരംഭത്തിൽ അക്കാര്യം സൂചിപ്പിക്കുകയും

ചെയ്യുന്നു. സോഫ്റ്റ വെയർ എഞ്ചിനിയറായ ബ്ലോഗെഴുത്തുകാരനാണ് അരുൺ എന്ന് പ്രൊഫൈൽ വ്യക്തമാക്കുന്നു. തന്നെക്കുറിച്ച് അരുൺ പറയുന്നത് നോക്കുക:

"1980 ജൂലൈ 30 ന അമ്മയുടെ വയറ് കീറി പുറത്ത് വന്ന ഒരു അത്ഭുത ജീവി.ഒരു തലയും അതിനു വേണ്ട ശരീരവും അന്നേ ഉണ്ടായിരുന്നു.വളർന്ന് വന്നപ്പോൾ നാട്ടുകാർ പറഞ്ഞു, "നാക്ക് ഇല്ലേൽ ഇവനെ പണ്ടേ കാടൻ കൊണ്ട് പോയേനെ". അത് എന്ത് തന്നെയായാലും കരിമുട്ടത്തമ്മയുടെ അനുഗ്രഹത്താൽ ഇങ്ങനെ ജീവിച്ച് പോകുന്നു...Interests ചിത്ര രചന ആയിരുന്നു കലയുമായിട്ടെനിക്ക് ഉള്ള ഏക ബന്ധവും താല്പര്യവും. പിന്നെ കല കെട്ടി ഭർത്താവിന്റെ കൂടെ പോയപ്പോൾ ബ്ലോഗിംഗ്ഗിലായി താല്പര്യം. Favourite Films കുന്തം കലക്കി കാതലിൽ വീണാച്ച് (Shakespeare in Love), അമ്മച്ചി തിരുമ്പി വന്നാച്ച് (The Mummy Returns), ചിലന്തിമാപ്പിളൈ (Spider Man) Favourite Books കലിയുഗവരദൻ, കായംകുളം സൂപ്പർഫാസ്റ്റ്, (ഇത് രണ്ടും എങ്ങനെ ഇഷ്ടപ്പെടാതിരിക്കും, നോം രചിച്ചതല്ലേ)"( http://kaliyugavaradan.blogspot.com)

മറ്റു പല ബ്ലോഗർമാരെയും പോലെ കൗതുകം കൊണ്ട് എഴുത്തിലേക്ക് വന്ന ആളാണ് അരുൺ. അയ്യപ്പസന്നിധിയിലേക്കുള്ള യാത്ര എന്ന നിലയിലാണ് അരുൺ ഈ നോവൽ എഴുതിയിരിക്കുന്നത്. ദോഷം മാറാൻ അയ്യപ്പസന്നിധിയിലേക്ക് നടത്തുന്ന ഈ യാത്രയുടെ വിവരണത്തിൽ അയ്യപ്പനുമായി ബന്ധപ്പെട്ട കഥകളും ഉപകഥകളും പറഞ്ഞുവയ്ക്കുന്നു. ചരിത്ര നോവലെന്നോ പുരാണകഥനമെന്നോ വിളിക്കാവുന്ന രചനയാണിത്.അരുണിന്റെ സമാന സ്വഭാവമുള്ള മറ്റൊരു നോവലാണ് 'കർക്കിടകരാമായണം'. രാമായണം ബാലകാണ്ഡം മുതൽ യുദ്ധകാണ്ഡം വരെയുള്ള കഥ ലളിതമായി ആഖ്യാനം ചെയ്യുന്ന നോവലാണിത്. പ്രവാസജീവിതത്തിന്റെ പ്രശ്നങ്ങൾ പറയുന്ന ആത്മകഥാസ്വഭാവമുള്ള നോവലാണ്,വി.കെ എന്ന ബ്ലോഗർ എഴുതിയ ' മരുഭൂമി'.2013 ഒക്ടോബറിലാണ് ഈ നോവൽ എഴുതിത്തുടങ്ങിയത്.'അറവുമാടുകൾ' എന്ന ഒന്നാം അദ്ധ്യായം ആരംഭിക്കുന്നതിങ്ങനെയാണ്:

"ഇവിടെ വന്നിട്ട് രണ്ടാഴ്ചയായെങ്കിലും ഞങ്ങൾക്കെന്താണ് ജോലിയെന്നോ, ദിവസവും ഞങ്ങളിൽ ചിലരെ എവിടേക്കാണ് കൊണ്ടു പോകുന്നതെന്നോ ഒരറിവും ഇല്ലായിരുന്നു. ദിവസവും ഞങ്ങളുടെ മുറിയുടെ മുകളിലുള്ള ഓഫീസിൽ നിന്നും ഒരു ഈജിപ്ഷ്യൻ ഇറങ്ങിവരും. അവന്റെ തടി കാരണം നടക്കാൻ തന്നെ വലിയ ബുദ്ധിമുട്ടാണ്. ഞങ്ങളുടെ മുറിയുടെ വാതിൽ നേരെ കടക്കാൻ അവനാവില്ല. അതിനാൽ ഒരു വശം ചരിഞ്ഞാണ് മുറിയിൽ കടക്കുക. അന്നേരം അവന്റെ കയ്യിൽ ഒരു പേപ്പറും ഉണ്ടാകും. വന്ന വഴി അവൻ എല്ലാവരേയും ഒന്ന് എണ്ണി നോക്കും. എന്നിട്ട് പേപ്പറിൽ നോക്കി പേരു വിളിക്കും. മൂന്നേ മൂന്നു പേരു മാത്രമെ വിളിക്കുകയുള്ളൂ. എന്നിട്ടവൻ ആജ്ഞാപിക്കും. 'ഗെറ്റ് റെഡി..!'"
(http://chinnuvintenaadu.blogspot.com)

മരുഭൂമിയിൽ പണിയെടുക്കുന്നവരുടെ ജിവിതത്തിലെ ദുരിതങ്ങളും പ്രതിസന്ധികളുമാണ് നോവലിസ്റ്റ് പകർത്തുന്നത്. ബെന്യാമിന്റെ 'ആടുജീവിത'വുമായി സാമ്യം തോന്നുന്ന ആഖ്യാനമാണ് നോവലിനുള്ളത്. വസ്തുതകൾ നേരിട്ടു കാണുന്ന അനുഭവം എഴുത്തിൽ പ്രതിഫലിക്കുന്നു. ഓരോ അദ്ധ്യായത്തിനും മുൻപായി അതുവരെയുള്ള കഥ ചുരുക്കി നൽകുന്നുണ്ട്.

2010 ഡിസംബർ 9ന് ഹരിചന്ദനം എന്ന ബ്ലോഗിൽ പ്രസിദ്ധീകരിച്ചുതുടങ്ങിയ നോവലാണ് 'സ്വപ്നത്തിന്റെ അച്ചുകൾ തേടുന്നവർ'.പ്രവീൺ മീനാക്ഷിക്കുട്ടിയാണ് നോവലിസ്റ്റ്. ഹരി,വന്ദന ദമ്പതിമാരുടെ ദാമ്പത്യജീവിതത്തെ കേന്ദ്രമാക്കിയാണ് നോവൽ എഴുതപ്പെട്ടിരിക്കുന്നത്.ഐ.ടി.മേഖലയെ കേന്ദ്രീകരിച്ചാണ് കഥ വികസിക്കുന്നത്. ആ മേഖലയിലെ തൊഴിലിന്റെ സങ്കീർണ്ണത , രൂപപ്പെടുന്ന ബന്ധങ്ങൾ, പ്രതിസന്ധികൾ തുടങ്ങിയവ നോവൽ വിഷയമാക്കുന്നുണ്ട്. ആഖ്യാനത്തിൽ ശില്പഭദ്രത സൂക്ഷിക്കുവാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടില്ല.

അരുൺ ആർഷയുടെ മൂന്ന് നോവലുകൾ ബ്ലോഗിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗിസ്വാൻ ഡയറി, ഓഷ് വിറ്റ്സിലെ ചുവന്ന പോരാളി,ഏ.ഡി.1632 എന്നിവയാണ് അവ. വേറിട്ട ആഖ്യാനവഴിയിലൂടെ സഞ്ചരിക്കുന്ന നോവലിസ്റ്റാണ് അരുൺ ആർഷ എന്ന് ഈ നോവ ലുകൾ തെളിയിക്കുന്നു. ഓഷ് വിറ്റ്സിലെ ചുവന്ന പോരാളി എന്ന നോവൽ വായനക്കാരെ

ഏറെ ആകർഷിക്കുകയുണ്ടായി.നാസി ജർമ്മനിയുടെ പശ്ചാത്തലത്തിൽ ഓഷ് വിറ്റ്സ് തടങ്കൽപ്പാളയങ്ങളെ കേന്ദ്രീകരിച്ചെഴുതിയ നോവലാണത്. സുഹൃത്തായ സിജോ മുത്തച്ഛന്റെ ശേഖരത്തിൽനിന്ന് കണ്ടെത്തിയ ചില കടലാസുകൾ തനിക്ക് അയച്ചുതന്നത് വായിച്ച് നോവൽരചനയിലേക്ക് കടന്ന കഥയാണ് നോവലിന്റെ ആദ്യ അദ്ധ്യായത്തിൽ വിവരിക്കുന്നത്. തുടർന്ന് നോവലിലെ പ്രധാന കഥാംശത്തിലേക്ക് കടക്കുന്നു. ക്രൂരതയുടെ പര്യായമായ ഹിറ്റ്ലർക്കെതിരെ ചെറുത്തുനിന്ന ജൂതന്മാരുടെ പോരാട്ടത്തിന്റെ കഥയാണ് നോവലിലുള്ളത്. നോവലിസ്റ്റ് എഴുതുന്നു:

"ഒരു കോടിയോളം യഹൂദരെ നിർദ്ദയം കൊന്നുതള്ളിയ നടപടി"ഹോളോകോസ്റ്റ്" എന്നറിയപ്പെടുന്നു. അപമാനവീകരണം ആയിരുന്നു ഹോളോകോസ്റ്റിന്റെ ഒന്നാം ഘട്ടം. അവകാശങ്ങൾ നിഷേധിച്ചും പൗരത്വം റദ്ദാക്കിയും യഹൂദരെ സാമൂഹികമായി ഒറ്റപ്പെടുത്തി. ആരാധനാലയങ്ങളും കച്ചവടസ്ഥാപനങ്ങളും തച്ചുതകർത്തും പൊതുനിരത്തുകളിൽ പരസ്യമായി കയ്യേറ്റം ചെയ്തും അവരെ ഭയത്തിനടിമപ്പെടുത്തി. ഗസ്റ്റപ്പോ എന്നൊരു സായുധവിഭാഗമാണ് അതിനു നേതൃത്വം നൽകിയിരുന്നത്. സ്ത്രീപുരുഷ ഭേദമെന്യേ ജൂതരെ കൂട്ടായി അറസ്റ്റുചെയ്ത് ചരക്കുതീവണ്ടികളിലും ട്രക്കുകളിലും കുത്തിനിറച്ച് തടങ്കൽപ്പാളയങ്ങളിലേക്ക് അയച്ചു. കുട്ടികളും വൃദ്ധരും വികലാംഗരും ഉൾപ്പെട്ട "അനാരോഗ്യർ" ക്ഷണത്തിൽത്തന്നെ ഗ്യാസ് ചേമ്പറുകളിൽ അടയ്ക്കപ്പെട്ടു. അവശേഷിച്ചവർ പട്ടിണിയും പീഡനങ്ങളും ഏറ്റുവാങ്ങി സാവധാനം എരിഞ്ഞടങ്ങി"(അരുൺ ആർഷ,2013:182)

സാധാരണമല്ലാത്ത പ്രമേയപരിസരം തേടിപ്പോകുന്നു എന്നതാണ് ഈ നോവലിസ്റ്റിന്റെ പ്രത്യേകത. ട്രൂജിലോ എന്ന ദേശത്തെ പശ്ചാത്തലമാക്കി, പ്രഭുകുടുംബങ്ങളെ കേന്ദ്രമാക്കി എഴുതപ്പെട്ട നോവലാണ് ഏ.ഡി.1632. 'ആറിലൊരാൾ പരേതൻ' എന്ന പേരിൽ ഒരു ക്രൈം നോവലും അദ്ദേഹം എഴുതിയിട്ടുണ്ട്.(ബാസിൽ സി.പി. http://bcpkannur.blogspot.com,26.06.2012)

എന്റെ പാറുക്കുട്ടി,കുട്ടിമാളു (ജെ.പി.വെട്ടിയാട്ടിൽ) ലാഭം തിരയുന്നവർ (സോണി ജോസഫ്) പ്രിയപ്പെട്ട മകനേ (ജയിംസ് സണ്ണി പാറ്റൂർ)ഓരോ കഥയുടേയും ജനനം ( റ്റോംസ്

കോന്നമഠം) ഭാര്യ (ഷാഹിൽ കൊടശ്ശേരി) തുടങ്ങിയ നോവലുകളും സൈബറിടത്തിൽ കാണുന്നു. ഇവയ്ക്കു പുറമേ മറ്റു ഭാഷകളിൽനിന്ന് പരിഭാഷപ്പെടുത്തിയ നോവലുകളും കാണാം.

മലയാളസാഹിത്യത്തിൽ പ്രധാനമായ സ്ഥാനം അലങ്കരിക്കുന്ന ഒരു സാഹിത്യരൂപമാണ് നോവൽ. എന്നാൽ സൈബറിടത്തിൽ അത് വളരെ ദുർബലമായിരിക്കുന്നു എന്നാണ് കാണുന്നത്.വേഗത്തിന്റെ മാധ്യമമായ സൈബറിൽ ,രചനയിൽ ക്ഷമയും സമയവും ആവശ്യപ്പെടുന്ന ഈ സാഹിത്യരൂപം വേണ്ടത്ര ശോഭിക്കുന്നില്ല എന്നാണ് ബോധ്യ മാവുന്നത്. എഴുത്തുകാരുടെ മനോഭാവവും ഇതിനു തടസ്സമാകുന്നുണ്ട്. താളുകൾക്ക് പരിധി യില്ലാത്ത നവമാധ്യമത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താനാവുമെങ്കിലും നോവൽ രചനയിലേക്ക് കടക്കുന്നവർ ഈ മാധ്യമത്തിൽ നന്നേ കുറവാണ്. ആവിഷ്കരണത്തിൽ നൂതനമായ അനവധി സാദ്ധ്യതകൾ നവമാധ്യമത്തിലുണ്ട്. ഉൾക്കൊള്ളാനുള്ള ശേഷി, അരേഖീയത, ഇടപെടലുകൾക്കുള്ള സാദ്ധ്യത, ഒന്നിൽനിന്ന് അനേകം താളുകളിലേക്ക് തുറക്കാനുള്ള ശേഷി എന്നിവ നവമാധ്യമങ്ങളുടെ സവിശേഷതകളാണ് ( സന്തോഷ് മാനിച്ചേരി, 2015:147) ഇവയൊന്നും മലയാളത്തിലെ നവമാധ്യമ നോവലിസ്റ്റുകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

കവിതാസാഹിത്യവുമായി താരതമ്യം ചെയ്യുമ്പോൾ നവമാധ്യമങ്ങളിലെ കഥാസാഹിത്യം വേണ്ടത്ര വളർന്നിട്ടില്ലെന്ന് കാണാം.പ്രതിഭാശാലികളായ എഴുത്തുകാരുടെ അഭാവം തന്നെയാണ് ഇതിന് ഒരു കാരണം. പുതിയ പ്രമേയങ്ങൾ കണ്ടെത്താനുള്ള ശ്രമം നന്നേ കുറവാണ്. എഴുത്തിന്റെ പാരമ്പര്യവഴികളിൽ സഞ്ചരിക്കാനാഗ്രഹിക്കുന്നവരാണ് ഈ മേഖലയിലെ എഴുത്തുകാരിൽ ഭൂരിഭാഗവും. ഒരു കഥപറയുക എന്നതിൽക്കവിഞ്ഞ് മറ്റ് ലക്ഷ്യങ്ങളൊന്നും ഇവർക്കില്ല. അവ്യവസ്ഥിതമായ ഒരു സാഹിത്യരൂപമാണ് നോവൽ. ഓരോ പ്രതിഭാശാലിയുടെയും കയ്യിലെത്തുമ്പോഴാണ് അത്പ്രതിഭിന്നരൂപിയായിത്തീരുന്ന ത്. (പി.കെ.ബാലകൃഷ്ണൻ,1965:09)എന്നാൽ നവമാധ്യമങ്ങളിലെ നോവലുകൾക്ക് ഈ സവിശേഷത അവകാശപ്പെടാനാവില്ല. നോവൽ സമഗ്രതയെ ലക്ഷ്യമാക്കുന്ന സാഹിത്യ

രൂപമാണെന്ന് കെ.സുരേന്ദ്രൻ അഭിപ്രായപ്പെടുന്നു. അദ്ദേഹം സാഹിത്യരൂപങ്ങളെ താര തമ്യം ചെയ്തുകൊണ്ട് എഴുതുന്നതിങ്ങനെ:

“മനുഷ്യപ്രകൃതി ഒരു മുന്തിരിത്തോട്ടമാണെന്നിരിക്കട്ടെ.എങ്കിൽ മുന്തിരിച്ചാറാണു കവിത; മുന്തിരിക്കുല നാടകം; നോവൽ ആകെക്കൂടിയുള്ള മുന്തിരിത്തോട്ടവും”(2006:12)

സാഹിത്യരൂപത്തെ സംബന്ധിച്ച ഇത്തരം ഉൾക്കാഴ്ചകളൊന്നും നവമാധ്യമങ്ങളിലെ നോവ ലിസ്റ്റുകൾക്കില്ല. സമകാലജീവിതത്തിന്റെ വൈപരീത്യങ്ങളിൽ ഊന്നാനാണ് നോവൽ ശ്രമിക്കുന്നത്.(എം.ആർ.ചന്ദ്രശേഖരൻ, 2007:10) ഇത്തരം എളിയ ശ്രമങ്ങൾ നവമാ ധ്യമങ്ങളിലെ നോവലിൽ കാണാം.

നോവലിനെ അപേക്ഷിച്ച് ചെറുകഥ നവമാധ്യമങ്ങളിൽ മികവ് പുലർത്തുന്നതായി കാണാം. കവിതയിലെന്നപോലെ കഥയിലും ശ്രദ്ധേയമായി എഴുതുന്ന അപൂർവ്വം വ്യക്തികളുണ്ട്. നവമാധ്യമങ്ങളിലെ വിവിധ ഇടങ്ങളിലായി നിരവധി ചെറുകഥകൾ പ്രസിദ്ധീകരി ക്കപ്പെട്ടിട്ടുണ്ട്. ഉള്ളടക്കപരമായും ആഖ്യാനപരമായും മികച്ച നിലവാരം പുലർത്തുന്ന കഥകൾ ഇക്കൂട്ടത്തിലുണ്ട്. കഥകളുടെ അവതരണത്തിലും പുതുമപുലർത്താൻ പലർക്കും കഴിയുന്നു. അനുഭവത്തിന്റെ പുതിയ ലോകം അവതരിപ്പിക്കാനുള്ള ശ്രമങ്ങളുമുണ്ട്.ഇതെല്ലാം സൂചിപ്പിക്കുന്നത് നവമാധ്യമങ്ങളിലെ കഥാസാഹിത്യം നിരാശാജനകമല്ലെന്നാണ്. പുതുതലമുറയുടെ വിചാരലോകവും ജീവിതസങ്കല്പവും ഭാവനാസഞ്ചാരവും മനസ്സിലാക്കാൻ നവമാധ്യമങ്ങളിലെ കഥാസാഹിത്യം സഹായകമാണ്.

# അധ്യായം 4

## നവമാധ്യമങ്ങളിലെ കഥേതര സാഹിത്യവ്യവഹാരങ്ങൾ

നവമാധ്യമങ്ങളിലെ വ്യവഹാരസ്വരൂപത്തെ നിർണ്ണയിക്കുന്നതിൽ മാധ്യമ ത്തിനുള്ള പങ്ക് ഇതിനകം വ്യക്തമായിക്കഴിഞ്ഞു.പൊതുമണ്ഡലത്തെ ശക്തിപ്പെടു ത്തുക, പൊതുവ്യവഹാരത്തെ ചലനാത്മകമാക്കുക എന്നിവ അവയിൽ പ്രധാന മാണ്.ഒരു ജനാധിപത്യ വേദിയായി മാധ്യമത്തെ പരിവർത്തിപ്പിക്കാനാവുമെന്ന് നവമാധ്യമങ്ങൾ തെളിയിച്ചു. പൗരത്വശാക്തീകരണത്തിനുള്ള വിശാലമായവേദി യായും അത് നിലനിൽക്കുന്നു. ആഗോളീയമായിത്തന്നെ പരസ്പരബന്ധി തമായ ഒരു സമൂഹത്തെയാണ് അത് സാദ്ധ്യമാക്കിയത്. ഈരംഗത്ത് ഒരു നവവിപ്ലവം സംഭവിച്ചതായി കരുതപ്പെടുന്നു (Glen Creeber and Royston Martin,2009:5) വ്യക്തിയുടെ ചിന്തയ്ക്കും സർഗ്ഗാത്മകതയ്ക്കും സ്വതന്ത്രമായി വ്യാപരിക്കാനുള്ള ഇടം എന്ന ജനാധിപത്യസമൂഹത്തിന്റെ സ്വപ്നം യാഥർത്ഥ്യമായി. മാധ്യമങ്ങൾ ഈ ധർമ്മം നിറവേറ്റുന്നു എന്ന സങ്കല്പം തകർന്നുവീണത് ആധുനികകാലത്താണ്. ഉല്പാദനശക്തികൾ മാധ്യമങ്ങളുടെ ഉടമസ്ഥരായി വരികയും അജണ്ടകൾക്കനു സരിച്ച് മാധ്യമങ്ങൾ പ്രവർത്തിക്കുകയും ചെയ്തപ്പോഴാണ് ഈ അപചയം സംഭവി ച്ചത്.മാധ്യമരംഗത്താകെ ഒരുതരം നിശ്ചലത രൂപപ്പെട്ട സന്ദർഭത്തിലാണ് നവമാ ധ്യമങ്ങൾ ഉദയം ചെയ്തത്.ആഗോളവൽകരണത്തിന്റെ അനുകൂലസാഹചര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ മാധ്യമങ്ങൾ കാട്ടിയ താല്പര്യവും പരിഗണന അർഹി ക്കുന്ന വിഷയമാണ്.മുതലാളിത്തം ആഗോളവൽകരണത്തെ പ്രയോജനപ്പെടു ത്തുകവഴി ഒരു ആഗോള വിപണി രൂപപ്പെട്ടു.വലിയതോതിലുള്ള മുതൽമുടക്കോടു കൂടി കോർപ്പറേറ്റ്സ്ഥാപനങ്ങൾ കമ്പോളത്തിൽ ഇടപെട്ടു. ഈ പ്രവണതയിൽ നിന്ന് മാധ്യമങ്ങളെയും മാറ്റിനിർത്തിയില്ല. മറ്റേതൊരു വ്യവസായത്തെയും പോലെ ലാഭം കൊയ്യാനുള്ള ഒരു കമ്പോളമായി മാധ്യമത്തെയും മുതലാളിത്തം തിരിച്ചറിയുകയും മുതൽമുടക്കുകയും ചെയ്തു. മാധ്യമമേഖലയിൽ വലിയ പ്രത്യാഘാ

തങ്ങൾക്ക് കാരണമായ പ്രവണതയായിരുന്നു ഇത്.മൂലധനശക്തികളും കോർപ്പറേറ്റുകളും കൈകോർത്തതോടെ മാധ്യമവും വ്യവസായവും ഒരുപോലെ അഭിവൃദ്ധിപ്പെട്ടു.ഈ അഭിവൃദ്ധി പൊതുജനതാല്പര്യത്തിന് അനുഗുണമായിരുന്നില്ല എന്നതാണ് ഖേദകരം.സമൂഹത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന പൊതുമണ്ഡലത്തിന്റെ വ്യാപ്തി ചുരുങ്ങുകകൂടി ചെയ്തു.ആ സ്ഥാനത്ത് മാധ്യമങ്ങൾ സ്ഥാനം പിടിക്കുന്ന സ്ഥിതി രൂപപ്പെട്ടു.ഇതുകൊണ്ടുള്ള പ്രയോജനം ലഭിച്ചത് മുതലാളിത്തത്തിനായിരുന്നു.അതിർത്തികൾ കടന്നുള്ള വ്യാപാര – വാണിജ്യബന്ധങ്ങളെ ശാക്തീകരിക്കാനാണ് ഈ സാഹചര്യം ഉപകരിച്ചത്. നവസാങ്കേതിക രംഗത്തുണ്ടായ വിപ്ലവകരമായ മുന്നേറ്റം വിജ്ഞാനരംഗത്തുണ്ടായ വികാസമായി വിലയിരുത്തുമ്പോഴും അതിനു പിന്നിൽ നിലയുറപ്പിക്കുന്നത് മൂലധനശക്തികളാണെന്ന വസ്തുത നിലനിൽക്കുന്നു. നവസാങ്കേതകവിദ്യയും മുതലാളിത്തവും മാധ്യമവും ഒന്നിച്ച് വളരുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്.അതിന്റെ ഗുണവും ദോഷവും സമ്മിശ്രമായി അനുഭവപ്പെടുന്ന സാമൂഹികസാഹചര്യമാണ് നിലനിൽക്കുന്നത്.നവമാധ്യമങ്ങളിലെ വ്യവഹാരത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ഈ ഘടകങ്ങളെല്ലാം പരിഗണിക്കപ്പെടേണ്ടതുണ്ട്.

ബഹുജനവിനിമയത്തിന്റെ (mass communication) വിശാലമായ പരിസരത്തിലേക്കാണ് നവമാധ്യമങ്ങൾ കടന്നുവന്നത്.മാധ്യമങ്ങൾ വിനിമയമേഖലയിൽ നൂതനമായ പല പടവുകളും താണ്ടിയാണ് നവമാധ്യമങ്ങളിലെത്തിനിൽക്കുന്നത്.പൊതുസമൂഹത്തിന്റെ ജീവിതശൈലിയിൽ മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം എക്കാലത്തെക്കാളും ഇന്ന് പ്രസക്തമായിരിക്കുന്നു. മാർഷൽ മക് ലൂഹൻ മാധ്യമങ്ങളെ തപ്തം, ശീതം എന്ന് വേർതിരിച്ച് അവയുടെ പ്രത്യേകതകൾ വിശദീകരിക്കുമ്പോൾ, തപ്തമാധ്യമങ്ങളുടെ വലിയ പരിമിതി ഉയർന്നതോതിലുള്ള വ്യാഖ്യാനക്ഷമതയായിരുന്നു. നോം ചോംസ്കിയുടെ മാധ്യമവിചാരങ്ങളിൽ വ്യക്തമാക്കപ്പെട്ട, മാധ്യമങ്ങളുടെ സമ്മതിനിർമ്മിതിയും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതുണ്ട്.ഇതിന്റെയെല്ലാം ആകെത്തുകയായി രൂപപ്പെട്ട ആശയമേഖല നില

വിലുള്ള മാധ്യമങ്ങളുടെ സ്വഭാവം വെളിപ്പെടുത്തി.അച്ചടിമാധ്യമങ്ങൾ കയ്യാളുന്ന പ്രവണതകൾ ചൂണ്ടിക്കാണിക്കപ്പെട്ടു.ബൃഹത്തായ ഉല്പാദനം അതിൽ പ്രധാനപ്പെട്ട ഒരു ഘടകമായിരുന്നു.ഇത് വിപണിമൂല്യത്തെ ലക്ഷ്യമാക്കാൻ മാധ്യമങ്ങളെ പ്രോൽസാഹിപ്പിച്ചു.പത്രങ്ങൾ ഉപയോഗിച്ചുപോന്ന ഭാഷയെക്കുറിച്ചും ഈ ഘട്ട ത്തിൽ ചിന്തിച്ചുതുടങ്ങി.പ്രാദേശികഭാഷകളെ പത്രമാധ്യമങ്ങൾ കയ്യൊഴിഞ്ഞു. പകരം മാനകഭാഷ (standard language) സ്വീകരിക്കപ്പെട്ടു.സംസ്കാരത്തിലും ഒരു മാനകീകരണം പത്രമാധ്യമങ്ങൾ കൊണ്ടുവന്നു.വസ്തുതകളെ സവിശേഷമായി നോക്കിക്കാണുന്ന രീതിയാണ് അവ അവലംബിച്ചത്.ഏകാകിയും നിശബ്ദനുമായ വായനക്കാരനെയാണ് അച്ചടിമാധ്യമങ്ങൾ സൃഷ്ടിച്ചത്.മാധ്യമത്തിന്റെ വീക്ഷണ കോണിലേക്ക് വായനക്കാരനെ നയിക്കുന്ന രീതിയാണ് അവ പിൻതുടർ ന്നത്.വിശദാംശങ്ങൾ ഉള്ളടക്കത്തിൽത്തന്നെ നല്കുകവഴി ഉള്ളടക്കവുമായി വായന ക്കാരന് സംവദിക്കാൻ അവസരമില്ലാതായി. എല്ലാ രംഗത്തും നിലവാര പ്പെടുത്തൽ ( standardization) കൊണ്ടുവരുന്നതിൽ ഈ മാധ്യമങ്ങൾ ശ്രദ്ധിച്ചു. ഇത് മുതലാളിത്ത സമൂഹത്തിന്റെ വികാസത്തിന് സഹായകമായി.സങ്കുചിതമായ സാംസ്കാരിക മേൽക്കോയ്മയ്ക്ക് സഹായം ചെയ്യുന്നതായിരുന്നു ഇതെല്ലാം. അച്ചടി മാധ്യമങ്ങളുടെ ഈ സ്വഭാവങ്ങൾക്ക് ഇക്കാലത്തും കാര്യമായ മാറ്റം വന്നിട്ടില്ല എന്നതാണ് വാസ്തവം.

ദൃശ്യമാധ്യമങ്ങളുടെ വരവോടെ മാധ്യമരംഗത്ത് കാര്യമായ മാറ്റങ്ങൾ വരുന്നതാണ് പിന്നീട് കണ്ടത്.കുറഞ്ഞതോതിലുള്ള വിവരങ്ങൾ നിശ്ചിത സമ യത്ത് പ്രേക്ഷകനിലെത്തിക്കുക എന്നത് ദൃശ്യമാധ്യമങ്ങൾ നേരിട്ട പ്രധാന വെല്ലു വിളിയാണ്. പ്രേക്ഷകന് പൂരിപ്പിക്കാനുള്ള ഇടങ്ങൾ നൽകിക്കൊണ്ടായിരുന്നു ദൃശ്യമാധ്യമങ്ങൾ ഉള്ളടക്കം വിനിമയം ചെയ്തത്.നിത്യജീവിതത്തിന്റെ തനിപ്പ കർപ്പായി മാറാൻ ദൃശ്യമാധ്യമങ്ങൾക്ക് കഴിഞ്ഞു. സംസ്കാരത്തിന്റെ വികേന്ദ്രീ കരണമായിരുന്നു അതിന്റെ ഏറ്റവും വലിയ പ്രത്യേകത.പ്രാദേശികഭാഷയെ മാധ്യ മത്തിലേക്ക് തിരികെ കൊണ്ടുവരാനും ഈ മാധ്യമത്തിനായി. നൈസർഗ്ഗികത (Spontaneity) അടുപ്പം (Intimacy) അനൗപചാരികത (Informality) അപൂർണ്ണത

(Incompleteness) എന്നിവ ദൃശ്യമാധ്യമത്തിന്റെ പ്രത്യേകതകളായി വിലയിരുത്തപ്പെട്ടു. പ്രേക്ഷകരുടെ ക്രിയാത്മകമായ പങ്കാളിത്തം ഈ മാധ്യമത്തിനുണ്ടായിരുന്നു. ലോകത്തെമ്പാടുമുള്ള വിവിധലക്ഷ്യങ്ങളിലേക്ക് ( Multi - directional) വിനിമയം നടത്താൻ ദൃശ്യമാധ്യമത്തിനു കഴിഞ്ഞു. മക് ലൂഹൻ വിഭാവനചെയ്ത ആഗോളഗ്രാമം (Global village) എന്ന ആശയത്തിലേക്ക് ലോകം കടന്നുപോകുന്ന സാഹചര്യമാണ് സംജാതമായത്. എന്നാൽ വിനിമയമേഖലയെ മുതലാളിത്തശക്തികൾ മാധ്യമഭേദം കൂടാതെ ഒറ്റഘടനയായി പരിഗണിക്കുകയും ലാഭംകൊയ്യാനുള്ള മാർഗ്ഗമായി കാണുകയും ചെയ്യുന്ന സ്ഥിതിയാണ് പിന്നീടുണ്ടായത്. എല്ലാ വിനിമയസമ്പ്രദായങ്ങളെയും ഒന്നാകെ വരുതിയിലാക്കാനുള്ള മൂലധനശക്തികളുടെ ശ്രമം വിജയംകണ്ടതോടെ ദൃശ്യമാധ്യമങ്ങൾ രൂപപ്പെടുത്തിയ ജനാധിപത്യത്തിന്റെ തലം നഷ്ടമായി.ഈ പോരായ്മകൾ മാധ്യമരംഗത്തെ ചൂഴ്ന്നുനിൽക്കുന്ന സന്ദർഭത്തിലാണ് നവമാധ്യമങ്ങൾ ഉദയം ചെയ്തത്. നിലനിന്നിരുന്ന മാധ്യമങ്ങളുടെ പരിമിതികളെ ഉയർന്നതോതിൽ മറികടക്കാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞു .നവമാധ്യമങ്ങളിലെവ്യവഹാരത്തെ സവിശേഷമായി പഠിക്കേണ്ട സാഹചര്യം ഇതാണ്.

കഥാസാഹിത്യത്തിനു പുറമേ കഥേതരസാഹിത്യത്തിനും വളരാൻ പറ്റിയ ഇടമായി നവമാധ്യമങ്ങൾ തിരിച്ചറിയപ്പെട്ടിട്ടുണ്ട്.പൊതുസമൂഹത്തിന് താല്പര്യമുള്ള വിഷയങ്ങൾ കുറിപ്പുകളായും നിരൂപണലേഖനങ്ങളായും ആസ്വാദനങ്ങളായും നവമാധ്യമങ്ങളിൽ കടന്നുവരുന്നു. വെബ്സൈറ്റുകളായിരുന്നു ഈ രംഗത്തെ ആദ്യകാല മാതൃക. മലയാളത്തിലെ ആദ്യ വെബ്സൈറ്റായ ദീപിക ഡോട്ട് കോം തുറന്നുവച്ച നവമാധ്യമ വ്യവഹാര മണ്ഡലം ക്രമേണ വികസ്വരമാകുന്നതാണ് കണ്ടത്. മലയാളത്തിലെ വർത്തമാന പത്രങ്ങൾ സ്വന്തം വെബ്സൈറ്റുകൾ ആരംഭിച്ചുകൊണ്ട് നവമാധ്യമസാന്നിദ്ധ്യം അറിയിച്ചു.പിന്നീട് ആ സ്ഥാപനങ്ങൾ പത്രങ്ങളുടെ ഓൺലൈൻ പതിപ്പുകൾ പ്രത്യേകം ആരംഭിച്ച് ആ വഴിക്കുള്ള പ്രവർത്തനത്തിന് വേഗതകൂട്ടി.അച്ചടിമാധ്യമത്തിൽ ഇടം ലഭിക്കാതെ പോകുന്ന വാർത്തകൾകൂടി ഓൺ ലൈൻ പതിപ്പുകളിൽ ഉൾപ്പെടുത്തുന്നതിൽ ആ പ്രസിദ്ധീ

കരണങ്ങൾ ശ്രദ്ധിച്ചു.മാത്രമല്ല വാർത്തകൾ നിരന്തരം പുതുക്കുന്നതിനും പുതിയ വാർത്തകൾ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിച്ചു.വിവരവിനിമയത്തിൽ ഇതൊരു പുതിയ അദ്ധ്യായത്തിനു തുടക്കം കുറിച്ചു.ഈ വികാസം നടന്നുകൊണ്ടിരി ക്കുമ്പോഴാണ് ബ്ലോഗ് എന്ന മാധ്യമത്തിന്റെ കടന്നുവരവുണ്ടായത്.ഒരു സമാന്തര മാധ്യമത്തിന്റെ സ്വഭാവം പ്രകടിപ്പിച്ചുകൊണ്ട് ബ്ലോഗുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഇത് പത്രപ്രവർത്തന രംഗത്തുതന്നെ പുതുചലനങ്ങൾക്ക് തുടക്കമായി. സിറ്റിസെൻ ജേർണലിസ (citizen journalism) ത്തിന്റെ തുടക്കമായിരുന്നു ഇത്. വിവരങ്ങൾ ഏറ്റവും ആദ്യം ലഭ്യമാകുന്ന മാധ്യമമായി ബ്ലോഗുകൾ വളർന്നു.ഈ വളർച്ചയുടെ അടുത്ത ഘട്ടമായിരുന്നു സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളുടെ ആവിർ ഭാവം.വിവരവിനിമയത്തിന്റെയും സംവാദത്തിന്റെയും പുതിയ തുറസ്സുകളാണ് ഇത്തരം സൈറ്റുകൾ ഒരുക്കിത്തന്നത്.സ്മാർട്ട് ഫോണുകൾ വ്യാപകമാവുകയും അവയിൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാകുകയും ചെയ്തതോടെ വികാസത്തിന്റെ മറ്റൊരു ഉയരംകൂടി നവമാധ്യമങ്ങൾ നേടി.ഇന്റർനെറ്റ് എന്ന ആഗോളവലയ്ക്കകത്ത് സാദ്ധ്യമാകുന്ന വിനിമയസംവിധാനങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളും ഗവേഷ ണങ്ങളും സമാന്തരമായി നടക്കുന്നുണ്ടായിരുന്നു.ആവശ്യമായ സോഫ്റ്റ് വെയറുകളും ആപ്പുകളും നിർമ്മിക്കപ്പെട്ടു.മൾട്ടി മീഡിയയുടെ വിനിമയസാദ്ധ്യത നല്ലനിലയിൽ ചൂഷണം ചെയ്യപ്പെട്ടു.അതിന്റെയെല്ലാം ആകെത്തുകയാണ് ഇന്ന് നവമാധ്യമങ്ങൾ സാദ്ധ്യമാക്കിയ വിനിമയരൂപങ്ങൾ.

സാങ്കേതിക വിപ്ലവത്തോടൊപ്പം വളർന്നുവന്ന മാധ്യമലോകത്തെ വില യിരുത്തുമ്പോൾ നവമാധ്യമങ്ങളും അതുയർത്തിക്കൊണ്ടുവന്ന വ്യവഹാരസന്ദർ ഭങ്ങളും പരിഗണനയർഹിക്കുന്നു.അവയിൽ കഥേതരസാഹിത്യ വ്യവഹാരത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്.ജനാധിപത്യത്തിന്റെ നാലാംതൂണ് എന്ന വിളിപ്പേ രുള്ള മാധ്യമം ഒരു പടികൂടി മുന്നേറിക്കഴിഞ്ഞു.നവമാധ്യമങ്ങളാണ് അതിന് വഴിയൊരുക്കിയത്.അതുകൊണ്ടാണ് നവമാധ്യമങ്ങളെ ജനാധിപത്യത്തിന്റെ അഞ്ചാം തൂണ് എന്ന് വിളിക്കാനിടയായത്.ഉദാരജനാധിപത്യത്തിന്റെ ആഗോളാ ന്തരീക്ഷം സൃഷ്ടിക്കുന്ന ഇടമായി നവമാധ്യമങ്ങളെ തിരിച്ചറിയുന്നു. (Croteau and

Hoynes; 2003; 322) പൊതുമണ്ഡലങ്ങൾ നഷ്ടമായ ആധുനിക ലോകക്രമത്തിൽനിന്ന് പുതിയമട്ടിലുള്ള പൊതുമണ്ഡലത്തെ രൂപപ്പെടുത്തിയ ആധുനികാനന്തര ക്രമത്തിലേക്ക് ലോകം വികസിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. പൗരകേന്ദ്രീകൃതമായ ജനാധിപത്യത്തിലേക്കുള്ള മാറ്റത്തിന് ഇത് വഴിതെളിയിച്ചതായി നിരീക്ഷിക്കപ്പെടുന്നു.( (James Curran; 2006; 278)

'വ്യക്തിഗത ബ്ലോഗുകൾ, വ്യക്തിഗതമോ സംഘടിതമോ ആയി രൂപപ്പെടുന്ന ഫേസ്ബുക്ക് പോലുള്ള ഇന്ററാക്ടിവ് മാധ്യമക്കൂട്ടായ്മകൾ, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ ശ്രദ്ധചെലുത്തുന്ന ഓൺലൈൻ ജേണലുകൾ, പത്രങ്ങളോ വാർത്താചാനലുകളോ സ്വതന്ത്ര ഏജൻസികളോ നടത്തുന്ന ന്യൂസ് പോർട്ടലുകൾ എന്നിങ്ങനെ മുഖ്യമായും നാല് മണ്ഡലങ്ങളിലാണ് മലയാളിയുടെ നവമാധ്യമ ഇടപെടലുകളുടെ രാഷ്ട്രീയം തിടം വയ്ക്കുന്നത്.' (ഷാജി ജേക്കബ് ; 2016 ; 16 )

നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മലയാള കഥേതര സാഹിത്യത്തെക്കുറിച്ചാണ് ഇനി അന്വേഷിക്കാനുള്ളത്.ചിന്തയുടെയും സർഗ്ഗാത്മകതയുടെയും സാന്നിദ്ധ്യംകൊണ്ട് സമ്പന്നമാണ് ഈ മേഖല.വിജ്ഞാനത്തിന്റെ കലവറ എന്ന നിലയിൽ നവമാധ്യമ ഇടത്തെ മലയാളി അംഗീകരിച്ചുകഴിഞ്ഞു.ആധികാരികതയെച്ചൊല്ലി ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന തർക്കങ്ങൾ ഇപ്പോൾ ഏതാണ്ട് അസ്തമിച്ചു.ആധികാരികത എന്ന സങ്കല്പനംതന്നെ ഉത്തരാധുനിക സമൂഹം തള്ളിക്കളഞ്ഞിരിക്കുന്നു. ആഗോളവൽകരണവും നവസാങ്കേതികതയും രൂപപ്പെടുത്തിയ സാമൂഹികസാഹചര്യം ഇതിനു കാരണമായിട്ടുണ്ട്. വിജ്ഞാനസംബന്ധമായ സംശയങ്ങൾ തീർക്കുവാൻ പെട്ടെന്ന് ആശ്രയിക്കാവുന്ന സ്ഥലമായി നവമാധ്യമങ്ങൾ മാറി.അനേകം വെബ്സൈറ്റുകളിലും വിജ്ഞാനകോശങ്ങളിലും ഡിജിറ്റൽ ലൈബ്രറികളിലുമായി സംഭരിച്ചുവച്ചിരിക്കുന്ന വിജ്ഞാനം മലയാളിയുടെ ജീവിതത്തെ ചലനാത്മകമാക്കുന്നുണ്ട്.പഴയ വിവരങ്ങളുടെ നിർജ്ജീവമായ ശേഖരം എന്ന നിലയിലല്ല അവ നിലനിൽക്കുന്നത്.

വർത്തമാനകാല വ്യവഹാരസാഹചര്യങ്ങളോട് സംവദിക്കുന്ന ആശയങ്ങൾ എന്ന നിലയിൽക്കൂടിയാണ് അവ പരിഗണിക്കപ്പെടേണ്ടത്. നിരന്തരം പുതുക്കപ്പെടുന്നു എന്നത് നവമാധ്യമത്തിലെ വ്യവഹാരരൂപങ്ങളുടെ പ്രത്യേകതയാണ്.അവിടെ അറിവുകൾ കൂട്ടിച്ചേർക്കുകയോ പരിഷ്കരിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു. ഇത് വ്യവഹാരത്തെ സജീവവും സമകാലികവുമായിരിക്കാൻ സഹായിക്കുന്നു.

വെബ്സൈറ്റിന്റെ പരിധിക്കകത്ത് പ്രവർത്തിക്കുമ്പോഴും നൂതനമായ വ്യവഹാരരൂപങ്ങളെ സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്നതാണ് സാമൂഹിക സമ്പർക്ക സൈറ്റുകളുടെ പ്രത്യേകത.വെബ്2.0യുടെ സൃഷ്ടിയായ വെബ്സൗകര്യങ്ങളാണ് ഇതിനു വഴിതെളിച്ചത്.വിക്കിപീഡിയപോലെയുള്ള പങ്കാളിത്ത സംരംഭങ്ങൾ, ഫെയ്സ്ബുക്ക് പോലെയുള്ള സാമൂഹിക സമ്പർക്ക മേഖലകൾ, ബ്ലോഗ്, യൂട്യൂബ് പോലെയുള്ള വീഡിയോ കൈമാറ്റ സൈറ്റുകൾ, വാട്സ് ആപ്പ് പോലെയുള്ള ഇൻസ്റ്റന്റ് മെസേജ് സംവിധാനങ്ങൾ, പ്രതീതിവിനോദ സൈറ്റുകൾ എന്നിവ ഈ പരിധിയിൽ വരുന്നവയാണ്. ഇവയിലാകമാനമായി പരന്നുകിടക്കുന്ന കഥേതര വ്യവഹാരരൂപങ്ങൾ ഗൗരവതമായ പഠനം അർഹിക്കുന്നു.നവമാധ്യമങ്ങളിലെ കഥേതരവ്യവഹാരമേഖല വിപുലമാണ്.ലഘുകുറിപ്പുകൾ മുതൽ ദീർഘമായ പ്രബന്ധങ്ങളും പുസ്തകങ്ങളുംവരെ അതിന്റെ പരിധിയിൽ വരുന്നു. ഭാഷാവ്യവഹാരങ്ങളും ഭാഷേതരവ്യവഹാരങ്ങളും അവയിലുണ്ട്.സ്കെച്ചുകൾ, കാരിക്കേച്ചറുകൾ, കാർട്ടൂണുകൾ, ചിത്രങ്ങൾ,വീഡിയോകൾ,ട്രോളുകൾ എന്നിവ ഭാഷയ്ക്ക് പ്രാധാന്യം നൽകുന്നവയല്ല. ശബ്ദം മാത്രമായി വിനിമയം ചെയ്യുന്ന സൈറ്റുകളും ഉണ്ട്.

നവമാധ്യമങ്ങളിലെ കഥേതരസാഹിത്യ വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ നിരവധിയാണ്.മറ്റു മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വ്യവഹാരരൂപങ്ങളെല്ലാം ഇവിടെയും കാണാം.നവമാധ്യമത്തിനു മാത്രം സാദ്ധ്യമാകുന്ന വ്യവഹാരങ്ങളും അവയോടൊപ്പം കാണുന്നു. കല,സാഹിത്യം, സംഗീതം, സിനിമ,ഫാഷൻ,സ്പോട്സ്,മാധ്യമം,സാങ്കേതികവിദ്യ,വിദ്യാഭ്യാസം,സാമ്പത്തി

കം,വൈദ്യം,മതം,ആത്മീയത,വ്യവസായം,ശാസ്ത്രം,സൗന്ദര്യം,യാത്ര,തൊഴിൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച ലേഖനങ്ങളും കുറിപ്പുകളും നവമാധ്യമ ങ്ങളിൽ കാണാം. ബ്ലോഗുകളിലും ബ്ലോഗ് ഗ്രൂപ്പുകളിലും വെബ്സൈറ്റുകളിലും പോർട്ടലുകളിലുമായി ഇവ പരന്നുകിടക്കുന്നു.ആവശ്യക്കാർക്ക് വേഗത്തിൽ കണ്ടെ ത്താൻ കഴിയുന്നു എന്നത് ഈ മാധ്യമത്തിന്റെ പ്രത്യേകതയാണ്.ഒരു വിഷ യത്തെ സംബന്ധിച്ച നിരവധി ലേഖനങ്ങളും കുറിപ്പുകളും കാണാവുന്നതാണ്.

ലേഖനം, വാർത്ത, അഭിമുഖം,ആത്മകഥ, യാത്രാവിവരണം,ലഘു കുറിപ്പുകൾ, ആസ്വാദനം, അഭിപ്രായം, സംവാദം,അറിയിപ്പ്,കത്ത്, ഡയറി ക്കുറിപ്പ്, ഉദ്ധരണികൾ, ചൊല്ലുകൾ, വിവരണങ്ങൾ എന്നിങ്ങനെ നിരവധി കഥേതരവ്യവഹാരരൂപങ്ങൾ നവമാധ്യമത്തിലുണ്ട്.

## 4.1 വാർത്ത

പത്രവും ടെലിവിഷനും റേഡിയോയും വാർത്തയുടെ പ്രധാന സ്രോത സ്സായിരുന്ന കാലം കഴിഞ്ഞു.ഇക്കാലത്ത് ഏറ്റവുമാദ്യം വാർത്തകളെത്തിക്കുന്നത് നവമാധ്യമങ്ങളാണ് എന്ന സ്ഥിതി സംജാതമായിരിക്കുന്നു. നവമാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ നിജസ്ഥിതിയും വിശദാംശങ്ങളും അറിയുന്നതിനാണ് പലരും മറ്റ് മാധ്യമങ്ങളിലേക്ക് ശ്രദ്ധതിരിക്കുന്നത്.മറ്റു മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ പ്രചാരണത്തിനുള്ള വേദിയായും നവമാധ്യമത്തെ പ്രയോജന പ്പെടുത്തുന്നുണ്ട്.

മലയാള പത്രങ്ങളുടെയും ആകാലികങ്ങളുടെയും ഓൺലൈൻ പോർട്ടലു കൾ,ടൈംസ് ഓഫ് ഇന്ത്യയുടെ സമയം, ,ഇ പത്രം, സിറ്റി ന്യൂസ് ഇന്ത്യ, കെ വാർത്ത, ആറ്റിങ്ങൾ വാർത്ത (ലോക് സഭാമണ്ഡലം അടിസ്ഥാനമാക്കിയുള്ള

ഇന്ത്യയിലെ ആദ്യ പ്രാദേശിക വാർത്താ പ്രസിദ്ധീകരണം) ,ഇ വാർത്ത,വൺ ഇന്ത്യ മലയാളം (one india Malayalam) മറുനാടൻ മലയാളി,ഗിസ്ബോട്ട് മലയാളം,ഖത്തർ ടൈംസ്,ഗുഡ് റിട്ടേൺസ് മലയാളം,മെട്രോ മാറ്റിനി.കോം, മലയാളം ഇ.മാഗസിൻ.കോം, പ്രതിപക്ഷം, ഡയിലി ഹണ്ട്,ന്യൂസ് മൊമെന്റ്സ്, ഇന്ത്യൻ എക്സ്പ്രസ്സിന്റെ ഐഇ മലയാളം, ഡൂൾ ന്യൂസ്,ഐറിഷ് മലയാളി, കാസർകോട് വാർത്ത, പ്രവാസി ശബ്ദം, ഫിൽമിബീറ്റ് മലയാളം,ഡിജിറ്റ്,ഐ വിറ്റ്നസ് ന്യൂസ്, ഈനാട് ഇന്ത്യ, മലയാളം ന്യൂസ് പ്രസ്സ്, യു.കെ.മലയാളം പത്രം, മലയാളം ഡെയ്ലി ന്യൂസ്,പത്രം ഓൺ ലൈൻ, മലയാളം വെബ് ദുനിയ,മലയാളം യുകെ, ഇ വാർത്ത, കേരള ഫാർമർ, ഈസ്റ്റ് കോസ്റ്റ് ഡെയിലി, ട്രൂവിഷൻ ന്യൂസ്, ദ ഇന്ത്യൻ ടെലഗ്രാം, മലയാളി വാർത്ത, ബിഗ് ന്യൂസ് ലൈവ്, കേരള ഓൺലൈൻ ന്യൂസ്,വൈഗ ന്യൂസ്,മലയാളം ഇ – മാഗസിൻ, അഴിമുഖം, ഏഷ്യൻ ഗ്രാഫ്, മലയാളി, മലയാളി വാർത്ത, സൗത്ത് ലൈവ്അന്വേഷണം, അലക്കുകമ്പനി, അശ്വമേധം,ആഴ്ചവട്ടം,ഇന്ദുലേഖ, ഈണം, ഉത്തരദേശം, എൻ ആർ ഐ മലയാളി, ഐബിസി ലൈവ്, ഓസ്ട്രേലിയ മലയാളം, ഓസീസ് മലയാളം, കണിക്കൊന്ന, കേച്ചേരി, കേരള എക്സ്പ്രസ്, കേരള ടുഡേ, കേരള ടോക്ക്സ്, കേരള ന്യൂസ് ലൈവ്, കേരൾപോസ്റ്റ്, കേരള ഫ്ലാഷ് ന്യൂസ്, കേരള സിനിമ, കേരളം, കേരളവാച്ച്, കേരളവേദി, കേരളാ ഓൺ ലൈവ്, കേരളീയം ഓൺലൈൻ, ഗൾഫ് മലയാളി, ജനറൽ ഡെയ്‌ലി, , ജ്യോതിസ്, ജാലകം, ഡിസൈപ്പിൾ ന്യൂസ്, തണൽ ഓൺലൈൻ, തനിമലയാളം, തുലിക ഓൺ ലൈൻ, ദ മലയാളി, ദില്ലിപോസ്റ്റ്, ദീപം ഓൺലൈൻ, ദീപനാള, ദേശവാണി, നമ്മുടെ മലയാളം, ന്യൂസ് ഓഫ് കേരള, ന്യൂസ് കേരളാ ഓൺലൈൻ, ന്യൂസ് പ്ലസ്, ന്യൂസ് ഹൌസ്, നല്ല കുടുംബം, നാട്ടുപച്ച, നാട്ടുപത്രം, നാട്ടുവാർത്ത, പദമുദ്ര, പ്രവാസം, പ്രവാസലോകം, പ്രവാസി ഓൺലൈൻ, പ്രവാസി വാർത്ത, പ്രാദേശികം, പുലർകാലം' പുഴ, പാഥേയം, ബ്രിട്ടീഷ് മലയാളി, മുംബൈ മലയാളി, മലയാള നാട്, മലയാള സാഹിതി, മലയാളീ സംഗമം, യൂകെ വാർത്ത, യൂത്ത് കേരള, യുവം മലയാളം, യാത്രകൾ, യാഹു മലയാളം, വാർത്താ കൈരളി,

വാർത്താ മലയാളം, വാർത്താ കേരളം, വൈറ്റ്ലൈൻ ഗ്രൂപ്പ്, സംഗമ ഭൂമി, സൈകതം, സൈബർ ജാലകം എന്നിങ്ങനെ നവമാധ്യമമേഖലയിൽ വാർത്താവിനിമയം നടത്തുന്ന പ്രസിദ്ധീകരണങ്ങൾ നിരവധിയാണ്. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുകൊണ്ട് കേരളത്തെ നോക്കിക്കാണുന്നു എന്നത് ഈ പ്രസിദ്ധീകരണങ്ങളുടെ പ്രത്യേകതയാണ്. വിനിമയതലത്തിൽ ആഗോളമായിരിക്കുമ്പോഴും ഉള്ളടക്കത്തിൽ പ്രാദേശികമായ വാർത്തകൾക്ക് ഊന്നൽ നൽകുന്നു എന്നതാണ് ഇവയിൽ പലതിന്റെയും പ്രത്യേകത. വിദേശമലയാളികൾക്ക് അവർ വസിക്കുന്ന ദേശത്തിന് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണങ്ങൾ തിരഞ്ഞെടുത്ത് വായിക്കാൻ നവമാധ്യമത്തിലെ പ്രസിദ്ധീ കരണങ്ങൾ അവസരമൊരുക്കുന്നു.പ്രത്യേക വിഷയങ്ങൾക്ക് പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്നവയും ഇക്കൂട്ടത്തിലുണ്ട്. വാർത്തകൾക്ക് പുറമേ ഫീച്ചറുകളും പഠനങ്ങളും ഇത്തരം പ്രസിദ്ധീകരണങ്ങളിൽ കാണാം.ഇവയ്ക്ക് പുറമേ ബ്ലോഗുകളും സാമൂഹിക സമ്പർക്ക സൈറ്റുകളും മൊബൈൽഫോൺ അധിഷ്ഠിത വിനിമയ സ്ഥലങ്ങളും മലയാളത്തിലെ കഥേതരസാഹിത്യ വ്യവഹാരത്തെ പരിപോഷി പ്പിക്കുന്ന നവമാധ്യമ ഇടമാണ്.വാർത്തകൾ അഭിപ്രായങ്ങളെയും നിലപാടുക ളെയും രൂപപ്പെടുത്തുന്ന വ്യവഹാരരൂപമായതിനാൽ സംസ്കാരപഠനത്തിൽ അവയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്.

## 4.2.ലേഖനം/ വിമർശനം

നവമാധ്യമങ്ങളിലെ പ്രസിദ്ധീകരണങ്ങളിലെല്ലാം പ്രധാനപ്പെട്ട ഒരിനമായി ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്.ആനുകാലികമായ നിരവധി വിഷയങ്ങൾ അവ കൈകാര്യം ചെയ്യുന്നു.ആദ്യകാലങ്ങളിൽ ബ്ലോഗർമാർ മാത്രമായിരുന്നു ഈ രംഗത്തുണ്ടായിരുന്നതെങ്കിൽ ഇന്ന് സ്ഥിതി മാറിയിട്ടുണ്ട്.അച്ചടിമാധ്യമങ്ങളിൽ

എഴുതുന്ന പ്രമുഖരായ ലേഖകന്മാർ നവമാധ്യമങ്ങളിലും എഴുതുന്നു.ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് തുടങ്ങിയ വിനിമയസംവിധാനങ്ങൾ ഇതിനായി അവർ ഉപയോഗിക്കുന്നു.അച്ചടിമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ സാദ്ധ്യതയില്ലാത്ത ലേഖനങ്ങൾ നവമാധ്യമത്തിൽ പ്രകാശിതമാകുന്നതും കാണാം.ഈ മാധ്യമം എഴുത്തുകാരന് നൽകുന്ന സ്വാതന്ത്ര്യം ഇതിന് കാരണമാണ്.വ്യക്തികളെയും പ്രസ്ഥാനങ്ങളെയും സ്ഥാപനങ്ങളെയും ബാധിക്കുന്ന വിഷയങ്ങൾ ഇതരമാധ്യമങ്ങളുടെ അരിപ്പകൾ കടന്നുപോകാതെ വരുന്ന സാഹചര്യം മാധ്യമരംഗത്തുണ്ട്.ഇത്തരം സാഹചര്യങ്ങളിൽ നവമാധ്യമങ്ങളാണ് ആശ്രയമായി വരുന്നത്. ഈ രംഗത്ത് സംഘടിതസ്വഭവം കുറവായതിനാൽ ഏതെങ്കിലും ഒരു മാധ്യമത്തിൽ അത്തരം ഉള്ളടക്കമുള്ള ലേഖനം പ്രസിദ്ധീകരിക്കാനാകും.ഇത് സമാന്തര മാധ്യമപ്രവർത്തനത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നു.അച്ചടിമേഖലയിൽ സമാന്തരപ്രസിദ്ധീകരണങ്ങൾ നിറവേറ്റിയിരുന്ന ധർമ്മം ഇപ്പോൾ നിർവഹിക്കുന്നത് നവമാധ്യമങ്ങളാണ്.സമൂഹത്തെ സംബന്ധിക്കുന്ന നിരവധി വിഷയങ്ങൾ ഇപ്രകാരം ലേഖനരൂപത്തിൽ നവമാധ്യമങ്ങളിലെത്തുന്നു. രാഷ്ട്രീയം , കല, സാഹിത്യം, സിനിമ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നിരവധി ലേഖനങ്ങൾ നവമാധ്യമത്തിലുണ്ട്.മലയാളം വിക്കിപീഡിയതന്നെ ലേഖനങ്ങളുടെ ശേഖരമാണ്. മലയാളി പ്രേക്ഷകർ ആഘോഷത്തോടെ സ്വീകരിച്ച 'ആക്ഷൻ ഹീറോ ബിജു' എന്ന സിനിമയെ വിലയിരുത്തിക്കൊണ്ട് പ്രമുഖ സിനിമ നിരൂപകനായ ജി.പി.രാമചന്ദ്രൻ നടത്തുന്ന നിരീക്ഷണങ്ങൾ (ഉൾക്കാഴ്ച എന്ന ബ്ലോഗിൽ) ശ്രദ്ധേയമാണ്. ഏറ്റവും ജനപ്രിയമായിരിക്കുന്ന സിനിമയിലെ ജനവിരുദ്ധത ലേഖകൻ വ്യക്തമാക്കുന്നു.അദ്ദേഹം എഴുതുന്നു:

"കേരളത്തിന്റെ പേര് തന്നെ ഉദ്ഭവിച്ചതെന്ന് (മലപ്പുറം ഭാഷയിൽ പറഞ്ഞാൽ ഉൽപം) കരുതപ്പെടുന്ന കേരവൃക്ഷത്തിന്റെ ഫലമൂലമായ തേങ്ങ തോർത്തിൽകെട്ടി; പ്രതികളെന്ന് സംശയിച്ചും ഉറപ്പിച്ചും പിടിച്ചെടുക്കുന്ന മനുഷ്യശരീരങ്ങളെ ഇടിക്കുന്നതാണ് ബിജു പൗലോസ് (നിർമാതാവ് നിവിൻ പോളി തന്നെ അഭിനയിക്കുന്നു) എന്ന സബ് ഇൻസ്പെക്ടറുടെ രീതി. ഇടം കൈ

കൊണ്ട് എഴുതുന്ന ആളായതിനാൽ ടിയാനെ ഇടതുപക്ഷക്കാരനായി കരുത ണമെന്നില്ല. രാഷ്ട്രീയക്കാരോടെല്ലാം പരമമായ ദേഷ്യമുള്ള വ്യക്തിയായതിനാൽ മധ്യപക്ഷക്കാരനോ പക്ഷരാഹിത്യക്കാരനോ ആവാനാണ് സാധ്യത. കല്യാണം ഉറപ്പിക്കപ്പെട്ടിരിക്കെ അതിനുള്ള തയ്യാറെടുപ്പും ക്ഷണങ്ങളും അച്ചടക്കം പാലിച്ചു കൊണ്ട് അവധിക്കപേക്ഷിക്കലും എല്ലാം നിർവഹിക്കുന്നതിനിടയിൽ അമ്പതി നായിരത്തിലൊരാളായി തുടരുന്ന പൊലീസ് ഇൻസ്പെക്ടർ, ജനങ്ങളുടെ സൈ്വര്യവും ഉറക്കവും മാനവും ധനവും സംരക്ഷിക്കുന്നതെങ്ങനെ എന്നാണ് വിവ രിക്കപ്പെടുന്നത്. സ്റ്റേഷനിൽ സിസിടിവി ക്യാമറ ഉണ്ടോ അതോ വേണ്ട സമ യത്ത് അത് ഓഫായി പോകുമോ എന്നൊന്നുമറിയില്ല. എന്തായാലും ജോലി സമയത്ത്; പ്രതികളെ കീഴ് കോൺസ്റ്റബിൾമാർക്ക് ഇടിക്കാനും തൊഴിക്കാനും വിട്ടുകൊടുത്ത് പ്രതിശ്രുതവധുവുമായി ഫോണിലൂടെ സൊള്ളുന്നത് ക്രമസമാധാന പാലനത്തിന്റെ അപ്രഖ്യാപിത ബോണസായി കരുതിയാൽ മതി. പാവപ്പെട്ട വരുടെ ജില്ലാ കോടതിയും ഹൈക്കോടതിയും സുപ്രീം കോടതിയും പോലീസ് സ്റ്റേഷനാണെന്നാണ് ടിയാന്റെ ഭാഷ്യം.നൂറുകണക്കിന് സിനിമകളിൽ വിവരിച്ചിട്ടുള്ളതു പോലെ; അധോലോകവും പറയുന്നത് സമാനമായ കാര്യമാണ്. പാവപ്പെട്ടവരുടെ പോലീസാണ് ഗുണ്ടകളും ക്വട്ടേഷൻകാരും. മറുവശവും ആലോചിച്ചു നോക്കുക. രാഷ്ട്രീയക്കാരും രാഷ്ട്രീയവും നാടിന്റെ നാശമാണെന്ന് വിവരിക്കുന്ന അതേ പോലീസുകാരനാണ്; നിയമവാഴ്ച പാവങ്ങൾക്ക് അപ്രാപ്യ മായതിനാൽ പോലീസ് ആ കുറവ് നികത്തിക്കൊടുക്കുന്നു എന്ന വ്യാഖ്യാനമാണ് അവിടെ സ്ഥാപിച്ചെടുക്കുന്നത്. പട്ടാളത്തിനും പോലീസിനും സമ്പൂർണാധി പത്യമുള്ള ഒരു അമിതാധികാര വാഴ്ചയാണ് ആഖ്യാതാക്കളുടെയും നിർമാതാ ക്കളുടെയും സ്വപ്നത്തിലെ കിനാശ്ശേരി എന്നു ചുരുക്കം. ഇന്ത്യയിൽ നടപ്പിലാ ക്കേണ്ടത് എന്ന് അവർ തീരുമാനിച്ചിട്ടുള്ള അടിയന്തിരാവസ്ഥക്കനുകൂലമായ ജനപ്രിയത സൃഷ്ടിച്ചെടുക്കാനാണ് ഇത്തരത്തിലുള്ള ഗുണപാഠ കുട്ടിക്കഥകൾ സിനിമകളാക്കി വൈഡ് റിലീസ് ചെയ്ത് പരത്തി വിടുന്നത്."(http:// ulkazhcha. blogspot.com, 04. 04.2016) സിനിമാസംബന്ധിയായ ഇത്തരം

നിരവധി ലേഖനങ്ങൾ നവമാധ്യമങ്ങളിലുണ്ട്.സിനിമ എന്ന വിഷയത്തെ മാത്രം പരിഗണിക്കുന്ന പ്രസിദ്ധീകരണങ്ങളും നവമാധ്യമങ്ങളിൽ കാണാം.സിനിമകളുടെ പ്രചാരമാണ് അവയുടെ മുഖ്യലക്ഷ്യം.എന്നാൽ പൊതുവിഷയങ്ങളെല്ലാം കൈകാര്യം ചെയ്യുന്ന ബ്ലോഗുകളിലുംസ്വതന്ത്രവും സൂക്ഷ്മവുമായ നിരീക്ഷണങ്ങൾ അടങ്ങുന്ന സിനിമാസംബന്ധിയായ ലേഖനങ്ങൾ കാണുന്നു.എഴുത്തിലെ സ്വാതന്ത്ര്യവും ജനാധിപത്യവും ആഘോഷിക്കപ്പെടുന്ന എഴുത്തിടമായി നവമാധ്യ മങ്ങൾ മാറുന്നു എന്നതിന്റെ തെളിവുകളാണിതെല്ലാം.

ജ്ഞാനാന്വേഷകർക്ക് വിവിധ വിഷയങ്ങളിലെ അറിവുതേടി എത്താവുന്ന ഇടമായി നവമാധ്യമങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്.വിദ്യാർത്ഥികൾ പഠനപ്രവർത്തന ത്തിന്റെ ഭാഗമായി വിവരശേഖരണം നടത്തുന്നതിന് ഈ മാധ്യമത്തെ ആശ്രയി ക്കുന്നു. അവരെ സഹായിക്കാനായി ബ്ലോഗുകളും ബ്ലോഗ് / ഫെയ്സ്ബുക്ക് ഗ്രൂപ്പു കളും ഉണ്ട്. ഹയർസെക്കന്ററി മലയാളം സഹായി എന്ന ഫെയ്സ്ബുക്ക്കൂട്ടായ്മ ഇത്തരത്തിലുള്ള ഒന്നാണ്.പഠനപ്രവർത്തനത്തിന് സഹായകമായ വിധത്തിൽ ഉള്ളടക്കം ക്രമീകരിച്ചിട്ടുള്ള ധാരാളം ലേഖനങ്ങൾ ഈ പേജിലൂടെ പ്രകാശിപ്പി ക്കുന്നു.കാക്കാരിശ്ശി നാടകത്തെക്കുറിച്ച് ഫെയ്സ്ബുക്ക് പേജിൽ ടി.കെ.അനിൽ കുമാർ ഇട്ട പോസ്റ്റ് താഴെ കൊടുക്കുന്നു.

"പാശ്ചാത്യനാടകത്തിന്റെ അനുകരണങ്ങളായി അരങ്ങേറിയിരുന്ന പഴയ തമിഴ് സംഗീത നാടകങ്ങളുടെ സ്വാധീനത്തിൽ പൊട്ടിമുളച്ച നാട്ടുകലകളാണ് കാക്കാരിശ്ശി, പൊറാട്ട്, കണ്ണ്യാർകളി, വെള്ളരിനാടകം തുടങ്ങിയവ." (സി.എൻ. ശ്രീകണ്ഠൻ നായർ). കാക്കാലസമുദായവുമായി ബന്ധമില്ലാത്ത കാക്കാരിശ്ശി നാടകം എന്ന കലാരൂപം നായന്മാർ, ഈഴവർ, പാണർ തുടങ്ങിയ സമുദായങ്ങ ളാണ് അവതരിപ്പിച്ചു വരാറുള്ളത്. വിനോദകലയായ ഈ നാടോടിനാടക ത്തിലൂടെ ഇതര കൂട്ടായ്മകൾ കാക്കാലരെ എങ്ങനെ വീക്ഷിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം.ഹസ്തരേഖയും മുഖലക്ഷണവും പക്ഷിശാസ്ത്രവും തൊഴിലായി സ്വീകരിച്ച കാക്കാലരെ പരിഹസിക്കാനുള്ള ശ്രമം ഈ കലാരൂപത്തിൽ

കാണാം.ശിവന്റെതും ഗരുഡകഥയുടേതും ഐതിഹ്യങ്ങൾ കാക്കലരുടെ ജീവിതവുമായി ബന്ധപ്പെട്ട് പറഞ്ഞു വരുന്നുണ്ട്.മാർത്താണ്ഡവർമ്മയുടെ കാലവുമായി ബന്ധിപ്പിച്ച ചരിത്രവിശകലനവും ജി.ഭാർഗവൻപിള്ള നടത്തുന്നുണ്ട്. മധ്യതിരുവിതാംകൂറിൽ ആരംഭിച്ച് കൊച്ചിവരെ ഈ കലാരൂപം വ്യാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചില ഭാഗങ്ങളിലും ഇത് അവതരിപ്പിച്ചു വരാറുണ്ട്. ഹാർമോണിയം, മൃദംഗം,ഗഞ്ചിറ,കൈമണി എന്നീ വാദ്യോപകരണങ്ങൾ ഇതിനു വേണ്ടി ഉപയോഗിക്കുന്നു.സുന്ദരൻ കാക്കാൻ,രണ്ട് കാക്കാത്തിമാർ,വേടൻ എന്നിവരാണ് അരങ്ങത്ത് വരുന്ന കഥാപാത്രങ്ങൾ.അണിയറയിൽ ചോദ്യക്കാരനും പാട്ടുകാരനും ഉണ്ട്. ചോദ്യകർത്താവിന്റെ ഇടപെടലാണ് കഥയെ മുന്നോട്ട് നയിക്കുന്നത്. നളചരിതം, ദക്ഷയാഗം എന്നിവയിലെ പദങ്ങൾ, തുള്ളലിന്റെ പാരഡി, രാമായണ കഥ തുടങ്ങിയവ നാട്ടാശാൻമാർ സമർത്ഥമായി സന്നിവേശിപ്പിച്ചിരിക്കുന്നു. കാക്കലരെയും അവരുടെ സ്ത്രീകളെയും പരിഹസിക്കുന്നതോടൊപ്പം സംസ്കൃതം, ആര്യന്മാർ ,അവരുടെ പൂജാവിധികൾ തുടങ്ങിയവയെ പരഹസിക്കാനും ഈ സംഗീത - നൃത്ത നാടകത്തിൽ ശ്രമിക്കുന്നു. (അവലംബം:നാട്ടരങ്ങ്,കേരള ഫോക് ലോർ )"(www.facebook.com,08.082015) ഇത്തരം ചെറുലേഖനങ്ങൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രയോജനപ്രദമാകുന്നു.വിശ്വസനീയമായ ഉറവിടങ്ങളിൽനിന്ന് വിവരശേഖരണം നടത്തിയാണ് ഇവ തയ്യാറാക്കുന്നത് എന്നതിനാൽ സ്വീകാര്യതയും കൂടുതലാണ്.മലയാളത്തിലെ ആദ്യകാല ബ്ലോഗർ മാരിൽ ശ്രദ്ധേയനാണ് ശിവകുമാർ. വിവിധ വിഷയത്തെക്കുറിച്ചുള്ള ലേഖനങ്ങൾ അദ്ദേഹത്തിന്റെ ബ്ലോഗിലുണ്ട്. പുസ്തകം, രാഷ്ട്രീയം,സ്ത്രീ, കഥ, വിദ്യാഭാസം, മാധ്യമം, ചരിത്രം, ചിത്രം, ദർശനം, ഭാഷ, സംസ്കാരം, നാടകം, കളി, പ്രസാധനം, മതം,സംഗീതം, സാങ്കേതികവിദ്യ തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള ലേഖനങ്ങൾ വെള്ളെഴുത്തിൽ കാണാം. ഒ.വി.വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിനെ ആസ്പദമാക്കി ദീപൻ ശിവരാമൻ തയ്യാറാക്കിയ നാടകത്തെ വിലയിരുത്തിക്കൊണ്ട് വെള്ളെഴുത്ത് എന്ന ബ്ലോഗിൽ ആർ.പി. ശിവകുമാർ എഴുതുന്നു.മികച്ച പഠനാനുഭവമായി ആ ലേഖനം മാറുന്നു. നോവൽ

നാടകമാകുമ്പോൾ സംഭവിക്കുന്ന മാറ്റം സൂക്ഷ്മമായി വിശകലനം ചെയ്യുന്നുണ്ട് ലേഖകൻ. അദ്ദേഹം എഴുതുന്നു:

"ഖസാക്ക് എന്ന സാമൂഹികമണ്ഡലത്തിലേക്ക് നാടകം കൂടുതലായും നോക്കുന്നു.നാടകത്തിന്റെ കാലിക പ്രസക്തിയെ ഉറപ്പിക്കുന്നതിൽ അതിന്റെ സാമൂഹികപരതയ്ക്ക് നല്ല പങ്കുണ്ട്. അത്തരം ചില കണ്ടെടുക്കലുകളാണ് ദീപന്റെ ഖസാക്കിനെ വിജയന്റെ ഖസാക്കിൽനിന്നും രൂപപരമായും ആവിഷ്കാരപരമായും പ്രസക്തവുമാക്കുന്നത്. നോവലിന്റെ ഭാഷയിലും വീക്ഷണകോണിലുമുള്ള 'അതീന്ദ്രിയ പ്രതിദ്ധ്വനികൾ' കേരളത്തിന്റെ നാടകചരിത്രത്തിലെ അലയൊലികളുമായി ഒത്തുപോകുന്ന ഒന്നല്ല. സെയ്ദ് മിയാന്റെ കുതിരപ്പട രാത്രി പുകയിലും നീലവെളിച്ചത്തിലും ആറാടി പൊലിവോടെ ഖസാക്കിൽ എത്തുന്നുണ്ട്. ആഖ്യാനത്തിന്റെ നയനാഭിരാമമായ (ശ്രവണാഭിരാമവും) ഒരു വഴിയെന്ന നിലയ്ക്കാണ് ആ ഉപകഥയുടെ രംഗാവിഷ്കാരത്തിന്റെ പ്രസക്തി. ഖസാക്കിലെ ലൈംഗികചോദനകൾ തീവ്രലയങ്ങൾക്കുള്ളിൽ ഞെരിയുകയും പിടയ്ക്കുകയും ചെയ്യുന്നതിന്റെ സാധ്യതകളെയും നാടകം കൈക്കൊണ്ടിട്ടുണ്ട്. കുട്ടാടൻ പൂശാരിയുടെ മന്ത്രവാദ രംഗത്തിൽ കപ്പിയിൽ ഉയർന്നുപൊങ്ങിയാണ് കത്തുന്ന പന്തങ്ങളിലേക്ക് തെള്ളിപ്പൊടി എറിയുന്നത്. പോലീസ് സ്റ്റേഷനിൽ വച്ചുള്ള നൈസാമലിയുടെ മനം മാറ്റത്തിനും ബെഞ്ചുവരമ്പുകളിലൂടെയുള്ള നീണ്ട വഴിനടത്തത്തിനും പായിൽകെട്ടിയ ശവങ്ങളെ വഹിച്ചുകൊണ്ടുള്ള ഘോഷയാത്രയ്ക്കുമുള്ള ദൃശ്യപരമായ മികവ് നോവലിൽ നിന്ന് നാടകം വേറിട്ട് സ്വാംശീകരിച്ച ഘടകങ്ങളാണ്. മന്ദാരത്തിന്റെ ഇലകൾ തുന്നിയ കൂട്ടം പച്ചത്തത്തകളുടെ ധനുസ്സും ജലത്തിന്റെ വില്ലീസുപടുതകളും ബഹിരാകാശകപ്പലുകളും മറ്റും മറ്റും നോവലിന്റേതുമാത്രമായ ഭാവലോകത്തെ നാടകത്തിൽനിന്നും വളരെ ദൂരെയായി മാറ്റി നിർത്തുകയും ചെയ്യുന്നു." (http:// vellezhuthth. blogspot.com,08.04.2017)

ലോകത്ത് ശ്രദ്ധേയരായിത്തീർന്നിട്ടുള്ള വ്യക്തികളെ അവരുടെ സംഭാവനകൾ മുൻനിർത്തി പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ ഉൾപ്പെടുന്ന ഒരു ബ്ലോഗാണ് 'ഉണ്ണാമ'.ആൽബർ കമ്യുവിന്റെ നോവലിനെക്കുറിച്ചുള്ള പരിചയക്കുറിപ്പ് ആരംഭിക്കുന്നതിങ്ങനെ:

"കാല-ദേശ പരിമിതികളെ അതിക്രമിച്ചു നില്ക്കുന്ന സാഹിത്യത്തെയാണ് നാം വിശ്വസാഹിത്യം എന്നു പറയുന്നത്.നോബൽ സമ്മാനജേതാവായ ആൽബേർട്ട് കമു -വിന്റെ (Albert Camus) "ദി സ്ട്രെയിൻജർ" (The Stranger) എന്ന പുസ്തകം ഈ ഗണത്തിൽപ്പെടുന്ന ഒന്നാണ് . രണ്ടാം ലോക മഹായുദ്ധത്തിൽ , ജെർമിൻ അധിനിവേശത്തിലകപ്പെട്ട ഫ്രാൻസിൽ വച്ച് ,1942 -ൽ എഴുതപ്പെട്ട ഈ നോവൽ, ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും വളരെ വേഗം പിടിച്ചുപറ്റി. കൃതിയുടെ പഴക്കവും നോബൽ സമ്മാനജേതാവ് എന്ന മുഖവുരയും, ഒരു ബോറൻ ധാരണയുണ്ടാക്കുന്നുവെങ്കിലും കേവലം നൂറു പേജിനോടടുത്ത് മാത്രം വലിപ്പമുള്ള, വളരെവേഗം വായിച്ചുപോകാൻ കഴിയുന്ന ഒരു ചെറിയ പുസ്തകമാണിത് .(http://unnama.blogspot.com07.09.2015) വിശ്വസാഹിത്യത്തിലേക്ക് ജാലകം തുറക്കുന്ന ഇത്തരം ലേഖനങ്ങൾ പുതുവായനക്കാർക്ക് സഹായകമാകും. നവമാധ്യമങ്ങളിൽ ഈ മാതൃകയിലുള്ള അനവധി ലേഖനങ്ങൾ കാണാം. കേരളത്തിന്റെ ചരിത്രം, രാഷ്ട്രീയം, സാമൂഹികസ്ഥിതി എന്നിവ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ നവമാധ്യമങ്ങളിലെ പ്രസിദ്ധീകരണങ്ങൾവഴി വെളിച്ചം കാണുന്നുണ്ട്.വേറിട്ട വായനാനുഭവമായി അവ മാറുന്നു. 2018 ഒക്ടോബർ 12 ലക്കത്തിൽ 'നവമലയാളി'യിൽ ആനന്ദ് എഴുതിയ ലേഖനം ശ്രദ്ധേയമാണ്.'തിരിഞ്ഞു നടക്കുവാനോ നിങ്ങൾ ആഗ്രഹിക്കുന്നത്' എന്ന തക്കെട്ടിൽ എഴുതിയ ലേഖനത്തിൽ സ്ത്രീയ്ക്കെതിരെ ഉയർന്നുവരുന്ന വിഷയങ്ങൾ ചർച്ചചെയ്യുന്നു.നവോത്ഥാനത്തിന്റെ ഗുണഫലങ്ങൾ കളഞ്ഞുകുളിക്കുന്ന ഒരു സമൂഹമായി കേരളം മാറുകയാണോ എന്ന ആശങ്കയും ലേഖനം ഉന്നയിക്കുന്നുണ്ട്.

“നീതിക്കും മാനുഷികമായ അന്തസ്സിനും വേണ്ടിയുള്ള കഴിഞ്ഞ ഏതാണ്ട് രണ്ട് നൂറ്റാണ്ടുകാലത്തെ പ്രയത്നത്തിൽ സ്ത്രീ ഒരു പ്രധാനകേന്ദ്രമായിരുന്നു.സതി, പെൺ ശിശുഹത്യ, ബാല്യവിവാഹം, വൈധവ്യജീവിതം, ദേവദാസിവൃത്തി, ഇങ്ങനെ പോകുന്നു അവരെ ബാധിക്കുന്ന വിഷയങ്ങൾ.പല നിയമങ്ങളും ഉണ്ടായി.എങ്കിലും പുരുഷാധിപത്യവും, വിവേചനവും, ശാരീരികമായ അക്രമംതന്നെയും പല രൂപ ങ്ങളിൽ തുടർന്നു.വി ടി ഭട്ടതിരിപ്പാടിന്റെ ജയിലിൽ നിന്ന് പരോളിലേയ്ക്കുള്ള പുരോ ഗമനം എന്ന നിരീക്ഷണം ഏറെക്കുറെ ശരിയാണെന്ന് തോന്നിക്കും വിധം. പൂജാരിമാരുടേയും, പാതിരിമാരുടേയും, തമ്പുരാക്കന്മാരുടേയും മുല്ലമാരുടേയും പിടി അയഞ്ഞിട്ടില്ലെന്നാണ് അനുഭവം.പിന്നീട് അവതരിച്ച തമ്പുരാക്കന്മാരുടെ തമ്പുരാക്കന്മാരായ രാഷ്ട്രീയക്കാരും ഇപ്പോൾ സ്വന്തം അജണ്ടകളുമായി അവരുടെ കൂടെ ചേർന്നിരിക്കുന്നു.സ്ത്രീകൾക്കെതിരെ സ്ത്രീകളെത്തന്നെ അണിനിരത്തുന്ന നീചമായ രീതിയാണ് അവരുടേത്.(https://navamalayali.com)

സമൂഹമാധ്യമങ്ങൾ (Social Network Sites) മലയാളിയുടെ വിചാരലോകത്തെ രൂപപ്പെടുത്തുകയും പരിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. മുഖ്യധാരാമാധ്യമങ്ങൾക്ക് അപ്രിയമാകുന്ന വാർത്തകൾ പൊതുജനത്തെ അറിയിക്കാൻ നവമാധ്യമങ്ങളെ ആശ്രയിക്കുകയേ വഴിയുള്ളൂ.അസഹിഷ്ണുതയുടെ നവഭാഷ്യങ്ങൾ എന്ന തക്കെട്ടിൽ നവമലയാളിയിൽ സച്ചിദാനന്ദൻ എഴുതിയ ലേഖനം മാധ്യമരംഗത്തെ അനാ രോഗ്യപ്രവണതയെ വിമർശിക്കുന്നു.ഭാഷാപോഷിണിയുടെ 2016 ഡിസംബർ ലക്കത്തിൽ കവർചിത്രമായി നൽകിയത് റിയാസ് കോമു നിർമ്മിച്ച ശ്രീനാ രായണഗുരുവിന്റെ പ്രതിമയുടെ ( ബസ്റ്റ്) ഫോട്ടോ ആയിരുന്നു. അതേലക്കത്തിൽ ഉൾക്കവറിൽ ടോം ജെ വട്ടക്കുഴിയുടെ ഒരു പെയിന്റിങ്ങും പ്രസിദ്ധീകരിച്ചിരുന്നു. ഇവയ്ക്കെരെ അനാരോഗ്യകരമായ വിമർശനങ്ങൾ ഉയർന്നുവന്നിരുന്നു.ഈ രണ്ടു ചിത്രങ്ങളുടെ പേരിൽ മലയാള മനോരമയ്ക്ക് മാപ്പുപറയേണ്ട അവസ്ഥ വന്നു. കലയിലെ സ്വാതന്ത്ര്യത്തിനു നേരേ നടന്ന ഈ കയ്യേറ്റത്തെ നിശിതമായ ഭാഷയിൽ സച്ചിദാനന്ദൻ വിമർശിക്കുന്നു.

"ഈ പ്രതികരണങ്ങളിൽ അത്ഭുതം തോന്നുന്നില്ല. തന്റെ ജാതി നിർമ്മാർജ്ജനാശയത്തിനു വിരുദ്ധമായി നീങ്ങുന്നതു കൊണ്ട് ഹൃദയം തകർന്ന് പിരിച്ചു വിടണം എന്ന് ഗുരു അവസാനനാളുകളിൽ പ്രസ്താവിച്ച ഒരു ജാതി സംഘടനയും പ്രതിലോമാശയങ്ങളുടെ കേന്ദ്രമായ സഭയും ഇത്തരത്തിൽ പെരു മാറിയില്ലെങ്കിലേ വിസ്മയപ്പെടേണ്ടതുള്ളൂ. എന്നാൽ ഇയ്യിടെ ഈ സംഭവങ്ങളെ പരാമർശിക്കുന്ന 'ഇന്ത്യൻ എക്സ്പ്രസ്സ്' ലേഖനത്തിൽ എൻ എസ് മാധവൻ ചോദി ച്ചത്പോലെ, നമ്മുടെ പുരോഗമനവാദികൾ എവിടെ പോയൊളിച്ചു? പെട്ടെന്ന് ആവിഷ്കാരസ്വാതന്ത്ര്യം ഒരു പ്രശ്നമേ അല്ലാതായോ? ഒന്നാലോചിച്ചാൽ വോട്ടു ബാങ്കുകളെക്കാൾ പ്രധാനമാണോ ചില ഭ്രാന്തൻ കലാകാരന്മാരുടെ ആവിഷ്കാരസ്വാതന്ത്ര്യം?" ലേഖനം ഇങ്ങനെയാണ് ഉപസംഹരിക്കുന്നത്. (navamalayali.com, 18.12. 2016) .ഇത്തരം വിമർശനങ്ങൾക്ക് മുഖ്യധാരാമധ്യ മങ്ങളിൽ ഇടമില്ല എന്നാലോചിക്കുമ്പോഴാണ് നവമാധ്യമങ്ങൾ നിർവഹിക്കുന്ന മാധ്യമധർമ്മം വിലപ്പെട്ടതായി മാറുന്നത്.

മാതൃഭൂമി ഓൺലൈന്നിൽ 2014 ജൂലൈ 15 ന് മുരളി തുമ്മാരുകുടി എഴുതിയ 'നൂറു വർഷം കഴിഞ്ഞെത്തിയതിന്റെ പുണ്യം' എന്ന ലേഖനം ചിന്തോ ദ്ദീപകമായിരുന്നു.നമ്മുടെ പൊതുധാരണകളെ നന്നായി പ്രഹരിക്കുന്ന നിരീക്ഷണ ങ്ങൾ ആ ലേഖനത്തിലുണ്ട്.സരസമായ ഭാഷയിൽ അദ്ദേഹം ഓൺലൈൻ സമൂഹ ത്തോട് സംവദിക്കുന്നു. ലേഖനത്തിൽ ഒരിടത്ത് ഇങ്ങനെ നിരീക്ഷിക്കുന്നു:

"ജനാധിപത്യം എനിക്കു തന്നത് രോമാഞ്ചം കൊള്ളാനുള്ള രോമം മാത്രമല്ല അതിനുള്ള സ്വാതന്ത്ര്യവും ആണ്. ഭരണാധികാരികളെ പറ്റിയോ ഭരണത്തെപ്പറ്റിയോ ഭരണവ്യവസ്ഥയെപ്പറ്റിത്തന്നെയോ ആരേയും പേടിക്കാതെ തമാശ പറയാനും വിശകലനം ചെയ്യാനും വേണ്ടിവന്നാൽ വിമർശിക്കാനും ഉള്ള സ്വാതന്ത്ര്യം നൂറു വർഷം മുൻപ് ചിന്തിക്കാനാവാത്ത ഒന്നായിരുന്നു. രാജാവി നെപ്പറ്റി പറയുന്നതു പോയിട്ട് സ്ഥലത്തെ ജന്മിയായിരുന്ന കർത്താക്കന്മാരെ പ്പറ്റിപ്പോലും ഒരു വിമർശനം പറഞ്ഞിരുന്നെങ്കിൽ തല ഉണ്ടാവില്ല എന്നു

നിശ്ചയം. ഭരണത്തെ വിമർശിക്കുന്നതു മാത്രമായിരുന്നില്ല തലപോകുന്ന കുറ്റം. കളവുതൊട്ട് പശുവിന്റെ മാംസം ഭക്ഷിക്കുന്നതുവരെയുള്ള കാര്യങ്ങൾക്കുവരെ വധശിക്ഷ സർവസാധാരണം ആയിരുന്നു.ഇതു നടപ്പിലാക്കാൻ നാട്ടുജന്മിമാർ ക്കുവരെ അധികാരം ഉണ്ടായിരുന്നു. എന്റെ വീട് ഇപ്പോൾ ഇരിക്കുന്ന വെങ്ങോല യിലെ പറമ്പിന്റെ മുന്നാധാരത്തിലെ പേരുതന്നെ 'ആളെ വെട്ടി ഞാൽ' എന്നാണ്.വെങ്ങോലയിൽ വധശിക്ഷ നടപ്പിലാക്കിയിരുന്നത് ഇവിടെവച്ചാ യിരുന്നത്രേ"(ഷാജി ജേക്കബ് ,എഡി. 2016:175) ഇന്ന് നാം അനുഭവിക്കുന്ന ജനാധിപത്യത്തിന്റെ മൂല്യം ചെറുതല്ലെന്ന് ചരിത്രവസ്തുതകളെ ആധാരമാക്കി ലേഖകൻ വിശദീകരിക്കുന്നു. വസ്തുനിഷ്ഠവും സ്വതന്ത്രവുമായ നിരീക്ഷണങ്ങളാൽ സമ്പന്നമാണ് ഈ ലേഖകന്റെ ലേഖനക്കുറിപ്പുകൾ.നവമാധ്യമത്തിൽ ധാരാളം വായനക്കാരെ നേടുവാൻ അദ്ദേഹത്തിനായിട്ടുണ്ട്.

എസ്.ഹരീഷിന്റെ 'മീശ' എന്ന നോവൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു വന്നപ്പോൾ വലിയ വിവാദമുണ്ടായി.അതിലെ സഭ്യേതരമായ പരാമർശത്തെ ച്ചൊല്ലിയായിരുന്നു വിമർശനം.ആ നോവലിനെ വിലയിരു ത്തിക്കൊണ്ട് പി.കൃഷ്ണദാസ് 'മലയാളനാടി'ൽ എഴുതിയ ആസ്വാദനം ശ്രദ്ധയാ കർഷിക്കുന്നു.ദേശവും ചരിത്രവുമായി കലാസൃഷ്ടികൾ എങ്ങനെ ബന്ധപ്പെട്ടി രിക്കുന്നു എന്ന് ലേഖകൻ വ്യക്തമാക്കുന്നു. പി.കൃഷ്ണദാസിന്റെ ലേഖനത്തിൽനിന്ന്:

"സമൂഹത്തിന്റെ ഭൂതകാലസ്മരണകളിൽ നിന്നാണ് കഥകൾ തെളിഞ്ഞു വരുന്നത്. ഓർമ്മയാണ് കഥയുടെ അടിവേര്.മറവിക്കെതിരായ സമരമുഖങ്ങളിൽ കഥകളെ കാണാം.അധികാരത്തെ അസ്വസ്ഥമാക്കുന്നതും കഥകളാണ്. ഇതി ഹാസകൃതിയുടെ നാട്ടുഭേദങ്ങൾ സമാഹരിക്കപ്പെട്ടപ്പോൾ വർഗ്ഗീയ സംഘടനകൾ പ്രതിഷേധവുമായി എത്തിയത് ഈ ഭയത്തിന്റെ അടിസ്ഥാനത്തിലാണ്.ചരിത്രം തിരസ്കരിച്ചവർ തങ്ങളെ കഥകളിലൂടെ ആവിഷ്ക്കരിച്ചു.ദേശകാലങ്ങളിലൂടെ കഥകൾ സഞ്ചരിച്ചു. കാലത്തിന്റെയും ദേശത്തിന്റെയും മുദ്രകൾ കഥകളിൽ പതിഞ്ഞു. ദേശജീവിതത്തിന്റെ സമഗ്രത നാട്ടുകഥകളിൽ ദർശിക്കാം.ഏതൊരു ദേശത്തി

ന്റെയും ആത്മാവ് അവിടെ ജാതമായ കഥകളാണ്.ഏകപാഠമായി കഥയ്ക്ക് സഞ്ചരിക്കാൻ സാധിക്കില്ല.പറച്ചിലിലൂടെ കഥ വലുതാകും, കുറിയതാകും. ദേശംമാറുമ്പോൾ കഥയുടെ സഞ്ചാരഗതിയിൽ വ്യത്യാസമുണ്ടാകും.എസ് ഹരീഷിന്റെ 'മീശ ' എന്ന നോവൽ വാവച്ചന്റെ യാത്രയുടെ കഥയാണ്. ഒരു 'കഥ' എന്ന നിലയിൽ വാവച്ചൻ സഞ്ചരിച്ച ദൂരമാണ്.വാവച്ചന്റെ അലച്ചിലുകൾ പാട്ടായി മാറി.പാടിപ്പാടി മീശയെ ജനത മൊഴിയിൽ കുടിയിരുത്തി.മലയായിലും എയർ ഇന്ത്യയിലും അയാളെ ആഖ്യാതാവ് കണ്ടെത്തുന്നുണ്ട്.തിരസ്കൃതരുടെ ഭൂപ്രദേശങ്ങളിൽ മീശ പ്രത്യക്ഷനാകുന്നു.ഇതിഹാസസമാനമായ ആഖ്യാനഘടനയാണ് എസ് ഹരീഷ് സ്വീകരിച്ചിരിക്കുന്നത്.മലയാളത്തിൽ 'കയർ, സുന്ദരികളും സുന്ദരന്മാരും തുടങ്ങിയ നോവലുകൾ ഇതിഹാസത്തിന്റെ ആകാരത്തെ പിന്തുടരുന്നുണ്ട്. വൈവിധ്യങ്ങളുടെ ചേർത്തുകെട്ടലിലൂടെ ദേശജീവിതത്തെ ആവിഷ്കരിക്കുന്നു. മലയാളിയുടെ ചരിത്രത്തിലെ പല പേരുകളും ആഖ്യാനത്തിനിടയ്ക്ക് കാണാം. ചരിത്രസംഭവങ്ങളും മീശയുടെ കഥയ്ക്ക് സമാന്തരമായി സഞ്ചരിക്കുന്നു.മനുഷ്യരുടെ മാത്രം കഥയല്ല മീശ. മനുഷ്യേതര ജന്തുജാലങ്ങളുടെ, സസ്യങ്ങളുടെ, പുഴയുടെ, കാലാവസ്ഥയുടെ, അഭൗമശക്തികളുടെ വിളനിലമാണ് വാവച്ചന്റെ സഞ്ചാരഭൂമിക.

പല വായനകൾക്ക് സാധ്യതയുള്ള ആഖ്യാനമാണ് 'മീശ്'.കായലിന്റെ വിസ്താരം ആഖ്യാനത്തിനുണ്ട്,കുട്ടനാടിലെ വയലുകൾ കണക്കെ നീളെ നീളെ കഥകൾ.മിത്തും യാഥാർത്ഥ്യവും ചേർന്ന് നിർമ്മിച്ച ഭൂമികയാണിത്.എന്നാൽ അതിനുമപ്പുറം വിറങ്ങലിച്ച ജീവിതം കാണാം.വിശപ്പ് കാണാം.പോരാടി ഉയർന്ന ജനതയെ കാണാം.നമ്മുടെ രാഷ്ട്രീയ ശരികൾക്ക് പിന്തുടരാൻ സാധിക്കാത്ത ആവിഷ്കാരങ്ങൾകാണാം .( http://malayalanatu.com)

പുസ്തകങ്ങളെ പരിചയപ്പെടുത്തുന്നതിനു മാത്രമായി ചില ഇടങ്ങൾ നവമാധ്യമങ്ങളിലുണ്ട്.കൃതിയെ സംബന്ധിച്ച പൊതുവായ ചില വിവരങ്ങൾ അവയിലുണ്ടാവും.വായനക്കാർക്ക് അവതേടിപ്പിടിക്കാൻ ഇത്തരം ലഘുലേഖനങ്ങൾ പ്രയോജനപ്പെടും. യു.എ.ഖാദറിന്റെ 'ഇരിപ്പപീഠങ്ങൾ എന്ന കഥാസമാഹാര

ത്തെക്കുറിച്ച് പുസ്തകക്കട എന്ന ഫെയ്സ്ബുക്ക് പേജിൽ വന്ന കുറിപ്പ് ഇപ്രകാര മാണ്:

"ഇരിപ്പുപീഠങ്ങൾ - യു. എ. ഖാദർകഥകൾ, പേജ് 120, വില 105

ദേശത്തനിമയും നാട്ടുമൊഴിവഴക്കങ്ങളും പുരാവൃത്തനിഴൽത്തണ്ടുകളിലെ തുടി മുരൾച്ചാ താളത്തുടിപ്പുകളും തീപ്പന്തത്തുഞ്ചത്തെ എണ്ണയിലാളുന്ന കുലദൈ വക്കോലങ്ങളുടെ ചുക കണ്ണിലെ ചോരച്ചാലുകളുറുന്ന അടങ്ങാക്കലിയും വറ്റാദാഹ അലർച്ചകളും പഴമ്പാട്ടു പൊലിമകളും നാട്ടുപാണർചൊൽച്ചേലുകളും ഇഴചേരുന്ന കഥകൾ. മലയാള കഥാസാഹിത്യത്തിലെ കൊടിപ്പടമായിയുയർത്തി പ്രതിഷ്ഠിക്ക പ്പെട്ട എഴുത്തുകാരനാണ് യു. എ. ഖാദർ. ഇരിപ്പുപീഠങ്ങൾ, പുഴയിൽ മലർന്ന് കിടന്നു കുളി, തുടങ്ങി പതിനേഴ് കഥകളാണ് ഈ സമാഹാരത്തിൽ.സ്വന്തം കളരി ക്കണ്ടത്തിലെ ചൊല്ലു ചുവടു ചവിട്ടുമുറ മര്യാദകളാൽ മൺപശിമ പുരണ്ട ഇതിലെ കഥകളിലെല്ലാം ഖാദർ മുദ്രകൾ തെളിഞ്ഞു കാണാം."

(www.facebook.com,23.12.2018)

അർജന്റീനിയൻ കവി റൊബെർടോ ജുവാറോസിന്റെ കവിതകളെ വിലയി രുത്തിക്കൊണ്ട് പി.പിരാമചന്ദ്രൻ എഴുതിയ ലേഖനം ഹരിതകം എന്ന കവിതാ ജാലികയിൽ വായിക്കാം.കവിതകൾ പരിഭാഷപ്പെടുത്തുന്നതിനോടൊപ്പം ആ കവിയുടെയും കവിതകളുടെയും സവിശേഷതകൾ വിശദീകരിക്കാനും രാമചന്ദ്രൻ ശ്രദ്ധിക്കുന്നു.റൊബെർടോ ജുവാറോസിന്റെ കവിതകളെ ലംബകവിതകൾ എന്നാണ് അദ്ദേഹം വിളിക്കുന്നത്.അതിനുള്ള കാരണം ലേഖകൻ വിശദീകരി ക്കുന്നു.

"എഴുതിയ ഓരോ കവിതയ്ക്കും പ്രസിദ്ധീകരിച്ച എല്ലാ കവിതാസമാഹാര ങ്ങൾക്കും ഒരേയൊരു ശീർഷകം: "ലംബകവിതകൾ". അർജന്റീനിയൻ കവി ജുവാറോസിനെ വ്യത്യസ്തമാക്കുന്നത് ഈ പ്രത്യേകതയാണ്. ലംബകവിത എന്നത് ഒരു ശീർഷകം മാത്രമല്ല. ജുവാറോസിന്റെ കാവ്യാദർശവും ഒരുപക്ഷെ ജീവിതദർശനവുമാണ്. എന്താണ് ഈ ലംബമാനം കൊണ്ട് അർത്ഥമാക്കുന്നത്?

പരപ്പാണ് തിരശ്ചീനം. ആഴവും ഉയരവും ലംബമാനത്തിലാണ് ഉള്ളത്. ചുറ്റുപാടുകളെ നാം ഗ്രഹിക്കുന്നത് തിരശ്ചീനമായ തലത്തിലാണ്. അത് വ്യവസ്ഥാപിതവും രേഖീയവുമാണ്. അതിനെ ഭേദിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് ലംബമാനത്തിനുള്ളത്. രേഖാംശത്തെ ഖണ്ഡിക്കുന്ന അക്ഷാംശരേഖപോലെ പരപ്പിനെ

തിരെ കുത്തനെയുള്ള ഒരു നിലപാട്."
( http://old.harithakam.com, 24.07.2012)

നവമാധ്യമങ്ങൾ സാഹിത്യമേഖലയെ ചലനാത്മകമാക്കുന്നുണ്ട്. എഴുത്തുകാരുടെ സാന്നിദ്ധ്യവും പങ്കാളിത്തവും ലഭിക്കുന്നതിനാൽ ഇക്കാര്യത്തിൽ വലിയ പുരോഗതിയാണുള്ളത്.ആദ്യകാലങ്ങളിൽ നവമാധ്യമങ്ങളിൽ വരാൻ താല്പര്യം കാണിക്കാതിരുന്ന എഴുത്തുകാരും ഇപ്പോൾ നവമാധ്യമത്തിൽവരുന്നു. നവ സാങ്കേതികവിദ്യ സാഹിത്യത്തിന്റെ ഇടത്തെ വിപുലമാക്കുന്നതായി എഴുത്തുകാരും തിരിച്ചറിയുന്നുണ്ട്.ആ സാദ്ധ്യതകൾ അവർ നന്നായി പ്രയോജനപ്പെടുത്തുന്നു.മലയാളത്തിലെ പ്രമുഖ കഥാകൃത്തും നോവലിസ്റ്റുമായ ടി.ഡി.രാമകൃഷ്ണൻ പറയുന്നു:

"സാങ്കേതികവിദ്യയായിരുന്നു വെല്ലുവിളിയായി കണക്കാക്കപ്പെട്ടിരുന്നത്. വിവര സാങ്കേതികവിദ്യയുടെ പ്രളയത്തിൽ ഇതെല്ലാം മുങ്ങിപ്പോകും എന്നായിരുന്നു വിലയിരുത്തൽ. പക്ഷെ സാഹിത്യത്തിന്റെ കാര്യത്തിൽ വിവരസാങ്കേതികവിദ്യയെ വലിയൊരു സാധ്യതയാക്കി മാറ്റുകയാണ് ചെയ്തത്. സോഷ്യൽ മീഡിയയും അതിന്റെ സാധ്യതകളും ഉപയോഗിച്ച് ഇപ്പോൾ ഭാഷയും സാഹിത്യവും മലയാളികൾക്കിടയിൽ- അവർ ഏത് ഇടത്തിൽ ഇരുന്നിട്ടായാലും – വളരെ സജീവമായിട്ട് ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഒരു പുതിയ കഥ അല്ലെങ്കിൽ നോവൽ വരുമ്പോൾ - ഉദാഹരണത്തിന് ലാസർഷൈൻന്റെ കഥ വരുന്നു, അതിനെക്കുറിച്ചുള്ള ചർച്ച ഓൺലൈനിലും വാട്ട്സാപ്പിലുമൊക്കെയായി പലയിടങ്ങളിൽ ഇരുന്നിട്ട് വായനക്കാർ ചർച്ചയിൽ പങ്കെടുക്കുന്നു. മർച്ചന്റ് നേവിയിലുള്ള

നിരഞ്ജൻ എന്ന എന്റെയൊരു കവി സുഹൃത്ത് പുതിയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് ഇത്തരം ചർച്ചകളിൽ ഇടപെടാറുണ്ട്. അദ്ദേഹം എവിടെയാണ് എന്നന്വേഷിച്ചാൽ പസഫിക്കിൽ, നടുക്കടലിൽ കപ്പലിൽ ആയി രിക്കും.ഇതൊക്കെ പുതിയ കാലം നല്കുന്ന സാധ്യതയാണ്. അല്ലായിരുന്നെങ്കിൽ അത്തരം സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവർ കേരളീയ സമൂഹത്തിൽ നിന്നും മലയാള ഭാഷയിൽ നിന്നുമൊക്കെ അന്യരായി അലയേണ്ടി വരുമായിരുന്നു." (https://navamalayali.com,24.01.2018)

നവമാധ്യമങ്ങളിലെ സാഹിത്യവിമർശനങ്ങൾ ചിലപ്പോൾ പരുഷമായ ഭാഷ സ്വീകരിക്കുന്നു.പ്രതിപക്ഷബഹുമാനമില്ലാതെ എഴുതുന്നു. അച്ചടിവിമർശന ത്തിലെ പക്ഷപാതങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് സന്തോഷ് പല്ലശ്ശന എഴുതു ന്നത് നോക്കുക:

"ഇന്നത്തെ സ്പോൺസേഡ് നിരൂപണമെഴുതുന്ന ആൺവേശ്യകളെ എന്തിനോടാണ് ഉപമിക്കേണ്ടത്.ആൺവേശ്യകൾ കൃതിയെ നക്കിത്തുവർത്തുന്നു, അവരുടെ കൈത്തുടയിൽ കൃതിയുടേയും കർത്താവിന്റേയും പേർ 'ടാറ്റു'കൾ വരച്ചു പിടിപ്പിച്ചിരിക്കും.ഇവരുടേത് നിരൂപണമല്ല, മലയാള നിരൂപണ സാഹിത്യ ത്തിന്റെ ഇന്നത്തെ അവസ്ഥയോർത്ത് സങ്കടം തോന്നുന്നു.

വിഷ്ണുപ്രസാദിന്റെ ലിംഗവിശപ്പ് എന്ന കവിതയെക്കുറിച്ച് ഫേസ്ബുക്കിലും ബ്ലോഗിലും ലഭ്യമായ എല്ലാ ചർച്ചകളും വായിച്ചുകഴിഞ്ഞപ്പോൾ തോന്നിയ ഒരു ആശയമാണ്; കേരളത്തിലെ എല്ലാ മുൻനിര കവികളുടേയും അടിവസ്ത്രങ്ങളുടെ ഒരു പ്രദർശനം കേരളത്തിലെ ഏതെങ്കിലുമൊരു സാംസ്കാരിക നഗരത്തിൽ സംഘ ടിപ്പിക്കണം. അവരുടെ കവിതകളുടെ പൊതുഭാവാത്മകതപോലെ ഇവരുടെ അടിവസ്ത്രങ്ങളിലും പൊതുവായ ചിലത് കാണാനായേക്കും.ചെമ്മനം ചാക്കോ എന്ന തലമുതിർന്ന കവിയെ ഇതിൽ നിന്ന് നമ്മുക്ക് ഒഴിവാക്കാം.

സ്വന്തം വൈയക്തികതയിലേക്ക് കൂടുതൽ ചൂഴ്ന്നുചൂഴ്ന്നുപോകുന്ന ഒരവസ്ഥയാണ് സാഹിത്യാസ്വാദനത്തിലെ ഒരു പ്രധാനഘടകം.എഴുത്തിൽ വായിച്ചെടുക്കുന്ന കാമവും കലാപവുമൊക്കെ നടക്കുന്നത് യഥാർത്ഥത്തിൽ വായനക്കാരന്റെ ഉള്ളി ലാണ്.വിഷ്ണുവിന്റെ ലിംഗവിശപ്പ് വായനക്കാരന്റേതുകൂടിയാവുന്നിടത്താണ് ആ കവിതയുടെ വിജയം.എന്നാൽ തന്റെ ലിംഗത്തിന്റെ വിശപ്പിനെ സ്വയം അംഗീ കരിച്ചുകൊടുക്കാൻ തയ്യാറില്ലാത്ത ചിലരുണ്ട് അവർക്കായി മേൽപ്പറഞ്ഞ പ്രദർശനം നമുക്ക് സമർപ്പിക്കാം. ..” (http://thiramozhikal.blogspot.com)

കെ.ജി.ശങ്കരപ്പിള്ളയുടെ കവിതകളെ വിലയിരുത്തിക്കൊണ്ട് സി.അശോകൻ ഫെയ്സ്ബുക്കിൽ എഴുതിയ ലേഖനം നിർഭയമായ എഴുത്തിന്റെ ഉദാഹരണമാണ്. പൊതുസമൂഹത്തിന്റെ അംഗീകാരം നേടിയ എഴുത്തുകാരെ വിമർശിക്കുന്നതിൽനിന്ന് നമ്മുടെ വിമർശകർ പൊതുവേ അകന്നു നിൽക്കുമ്പോൾ, അത്തരം വിമർശനങ്ങൾക്ക് വേദിയൊരുക്കാൻ നവമാധ്യമങ്ങൾ ക്കാകുന്നു. നിരുപാധികമായ വിമർശനം സാദ്ധ്യമാകുന്ന ഇടമായി നവമാധ്യ മങ്ങളെ തിരിച്ചറിയുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. സി.അശോകന്റെ ലേഖനത്തിൽനിന്ന്:

“കാവിയും ചുവപ്പും പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ മൂല്യങ്ങൾ ഇടക ലർന്ന് രൂപപ്പെടുന്ന മൂല്യസമുച്ചയമായ ഫ്യൂഡൽ മാനവികത തന്നെയാണ് ആധു നിക മലയാള കവിതയിലെ വേറിട്ട ശബ്ദമായി കൊണ്ടാടപ്പെടുന്ന കെ ജി എസ് കവിതകളുടേയും ആശയപരിസരം. ഒ എൻ.വി.സ്കൂൾ പ്രതിനിധാനം ചെയ്യുന്ന ഭാവഗീതാത്മകവും കാല്പ്പനികവുമായ കാവ്യരീതിയിൽനിന്നും വ്യതിരിക്തമായി നിലകൊള്ളുന്നു എന്ന പ്രതീതി ജനിപ്പിക്കുവാൻ കെ ജി എസിന് കഴിഞ്ഞിട്ടുണ്ട്. പദ്യരീതിയെക്കാൾ ഗദ്യരീതിക്ക് പ്രാധാന്യം നൽകുകയും വൃത്തവിമുക്തമായ താളവും ഈണവും ചേർത്തുവച്ചും രൂപപ്പെടുത്തുന്ന ഭാഷണാത്മകമായ കവിത കളാണ് കെ ജി എസിന്റേത്.പക്ഷേ രൂപപരമായ ഈ പരീക്ഷണാത്മകതയെ പിന്നോട്ടടിപ്പിച്ചുകൊണ്ട് ഫ്യൂഡൽ മാനവികത അദ്ദേഹത്തിന്റെ കവിതയുടെ

ഉള്ളടക്കത്തെ നിർണ്ണയിക്കുന്നു.വർത്തമാന ജീവിതത്തോട് കവി പ്രതികരിക്കുന്നത് ഭൂതകാലത്തോടുള്ള ഗൃഹാതുരമായ ആഭിമുഖ്യം ഉള്ളിൽ സൂക്ഷിച്ചു കൊണ്ടാണ്.ഈ ഗൃഹാതുരമായ കാല്പ്പനിക ധാരതന്നെയാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ' മുതലിങ്ങോട്ടുള്ള കവിതകളിലെ മുഖ്യ ഉള്ളടക്കമായി പ്രവർത്തിക്കുന്നത്." (www.facebook.com,11.11.2010)

ഷാജി ജേക്കബ് നവമലയാളിയിൽ സംസ്കാര വ്യവസായത്തെക്കുറിച്ച് എഴുതിയ ലേഖനം അക്കാദമിക് രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉപകാര പ്രദമാണ്. സംസ്കാരപഠനത്തിന്റെ ഭാഗമായ സംസ്കാരവ്യവസായം എന്ന ആശയം രൂപപ്പെട്ട ചരിത്രസാഹചര്യം ലേഖകൻ വ്യക്തമാക്കുന്നു:

"സംസ്കാരമണ്ഡലങ്ങളെക്കുറിച്ച് അഡോണോയും ഹോക്കീറും ഉന്നയിച്ച വിമർശനങ്ങളുടെ ആകെത്തുകയാണ് സംസ്കാരവ്യവസായമെന്ന സങ്കല്പത്തിൽ സംഗ്രഹിക്കപ്പെട്ടത്. മുതലാളിത്ത ഉല്പാദനബന്ധങ്ങൾക്കു കീഴിൽ സംസ്കാരം വ്യവസായവൽക്കരിക്കപ്പെടുകയും വാണിജ്യവൽക്കരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ.ഒപ്പംതന്നെ, ജ്ഞാനോദയാധുനികതയുടെ വാഗ്ദാനങ്ങൾ നടപ്പാക്കാൻ കൂട്ടാക്കാതിരുന്ന പടിഞ്ഞാറിന്റെ രാഷ്ട്രീയവിമർശവുമായി മാറി, സംസ്കാരവ്യവസായസങ്കല്പം. ഒരേസമയം, നാസി, കമ്യൂണിസ്റ്റ് സർവാധിപത്യങ്ങളോടും അമേരിക്കൻ കുത്തകമുതലാളിത്തത്തോടും ഇടഞ്ഞുനിന്ന സമീപനമായിരുന്നു അഡോണോവിന്റേതും ഹോക്കീറിന്റേതും. ഇവർക്കു മുൻപുതന്നെ ഈ വിഷയം ചർച്ചചെയ്ത വാൾട്ടർ ബൻയാമിനാകട്ടെ, അത്രയ്ക്കങ്ങു വിമർശനം കമ്യൂണിസത്തിനും മുതലാളിത്തത്തിനും സാങ്കേതികവിദ്യക്കും വിപണിക്കും നേരെ ഉയർത്തിയിരുന്നില്ല. എന്തായാലും യൂറോപ്യൻ തത്വചിന്തയുടെയും സാമൂഹ്യശാസ്ത്രങ്ങളുടെയും മാർക്സിയൻ രീതിപദ്ധതികൾ പിന്തുടർന്ന് സംസ്കാരവ്യവസായത്തെക്കുറിച്ച് അഡോണോയും ഹോക്കീറും രൂപപ്പെടുത്തിയ നിരീക്ഷണങ്ങൾ ഇരുപതാം നൂറ്റാണ്ടിലുടനീളം മാധ്യമ, സാംസ്കാരിക, കലാ, സാഹിത്യ മണ്ഡലങ്ങളിൽ അടിസ്ഥാനപരമായ സൗന്ദര്യശാസ്ത്ര-പ്രത്യയശാസ്ത്ര സംവാദങ്ങൾക്കു ജന്മം

നൽകി."( നവമലയാളി,08.05.2016) ഈ സ്വഭാവത്തിലുള്ള ഉള്ളടക്കങ്ങൾ നവമാധ്യമങ്ങളിൽ ലഭ്യമാണ്. അക്കദമിക് രംഗത്ത് പ്രസക്തമായ സിദ്ധാന്തങ്ങളെ സംബന്ധിച്ച ലഘുലേഖനങ്ങൾ,ദീർഘപ്രബന്ധങ്ങൾ എന്നിവയും നവമാധ്യമങ്ങളിലുണ്ട്.

രാത്രിയെക്കുറിച്ചുള്ള ശാരദക്കുട്ടിയുടെ വിചാരം ഫെയ്സ്ബുക്കിൽ വായിക്കാം.ആസ്വാദനത്തിന്റെ തലത്തിൽ നിൽക്കുന്ന ഈ ലേഖനം നല്ല വായനാനുഭവമാകുന്നു.

"രാത്രി എന്നത് പ്രകൃതിക്ക് ഉറങ്ങാനും വിശ്രമിക്കാനും എല്ലാം മറക്കാനുമുള്ള ഒരു സംവിധാനം ആണെന്നിരിക്കെ എന്തിനാണ് ദൈവം അതിനെ പകലിനേക്കാൾ മനോഹരമാക്കിയത്? പ്രഭാതത്തെക്കാളും പ്രദോഷത്തെക്കാളും മധുരതരമാക്കിയത്?പ്രലോഭനത്തിന്റെ ഈ സൌമ്യനായ നക്ഷത്രം സൂര്യനേക്കാൾ കാവ്യാത്മകം ആകുന്നതെന്തുകൊണ്ട് എന്ന് മോപ്പസാങ് ചോദിച്ചിട്ടുണ്ട്. നിദ്ര കൊണ്ടുവരേണ്ട നിശ, മനുഷ്യന് ഒരിക്കലും അടങ്ങാത്ത രതിപ്രലോഭനം കൊണ്ടുവരുന്നതെന്താണ്?ഒരുപക്ഷെ പ്രണയിക്കുന്ന പുരുഷനെ ഉദ്ദീപ്പിക്കാനാകാം ദൈവം ഇത്തരം രാത്രികൾ സൃഷ്ടിച്ചത്.ഉദ്യാനങ്ങളും വെളിച്ചങ്ങളും മട്ടുത്തു കഴിഞ്ഞവർ ഇടിമിന്നലുകളെ ഉടലിൽ ചേർക്കുന്ന മുഹൂർത്തമായിരിക്കാം രാത്രിയുടെത്.പ്രണയിക്കുന്ന പുരുഷനെ ഉത്തേജിതനാക്കുന്ന ഇതേ രാത്രി പെണ്ണിന് എന്താണ്?സ്വർണമണികൾ കോർത്ത നൂലിഴകൾ പോലെ മിനുങ്ങുന്ന വെളിച്ചപ്പൊട്ടുകൾ.വായിൽ രാത്രിയിലയുടെ രുചി ഞാനറിയുന്നു.പകലിന്റെ ബന്ധനങ്ങളിൽ നിന്ന് എന്നെ സ്വതന്ത്രയാക്കൂ."

(www.facebook.com, 23.07. 2016)

നവമലയളിയിൽ പി.എൻ.ഗോപീകൃഷ്ണൻ എഴുതിയ ഈ ഓർമ്മക്കുറിപ്പ് ശ്രദ്ധേയമാണ്.സംവിധായകൻ കെ.ആർ.മോഹനന്റെ വിയോഗത്തിൽ ദുഃഖിച്ചുകൊണ്ട് ലേഖകൻ എഴുതിയ കുറിപ്പാണിത്.

"മറ്റേതെങ്കിലും ദിവസമായിരുന്നെങ്കിൽ ഇന്നത്തെപ്പോലെ (25/6/2017) സന്തോഷം നിറഞ്ഞ ദിവസം വേറെയുണ്ടാകില്ല. ഇത്രയധികം സുഹൃത്തുക്കളെ കണ്ടുമുട്ടിയ ദിനം അപൂർവ്വം.പക്ഷെ, എല്ലാവരിലും താങ്ങാൻ പറ്റാത്ത വിധം കനം നിറച്ച് കേന്ദ്രത്തിൽ മോഹനേട്ടൻ (കെ.ആർ .മോഹനൻ) കിടന്നിരുന്നു. ഞങ്ങളുടെ ഇരിപ്പിനും നടപ്പിനും വർത്തമാനത്തിനും സ്വസ്ഥത തരാതെ.ആ സൗമ്യസാന്നിദ്ധ്യം ദീപ്തമാക്കിയ വർഷങ്ങളുടെ വാചകം ഇന്ന് പൂർണ്ണ വിരാമത്തിൽ വീണു.പത്തിരുപത് വർഷത്തെ മൂപ്പിനെ ഞങ്ങൾക്കിടയിൽ ഒരിക്കലും ഇരിക്കാൻ അനുവദിച്ചിരുന്നില്ല മോഹനേട്ടൻ. ഏട്ടൻ എന്ന വിളി അനുവദിച്ചു തന്നതൊഴിച്ചാൽ.( പി.എൻ.ഗോപീകൃഷ്ണൻ,മധുരം,സൗമ്യം,ദീപ്തം: ഒപ്പം അർത്ഥപൂർണവും" നവമലയാളി, https://navamalayali.com) ഹൃദയസ്പർശിയായ ഇത്തരം കുറിപ്പുകൾ നവമാധ്യമങ്ങളിലെ വ്യവഹാരങ്ങളിൽ കടന്നുവരുന്നുണ്ട്.

ഇടപെടുന്ന വ്യക്തികൾക്ക് അവർ ആഗ്രഹിക്കുന്നതെല്ലാം എഴുതാൻ ഒരിടം എന്ന ആശയമാണ് നവമാധ്യമങ്ങളിലൂടെ യാഥാർത്ഥ്യമായത്.സ്വകാര്യ അനുഭവങ്ങൾ മുതൽ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ വരെ അതിന്റെ പരിധിയിൽ വരും. ഒരു പൊതു ചുമരിലെ എഴുത്തിനു തുല്യമാണ് ഈ എഴുത്ത്. ഇത്തരം കുറിപ്പുകൾക്ക് വലിയ സ്വീകാര്യതയാണ് കിട്ടുന്നതെന്ന് അവയ്ക്കു കിട്ടുന്ന കമന്റുകൾ വ്യക്തമാക്കുന്നു.അവിടെ കുറിച്ചുവയ്ക്കുന്ന ഓരോ കുറിപ്പും മറ്റുള്ളവർക്ക് വായിക്കാനാകുന്നു.നവമാധ്യമങ്ങളുടെ വരവോടെ യാഥാർത്ഥ്യമായ വ്യവഹാര സന്ദർഭമാണ് ഇത്.

## 4.3.യാത്രാവിവരണം

നവമാധ്യമങ്ങളിലെ ശ്രദ്ധേയമായ ഒരു കഥേതരവ്യവഹാരരൂപമാണ് യാത്രാവിവരണങ്ങൾ.മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യരൂപമായി ഇത് പരിഗണിക്കപ്പെടുന്നു.ലോകം ചുറ്റിസഞ്ചരിക്കാൻ അവസരമില്ലാത്തവർക്ക് വായന യിലൂടെ ലോകക്കാഴ്ചകൾ കാണാൻ അവസരമൊരുക്കുന്നു എന്നതാണ് യാത്രാ വിവരണങ്ങളുടെ പ്രയോജനം.വിവിധ ജനവിഭാഗങ്ങളെയും സംസ്കാരങ്ങളെയും മനസ്സിലാക്കാൻ ഇവയുടെ പാരായണം വഴി സാദ്ധ്യമാണ്.സംസ്കാരം, വിജ്ഞാനം എന്നീ മേഖലകളിൽ ഈടുറ്റ സംഭാവന നൽകുന്ന സാഹിത്യരൂപമെന്ന നിലയിൽ ഇന്നും പ്രസക്തമാണ് യാത്രാവിവരണങ്ങൾ.നവമാധ്യമങ്ങളുടെ വരവോടെ യാത്രാ വിവരണങ്ങൾക്ക് പുതുരൂപവും ഭാവവും കൈവന്നിട്ടുണ്ട്.യാത്രകൾ ഇഷ്ടപ്പെടുന്നവർ എഴുതുന്ന വിവരണങ്ങൾ എന്ന നിലയിലാണ് നവമാധ്യമങ്ങളിലെ യാത്രാ വിവരണങ്ങൾ നിലകൊള്ളുന്നത്.തങ്ങൾ കണ്ട കാഴ്ചകളും വിവരങ്ങളും ഈ പുതു മാധ്യമത്തിൽ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യം മാത്രമാണ് ഇതിന്റെ കർത്താ ക്കൾക്കുള്ളത്.ഒരു സാഹിത്യജനുസ്സിൽ ഇടപെട്ട് തങ്ങൾ ഒരീടുറ്റ കൃതിക്ക് രൂപം നൽകുന്നു എന്ന ഭാവം നവമാധ്യമങ്ങളിൽ എഴുതുന്നവർക്കില്ല.

യാത്രാവിവരണങ്ങൾ ഏറെയും കാണുന്നത് ബ്ലോഗുകളിലാണ്.മറുനാട്ടിൽ താമസിക്കുന്ന മലയാളികൾ അവിടെ കാണുന്ന കാഴ്ചകൾ ബ്ലോഗിൽ എഴുതുന്നു.ഇത്തരം എഴുത്തുകൾക്ക് യാത്രാവിവരണത്തിന്റെ സ്വഭാവം ഉണ്ട്.ചില ലക്ഷ്യങ്ങൾ മുൻനിർത്തി യാത്ര നടത്തുകയും അതേപ്പറ്റി എഴുതുകയും ചെയ്യുന്ന വരും കൂട്ടത്തിലുണ്ട്. നിരക്ഷരൻ എന്ന ബ്ലോഗർ ( മനോജ് രവീന്ദ്രൻ) നടത്തിയ ഇന്ത്യൻ യാത്രയെപറ്റി അദ്ദേഹം കുറിക്കുന്നു:

“ഇന്ത്യയൊട്ടാകെ 100 കോടി മരങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുക എന്ന ലക്ഷ്യവുമായി സ്വാമി സംവിധാനന്ദിന്റെ നേതൃത്വത്തിൽ ഹരിദ്വാർ ആസ്ഥാ

നമാക്കി പ്രവർത്തിക്കുന്ന സംഘടനയാണ് ഗ്രീൻവെയ്ൻ. കേരളത്തിൽ ഗ്രീൻവെയ്ൻ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2014 ജൂൺ 5ന് ആണ്. തുടർന്നിങ്ങോട്ട് നാല് ലക്ഷത്തോളം മരങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഗ്രീൻവെയ്ൻ പ്രവർത്തകർ നട്ടുപിടിപ്പിച്ചു.ഒരുപാട് പ്രകൃതി സ്നേഹികളും കുട്ടികൾ അടക്കമുള്ള പ്രവർത്തകരും ഗ്രീൻവെയിന്റെ ലക്ഷ്യത്തിന് വേണ്ടി പ്രവർത്തിച്ചുപോരുന്നു.

മരങ്ങൾ നടേണ്ടതിന്റേയും പരിസ്ഥിതി സംരക്ഷണത്തിന്റേയും ആവശ്യകതകൾ ജനങ്ങളിലേക്ക് എത്തിക്കാനും അവർ പ്രചോദിക്കാനുമായി ഗ്രീൻവെയ്ൻ ചീഫ് കോർഡിനേറ്റർ സ്വാമി സംവിധാനന്ദ് ഇക്കഴിഞ്ഞ മെയ് മാസം 20 ന് ഹിമാലയത്തിൽ നിന്ന് ഒരു യാത്ര ആരംഭിച്ചു. ഇങ്ങ് തെക്ക് കന്യാകുമാരിവരെയുള്ള വിവിധ സംസ്ഥാനങ്ങളിലെ മുന്നൂറിലധികം ജില്ലകളിലൂടെ കടന്ന് ആ യാത്ര ജൂൺ 20 ന് കന്യാകുമാരിയിൽ അവസാനിച്ചു. ഗ്രാമങ്ങൾ, ആൾക്കൂട്ടങ്ങൾ, സ്കൂളുകൾ, കോളേജുകൾ, ലൈബ്രറികൾ, ആരാധനാലയങ്ങൾ, ആദിവാസി ഊരുകൾ, സ്ത്രീ ശാക്തീകരണ കൂട്ടായ്മകൾ എന്നിങ്ങനെ എല്ലായിടങ്ങളിലും ജനങ്ങളിൽ അവബോധം സൃഷ്ടിച്ചുകൊണ്ടും അവരെ അഭിസംബോധന ചെയ്തുകൊണ്ടും മരങ്ങൾ നട്ടും വിത്തുകൾ സൌജന്യമായി വിതരണം ചെയ്തുകൊണ്ടും മുന്നോട്ട് നീങ്ങിയ ഒരു യാത്രയായിരുന്നു അത്."
( http://niraksharan.in,22.06.2015)

സാമൂഹികലക്ഷ്യങ്ങൾ മുന്നിൽക്കണ്ടു നടത്തുന്ന ഇത്തരം യാത്രകൾ വയനക്കാർക്ക് നല്ല സന്ദേശമാണ് നൽകുന്നത്.കേരളം, വിദേശരാജ്യങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ യാത്രകളെപ്പറ്റിയുള്ള വിവരണങ്ങളും നിരക്ഷരന്റെ ബ്ലോഗിലുണ്ട്. കൊച്ചുത്രേസ്യായുടെ ലോകം, കണ്ണൂർക്കാരന്റെ യാത്രകൾ, കുട്ടപ്പചരിതം, ചീരാമുളക്, പുറം കാഴ്ചകൾ, പെരുമനം, യാത്രകൾ, യാത്ര, സഞ്ചാരി, ശംഖുപുഷ്പം, വഴിയുടെ സംഗീതം, ഞാൻ കണ്ട കാഴ്ച, ഞങ്ങളുടെ യാത്ര തുടങ്ങിയ ബ്ലോഗുകളിലാണ് നവമാധ്യമങ്ങളിലെ യാത്രാവിവരണങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. ചെറുയാത്രകളെക്കുറിച്ചുള്ള, ഡയറിക്കുറിപ്പിന്റെ മാതൃകയിലുള്ള ,

ലേഖനങ്ങളാണ് സഞ്ചാരി എന്ന ബ്ലോഗിൽ ഉള്ളത്. കേരളത്തിലെയും വിദേശ രാജ്യങ്ങളിലെയും സ്ഥലങ്ങളും സ്ഥാപനങ്ങളും ഈ വിവരണത്തിൽ ഉൾപ്പെടുന്നു. സുജിത് ഭക്തന്റെ ഒരു ഗവി യാത്രാവിവരണം (http://www.techtraveleat. com04.10.2017) അവതരണത്തിലെ ലാളിത്യംകൊണ്ട് ശ്രദ്ധേയമാണ്.

"ഇമ്മിണി വല്യ നാണക്കാരിയാണ് നമ്മുടെ പത്തനംതിട്ട, അവൾ അങ്ങനെ ഒന്നും ആരോടും അത്ര മുഖപരിചയം കാട്ടാറില്ല, സ്വാഭാവികമായും നമുക്ക് കരുതാം നമ്മൾ അവളോട് അത്ര അടുക്കാത്ത കാരണം ആകാം ഈ നാണം എന്ന്.

പത്തനംതിട്ട നാണക്കാരി ആണെങ്കിൽ ആ നാണക്കാരിയുടെ നിഗൂഢ തകളും സൗന്ദര്യവും നിറഞ്ഞ കണ്ണാണ് ഗവി. ഏകദേശം പകുതിയോളം പ്രദേശം വനത്താൽ ചുറ്റപ്പെട്ട ജില്ല, ആ പച്ചപ്പിനിടയിലെ ചെറിയ മനുഷ്യത്തുരുത്ത് എന്ന ഗവിയെ വിശേപ്പിച്ചാൽ കേൾക്കുന്നവർ അതിനെ മനുഷ്യാധിപത്യമായി കരുതും, എന്നാൽ സത്യം എന്തെന്നാൽ മാസ്മരികമായ പ്രകൃതി ശക്തിക്കു മുമ്പിൽ പകച്ച് നിൽക്കുന്ന മനുഷ്യ തുരുത്താണ് ഗവി. അങ്ങമൂഴി മുതൽ വള്ളക്കടവ് വരെയുള്ള യാത്ര കഴിയുമ്പോൾ നമ്മൾ അറിയാതെ പറയും അടുത്തുണ്ടായിട്ടും അറിയാതെ പോയല്ലോ ഈ സുന്ദരിയെ." (http://www. Techtr avel eat.com04.10. 2017).പ്രാദേശികഭാഷയുടെ സാരള്യമുള്ള വിവരണമാണ് പൊതുവേ കാണുന്നത്. യാത്രയുടെ ആഹ്ലാദം മറ്റുള്ളവരിലേക്ക് പകരുക എന്ന ലക്ഷ്യമാണ് ഈ ബ്ലോഗർ ക്കുള്ളത്. കണ്ണൂർക്കാരന്റെ ബ്ലോഗിൽ ആസ്ട്രേലിയ , ബാലിദ്വീപ്, മെക്സിക്കോ, മ്യാന്മർ എന്നീരാജ്യങ്ങളിലേക്ക് നടത്തിയ യാത്രാവിവരണമാണുള്ളത്. ഒരാമു ഖത്തോടെയാണ് ആസ്ട്രേലിയൻ യാത്രാവിവരണം ആരംഭിക്കുന്നത്:

“"ഉണ്ടിരുന്ന നായർക്ക് ഒരുവിളി തോന്നി" എന്ന മട്ടിലായിരുന്നു ആ യാത്ര തീരുമാനിച്ചത്.

"എന്നാൽ പ്പിന്നെ ഈ ജൂണിൽ ആസ്ട്രേലിയയിലേക്ക് പോയാലോ" "ഓ.. എന്നാപ്പിന്നെ അങ്ങനെ ആയ്ക്കോട്ടെ"..

സമയവും ബഡ്ജറ്റും പ്ലാനും ഒന്നും നോക്കാതെ ചടുപിടീന്ന് അങ്ങ് തീരുമാനിച്ചു! വേവലാതിപ്പെടാൻ ഇഷ്ടംപോലെ സമയം മുന്നിൽ ഉണ്ടായിരുന്നു!"

തുടർന്ന് വിവരണത്തിലേക്ക് കടക്കുന്നു. ആസ്ട്രേലിയയെ സംബന്ധിക്കുന്ന ചില അടിസ്ഥാനവിവരങ്ങൾ ആദ്യം ലേഖകൻ നൽകുന്നു:

"സ്വന്തം രാജ്യമായി ഒരുഭൂഖണ്ഡംതന്നെ ഉള്ളവരാണ് ആസ്ട്രേലിയക്കാർ. ലോകത്തിലെ ഏറ്റവുംവലിയ ദ്വീപ്, വിസ്തൃതിയിൽ ആറാമത്തെ വലിയരാജ്യം, യുഎന്നിന്റെ മാനവ വികസനസൂചികപ്രകാരം ലോകത്തിലെ രണ്ടാമത്തെ ഏറ്റവുംനല്ല രാജ്യം.ഇങ്ങനെ ഒരുപാട് വിശേഷണങ്ങൾക്ക് അർഹമായസ്ഥലം! ഇന്ത്യയുടെ ഇരട്ടിയിലധികം വിസ്തീർണ്ണമുണ്ട് ആസ്ട്രേലിയക്ക്, പക്ഷെ ജനസംഖ്യ വളരേകുറവും. ഇന്ത്യയിൽ ഒരു ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ 421 ആൾക്കാർ താമസിക്കുമ്പോൾ ആസ്ട്രേലിയയിൽ മൂന്നാൾക്കാർ മാത്രം! അതായത് നഗരങ്ങൾക്ക്പുറത്ത് ഒരുആളെ കണ്ടുകിട്ടണമെങ്കിൽ മണിക്കൂറുകളോളം യാത്ര ചെയ്യേണ്ടിവരും."വേറെ പണിയൊന്നും കിട്ടില്ലെങ്കിൽ മീൻ വിൽക്കാൻ പോകാം" എന്ന പരിപാടി ഇവിടെനടക്കുലാന്ന് ചുരുക്കം."

(http://ksatheesh.blogspot.com,02.04.2016)

എഴുത്തിന്റെ പൊതുരീതി ഇപ്രകാരമാണ്.പല സന്ദർഭങ്ങളിലായാണ് ഈ യാത്രാവിവരണത്തിന്റെ വിവിധ അദ്ധ്യായങ്ങൾ എഴുതിയിട്ടുള്ളത്. പാരായണക്ഷമവും വിജ്ഞാനപ്രദവുമാണ് ഈ യാത്രാവിവരണം.

അച്ചടിസാഹിത്യത്തിലെ യാത്രാവിവരണങ്ങളിൽനിന്ന് നവമാധ്യമങ്ങളിലെ യാത്രാവിവരണങ്ങളെ വേറിട്ടു നിർത്തുന്ന പല ഘടകങ്ങളുമുണ്ട്. വിവരണത്തോടൊപ്പം ചിത്രങ്ങൾ, വീഡിയോകൾ, ശബ്ദരേഖകൾ,സ്കെച്ചുകൾ, ഗ്രാഫുകൾ എന്നിവ നൽകാൻ കഴിയുന്നു എന്നതാണ് അതിൽ പ്രധാനം.

യാത്രികൻ കണ്ട ദേശങ്ങൾ ഒരുപക്ഷേ അതിനേക്കാൾ മനോഹരദൃശ്യമായി നൽകുവാൻ ഈ മാധ്യമത്തിനു കഴിയും.നവസാങ്കേതികവിദ്യ രൂപപ്പെടുത്തിയ ഉപകരണങ്ങൾ ഇത്തരം ആഖ്യാനങ്ങൾക്ക് സഹായകമായി നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഭാഷയുടെ പരിമിതി ഇവരുടെ ആഖ്യാനത്തെ ബാധിക്കുന്നില്ല.മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് യാത്രാസൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്.ലോകത്തിന്റെ ഏതു കോണിലേക്കും കടന്നുചെല്ലാനുള്ള അവ സരം ഇതുവഴി ഉണ്ടാകുന്നു.യാത്രകൾ പുതിയകാലത്തിന്റെ ശീലങ്ങളിൽ ഒന്നായും മാറിയിട്ടുണ്ട്.ലോകത്തെ മിക്ക രാജ്യങ്ങളും ടൂറിസത്തിന്റെ ഭാഗമായി യാത്രകളെ പ്രോൽസാഹിപ്പിക്കുന്നു.ഇത് യാത്രികരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.ഈ വർദ്ധന യാത്രാവിവരണങ്ങളുടെ എണ്ണത്തെയും സ്വാധീനിക്കുന്നുണ്ട്.ചെറുതും വലുതുമായ നിരവധി യാത്രാക്കുറിപ്പുകൾ നവമാധ്യമങ്ങളിൽ വന്നുനിറയുന്നതിന് ഇത് ഒരു കാരണമാണ്.നവമാധ്യമങ്ങളിലെ യാത്രാവിവരണങ്ങൾ ബഹുഭൂരിപക്ഷവും എഴുത്തിലുള്ള കൗതുകം കൊണ്ട് ജനിക്കുന്നവയാണ്.അച്ചടിസാഹിത്യത്തിലെ രചനകളിൽ കാണുന്ന കയ്യൊതുക്കം അവയിൽ ഇല്ല. സൂക്ഷ്മമായ നിരീക്ഷണങ്ങളും വിശകലനങ്ങളും കുറവാണ്.യത്രികർ കാണുന്ന നാടിന്റെ സംസ്കാരത്തെ സമഗ്രത യിൽ വീക്ഷിക്കുവാനുള്ള ശ്രമം കുറവാണ്.യാത്ര ഇഷ്ടപ്പെടുന്നവരുടെ ഒരു സംഘമായി നവമാധ്യമങ്ങളിലെ യാത്രാവിവരണകർത്താക്കളെ പരിഗ ണിക്കാം.യാത്രാഭിമുഖ്യമുള്ളവർക്ക് പരസ്പരം സംവദിക്കാനും നവമാധ്യമങ്ങളിൽ ഇടമുണ്ട്. യാത്രക്കാർക്ക് പരസ്പരം ആശയം കൈമാറാനും യാത്രാനുഭവങ്ങൾ പങ്കിടാനുമായി ആരംഭിച്ച ഫെയ്സ്ബുക്ക് പേജാണ് സഞ്ചാരി ട്രാവൽ ഫോറം. രണ്ടുലക്ഷത്തിനടുത്ത് ആളുകൾ ഇതിൽ അംഗങ്ങളാണ്.

## 4.4.സംവാദം / അഭിമുഖം

മനുഷ്യന്റെ വിചാരലോകത്തെ ഊർജ്ജസ്വലമാക്കി നിർത്തുന്ന വ്യവഹാരരൂപങ്ങളാണ് സംവാദങ്ങൾ.ശക്തമായ ആശയവിനിമയോപാധി യാണത്.ആശയത്തിന്റെ പൂർണ്ണതയെക്കുറിച്ചുള്ള അന്വേഷണമാണത്. യുക്തി യുടെ പിൻബലത്തിൽ ആശയങ്ങളെ സമീപിക്കാനുള്ള ശ്രമത്തിൽനിന്നാണ് എല്ലാ സംവാദങ്ങളും രൂപപ്പെടുന്നത്.ആശയങ്ങൾ കൂട്ടിമുട്ടുകയും പുതിയ ആശയ ങ്ങൾ രൂപപ്പെടുകയും ചെയ്യുന്നതിന് ഈ വ്യവഹാരരൂപം അവസരമൊരു ക്കുന്നു.സംവാദത്തിലൂടെ ആശയങ്ങൾ നിരന്തരം നവീകരിക്കപ്പെടുന്നു. സംവാദത്തിന്റെ മറ്റൊരു രൂപംതന്നെയാണ് അഭിമുഖം. മലയാളസാഹിത്യം എണ്ണപ്പെട്ട ചില സംവാദങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.അതിന്റെ അലയൊലികൾ പൂർണ്ണമായും ഇപ്പോഴും അസ്തമിച്ചുകഴിഞ്ഞിട്ടില്ല. മലയാള സാഹിത്യവ്യവഹാരം സംവാദങ്ങൾക്ക് നൽകിയ സ്ഥാനം ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

ദൃശ്യമാധ്യമങ്ങളിൽ സംവാദത്തിന്റെ സന്ദർഭങ്ങൾ ഉണ്ട്.ആനുകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ട സംവാദങ്ങൾ വിവിധ ചാനലുകളിലായി ദിനംപ്രതി നടക്കുന്നുണ്ട്.എന്നാൽ അവയ്ക്കുള്ള പ്രധാന പരിമിതി മാധ്യമത്തിന്റെ അജണ്ട കൾക്കകത്താണ് അവ സംഭവിക്കുന്നത് എന്നതാണ്.ഇതിന്റെ മറുപുറത്താണ് നവമാധ്യമങ്ങൾ നിലകൊള്ളുന്നത്. പരമ്പരാഗത മാധ്യമങ്ങൾക്ക് സങ്കല്പിക്കാ നാവാത്ത ഇടപെടൽ ശേഷിയാണ് നവമാധ്യമങ്ങൾക്കുള്ളത്.അവയിൽത്തന്നെ ഇടപെടൽ ശേഷി ഏറ്റവും കൂടുതലായി കാണപ്പെട്ടത് ബ്ലോഗുകളിലായിരുന്നു. പിന്നീട് ആ സ്ഥാനത്ത് സോഷ്യൽനെറ്റ്വർക്കുകൾ കടന്നുവന്നു. അച്ചടി

മാധ്യമങ്ങളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും ഉപയോക്താവിന്റെ പങ്കാളിത്തം നന്നേ പരിമിതമായിരുന്നു.അഭിപ്രായങ്ങൾ സെൻസർ ചെയ്താണ് പ്രസിദ്ധീക രിക്കപ്പെട്ടത്.മാധ്യമ അജണ്ടകൾക്കകത്ത് വെട്ടിയൊരുക്കപ്പെടുന്ന ഉള്ളടക്കം മാത്രം പ്രകാശനം നേടുന്ന അവസ്ഥയാണ് നിലനിന്നിരുന്നത്.നവമാധ്യമങ്ങളിൽ ഈ പരിമിതികൾ ഇല്ല എന്നതാണ് അവയെ പ്രസക്തമാക്കുന്നത്.വയനക്കാരന് സ്വന്തം അഭിപ്രായങ്ങൾ നിർഭയം പറയുവാൻ ബ്ലോഗിലും സോഷ്യൽ നെറ്റവർക്കിലും അവസരമുണ്ട്.വായനക്കാരൻ ഉന്നയിക്കുന്ന യുക്തികൾ ചിലപ്പോൾ ഉള്ളടക്കത്തിൽ മാറ്റംവരാൻ കാരണമാകുന്നു.എഴുത്ത് ചലനാത്മകമാകുന്ന വ്യവഹാരസന്ദർഭമായി ഇതിനെ വിലയിരുത്താം. നവമാധ്യ മങ്ങളിലെ സാഹിത്യവ്യവഹാരത്തെ സംവാദകമാക്കുന്നതിൽ സമൂഹമാധ്യമങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്.വെബ് 2.0 യുടെ പ്രധാന സംഭാവനയാണ് സോഷ്യൽ നെറ്റവർക്കുകൾ. ഈ രംഗത്ത് ഏറ്റവും ജനപ്രീതി നേടിയ ഫെയ്സ് ബുക്ക് (Facebook) ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്ക് പരസ്പരം വിനിമയം നടത്തുന്നതിനായി നിർമ്മിച്ചതാണ്.( Dhiraj Murthy,844:2008) മലയാളിയുടെ വിചാരലോകത്തെ സംവാ ദാത്മകമാക്കുന്നതിൽ ഫെയ്സ്ബുക്കിന് വലിയ പങ്കുണ്ട്.സ്വകാര്യതയിൽ മുഴുകി ജീവിക്കാനാഗ്രഹിക്കുന്നവരെക്കൂടി സമൂഹത്തിന്റെ ഭഗമാക്കുവാൻ സമൂഹ മാധ്യമങ്ങൾക്ക് കഴിയുന്നു. സൈബർ ജനാധിപത്യം , സൈബർ ആക്ടിവിസം തുടങ്ങിയ പദങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്നത് ഈ മാധ്യമം പുലർത്തുന്ന സംവാദാത്മകതയ്ക്ക് തെളിവാണ്.സമൂഹമാധ്യമങ്ങൾ വ്യക്തി നിഷ്ഠ രാഷ്ട്രീയത്തിന് പ്രാധാന്യം കൊടുക്കുന്നതായും ,അവ ആൾക്കൂട്ടജ നാധിപത്യത്തിന് മേൽക്കൈ നേടിക്കൊടുക്കുന്നതായും വിമർശനങ്ങളുണ്ട്.( Paul Marris,2003:810) ഈ വിമർശനങ്ങൾ നിലനിൽക്കുമ്പോഴും ആശയക്കൈ മാറ്റത്തിന്റെയും സംവാദത്തിന്റെയും വിശാലമായ ഇടമായി നവമാധ്യമങ്ങൾ നിലകൊള്ളുന്നു.CMC യിൽ (Computer Maitained Community) വ്യക്തി പാഠ( Text) ത്തിലൂടെ തന്നെത്തന്നെ ആവിഷ്കരിച്ച് ആശയക്കൈമാറ്റം നടത്തുകയാണ്.

ദിനംപ്രതി IRC യിലൂടെ ( Internet Relay Chat) അയ്യായിരത്തിലധികം ചാറ്റ് ചാനൽ വഴി ആളുകൾ പരസ്പരം ബന്ധപ്പെടുന്നു.ഇന്ത്യയിൽ 294 മില്യൻ ഇന്റർ നെറ്റ് ഉപയോക്താക്കൾ ഉണ്ട്.ഇവരിൽ 194 മില്യൻ ഉപയോക്താക്കൾ സജീവ മാണ്.92 മില്യൻ മൊബൈൽ ആക്ടിവ് സമൂഹമാധ്യമ ഉപയോക്താക്കൾ ഇന്ത്യയിലുണ്ട്. ഓൺലൈൻ പോപ്പുലേഷനിൽ ഇന്ത്യ മൂന്നാം സ്ഥാനത്താണ് (https://www.statista.com) 48 ലക്ഷം ആക്ടീവ് ഉപയോക്താക്കൾ ഫെയ്സ്ബുക്കിന് കേരളത്തിലുണ്ട്. (http://www.social mediakerala.com) ഇവരിൽ 71 ശതമാനം പുരുഷന്മാരാണ്.ഈ സൂചിക നവമാധ്യമങ്ങളിലെ സംവാദാത്മകതയുടെ വിപുലമായ പരിസരം വ്യക്തമാക്കുന്നു. പ്രാദേശികവും പ്രശ്നാധിഷ്ഠിതവും സമയബന്ധിതവുമായി സൂക്ഷ്മരാഷ്ട്രീയം കൈകാര്യം ചെയ്യാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നു.

നവമാധ്യമങ്ങൾ ഒരുക്കിക്കൊടുക്കുന്ന ഈ വ്യവഹാരസന്ദർഭത്തെ മലയാളികളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നവമാധ്യമങ്ങൾ ജനാധിപത്യ ചർച്ചകൾക്കുള്ള (Democratic Deliberation) വേദിയായി പ്രയോജ നപ്പെടുത്തുന്നുണ്ട്.പൊതുസമൂഹത്തെ ബാധിക്കുന്ന പല വിഷയങ്ങളും നവമാധ്യമങ്ങളിൽ ചർച്ചയാകുന്നു.ലോകത്താകമാനം നടക്കുന്ന സംഭവങ്ങളെ ജനാധിപത്യ കാഴ്ചപ്പാടിൽ വിലയിരുത്തുന്നു. പരമ്പരാഗതമാധ്യമങ്ങൾ ഏറ്റെടു ക്കാത്ത വിഷയങ്ങൾ നവമാധ്യമ കൂട്ടായ്മകൾ ഏറ്റെടുത്ത് പൊതുസമൂഹത്തിനു മുന്നിൽ എത്തിക്കുന്നു.സൈബർ ജനാധിപത്യത്തിന്റെ രൂപീകരണത്തിന് ഇത് അവസരമൊരുക്കുന്നു. നവമാധ്യമങ്ങളിലെ സംവാദങ്ങൾ പൊതുവ്യവഹാര ത്തിന്റെ (Public Discourse) മാറിയരൂപമാണ്.ഏതെങ്കിലും കേന്ദ്രത്തിന്റെ നിയന്ത്രണം അതിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നില്ല. പ്രത്യേക പരിശീലനമോ അദ്ധ്വാനമോ കൂടാതെ ഒരാൾക്ക് ഇടപെടാൻ കഴിയുന്ന വ്യവഹാര പരിസര മാണിത്. ഈ സവിശേഷത നവമാധ്യമങ്ങളുടെ വിശ്വാസ്യത കൂട്ടുന്നു. രാഷ്ട്രീയവൽകൃതമായ അവബോധത്തിന്റെ അന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ ഇത് ഗുണകരമായ സംഭാവന നൽകുന്നു.

മലയാളസിനിമാരംഗത്തെ സ്ത്രീവിരുദ്ധതയ്ക്കെതിരെ വനിതകളുടെ കൂട്ടായ്മ രൂപപ്പെട്ടപ്പോൾ ശാരദക്കുട്ടി ഫെയ്സ്ബുക്കിലെഴുതി:

"2017ൽ ആഹ്ലാദിച്ച നിമിഷങ്ങളിലൊന്ന് ,ഏറ്റവും അനിവാര്യമെന്ന തോന്നിയ ഒരു ഘട്ടത്തിൽ രൂപം കൊണ്ട ഈ സംഘടനയുടെ പിറവിയാണ്. മറ്റേതു തൊഴിൽ മേഖലയേക്കാൾ സ്ത്രീശക്തി സാന്നിധ്യം തെളിയിക്കുകയും സ്ത്രീയുടെ പേരിൽ വിൽക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യപ്പോഴും ഏറ്റവുമധികം സ്ത്രീകൾ ചൂഷണമനുഭവിക്കുന്ന ഒരു വ്യവസായ മേഖലയായി തുടരുകയായിരുന്നു സിനിമാരംഗം. ആധിപത്യ പ്രവണതകൾക്കെതിരെ അതിശക്തമായി പ്രതികരിക്കുന്ന സ്ത്രീകളുടെ ഈ കൂട്ടായ്മക്ക് കരുത്തും ഉണർവ്വും പകരുക എന്റെ കടമയാണെന്നു വിശ്വസിക്കുന്നു."

(www.facebook. com,2017)

സ്ത്രീക്കൂട്ടായ്മയ്ക്ക് ശക്തിപകരുന്ന നിലപാടാണ് ശാരദക്കുട്ടി സ്വീകരിക്കുന്നത്.കേരളത്തിലെ സദാചാരപ്പോലീസ് വാഴ്ചയ്ക്കെതിരെ ചുംബനസമരം സംഘടിപ്പിച്ചവർക്ക് പിന്തുണ നൽകിക്കൊണ്ട് ജെ.ദേവിക എഴുതിയ കുറിപ്പും പ്രസക്തമാണ്. 'അഴിക്കാനും ആടാനും തുനിഞ്ഞിറങ്ങിയവർതന്നെ നാം – തെരുവിൽ ചുംബനസമരക്കാർക്ക് ഒരു സന്ദേശം' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച കുറിപ്പിൽ അവർ എഴുതുന്നു:

"സുഹൃത്തുക്കളേ,

കിസ് ഓഫ് ലൗ സമരങ്ങളുടെ രാഷ്ട്രീയത്തെക്കുറിച്ച് പലതരം ആശങ്കകൾ കേട്ടുതുടങ്ങിയിരിക്കുന്നു.അത് ആഗോളീകരണ അഴിഞ്ഞാട്ടമാണെന്നും , അതല്ല മദ്ധ്യവർഗ്ഗ സന്തതികളുടെ എടുത്തുചാട്ടമാണെന്നും, അതുമല്ല, അതിനു രാഷ്ട്രീയമേ ഇല്ലെന്നുവരെയും , കേരളത്തിലെ ബദൽരാഷ്ട്രീയങ്ങളിലെ പ്രമുഖവ്യക്തിത്വങ്ങൾ അടക്കമുള്ള പലരും മുറുമുറുക്കുന്നു.

ഇത് ഈ സമരങ്ങളിലേക്ക് ആകർഷിക്കപ്പെട്ട പല ചെറുപ്പക്കാരെയും സംശയാലുക്കളാക്കിയിരിക്കുന്നു. എനിക്കു പറയാനുള്ളത് ഇത്തരം വിമർശനങ്ങളിൽ നമ്മൾ നിരാശരാകരുതെന്നാണ്"(ജെ.ദേവിക.2016:139)

മതം, മാധ്യമം, രാഷ്ട്രീയം, സ്ത്രീ,ദളിത്, പരിസ്ഥിതി , ഭാഷ, സാഹിത്യം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട സംവാദപരിസരം രൂപപ്പെടുത്തുവാൻ മലയാളത്തിലെ നവമാധ്യമ വ്യവഹാരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ചും മൂന്നാറിനെക്കുറിച്ചും ഹരീഷ് വാസുദേവ് ഫെയ്സ്ബുക്കിലെഴുതിയ കുറിപ്പ് പരിസ്ഥിതിമേഖലയിലെ നവമാധ്യമ ഇടപെടലിന്റെ ഒരു മാതൃകയാണ്.( ഷാജി ജേക്കബ്,എഡി.2016:187 – 305)മാതൃഭാഷ എന്ന സങ്കല്പനത്തെ പ്രശ്നവൽകരിക്കുന്ന കുറിപ്പാണ് അനിൽകുമാർ പി.വി. 'മലയാളത്തനിമയും മാടമ്പിമാരും' എന്ന തലക്കെട്ടിൽ 2015 മെയ് 30 ന് നവമലയാളിയിൽ എഴുതിയത്.( ഷാജി ജേക്കബ്,എഡി.2016:315 -324) 2015 ആഗസ്റ്റ് 25 ന് സൗത്ത് ലൈവിൽ ജി.പി.രാമചന്ദ്രൻ എഴുതിയ 'ജനപ്രിയത,ആൾക്കൂട്ട ഉന്മാദം,ഫാസിസം: ജോർജുകുട്ടിമാരും ജോർജുമാരും വാഴുന്ന മലയാള സിനിമ'എന്ന കുറിപ്പ് മലയാളസിനിമയിൽ നിലനിൽക്കുന്ന പ്രതിലോമകരമായ ഘടകങ്ങളെ വിചാരണചെയ്യുന്നു.(ഷാജി ജേക്കബ്,എഡി. 2016:331–338)മലയാളിയുടെ വസ്ത്രധാരണത്തിലെ രാഷ്ട്രീയവും സാമൂഹിക സ്ഥിതിയും വിശകലനം ചെയ്യുന്ന 'പാവാടനി രോധിച്ചാൽ നാട്ടുനന്നാവുമോ?' എന്ന കുറിപ്പ് (jaonline. blogspot.com,06.01.2013) പ്രസക്തമാണ്. ലേഖകൻ എഴുതുന്നു:

"നമ്മുടെ നാട്ടിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രകടമായ വിവേചനത്തോടെ വളർത്തുന്നത് പുതിയകാര്യമല്ല. ഒരു നൂറ്റാണ്ട് മുൻപ് കേരളത്തിലെ നമ്പൂതിരി ഇല്ലങ്ങളിൽ ആൺകുട്ടികൾ അനുഭവിച്ചിരുന്ന വിശേഷ അവകാശങ്ങളും, പെൺകുട്ടികൾ കഴിഞ്ഞിരുന്ന നിസ്സഹായാവസ്ഥയും എത്ര

യെന്ന് അറിയാൻ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ 'എന്റെ സ്മരണകൾ' നോക്കുക.

വീടുകളിൽ നിന്നാണ് ആരംഭിക്കേണ്ടത്.അല്ലാതെ കതിരിൽ വളം വച്ചിട്ട് കാര്യമില്ല്എന്ന് ഓർക്കുക. മറ്റുള്ളവരെ വിലമതിക്കാതെയും ബഹുമാനിക്കാതെയും വളരാൻ കുട്ടികളെ നമ്മൾ അനുവദിക്കുന്നു. എന്നിട്ട് 'മാന്യമായി വസ്ത്രം ധരിക്കുക' ,'രാത്രിയിൽ പുറത്തിറങ്ങരുത്' തുടങ്ങിയ ഒറ്റമൂലികൾക്കുമേൽ കടിച്ചുതൂങ്ങുന്നു."( ഷാജി ജേക്കബ്,എഡി.2016:160- 166)

ഇത്തരം നിരവധി വിഷയങ്ങൾ നവമാധ്യമത്തിൽ ചർച്ചചെയ്യ പ്പെടുന്നു ണ്ട്. മലയാളിയുടെ വിചാരലോകത്തെ നിയന്ത്രിക്കുകയും നിരന്തരം പുതുക്കി പ്പണിയുകയും ചെയ്യുന്ന ധർമ്മമാണ് നവമാധ്യമങ്ങളിലെ സംവാദങ്ങൾ നിറവേറ്റു ന്നത്.

നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കഥേതര സാഹിത്യ വ്യവഹാര ത്തിന്റെ എണ്ണം അമ്പരപ്പുളവാക്കുന്നവിധം ബൃഹത്താണ്.ആത്മകഥാക്കുറിപ്പുകൾ, ഓർമ്മകൾ എന്നീവിഭാഗങ്ങളിൽ നിരവധി കുറിപ്പുകൾ കാണാം. പ്രസാദാത്മകമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നവയും ദുരന്തസന്ദർഭങ്ങൾ ഓർത്തെടു ക്കുന്നവയും അക്കൂട്ടത്തിലുണ്ട്.കേരളീയ സാമൂഹികജീവിതത്തിന്റെ ഭാഗമാണ് അവയെല്ലാം.കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്ന രീതി അവയിൽ കാണുന്നു. വ്യക്തിനിഷ്ഠമായ ആശയങ്ങൾക്ക് പ്രാധാന്യമുള്ള വ്യവഹാരമാണത്.എന്നാൽ അവയിൽ അടിയൊഴുക്കായി സാമൂഹികത നിലനിൽക്കുന്നു.

കേവലം വിവരക്കൈമാറ്റം മാത്രം ലക്ഷ്യമാക്കുന്ന ധാരാളം കുറിപ്പുകളും നവമാധ്യമങ്ങളിലുണ്ട്.വൈദ്യം, ജ്യോതിഷം, പാചകം, കച്ചവടം, കൃഷി, ഫാഷൻ, ചമയം തുടങ്ങി മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം ഇതിന്റെ പരിധിയിൽ വരുന്നു. ഫെയ്സ്ബുക്കിൽ ശാരദക്കുട്ടി എഴുതിയ ഒരു പാചക ക്കുറിപ്പ് ഇപ്രകാരമാണ്:

കനം കുറച്ച് നീളത്തിൽ അരിഞ്ഞെടുത്ത പാവയ്ക്കാ ഉപ്പുപൊടിയും കായപ്പൊടിയും പുരട്ടി പത്തു മിനിട്ട് വയ്ക്കുക. ചീനച്ചട്ടിയിൽ വെളിച്ചെണ്ണയൊഴിച്ച് കുറച്ച് കറിവേപ്പില നന്നായി വറുത്തെടുക്കുക. പിന്നീട് അരക്കപ്പ് തേങ്ങാക്കൊത്ത് വറുത്തു കോരുക. പച്ചമുളകും വെളുത്തുള്ളിയും ഒരു കപ്പ് സവോളയും നീളത്തിൽ അരിഞ്ഞതു പ്രത്യേകം പ്രത്യേകം വറുത്തു കോരുക. ഉപ്പും കായവും പുരട്ടി വച്ച പാവക്കായ ഒടുവിൽ വറുത്തെടുക്കുക. ഇവയെല്ലാം കൂടി ഒരുമിച്ച് ഇളക്കി ടിന്നിൽ ആക്കി വച്ചാൽ ആവശ്യത്തിന് ഉപയോഗിക്കാം.രുചീന്നു പറഞ്ഞാൽ അതാരുചി.ചൂട് ചോറും പാവക്കാ വറുത്തതും."

(www.facebook.com ,19.05.2011)

നിരന്തരം പരിഷ്കരിക്കപ്പെടുകയും പുതിയ ആശയങ്ങളെ സാക്ഷാൽക്കരിക്കാൻ ശ്രമങ്ങൾ നടക്കുകയും ചെയ്യുന്ന ഇടമാണ് നവമാധ്യമങ്ങളുടേത്. ബ്ലോഗുകളിലും സമൂഹമാധ്യമങ്ങളിലും ഇത്തരം ശ്രമങ്ങൾ നടക്കുന്നുണ്ട്.മഴത്തുള്ളി എന്ന വെബ്സൈറ്റിനെപ്പറ്റി (http://sapnageorge.com) ബ്ലോഗ് - ബ്ലോഗ്-ബ്ലോഗ് എന്ന ബ്ലോഗിൽ മാത്യു എഴുതുന്ന കുറിപ്പ് ഈ വഴിക്കുള്ള ശ്രമങ്ങൾക്ക് തെളിവാണ്.

"പല തരം വിഷയങ്ങളേക്കുറിച്ചുള്ള ചർച്ചകൾക്കൂടാതെ മഴത്തുള്ളി സുഹൃത്തുക്കളിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വേണ്ടി സാമ്പത്തികമായും, മാനസികമായും, ചികിത്സാപരമായുമുള്ള സേവനങ്ങൾ നല്കാനായി "സാന്ത്വനമഴ" എന്നൊരു ഗ്രൂപ്പും പുതിയതായി ആരംഭിച്ചിട്ടുണ്ട്. സാന്ത്വനമഴയിലൂടെ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കുടുംബത്തിന് സഹായം എത്തിക്കുവാനും മഴത്തുള്ളി അംഗങ്ങളുടെ സഹായം മൂലം സാധിച്ചു.തൊഴിൽ തേടുന്നവർക്കായി തൊഴിൽവീഥി, പാചക വിദഗ്ദ്ധർക്ക് തങ്ങളുടെ വൈദഗ്യം തെളിയിക്കാൻ രുചിമഴ, രസകരമായ ചോദ്യോത്തരപംക്തിയായ ചോദ്യമഴ, മനസ്സിൽ പ്രണയം സൂക്ഷിക്കുന്ന മഴത്തുള്ളി കൂട്ടുകാർക്ക് പ്രണയകഥകൾ, പ്രണയകവിതകൾ എന്നിവ പ്രസിദ്ധീകരിക്കാൻ പ്രണയമഴ, കൊച്ചുകൂട്ടുകാർക്കു വേണ്ടി

യുള്ള കുട്ടിക്കവിതകൾ, കുട്ടിക്കഥകൾ, അമ്മൂമ്മക്കഥകൾ, കാർട്ടൂണുകൾ മുതലായവ പ്രസിദ്ധീകരിക്കാൻ കളിമുറ്റം, ഓഹരിവിപണിയിലെ ഏറ്റക്കുറച്ചിലുകൾ അറിയാനും, സമ്പാദ്യങ്ങൾ കരുതലോടെ നിക്ഷേപിക്കാനുള്ള വഴികാട്ടിയായി ഓഹരി മഴ എന്നിങ്ങനെ വളരെ മികച്ച വിഭാഗങ്ങൾ മഴത്തുള്ളികളിലുണ്ട്. കൂടാതെ ഇനിയും പുതിയ ചില വിഭാഗങ്ങൾ കൂടി ഉടനെ തുടങ്ങുന്നതുമാണ്.''

(http:// sapnageorge.com)

ഇത്തരം ശ്രമങ്ങളുടെ ഫലമാണ് ഇന്ന് കാണുന്ന നവമാധ്യമങ്ങളും അതിന്റെ വ്യവഹാരസ്വരൂപങ്ങളും.സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഭാവിയിൽ നൂതനമായ വ്യവഹാരരൂപങ്ങൾ ആവിഷ്കരിക്കുവാൻ നവമാധ്യമങ്ങൾക്ക് കഴിയും.

നവമാധ്യമങ്ങൾ ബഹുമാധ്യമപരത ഉള്ളവയാണ്.ഭാഷയിലൂടെ മാത്രം വ്യവഹാരം സാദ്ധ്യമാക്കുന്ന മേഖലയല്ല ഇത്.ഭാഷേതരവ്യവഹാരങ്ങൾ പ്രാധാന്യത്തോടെ കടന്നുവരികയും ആശയസംവേദനം നടത്തുകയും ചെയ്യുന്ന മേഖലയാണിത്.നവമാധ്യമങ്ങളിൽ പോസ്റ്റുചെയ്യപ്പെടുന്ന വീഡിയോ ചിത്രങ്ങൾ വ്യവഹാരാന്തരീക്ഷത്തെ രൂപപ്പെടുത്തുന്നുണ്ട്. ഒരു വീഡിയോ ചിത്രത്തിൽനിന്ന് ആരംഭിച്ച് വിപുലമാകുന്നതാണ് ഇതിന്റെ വ്യവാഹരസ്വരൂപം.യൂട്യൂബിലും ഫെയ്സ്ബുക്കിലും വാട്സ് ആപ്പിലും ഓരോദിവസവും പ്രസിദ്ധീകരിക്കുന്ന വീഡിയോ ചിത്രങ്ങൾ മലയാളിയുടെ പൊതുജീവിതത്തിന്റെ രേഖകളായി പരിണമിക്കുന്നുണ്ട്. ദൃശ്യമാധ്യമങ്ങൾ പരിഗണിക്കാത്ത നിരവധി വാർത്താപ്രാധാന്യമുള്ള ദൃശ്യചിത്രങ്ങളാണ് നവമധ്യമങ്ങൾ വഴി പുറത്തുവന്നത്.അഴിമതിക്കഥകളും അവയുടെ വെളിപ്പെടുത്തലുകളും ഇക്കൂട്ടത്തിൽ പെടുന്നു.സമാന്തര മധ്യമപ്രവർത്തനമാണ് ഇതുമൂലം സാദ്ധ്യമാകുന്നത്.

നവമാധ്യമങ്ങളിൽ പ്രകാശിതമാകുന്ന ചലച്ചിത്രങ്ങൾ ഇതിന്റെതന്നെ വേറിട്ട ഒരു വഴിയാണ്.നവസാങ്കേതികവിദ്യ വികസ്വരമായ ഇക്കാലത്ത് ചലച്ചിത്രനിർമ്മാണം എളു പ്പമായിട്ടുണ്ട്.സാങ്കേതികവിദ്യയിൽ മേന്മ അവകാ

ശപ്പെടാനാവാത്ത ചലച്ചിത്രങ്ങൾ പോലും ആശയനിവേദനത്തിന്റെ കാര്യത്തിൽ മുന്നിൽനിൽക്കുന്നത് കാണാവുന്നതാണ്.നവമാധ്യമങ്ങൾ വഴി നിരവധി ചെറു ചലച്ചിത്രങ്ങൾ പ്രകാശിതമാകുന്നുണ്ട്.സമകാലികവും സാർവകാലിക പ്രസക്ത വുമായ വിഷയങ്ങൾ അവ അവതരിപ്പിക്കുന്നു. ദളിത്, സ്ത്രീ, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങൾ, മനുഷ്യബന്ധങ്ങളിലെ സങ്കീർണ്ണതകൾ, കേരളീയജീവിതത്തിന്റെ മുദ്രകൾ, കലാസാംസ്കാരിക പൈതൃകം എന്നിവ വിഷയമാക്കുന്ന സിനിമകൾ ഉണ്ടാവുകയും പ്രകാശിതമാവുകയും ചെയ്യുന്നു. ഇതിന് പ്രചോദനമാകുന്നത് നവ മാധ്യമങ്ങളാണ്.സിനിമ നിർമ്മാണത്തിന്റെയും വിതരണത്തിന്റെയും പരമ്പ രാഗത ഘടനയ്ക്കകത്ത് പ്രവേശിക്കാൻ അവസരം കിട്ടാത്ത പ്രതിഭാശാലികൾക്ക് നവമാധ്യമം പ്രതീക്ഷനൽകുന്നു.ഇപ്രകാരം നവമാധ്യമങ്ങളിലെത്തുന്ന ദൃശ്യചിത്ര ങ്ങൾ രൂപപ്പെടുത്തുന്ന ആശയമണ്ഡലം മലയാളിയുടെ നവമാധ്യ മവ്യവഹാരമേഖലയെ സജീവമാക്കുന്നു.ഇവയ്ക്ക് പുറമേ കാർട്ടൂണുകൾ, ട്രോളുകൾ എന്നിവയും പരിഗണനയർഹിക്കുന്നു.കാർട്ടൂണുകൾ അച്ചടിമാധ്യമ ത്തിന് പരിചയമുള്ള വ്യവഹാരരൂപമാണ്.എന്നാൽ ട്രോളുകൾ നവമാധ്യമത്തിന്റെ സംഭാവനയാണ്.അതിരൂക്ഷമായ വിമർശനങ്ങൾ ഫലിതരൂപത്തിൽ അവതരിപ്പിക്കുന്ന നവമാധ്യമങ്ങൾ സാമൂഹിക വിമർശനത്തിന്റെ പുതുമാതൃക യാണ് കാട്ടിത്തരുന്നത്.

നവമാധ്യമങ്ങളിലെ കഥേതര സാഹിത്യവ്യവഹാരത്തിന്റെ മേഖല അതിവിപുലമാണ്.വിജ്ഞാനവിതരണം എന്ന ധർമ്മം ഫലപ്രദമായി നിർവഹി ക്കുവാൻ അതിനു കഴിയുന്നു.ഇതര മാധ്യമങ്ങളിൽ നിലനിൽക്കുന്ന വ്യവഹാര രൂപങ്ങളെയെല്ലാം ഉൾക്കൊള്ളാൻ നവമാധ്യമത്തിനും കഴിയുന്നു.മറ്റു മാധ്യമ ങ്ങൾക്ക് കൈകാര്യം ചെയ്യാനാവാത്ത വ്യവഹാരരൂപങ്ങളെയും വനമാധ്യമ ങ്ങൾക്ക് ഉൾക്കൊള്ളാനാവുന്നു.ആവിഷ്കരണത്തിൽ നൂതനമായ സമ്പ്രദായങ്ങൾ കൊണ്ടുവരാനുള്ള കഴിവ് നവമാധ്യമങ്ങൾക്കുണ്ട്.വായന അനായാസമാ കുന്നതിനും വായനക്കാരുടെ താല്പര്യം വർദ്ധിക്കുന്നതിനും ഇത് കാരണമാകു ന്നുണ്ട്.

സമാന്തരമായ മാധ്യമപ്രവർത്തനത്തിന്റെ ഇടമായി നിലനിന്നുകൊണ്ട് സാമൂഹികപ്രസക്തിയുള്ള നിരവധി വിഷയങ്ങൾ പൊതുജനശ്രദ്ധയിലേക്ക് കൊണ്ടുവരാൻ നവമാധ്യമങ്ങളിലെ കഥേതരസാഹിത്യ വ്യവഹാരം അവസര മൊരുക്കുന്നു. ഇത് പുതിയതരം മാധ്യമപ്രവർത്തനത്തിന്റെ (സിറ്റിസെൻ ജേർണ ലിസം) വേദിയാകുന്നു.വ്യക്തിസ്വാതന്ത്ര്യത്തിന് പ്രാധാന്യം കല്പിക്കുന്ന മാധ്യമ ഇടപെടലുകൾ ഈ മാധ്യമത്തിലുണ്ട്.സമൂഹത്തെ ചലനാത്മകമാക്കി നിർത്തുന്ന മാധ്യമപരിസരം എന്ന നിലയിൽ നവമാധ്യമങ്ങളും അതിലെ കഥേതര സാഹിത്യ വ്യവഹാരങ്ങളും വിലപ്പെട്ട സംഭാവനയാണ് നൽകുന്നത്.

# അദ്ധ്യായം 5

# നവമാധ്യമങ്ങളിലെ സാഹിത്യം : സംസ്കാര പ്രതിഫലനം

നവമാധ്യമങ്ങളിലെ മലയാളസാഹിത്യം പ്രതിഫലിപ്പിക്കുന്ന സംസ്കാര ത്തെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നത്. നവമാധ്യമങ്ങൾ നില കൊള്ളുന്നത് ആഗോളമായ ശൃംഖലയ്ക്കകത്താണ്.സംസ്കാരത്തിന്റെ രൂപീകരണ ത്തിൽ മാധ്യമങ്ങൾ പുലർത്തുന്ന ധർമ്മത്തെക്കുറിച്ച് ഇതിനകം ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്.ഒരു ജനസമൂഹത്തിന്റെ സ്വത്വത്തെയും അഹംബോധ ത്തെയും അടയാളപ്പെടുത്തുന്ന പദമെന്ന നിലയിൽ സംസ്കാരം ശ്രദ്ധനേടുന്നു. (രവീന്ദ്രൻ,പി.പി.,2002:21) മുതലാളിത്തത്തിന്റെ വികാസവും നവസാങ്കേതി കവിദ്യയുടെ ഉദയവും സംസ്കാരപഠനത്തിൽ ദിശാവ്യതിയാനത്തിനു കാരണമാ യിട്ടുണ്ട്. (ശിവദാസ്,കെ.കെ,2012:10)മാധ്യമരംഗത്തുണ്ടായ വികാസവും മാറ്റവും ഈ പഠനത്തിന്റെ മുഖ്യപരിഗണനയിലേക്ക് വന്നു. സമൂഹരൂപീകരണത്തിലും, സമൂഹത്തിന്റെ ചിന്താമണ്ഡലത്തെ രൂപപ്പെടുത്തുന്ന ഘടകം എന്ന നിലയിലും മാധ്യമങ്ങൾ നിർവഹിക്കുന്ന ധർമ്മം വിമർശനങ്ങൾക്ക് വിധേയമായി. സമൂഹ ഘടനയുടെ മേൽപ്പുരയായി സങ്കല്പിക്കപ്പെടുന്ന സംസ്കാരത്തിൽ മാധ്യമങ്ങൾ നട ത്തുന്ന ഇടപെടൽ പ്രധാനമാകുന്ന സാഹചര്യം ഇതാണ്. മാധ്യമവികാസത്തിന്റെ ഇങ്ങേതലയ്ക്കൽ നിൽക്കുന്ന നവമാധ്യമങ്ങൾ വിനിമയംചെയ്യുന്ന സാഹിത്യ വ്യവഹാരങ്ങളും അവ സംവേദനം ചെയ്യുന്ന സംസ്കാരവും പുതിയ സാഹചര്യ ത്തിൽ പ്രസക്തമാകുന്നു. കേരളത്തിലെ മാധ്യമാന്തരീക്ഷം ആഗോളസാഹ ചര്യത്തിൽനിന്ന് വ്യത്യസ്തമല്ല. ആശയസംവേദനത്തിന്റെ നൂതനമാർഗ്ഗമായ നവമാധ്യമങ്ങളെ പ്രയോജനപ്പെടുത്തുന്നതിൽ മലയാളികൾ ഒട്ടും പിന്നിലല്ല. നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന വ്യവഹാരരൂപങ്ങൾ മലയാളിയുടെ സംസ്കാരത്തിൽ സംഭവിച്ച പരിണാമത്തെ അടയാളപ്പെടുത്തുന്നുണ്ട്.

## 5.1 നവമാധ്യമങ്ങളും സംസ്കാരവും

മനുഷ്യജീവിതത്തിന്റെ ഏതാണ്ടെല്ലാ മേഖലകളെയും സ്വാധീനിക്കുന്ന ഒന്നാണ് മാധ്യമം.വീട്ടിലും പൊതുസ്ഥലത്തും യാത്രാവേളയിലും മാധ്യമങ്ങൾ നമ്മോടൊപ്പമുണ്ട്. ബഹുജനമാധ്യമങ്ങൾ (mass media) എന്നു വിളിപ്പേരുള്ള മാധ്യമങ്ങൾ സമൂഹനിർ മ്മിതിയിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ഉള്ളടക്കത്തെ പ്രഭവകേന്ദ്രത്തി ൽനിന്ന് ലക്ഷ്യസ്ഥാനത്തെത്തിക്കുന്ന ഉപാധി എന്ന നിർവചനം മാധ്യമങ്ങളുടെ പ്രാഥമികമായ ധർമ്മത്തെ മാത്രമേ അട യാളപ്പെടുത്തുന്നുള്ളൂ.(Paul Hodkinson, 2011 :1) ഉള്ളടക്കത്തിന്റെ നിർമ്മാണം മുതൽ ഓരോ ഘട്ടത്തിലും പ്രത്യയശാസ്ത്ര ഇടപെടലുമായാണ് മാധ്യമങ്ങൾ നീങ്ങു ന്നത്. മാധ്യമം ഇന്ന് കേവലം വിവരവിനിമയത്തിന്റെ മാത്രം വിഷയമല്ല. അതിൽ ശക്തമായ രാഷ്ട്രീയം പ്രവർത്തിക്കുന്നുണ്ട്.വ്യവസായം, തൊഴിൽ, സേവനം തുടങ്ങി നിരവധി ഘടകങ്ങൾ അതിൽ അന്തർലീനമായിട്ടുണ്ട്. സാമൂഹി കഘടനയുടെ മേൽപ്പുരയെ നിർമ്മിക്കുന്ന നിർണ്ണായകശക്തിയായി മാധ്യമം വിലയിരുത്തപ്പെടുന്നു.ഈ നിലയ്ക്ക് മാധ്യമപഠനം സംസ്കാരപഠനത്തിന്റെകൂടി വിഷയമാണ്.

ഇലക്ട്രോണിക് യുഗത്തിലാണ് നാമിന്ന് ജീവിക്കുന്നത്.പുതിയ കാലത്തിന്റെ ചലനങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നത് ഇലക്ട്രോണിക് ഉപകരണ ങ്ങളിലാണ്.ലോകജനസംഖ്യയിൽ നല്ലൊരു വിഭാഗത്തിന്റെയും ദൈനംദിന ജീവിതം പുലരുന്നതും അസ്തമിക്കുന്നതും ഈ ഉപകരണങ്ങളുടെ മിടിപ്പുകൾ തിരിച്ചറിഞ്ഞുകൊണ്ടാണ്.കമ്പ്യൂട്ടർ എന്ന ഉപകരണം അതിന്റെ ആദ്യകാല നിർമ്മാണലക്ഷ്യങ്ങളെ പിൻതള്ളി നൂതനമായ പ്രവർത്തനമേഖലകളിലേക്ക് കടന്നു.ഈ മാറ്റം മനുഷ്യരാശിയുടെ ജീവിതനിലവാരത്തെയും മാറ്റിത്തീർ ത്തിട്ടുണ്ട്.വിനിമയത്തിന്റെ വേഗത്തെയും ശക്തിയെയും സ്വപ്നംകണ്ട മനുഷ്യന് ഇന്റർനെറ്റ് വലിയ അനുഗ്രഹമാണ് നൽകിയത്.ജീവിതം കൂടുതൽ ലളിതമാകുന്നു എന്ന തോന്നൽ അത് സൃഷ്ടിച്ചു.എന്നാൽ മറുവശത്ത് മനുഷ്യവ്യാപാരത്തെ അത്

കൂടുതൽ സങ്കീർണ്ണമാക്കുന്ന നിലയും സംജാതമാകുന്നു.ലോകജനത പുതിയൊരു സാംസ്കാരിക പരിസരത്തെ അഭിസംബോധന ചെയ്യുന്ന കാഴ്ചയാണ് ഇന്നുള്ളത്.നവമാധ്യമങ്ങളുടെ ആവിർഭാവവും വികാസവും സവിശേഷമായ ഒരു സാംസ്കാരിക സാഹചര്യത്തെ രൂപപ്പെടുത്തിയിട്ടുണ്ട്.സൈബർ സംസ്കാരം (cyber culture) എന്നാണ് അത് അറിയപ്പെടുന്നത്.

### 5.1.1 സൈബർ സംസ്കാരം

ആഗോളതലത്തിൽ സുപരിചിതമായിത്തീർന്ന ഒരു സംജ്ഞയാണ് സൈബർ സംസ്കാരം (cyber culture) ഇന്റർനെറ്റിന്റെ കടന്നുവരവോടെയാണ് സവിശേഷമായ ഈ സംസ്കാരസാഹചര്യം നിലവിൽവന്നത്.കമ്പ്യൂട്ടർ എന്ന ഉപകരണത്തിന്റെ സഹായത്തോടെ നിർവഹിക്കപ്പെടുന്ന ആശയവിനിമയമാണ് (Computer Maintained Communication) സൈബർ സംസ്കാരത്തെ യാഥാർത്ഥ്യമാക്കിയത്.കമ്പ്യൂട്ടറിൽ ദൃശ്യമാകുന്ന പ്രതീതിസ്ഥലമാണ് സൈബർ സ്പെയ്സ്. സൈബർ സ്പെയ്സിനെ കേന്ദ്രീകരിച്ച് നൂതനമായ ഒരു വ്യവഹാര മണ്ഡലം രൂപപ്പെടുകയും ആ വ്യവഹാരമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന സമൂഹങ്ങൾ നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തെയും സമയത്തെയും സംബന്ധിച്ച പൂർവധാരണകളിൽ ഒരു പൊളിച്ചെഴുത്ത് നടത്താൻ നാം പ്രേരിതരായി.ഇന്റർനെറ്റ് ആശയവിനിമയരംഗത്ത് ആധിപത്യമുറപ്പിച്ചത് മുൻപില്ലാതിരുന്ന നിരവധി പ്രവണതകളെ യാഥാർത്ഥ്യമാക്കിക്കൊണ്ടായിരുന്നു. സമൂഹം എന്ന സങ്കല്പനത്തിൽ കാതലായ മാറ്റം പ്രകടമായ ഘട്ടം കൂടിയായിരുന്നു ഇത്.സ്ഥലത്തെ സംബന്ധിച്ച ധാരണയ്ക്കാണ് അടിസ്ഥാനപരമായ വ്യത്യാസം വന്നത്. സമയത്തിന്റെ ഉപകരണമായ കമ്പ്യൂട്ടറാണ് ഇതിന് വഴിയൊരുക്കിയത്.( Jones Steven,G , 1997:13) സൈബർ സ്പെയ്സ് എന്ന സ്ഥലരാശി പരമ്പരാഗത സ്ഥലസങ്കല്പനത്തിൽനിന്ന് ഉലോം വ്യത്യസ്തമാണ് .കമ്പ്യൂട്ടറിൽ ദൃശ്യമാകുന്ന സമാന്തര സ്ഥലത്തെയാണ് സൈബർ സ്പെയ്സ്(cyber space) പ്രതിനിധാനം

ചെയ്യുന്നത്.കൊണ്ടുനടക്കാവുന്ന അഥവാ കൂടെ നടക്കുന്ന ഒരു സ്ഥലമാണത്. സൈബർപെയ്സിൽ സ്ഥലം സമൂഹനിർമ്മിതിയാണ് (Steven G.Jones; 36) അതിന്റെ നിലനിൽപ്പ് പരസ്പരപ്രവർത്തനത്തിന്റെ (interactivity)സാന്നിദ്ധ്യത്തെയും (presence) അസാന്നിദ്ധ്യത്തെയും (absence) ആശ്രയിച്ചാണിരിക്കുന്നത്.സ്ഥലം ഇവിടെ ഒരു വസ്തുവല്ല, സംസ്കാരവുമായി ബന്ധപ്പെട്ട ഒരു അടുക്കാണ് (a set of culturally bound relations).അത് അനുഭവപരമായ ഒരു നിർമ്മിതിയാണ്.സാങ്കേതികവിദ്യയുടെ വികസനം സ്ഥലത്തെയും സമയത്തെയും അപ്രസകതമാക്കിയിരിക്കുന്നു എന്ന് പറഞ്ഞപ്പോൾ മാർഷൽ മക് ലൂഹൻ വിവക്ഷിച്ചതും ഇതാണ്. സ്ഥലത്തെക്കുറിച്ച് യാതൊരു ബോധവുമില്ലാതെ (no sense of place) അതിരുകളില്ലാത്ത ഒരു ഗ്ലോബൽ വില്ലേജിൽ താമസിക്കാൻ ഇത് അവസരമൊരുക്കുന്നു. CMC (computer maintained community) യുടെ വ്യാപനം ഈ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്.

ഒരുകമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനുമുള്ള ആർക്കും സ്വന്തമാക്കാൻ കഴിയുന്ന ലോകമാണത്.സ്മാർട് ഫോണുകളുടെ വരവോടെ അതിന്റെ പരിധി കൂടുതൽ വിസ്തൃതമായി. വിവരത്തിന്റെയും വിവരവിനിമയത്തിന്റെയും ധാരാളിത്തത്തെ ആഘോഷിക്കുന്ന ഇടം എന്നനിലയിൽ സൈബർ സ്പെയ്സിന് സംസ്കാരപഠനത്തിൽ പ്രാമുഖസ്ഥാനമുണ്ട്. വിവരസാങ്കേതികവിദ്യ സംസ്കാരപഠനത്തിൽ ശ്രദ്ധേയമായ ഇടം നേടിക്കഴിഞ്ഞു.മനുഷ്യന്റെ എല്ലാത്തരം വ്യവഹാരങ്ങളെയും അത് സ്വാധീനിക്കുന്നു.വിവരങ്ങളുടെ ഉല്പാദനം, വിതരണം, വിപണനം തുടങ്ങിയമേഖലകളിൽ സംഭവിച്ച മാറ്റം സംസ്കാരത്തെയും ബാധിക്കുന്നു.സംസ്കാരത്തെക്കുറിച്ച് മുൻകാലങ്ങളിൽ നടത്തിയ അന്വേഷണങ്ങൾ ഈ സവിശേഷ സാഹചര്യത്തിൽ അപര്യാപ്തമായിത്തീർന്നിട്ടുണ്ട്.ആശയങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും നവമാധ്യമങ്ങൾ ചെലുത്തിയ സ്വധീനം ഇതിനു കാരണമായി.സാങ്കേതികവിദ്യ മുൻപ് സ്വീകരിച്ചിരുന്ന നിലപാടുകളും നിറവേറ്റിയിരുന്ന ധർമ്മങ്ങളും നവമാധ്യമസാഹചര്യത്തിൽ പരിവർത്തനപ്പെട്ടു.ആധുനികകാലത്ത് മനുഷ്യാദ്ധ്വാനത്തെ ലഘൂകരിക്കുന്നതിനും ഉല്പാദനം

വർദ്ധിപ്പിക്കുന്ന തിനുമായിരുന്നു യന്ത്രങ്ങൾ വിഭാവനചെയ്ത് നടപ്പിലാക്കിയത്. അപ്പോഴും യന്ത്രവും മനുഷ്യനും എന്ന വേർതിരിവ് ശക്തമായിരുന്നു. യന്ത്രസംസ്കാരത്തെക്കുറിച്ചുള്ള വിചാരങ്ങളിലെല്ലാം ഈ ദ്വന്ദാത്മകത ദൃശ്യമായിരുന്നു. എന്നാൽ ഇന്ന് അതല്ല അവസ്ഥ. യന്ത്രത്തെയും മനുഷ്യനെയും വേർതിരിക്കാനാവാത്ത സാഹചര്യമാണ് ഉത്തരാധുനികകാലം സൃഷ്ടിച്ചത്.ഇതിന് സാമ്പത്തികമായ മാനവുമുണ്ട്.വ്യവസായികാനന്തരകാലത്തെ നിർമ്മാണാത്മകമായ സാമ്പത്തികവ്യവസ്ഥ ആധുനികാനന്തരകാലത്ത് ദുർബലമായി. സേവനാത്മകസാമ്പത്തിക വ്യവസ്ഥിതിയിലേക്ക് ലോകസമൂഹം മാറി.സംസ്കാരപഠനത്തിൽ ഇതെല്ലാം പ്രസക്തമാകുന്നു.

ദിനം പ്രതി ദശലക്ഷം ആളുകൾ കമ്പ്യൂട്ടർ സ്ക്രീനിൽ അനുഭവിക്കുന്ന മായികാനുഭവത്തിന്റെ ലോകത്തെയാണ് സൈബർസ്പെയ്സ് അടയാളപ്പെടുത്തുന്നത്.മാധ്യമീകൃതമായ ഉത്തരാധുനിക സമൂഹത്തിൽ യന്ത്രവും മനുഷ്യനും തമ്മിലുള്ള അതിർവരമ്പുകൾ മാഞ്ഞുപോകുന്നു. സമൂഹം എന്ന പരികല്പനയിൽ ശൃംഖലാസമൂഹം(networked community) എന്നൊരധികമാനം പ്രസക്തമായി. സംസ്കാരംപങ്കുവയ്ക്കുന്നവരുടെ കൂട്ടായ്മ എന്ന നിലയിൽ ഈ ശൃംഖലാസമൂഹം പ്രസക്തമാകുന്നു.ദേശത്തിന്റെ അതിരുകൾക്കുള്ളിൽ നിർത്തി ജനതയുടെ സംസ്കാരം വിശകലനം ചെയ്യുന്ന രീതി ശൃഖലാസമൂഹങ്ങളെ പഠനവിധേയമാക്കുമ്പോൾ അപ്രസകതമാകുന്നു. ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ പിൻബലമില്ലാതെ, പ്രത്യേകമായ സാമൂഹികസാഹചര്യം ആവശ്യപ്പെടാതെ, സമൂഹമായി നിലനിൽക്കാൻ കഴിയുന്നു എന്നതാണ് സൈബർസമൂഹം എന്ന് വിളിക്കപ്പെടുന്ന ശൃംഖലാസമൂഹത്തിന്റെ പ്രത്യേകത. ഇന്റർനെറ്റിന്റെ പരിധിക്കകത്ത് ഇത്തരം നിരവധി സമൂഹങ്ങൾ നിലനിൽക്കുന്നുണ്ട്.അത്തരം സമൂഹങ്ങൾ നിരന്തര സമ്പർക്കത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. വ്യവസ്ഥാപിതമായ സമൂഹഘടനയെ വെല്ലുവിളിക്കാൻ ഈ സമൂഹങ്ങൾക്ക് കഴിയുന്നു എന്നതാണ് മറ്റൊരു പ്രത്യേകത.

സാംസ്കാരികവികാസത്തിന്റെ പ്രാഥമികലക്ഷണങ്ങളിലൊന്നായ സാക്ഷരതയുടെ മാനദണ്ഡം മാറിയിട്ടുണ്ട്.നൂതനമായ ഒരു സാക്ഷരതയുടെ സാഹചര്യമാണ് ഇന്നുള്ളത്.ലോകസാഹചര്യങ്ങളോട് പൊരുത്തപ്പെട്ട ജീവിക്കാൻ നവമാധ്യമസാക്ഷരത അത്യാവശ്യമാണ്. വ്യവസായവൽകരണം മനുഷ്യനെ യന്ത്രങ്ങളുമായി ബന്ധിപ്പിച്ചെങ്കിലും യന്ത്രപരിജ്ഞാനം പൗരന്റെ ബാദ്ധ്യതയായി തിരിച്ചറിയപ്പെടുന്ന സാഹചര്യം സംജാതമായിരുന്നില്ല. എന്നാൽ ആധുനികാനന്തര കാലഘട്ടത്തിലെ സ്ഥിതി അതല്ല. പേഴ്സണൽ കമ്പ്യൂട്ടർ എന്ന പദം തന്നെ വ്യക്തിയെ യന്ത്രത്തോട് ബന്ധിപ്പിക്കുന്നതിന്റെ സൂചകമാണ്. ഉത്തരാധുനിക സമൂഹത്തിൽ ജീവിക്കുന്ന പൗരന്മാർ നല്ലപങ്കും കമ്പ്യൂട്ടറും ഇന്റർനെറ്റും തീർക്കുന്ന സൈബർ സ്പെയ്സിൽ ഇടപെടുന്നവരാണ്. ജനതയെ ഡിജിറ്റലായും ഡിജിറ്റലല്ലാതെയും വിഭജിക്കുന്ന സാഹചര്യം രൂപപ്പെട്ടു കഴിഞ്ഞു.ഓൺലൈൻ ജീവിതമെന്നും ഓഫ് ലൈൻ ജീവിതമെന്നും ജീവിതത്തെ പകുക്കുന്ന സ്ഥിതിയും സംജാതമായിട്ടുണ്ട്.ഇതെല്ലാം സംസ്കാരവുമായി നേരിട്ടു ബന്ധപ്പെടുന്ന ഘടകങ്ങളാണ്. വ്യാവസായിക വികസനത്തിൽനിന്ന് (indusrial development) വിവരാസ്പദവിക സനത്തിലേക്ക് ( informational development) സമൂഹഘടന മാറുന്ന അനുഭവമാണ് ഇന്നുള്ളത്. ഇത് ടെക്നോളജിയെ മാത്രം ബാധിക്കുന്ന ഒരു വിഷയമല്ല. സാമൂഹികമാറ്റത്തിന്റെയും സംസ്കാരത്തിന്റെയും വിഷയമാണ്."(Castells with Catterall 2001:3) ആധുനികാനതര സമൂഹത്തിന്റെ ഒരു പ്രധാന സവിശേഷതയായി ബോദ്രിയാദ് സൂചിപ്പിച്ച , ഉല്പാദനത്തിൽനിന്ന് വിവരാസ്പദ വ്യവസായത്തിലേക്കുള്ള മാറ്റം പരിഗണിക്കപ്പെടേണ്ടതാണ്.(Stephen Hill, 2010:75)വ്യവസായാനന്തര സമൂഹത്തിലെ കാതലായ മാറ്റമാണത്. സാമ്പത്തികരംഗത്തെ ചലിപ്പിക്കുന്ന ഈ മാറ്റത്തെ വിവരാസ്പദ സാമ്പത്തികശക്തി എന്നാണ് ഡേവിഡ് ബെൽ വിശേഷിപ്പിക്കുന്നത്.ഒരുതരം സോഷ്യോ – ടെക്നിക്കൽ ജ്ഞാനവ്യതിയാനമായി ഇതിനെ തിരിച്ചറിയണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.( Devid Bell, 2007:59)

ലോകസാഹചര്യത്തിൽ സാസ്കാരികമേഖലയിൽ സംഭവിച്ച പരിണാമത്തിനു വിധേയമായി കേരളത്തിലും നവീനമായൊരു സാംസ്കാരി കസാഹചര്യം രൂപപ്പെട്ടുകഴിഞ്ഞു.നവസാങ്കേ തികവിദ്യയും അതിന്റെ സംഭാവനയായ നവമാധ്യമങ്ങളും ഇതിന് പ്രധാന കാരണമാണ്. യാഥാർത്ഥ്യ ത്തിന്റെയും പ്രതീതിയാഥാർത്ഥ്യത്തിന്റെയും അതിരുകൾ മാഞ്ഞുപോകുന്ന ജീവിതക്രമത്തിന്റെ നടുവിലാണ് മലയാളി ഇന്ന് തന്റെ ജീവിതം കരുപ്പിടി പ്പിക്കുന്നത്. ജീവിതവ്യാപാരത്തിന്റെ സ്വഭാവത്തിൽ വന്ന ഈ പരിണാമത്തെ സ്വാധീനിച്ച മുഖ്യഘടകം സൈബർമേഖലയുമായുള്ള ഇടപെടലാണ്. മലയാളിയുടെ സംസ്കാരത്തെ ക്കുറിച്ചുള്ള അന്വേഷണങ്ങളിൽ ഈ സവിശേഷ മേഖലയെ അഭിമുഖീകരിക്കാ തിരിക്കാനാവില്ല. സൈബർസംസ്കാരം എന്ന് പൊതുവേ വിവക്ഷിക്കുന്ന ഒരു സാംസ്കാരികാന്തരീക്ഷം സംജാതമായിക്കഴിഞ്ഞു.

സവിശേഷമായ മനുഷ്യപ്രതികരണങ്ങളുടെ ലോകമാണ് സൈബർ സംസ്കാരം കാഴ്ചവയ്ക്കുന്നത്.അറിവും വിനോദവും ഭരണവും കളികളും സംവാദങ്ങളും സൈബർ ലൈംഗികതയും ഉൾപ്പെടെ മനുഷ്യവ്യാപാരത്തിന്റെ ഏതാണ്ടെല്ലാ മേഖലയെയും സ്വാധീനിക്കുന്ന പ്രതിഭാസമായി അത് മാറി.സംസ്കാരത്തിന്റെ പലമാനങ്ങളിലൊന്ന് സർഗ്ഗാത്മകമായ പ്രകടനമാണ്(creative expression) ബൗദ്ധികമായ വ്യാപാരത്തിന്റെയും പ്രവർത്തനങ്ങളുടെയും തലം അതിനുണ്ട്.ഒരു ദേശത്തിന്റെ സംസ്കാരപഠനത്തിൽ ആ ദേശത്ത് രൂപപ്പെട്ട സർഗ്ഗാത്മക സൃഷ്ടികൾ പരിഗണിക്കപ്പെടും. ചിന്തയുടെയും സർഗ്ഗാത്മകതയുടെയും രേഖകൾ എന്ന നിലയിലാണ് അവ പ്രസക്തമാകുന്നത്.

ഒരു വിജ്ഞാനമേഖലയെ ഇടപെടൽശേഷിയുള്ള നിരവധി ആളുകൾ നവീകരിച്ച് പുതുസാദ്ധ്യതകളിലേക്ക് നയിക്കുന്ന അനുഭവമാണ് നവമാധ്യമ ങ്ങളിൽ കാണുന്നത്.ഒറ്റയ്ക്കും കൂട്ടായും സ്ഥാപനകേന്ദ്രിതമായും ഈ രംഗത്ത് നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നു. ഇതൊരു പുതിയ സാഹചര്യവും വ്യവഹാര സന്ദർഭവുമാണ്.കമ്പ്യൂട്ടർ എന്ന യന്ത്രത്തെ കേന്ദ്രീകരിച്ച് വ്യവഹാരം സാദ്ധ്യമാകുന്ന ഇടമാണത്.വിവരസാങ്കേതികവിദ്യയാണതിന്റെ ചാലകശക്തി.

ഉപകരണാത്മകമായ സംസ്കാരരൂപീകരണത്തിന്റെ അന്തരീക്ഷം അവിടെയുണ്ട്. വിപുലവും സ്വതന്ത്രവും ഏറെക്കുറേ ഗോപ്യവുമായ ബന്ധങ്ങൾ നിലനിർത്താൻ കഴിയുന്ന ഇടമാണത്.ഭൗതികമായ സ്ഥലത്തിനു പുറത്ത് മറ്റൊരു ലോകം രൂപപ്പെടുന്നു.അവിടെ ആ സ്ഥലത്തിന് സ്വീകാര്യമായ ബന്ധങ്ങളും വ്യവഹാര ങ്ങളും രൂപപ്പെടുത്തുന്നു.സംസ്കാരത്തെത്തന്നെ വിഘടിപ്പിക്കാൻ അതിനു കഴിയുന്നു. ഓൺലൈ / ഓഫ് ലൈൻ എന്നിങ്ങനെ സംസ്കാരം രണ്ടായി മുറിഞ്ഞു മാറുന്നു.അവ കൂടിക്കലരുന്ന സാഹചര്യവും ഉണ്ട്.യഥാർത്ഥ സ്വത്വം മറച്ചു വയ്ക്കപ്പെടുന്നു.ബഹുസ്വരമായ ജീവിതസന്ദർഭങ്ങളെ പരിചയപ്പെടാൻ അവസരമു ണ്ടാകുന്നു.ഭാഷയിൽ പുതിയ ക്രമങ്ങൾ വരുന്നു.ഭാവനയുടെ പുതിയ ഉറസ്സുകൾ സൃഷ്ടിക്കുവാൻ സൈബറിടത്തിനു കഴിഞ്ഞിട്ടുണ്ട്.സൈബർ എന്ന സാങ്കേതി കസ്ഥലം (techno space) പുതിയ കർത്തൃത്വത്തെ നിർമ്മിക്കുന്നു.പുതിയ എഴുത്തു കാർ, സാമൂഹിക പ്രവർത്തകർ, മാധ്യമപ്രവർത്തകർ തുടങ്ങിയ വിഭാഗങ്ങൾ ഉയർന്നുവരുന്നു.ഇതിന്റെയെല്ലാം ആകെത്തുകയിലുള്ള പ്രതിഫലനമാണ് സൈ ബർ സംസ്കാരത്തിൽ പ്രകടമാകുന്നത്.

നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ സംവേദനം ചെയ്യുന്ന സംസ്കാരത്തെ നിർദ്ധാരണം ചെയ്യുമ്പോൾ , മാധ്യമംതന്നെ മുന്നോട്ടുവയ്ക്കുന്ന ചില പ്രധാന സവിശേഷതകൾ പരിഗണി ക്കേണ്ടതുണ്ട്. പരമ്പരാഗതമാധ്യമങ്ങൾക്കും ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾക്കും കാര്യമായി ബാധകമല്ലാതിരുന്നവയാണ് ഇവ.

### 5.1.2 പുതിയ വ്യവഹാരരൂപങ്ങൾ

സൈബർ സ്പെയ്സ് എന്ന സാങ്കേതികസ്ഥലം (techno space) തുറന്നുതന്ന വ്യവഹാരമേഖലകൾ നിരവധിയാണ്.നിലവിലുണ്ടായിരുന്ന വ്യവഹാരസ്വരൂപങ്ങളെ പരിഷ്കരിക്കുന്നതിനോടൊപ്പമാണ് പുതുരൂപങ്ങൾക്കും ജന്മം നൽകിയത്.ജനാധി പത്യത്തിന്റെ നാലാം തൂണെന്ന വിശേഷണം മാധ്യമങ്ങൾക്ക് നേരത്തേ പതിഞ്ഞുകിട്ടിയിരുന്നു.ആ വിശേഷണത്തിന്റെ പരിധിക്കകത്ത് നവമാധ്യമങ്ങൾ ഒതുങ്ങുന്നില്ല എന്ന അവസ്ഥ സംജാതമായി.ഈ

സാഹചര്യത്തിലാണ് ജനാധിപത്യത്തിന്റെ അഞ്ചാംതൂണെന്ന വിശേഷണം നവമാധ്യമങ്ങൾക്ക് കിട്ടിയത്.ഇന്റർനെറ്റ് വ്യാപകമായതോടെ സന്ദേശ വിനിമയത്തിനായി ഇ മെയിൽ എന്നൊരു പുതുസംവിധാനം ലഭ്യമായി. 'നൃത്ത'ത്തിൽ എം.മുകുന്ദൻ വിഭാവനചെയ്ത വിർച്വൽ വിനിമയാനുഭവമാണ് അതുവഴി യാഥാർത്ഥ്യമായത്.കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിലധികമായി മാതൃകാപരമായ ഒരു ഉപകരണമായി (ideal tool) അഥവാ വിനിമയ സമ്പ്രദായ മായി ഇ മെയിൽ തുടരുന്നു.ഭൗതികസ്ഥലത്തെ അപ്രധാനമാക്കുന്ന ഈ വ്യവഹാ രരൂപം വിവരക്കൈമാറ്റത്തിന്റെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പി ച്ചിട്ടുണ്ട്.വിവരക്കൈമാറ്റത്തിലെ ഈ പുതുരീതി സംസ്കാരത്തെ സംബന്ധിക്കുന്ന വിഷയം കൂടിയാണ്.സാക്ഷരരെന്ന് അഭിമാനിച്ചവരെക്കൂടി നിരക്ഷരതയുടെ അവസ്ഥയിലേക്ക് ഇത് കൊണ്ടെത്തിച്ചു.ഒരു പുതുസാക്ഷരസന്ദർഭം അത് ഒരുക്കി വച്ചു.യന്ത്രസംവിധാനത്തിലേക്ക് എഴുത്തിനെയും വായനയെയും സന്നിവേശിപ്പി ക്കുന്നതിന് സന്നദ്ധരാകേണ്ട സാഹചര്യമാണ് ഇത് സൃഷ്ടിച്ചത്.ഡിജിറ്റൽ പൗരത്വത്തിലേക്കുള്ള ആദ്യ ചുവടുവയ്പായിരുന്നു അത്. ഇ – മെയിൽ ഒരു സാംസ്കാരിക ചിഹ്നമായി പരിണമിച്ചു. പിന്നീടാണ് ഓൺലൈൻ ജീവിതത്തെ സജീവമാക്കുന്ന മറ്റ് വ്യവഹാരരൂപങ്ങൾ കടന്നുവന്നത്.ബ്ലോഗും സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളും സ്മാർട്ട് ഫോൺ അധിഷ്ഠിത വ്യവഹാരരൂപങ്ങളും ഇതിനു തെളിവാണ്.വിചാരലോകത്തെ സവിശേഷമായ രീതിയിൽ ക്രമപ്പെടുത്തുന്ന വ്യവഹാരരൂപങ്ങളായിരുന്നു അവ.

## 5.1.3 സംസ്കാരത്തിന്റെ വികേന്ദ്രീകരണം

നവമാധ്യമങ്ങൾ സംസ്കാരത്തെ വികേന്ദ്രീകരിക്കുന്നതിൽ സുപ്രധാന പങ്കാണ് വഹിച്ചത്.സംസ്കാരത്തെക്കുറിച്ച് നാം ധരിച്ചുവച്ചിരുന്ന കാര്യങ്ങളിൽ അപാകമുണ്ടെന്ന് തിരിച്ചറിവ് സംസ്കാരപഠനം നൽകുകയുണ്ടായി.ഇംഗ്ലീഷ് ഭാഷയിലെ സങ്കീർണ്ണമായ രണ്ടോ മൂന്നോ പദങ്ങളിൽ ഒന്നാണ് culture എന്ന് റെയ്മണ്ട് വില്യംസ് വ്യക്തമാക്കി.ഒരു ജനതയുടെ ബൗദ്ധികവും ആത്മീയവും

കായികവുമായ പൊതുപ്രക്രിയയെ അദ്ദേഹം സംസ്കാരമെന്ന് വിളിച്ചു. ഒരു ജനതയുടെ ഒരു കാലഘട്ടത്തിന്റെ സവിശേഷമായ ജീവിതശൈലി എന്നും, ബൗദ്ധികവും വിശേഷമായി കലാപരവുമായ പ്രവർത്തനങ്ങളുടെയും ശൈലികളുടെയും ആകെ തുകയെന്നും സംസ്കാരത്തെ അദ്ദേഹം വിശേഷിപ്പിച്ചു. (1983:87) സംസ്കാരപഠനത്തിൽ പുതിയ ഉറവിടങ്ങൾക്ക് ഇത് വഴിയൊരുക്കി.ഈ സാഹചര്യത്തിലാണ് പോപ്പുലർ കൾച്ചറിനെക്കുറിച്ച് പുതിയ ഉൾക്കാഴ്ച ലഭിക്കുന്നത്. ദൃശ്യമാധ്യമത്തിന്റെ വരവോടെ പോപ്പുലർ കൾച്ചറിനു ലഭിച്ച അംഗീകാരം നവമാധ്യമസാഹചര്യത്തിൽ കൂടുതൽ പ്രസക്തമായി. അതുകൊണ്ടാണ്, പോപ്പുലർ സംസ്കാരത്തെക്കുറിച്ച് നിലനിൽക്കുന്ന സങ്കല്പനങ്ങൾ പ്രതീതിപരമായി ഉപയോഗശൂന്യമാണെന്നും സൈദ്ധാന്തികമായി വഴിതെറ്റിക്കലാണെന്നും ടോണി ബെന്നറ്റ് അഭിപ്രായപ്പെട്ടത്. (1980:87) നവമാധ്യമങ്ങൾ സംസ്കാരത്തിലെ കേന്ദ്രീകരണത്തെ നിരാകരിക്കുന്ന കാഴ്ചയാണ് കാണുന്നത്.അച്ചടിമാധ്യമം സംസ്കാരത്തെ കേന്ദ്രീകരിക്കാൻ ശ്രമിക്കുമ്പോൾ, നവമാധ്യമങ്ങൾ സംസ്കാരത്തെ കേന്ദ്രത്തിൽനിന്ന് അരുകുകളിലേക്ക് വികസിപ്പിക്കുകയാണ് ചെയ്യുന്നത്.ഇതൊരു സവിശേഷ സാംസ്കാരിക പ്രക്രിയയാണ്. വിജ്ഞാനസ്രോതസ്സുകൾ എല്ലാ ജനവിഭാഗത്തിനുമായി തുറന്നുവയ്ക്കുന്ന അറിവിലെ ജനാധിപത്യം ഇത് വ്യക്തമാക്കുന്നു.നവമാധ്യമത്തിൽ പ്രത്യക്ഷമാകുന്ന ഉള്ളടക്കം സംസ്കാരത്തിന്റെ എല്ലാത്തരം അടരുകളെയും പരിഗണിച്ചുകൊണ്ടുള്ളതാണ്.എല്ലാ മുഖങ്ങൾക്കും എല്ലാ ശബ്ദങ്ങൾക്കും ഇടം നൽകുന്ന നവമാധ്യമം നൂതനമായ സാംസ്കാരിക പരിസരത്തെ രൂപപ്പെടുത്തിയിട്ടുണ്ട്.

### 5.1.4 പാർശ്വവൽകരണങ്ങളെ പ്രതിരോധിക്കുന്നു.

പൗരത്വത്തിൽനിന്ന് ഇന്റർനെറ്റ് പൗരത്വത്തിലേക്കുള്ള പരിവർത്തനം വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വത്വത്തെ പുനർനിർവചിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. മാധ്യമങ്ങൾ നിറവേറ്റേണ്ട അടിസ്ഥാനധർമ്മങ്ങൾ ചിലപ്പോൾ വഴിതിരിഞ്ഞ് പോകുന്നത് കാണാം.മാധ്യമങ്ങൾ സമൂഹത്തിന്റെ

നന്മയാണ് ലക്ഷ്യം വയ്ക്കുന്നത്.വിവരങ്ങൾ അറിയിക്കുക, വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നൽകുക, വിനോദിപ്പിക്കുക എന്നിവയെല്ലാം മാധ്യമങ്ങളുടെ ലക്ഷ്യത്തിൽ പെടുന്നു. എന്നാൽ ചിലപ്പോൾ മാധ്യമവ്യവ്യവഹാരങ്ങൾ പ്രശ്ന സങ്കീർണ്ണമാകുന്നതും കാണാം.( Alan Durant and Maria Lambrou,2005:.44) സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽ കാതിരിക്കുന്നത് ഇതിന്റെ തെളിവാണ്. സ്ത്രീകൾ, ദളിതർ, ദരിദ്രർ തുടങ്ങിയ ജനവിഭാഗങ്ങൾക്ക് ഇതരമാധ്യമങ്ങൾ വേണ്ടത്ര പരിഗണന നൽകുന്നില്ല. ഇത്തരം ജനവിഭാഗത്തിന്റെ ആശയങ്ങളും പ്രശ്നങ്ങളും പൊതുമണ്ഡലത്തിൽ ചർച്ചയാകാതെ പോകുന്നു. നവമാധ്യമങ്ങൾ ഈ വിഷയം ഒന്നോടെ പരിഹ രിക്കുന്നു. വർഗ്ഗം, വർണ്ണം, ലിംഗം തുടങ്ങിയ പരിഗണനകൾക്ക് പ്രസക്തി കല്പി ക്കാത്ത ഇടമെന്ന നിലയിലും, സ്വയം പ്രത്യക്ഷമാകാനുള്ള അവസരം ഒരുക്കി വയ്ക്കുന്ന സ്ഥലമെന്ന നിലയിലും സ്ത്രീകൾ , ദളിതർ തുടങ്ങിയ വിഭാഗങ്ങൾ നവമാധ്യമത്തിലേക്കെത്തുകയും ആശയപ്രകടനം നടത്തുകയും ചെയ്യുന്നു. പൊതുമ ണ്ഡലത്തിലെ ചിന്തകളെ ബഹുസ്വരമാക്കാൻ ഇത് സഹായിക്കുന്നു.യഥാർത്ഥ വ്യക്തിത്വത്തെക്കാൾ ആത്മവിശ്വാസമാണ് ഫെയ്സ് ബുക്ക് വ്യക്തിത്വത്തിൽ അനുഭവിക്കുന്നതെന്ന് സ്ത്രീകൾ (ശാരദക്കുട്ടി എസ് .2014:43)എഴുതുന്നു.യഥാർത്ഥ ലോകത്തിലെ ബന്ധങ്ങൾക്ക് ഒരുപാട് വിട്ടുവീഴ്ചകൾ ആവശ്യമാണെന്നും അതുകൊണ്ടാണ് ഈ അയഥാർത്ഥ ലോകത്തിലേക്ക് സ്ത്രീകൾ പോകുന്നതെന്നും അവർ രേഖപ്പെടുത്തുന്നു.സ്ത്രീ കൂട്ടായ്മകൾ, ദളിത് കൂട്ടായ്മകൾ എന്നിവ നവ മാധ്യമത്തിലെ സജീവമായ അനുഭവമാണ്.നെറ്റ്വർക്കിംഗ് സമൂഹങ്ങളുടെ ഇടപെടൽ സംസ്കാരത്തിൽ നിർണ്ണായകമാണ്.ഇവിടെ സംവാദങ്ങളും ചർച്ചകളും രൂപപ്പെടുന്നു, ആശയങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു, അറിവ് കൈമാറ്റം ചെയ്യ പ്പെടുന്നു, അഭിപ്രായങ്ങൾ രൂപീകരിക്കപ്പെടുന്നു. എന്നാൽ അതൊരു പ്രസ്ഥാ നമായി നിലനിൽക്കുന്നില്ല. കൃത്യമായ സ്ഥലമോ സമയമോ അതിനില്ല.(John Hartley,2914:191) തിരശ്ശീലയുടെ പ്രതിപ്രവർത്തനക്ഷമതയും (interactivity)

തൽസമയത്വവും (instantancity) നവമാധ്യമങ്ങളുടെ പ്രത്യേകതയാണ്.( സി.എസ്.വെങ്കിടേശ്വരൻ, 2008:29)

### 5.1.5 മാറുന്ന ജീവിതശൈലി

മലയാളിയുടെ ജീവിതരീതിയിൽ കാൽ നൂറ്റാണ്ടിനിടയിൽ ഉണ്ടായ മാറ്റത്തിനു പിന്നിൽ പ്രധാന കാരണമായി നിൽക്കുന്നത് നവമാധ്യമങ്ങളുടെ സാന്നിദ്ധ്യമാണ്.സൈബർശൃംഖലയ്ക്കകത്ത് ജീവിക്കുന്ന വ്യക്തിയുടെ ബോധം വ്യത്യസ്തമാണ്.സൈബർലോകവുമായി കണ്ണിചേർക്കപ്പെട്ടാണ് അവരുടെ ദൈനംദിന ജീവിതം മുന്നോട്ട് പോകുന്നത്.അവർ പോകുന്നിടത്തെല്ലാം ഈ കണ്ണികൾ അവരെ പിൻതുടരുന്നു.അതിനു സഹായകമായ ഉപകരണങ്ങൾ മാർക്കറ്റിൽ ലഭ്യമാണ്.ജീവിതവ്യാപാരത്തിൽ അവർക്ക് ആവശ്യമായി വരുന്ന തെല്ലാം ഒഴുകിയെത്തുന്നു.എഴുത്തും വായനയും വിനോദവും വിചാരവും കൂട്ടുചേരലും മറ്റും ഈ ഉപകരണങ്ങളുടെ സഹായത്തോടെ നിർവഹിക്കപ്പെടുന്നു.ഇതൊരു നൂതനമായ അനുഭവവും ജീവിതശൈലിയും സ്വായത്തമാക്കാൻ അവരെ സന്നദ്ധ രാക്കുന്നു.സൈബർലോകത്ത് വ്യാപരിക്കുന്ന വ്യക്തിത്വങ്ങളെ സവിശേഷമായി പരിഗണിക്കേണ്ടിവരുന്ന സാഹചര്യം രൂപപ്പെടുന്നു.സംസ്കാരപഠനത്തിൽ ഇത് പ്രധാനമായി മാറിയിട്ടുണ്ട്.

സംസ്കാരത്തിന്റെ നാലു തലങ്ങൾ സൈബർ സംസ്കാരത്തിൽ പ്രധാനമാണെന്ന് നിരീക്ഷിക്കപ്പെടുന്നു.(മനോജ് കുറൂർ,2012: 60, 61) അവ ഇപ്രകാരമാണ്:

1 ടെക്നോ – മെരിറ്റോക്രാറ്റിക് സംസ്കാരം: മനുഷ്യപുരോഗതിയുടെ അവശ്യഘടകമാണ് സാങ്കേതികശാസ്ത്രമെന്ന് വിശ്വാസത്തിലധിഷ്ഠിതമാണ് ഈ സംസ്കാരം

2 ഹാക്കർ സംസ്കാരം: സാങ്കേതികരംഗത്തെ കുത്തകവൽകരണത്തെ ചെറുക്കുന്ന പ്രവർത്തനമാണ് ഹാക്കിംഗ്. കുറ്റകരമല്ലാത്ത ഒരു പ്രവർത്ത

നമായി അതിനെ നിരീക്ഷിക്കുന്നവരുണ്ട്.സൈബർമേഖലയിലെ ജനാധിപത്യത്തിനായുള്ള സമരമായി ഹാക്കിംഗ് വിലയിരുത്തപ്പെടുന്നു.

3 വിർച്വൽ കമ്യൂണിക്കേഷൻ സംസ്കാരം: വിർച്വൽ ലോകത്ത് സ്വതന്ത്രമായി ഇടപെടാനും പെരുമാറാനുമുള്ള സ്വാതന്ത്ര്യമാണ് ഇത് ലക്ഷ്യംവയ്ക്കുന്നത്.

4 സംരംഭക സംസ്കാരം: ഇന്റർനെറ്റ് അധിഷ്ഠിത സംരംഭകത്വത്തെ ഇത് സൂചിപ്പിക്കുന്നു.

യന്ത്രത്തെയും മനുഷ്യനെയും ഇനി രണ്ടായി കാണാൻ കഴിയാത്തവിധം സമൂഹങ്ങൾ മറിയിട്ടുണ്ട്. 'ഒന്നിലധികം ജീവികൾ ചേർന്നുണ്ടാകുന്ന പഴങ്കഥകളിലെ ജീവികളെപ്പോലെ മനുഷ്യനും യന്ത്രവും ചേർന്നുണ്ടാകുന്ന സങ്കരജീവികളാണ് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ രൂപം കൊണ്ടിരിക്കുന്നതെന്ന് ഹരാവേ പറയുന്നു.ഇന്റർനെറ്റ് ജീവിതത്തിൽ സാങ്കേതികവൈദഗ്ധ്യം എത്രത്തോളം പ്രധാനമാണെന്നാണ് സൈബോർഗ് എന്ന സങ്കല്പം സൂചിപ്പിക്കുന്നത്.മാനുവൽ കാസ്റ്റൽസിന്റെ posthuman എന്ന സങ്കല്പവും ശ്രദ്ധേയം. (മനോജ് കുറൂർ; 60;,2012) മലയാളിയും ഈ സാഹചര്യങ്ങളിലൂടെ കടന്നുപോകുകയാണ്. സ്മാർട്ട് ഫോണുകൾ ഒരുക്കിത്തരുന്ന വിനിമയസന്ദർഭങ്ങൾ സൈബർസംസ്കാരത്തെ ആശ്ലേഷിക്കാൻ മലയാളിയെയും പ്രാപ്തനാക്കിയിട്ടുണ്ട്.

### 5.1.6 വഴങ്ങുന്ന സമൂഹഘടന

നവമാധ്യമങ്ങൾ വിഭാവനചെയ്യുന്ന ഡിജിറ്റൽ സമൂഹം വഴക്കമുള്ളതാണ് (flexible).അതൊരു പരിമിതിയും സാദ്ധ്യതയുമാണ്.പൂർണ്ണതയെപ്പറ്റി ആശങ്കയില്ലാത്ത സമൂഹങ്ങളാണ് സൈബർലോകത്തുള്ളത്.ഏതെങ്കിലും പ്രത്യയശാസ്ത്രത്തെ അനിശ്ചിതമായി പിൻപറ്റുന്നവരല്ല അവരിൽ ബഹുഭൂരിപക്ഷവും. ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച ചർച്ചയ്ക്ക് അവിടെ തീർപ്പുകല്പിക്കൽ ഉണ്ടാകുന്നില്ല. ആശയങ്ങളുടെ അനന്തമായ നീട്ടിക്കൊണ്ടുപോകലാണ് കാണാനാവുന്നത്.അതേസമയം ചില ചർച്ചകൾ വളരെ വേഗം കെട്ടടങ്ങുകയും ചെയ്യുന്നു.

സാഹിത്യത്തെ സംബന്ധിച്ച ചർച്ചകളും, സാഹിത്യരചനകളുടെ സ്വഭാവവും സമാനമാണ്.സാഹിത്യത്തിൽ ശിക്ഷണം നേടിയവരല്ല നവമാധ്യമങ്ങളിൽ എഴുതുന്നവരിൽ നല്ല പങ്കും.മാധ്യമം ഒരുക്കിക്കൊടുക്കുന്ന അന്തരീക്ഷമാണ് അവരെ എഴുത്തുകാരാക്കുന്നത്.

### 5.1.7 ആഗോളീയമായ ഐക്യപ്പെടൽ

കമ്പ്യൂട്ടർ നെറ്റവർക്കുകളുടെയും ബുള്ളറ്റിൻ ബോർഡുകളുടെയും സഹായ ത്തോടെ ആശയങ്ങൾ കൈമാറുന്ന വ്യക്തികളാണ് നവമാധ്യമങ്ങളിൽ ഇടപെടു ന്നത്. (Reign Gold,Harvard, 1998) അവർ പരസ്പരം കാണുകയോ കാണാതി രിക്കുകയോ ചെയ്യാം. ലോകത്തിന്റെ വിവിധ കോണുകളിൽ അധിവസിക്കുന്ന വരാണിവർ.വിവിധ ജാതി – മത വിഭാഗങ്ങളിലും സംസ്കാരപശ്ചാത്തലത്തിലും ജീവിക്കുന്നവരാണ് ഇവർ.എന്നാൽ സൈബർമേഖലയിൽ എത്തുന്നതോടെ ആഗോളീയമായ ഒരൈക്യപ്പെടൽ ഇവർക്കിടയിൽ സംഭവിക്കുന്നു. ഇതൊരു വിശേഷപ്പെട്ട അവസ്ഥയാണ്.യന്ത്രസംസ്കാരത്തിന്റെ തലത്തിലേക്ക് വളരുന്ന കൂട്ടായ്മയാണിത്.ഇടപെടുന്ന മാധ്യമം ആവശ്യപ്പെടുന്ന കൂട്ടായമയാണ് ഇത്. സൈ ബർസംസ്കാരത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ഇതും പ്രധാനമാണ്.

### 5.1.8 അനുഭവപരമായ നിർമ്മിതി

സൈബർലോകം അനുഭവാസ്പദമാണ്.ഭൗതികമായ അസ്തിത്വം അതിനില്ല. ഇതൊരു പ്രത്യയശാസ്ത്രപ്രശ്നംകൂടിയാണ്.മനുഷ്യൻ ഭൗതികമായി മാത്രമല്ല ജീവി ക്കുന്നത്.ഭാവനയുടെ ലോകത്തും ജീവിതമുണ്ട്.വ്യക്തിക്ക് തന്റെ യഥാർത്ഥ ജീവിതപരിതോവസ്ഥയുമായി ഭാവനാത്മകമായ ബന്ധം പുലർത്താൻ കഴിയും. സൈബർമേഖല വിഭാവനം ചെയ്യുന്ന പ്രതീതിസ്ഥലം പുതിയ സാദ്ധ്യതയാണ് തുറന്ന് നൽകുന്നത്.

### 5.1.9 പൊതുമണ്ഡലം

പൊതുമണ്ഡലത്തെ സംബന്ധിച്ച കാഴ്ചപ്പാടുകൾക്ക് പുതുജീവൻ നൽകുവാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.ആധുനിക സാങ്കേതികവിദ്യയുടെ കാലത്ത് ദുർബലമായ പൊതുമണ്ഡലം പുതിയ സാഹചര്യത്തിൽ പ്രസക്തിയിലേക്ക് വന്നു. സമയത്തെ സന്ദേശത്തിന്റെ വേഗതകൊണ്ട് ചുരുക്കുകയും ആശയത്തെ വൈവിദ്ധ്യമുള്ള ആഖ്യാനരീതികൊണ്ട് വിപുലപ്പെടുത്തുകയും ആഗോളാടിസ്ഥാനത്തിൽ എത്തിക്കുകയും ചെയ്യാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നുണ്ട്.(ജോസ് കെ.മാനുവൽ,2015:40) മാധ്യമപാഠങ്ങൾ മാറുന്നു. പുതിയ കർത്തൃത്വങ്ങൾ ഉണ്ടാകുന്നു. പാഠാവൽകരണത്തിൽ സ്ത്രീ,ദളിതർ തുടങ്ങിയ അരികുവൽകൃതരായ മനുഷ്യർ ഇടപെടുന്ന സാഹചര്യം രൂപപ്പെടുന്നു.സംസ്കാരത്തിൽ ദിശാവ്യതിയാനങ്ങൾക്ക് ഇത് ഇടനൽകുന്നു.

നവമാധ്യമത്തിന്റെ ലോകം ഡിജിറ്റലാണ്.അയഞ്ഞതും സ്വതന്ത്രവുമാണത്.അവിടെ വ്യാപരിക്കുന്ന മനുഷ്യരുടെ വ്യക്തിത്വത്തിലും ഈ സവിശേഷത കാണാനാകും.ഇന്റർനെറ്റ് തീർത്തിട്ടുള്ള ശൃംഖലയ്ക്കകത്താണ് ഇവർ പെരുമാറുന്നത്.ഇവർതമ്മിലുള്ള പരസ്പരബന്ധത്തിലും ഈ അയവ് പ്രകടമാണ്. ആഗോളീയമായി ഒരു ശൃംഖലയായി നിലനിൽക്കുമ്പോഴും പ്രതീതിപരമായി പ്രാദേശികമായിരിക്കുന്നു (virtually local) ഈ സമൂഹത്തിന്റെ പ്രത്യേകത. അതൊരു പ്രത്യേക ജനവിഭാഗമായി പരിഗണിക്കേണ്ട സാഹചര്യം നിലവിലുണ്ട്. സൈബർ സമൂഹത്തെ commune - ity (commune + community) ആയി പരിഗണിക്കേണ്ടിവരുന്നു.അപരന്മാരുടെ നിരന്തരസാന്നിദ്ധ്യം സൈബർ മേഖലയുടെ പ്രത്യേകതയാണ്.പൊതുസമൂഹത്തിലെ പൗരന്മാരിൽനിന്ന് വ്യതിരിക്തരായി നിൽക്കാൻ ഈ അവസ്ഥ അവരെ പ്രേരിപ്പിക്കുന്നു.സമൂഹത്തിന്റെ ശ്രേണീബദ്ധതയെക്കുറിച്ച് അവബോധമില്ലാത്ത സമൂഹമെന്ന നിലയിലും സൈബർസമൂഹങ്ങൾ വ്യത്യസ്ഥമായിരിക്കുന്നു. ശരീരത്തെക്കുറിച്ചുള്ള ബോധമാണ് ശ്രേണീബദ്ധതയ്ക്ക് ഒരു കാരണം.സൈബർസമൂഹത്തിലെ വ്യക്തി

കൾ ഇക്കാര്യത്തിൽ അജ്ഞരാണ്.വർഗ്ഗം, ലിംഗം, ശരീരം എന്നിവ വെളിപ്പെടുത്താതിരിക്കാനുള്ള സൗകര്യം നവമാധ്യമങ്ങൾ നൽകുന്നുണ്ട്.ബന്ധങ്ങൾക്ക് നിയതമായ ഉപാധികളൊന്നുമില്ലാത്ത ബന്ധമാണ് അവിടെയുള്ളത്.ഒരുതരം പ്രതീകാത്മകബന്ധം (symbolic group relation) സൈബറിൽ നിലനിൽക്കുന്നു.

നവമാധ്യമസംസ്കാരത്തിന്റെ അഥവാ സൈബർ സംസ്കാരത്തിന്റെ പൊതുവായ ചില ഘടകങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം:

- ICT (Information and communications technology) ബന്ധിതമായിരിക്കുന്നു
- ഉപകരണാത്മബന്ധം രൂപപ്പെടുത്തുന്നു.
- വിജ്ഞാനാധിഷ്ഠിത സമൂഹമാക്കുന്നു.
- ബഹുസ്വരമായ ജനതയെ ഒന്നിപ്പിക്കുന്നു.
- ബൃഹത്തായ പങ്കാളിത്തം ഉറപ്പാക്കുന്നു.
- ഭൗതികമായ സ്ഥലസങ്കല്പത്തെ മറികടക്കുന്നു
- സംസ്കാരത്തെ സംബന്ധിച്ച പൊതുധാരണകളെ മറികടക്കുന്നു.
- അതീതയാഥാർത്ഥ്യത്തെ ( hyperreality)ആശ്ലേഷിക്കുന്നു.
- അനുഭവങ്ങളെ വിപണിവൽകരിക്കുന്നു.
- ഉപസംസ്കാരമായി നിലകൊള്ളുന്നു.
- ദ്വിമുഖവിനിമയത്തെ (two way communication) ശക്തിപ്പെടുത്തുന്നു.
- ഡിജിറ്റൽ ഡെമോക്രസി യാഥാർത്ഥ്യമാക്കുന്നു.

## 5.2 നവമാധ്യമങ്ങളും മലയാളസാഹിത്യവും : സംസ്കാരപ്രതിഫലനം

നവമാധ്യമങ്ങളിലെ മലയാളസാഹിത്യം സവിശേഷമായ സാംസ്കാരികാവസ്ഥയെ പ്രതിനിധീകരിക്കുന്നുണ്ട്.ഈ മേഖലയിൽ പ്രസിദ്ധീക രിക്കപ്പെടുന്ന രചനകളിൽ നല്ലപങ്കും യുവാക്കളുടേതാണ്.സൈബർ കമ്യൂണിറ്റിയിൽ നിരന്തരം

ഇടപെടുന്നവരാണിവർ.യഥാർത്ഥലോകത്തിന്റെ ജീവിതക്രമങ്ങളുമായി പൂർണ്ണ മായും ഇണങ്ങിപ്പോകുന്നവരല്ല ഈ കമ്യൂണിറ്റിയിൽ വ്യാപരിക്കുന്നവർ.അവർ പ്രതീതിലോകത്തിന്റെ സ്വഭാവത്തിനനുസരിച്ച് നീങ്ങുന്നവരാണ്.ഭാവനയ്ക്ക് വലിയ സാദ്ധ്യതകൾ തുറന്നിടുന്ന പ്രതീതിലോകം അവരെ ഭ്രമിപ്പിക്കുന്നു.ആ ഭ്രമ ത്തിൽനിന്ന് പുറത്തുവരാൻ അവർ ആഗ്രഹിക്കുന്നില്ല. ഈ സ്വഭാവവിശേഷങ്ങൾ ഉള്ളതിനാൽ അവരുടെ സാഹിത്യരചനകളിലും ഇത് പ്രതിഫലി ക്കുന്നു.വിഷ്ണുപ്രസാദിന്റെയും കുഴൂർ വിൽസന്റെയും ലതീഷ് മോഹന്റെയും കവിത കൾ വിർച്വൽ ലോകത്തിന്റെ ഇച്ഛകൾക്കൊപ്പം സഞ്ചരിക്കുന്നവയാണ്. ഗദ്യസാഹിത്യത്തിൽ രാജേഷ് വർമ്മയും സിമി നസ്രത്തും ഈ സ്വഭാവം പ്രകടിപ്പിക്കുന്ന രചനകൾ എഴുതുന്നു.ഭാവനകൊണ്ട് ജീവിതം മെനയുകയും അതിന്റെ ആഹ്ലാദങ്ങളിൽ മുഴുകുകയും ചെയ്യാൻ ഈ എഴുത്തുകാർ താല്പര്യം കാണിക്കുന്നു.കഠിനമായ ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നുള്ള മോചനമെന്ന നിലയിൽ ഇവർ എഴുത്തിലേക്ക് നീങ്ങുന്നതിന്റെ സൂചകമായും ഇതിനെ കാണാവു ന്നതാണ്.ഭാവനകൊണ്ട് യാഥാർത്ഥ്യത്തെ നേരിടാനുള്ള ശ്രമം ഇതിലുണ്ട്. ഇവരുടെ രചനകളിൽ ഫലിതം അടിയൊഴുക്കായി നിൽക്കുന്നു.പലപ്പോഴും അത് ഐറണിയുടെ സ്വഭാവം കൈക്കൊള്ളുന്നു.രചനകളെ സൈബർസംസ്കാര ത്തിനനുഗുണമായ ഉല്പന്നമായി പരിവർത്തിപ്പിക്കാൻ ഇത് സഹായിക്കുന്നുണ്ട്.

എഴുത്തിന്റെ സ്വതന്ത്രലോകമാണ് നവമാധ്യമങ്ങൾ തുറന്നിടുന്നത്. ഉപാധികളൊന്നുമില്ലാതെ എഴുത്തുകാർക്ക് പെരുമാറാൻ ഈ മാധ്യമം അനുവാദം നൽകുന്നു.ഏതെങ്കിലും പ്രത്യയശാസ്ത്രം അവർക്ക് തടസ്സമാകുന്നില്ല. സൈബർ സമൂഹങ്ങൾ പൊതുവേ പങ്കുവയ്ക്കുന്ന അനുഭവമാണിത്.നവമാധ്യമങ്ങളിലെ രചനകൾ സ്വതന്ത്രാസ്തിത്വമുള്ളവയാണ്.സ്ഥാപനവൽകൃതമായ സാഹിത്യമല്ല അത്.ഏതെങ്കിലും അജണ്ടയ്ക്കുള്ളിൽ നിന്നുകൊണ്ട് എഴുതേണ്ട ഉത്തരവാദിത്വം ഈ മാധ്യമത്തിലെ എഴുത്തുകാരനില്ല. സാഹിത്യരചനകളിൽ ഇത് നന്നായി പ്രതിഫലിക്കുന്നുണ്ട്.സമൂഹത്തിന്റെ വിവിധ ധാരയിൽപ്പെടുന്ന മനുഷ്യർ നവമാധ്യമങ്ങളിൽ എഴുതുന്നു.ഒന്നിനൊന്ന് വ്യത്യസ്തമായ പ്രമേയങ്ങൾ അവതരി

പ്പിക്കുന്നു.പൊതുവിഷയങ്ങളെ ആസ്പദമാക്കി സംവാദങ്ങളിൽ മുഴുകുന്നു.അവ പിന്നീട് പൊതുസമൂഹത്തിൽ ചർച്ചയാകുന്നു.നവമാധ്യമങ്ങൾ കേരളത്തിന്റെ പൊതുമണ്ഡലത്തെ നിയന്ത്രിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാവുന്നു.ഇത് പുതിയമട്ടിലുള്ള ഒരു ജനാധിപത്യത്തിന് വഴിയൊരുക്കുന്നു.

നവമാധ്യമത്തിലെ സാഹിത്യം ഒറ്റപ്പെട്ട സൃഷ്ടിയല്ല. ഒരു സമൂഹത്തിന്റെ താല്പര്യങ്ങളെ അത് പ്രതിനിധാനം ചെയ്യുന്നുണ്ട്.ഏറ്റവും പ്രതിപ്രവർ ത്തനക്ഷമതയുള്ള മാധ്യമം എന്ന നിലയിൽ ഈ മാധ്യമത്തിലെ രചനകൾക്ക് ഉടൻ പ്രതികരണങ്ങൾ ലഭിക്കുന്നുണ്ട്.ഒരു സമൂഹത്തിന്റെ പൊതുവായ താല്പര്യം മനസ്സിലാക്കാൻ ഇത് സഹായകമാകുന്നു.എഴുത്തുകാർക്ക് തങ്ങളുടെ രചനകളെ സമൂഹത്തിന്റെ താല്പര്യത്തിനനുസരിച്ച് രൂപപ്പെ ടുത്താൻ കഴിയുന്നു.ഇത് നവമാ ധ്യമങ്ങൾക്ക് മാത്രം സാദ്ധ്യമാകുന്നതാണ്. ഇതരമാധ്യമങ്ങളിൽ എഴുതി ശ്രദ്ധനേ ടിയ എഴുത്തുകാർക്കുപോലും നവമാധ്യമങ്ങളിൽ സ്വീകാര്യത കിട്ടാതെപോകുന്ന തിന്റെ കാരണങ്ങളിലൊന്ന്, ഈ മാധ്യമത്തിന്റെ സമൂഹസംസ്കാരവുമായി അവർക്ക് പൊരുത്തപ്പെടാൻ കഴിയാത്തതുകൊണ്ടാണ്. പൊരുത്തവും പൊരുത്ത ക്കേടും സംസ്കാരവുമായി ബന്ധപ്പെട്ടതാണ്.സൈബർസമൂഹം പ്രത്യേകതകളുള്ള സമൂഹമാണെന്നാണ് ഇത് വ്യക്തമാക്കുന്നത്.ഈ വ്യത്യാസം സംസ്കാരത്തിലും പ്രതിഫലിക്കും.

എഴുത്തിലെ സ്വകാര്യത നവമാധ്യമരചനകളുടെ മറ്റൊരു പ്രത്യേകത യാണ്.സ്വകാര്യാനുഭവങ്ങൾ സാഹിത്യരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഡയറി ക്കുറിപ്പുകളും ആത്മകഥാസ്വഭാവത്തിലുള്ള കുറിപ്പുകളും പിന്നീട് രൂപമാറ്റം വന്ന് കഥകളായും കവിതകളായും ബ്ലോഗുകളിലും സമൂഹമാധ്യമങ്ങളിലും പ്രകാശനം നേടുന്നു.അത്തരം എഴുത്തുകൾക്ക് വായനക്കാരെ കിട്ടുന്നതോടെ ഈ മേഖല സജീവമാകുന്നു.ഈ രീതി എഴുത്തിൽ പരിമിതികളുണ്ടാക്കുന്നു. സമൂഹത്തെ ബാധിക്കുന്ന നിരവധി വിഷയങ്ങൾ നിലനിൽക്കുമ്പോഴും സ്വകാര്യജീ വിതത്തിലെ അനുഭവങ്ങൾമാത്രം പകർത്തുന്നത് ഗുണകരമാവില്ല. പ്രതീതിയ ഥാർത്ഥ്യത്തിന്റെ അഭിരമിക്കാൻ ആഗ്രഹിക്കുന്ന തലമുറയുടെ പ്രതിനിധികളായ

ഇവർ ഏതെങ്കിലും സാമൂഹികധർമ്മം നിറവേറ്റാനുള്ള കഠിനമായ ഇച്ഛ കാട്ടു ന്നില്ല. ഇതൊരു സാംസ്കാരിക പ്രതിഭാസംകൂടിയാണ്. വ്യവസ്ഥാപിത രാഷ്ട്രീയത്തോട് ആഭിമുഖ്യമില്ലാത്ത, സ്വതന്ത്രലോകത്ത് വിഹരിക്കാൻ ആഗ്രഹി ക്കുന്ന ഇവർക്ക് ഉറച്ച നിലപാടുകളും ഇല്ല എന്നതാണ് വാസ്തവം. എഴുത്തിനെയും വായനയെയും ജീവിതത്തെത്തന്നെയും ആഘോഷപൂർവം ഏറ്റെടുക്കാനാണ് ഇവർക്ക് താല്പര്യം. ഏതെങ്കിലും പ്രത്യയശാസ്ത്രത്തെ പിൻപറ്റി സാഹിത്യര ചനയിൽ ഏർപ്പെടുന്ന പ്രവണത നവമാധ്യമങ്ങളിലെ എഴുത്തുകാർ പൊതുവേ കാട്ടുന്നില്ല. സന്ദർഭം ആവശ്യപ്പെടുന്ന പ്രത്യയശാസ്ത്രത്തെ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നതിന് അവർക്ക് മടിയില്ല.

ആധുനികാനന്തര സമൂഹം ഉയർത്തുന്ന രാഷ്ട്രീയത്തിന് മുൻകാലങ്ങളിൽ ഇല്ലാതിരുന്ന ഒരു മാനം കൈവന്നിട്ടുണ്ട്.കോളനിയനന്തര സംസ്കാരപഠനത്തിന്റെ ആശയം ഉൾക്കൊണ്ടു കൊണ്ട് ലോകത്താകെ രൂപംകൊണ്ട രാഷ്ട്രീയാന്ത രീക്ഷമാണത്. എല്ലാ വ്യവഹാരങ്ങളിലും മേൽക്കൈ നേടിയിരുന്ന വർഗ്ഗപരമായ താല്പര്യങ്ങൾ ചോദ്യംചെയ്യപ്പെട്ടു. അരികുജീവിതങ്ങളുടെ ശബ്ദം പൊതുസമൂ ഹത്തിൽ ഉയർന്നുകേൾക്കുന്ന സാഹചര്യമുണ്ടായി.എല്ലാ ശബ്ദങ്ങൾക്കും ഇടം നൽകുന്ന നവമാധ്യമം ഈ പുതിയ രാഷ്ട്രീയത്തെ എറ്റെടുത്തു.വർണ്ണം, വർഗ്ഗം, ജാതി, മതം, ലിംഗം തുടങ്ങിയ പരിഗണനകൾക്കകത്ത് ഞെരുങ്ങി ജീവിച്ച ജനസമൂഹങ്ങൾ പൊതുമണ്ഡലത്തിലേക്ക് വരികയും സൂക്ഷ്മരാഷ്ട്രീയം ചർച്ചചെയ്യു കയും ചെയ്തു.എല്ലാ വിഭജനങ്ങളെയും ഒന്നോടെ ചെറുക്കുന്ന മാധ്യമമായി നവമാധ്യ മങ്ങൾ വിലയിരുത്തപ്പെട്ടു. സ്ത്രീ,ദളിത്,പരിസ്ഥിതി തുടങ്ങിയ വിഷയങ്ങൾ നവമാധ്യമങ്ങളിലെ സാഹിത്യരചനകൾ നിരന്തരം ആവർത്തിക്കുന്നവയാണ്. സമൂഹത്തെ പുതിയ അവബോധത്തിലേക്ക് നയിക്കുവാൻ ഇത്തരം എഴുത്തു കൾക്ക് കഴിഞ്ഞിട്ടുണ്ട്.

സാങ്കേതികവിദ്യ വേഗത്തിന്റെ രീതിശാസ്ത്രമാണ് പിൻതുടരു ന്നത്.നിരന്തരമായ മാറ്റം അതിന്റെ രീതിയാണ്.ഈ വേഗം ഗുണമേന്മയ്ക്ക് തടസ്സ മാകുന്നു.വേഗത്തിന്റെ രാഷ്ട്രീയം സ്ഥലത്തെ ഇല്ലായ്മചെയ്യും. സുസ്ഥിരമായ

വികസനത്തിന് അത് എതിരാണ്(മധുസൂദനൻ,ജി, 2006:100) നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾക്കും ഇത് ബാധകമാണ്. അമിതോല്പാദനമാണ് ഈ രംഗത്തെ ഒരു പ്രത്യേകത.നിരന്തരം എഴുതിക്കൊണ്ടിരിക്കുക എന്നതാണ് ഈ മാധ്യമത്തിന്റെ നിയമം.നിരന്തരസഹവാസമില്ലാത്ത എഴുത്തുകാരെ നവമാധ്യമം അവഗണിക്കുന്നു.അതിന്റെ സാങ്കേതികസ്വഭാവത്തിൽത്തന്നെ ഈ ഘടകം നിലനിൽക്കുന്നുണ്ട്.എന്ത് എഴുതി എന്നതല്ല എത്ര എഴുതി എന്നതാണ് ഈ മാധ്യമത്തിൽ പരിഗണിക്കപ്പെടുന്നത്.നവമാധ്യമത്തിൽ അഞ്ച് നല്ല കവിതകൾ എഴുതിയ കവിയേക്കാൾ പത്ത് മോശം കവിതയെഴുതിയ ആൾ മുന്നിലെത്തുന്നു. ഇത് യന്ത്രയുക്തിയാണ്.ഈ യുക്തിയാണ് നവമാധ്യമത്തിലെ എഴുത്തുകാരെ നയിക്കുന്നത്.ഇത് സാഹിത്യരചനകളുടെ സൗന്ദര്യത്തെ ബാധിക്കുന്നു.

സ്ഥലത്തെ മാറ്റിത്തീർക്കുന്നതിലും മനുഷ്യർ സ്ഥല – കാലങ്ങളെ വിലയിരുത്തുന്ന രീതിയിലും ശാസ്ത്രവും സാങ്കേതികവിദ്യയും ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. (മധുസൂദനൻ, ജി.,2006:100)സൈബർസ്ഥലത്ത് ജീവിക്കുന്ന വ്യക്തിയുടെ സ്ഥലസങ്കല്പം ഭൗതികസ്ഥലത്ത് ജീവിക്കുന്ന വ്യക്തിയിൽനിന്ന് ഭിന്നമായിരിക്കും.വിശാലവും വഴക്കമുള്ളതുമായ (flexible)സ്ഥലമാണ് സൈബറിലുള്ളത്. വ്യക്തിക്ക് ഇച്ഛാനുസരണം കർത്തൃത്വത്തെ രൂപപ്പെടുത്തുവാൻ ഇത് സ്വാതന്ത്ര്യം നൽകുന്നു.സൈബർസ്ഥലത്ത് സാമൂഹിക പുരോഗതി, ചരിത്രബോധം എന്നിവയുടെ ഭാരമില്ലാതെ കർത്തൃത്വരൂപീകരണം സാദ്ധ്യമാകുന്നു. ഇത്തരം കർത്തൃത്വങ്ങൾക്ക് തീരുമാനങ്ങളെടുക്കുന്നതിന് പൂർവകാല ചരിത്രവും സാമൂഹികാവസ്ഥയും തടസ്സമാകുന്നില്ല. നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളിൽ ഇത് നിഴലിക്കുന്നുണ്ട്. സാഹിത്യരചന ചരിത്രത്തോട് കടപ്പെട്ടുകൊണ്ട് നിർവഹിക്കപ്പെടുന്ന സാമൂഹികപ്രവർത്തനമാണെന്ന് ബോധ്യം ഈ മാധ്യമങ്ങളിലെ എഴുത്തുകാർക്കില്ല. ഇന്നിന്റെ യാഥാർത്ഥ്യങ്ങളാണ് അവർക്ക് മുഖ്യം. അത് വളരെവേഗം മാറിപ്പോകാനും ഇടയുണ്ട്.വ്യവസായസമൂഹങ്ങൾ ഉല്പന്നങ്ങളെ നിരന്തരം നവീകരി ക്കുന്നതുപോലെ നവമാധ്യമങ്ങളിലെ കർത്തൃത്വങ്ങൾ തങ്ങളെ

ത്തന്നെ നിരന്തരം നവീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുയർത്തുന്ന സാംസ്കാരിക പ്രതിഫലനങ്ങൾ ലളിതമല്ല.

നവമാധ്യമങ്ങളിലെ വിനിമയം ഉപകരണാത്മകമാണ്.കമ്പ്യൂട്ടറും സമാനമായ ഉപകരണങ്ങളുമാണ് അതിനെ നിയന്ത്രിക്കുന്നത്. ഉപകരണങ്ങളുമായി നിരന്തരം ഇടപഴകുന്ന വ്യക്തിയിൽ സംഭവിക്കുന്ന ശാരീരികവും മാനസികവുമായ സത്താവ്യതിയാനത്തെക്കുറിച്ച് ആധുനികകാലത്തുതന്നെ പഠനങ്ങളുണ്ടായിട്ടുണ്ട്.അതിന്റെ തീവ്രമായ അവസ്ഥയിലേക്കാണ് ആധുനികാനന്തര കാലം നീങ്ങുന്നത്. നവസാങ്കേതികവിദ്യയാണ് ഇതിന്റെ ചാലകശക്തി. യന്ത്രവും മനുഷ്യനും കെട്ടുപിണയുന്ന അവസ്ഥയാണ് സംജാതമായിട്ടുള്ളത്. യന്ത്രവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ, മനുഷ്യൻ യന്ത്രത്തെ സ്വാംശീകരിക്കുന്നതിന്റെയും യന്ത്രം മനുഷ്യനെ അതിനുള്ളിലാക്കുന്നതിന്റെയും വ്യത്യാസമാണ് ആധുനികകാലവും ആധുനികാനന്തര കാലവും തമ്മിലുള്ളത്. ഈ പ്രതിഭാസം മനുഷ്യനെ കൂടുതൽ അപമാനവീകരിക്കുന്നതായാണ് അനുഭവപ്പെടുന്നത്.മനുഷ്യനെ സാമൂഹഘടനയുടെ ഭാഗമായി കാണാൻ ശേഷിയില്ലാത്ത സമൂഹമായി സൈബർസമൂഹം മാറുന്നു എന്ന വിമർശനമുണ്ടാകുന്നത് ഈ പശ്ചാത്തലത്തിലാണ്.നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളിൽ സാമൂഹികാനുഭവങ്ങൾ കുറയുന്നത് ആ അർത്ഥത്തിൽ വിലയിരുത്തേണ്ടതാണ്.എഴുത്തിൽ സ്വകാര്യതയുടെതലം കൂടുംതോറും മാനവികതയുടെ തോത് കുറയുന്നു.

ഒരു സമൂഹത്തിന്റെ സംസ്കാരത്തെ വെളിപ്പെടുത്തുന്ന സുപ്രധാന ഘടകങ്ങളിലൊന്ന് ആ സമൂഹം ഉപയോഗിക്കുന്ന ഭാഷയാണ്.നവമാധ്യമത്തിൽ ഇടപെടുന്ന ജനസമൂഹത്തിന് തനതായ ഭാഷാരീതിയുണ്ട്.ഒരുതരം സങ്കരഭാഷയാണത്.മലയാളത്തിലെ സൈബർവ്യവഹാരങ്ങളിൽ ഇംഗ്ലീഷും മലയാളവും ഇടകലരുന്നു. ആഗോളഭാഷയെന്ന നിലയിൽ സ്വീകാര്യതയുള്ള ഇംഗ്ലീഷാണ് സൈബർലോകത്ത് ആധിപത്യം പുലർത്തുന്ന ഭാഷ. ഇംഗ്ലീഷ് ഭാഷയും അത് വിനിമയംചെയ്യുന്ന സംസ്കാരവും പ്രാദേശികഭാഷകളെ സ്വാധീനിക്കുന്നു. ഇംഗ്ലീഷും അതിന്റെ ലിപ്യന്തരണരൂപങ്ങളും നവമാധ്യമങ്ങളിലെ വ്യവഹാരത്തിൽ സാധാര

ണമാണ്.ഭാഷേതരചിഹ്നങ്ങളിലൂടെയുള്ള ആശയവിനിമയം ഈ വ്യവഹാര മേഖലയെ വ്യത്യസ്തമാക്കുന്നുണ്ട്.വികാരസൂചകമായ (imoticons) ചിഹ്നങ്ങൾ കുറ്റകരമായ മെസേജുകളുടെ പോസ്റ്റിംഗ്(flaming) ഉപയോക്താവ് ആവശ്യപ്പെടാത്ത മെസേജുകൾ നൽകൽ ( spaming) എന്നിവയും സൈബർവ്യ വഹാരത്തിൽ കാണുന്നു. ഇത് ഉല്പാദിപ്പിക്കുന്ന സാംസ്കാരികാനുഭവം വ്യത്യസ്തമാണ്.

സൈബർസമൂഹം ശബ്ദായമാനമായ സമൂഹം (sound community) ആണ്. ആധുനികാനന്തരസമൂഹത്തിന്റെ പൊതുവായ പ്രത്യേകതകളിലൊന്നാണിത്. ജീവിതത്തെ അനായാസമായി സമീപിക്കുന്ന സമൂഹത്തിന്റെ (cool community) സവിശേഷതയാണിത്.വർണ്ണശബളമായ വസ്ത്രം, സംഗീതം, ശരീരവർണ്ണ ചിത്രാലേഖനം തുടങ്ങിയവ ഈ സമൂഹത്തിന്റെ പ്രത്യേകതകളാണ്.ശ്രദ്ധയില്ലായ്മ, വൈകാരികതലത്തിലെ സന്തുലനമില്ലായ്മ എന്നിവയും ഇതിന്റെ ഭാഗമാണ്. മൂലധനാത്മക ഉപഭോഗ അനായാസത (capitalist consumer cool) എന്ന് ഇതിനെ വിശേഷിപ്പിക്കാം.നവമാധ്യമങ്ങളിലെ വ്യവഹാരങ്ങളിലും ഇത് പ്രകടമാണ്. വിഷയസ്വീകരണത്തിലെ ഗൗരവമില്ലായ്മയും ,എത്ര നിസ്സാരമായ രചനയെയും ആഡംബരപൂർവ്വം അവതരിപ്പിക്കാനുള്ള ശ്രമവും ഇതിനു തെളിവാണ്. രചനകളുടെ ഉള്ളടക്കത്തേക്കാൾ ബാഹ്യമായ രൂപത്തിന് ഇവർ പ്രാധാന്യം നൽകുന്നു.രൂപഘടനയിലെ പരീക്ഷണങ്ങൾ ഈ സ്വഭാവത്തിന്റെ ഭാഗമാണ്.രചനയെ ആഘോഷമാക്കാൻ ബോധപൂർവമായ ശ്രമങ്ങൾ ഉണ്ട്. കവിതയിലാണ് ഇത്തരം ശ്രമങ്ങൾ കൂടുതൽ കാണുന്നത്.

തനത് എന്ന സങ്കല്പത്തിന് വിലമതിക്കാത്ത സമൂഹമായി ആധുനികാനന്തരസമൂഹം മാറിയിട്ടുണ്ട്. യഥാർത്ഥ വസ്തുവിനേക്കാൾ അവയുടെ വ്യാജാനുകരണങ്ങൾക്ക് (simulations) പ്രാമുഖ്യം കൽപ്പിക്കുന്ന അവസ്ഥ വന്നുചേർന്നിട്ടുണ്ട്. ഇലക്ട്രോണിക് മാധ്യമസംസ്കാരത്തെക്കുറിച്ച് പഠിച്ച ഫ്രഞ്ച് ചിന്തകനായ ബോദ്രിയാറിന്റെ ഈ ആശയത്തെക്കുറിച്ച് പി.കെ.രാജശേഖരൻ സൂചിപ്പിക്കുന്നു:

"ഒറിജിനൽ ഇല്ലാത്ത പതിപ്പിനെയാണ് ബോദ്രിയാർ സിമുലേഷൻ എന്നു വ്യവഹരിക്കുന്നത്. ഉദ്ഭവമോ യാഥാർത്ഥ്യമോ ഇല്ലാത്ത യഥാർത്ഥ മാതൃകകളുടെ തലമുറയാണ് സിമുലേഷൻ എന്ന് അദ്ദേഹം പറയുന്നു.ഈ 'യഥാർത്ഥ കൃത്രിമപ്പതിപ്പി'നു പിന്നിൽ ഒരു മൗലികരൂപമോ സത്യമോ യാഥാർത്ഥ്യമോ ഇല്ല."(2006:167,168)

നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങൾ ഈ സ്വഭാവം പ്രകടിപ്പിക്കുന്നുണ്ട്.പലപ്പോഴും ഉല്പത്തി മനസ്സിലാക്കാൻ കഴിയാത്തവിധത്തി ലാണ് രചനകൾ നവമാധ്യമങ്ങളിൽ പ്രകാശനം നേടുന്നത്.ലക്ഷക്കണക്കിന് വായനക്കാരുടെ മുന്നിൽ അതെത്തുന്നു.അനുകരണം, സാഹിത്യചോരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പരാതികൾ ഉയരുന്ന സാഹചര്യം ഇതാണ്. തനതുസൃഷ്ടിയേക്കാൾ വ്യാജ അനുകരണങ്ങൾ (simulations) ആദരിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതിന്റെ കാരണവും ഇതുതന്നെയാണ്. സൈബർസ്ഥലത്തിന്റെ ഈ സവിശേഷത നൂതനമായ സാംസ്കാരിക സാഹചര്യത്തെ സൃഷ്ടിച്ചിട്ടുണ്ട്.

നവസാങ്കേതികവിദ്യയെ പ്രോൽസാഹിപ്പിക്കുകയും താങ്ങിനിർത്തുകയും ചെയ്യുന്നത് മുതലാളിത്തശക്തികളാണ്.വിപണിതാല്പര്യമാണ് അതിനുപിന്നി ലുള്ളത്. ആഗോളവൽകരണത്തിന്റെ ഫലമായി രൂപപ്പെട്ട ലോകമാർക്കറ്റ് എന്ന സങ്കല്പത്തിന് നവമാധ്യമങ്ങൾ വലിയ സഹായമാണ് ചെയ്തുകൊടുക്കുന്നത്.എല്ലാം മാർക്കറ്റ്ചെയ്യപ്പെടുകയും എല്ലാ വസ്തുക്കൾക്കും ഉപയോക്താക്കൾ ഉണ്ടാവുകയും ചെയ്യുന്നു.ഓൺലൈൻ വ്യാപാരം ഇന്ന് സജീവമായിക്കഴിഞ്ഞു.എല്ലാം വിൽക്കാ വുന്ന ഒരു കമ്പോളമായി ലോകത്തെ മാറ്റുന്നതിൽ നവമാധ്യമങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. ഇത് ഒരു സംസ്കാരവിശേഷമായി തിരിച്ചറിയപ്പെടുന്നു. നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾക്കും ഇത് ബാധകമാണ്.കലയെയും സാഹിത്യത്തെയും കമ്പോളവൽകരിക്കുന്നതിന് ഇന്ന് ഒരു തടസ്സവുമില്ല. നവമാധ്യമങ്ങളിൽ എഴുതുന്ന വ്യക്തികൾ ഒരു പുതിയ കമ്പോളസംസ്കാരത്തിൽ ഇടപെടുകയാണ് ചെയ്യുന്നത്.അച്ചടിമാധ്യമങ്ങളിൽ ശ്രദ്ധകിട്ടാതിരുന്ന എഴുത്തു

കാർ ഈ മാധ്യമത്തെ പ്രയോജനപ്പെടുത്തിയപ്പോൾ ലഭിച്ച ജനപ്രീതി ശ്രദ്ധേയമാണ്.സാഹിത്യരംഗത്ത് ഒരു പുതിയ കമ്പോളസാഹചര്യം രൂപപ്പെടുത്തുകയാണ് ഈ എഴുത്തുകാർ ചെയ്തത്.സാഹിത്യത്തിൽ പുതിയസാഹചര്യത്തിലെ ഉല്പാദകരായി അവർ മാറി.കൂടുതൽ ലൈക്കുകൾ കിട്ടുന്ന രചനയും എഴുത്തുകാരും കൂടുതൽ സ്വീകാര്യരാകുന്നത് നവമാധ്യമങ്ങളിലെ അനുഭവമാണ്.രചനയുടെ മൂല്യത്തേക്കാൾ പുതിയ കമ്പോളത്തിന് സ്വീകാര്യരാവുക എന്നതാണ് ഇവിടെ നിലനിൽക്കുന്ന യുക്തി. ഈ അർത്ഥത്തിൽ നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരത്തെയും അത് പകരുന്ന സാംസ്കാരികാനുഭവങ്ങളെയും പരിഗണിക്കേണ്ടതുണ്ട്.

സാഹിത്യപഠനത്തിൽ പ്രധാനമായ ഒന്നാണ് പ്രതിനിധാനം. ഭാഷണം, കല, സഹിത്യം സംസ്കാരം, രാഷ്ട്രീയം എന്നിവയിലെല്ലാം പ്രതിനിധാനത്തിന്റെ പ്രശ്നം അന്തർഭവിച്ചിട്ടുണ്ട്.(തോമസ്,കെ.വി.,ജോർജ്ജ്,സി,ജെ.2010:75) ചിഹ്നങ്ങളിലൂടെ വിനിമയം സാദ്ധ്യമാക്കുന്ന വ്യവഹാരങ്ങളെ മാധ്യമങ്ങൾ എപ്രകാരം പരിഗണിക്കുന്നു എന്നത് പ്രധാനമാണ്.അച്ചടിമാധ്യമങ്ങൾ സംസ്കാരത്തെക്കുറിച്ച് പുലർത്തുന്ന കാഴ്ചപ്പാട് വ്യത്യസ്തമാണ്.സമൂഹത്തിന്റെ മേൽത്തട്ടിൽ നിൽക്കുന്ന വർഗ്ഗത്തിന്റെ വ്യവഹാരത്തെയാണ് ആ മാധ്യമം സംസ്കാരത്തിന്റെ മാതൃകയായി അവതരിപ്പിക്കുന്നത്.ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളും പുറത്തായിപ്പോകുന്ന സംസ്കാരഘടനയാണത്.കീഴാളപഠനങ്ങളിൽ പ്രധാന വിഷയമായി ഇത് ഉന്നയിക്കപ്പെടുന്നു.ടെലിവിഷൻ എന്ന മാധ്യമത്തിന്റെ വരവോടെ ഈ നിലയിൽ മാറ്റം വന്നുതുടങ്ങുന്നു.അച്ചടിമാധ്യമവും ഈ വസ്തുത തിരിച്ചറിഞ്ഞിട്ടുണ്ട്.ദൃശ്യമാധ്യമങ്ങളിലെ പ്രതിനിധാനങ്ങളിൽ ജനകീയതയുടെ തലം കടന്നുവന്നു.സമൂഹത്തിലെ അരികുജീവിതങ്ങൾക്ക് അതിൽ പ്രാതിനിധ്യം ലഭിച്ചു. എന്നാൽ സ്ത്രീ, ദളിത്, ദരിദ്രജനവിഭാഗങ്ങൾ എന്നിവയ്ക്ക് ആ മാധ്യമത്തിൽ എന്തുതരം പ്രതിനിധാനമാണുള്ളത് എന്ന് വിശകലനം ചെയ്യുമ്പോൾ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നത് കാണാം.മേൽത്തട്ടിന്റെ വ്യവഹാരത്തെ പ്രധാനമായിക്കാണുന്ന രീതിയാണ് അതിലുള്ളത്.മാധ്യമത്തിന്റെ ഘടനയും അധികാര

വുമായി അതിനുള്ള ബന്ധവും ഇതിനു കാരണമാണ്. നവമാധ്യമങ്ങളി ലെത്തുമ്പോഴാണ് ഈ അവസ്ഥയ്ക്ക് മാറ്റം വരുന്നത്.നവമാധ്യമങ്ങളിലെ വ്യവഹാരം പ്രതിനിധാനത്തിലെ ജനാധിപത്യത്തെ പ്രോൽസാഹിപ്പിക്കു ന്നതാണ്.തുറന്ന ഘടനയുള്ള മാധ്യമമെന്ന നിലയിൽ എല്ലാത്തരം പ്രത്യയ ശാസ്ത്രത്തെയും നവമാധ്യമങ്ങൾ സ്വീകരിക്കുന്നു.ഈ സവിശേഷതയാണ് നവമാധ്യമങ്ങളിലെ വ്യവഹാരങ്ങളിലെ പ്രതിനിധാനത്തെ വ്യത്യസ്ഥമാക്കുന്നത്. എഴുത്തിലെ വരേണ്യസങ്കല്പത്തെ തകർക്കുവാൻ നവമാധ്യമങ്ങളിലെ വ്യവഹാര ത്തിനു കഴിയുന്നു.സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽനിന്ന് പുതിയ എഴുത്തു കാർ നവമാധ്യമങ്ങളിൽ രംഗപ്രവേശം ചെയ്യുന്നു. അവരുടെ രചനകൾ ഉയർത്തുന്ന പ്രത്യശാസ്ത്രം പൊതുസമൂഹത്തിന്റെ ഭാഗമാകുന്നു.സ്ത്രീകൾക്കും ദളിതർക്കും ഉൾ പ്പെടെ എല്ലാത്തരം കീഴ് ത്തട്ടുജീവിതങ്ങൾക്കും പ്രാതിനിധ്യം കൊടുക്കുന്ന വ്യവ ഹാരസ്ഥലമായി നവമാധ്യമങ്ങൾ മാറുന്നു.ഇത് പൊതുസമൂഹത്തിന്റെ ഘടനയിലും സംസ്കാരത്തിലും പരിണാമമുണ്ടാകാൻ കാരണമായിട്ടുണ്ട്.

നവമാധ്യമങ്ങളിലെ വ്യവഹാരത്തിന്റെ മറ്റൊരു പ്രത്യേകത, അവ ബൃഹദാ ഖ്യാനങ്ങളെ പിൻപറ്റുന്നില്ല എന്നതാണ്.ചിന്താപദ്ധതികളെന്ന നിലയിലും ആഖ്യാനത്തിന്റെ രൂപപരമായ പ്രത്യേകതയെന്ന നിലയിലും ഈ നിരീക്ഷണം ശരിയാണ്.ഇത് ആധുനികാനന്തര സമൂഹത്തിന്റെ പൊതുസവിശേഷതയായും വിലയിരുത്തപ്പെടുന്നു. ബൃഹദാഖ്യാനങ്ങളിലുള്ള വിശ്വാസമില്ലായ്മയാണ് പോസ്റ്റ്മോഡേണിസം എന്ന ലോത്യാറിന്റെ നിരീക്ഷണം ആധുനികോത്തര വാദികളിൽ വളരെ സ്വീകാര്യതനേടിയിട്ടുള്ള ആശയമാണെന്ന് പി.പി.രവീന്ദ്രൻ രേഖപ്പെടുത്തുന്നു.(1999:42) മലയാളത്തിലെ നവമാധ്യമരചനകൾ ബൃഹദാഖ്യാ നമായി കരുതപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളെയോ ചിന്താപദ്ധതികളെയോ മുറുകെപ്പിടിക്കുന്നില്ല. സാഹിത്യരചനകളുടെ രൂപവും ചെറുതാണ്.ഒരു വാക്കിലും ഒറ്റവരിയിലും അവസാനിക്കുന്ന കവിതകൾ ഈ മാധ്യമത്തിലുണ്ട്. എക്കാ ലത്തേക്കും പ്രസക്തമായ പ്രത്യയശാസ്ത്രത്തെ അവ വിഭാവനചെയ്യുന്നില്ല. കൃതിക്കു ള്ളിൽത്തന്നെ വിശകലനത്തിനും സൂക്ഷ്മാഖ്യാനത്തിനും ഇടം നൽകുന്ന നോവൽ

പോലെയുള്ള സാഹിത്യരൂപങ്ങൾക്ക് നവമാധ്യമങ്ങളിൽ ഇടം കുറവാണ് എന്നതും ഇതുമായി ചേർത്ത് ചിന്തിക്കാവുന്നതാണ്. ഒരു വ്യവഹാരസ്ഥലമെന്ന നിലയിൽ നവമാധ്യമം കൈക്കൊള്ളുന്ന ഈ പ്രത്യേകത സംസ്കാരത്തെയും സ്വാധീനിക്കുന്നു.

അറിവിന്റെ അധികാരം ആർക്ക് എന്നത് സംസ്കാരപഠനത്തിൽ പ്രധാന മാണ്.അറിവിന്റെ അധികാരക്കൈമാറ്റം സാമൂഹികമാറ്റത്തിനും സംസ്കാര വ്യതിയാനത്തിനും കാരണമാകുന്നു.ഭാരതത്തിൽ ക്ലാസിക് കാലഘട്ടത്തിൽ ഋഷിയായിരുന്നു അറിവിന്റെ അധികാരി. നവോത്ഥാനകാലത്ത് തത്വചിന്തകൻ , ചരിത്രകാരൻ, ശാസ്ത്രജ്ഞൻ തുടങ്ങിയവരിലേക്ക് ഇത് മാറുന്നത് കാണാം. ആധുനികഘട്ടത്തിൽ അധികാരത്തിന്റെ മേൽക്കോയ്മ ബ്യൂറോക്രാറ്റുകൾ കയ്യടക്കി.ആധുനികാനന്തരകാലത്ത് സാങ്കേതികവിദഗ്ധനായ ഭരണാധികാരി (technocrat)അറിവധികാരിയാകുന്നു.അറിവിന്റെ ജനാധിപത്യവൽകരണമാണ് നവമാധ്യമത്തിൽ നടക്കുന്നത്.സാങ്കേതികജ്ഞാനവും സാഹിത്യ പരിജ്ഞാനവും കണ്ണിചേർക്കപ്പെടുന്നു എന്നതാണ് നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാര ത്തിന്റെ പ്രത്യേകത. ചിന്തയിലും ആവിഷ്കരണത്തിലും തികഞ്ഞ സ്വാതന്ത്ര്യം പുലർത്തുന്ന രചനകളാണ് നവമാധ്യമങ്ങളിലുള്ളത്.സ്വകാര്യാനുഭവങ്ങളും പൊതു മണ്ഡലത്തിലെ ചർച്ചാവിഷയങ്ങളും നവമാധ്യമങ്ങളിലെ രചനകളിൽ കടന്നുവ രുന്നു. ഏതെങ്കിലും അധികാരകേന്ദ്രത്തിന്റെ മേൽനോട്ടത്തിലല്ല ഇവ വിനിമയം ചെയ്യപ്പെടുന്നത്.ഇവയ്ക്ക് പുതിയ പാഠാനുഭവങ്ങൾ നൽകാനാവുന്നു.ഈ പാഠങ്ങൾ സംവേദനം ചെയ്യുന്ന സാംസ്കാരികാനുഭവവും പുതിയതായിരിക്കുന്നു.അതേസമയം സാംസ്കാരികസ്മൃതിയുടെ പൊതുകലവറയായി (repository) നിൽക്കാനും നവമാ ധ്യമങ്ങളിലെ വ്യവഹാരത്തിനു കഴിയുന്നു.

സ്വഭാവത്തെക്കാൾ (character) വ്യക്തിത്വത്തിന് (personality) പ്രാധാന്യം കല്പിക്കുന്ന ഇടമാണ് സൈബറിടം. വ്യക്തിയുടെ മാനസികവും ധാർമ്മികവുമായ ഘടകങ്ങൾക്കാണ് സ്വഭാവത്തിൽ ഊന്നൽ ഉള്ളത്. പെരുമാറ്റവും വൈകാരികമായ ഘടകങ്ങളും വ്യക്തിത്വത്തിൽ പരിഗണിക്ക

പ്പെടുന്നു.സമൂഹരൂപീകരണത്തിൽ സ്വഭാവഗുണങ്ങൾക്ക് മാന്യതയും മൂല്യവും കല്പിക്കപ്പെടുന്നു.ഇത്തരം മൂല്യവിചാരത്തിന് പ്രസക്തി കുറയുന്ന ഇടമാണ് നവമാധ്യമങ്ങളിലുള്ളത്.നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരത്തിന്റെ ദിശനിർണ്ണയിക്കുന്നതിൽ ഇതും മുഖ്യപങ്ക് വഹിക്കുന്നുണ്ട്.നവമാധ്യമവ്യവഹാരങ്ങളിലെ തുറന്നെഴുത്തുകൾ വ്യക്തിത്വത്തിന്റെ പ്രകാശനങ്ങളാണ്.സമൂഹത്തെ എഴുത്തിലൂടെ നിശ്ചിതമൂല്യങ്ങളിലേക്ക് കൊണ്ടുപോകാനുള്ള ഇച്ഛാശക്തി ഇത്തരം എഴുത്തിൽ കുറവാണ്.പരമ്പരാഗത മാധ്യമങ്ങളിൽ എഴുതിക്കൊണ്ടിരുന്നവർ സൈബറിടത്തിലും എഴുതുന്നതുകൊണ്ട് അത്തരം രചനകൾ അവിടെ ഇടംപിടിക്കുന്നു എന്ന് മാത്രം.അത് സൈബറിലെ വ്യവഹാരത്തിന്റെ പൊതുസവിശേഷതയായി കാണാനാവില്ല. ഗദ്യ – പദ്യാഖ്യാനങ്ങളിൽ പൊതുവേ കാണുന്ന എഴുത്ത് വ്യക്തിത്വത്തിന്റെ പ്രകടനം എന്ന നിലയിലാണ്.

ആധുനികതയിൽനിന്ന് ആധുനികാനന്തരഘട്ടത്തിലേക്ക് കടന്നപ്പോൾ സമൂഹത്തിന്റെ ഘടനയിൽ സാരമായ വ്യതിയാനം സംഭവിച്ചിട്ടുണ്ട്.അതിൽ പ്രധാനമായ ഒന്ന് ഇന്നത്തെ സമൂഹത്തെ ഒരു ജ്ഞാനസമൂഹമായി പരിവർത്തിപ്പിക്കാൻ കഴിഞ്ഞു എന്നതാണ്.നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ ഇതിനു സഹായകമായിട്ടുണ്ട്.ജ്ഞാനത്തിന്റെ വിപുലമായ കലവറയാണ് നവമാധ്യമങ്ങൾ.അറിവ് തേടിപ്പോകുന്ന അവസ്ഥ ഇന്നില്ല. വിരൽത്തുമ്പിൽ എല്ലാ അറിവുകളും ലഭിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്.വിദ്യാഭ്യാസ രംഗത്ത് ICT യുടെ ഉപയോഗം വ്യാപകമായി.വിക്കിപീഡിയ പോലുള്ള ഓൺലൈൻ സൗജന്യ വിജ്ഞാനകോശങ്ങൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു.വിജ്ഞാന സംബന്ധമായ ലേഖനങ്ങളും കുറിപ്പുകളും നവമാധ്യമങ്ങളിൽ ലഭ്യമാണ്.സമൂഹമാധ്യമങ്ങളിൽ പ്രത്യക്ഷമാകുന്ന സംവാദക്കുറിപ്പുകളും ഇതിന്റെ ഭാഗമാണ്.ഇതെല്ലം ചേർന്ന് രൂപപ്പെടുത്തുന്ന അന്തരീക്ഷം കേരളസമൂഹത്തെ ഒരു ജ്ഞാനസമൂഹമാക്കി മാറ്റുന്നു.വിജ്ഞാനത്തിന്റെ കുത്തൊഴുക്കിനു നടുവിൽ ജീവിക്കുന്ന സമൂഹത്തിന്റെ സംസ്കാരവും പരിണാമത്തിനു വിധേയമാണ്.

കേരളജനത ഇന്ന് ഒരു മാധ്യമീകൃത സമൂഹമായി (Mediated Society) രൂപാന്തരം പ്രാപിച്ചിട്ടുണ്ട്.അച്ചടിയുടെ ഘട്ടത്തിൽ സാക്ഷരതയില്ലാത്തവർക്ക് വിവരവിനിമയത്തിന്റെ ലോകം അപ്രാപ്യമായിരുന്നു.റേഡിയോയും ടെലിവിഷനും ഈ പ്രശ്നത്തിന് പരിഹാരം കണ്ടു. എന്നാൽ മുഴുവൻ സമയവും വാർത്തകളുടെ ലോകത്ത് ജീവിക്കുന്ന അന്തരീക്ഷം അവ സൃഷ്ടിച്ചില്ല. പുതിയ വാർത്തകൾ അപ്പപ്പോൾ ലഭിക്കുന്ന അവസ്ഥ ഈ മാധ്യമങ്ങളിലില്ല. നവമാധ്യമങ്ങളുടെ വികാസദശയിൽ വാർത്തകൾക്ക് നടുവിൽ ജീവിക്കുന്ന അവസ്ഥയാണുള്ളത്. മൊബൈൽഫോൺ സ്മാർട്ട് ഫോണായി മാറിയതോടെ ഈ രംഗത്ത് വലിയ തോതിലുള്ള മുന്നേറ്റമുണ്ടായി.അനുനിമിഷം പുതിയ വാർത്തകൾ ഉപയോക്താക്കളെ തേടിയെത്തുന്ന അവസ്ഥയാണ് ഇന്നുള്ളത്.അജണ്ടാവിമുക്തമായ മാധ്യമ രംഗം എന്ന വിശേഷണം നവമാധ്യമങ്ങൾക്കുണ്ട്.ഇത് നവമാധ്യമങ്ങളിലെ വാർത്തകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.വിവരങ്ങൾ സുതാര്യമാവുകയും മികച്ച സംവാദാന്തരീക്ഷം രൂപപ്പെടുകയും ചെയ്യുന്ന സമൂഹത്തിന്റെ സംസ്കാരവും പരിണാമത്തിനു വിധേയമാവും.ആധുനികാനന്തര കേരളസമൂഹത്തെ നൂതനമായ സാംസ്കാരിക പരിസരത്തിലേക്ക് പരിവർത്തിപ്പിക്കാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

നവമാധ്യമത്തിന്റെ സ്ഥലരാശി ഡിജിറ്റലാണ്.ഭൗതികലോകത്തിന്റെ യുക്തികൾക്ക് അതീതമായ ലോകമാണത്.ഭൗതികലോകം വസ്തുനിഷ്ഠമാണ്. എന്നാൽ ഡിജിറ്റൽ ലോകം അനുഭവപരമാണ്.ഭൗതികലോകത്തെ വസ്തുക്കളെ (material) ഡിജിറ്റൽ ലോകം അവസ്തുവൽകരിക്കുകയാണ് (dematerialize) ചെയ്യുന്നത്.വസ്തു അനുഭവമായി മാറുന്നു.കടലാസിലെ രേഖകൾ ഡിജിറ്റലാകുമ്പോൾ ആ രേഖകൾ അതിന്റെ ഭൗതികമായ നിലയിൽനിന്ന് മുക്തമാവുകയാണ്.ഡിജിറ്റൽലോകത്തെത്തുന്ന വ്യക്തികളിലും അവരുടെ വ്യവഹാരങ്ങളിലും ഈ മാറ്റം സംഭവിക്കുന്നുണ്ട്.ശരീരത്തെപ്പറ്റി ബോധമില്ലാതെ ഇടപെടാൻ നവമാധ്യമങ്ങൾ അനുവദിക്കുന്നു.ഓൺലൈൻ ജീവിതത്തിൽ വ്യക്തി ശരീരത്തിൽനിന്ന് മോചിതനാകുന്നു. ഓഫ് ലൈൻ ജീവിതത്തിൽ തിരികെ ഭൗതിക

ലോകത്തിന്റെ യുക്തികളിലേക്ക് മടങ്ങുന്നു. ഇത് പുതിയൊരനു വമാണ്. വ്യക്തിയുടെ സ്വത്വത്തിൽ പുതിയമാനം കടന്നുവരാൻ നവമാധ്യമങ്ങൾ സഹാ യിച്ചു. നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങൾ പൊതുസമൂഹത്തിന് പല പ്പോഴും സ്വീകാര്യമാകാത്തതിന്റെ കാരണം അവർ അനുഭവിക്കുന്ന പ്രതീതിലോക വുമായി പരിചയിക്കാത്തതാണ്.ഈ അവസ്ഥ സാഹിത്യാസ്വാദകർക്കിടയിൽ ഒരു പിളർപ്പുണ്ടാക്കിയിട്ടുണ്ട്.സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധി ക്കുന്ന വിഷയമാണിത്.

പ്രാദേശികത ആഗോളീയതയുമായി മുഖാമുഖം നിൽക്കുന്ന അന്തരീ ക്ഷമാണ് നവസാങ്കേതികവിദ്യ സൃഷ്ടിച്ചിട്ടുള്ളത്.എല്ലാ ജനസമൂഹങ്ങളും സാങ്കേ തികവിദ്യയോട് പ്രതികരിക്കുന്നത് ഒരുപോലെയല്ല. ജീവിക്കുന്ന ദേശത്തിന്റെ പാരമ്പര്യവും സംസ്കാരവും അതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു.ഒരു സാങ്കേതികവിദ്യയ്ക്കും സ്വന്തം നിലയ്ക്ക് അതിന്റെ കാര്യക്ഷമവും നീതിയുക്തവുമായ ഉപയോഗം ഉറപ്പാക്കാനാവില്ല.(വെങ്കിടേ ശ്വരൻ,സി.എസ്., 2008:146) സാങ്കേതികവിദ്യയോട് ക്രിയാത്മകമായി പ്രതികരിച്ച സമൂഹമാണ് കേരളത്തിലുള്ളത്. കേരളത്തിന്റെ പാരമ്പര്യത്തിനും സംസ്കാരത്തിനും ഇണങ്ങുന്ന മട്ടിൽ സാങ്കേതികതയെ വഴക്കിയെടുക്കാനാണ് ശ്രമിക്കുന്നത്.മലയാളത്തിലെ നവമാധ്യമസാഹിത്യം ഭാഷയുടെയും ലിപിയുടെയും കാര്യത്തിൽ നേരിട്ട പ്രതിസ ന്ധികൾ മിക്കതും ഇല്ലാതായിരിക്കുന്നു.നവമാധ്യമങ്ങളിലെ മലയാളം ഉള്ളടക്കം വർദ്ധിക്കാൻ ഇത് കാരണമായി.നവസാങ്കേതികവിദ്യയും പ്രാദേശികതയും തമ്മിലുള്ള ഈ കൂടിച്ചേരൽ ഒരു സങ്കരസമൂഹത്തെ സൃഷ്ടിച്ചിട്ടുണ്ട്. നവമാധ്യമ ങ്ങളിലെ വ്യവഹാരങ്ങൾ ഇതിനു തെളിവാണ്.

ഒരു സമൂഹത്തിലെ ജനങ്ങൾ തമ്മിലുള്ള കൊള്ളലും കൊടുക്കലും ആ ജനസമൂഹത്തിന്റെ സംസ്കാരരൂപീകരണത്തിൽ പ്രധാനമാണ്.സൈബർസ്ഥലത്ത് വ്യാപരിക്കുന്ന മനുഷ്യരുടെ പാരസ്പര്യവും കൈമാറ്റവും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രതീതിസമൂഹമെന്ന് നിലയിലാണ് ആ സമൂഹം നിൽക്കുന്നത്. പ്രതീതി സ്ഥലത്തിന്റെ യുക്തികൾക്കകത്ത് ജീവിക്കുന്നവർ ജീവിതത്തെ പുതിയമട്ടിൽ

കാണുന്നു.അവർ പുതിയ ഭാവനകൾ നിർമ്മിക്കുന്നു.നിലവിലുള്ള ജീവിതത്തെ പുതിയ സാഹചര്യത്തിൽ അവർ പുനരാഖ്യാനം ചെയ്യുന്നു.നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളിൽ സംഭവിക്കുന്നത് ഇതാണ്.

അറിവിന് പരമപ്രാധാന്യം കല്പിക്കുന്ന ജനസമൂഹമാണ് സൈബർ ലോകത്തുള്ളത്.എല്ലാം അറിയുക എന്നത് ശീലത്തിന്റെ ഭാഗമായി മാറുന്നു. ചരിത്രത്തിന്റെ വികാസം പരിശോധിച്ചാൽ അറിയാനുള്ള ആഗ്രഹം ഇന്നത്തെ പ്പോലെ മറ്റൊരു ഘട്ടത്തിലും മനുഷ്യൻ പ്രകടിപ്പിച്ചിരുന്നില്ല എന്നു കാണാം. വിവരശൃംഖല മുറിയുമ്പോൾ വേദനിക്കുകയും സംഭ്രമിക്കുകയും ചെയ്യുന്ന സമൂഹ മാണ് ഇന്നുള്ളത്.അറിയുക, അറിയിക്കുക എന്നിവ ശീലത്തിന്റെ ഭാഗമായി ക്കഴിഞ്ഞു.നവമാധ്യമങ്ങളാണ് ഈ ശീലത്തിലേക്ക് മനുഷ്യനെ കൊണ്ടെ ത്തിച്ചത്.നവമാധ്യമവ്യവഹാരങ്ങളുടെ രൂപപ്പെടലിൽ ഈ ശീലം ഉള്ളടങ്ങി യിട്ടുണ്ട്.ചെറു കുറിപ്പുകൾ മുതൽ ദീർഘമായ ആഖ്യാനങ്ങളിൽ വരെ ഇതിന്റെ സ്വാധീനം ഉണ്ട്.മഹത്തായ സാഹിത്യരചനയ്ക്ക് മുതിരുന്ന ഗൗരവം പലപ്പോഴും നവമാധ്യമങ്ങളിലെ സാഹിത്യത്തിൽ കാണാനാവാത്തത് ഈ സവിശേഷത കൊണ്ടാണ്.സർഗ്ഗാത്മകതയെക്കാൾ സന്ദേശവിനിമയത്തിനാണ് നവമാധ്യമങ്ങ ളിലെ വ്യവഹാരങ്ങൾ ഊന്നൽ നൽകുന്നത്.ഇത് ഒരു സാംസ്കാരികാവസ്ഥയായി മനസ്സിലാക്കാം.

മനുഷ്യജീവിതത്തിന്റെയും ശീലങ്ങളുടെയും ആകെത്തുകയാണ് സംസ്കാരം. മനുഷ്യവ്യാപാരത്തിന്റെ എല്ലാ തലങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. മനുഷ്യ വ്യാപരങ്ങളുടെ ഏതാണ്ടെല്ലാ മേഖലയിലും കടന്നുനിൽക്കാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നു. അറിയിക്കുക, വിനോദിപ്പിക്കുക, കൊതിപ്പിക്കുക, വികാരം കൊള്ളിക്കുക, വികാരം കൈമാറ്റം ചെയ്യാൻ സാധിക്കുക, ആശങ്കിക്കുക, ഭീഷണിയിൽപ്പെടുക, സംശയിക്കപ്പെടുക, കുറ്റവാളിയാകുക, പ്രതിഷേധിക്കുക, പോരാടുക തുടങ്ങി എല്ലാ മനുഷ്യവ്യാപാരങ്ങളിലും നവമാധ്യമം നടുനായക സ്ഥാനത്തു നിൽക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്. സ്മാർട്ട് ഫോൺ അനുബന്ധ വ്യവഹാരങ്ങൾ സാദ്ധ്യമായതോടെ ഇതിന്റെ തീവ്രത കൂടിയിട്ടുണ്ട്. നവ

മാധ്യമങ്ങളിലെ വ്യവഹാരങ്ങൾ ഈ സവിശേഷതകൾ മുഴുവനും ഉൾക്കൊള്ളുന്നുണ്ട്.ഇത് പുതിയ സാംസ്കാരികപരിസരത്തെ ഉല്പാദിപ്പിക്കുന്നു.

ഭൗതികസ്ഥലത്ത് പെരുമാറുന്ന സമൂഹങ്ങളെ അപേക്ഷിച്ച് പ്രതീതിസ്ഥലത്തുള്ള സമൂഹങ്ങൾ ഇടപെടലിൽ വ്യത്യാസം പുലർത്തുന്നുണ്ട്.ഒരു പൊതുനിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ് പ്രതീതിസ്ഥലത്തുള്ളത്.യന്ത്രം ആവശ്യപ്പെടുന്ന നിയമങ്ങൾ പാലിക്കുന്നതുകൊണ്ട് സംഭവിക്കുന്ന ഐക്യപ്പെടലാണത്.നവമാധ്യമങ്ങളിലെ വ്യവഹാര ഇടങ്ങളുടെ രൂപകല്പനയിൽത്തന്നെ ഇത് അടങ്ങിയിട്ടുണ്ട്.ബ്ലോഗിൽ പരത്തി എഴുതുന്ന ആൾ ട്വിറ്ററിൽ മിതഭാഷിയാകേണ്ടിവരും.ഇത് യന്ത്രസംവിധാനം ആവശ്യപ്പെടുന്നതാണ്. കേവലം സ്ഥലപരം മാത്രമായി ഇത് അവശേഷിക്കുന്നില്ല. വ്യവഹാരത്തിന്റെ സ്വഭാവത്തെയും സംസ്കാരത്തിന്റെ ഗതിയെയും നിർണ്ണയിക്കുന്നതായി മാറുന്നു.

ഒരു ജനസമൂഹത്തിൽ പൊതുസമൂഹത്തിന്റെ ശീലങ്ങളോട് കണ്ണിചേരാനാകാതെനിൽക്കുന്ന വ്യക്തിത്വങ്ങളുണ്ട്.അത്തരം വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്നതിൽ നവമാധ്യമങ്ങൾക്ക് പങ്കുണ്ട്.നേരേ മറിച്ച്, താൻ അധിവസിക്കുന്ന സ്ഥലത്തിന്റെയും ജനസമൂഹത്തിന്റെയും പ്രത്യേകതകളോട് പൊരുത്തപ്പെടാനാകാത്തവർക്കും നവമാധ്യമം അഭയമാകുന്നു.നവമാധ്യമത്തിലെ വ്യവഹാരത്തെ നിർണ്ണയിക്കുന്നതിൽ ഇവർക്കും പങ്കുണ്ട്.സ്വകാര്യതയുടെ ഇടമായി നവമാധ്യമം മാറുന്നതിന് ഇത് കാരണമാണ്.വ്യക്തിഗതമായ അനുഭവങ്ങളും മറ്റും നവമാധ്യമവ്യവഹാരത്തിൽ ഇടം പിടിക്കുന്നു.

ഓരോ പൗരനെയും സൃഷ്ടികർത്താവാക്കുന്ന സ്ഥലമാണ് നവമാധ്യമ ഇടം. എഴുത്തുകാരൻ, വായനക്കാരൻ എന്ന വിഭജനരേഖ മാഞ്ഞുപോകുന്ന അനുഭവമാണ് ഈ മാധ്യമം നൽകുന്നത്.സാഹിത്യരംഗത്തെ പുതിയ പ്രതിഭാസമാണിത്. എഴുത്തിന്റെയും വായനയു ടെയും സ്വഭാവത്തിൽ മാറ്റം വരാൻ ഇത് കാരണമായിട്ടുണ്ട്.മലയാളസാഹിത്യം ഈ സാഹചര്യത്തിലൂടെ കടന്നുപോവുകയാണ്.

നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങൾ സവിശേഷമാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.ഈ മാറ്റം സംസ്കാരത്തിലും പ്രതിഫലിക്കുന്നു. ആധുനികജനസമൂഹങ്ങളിൽനിന്ന് നിരവധി കാര്യങ്ങളിൽ വ്യത്യസ്തമായ ജനത യാണ് ആധുനികാനന്തര സമൂഹത്തിലുള്ളത്.സംസ്കാരത്തിന്റെ പൂർവകാല ഘടനയ്ക്ക് ഇളക്കം തട്ടുകയും പുതിയ സാംസ്കാരികാന്തരീക്ഷം രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. സ്വത്വം, കർത്തൃത്വം, പ്രതിനിധാനം എന്നിവയിൽ കാതലായ മാറ്റം പ്രകടമായിട്ടുണ്ട്.ഈ മാറ്റത്തിനു പിന്നിൽ നവമാധ്യമങ്ങളും അതിലെ വ്യവഹാരരൂപങ്ങളും ചാലകശക്തിയായി പ്രവർത്തിക്കുന്നു.മലയാളി നൂതനമായ ഒരു സാംസ്കാരിക പരിതോവസ്ഥയെയാണ് ഇന്ന് അഭിമുഖീകരിക്കുന്നത്.

# ഉപസംഹാരം

നവമാധ്യമങ്ങളിലെ മലയാളസാഹിത്യം : സൈബർവ്യവഹാരങ്ങളുടെ സാംസ്കാരിക പരിണാമം എന്ന വിഷയത്തെ ആധാരമാക്കി നടത്തിയ അന്വേഷ ണത്തിന്റെയും അപഗ്രഥനത്തിന്റെയും ഫലമാണ് ഈ പ്രബന്ധം. നവമാധ്യ മങ്ങളിലെ മലയാളസാഹിത്യ വ്യവഹാരങ്ങളുടെ ഉള്ളടക്കം, ആവിഷ്കരണരീതി, ഭാവുകത്വപരമായ പ്രത്യേകതകൾ, സംസ്കാരപ്രതിഫലനം എന്നിവ സംസ്കാര പഠനത്തിന്റെയും മാധ്യമപഠനത്തിന്റെയും സാഹിത്യപഠനത്തിന്റെയും വിവ ക്ഷകൾ ഉൾക്കൊണ്ടുകൊണ്ട് അപഗ്രഥിക്കുവാനാണ് ഈ പഠനത്തിൽ ശ്രമി ച്ചിട്ടുള്ളത്.

സാഹിത്യത്തെക്കുറിച്ച് പൊതുവായ ചിലധാരണകൾ വച്ചുപുലർത്തുന്ന സമൂഹമാണ് നമ്മുടേത്. കവിത, കഥ, നോവൽ, വിമർശനം തുടങ്ങിയ സാഹിത്യ ശാഖകളെ അപഗ്രഥിക്കുന്നതിനും വിലയിരുത്തുന്നതിനും പര്യാപ്തമായ രീതി ശാസ്ത്രം ഇതിനകം ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. എന്നാൽ സൈബർസാഹിത്യം എന്നപേരിൽ അറിയപ്പെടുന്ന നവമാധ്യമസാഹിത്യത്തെ അപഗ്രഥിക്കുന്നതിന് അവ അപര്യാപ്തങ്ങളാണ്. മാധ്യമം സന്ദേശത്തെ നിർണ്ണയിക്കുന്ന ഇക്കാലത്ത് നവമാധ്യമങ്ങളിലെ സാഹിത്യത്തെക്കുറിച്ചുള്ള പഠനം സാഹിത്യവിമർശന ത്തിന്റെയും സംസ്കാരപഠനത്തിന്റെയും ഊന്നൽമേഖലകളിൽ ഒന്നായി മാറിയി ട്ടുണ്ട്. ആധുനികാനന്തരസമൂഹത്തിന്റെ ചിന്തയും ഭാവനയും പുതിയമേഖലകൾ തേടുന്നതിന്റെ തെളിവായി നവമാധ്യമവ്യവഹാരങ്ങളെ പരിഗണിക്കേണ്ടതുണ്ട്. യാഥാർത്ഥ്യമെന്നും പ്രതീതിയാഥാർത്ഥ്യമെന്നും യാഥാർത്ഥ്യം രണ്ടായി വേർ പെടുന്ന അവസ്ഥ നവമാധ്യമങ്ങൾ സൃഷ്ടിച്ചു.സ്ഥലത്തെയും സമയത്തെയും സംബ ന്ധിച്ചുള്ള കാഴ്ചപ്പാടുകൾ മാറിമറിഞ്ഞു. ഇതിനു വഴിയൊരുക്കിയ നവമാധ്യമങ്ങൾ

മലയാളസാഹിത്യത്തിലും സംസ്കാരത്തിലും എന്തുമാറ്റമാണ് വരുത്തിയതെന്ന് സാഹിത്യപഠനത്തിന്റെയും മാധ്യമപഠനത്തിന്റെയും സംസ്കാരപഠനത്തിന്റെയും സൈദ്ധാന്തികപരിസരത്തിൽ നിലയുറപ്പിച്ചുകൊണ്ട് അപഗ്രഥിക്കാനാണ് ഈ പഠനത്തിൽ ശ്രമിച്ചിട്ടുള്ളത്.

ഈ ഗവേഷണപഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞുവന്നിട്ടുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങളും നിഗമനങ്ങളും ചുവടെ ചേർക്കുന്നു.

- നവമാധ്യമങ്ങളിലെ മലയാളസാഹിത്യവ്യവഹാരങ്ങൾ മലയാളസാഹിത്യത്തെ നിർണ്ണായകമായ ഒരു വഴിത്തിരിവിലെത്തിച്ചിട്ടുണ്ട്. സാഹിത്യത്തെ സംബന്ധിച്ച പൂർവ്വധാരണകൾ പുതിയസാഹചര്യത്തിൽ പുനരാലോചനയ്ക്ക് വിധേയമാക്കാൻ ഇത് അവസരമൊരുക്കിയിട്ടുണ്ട്.
- മാധ്യമംതന്നെയാണ് സന്ദേശം എന്ന് മാർഷൽ മക് ലൂഹൻ നിരീക്ഷിച്ചത് ഏറ്റവും അനുയോജ്യമായിട്ടുള്ളത് നവമാധ്യമങ്ങൾക്കാണ്. ഇതരമാധ്യമങ്ങളിലെ വ്യവഹാരസ്വരൂപങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമാണ് നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ. ഉള്ളടക്കം, ആവിഷ്കരണരീതി എന്നിവയിൽ പ്രകടമായ മാറ്റം ദൃശ്യമാണ്.
- ആധുനികതാവാദത്തിൽനിന്ന് ആധുനികാനന്തരതയിലേക്ക് സാഹിത്യം ചുവടുമാറിയപ്പോൾ കൃതികൾ അവതരിപ്പിക്കുന്ന രാഷ്ട്രീയത്തിന്റെ സ്വഭാവത്തിലും മാറ്റം വന്നു. സമൂഹത്തെ ഒറ്റഘടനയായിക്കാണുന്ന സ്ഥൂലരാഷ്ട്രീയത്തിൽനിന്ന് ഘടകങ്ങളിലേക്ക് ചൂഴ്ന്നുനോക്കുന്ന സൂക്ഷ്മരാഷ്ട്രീയം പ്രധാനമായി. നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളിൽ സൂക്ഷ്മരാഷ്ട്രീയം കാണാം. പ്രകൃതി, സ്ത്രീ, ദളിത് തുടങ്ങിയ വിഷയങ്ങൾ സൂക്ഷ്മരാഷ്ട്രീയ പരിസരത്തുനിന്നുകൊണ്ടാണ് നവമാധ്യമങ്ങളിലെ എഴുത്തുകാർ അവതരിപ്പിക്കുന്നത്.
- സാഹിത്യരചനകളിലെ ഉള്ളടക്കമാണോ ആവിഷ്കരണത്തിലെ സൗന്ദര്യഘടകങ്ങളാണോ പ്രധാനം എന്നത് എക്കാലത്തെയും തർക്കവിഷയമായി

രുന്നു. ഉള്ളടക്കത്തിൽ ഊന്നിയ ആധുനികാനന്തര മലയാളകവികൾക്ക് പരമ്പരാഗത വിമർശനത്തിന്റെ ശകാരവും അവഗണനയും ഏൽക്കേണ്ടി വന്നിട്ടുണ്ട്. നവമാധ്യമങ്ങളിലെ രചനകളിൽ ഈ രണ്ടുഘടകങ്ങളും വേർ തിരിക്കാനാവാത്തവിധം കൂടിച്ചേർന്നിരിക്കുന്നു.ആഖ്യാനംതന്നെ ഉള്ളട ക്കവും സൗന്ദര്യാനുഭവവുമായി മാറുന്നു. ഈ അവസ്ഥ വായനക്കാരിൽ ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്. നവമാധ്യമത്തിലെ സാഹിത്യവ്യവഹാര ങ്ങളെ സാഹിത്യമായി ഗണിക്കുവാൻ മടിക്കുന്നതിനുപിന്നിൽ ഈ ആശയ ക്കുഴപ്പമാണുള്ളത്.

- നവമാധ്യമങ്ങളിലെ വ്യവഹാരങ്ങൾ രൂപപ്പെടുന്നതും നിലകൊള്ളുന്നതും പ്രതീതിസ്ഥല (virtual space)ത്താണ്. ഭൗതികസ്ഥലത്തിന്റെ യുക്തികൾ കൊണ്ട് പ്രതീതിസ്ഥലത്തെ വിലയിരുത്താനാവില്ല. ചരിത്രത്തിന്റെ ഭാര മില്ലാതെ ജീവിക്കുന്നതിന്റെ സ്വാതന്ത്ര്യം സൈബറിടത്തെ പൗരന്മാർ അനുഭവിക്കുന്നു. ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി സൈബർസ്ഥലം നിലകൊ ള്ളുന്നു. ഈ സവിശേഷത നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങ ളിൽ കാണുന്നു. മലയാളകവിതയുടെ പൊതുഘടനയോട് കണ്ണിചേരാതെ നിൽക്കുന്ന നിരവധി ഘടകങ്ങൾ അവയിലുണ്ട്.
- എഴുത്തിലും വായനയിലും പുതിയൊരു ജനാധിപത്യം കൊണ്ടുവരാൻ നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എഴുത്തു കാരനും വായനക്കാരനുമെന്ന വേർതിരിവില്ലാത്തവിധം നവമാധ്യമ ങ്ങളിലെ വ്യവഹാരങ്ങൾ പരിചരിക്കപ്പെടുന്നു. വായനക്കാരനായി നവ മാധ്യമങ്ങളിൽ എത്തുന്നയാൾ എഴുത്തുകാരനായി മാറുന്ന അനുഭവംഉണ്ടാ കുന്നു. ഉപാധികളില്ലാത്ത പ്രോൽസാഹനവും വിമർശനവുമാണ് നവ മാധ്യമങ്ങളിലെ എഴുത്തുകാരന് കിട്ടുന്നത്. തികച്ചും അജ്ഞാതരായിരിക്കു ന്നവർ പരസ്പരം സംവദിക്കുന്നതുവഴി സൈബറിടത്തെ ചർച്ചകൾ അജണ്ടാ മുക്തമായിരിക്കുന്ന സാഹചര്യമുണ്ടാകുന്നു.ഇത് സർഗ്ഗാത്മകമേഖലയിൽ ജനാധിപത്യത്തിനു വഴിതുറക്കുന്നു.

- സൈബറിടത്തെ സാഹിത്യത്തിന് അയഞ്ഞ (flexible) ഘടനയാണുള്ളത്. ആശയതലത്തിലോ ആവിഷ്കരണത്തിലോ നിശ്ചിതമായ നിയമങ്ങളോ രീതികളോ അവപിൻതുടരുന്നില്ല. പ്രത്യയശാസ്ത്രപരമായ ശാഠ്യം അവയ്ക്കില്ല. രചനകളുടെ രൂപഘടനയിലും ഈ അയഞ്ഞമട്ട് കാണാം. മാധ്യമത്തിന്റെ ഘടന എഴുത്തിന്റെ രീതിയെ നിർണ്ണയിക്കുന്നു. എഴുത്തുകാരന്റെ ഭാവനയ്ക്കനുസരിച്ച് മാധ്യമം വഴങ്ങിക്കൊടുക്കുന്ന സ്ഥിതിയാണ് കാണുന്നത്. ആവിഷ്കരണത്തിൽ നൂതനമായ രീതികൾ കൊണ്ടുവരാൻ നവമാധ്യമം എഴുത്തുകാരന് സ്വാതന്ത്ര്യം നൽകുന്നു. സാങ്കേതികതയും സർഗ്ഗാത്മകതയും ഒന്നിക്കുന്നതിന്റെ ഫലമാണ് നവമാധ്യമസാഹിത്യം.
- സാഹിത്യരചനകളുടെ സങ്കീർണമായ വിന്യാസമാണ് നവമാധ്യമത്തിലുള്ളത്. മൾട്ടിമീഡിയയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സാഹിത്യരചനകളെ പുതിയമട്ടിൽ അവതരിപ്പിക്കുന്നരീതി കാണുന്നു. ഇ.കവിത, സൈബർകവിത എന്നെല്ലാം അറിയപ്പെടുന്ന കവിതകൾ പ്രത്യേകവിഭാഗത്തിൽ ഉൾപ്പെടുന്നു. ഹൈപ്പർടെക്സ്റ്റിന്റെ സാദ്ധ്യതയും പ്രയോജനപ്പെടുത്തുന്നു. ഇത്തരം രചനകളുടെ വായനയ്ക്കും ആസ്വാദനത്തിനും യന്ത്രവുമായി പരിചയം നേടണം. മലയാളത്തിൽ ഈമട്ടിലുള്ള രചനകൾ വളരെ അപൂർവ്വമാണ്. നവമാധ്യമത്തിലെ വായന അരേഖീയ (Nonlinear) ആണ്.ഒരു പാഠത്തിൽനിന്ന് മറ്റുപാഠങ്ങളിലേക്ക് പോകാനുള്ള സ്വാതന്ത്ര്യം അത് നൽകുന്നു. ഇത് കേവലം വായനയുടെ മാത്രം വിഷയമല്ലാതാകുന്നു. തിരഞ്ഞെടുപ്പിന്റെയും സ്വാതന്ത്ര്യത്തിന്റെയും വിഷയമാണ്.
- സൈബർസ്ഥലം സാങ്കേതികസ്ഥല (Techno Space) മാണ്. മനുഷ്യൻ നിർമ്മിച്ചെടുത്ത സ്ഥലമാണത്. ജൈവികതയിൽനിന്ന് കൃത്രിമജൈവികതയിലേക്കുള്ള മാറ്റത്തെ അത് സൂചിപ്പിക്കുന്നു. സൈബർസ്ഥലത്തെ വ്യവഹാരങ്ങളെയും അത് ബാധിക്കുന്നുണ്ട്. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന, എവിടെയും സ്ഥിരമായി നിൽക്കാത്ത കർതൃത്വങ്ങളാണ് ഈ വ്യവ

ഹാരമേഖലയെ ചലിപ്പിക്കുന്നത്. ഒന്നും ഗൗരവമായി കാണുന്നില്ല. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന അനുഭവം ഉണ്ടാകുന്നു.

- നവമാധ്യമങ്ങളിലെ എഴുത്തുകാരന്റെ കർത്തൃത്വം അനിശ്ചിതത്വം നിലനിർത്തുന്നതാണ്. യഥാർത്ഥ കർത്തൃത്വം വെളിപ്പെടുത്താതെ ഈ മാധ്യമത്തിൽ നിലനിൽക്കാനാവും. നവമാധ്യമങ്ങളിലെ എഴുത്തുകാർ പലരും തൂലികാനാമങ്ങളിൽ മറഞ്ഞിരിക്കുന്നു. ഒന്നിലധികം തൂലികാനാമങ്ങളുപയോഗിച്ച് സൈബറിൽ പലടെങ്ങളിലായി പ്രത്യക്ഷപ്പെടുന്നവരുമുണ്ട്. യഥാർത്ഥസ്വത്വം മറച്ചുവയ്ക്കാനും ശരിയായസ്വത്വം വെളിപ്പെടുത്താനും ഒന്നിലധികം സ്വത്വം സ്ഥാപിച്ചെടുക്കാനും സൈബറിടത്തിൽ എത്തുന്നവർക്ക് കഴിയും. ഇതിന്റെ സാദ്ധ്യതകളും പരിമിതികളും നവമാധ്യമങ്ങളിലെ സാഹിത്യവ്യവഹാരങ്ങളിലുണ്ട്.
- ബഹുജനവിനിമയ (mass communication) ത്തിൽനിന്ന് ബഹുജനസ്വയംവിനിമയ (mass self communication) ത്തിലേക്കുള്ള മാറ്റമാണ് നവമാധ്യമങ്ങളിൽ സംഭവിച്ചത്. ബഹുജനവിനിമയത്തിൽ വ്യക്തിയോ സ്ഥാപനമോ ഉള്ളടക്കത്തിന്റെ കേന്ദ്രമായി നിൽക്കുന്നു. ബഹുജനസ്വയംവിനിമയത്തിൽ കേന്ദ്രം അപ്രസക്തമാണ്. ഒരു കേന്ദ്രത്തിനു പകരം അനേകം കേന്ദ്രങ്ങൾ രൂപപ്പെടുകയും , അവപരസ്പരം ബന്ധപ്പെടുകയോ ഭിന്നിക്കുകയോ ചെയ്യുന്നതുമാണ് നവമാധ്യമത്തിലെ അനുഭവം. നവമാധ്യമങ്ങളിലെ ഉള്ളടക്കത്തെ ഇത് സ്വാധീനിക്കുന്നു. ഉള്ളടക്കം മാറുകയോ വികസിക്കുകയോ സങ്കോചിക്കുകയോ അപ്രത്യക്ഷമാവുകയോ ചെയ്യുന്ന അനുഭവം നവമാധ്യമങ്ങളിലെ വ്യവഹാരങ്ങളിൽ കാണുന്നു.
- ഭാഷാപരമായ പ്രത്യേകതയാണ് നവമാധ്യമങ്ങളിലെ സാഹിത്യത്തെ ശ്രദ്ധേയമാക്കുന്ന മറ്റൊരു ഘടകം. ഭാഷയുടെ കലർപ്പ് അതിൽ കാണാം. ഇംഗ്ലീഷും മലയാളവും കൂടിക്കലരുന്ന രീതിയുണ്ട്. ആശയദ്യോതകമായ ചിഹ്നങ്ങൾ, ചിത്രങ്ങൾ എന്നിവ ഭാഷാപദങ്ങൾക്ക് പകരമായി ഉപയോഗിക്കുന്നു. പ്രാദേശികഭാഷകൾക്ക് പ്രാധാന്യം നൽകുന്ന രീതിയും

കാണുന്നു. ഭാഷയുടെകാര്യത്തിൽ നിർബന്ധബുദ്ധിയോ കഠിനമായ മാതൃഭാഷാസ്നേഹമോ പ്രകടിപ്പിക്കുന്നവരല്ല നവമാധ്യമങ്ങളിലെ എഴുത്തുകാർ. ആശയവിനിമയത്തിനുള്ള ഏതുമാർഗ്ഗവും സ്വീകരിക്കാൻ ഈ മാധ്യമത്തിലെ എഴുത്തുകാർ മടിക്കുന്നില്ല.

- നവമാധ്യമങ്ങളിലെ സാഹിത്യരചനകളുടെ വായന പ്രത്യേകതയുള്ളതാണ്. ഹൈപ്പർലിങ്കുകൾ വായനയുടെ ഗതിനിർണ്ണയിക്കുന്നു. വായന ഒരിടത്ത് തറച്ചുപോകുന്നില്ല. ഒരു പാഠത്തിൽനിന്ന് അനേകം പാഠങ്ങളിലേക്ക് നീളുന്ന യാത്രയാണ് അത്. വായന കാഴ്ചയിലെക്കും കേൾവിയിലേക്കും മാറിപ്പോകാം. വായന പര്യവേക്ഷണസ്വഭാവമുള്ളതായി മാറുന്നു. അഭിപ്രായമാരാഞ്ഞുള്ള വായന (referral reading) യാണ് നവമാധ്യമങ്ങളിലുള്ളത്. വായനയെ സുഗമമാക്കുന്ന വിവരങ്ങൾ കൈയെത്തുംദൂരത്ത് ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്.ഈ മേന്മകളെല്ലാമുണ്ടെങ്കിലും സൂക്ഷ്മവും ഏകാഗ്രവുമായ വായന സാദ്ധ്യമാകുന്നില്ല എന്ന പരിമിതി നവമാധ്യമങ്ങളിലെ വായനയിലുണ്ട്.
- നവമാധ്യമങ്ങൾ എഴുത്തുകാരന് പരിധികളില്ലാത്ത സ്വാതന്ത്ര്യമാണ് നൽകുന്നത്. രചനകളുടെ ഉള്ളടക്കത്തിലും ആവിഷ്കരണരീതിയിലും ഇത് പ്രകടമാകുന്നു. പ്രതിഫലം ഇച്ഛിക്കതെയുള്ള എഴുത്താണത്.സംസ്കാരം വ്യവസായവൽകരിക്കപ്പെടുന്ന ആധുനികാനന്തരകാലത്ത്, എഴുത്തിനെ ജനകീയവൽകരിക്കാൻ നവമാധ്യമങ്ങൾ സഹായിക്കുന്നു.
- നവമാധ്യമങ്ങളിലെ സാഹിത്യരചനകൾ പൊതുസ്ഥലത്താണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. അന്വേഷിച്ചുചെല്ലുന്നവർക്ക് അത് സൗജന്യമായി ലഭിക്കുന്നു. രചനകളുമായി സംവദിക്കാനുള്ള ഇടവും അവ തുറന്നുനൽകിയിട്ടുണ്ട്. ഇത് പൊതുമണ്ഡലത്തെ സജീവമാക്കാൻ സഹായിച്ചിട്ടുണ്ട്.
- വിവരങ്ങളുടെ പെരുക്കം നവമാധ്യമ ഇടത്തിന്റെ പ്രത്യേകതയാണ്. അമിതോൽപ്പാദനമാണ് ഈ രംഗത്തുള്ളത്. ഒരേ വിഷയത്തെ സംബന്ധിക്കുന്ന നിരവധി ലേഖനങ്ങൾനവമാധ്യമങ്ങളിൽ ചിതറിക്കിട

ക്കുന്നുണ്ട്. പലസ്രോതസ്സുകളിൽനിന്നായി ഒഴുകിയെത്തുന്ന വിവരങ്ങളാണവ. ഉപയോക്താവിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ഇത് കാരണമാവുന്നു. നല്ലതും ചീത്തയും വേർതിരിച്ചറിയാൻ പ്രയാസപ്പെടേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നു. നവമാധ്യമങ്ങളിലെ മലയാളകവിതയിലും ചെറുകഥ യിലും ഈ അവസ്ഥയുണ്ട്. നവമാധ്യമസാഹിത്യത്തിന്റെ പൊതുസ്ഥിതിയെ ദോഷകരമായി ബാധിക്കുവാൻ ഇത് കാരണമാകുന്നു.

- മലയാളത്തിലെ നവമാധ്യമകവിത വിപുലവും ശക്തവുമാണ്. മലയാള കവിതയുടെ പുതിയ ഭാവുകത്വത്തിന്റെ അടയാളമായി അത് നിലകൊള്ളുന്നു. ഉള്ളടക്കത്തിലും രൂപഘടനയിലും പുതുമകാഴ്ചവയ്ക്കാൻ അതിനു കഴിയുന്നു. സമകാലികവിഷയങ്ങളോട് പ്രതികരിക്കാനാണ് പൊതുവേ കവികൾ താല്പര്യം കാണിക്കുന്നത്. മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന ശാശ്വതമായ വിഷയങ്ങൾ കൈകാര്യംചെയ്യുന്ന രചനകൾ വിരളമാണ്. ഭൂതവും ഭാവിയുമല്ല, വർത്തമാനകാലമാണ് നവമാധ്യമകവികൾക്ക് പ്രധാനം. ഇത് സൈബർലോകത്തിന്റെ യുക്തികളോട് പൊരുത്തപ്പെടുന്ന രചനാവ്യക്തിത്വത്തെയാണ് കാണിക്കുന്നത്.
- നവമാധ്യമത്തിലെ കവികളിൽ പലരും പ്രവാസജീവിതം നയിക്കുന്നവരായതിനാൽ പ്രവാസം, ദേശാനുഭവം എന്നിവ വിഷയമാകുന്ന രചനകൾ കൂടുതലായി കാണപ്പെടുന്നു. സ്വകാര്യതയ്ക്ക് മുൻതൂക്കം നൽകുന്ന എഴുത്തു രീതിയാണ് രചനകളിൽ പൊതുവേ കാണുന്നത്.പ്രണയം, പ്രണയഭംഗം, കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ നിരവധി രചനകൾക്ക് വിഷയമാകുന്നു. അതേസമയം ദളിത്-സ്ത്രീ-പരിസ്ഥിതിരാഷ്ട്രീയത്തിനു പ്രാധാന്യം നൽകുന്ന രചനകളും കാണാനാകുന്നുണ്ട്.സ്വതന്ത്രവും സൂക്ഷ്മവുമായ രാഷ്ട്രീയത്തോടാണ് നവമാധ്യമകവികൾക്ക് ആഭിമുഖ്യം എന്ന് ഇത് വ്യക്തമാക്കുന്നു.
- കവിതകളുടെ ആവിഷ്കരണത്തിൽ നൂതനരീതികൾ കൊണ്ടുവരാൻ നവമാധ്യമത്തിലെ കവികൾക്ക് കഴിഞ്ഞിട്ടുണ്ട്. കവിതയുടെ രൂപ

ഘടനയിൽ കാര്യമായ പൊളിച്ചെഴുത്തിനു ശ്രമിക്കുന്ന രചനകൾ ഉണ്ട്. മാധ്യമത്തിന്റെ ശക്തിയും സാദ്ധ്യതയും ഉപയോഗിച്ചുകൊണ്ട് ഇ.കവിതയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന കവിതകൾ വിരളമാണ്.

- നവമാധ്യമങ്ങളിലെ കഥാസാഹിത്യം സജീവമാണ്. ഈ മേഖലയിൽ ചെറുകഥയിലാണ് കൂടുതൽ പേരും ശ്രദ്ധചെലുത്തുന്നത്. പുതിയ പ്രമേയങ്ങൾ കഥയ്ക്ക് വിഷയമാക്കുന്നവർ ഇക്കൂട്ടത്തിലുണ്ട്. ആഖ്യാനത്തിലും സ്വതന്ത്രമായ ശൈലി സൂക്ഷിക്കാൻ അവർക്കാകുന്നു.എന്നാൽ ഈ മേഖലയിലെ ബഹുഭൂരിപക്ഷം കഥകളും കേവലം കഥപറയുന്നതിൽ താല്പര്യംകാണിക്കുന്നവരുടെ രചനകളാണ്.മുൻകാല മാതൃകകളെ ആശ്രയിച്ചാണ് ഇവർ രചനയിൽ ഏർപ്പെടുന്നത്. അനുഭവക്കുറിപ്പുകളും ഡയറിക്കുറിപ്പുകളും കഥയുടെ രൂപം സ്വീകരിച്ച് പ്രത്യക്ഷപ്പെടുന്നു. ഒരു സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥയെ നോക്കിക്കാണാനുള്ള ശ്രമം ഇക്കൂട്ടരിൽ കാണുന്നില്ല.
- നവമാധ്യമങ്ങളിൽ നോവൽരചയിതാക്കൾ കുറവാണ്. പ്രമേയത്തിലും ആഖ്യാനത്തിലും മേന്മ പ്രകടിപ്പിക്കുന്ന രചനകൾ ഈ വിഭാഗത്തിൽ നന്നേ വിരളമാണ്. ചരിത്രം, പുരാണം, അപസർപ്പകം, സാമൂഹികം എന്നീ വിഭാഗത്തിൽപ്പെട്ട മലയാളനോവലുകൾ നവമാധ്യമങ്ങളിൽ കാണാനുണ്ട്. ആഖ്യാനപരമായ പ്രത്യേകതകളൊന്നും ഇവ പ്രകടിപ്പിക്കുന്നില്ല. കഥ പരത്തിപ്പറഞ്ഞുപോകുവാനാണ് നോവലിസ്റ്റുകൾ ശ്രമിക്കുന്നത്. ലളിതമായ ഭാഷയിൽ എഴുതിപ്പോകുന്ന രീതിയാണ് കാണുന്നത്. അപസർപ്പക നോവലുകളിൽ ആഖ്യാനം കൂടുതൽ മെച്ചപ്പെടുന്നതായും കാണുന്നു.
- നവസാങ്കേതികവിദ്യയുടെ ഗുണപരമായ വശങ്ങളൊന്നും പ്രയോജനപ്പെടുത്താൻ നവമാധ്യമങ്ങളിലെ മലയാളനോവലിസ്റ്റുകൾ ശ്രമിച്ചിട്ടില്ല. ലേഔട്ട്, ചിത്രസന്നിവേശം എന്നിവയിൽ ശ്രദ്ധിക്കുന്ന അപൂർവം നോവലിസ്റ്റുകളുണ്ട്.

- നവമാധ്യമങ്ങളിലെ കഥേതരസാഹിത്യ വ്യവഹാരമേഖല സമ്പന്നമാണ്. വിജ്ഞാനപ്രദമായ പ്രബന്ധങ്ങൾ, ലേഖനങ്ങൾ, കുറിപ്പുകൾ എന്നിവയാൽ സമൃദ്ധമാണ് ഇവിടം. കേരളത്തെ ഒരു ജ്ഞാനസമൂഹമായി പരിവർത്തിപ്പിക്കുന്നതിൽ ഈ വ്യവഹാരരൂപങ്ങൾക്കുള്ള പങ്ക് വ്യക്തമാണ്.
- മലയാളിയുടെ പൊതുവ്യവഹാരമണ്ഡലത്തെ സംവാദാത്മകമാക്കുന്നതിൽ നവമാധ്യമങ്ങൾക്ക് പങ്കുണ്ട്. നവമാധ്യമങ്ങളിലെ സംവാദ ഇടങ്ങൾ ഇതിനു സഹായകമാകുന്നു.
- നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ചെറുസിനിമകൾ, വീഡിയോകൾ, കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ, ട്രോളുകൾ തുടങ്ങിയവ സമൂഹത്തെ സംവാദാത്മകമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.
- കേരളസമൂഹം നൂതനമായ സാംസ്കാരികപരിസരത്തിലൂടെ കടന്നു പോകുന്നതായി നവമാധ്യമത്തിലെ വ്യവഹാരങ്ങൾ തെളിയിക്കുന്നു. ചിന്തയിലും ഭാവനയിലും വ്യത്യസ്തതയുള്ള ഒരു സമൂഹം രൂപപ്പെട്ടതിന്റെ തെളിവായി ഇതിനെ കാണാം.
- മനുഷ്യവംശത്തിന്റെ സവിശേഷകളിൽ പ്രധാനമായതാണ് പ്രപഞ്ചബോധവും സൗന്ദര്യബോധവും. സാഹിത്യരചനകളിൽ ഇത് നിഴലിക്കും. ഗോത്ര–വംശ–വർഗ്ഗ പരികല്പനകൾക്കനുസൃതമായി ഇത് വ്യത്യാസപ്പെടുന്നു. നവമാധ്യമങ്ങൾ മനുഷ്യനെ ആഗോളസാഹചര്യത്തിൽ ഒറ്റവംശമായി നിൽക്കാൻ പ്രേരിപ്പിക്കുന്നു. സൈബറിടത്തിൽ വ്യാപരിക്കുന്ന മനുഷ്യന്റെ പ്രപഞ്ചബോധവും സൗന്ദര്യസങ്കല്പങ്ങളും വ്യത്യാസപ്പെടുന്നു. സൈബറിടത്തെ സാഹിത്യവ്യവഹാരത്തിൽ ഇത് കാണാനാവുന്നു. പ്രാദേശികമായിരിക്കുമ്പോഴും ആഗോളീയതയുമായി കണ്ണിചേരുന്ന വ്യക്തിത്വത്തിന്റെ പ്രകാശനമായി നവമാധ്യമസാഹിത്യം മാറുന്നു. ഇത് പുതിയൊരു സംസ്കാരസാഹചര്യത്തെ രൂപപ്പെടുത്തുന്നുണ്ട്.

- നവമാധ്യമവ്യവഹാരങ്ങളുടെ നടുവിലാണ് ഇന്ന് മലയാളി ജീവിക്കുന്നത്. സ്വാഭാവികമായും ഈ വ്യവഹാരാന്തരീക്ഷം ജീവിതശൈലിയിലും സ്വാധീനം ചെലുത്തും. പരമ്പരാഗത ജീവിതശൈലികളിൽനിന്ന് വിട്ടുപോവുകയും പുതിയ ജീവിതശൈലികൾ കരുപ്പിടിപ്പിക്കുകയും ചെയ്യുന്ന ഒരു സമൂഹം രൂപപ്പെട്ടുകഴിഞ്ഞു. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലും ഇത് പ്രതിഫലിക്കുന്നു. നവമാധ്യമവ്യവഹാരങ്ങൾ മലയാളിയുടെ സംസ്കാരത്തിൽ പുതിയ അടയാളപ്പെടുത്തലുകൾക്ക് വഴിതുറന്നിട്ടുണ്ട്.

# ഗ്രന്ഥ – ലേഖന – വെബ്സൂചി


അച്യുതൻ എം.1993: *നോവൽ പ്രശ്നങ്ങളും പഠനങ്ങളും*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

അച്യുത്ശങ്കർ എസ് നായർ.2009: *ഭൂഗോളവൽകരണം*,പ്രിയദർശിനി പബ്ലിക്കേഷൻ സൊസൈറ്റി, തിരുവനന്തപുരം .

അനൂപ്,കെ.ആർ.2016: *ഡെവിഡോസെഡ്ഗോർ*, ഫ്രീഡംബുക്ക്സ്, മലപ്പുറം.

അൻവർ സാദത്ത്,കെ.2010: *സൈബർ കുറ്റകൃത്യങ്ങളും ഇന്ത്യൻ സൈബർ നിയമങ്ങളും*, ഡി.സി.ബുക്ക്സ്, കോട്ടയം.

അപ്പൻ,കെ.പി.1997: *ഉത്തരാധുനികത വർത്തമാനവും വംശാവലിയും*, ഡി.സി.ബുക്ക്സ്, കോട്ടയം.

അരുൺ ആർഷ.2013: *ഓഷ്വിറ്റ്സിലെ ചുവന്ന പോരാളി*, ഗ്രീൻ ബുക്ക്സ്.

അരുൺ പ്രസാദ്. 2016: *ആകാശം ഭൂമി കടൽത്തീരങ്ങൾ*....ഫ്രീഡംബുക്ക്സ്, മലപ്പുറം.

അഹമ്മദ് ഐജാസ്.2014: *ഉത്തരാധുനികത*, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം.

ആദർശ് വി.കെ.2009: *ഇനിവായന ഇ–വായന*, ഡി.സി.ബുക്ക്സ്, കോട്ടയം.

------------------2011: *വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

-------------------2015:*ഇ ലോകം ഇത്രവിപുലം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

എഡ്വേഡ് സെയ്ദ്,2007: *ബുദ്ധിജീവി: പ്രതിനിധാനങ്ങൾ*, (വിവ.)ജോർജ്, ഡി.സി.ബുക്ക്സ്,കോട്ടയം.

കലേഷ് എസ്.2016: *ശബ്ദമഹാസമുദ്രം*, ഡി.സി.ബുക്ക്സ്,കോട്ടയം.

കുമാരപിള്ള കൈനിക്കര.2001: *ഗദ്യോപഹാരം*, കേരളസർവകലാശാല, തിരുവനന്തപുരം.

കേശവദേവ് പി.: *നോവൽ എന്റെകാഴ്ചപ്പാടിൽ*, പ്രഭാത്ബുക്ക്ഹൗസ്, തിരുവനന്തപുരം.

ഗിരീഷ് കുമാർ, എസ്,2016: *പോസ്റ്റ്കൊളോണിയൽ സാഹിത്യം ഒരാമുഖം,* ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം.

ചന്ദ്രശേഖരൻ എം.ആർ.2007: *മലയാളനോവൽ ഇന്നും ഇന്നലെയും*, സമയംപബ്ലിക്കേഷൻസ്, കണ്ണൂർ.

ചോംസ്കി നോം.(വിവ.) സുധാകരൻ സി.ബി.,അബൂബക്കർ സി.പി 2011: *മാധ്യമങ്ങളും പൊതുസമൂഹവും*,പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്.

ജയരാജ് എം.2016: *മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും*, മാതൃഭൂമി ബുക്ക്സ്,കോഴിക്കോട്.

ജോസ് .കെ.മാനുവൽ.2015: (എഡി.) സജികരിങ്ങോല, *സൈബർ ബഹുസ്വരവായനകൾ*, സുജിലി പബ്ലിക്കേഷൻസ്, കൊല്ലം.

ജ്യോതിലക്ഷ്മി പി.എസ്.2011: *സർഗ്ഗാത്മകത വിനിമയം വിവർത്തനം*, മാളുബൻ പബ്ലിക്കേഷൻസ്,തിരുവനന്തപുരം.

ഡോണ മയൂര.2012: *ഐസ്കൂബുകൾ*, ഇൻസൈറ്റ പബ്ലിക്ക,കോഴിക്കോട്.

തോമസ്കുട്ടി എൽ.2013: *വരുന്ന*, സെഡ് ലൈബ്രറി,തിരുവനന്തപുരം.

____________2017: *തിരഞ്ഞെടുത്ത കവിതകൾ*, ഡി.സി.ബുക്ക്സ്. കോട്ടയം.

തോമസ് കെ.വി., ജോർജ്ജ് സി,ജെ.2010: *സമകാലീന സാഹിത്യസിദ്ധാന്തങ്ങൾ*, , ലിപിപബ്ലിക്കേഷൻസ്, കോഴിക്കോട്.

നാരായണൻ കല്പറ്റ.2017: *കയർ മുറുകുകയാണ്*, ഗ്രീൻ ബുക്സ്, തൃശ്ശൂർ.

നിഷാദ്,വി.എച്ച്.2015: *നവമാധ്യമപാഠങ്ങൾ*, (എഡി.) ശ്രീധരൻ എ.എം., ബാലചന്ദ്രൻ കെ., സമയംപബ്ലിക്കേഷൻസ്, കണ്ണൂർ.

ഫിലിപ്പ് സിഡ്നി.1999: *കവിതയ്ക്കൊരു സാധൂകരണം*, (വിവ.) ഡോ.കെ.എൻ. എഴുത്തച്ഛൻ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ബഞ്ചമിൻ ഡി. 1994: *നോവൽസാഹിത്യ പഠനങ്ങൾ*, കറന്റ്ബുക്ക്സ്,തൃശ്ശൂർ.

ബാബുരാജ്,പി.എം.2011: *മലയാളത്തിൽ എങ്ങനെബ്ലോഗാം*, ഡി.സി.ബുക്ക്സ്, കോട്ടയം.

ബാബു സെബാസ്റ്റ്യൻ2016: *വിജ്ഞാനവിസ്ഫോടനവും വിദ്യാഭ്യാസ സാങ്കേതികവിദ്യയും*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം.

ബാലകൃഷ്ണൻ, പി.കെ.1965: *നോവൽ സിദ്ധിയും സാധനയും*, ഡി.സി. ബുക്ക്സ്, കോട്ടയം.

ബിനു സചിവോത്തമപുരം,2017: *മൊബൈൽഫോൺ സംസ്കാരനിർമ്മിതിയുടെ നവമാധ്യമം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ബൈജുചന്ദ്രൻ 2013: *ദൃശ്യശ്രാവ്യമാധ്യമങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഭാസുരേന്ദ്രബാബു 2009: *മലയാളികളുടെ മാധ്യമലോകം*, സിത്താരബുക്ക്സ്, കായംകുളം.

മധുസൂദനൻ ജി. 2009: *ഭാവുകത്വം 21 ആംനൂറ്റാണ്ടിൽ*, കറന്റ്ബുക്സ് ,തൃശ്ശൂർ.

മനോജ്,ബി.2005:*വെബ്സൈറ്റ്രചന, രൂപകല്പന, പരിപാലനം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

മുകുന്ദൻ എം.2017: *നൃത്തം നോവൽപഠനങ്ങൾ*, ഹരിതംബുക്ക്സ്, കോഴിക്കോട്.

____________, 2011: *നൃത്തം*, ഡി.സി.ബുക്സ്, കോട്ടയം.

രവീന്ദ്രൻ കെ., ബി.ഇക്ബാൽ 2006: *ഇനറ്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും*, ഡി.സി.ബുക്സ്, കോട്ടയം.

____________.,2011: *വിവരശേഖരണം ഇന്റർനെറ്റിൽ*, ഡി.സി.ബുക്സ്,കോട്ടയം.

____________.,2005: *ഇന്റർനെറ്റ് എന്തെല്ലാം സേവനങ്ങൾ?എങ്ങനെയെല്ലാം?*, ഡി.സി.ബുക്സ്,കോട്ടയം.

രവീന്ദ്രൻ,പി.പി.1999: *ആധുനികാനന്തരം വിചാരം വായന*, കറന്റ്ബുക്ക്സ്, തൃശ്ശൂർ.

____________, 2007: *ആധുനികതയുടെ പിന്നാമ്പുറം*, എസ്.പി.സി.എസ്., കോട്ടയം.

____________, 2002: *മിഷേൽ ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

രാജശേഖരൻ പി.കെ. 2015: *മാധ്യമങ്ങളും മലയാളസാഹിത്യവും*, നവമാധ്യമപാഠങ്ങൾ, സമയംപബ്ലിക്കേഷൻസ്, കണ്ണൂർ.

____________,ആസാദ് (എഡി.),ഡി.സി.ബുക്ക്സ്,കോട്ടയം.

രാജശേഖരൻ പി.കെ. 2006: *ഏകാന്തനഗരങ്ങൾ*, ഡി.സി.ബുക്സ്,കോട്ടയം.

രാജഗോപാലൻ,ഇ.പി.2004: *കവിതയുടെഗ്രാമങ്ങൾ*, മേധാ ബുക്ക്സ്, കോഴിക്കോട്.

രാമകൃഷ്ണൻ,ഇ.വി.1997: *വാക്കിലെസമൂഹം*, ഡി.സി.ബുക്ക്സ്,കോട്ടയം.

____________.2012: *അനുഭവങ്ങളെ ആർക്കാണ്പേടി*,ഡി.സി.ബുക്ക്സ്, കോട്ടയം.

രാമചന്ദ്രൻനായർ,പന്മന, (എഡി.)2009: *മാധ്യമപഠനങ്ങൾ*, കറന്റ്ബുക്സ്, കോട്ടയം.

രാമചന്ദ്രൻ പി.പി.2009: *സൈബർമലയാളം*, എഡി. സുനീതടി.വി., കറന്റ്ബുക്സ്, തൃശ്ശൂർ.

രാമചന്ദ്രൻ,ടി.കെ.2006: *കാഴ്ചയുടെ കോയ്മ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ലതീഷ്മോഹൻ 2011: *ചെവികൾ /ചെമ്പരത്തികൾ*,ഡി.സി.ബുക്ക്സ്, കോട്ടയം.

____________2016: *ക്ഷവലിക്കുന്നകതിരകൾ*,ഡി.സി.ബുക്ക്സ്, കോട്ടയം.

വിഷ്ണുപ്രസാദ്,2016: *ലിംഗവിശപ്പ്*, ഫ്രീഡം ബുക്ക്സ്, മലപ്പുറം.

വിളനിലം ജെ.വി.2005: *മാധ്യമങ്ങളും ആനുകാലിക സാമൂഹികപ്രശ്നങ്ങളും* ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം.

വീരാൻകുട്ടി,2016: *തൊട്ടുതൊട്ടുനടക്കുമ്പോൾ*,സ്മാൾ ലെറ്റേഴ്സ്,കോഴിക്കോട്.

വെങ്കിടേശ്വരൻ സി.എസ്.2014: *ടെലിവിഷൻ പഠനങ്ങൾ*, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

____________.2018: *മലയാളിയുടെ നവമാധ്യമജീവിതം*, ഡി.സി.ബുക്സ്, കോട്ടയം.

____________.2014: *ടെലിവിഷൻ പഠനങ്ങൾ, മാതൃഭൂമി, കോഴിക്കോട്.*

ശാരദക്കുട്ടി എസ്,2014: *ഞാൻ നിങ്ങൾക്കെതിരെ ആകാശത്തെയും ഭൂമിയെയും സാക്ഷ്യംവെക്കുന്നു*, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

ശിവദാസ് കെ.കെ.2012: *സംസ്കാരവും സാഹിത്യവും*, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

ശ്രീധരൻ പി.പി.2018: *ശ്രീധരന്റെ ലേഖനങ്ങൾ*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

ഷാജി ജേക്കബ്,2009: *ജനപ്രിയസംസ്കാരം ചരിത്രവും സിദ്ധാന്തവും*, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

____________, 2016: (എഡി.) *ഫേസ്ബുക്ക് നവമലയാളത്തിന്റെ സൈബർ മാനിഫെസ്റ്റോ*, കൈരളി ബുക്ക്സ്, കണ്ണൂർ.

____________,2012:*വിപരീതങ്ങൾ*,പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

ഷിബു മുഹമ്മദ്2000: *ടെലിവിഷൻ ചരിത്രവും രാഷ്ട്രീയവും*, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം.

സച്ചിദാനന്ദൻ കെ2010: (എഡി.) *കേരളകവിത*, ഡി.സി.ബുക്ക്സ്, കോട്ടയം.

____________.2010:*നാലാമിടം*, ഡി.സി.ബുക്ക്സ്,കോട്ടയം.

സച്ചിദാനന്ദൻ,2014: *മലയാളകവിതാപഠനങ്ങൾ,* മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

സന്തോഷ് മാനിച്ചേരി2015: *നവമാധ്യമപാഠങ്ങൾ,* (എഡി.) ശ്രീധരൻ എ.എം., ബാലചന്ദ്രൻ കെ., സമയംപബ്ലിക്കേഷൻസ്,കണ്ണൂർ.

സാനു,എം.കെ.2009: *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,* കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ.

സുധാകരൻ,സി.ബി.2000: *ഉത്തരാധുനികത,* ഡി.സി.ബുക്ക്സ്,കോട്ടയം.

സുധീഷ് കോട്ടേമ്പ്രം,2012: *ശരീരസമേതം മറൈൻഡ്രൈവിൽ,* ഡി.സി. ബുക്ക്സ്, കോട്ടയം.

സെബാസ്റ്റ്യൻപോൾ2015: *നവമാധ്യമങ്ങൾ ജനകീയതയും വിശ്വാസ്യതയും,* (എഡി.) ടി.കെ.സന്തോഷ്കുമാർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം & മാസ്കമ്യൂണിക്കേഷൻ, സെന്റ്സേവ്യേഴ്സ്കോളേജ് , തുമ്പ.

സുനീത ടി.വി2012: *ഇ.മലയാളം,*കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

____________.2015: *സൈബർകഥകളിലെ സ്ത്രീ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സുരേന്ദ്രൻ കെ.2006: *നോവൽസ്വരൂപം,* പൂർണ്ണപബ്ലിക്കേഷൻസ്, കോഴിക്കോട്.

സേതുമാധവൻ പി.1999: *ഇന്റർനെറ്റ് ഒരുപഠനം,* ലിപിപബ്ലിക്കേഷൻസ്, കോഴിക്കോട് .

സോമൻ പി.2016: *പോസ്റ്റ്മോഡേൺ സോഷ്യലിസങ്ങൾ,* പ്രഭാത്ബുക്ക്ഹൗസ്, തിരുവനന്തപുരം.

**ആനുകാലികങ്ങൾ**

മനോജ്കുറൂർ: *കവിതയും നവമാധ്യമങ്ങളും*, ജനപഥംപ്രത്യേകപതിപ്പ്, 2012നവംബർ.

ജ്യോതിഷ്കമാർ, അജയപുരം, മാധ്യമം ആഴ്ചപ്പതിപ്പ്,2015: ആഗസ്റ്റ് 31.

മലയാള മനോരമ, 2013 നവം.4 : 1.

മലയാള മനോരമ ദിനപ്പത്രം ,തിരുവനന്തപുരം എഡിഷൻ,2013 നവം.4.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2007 ഒക്ടോബർ 7 – 13.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2010 ഡിസംബർ 19 – 25.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2014 ജൂലൈ 6-12

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 ജൂലൈ 12 – 18

മാധ്യമം ആഴ്ചപ്പതിപ്പ്,2014: ജൂലൈ 21.

മാധ്യമം ആഴ്ചപ്പതിപ്പ്,2015: ആഗസ്റ്റ് 31.

വിദ്യാരംഗം മാസിക,2013: നവംബർ.

വെങ്കിടേശ്വരൻ സി.എസ്.ഭാഷാപോഷിണി, 2008 :മെയ്

- പല്ലശ്ശന ,കെ.കെ. എഴുത്തുകൂട്ടം,വാട്സ്ആപ്പ്കൂട്ടായ്മ, 21.12.2018

# ENGLISH


Adalaide Morris and Thomas Swiss. 2006: *New Media Poetics Contexts,Technotexts, and Theories*, the mit press cambridge, massachusetts ,london, england.

Alan Durant and Maria Lambrou. 2005: *Language and Media A Resource book for Students* ,Routledge.

Arthur Asa Berger,1993: *Popular Culture Genres Theories and Texts* ,Sage Publications.

Barry Peter,2002: *Beginning Theory An Introduction To Literary and Cultural Theory*,Manchester University.

Bauman Zygmunt . 2003: *Liquid love – on the Frailty Human Bonds*,Polity Press, Cambridge.

BaxStephen . 2011: *Discourse and Genre Analysing Language in Context*, Palgrave Macmillan

Bell David.2001: *An Introduction to cybercultures*, Routledge, New York.

____________.2007: *Cyber Culture Theorists Manuel Castells and Donna Harway*, Routledge.

Bennett Tony.1980: *Popular Cultrure: a teaching object*,screen edition.

Blommaert. 2011: *Discourse and Genre Analysing Language in Context*, Stephen Bax,Palgrave, Macmillan .

Castells Manuel ,https://ijoc.org/index.php/ijoc/article, accessed 18.10.2018

____________, 2009: *communication power*,oxford university press.

____________. 1996: *The Information Age*, 3 volumes, Blackwell, Oxford.

Croteau and Hoynes.2003: Croteau David and Hoynes, William (Eds.),*Media Society*, Pineforge Press, 2003.

Dhiraj Murthy. 2008: *Digital Ethnography:An Examination of the Use of NewTechnologies for Social Research*, Sociology, BSA Publications LtdVolume 42, SAGE Publications .

Gail Dines,Jean M. Humez.2011: *Gender,Race,And Class in Media A Critical Reader*, third edition,Sage Publications.

Genesh T.K., 2006: *Digital Media Building the Global Audience*, Gnosis, Delhi.

Gibson William.1984: *Neromancer*, Ace Books, New York.

Glen Creeber and Royston Martin.2009*: Digital Cultures Understanding New Media*,MGGraw Hill Open University Press.

Hamelink J Cees , 2015: *Global Communication*, Sage publications.

Hartley, H John.2004*: Key Concepts in Communication, Cultural and Media Studies*, Routledge, First Indian reprint.

Hassan Robert and Julian Thomas.2006: *What is New Media?,LevManovich,New Media Theory Reader*,Robert Open University Press, England.

Hayles, Katherine, *Electronic Literature What is it*,http://eliterature.org/pad/elp.html.prefacepdf.Last Accessed 06.02.2014

Hill Stephen,Bevis Fenner.2010: *Media and Cultural Theory*, bookboon. com,ventus publishing APS.

Hodkinson Paul.2011: *Media, Culture and Society an Introduction*, Sage publications.

James Curran. 2006: James Curran and David Morley (Eds.), *Media and Cultural theory*, Routledge.

Jeffrey Robin, 2010: *Media and Modernity*,permanent black.

Jones Steven G..1997: *Virtual Culture, Identity and communication in cyber Society*,Sage Publications.

josephturow , 2010: *Media Today*, 3rd edition, Routledge.

Julian McDougall, 2012: *The Media Studies the Basics* ,Routledge publications.

Landow p George .1992: *Hypertext,The Convergence of Contemporary Critical Theory and Technology*, Johns Hopkins University, Baltimore, London.

Leah A. Lievrouw and Sonia Livingstone .2002: *Hand Book of New*

____________. Lievrouw and Sonia Livingstone, (ed.) 2006: *The Handbook of New Media*,sage publications.

Marien Michal.2006: *New communicatins technology: a survey of impacts and issues*, New Media Theory Reader,Robert Hassan and Julian Thomas,Open University Press, England.

Maya Ranganathan, Usha M. Rodrigues.2010: *Indian Media In A GlobalisedWorld*,Sagepublications,New Delhi.

*Media,General Introduction*, SAGE Publications Ltd.

Michel Foucault,2008: (Tr.)A.M.SheridanSmith,*The Archaeology of Knowledge*,Routledge publications.

Nancy Flynn,2012: *The Social Media Handbook*,Pfeiffer Wiley India.

Nicholas Carah and Eric Louw, 2015: *Media & Society Production, Content & Participation*, Sage Publications.

Nicholas Gane and David Beer Berg.2008: *New Media The Key Concepts*,Oxford,NewYork,English edition.

Noam Chomsky,2008: , *Necessary Illusions Thought Control in Democratic Societies*,Viva books pvt .Ltd.

OuelietteLaurie , (ed. ) 2013: *The Media Studies Reader*, Routledge publications.

Papacharissi, Ziz.2007: 'Audience as Media Producers: content analysis of 260 blogs' in Mark Tremayne (ed.) *Blogging,Citizenship and the future of the Media*,Routledge.

Paul Marris and Sue Thrnham(ed.).2005: *Media and Cultural Studies*,Edinburgh University Press.

Perebinossoff Philippe,2008: *Real-World Media Ethics Inside the Broadcast and Entertainment Industries*, Focal press publications.

Reign Gold,Harvard.1998: *The Virtual Community*,Blackwel,Oxford.

Sathish D., Rajesh PrabhakarK..2005: Edt.,*Blog Emerging Communication Media*, ICFAI UNIVERSITY PRESS .

Schafer, Jargen.2010: *Reassembling The Literary: Toward A Theoretical Framework For Literary Communication In Computers*.

Sherry Turkle,1999: Life on the Screen; Identity in the age of Internal,St.Martin'spress,New York.

Storey John.2001: *Cultural Theory and Popular Culture An Introduction*,thirded.Person Education Limited,England.

Vilanilam J.V.2005: *Mass Communication in India a Sociological Perspective* ,Sage publications.

Widdowson.*Discourse and Genre Analysing Language in Context*,2011.

WijinaElmine, 2005 :*Blog Emerging Communication Medi*a, ICFAI UNIVERSITY PRESS .

Williams Raymond .1983: *Keywords*, Oxford University Press, New York.

## Websites



- www.techopedia.com
- https://en.oxforddictionaries.com
- http://aksharabhoomika.blogspot.com
- https://en.wikipedia.org
- http://arunarsha.blogspot.com/
- (http://anuonamkavithakal2012.blogspot.com )
- http://bcpkannur. blogspot.com
- http://boolookakatha.blogspot.com
- http://boolokam.com
- http://boolokakavitha.blogspot.com
- http://chinnuvintenaadu.blogspot.com
- (http://dhanuhere4you.blogspot.com)
- http://devamazha.blogspot.com
- http://hksanthosh.blogspot.com
- http://varshikappathipp2012.blogspot.com


- (http://enthorujanmam.blogspot.com)
- http://kaithamullu.blogspot.com
- http://kaliyugavaradan.blogspot.com
- http://varshikappathipp2012.blogspot.com
- https://www. Mathrubhumi.com
- https://malayalam.samayam.com
- http://nellikka.blogspot.com
- http://pramaadam.blogspot.com
- http://www.pewinternet.org
- https://www.toppr.com
- http://mooshikam.blogspot.com
- https://ijoc.org/index.php/ijoc/article
- ”(https://www.thirakavitha.com/2014)
- http://lapuda.blogspot.com
- ”(http://simynazareth.blogspot.com
- http://uaepoets.blogspot.com
- http://urumbinkoodu.blogspot.com
- http://www.chintha.com/tharjani


- https://vishakham.blogspot.com
- http://www.vishnulokam.com
- http://manalezhuthukal-smith.blogspot.com
- (https://marannupokunnavantemeenukal.blogspot.com)
- http://navamalayali.com
- http://neeharammala.blogspot.com
- http://onappathipp2010.blogspot.com
- http://palakkattettan.blogspot.com
- http://palakkattettannoval2.blogspot.com
- http://palakkattettannval3.blogspot.com
- http://pramaadam.blogspot.com
- http://poems-aroopi.blogspot.com
- http://www.chintha.com/tharjani
- http://prathibhasha.blogspot.com
- http://rithubhedangal.blogspot.com
- http://saaksharam.blogspot.com
- http//:salabhangalutepakal.blogspot.in

- http://sudheeshkottembram.blogspot.com
- http://subalkr.blogspot.in
- http://simynazareth.blogspot. com
- (http://twentytwo-and-half.blogspot. com.)
- http://thfoo.blogspot.in
- https://www.thirakavitha.com
- http://umeshpilicode.blogspot.com
- http://varikalkidayil.blogspot.com
- http://www.vishnulokam.com
- http://vazhakodan.blogspot.com
- Whentheshoefits.blogspot.in
- http://simynazareth.blogspot.com,18.09.2010
- http://eliterature.org/pad/elp.html

# ഇലക്ട്രോണിക് സാഹിത്യം – ചില മാതൃകകൾ






# ന്യൂറോമാൻസർ – വിവിധ കലാരൂപങ്ങളിലെ ആവിഷ്കാരം










# ബ്ലോഗ്രചനകൾ – ചിത്രീകരണം




കുഞ്ഞുവായന. ബ്ലോഗ്സ്പോട്ട്. കോം




കവിത – ഇൻസ്റ്റലേഷൻ




അച്ചടക്കം – ഉമേഷ് പീലിക്കോട്




സിലിക്കൺ വാലി






ഇ–പൊയട്രി – മാതൃകകൾ


# സൈബറിലെ ചില മലയാള പ്രസിദ്ധീകരണങ്ങൾ










ഉറങ്ങുന്ന
സുന്ദരൻ
രാജേഷ് ആർ. വർമ്മയുടെ കഥ
ചിത്രീകരണം :വിഷ്ണു റാം


കഥ:
പറയപ്പതി
മനോജ് വെങ്ങോല


ഡോറ മരിച്ചു പോയെന്ന് പറഞ്ഞ്
പെങ്ങടെ മോനെ ഏപ്രിൽ ഫൂളാക്കി
INTERNATIONAL CHALU UNION
HD
അവൻ അങ്കനവാടിയിലെ പിള്ളേരേം
കൂട്ടി വന്ന് എന്നെ പഞ്ഞിക്കിട്ടു